# എൻ.പി. മുഹമ്മദിന്റെ സർഗ്ഗാത്മകവും ധൈഷണികവുമായ ജീവിതപരിണാമം

കാലിക്കറ്റ് സർവ്വകലാശാലയിൽ
ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനുവേണ്ടി
സമർപ്പിക്കുന്ന പ്രബന്ധം

സൈനബ പെരുങ്ങോടൻ

മലയാള-കേരള പഠനവിഭാഗം
കാലിക്കറ്റ് സർവ്വകലാശാല

2021

# THE CREATIVE AND INTELLECTUAL EVOLUTION OF THE LIFE OF NP MOHAMMED

**Thesis submitted to the**

**University of Calicut for the Degree of**

**Doctor of Philosophy**


**ZAINABA PERUNGODAN**



**MALAYALAM AND KERALA STUDIES**

**UNIVERSITY OF CALICUT**


**2021**

## സത്യപ്രസ്താവന

**എൻ.പി. മുഹമ്മദിന്റെ സർഗ്ഗാത്മകവും ധൈഷണികവുമായ ജീവിതപരിണാമം** എന്ന ഈ ഗവേഷണപ്രബന്ധം ഇതിനുമുമ്പ് ഏതെങ്കിലും സർവ്വകലാശാലയുടെയോ അതുപോലുള്ള സ്ഥാപനത്തിന്റെയോ ബിരുദത്തിനോ മറ്റ് അംഗീകാരത്തിനോ സമർപ്പിച്ചിട്ടുള്ളതല്ലെന്ന് ഇതിനാൽ ബോധ്യപ്പെടുത്തുന്നു.

**സൈനബ പെരുങ്ങോടൻ**

## സാക്ഷ്യപത്രം

കാലിക്കറ്റ് സർവ്വകലാശാലയിൽ പി.എച്ച്.ഡി. ബിരുദത്തിനുവേണ്ടി **സൈനബ പെരുങ്ങോടൻ** സമർപ്പിക്കുന്ന **എൻ.പി. മുഹമ്മദിന്റെ സർഗ്ഗാത്മകവും ധൈഷണികവുമായ ജീവിതപരിണാമം** എന്ന പ്രബന്ധം എന്റെ മാർഗ്ഗനിർദ്ദേശമനുസരിച്ച് നിർവ്വഹിച്ച ഗവേഷണപഠനത്തിന്റെ രേഖയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

**ഡോ. ഇ.സി. ഹസ്കറലി**
അസിസ്റ്റന്റ് പ്രൊഫസർ,
മലയാള വിഭാഗം
സുല്ലമുസ്സലാം സയൻസ്
കോളേജ്, അരീക്കോട്.

## കൃതജ്ഞത

കാലിക്കറ്റ് സർവ്വകലാശാലയിൽ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനായി തയ്യാറാക്കിയ ഈ പ്രബന്ധത്തിന്റെ രചനയ്ക്ക് കൃത്യമായ മാർഗ്ഗനിർദ്ദേശം നൽകിയ എന്റെ ഗവേഷണമാർഗ്ഗദർശി ഡോ. ഇ.സി. ഹസ്കറലിയോടുള്ള നന്ദിയും കടപ്പാടും രേഖപ്പെടുത്തുന്നു. അതോടൊപ്പം ഗവേഷണത്തിന് പൂർണസ്വാതന്ത്ര്യവും പിന്തുണയും നൽകിയത് നന്ദിയോടെ സ്മരിക്കുന്നു. മാർഗ്ഗദർശിയെ അന്വേഷിച്ചുനടന്ന എനിക്ക് ഡോ.ഇ.സി. ഹസ്കറലിയെ പരിചയപ്പെടുത്തുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്ത അന്നത്തെ വകുപ്പധ്യക്ഷൻ ഡോ. എൽ. തോമസ്കുട്ടിയോടും ഞാൻ കടപ്പെട്ടിരിക്കുന്നു.

പ്രതിസന്ധിഘട്ടങ്ങളിൽ ആശയവ്യക്തത വരുത്താൻ സഹായിച്ച അധ്യാപകനും സഹമാർഗ്ഗദർശിയുമായ ഡോ. ആർ.വി.എം. ദിവാകരൻ, ഡോ. ഉമർ തറമേൽ, ഡോ. സോമനാഥൻ.പി, എന്നിവരോടുള്ള നന്ദി അറിയിക്കുന്നു. ഡോ. സി. ജെ. ജോർജ്ജ്, ഡോ. കെ. എം. അനിൽ, ഡോ.അബ്ദുൽ അസീസ്.പി എന്നിവരുമായി നടത്തിയ ചർച്ചകൾ ഗവേഷണത്തിന് ഒരു മുതൽക്കൂട്ടായി. എൻ.പി.മുഹമ്മദിന്റെ മകനും സോഷ്യോളജി വിഭാഗം അധ്യാപകനുമായ പ്രൊഫ. എൻ.പി. ഹാഫിസ് മുഹമ്മദുമായി നടത്തിയ കൂടിക്കാഴ്ച എന്റെ നിരീക്ഷണത്തെ വിപുലപ്പെടുത്തി. സുഹൃത്തും മലയാളവിഭാഗത്തിലെ അധ്യാപികയുമായ ഡോ. ഷഹന നൽകിയ പിന്തുണയും ഏറെ വിലപ്പെട്ടതാണ്.

ഗവേഷണകാലയളവിൽ കൂടെനിന്ന സുഹൃത്ത് ഡോ. സന്ധ്യ, പി.പി. യോടുള്ള നന്ദിയും കടപ്പാടും വാക്കുകളിൽ ഒതുക്കാനാവില്ല. ഡോ. മുംതസ്, പി.കെ, ഡോ. നീതു ഗോപി കെ., ആർദ്ര, എസ്.വാര്യർ, ഡോ. ദിവ്യ, എം.ആർ തുടങ്ങിയവരോടുള്ള സൗഹൃദവും ഗവേഷണത്തിന് മുതൽക്കൂട്ടായി.

മലയാള-കേരള പഠനവിഭാഗം ലൈബ്രറിജീവനക്കാർ, ഡി.ടി.പി. വർക്ക് സമയ ബന്ധിതമായി പൂർത്തീകരിച്ചുതന്ന ബിന ഡി.ടി.പി. സെന്ററിലെ ജീവനക്കാർ എന്നിവരെ നന്ദിയോടെ സ്മരിക്കുന്നു. എല്ലാറ്റിലുമുപരി ചുമതലകളിൽനിന്ന് പരിപൂർണ്ണസ്വാതന്ത്ര്യം നൽകി എന്നെ പിന്തുണക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്ത കുടുംബാംഗങ്ങൾ, ജി.എം.വി.എച്ച്.എസ്.എസ് വേങ്ങരയിലെ അധ്യാപകസുഹൃത്തുക്കൾ തുടങ്ങി എല്ലാവരെയും ഒരിക്കൽ കൂടി നന്ദിപൂർവ്വം സ്മരിക്കുന്നു.

## ഉള്ളടക്കം

പേജ് നമ്പർ


**0. ആമുഖം** **1 – 8**

**0.1. പഠനലക്ഷ്യം**

**0.2. പഠനത്തിന്റെ പ്രസക്തി**

**0.3. പൂർവ്വപഠനങ്ങൾ**

**0.4. പഠനമേഖല**

**0.5. പഠനരീതി**

**0.6. പ്രബന്ധസ്വരൂപം**

**അധ്യായം. 1** **9 – 86**

**ധൈഷണികതയുടെ രൂപീകരണവും വികാസവും**

**1.1. സർഗ്ഗാത്മകത**

**1.2. ധൈഷണികത**

**1.3. സർഗ്ഗാത്മകതയും ധൈഷണികതയും**

**1.4. യൂറോപ്യൻ നവോത്ഥാനം**

1.4.1. കലയും സാഹിത്യവും

1.4.2. ഹ്യൂമനിസവും സ്വതന്ത്രചിന്തയും

1.4.3. വിമർശനാത്മകചിന്ത

**1.5. ശാസ്ത്രവിപ്ലവം**

**1.6. ജ്ഞാനോദയം**

1.6.1. ജ്ഞാനോദയത്തിന്റെ സവിശേഷതകൾ

1.6.1.1. വികസനാശയം

1.6.1.2. യുക്തിവാദം

1.6.1.3. മതേതരത്വം

1.6.1.4. പ്രകൃതിവാദം

1.6.1.5. മാനവികത

1.6.2. തത്വചിന്തയുടെ ഉദയം

1.6.2.1. തോമസ് ഹോബ്സ്.

1.6.2.2. റെനെ ദെക്കാർത്തെ

1.6.2.3. ജോൺ ലോക്ക്

**1.7. ഇന്ത്യൻ നവോത്ഥാനം-ബൗദ്ധികതയുടെ അടിത്തറ**

1.7.1. കീഴാള ബൗദ്ധികത

**1.8. ഇന്ത്യൻ ധൈഷണികതയുടെ രൂപീകരണം**

1.8.1. ദേശീയപ്രസ്ഥാനം-ധൈഷണികതയുടെ വികാസം

1.8.1.1. ദേശീയതയും പത്രങ്ങളും

1.8.1.2. ദേശീയതയും സാഹിത്യവും

1.8.1.3. ദേശീയതയും മുസ്ലിം നവോത്ഥാനവും

**1.9. മിഷനറിമാരും കേരളീയ ധൈഷണികജീവിതവും**

**1.10. കേരളീയരായ സാമൂഹിക-ധൈഷണികവ്യക്തിത്വങ്ങൾ**

1.10.1. കേരളീയ നവോത്ഥാനത്തിന്റെ മുസ്ലിം പരിപ്രേക്ഷ്യം

1.10.1.1. കേരള മുസ്ലിം ഐക്യസംഘം

**1.11. സാഹിത്യത്തിലെ നവോത്ഥാനം**

1.11.1. പുരോഗമന സാഹിത്യപ്രസ്ഥാനം

1.11.2. സാഹിത്യചിന്തകന്മാർ

**അധ്യായം. 2** **87 – 166**

**എൻ.പി.മുഹമ്മദ്: സർഗ്ഗാത്മക ധൈഷണിക വ്യക്തിത്വത്തിന്റെ രൂപീകരണം**

**2.1. കുടുംബപശ്ചാത്തലം**

**2.2. മതപരവും സാമൂഹികവുമായ പരിതോവസ്ഥകൾ**

**2.3. അനുഭവങ്ങളിൽനിന്ന് ഊർജ്ജം**

**2.4. സാംസ്കാരിക സൗഹൃദവും കോഴിക്കോടും**

2.4.1. കോലായസദസ്സ്

2.4.2. സൗഹൃദത്തിന്റെ കണ്ണികൾ

**2.5. സംഘടിത പ്രവർത്തനങ്ങൾ**

2.5.1. കലാസമിതി

2.5.2. മലബാർ കേന്ദ്രകലാസമിതി

2.5.3. നവസാഹിതി

2.5.4. ജനാധിപത്യവേദി

2.5.5. അഖിലേന്ത്യാ സാഹിത്യകാരസമ്മേളനം

2.5.6. സാഹിത്യശിബിരം

2.5.7. നവഭാരതവേദി

**2.6. പത്ര-മാസികാ പ്രവർത്തനം**

2.6.1. ജാഗ്രത

2.6.2. ഗോപുരം

2.6.3. നിരീക്ഷണം

2.6.4. കേരള കൗമുദി

2.6.5. പ്രദീപം മാസിക

**2.7. വ്യക്തികൾ-സ്വാധീനങ്ങൾ**

2.7.1. എം.ഗോവിന്ദന്റെ മാർഗ്ഗം.

2.7.2. ഗാന്ധിയൻ ആദർശം

2.7.3. വക്കം അബ്ദുൾ ഖാദറിൽനിന്നും പ്രചോദനം

2.7.4. സി.എൻ. അഹമ്മദ് മൗലവി-സുഹൃത്തും ഗുരുനാഥനും

2.7.5 രാഷ്ട്രീയ ഗുരു-മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ്

2.7.6. ദേശീയബോധത്തിന്റെ കരുത്ത്- ഇ.മൊയ്തു മൗലവി.

2.7.7. നവചിന്തകൾ-എം.എൻ. റോയിയിൽനിന്നും

2.7.7.1. റാഡിക്കൽ ഹ്യൂമനിസം

2.7.7.2. എൻ.പി.മുഹമ്മദും റാഡിക്കൽ ഹ്യൂമനിസവും

2.7.7.3. ഹ്യൂമനിസ്റ്റ് എഴുത്തുകാർ

2.7.7.3.1. ആപ്ടൺ സിൻക്ലയർ

2.7.7.3.2. വില്യം ഫോക്നർ

**2.8. സാഹിത്യ ചിന്തകൾ-പഠനങ്ങൾ**

2.8.1. നോവൽ സങ്കൽപ്പങ്ങൾ

2.8.2. ചെറുകഥാ നിരീക്ഷണങ്ങൾ

2.8.3. സാങ്കേതികയുഗത്തിലെ സാഹിത്യം

2.8.4. കുറ്റാന്വേഷണ നോവലുകളും സയൻസ്ഫിക്ഷനുകളും

**2.9. വിവർത്തനത്തിലെ ധൈഷണികയത്നം**

**2.10. ആസ്വാദനങ്ങൾ-ആദർശാന്വേഷണങ്ങൾ**

2.10.1. സിദ്ധാർത്ഥ

2.10.2. ഹംബോൾട്ടിന്റെ സമ്മാനം

2.10.3. എ പേഴ്സണൽ മാറ്റർ

2.10.4. ജോനാതൻ ലിവിങ്സ്റ്റൺ സീഗൾ

2.10.5. വിശ്വസ്തനായ റസ്ലാൻ

**അധ്യായം. 3** **167 – 234**

**ബൗദ്ധികചിന്തകളും ഇടപെടലുകളും**

**3.1. ദേശീയത**

3.1.1. ഇന്ത്യൻ ദേശീയത

3.1.2. ഇന്ത്യൻ ദേശീയതയുടെ വർത്തമാനം

3.1.3. എൻ.പി. മുഹമ്മദിന്റെ ദേശീയതാവിചാരങ്ങൾ

3.1.3.1. ജാതീയത

3.1.3.2. പ്രാദേശികവാദം

3.1.3.3. വർഗ്ഗീയത

3.1.3.4. സാംസ്കാരിക വികസനത്തിന്റെ ചരിത്രപാഠം

**3.2. സെക്യുലറിസം**

3.2.1. ഇന്ത്യൻ സെക്യുലറിസം

3.2.1.1. സ്വാതന്ത്ര്യസമരപ്രസ്ഥാനവും സെക്യുലറിസവും

3.2.1.2. എൻ.പി. മുഹമ്മദിന്റെ സെക്യുലർ വീക്ഷണങ്ങൾ

3.2.1.2.1. മതവും സെക്യുലറിസവും

3.2.1.2.2. സെക്യുലർ വിരുദ്ധപ്രവണതകൾ

3.2.1.2.3. സെക്യുലറിസവും ജാതിസമൂഹങ്ങളും

3.2.1.2.4. സെക്യുലറിസവും ഭാഷാന്യൂനപക്ഷങ്ങളും

3.2.1.2.5 സെക്യുലറിസവും വർഗ്ഗീയതയും

3.2.1.2.5.1. പക്ഷപാതം

3.2.1.2.5.2. വിവേചനം

3.2.1.2.5.3. ടൈപ്പുകഥാപാത്രങ്ങൾ

3.2.1.2.5.4. യുക്തിരഹിതപ്രവചനം

3.2.1.2.5.5. നിന്ദ്യനാമവത്കരണം

3.2.2. ഇന്ത്യൻ മുസ്ലീങ്ങളും സെക്യുലറിസവും

**3.3. ബഹുസ്വരത**

3.3.1. ഇസ്ലാമും ബഹുസ്വരതയും

3.3.2. ഇന്ത്യൻ ബഹുസ്വരത

3.3.3. ബഹുസ്വരസമൂഹത്തിൽ ഇന്ത്യൻ മുസ്ലിമിന്റെ ഭാഗധേയം

**3.4. ഇടപെടലുകൾ - പ്രതിരോധ ശബ്ദങ്ങൾ**

3.4.1. ശരീഅത്തും ഇന്ത്യൻ മുസ്ലീങ്ങളും

3.4.2. ഇസ്ലാം ആന്റ് മോഡേണേജ് സൊസൈറ്റി.

3.4.3. ശരീഅത്തും ഏകസിവിൽകോഡും

3.4.4. ഏകസിവിൽകോഡും സാംസ്കാരികവ്യക്തിത്വവും

3.4.5. അടിയന്തരാവസ്ഥ

3.4.6. വർഗ്ഗീയരാഷ്ട്രീയം

3.4.7. എഴുത്തുകാരന്റെ സ്വാതന്ത്ര്യം

3.4.8. അക്രമരാഷ്ട്രീയം

**അധ്യായം. 4 235 – 320**

**എൻ.പി.മുഹമ്മദിന്റെ സർഗ്ഗാത്മകവും ധൈഷണികവുമായ വിചാരലോകം**

**4.1. സാഹിത്യത്തിലെ ധൈഷണികമാനങ്ങൾ**

**4.1.1. സാമുദായികവീക്ഷണം**

4.1.1.1. മാപ്പിളപ്പെണ്ണിന്റെ ജീവിതം

4.1.1.1.1. വ്യവസ്ഥിതികൾക്കെതിരെ

4.1.1.1.2. അടിച്ചമർത്തപ്പെട്ടവർ

4.1.1.1.3. അറബിക്കല്ല്യാണത്തിന്റെ ഇര

4.1.1.1.4. ‘മര’ത്തിലെ കലാപം

4.1.1.2. അന്ധവിശ്വാസങ്ങളോടുള്ള വിയോജിപ്പ്

4.1.1.2.1. നിധിസങ്കൽപ്പം

4.1.1.2.2. പുണ്യപുരുഷ സങ്കൽപ്പം

4.1.1.2.3. എണ്ണപ്പാടത്തെ വിശ്വാസങ്ങൾ

4.1.1.2.4. ജിന്നുബാധ

4.1.1.3. സഹവർത്തിത്വത്തിന്റെ പാത

4.1.1.4. മതേതരബോധം

4.1.1.5. എണ്ണപ്പാടത്തെ സമുദായബാഹ്യർ

4.1.1.5.1. ഒസ്സാനും പുതുമുസ്ലിമും

4.1.1.5.2. കമ്മ്യൂണിസ്റ്റ് ഉസ്സൻ

4.1.1.5.3. വഹാബി

**4.1.2. രാഷ്ട്രീയ-സാമൂഹ്യാവബോധം**

4.1.2.1. സാഹിത്യത്തിലെ രാഷ്ട്രീയ-സാമൂഹ്യാവബോധം

4.1.2.1.1. അവഹേളിക്കപ്പെടുന്ന മാതൃത്വം

4.1.2.1.2. ദേശീയപ്രസ്ഥാനത്തിന്റെ വഴി

4.1.2.1.3. ശാസ്ത്രസിദ്ധിക്ക് കടിഞ്ഞാൺ

4.1.2.2. ധൈഷണിക കഥകൾ

4.1.2.2.1. സരസ്വതീപുരാണം

4.1.2.2.2. കമ്പ്യൂട്ടർ രാജ്

4.1.2.2.3. പ്രസിഡന്റിന്റെ ആദ്യത്തെ മരണം

4.1.2.3. സമഗ്രാധിപത്യത്തിനെതിരെ

4.1.2.3.1. ഹിരണ്യകശിപു-പുരാണമിത്തിന്റെ രാഷ്ട്രീയപ്രവേശം

4.1.2.3.1.1. ആധിപത്യരാഷ്ട്രീയം

4.1.2.3.1.2. ചിന്തകൾക്കുവിലക്ക്

4.1.2.3.1.3. രാഷ്ട്രീയതന്ത്രങ്ങൾ

4.1.2.3.1.4. ധൈഷണികഭാവന

4.1.2.3.2. നാവും സ്വാതന്ത്ര്യാവബോധവും

4.1.2.3.2.1. നാവ്-സാഹിത്യത്തിലും സംസ്കാരത്തിലും

4.1.2.3.3. തങ്കവാതിൽ: ആധിപത്യത്തിന്റെ പതനം

4.1.2.3.4. എണ്ണപ്പാടത്തിന്റെ രാഷ്ട്രീയം

4.1.2.3.4.1. തിരഞ്ഞെടുപ്പ്

**4.1.3. പാരിസ്ഥിതികാവബോധം**

4.1.3.1. പ്രകൃതിപാഠങ്ങൾ

4.1.3.2. ചൂഷണത്തിന്റെ ഇരകൾ

4.1.3.3. പരിസ്ഥിതി സ്ത്രീവാദം

**4.1.4. മിത്തുകളുടെ ആവിഷ്കാരം**

4.1.4.1. ഗുഹ-ക്രിസ്ത്യൻ മിത്ത്

4.1.4.2. ഹിരണ്യകശിപു-ഹൈന്ദവമിത്ത്

4.1.4.3. ഇസ്ലാമികമിത്ത്

**4.1.5. ദർശനങ്ങളോടുള്ള ആഭിമുഖ്യം**

**ഉപസംഹാരം** **321 – 330**

നിഗമനങ്ങളും നിരീക്ഷണങ്ങളും

**ഗ്രന്ഥസൂചി** **331 – 341**

# ആമുഖം

മൗലികമായ ആഴക്കാഴ്ചയുള്ള ധിഷണാശാലിയായ സാഹിത്യകാരനാണ് എൻ.പി. മുഹമ്മദ്. പത്രപ്രവർത്തകൻ, സാമൂഹിക വിമർശകൻ, രാഷ്ട്രീയചിന്ത കൻ, പ്രഭാഷകൻ, തിരക്കഥാകൃത്ത് എന്നിങ്ങനെ വിവിധ മേഖലകളിൽ ധൈഷ ണികവ്യവഹാരം നടത്തിയ സാഹിത്യകാരനാണിദ്ദേഹം. മലബാറിലെ മാപ്പിള മുസ്ലീങ്ങളുടെ മതപരവും സാമൂഹികവുമായ ജീവിതസാഹചര്യങ്ങൾ പശ്ചാത്തല മാക്കി എഴുതിത്തുടങ്ങിയ എൻ.പി. മുഹമ്മദ് തന്റെ സമുദായത്തിൽ നിലനിന്നി രുന്ന വിലക്ഷണങ്ങളായ ആചാരങ്ങളെയും മനുഷ്യത്വരഹിതമായ വ്യവസ്ഥക ളെയും സാഹിത്യത്തിലൂടെയും സാഹിത്യബാഹ്യമായും ചോദ്യം ചെയ്തിട്ടുണ്ട്. ദേശീയ പ്രസ്ഥാനത്തിൽ സജീവമായിരുന്ന പിതാവിന്റെ രാഷ്ട്രീയപാരമ്പര്യവും എം.ഗോവിന്ദനെപ്പോലുള്ള ബുദ്ധിജീവികളുമായിട്ടുണ്ടായിരുന്ന സൗഹൃദബന്ധ ങ്ങളും എൻ.പിയുടെ ധൈഷണിക വ്യക്തിത്വത്തെ സ്വാധീനിക്കുകയും പരിപോഷി പ്പിക്കുകയും ചെയ്തിട്ടുണ്ട്. എഴുത്തിലും സാമൂഹിക വിമർശനങ്ങളിലും ഇടപെട ലുകളിലും വ്യവസ്ഥാപിതതാത്പര്യങ്ങൾക്ക് വിപരീതമായി അദ്ദേഹം നിലകൊ ണ്ടു. വിഭിന്നമതങ്ങളെയും ദർശനങ്ങളെയും ഉൾക്കൊള്ളാനും എഴുത്തിലും ജീവി തത്തിലും അത്തരം ആദർശങ്ങൾ പ്രതിഫലിപ്പിക്കാനും ശ്രമിച്ച എൻ.പി മതം, ചരിത്രം, രാഷ്ട്രീയം എന്നീ വിഷയങ്ങളെ എഴുത്തിലൂടെയും സാമൂഹിക ഇടപെട ലുകളിലൂടെയും സമീപിച്ചിട്ടുണ്ട്. ദേശീയവാദിയും തികഞ്ഞ മതേതരവാദിയും മാനവികതയുടെ വക്താവുമായിരുന്ന അദ്ദേഹം ഒരു സാഹിത്യകാരൻ എന്ന നില യിലാണ് കൂടുതൽ ശ്രദ്ധിക്കപ്പെട്ടത്. അദ്ദേഹത്തിന്റെ സമൂഹനിഷ്ഠമായ സ്വതന്ത്ര ചിന്തകളും ഇടപെടലുകളും അക്കാദമികമായ രീതിയിൽ പഠിക്കപ്പെട്ടിട്ടില്ല.

ഇന്ത്യയുടെയും കേരളത്തിന്റെയും ചരിത്രത്തോടും ചരിത്രപരമായ പ്രതിസ ന്ധികളോടും പ്രചോദനം നൽകിയ സാമൂഹികസാഹചര്യങ്ങളോടും ചേർത്തുവാ യിക്കുമ്പോൾ മാത്രമേ എൻ.പി. മുഹമ്മദിന്റെ ധൈഷണികജീവിതത്തെ അടുത്തറി

യാനാകൂ. ഒരു സാഹിത്യകാരൻ എന്നതിനപ്പുറത്തേക്ക് വളർന്നു വികസിച്ചു നിൽക്കുന്ന എൻ.പി യുടെ സാംസ്കാരികലോകം ഒരു സാമാന്യ വായനക്കാരനെ സംബന്ധിച്ച് അപരിചിതമാണ്. അത്തരമൊരു ജീവിതത്തെ പൊതുബോധത്തിലെത്തിക്കേണ്ടത് ചരിത്രപരമായ ഒരനിവാര്യതയാണ്. ആശയമേഖലയിൽ ഇടപെട്ടതിനോടൊപ്പം പുരോഗമനപരമായ കാര്യങ്ങൾക്കുവേണ്ടി വാദിക്കാനും ശബ്ദിക്കാനും ശ്രമിച്ച എൻ.പി, നവീനമായ ആശയങ്ങൾ പങ്കുവെച്ചവരെ പിന്തുണക്കാനും പ്രോത്സാഹിപ്പിക്കാനും ഉത്സാഹം കാണിച്ചു. സമൂഹത്തിന് ദിശാബോധം നൽകാൻ ശ്രമിച്ച, ചിന്തിക്കുന്ന അപൂർവ്വം എഴുത്തുകാരേ നമുക്കുണ്ടായിട്ടുള്ളൂ. അവരിൽ ഒരാളായിരുന്നു എൻ.പി. മുഹമ്മദ്.

### 0.1. പഠനലക്ഷ്യം

കേരളത്തിന്റെ സാമൂഹ്യ-രാഷ്ട്രീയ -സാംസ്കാരികമണ്ഡലങ്ങളിൽ ക്രിയാത്മകമായി ഇടപെട്ട വ്യക്തിയാണ് എൻ.പി. മുഹമ്മദ്. എൻ.പി.യുടെ ധൈഷണിക ചിന്തകൾ, സാമൂഹ്യ ഇടപെടലുകൾ, ചരിത്രസന്ദർഭങ്ങളോടുള്ള പ്രതികരണങ്ങൾ എന്നിവയോടൊപ്പം എൻ.പിയുടെ ജീവിതത്തിൽ കാലാനുസൃതമായി സംഭവിച്ച ധൈഷണികപരിണാമങ്ങളെക്കൂടി രേഖപ്പെടുത്തുകയും വിലയിരുത്തുകയും ചെയ്യുക എന്നത് ഈ പഠനത്തിന്റെ ലക്ഷ്യമാണ്. സാഹിത്യത്തിലും സാമൂഹിക ചിന്തയിലും എൻ.പി.യുടെ ധൈഷണികവ്യക്തിത്വത്തെ സ്വാധീനിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്ത ഘടകങ്ങളെയും എൻ.പി. പ്രവർത്തിച്ചിരുന്ന പത്ര-മാസികാപ്രസിദ്ധീകരണങ്ങളെയും പഠനത്തിന്റെ ഭാഗമായി അന്വേഷിച്ചിട്ടുണ്ട്. എൻ. പി.യുടെ സാഹിത്യത്തിൽ അന്തർലീനമായിരിക്കുന്ന ധൈഷണികഘടകങ്ങൾ കണ്ടെത്തി അപഗ്രഥിക്കുക എന്ന ലക്ഷ്യവും ഈ പഠനത്തിനുണ്ട്.

### 0.2. പഠനപ്രസക്തി

ദേശീയപ്രസ്ഥാനത്തിന്റെയും കേരളത്തിന്റെ നവോത്ഥാന മുന്നേറ്റശ്രമങ്ങളുടെയും കാലത്താണ് എൻ.പി. മുഹമ്മദിന്റെ രാഷ്ട്രീയ-സാമൂഹ്യാവബോധം കരു

ത്താർജ്ജിക്കുന്നത്. രാഷ്ട്രീയാഭിമുഖ്യമുള്ള കുടുംബാന്തരീക്ഷവും സാമൂഹികാന്ത രീക്ഷവും എൻ.പി.യുടെ കാഴ്ചപ്പാടുകളെ സ്വാധീനിച്ചു. സ്വാതന്ത്ര്യാനന്തര ഇന്ത്യ യുടെ രാഷ്ട്രീയ- സാമൂഹിക- സാഹചര്യങ്ങളിൽ ഇടപെട്ടുകൊണ്ടാണ് എൻ.പി. തന്റെ സാംസ്കാരിക ജീവിതം മുന്നോട്ടുനയിച്ചത്. അതുകൊണ്ടുതന്നെ എൻ.പി. യുടെ സാമൂഹിക-രാഷ്ട്രീയപ്രതിബദ്ധത രേഖപ്പെടുത്തേണ്ടതും വിലയിരുത്തേണ്ട തുമാണ്. പൂർവ്വപഠനങ്ങൾ അദ്ദേഹത്തിന്റെ സമഗ്രമായ ധൈഷണികസംഭാവന കൾ പൂർണ്ണമായി ഉൾക്കൊള്ളുന്നവയല്ല. എൻ.പി.യുടെ ധൈഷണികചിന്തകൾ ഉൾക്കൊള്ളുന്ന ലേഖനങ്ങളും സാമൂഹിക ഇടപെടലുകളും സാഹിത്യചിന്തകളും സാഹിത്യപഠനങ്ങളും പഠിക്കപ്പെടേണ്ടത് അനിവാര്യമാണ്. അത്തരമൊരു ശ്രമം എന്ന നിലയിലും ആശയലോകത്തോട് ക്രിയാത്മകമായി ഇടപെട്ട വ്യക്തിയെ അട യാളപ്പെടുത്താനുള്ള ശ്രമം എന്ന നിലയിലുമാണ് ഈ പഠനം പ്രസക്തമാകുന്നത്.

**0.3. പൂർവ്വപഠനങ്ങൾ**

എൻ.പിയുടെ സാഹിത്യസംഭാവനകൾ വിശകലനവിധേയമാക്കിക്കൊ ണ്ടുള്ള ഗവേഷണപഠനങ്ങൾ ഇതിനുമുമ്പ് ഉണ്ടായിട്ടുണ്ട്. മഹാത്മാഗാന്ധി സർവ്വ കലാശാലയിൽ ഡോ. ഉമർ തറമേലിന്റെ മാർഗ്ഗനിർദ്ദേശത്തിൽ, ഹസ്കറലി ഇ.സി. 'പാരിസ്ഥിതികവും രാഷ്ട്രീയവുമായ ആഖ്യാനമെന്നനിലയിൽ എൻ.പി. മുഹമ്മ ദിന്റെ കൃതികളുടെ വിശകലനം' (2009) എന്ന പേരിൽ ഗവേഷണപ്രബന്ധം സമർപ്പിച്ചിട്ടുണ്ട്. 'ദേശീയതയും പ്രാദേശികതയും എൻ.പി. മുഹമ്മദിന്റെ നോവലു കളിൽ' (2012)എന്ന പഠനം ഡോ. എസ്. ശാരദകുട്ടിയുടെ മാർഗ്ഗനിർദ്ദേശത്തിൽ ജയശ്രീ, കെ.എസ്. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ സമർപ്പിച്ചിട്ടുണ്ട്. മഹാ ത്മാഗാന്ധി സർവ്വകലാശാലയുടെ ഭാഷാസാഹിത്യശാഖയിൽ പ്രൊഫ. എസ്.കെ. വസന്തന്റെ മാർഗ്ഗനിർദ്ദേശത്തിൽ ജോളി, എ.ജെ. സമർപ്പിച്ച പ്രബന്ധമാണ് 'എൻ. പി. മുഹമ്മദിന്റെ നോവലുകളിലെ സാമൂഹ്യബോധം' (2014). എൻ.പി.യുടെ

സാഹിത്യത്തിന്റെ പ്രത്യേകവശങ്ങളെ ആസ്പദമാക്കിയുള്ളവയാണ് ഈ പ്രബന്ധ ങ്ങൾ.

'ചരിത്രത്തിന്റെ കണ്ണുള്ള ഭാവന' (പണിക്കർ.കെ.എൻ) 'മനുഷ്യപ്രകൃതിയി ലേക്കുള്ള തുറന്ന കണ്ണ്, എൻ.പി. തുറന്നുതരുന്ന മൂന്നാം കണ്ണ്' (ലീലാകൃഷ്ണൻ ആലങ്കോട്) 'അധികാരവും ബലിയും ബാലമനസ്സും' (അനിൽകുമാർ എം.ആർ) തുടങ്ങിയവ 'ദൈവത്തിന്റെ കണ്ണ്' എന്ന നോവലിനെ ആസ്പദമാക്കിയുള്ള ലഘു പഠനങ്ങളാണ്. 'അധികാരത്തിന്റെ നരകപടം' (ബെന്നി എം.വി) 'ഹിരണ്യകശിപു' (കരുണാകാരൻ നമ്പ്യാർ, വി)'ഒളിച്ചുവെച്ച പരമാർത്ഥങ്ങൾ'(രാജശേഖരൻ, പി.കെ.) എന്നിവ 'ഹിരണ്യകശിപു' എന്ന നോവലിനെക്കുറിച്ചും, 'അലസിപ്പോയ ഇതിഹാസം'(ചന്ദ്രശേഖരൻ, എൻ.പി) 'എണ്ണപ്പാട'മെന്ന നോവലിനെക്കുറിച്ചും ഉണ്ടായിട്ടുള്ള പഠനങ്ങളാണ്. എൻ.പി.യുടെ കഥകളെ മുൻനിർത്തി ജയശ്രീ കെ. എസ്. രചിച്ച കൃതിയാണ് 'എൻ.പി. മുഹമ്മദിന്റെ കഥാലോകം.' 'സാംസ്കാരിക വികാരം സാഹിത്യമാസിക' എൻ.പി. വിശേഷാൽപതിപ്പ് (2002) പുറത്തിറക്കിയിട്ടു ണ്ട്. എൻ.പി.യുടെ സാഹിത്യത്തിന് പ്രാധാന്യം നൽകി രചിച്ച ഒട്ടേറെ ലേഖന ങ്ങൾ ഈ ഗ്രന്ഥത്തിലുണ്ട്. പി. മുഹമ്മദാലിയുമായി നടത്തിയ അഭിമുഖം ഈ പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 'കേരള ഗ്രന്ഥശാലാസംഘം' 1997-ൽ എൻ. പി. വിശേഷാൽപതിപ്പ് പുറത്തിറക്കിയിട്ടുണ്ട്. ഇതിൽ എം.ടി. വാസുദേവൻ നായർ, ഡോ.എം.എം.ബഷീർ, എം.എൻ.കാരശ്ശേരി, അക്ബർ കക്കട്ടിൽ, എം.കെ. ഹരികു മാർ, എൻ.പി. ചന്ദ്രശേഖരൻ, എൻ.പി. ഹാഫിസ് മുഹമ്മദ് എന്നിവർ എൻ.പി. യുടെ സാഹിത്യത്തെയും വ്യക്തിത്വത്തെയും ആസ്പദമാക്കി ലേഖനങ്ങളെഴുതിയി ട്ടുണ്ട്.

2003-ൽ എൻ.പി.യുടെ മരണശേഷം മലയാളത്തിലെ പ്രമുഖമായ ആഴ്ചപ്പ

തിപ്പുകൾ എൻ.പി. അനുസ്മരണപ്പതിപ്പ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. 'സാഹിത്യ ലോകം'(2003 നവംബർ-ഡിസംബർ), 'മാതൃഭൂമി ആഴ്ചപ്പതിപ്പ്' (2003 ജനുവരി), 'ചന്ദ്രിക ആഴ്ചപ്പതിപ്പ്' (2003 ജനുവരി) എന്നിവ അവയിൽ പ്രധാനങ്ങളാണ്.

### 0.4. പഠനമേഖല

എൻ.പി.യുടെ ധൈഷണികജീവിതത്തെ കുറിച്ചുള്ള അന്വേഷണം എന്ന നിലയിൽ എൻ.പി.യുടെ സാഹിത്യവും ഇതരലേഖനങ്ങളും പഠനമേഖലയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എൻ.പി.യുടെ സാംസ്കാരിക വ്യക്തിത്വത്തെ രൂപപ്പെടുത്തിയെടുക്കാൻ സഹായകമായ ഘടകങ്ങൾ കണ്ടെത്തേണ്ടതുണ്ട്. ഇതിനായി അക്കാലത്ത് സജീവമായിരുന്നതും എൻ.പി. ഇടപെട്ട് പ്രവർത്തിച്ചിരുന്നതുമായ സാമൂഹിക-സാംസ്കാരിക കൂട്ടായ്മകൾ, പത്രമാസികാപ്രവർത്തനങ്ങൾ, എൻ.പി.യുടെ സവിശേഷമായ സൗഹൃദബന്ധങ്ങൾ എന്നിവയും അന്വേഷിച്ചിട്ടുണ്ട്. കൂടാതെ എൻ.പി.യുടെ സാമൂഹികചിന്തകളും ഇടപെടലുകളും പഠനത്തിന്റെ പ്രധാന ഭാഗമാണ്. ഇതിനായി ആനുകാലികങ്ങൾ, ഇതരപ്രസിദ്ധീകരണങ്ങൾ തുടങ്ങി വിപുലമായ പഠനമേഖലയെ തന്നെ പ്രബന്ധരചനക്കായി ആശ്രയിച്ചിട്ടുണ്ട്.

### 0.5. പഠനരീതി

എൻ.പി. മുഹമ്മദിന്റെ സാമൂഹികസംഭാവനകളുടെ അടിസ്ഥാനത്തിൽ അദ്ദേഹത്തെ ചരിത്രപരമായി അടയാളപ്പെടുത്താനുള്ള ശ്രമം എന്നനിലയിൽ സാമൂഹിക ചരിത്രാത്മകരീതിയാണ് പ്രബന്ധരചനയിൽ സ്വീകരിച്ചിട്ടുള്ളത്. എൻ. പി. യുടെ വൈയക്തികജീവിതത്തെക്കുറിച്ചും സാമൂഹികജീവിതത്തെക്കുറിച്ചും സമഗ്രമായ ധാരണ ലഭിക്കുന്നതിനായി അന്വേഷണാത്മകരീതിയും അവലംബിച്ചിട്ടുണ്ട്. ശേഖരിക്കപ്പെട്ട വിവരങ്ങൾ വിലയിരുത്തി നടത്തുന്ന വിവരണാത്മകവും വിശകലനാത്മകവുമായ സമീപനമാണ് പ്രബന്ധത്തിൽ സ്വീകരിച്ചിരിക്കുന്നത്.

## 0.6. പ്രബന്ധസ്വരൂപം

ആമുഖം, ഉപസംഹാരം, നിഗമനങ്ങൾ എന്നിവ കൂടാതെ നാല് അധ്യായങ്ങളാണ് പ്രബന്ധത്തിനുള്ളത്. 'ധൈഷണികതയുടെ രൂപീകരണവും വികാസവും' എന്ന ഒന്നാമധ്യായത്തിൽ എഴുത്തുകാരും ചിന്തകന്മാരും വളർന്നുവരാനിടയായ ചരിത്രപശ്ചാത്തലമാണ് അന്വേഷിക്കുന്നത്. പതിനാലാം നൂറ്റാണ്ടുമുതൽ പതിനാറാം നൂറ്റാണ്ടുവരെ യൂറോപ്പിൽ നിലനിന്നിരുന്ന സാംസ്കാരിക-ധൈഷണിക മുന്നേറ്റമെന്ന നിലയിൽ യൂറോപ്യൻനവോത്ഥാനം പ്രസക്തമാണ്. യൂറോപ്യൻ നവോത്ഥാനവും അതിനെത്തുടർന്നുണ്ടായ ജ്ഞാനോദയസങ്കൽപ്പവുമെല്ലാം ലോകവ്യാപകമായി എഴുത്തുകാരെയും ചിന്തകരെയും രൂപപ്പെടുത്തിയെടുക്കാനുള്ള സാഹചര്യങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. പത്തൊമ്പതാം നൂറ്റാണ്ടിൽ ഇന്ത്യയിൽ രൂപംകൊണ്ട നവോത്ഥാനപ്രകിയകൾക്ക് പ്രേരണയും പ്രചോദനവുമാകാൻ യൂറോപ്യൻ നവോത്ഥാനം കാരണമായിട്ടുണ്ട്. എങ്കിലും ഇന്ത്യൻ നവോത്ഥാനം പൂർണ്ണമായും യൂറോപ്യൻ നവോത്ഥാനത്തിന്റെ അനുകരണമാണ് എന്ന വാദം പ്രബന്ധം ഉന്നയിക്കുന്നില്ല. വൈദേശികാധിപത്യം, ദേശീയപ്രസ്ഥാനം, മിഷനറിമാരുടെ പ്രവർത്തനങ്ങൾ, അച്ചടി-പത്രമാസികകളുടെ വ്യാപനം, പാശ്ചാത്യവിദ്യാഭ്യാസം എന്നിവയുടെയെല്ലാം പരിണതഫലമായി പ്രബലമായ ഒരു ധൈഷണികവിഭാഗം രൂപംകൊള്ളുകയുണ്ടായി. കേരളത്തിൽ രൂപപ്പെട്ടുവന്ന വ്യത്യസ്ത മേഖലകളെ പ്രതിനിധീകരിക്കുന്ന ധൈഷണികരിൽ പ്രബലമായ ഒരു വിഭാഗമാണ് സാഹിത്യകാരായ ചിന്തകർ. ഇത്തരം ചിന്തകരുടെ വളർച്ചയ്ക്കും വികാസത്തിനും കാരണമായ ചരിത്രപശ്ചാത്തലമാണ് ഈ അധ്യായത്തിൽ പ്രതിപാദിച്ചിട്ടുള്ളത്.

'എൻ.പി. മുഹമ്മദ്: സർഗ്ഗാത്മക ധൈഷണിക വ്യക്തിത്വത്തിന്റെ രൂപീകരണം' എന്ന രണ്ടാമധ്യായത്തിൽ ഒരു സാഹിത്യകാരനിലേക്കും ചിന്തകനിലേക്കുമുള്ള വളർച്ചയിലേക്ക് എൻ.പി.യെ നയിച്ച ഘടകങ്ങളെയാണ് പരിശോധിക്കുന്നത്.

മലബാർ മുസ്ലിമിന്റെ സാംസ്കാരിക പശ്ചാത്തലമാണ് എൻ.പി.ക്ക് എഴുത്തിനുള്ള പശ്ചാത്തലമായി മാറിയത്. ദേശീയപ്രസ്ഥാനത്തിന്റെ ഭാഗമായി പ്രവർത്തിച്ച കുടുംബപശ്ചാത്തലവും അബ്ദുറഹ്മാൻ സാഹിബ്, ഇ. മൊയ്തു മൗലവി തുടങ്ങിയ നേതാക്കന്മാരുമായുള്ള അടുപ്പവും എഴുത്തിനും ചിന്തയ്ക്കുമുള്ള പ്രേരണയും പ്രചോദനവുമായിരുന്നു. സാമൂഹികവും സാഹിതീയവുമായ മേഖലകളിൽ എൻ.പി.യുടെ ധൈഷണികവ്യക്തിത്വത്തെ പരിപോഷിപ്പിച്ച നിരവധി ഘടകങ്ങളുണ്ട്. സാഹിത്യകാരന്മാരുമായുള്ള സൗഹൃദങ്ങൾ, സാഹിതീയ ചർച്ചകൾ, കൂട്ടായ്മകൾ, വ്യക്തികൾ, ആശയസംവാദങ്ങൾ, പത്രമാസികാപ്രവർത്തനങ്ങൾ തുടങ്ങിയവ എൻ.പി.യുടെ ധൈഷണികവ്യക്തിത്വത്തെ രൂപപ്പെടുത്തിയെടുക്കുന്നതിലും നിർണ്ണയിക്കുന്നതിലും വലിയ പങ്കുവഹിച്ചിട്ടുണ്ട്. ഇത്തരം വസ്തുതകളാണ് ഈ അധ്യായത്തിൽ പ്രതിപാദിക്കുന്നത്.

'ബൗദ്ധികചിന്തകളും ഇടപെടലുകളും' എന്ന മൂന്നാമധ്യായത്തിൽ എൻ.പി.യുടെ സാഹിത്യബാഹ്യമായ ഇടപെടലുകളെയും സാമൂഹ്യചിന്തകളെയും വിശദീകരിക്കാനും വിലയിരുത്താനുമാണ് ശ്രമിച്ചിട്ടുള്ളത്. ദേശീയത, മതനിരപേക്ഷത, ബഹുസ്വരത, വർഗ്ഗീയത തുടങ്ങിയവയുമായി ബന്ധപ്പെട്ട ആലോചനകളും ഉത്കണ്ഠകളും പങ്കുവെയ്ക്കപ്പെടുന്ന ധൈഷണികസന്ദർഭങ്ങൾ ലേഖനങ്ങളിലൂടെ എൻ.പി. പങ്കുവെക്കുന്നുണ്ട്. ഈ വസ്തുതകളുടെ അപഗ്രഥനത്തോടൊപ്പം, സ്വാതന്ത്ര്യാനന്തര ഇന്ത്യ നേരിട്ട വെല്ലുവിളികളോടുള്ള എൻ.പി.യുടെ പ്രതികരണങ്ങളും ഈ അധ്യായത്തിൽ രേഖപ്പെടുത്തുകയും വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. ഇന്ത്യൻ മുസ്ലീങ്ങളുമായി ബന്ധപ്പെട്ടുള്ള എൻ.പി.യുടെ ആലോചനകൾ ഏറെ പ്രസക്തമാണ്. ശരീഅത്ത് പരിഷ്കരണവാദം, ജനാധിപത്യവിരുദ്ധ പ്രവർത്തനങ്ങളോടുള്ള പ്രതികരണങ്ങൾ തുടങ്ങിയവ എൻ.പി.യുടെ ധൈഷണിക ജീവിതത്തെ വേറിട്ടുനിർത്തുന്ന ഘടകങ്ങളാണ്. ഇവയെല്ലാം ഈ അധ്യായത്തിന്റെ ഭാഗമായി വിലയിരുത്തിയിട്ടുണ്ട്.

എൻ.പി.യുടെ സാഹിത്യത്തിൽ അന്തർലീനമായിരിക്കുന്ന ധൈഷണിക ഘടകങ്ങളെ കണ്ടെത്താനും അപഗ്രഥിക്കാനുമാണ് 'എൻ.പി.യുടെ സർഗ്ഗാത്മ കവും ധൈഷണികവുമായ വിചാരലോകം' എന്ന നാലാം അധ്യായം ഉപയോഗപ്പെ ടുത്തിയിട്ടുള്ളത്. വ്യത്യസ്തമായ പ്രമേയങ്ങൾ, ദർശനങ്ങളിലും ഭാഷാരീതിയിലും ആവിഷ്കാരരീതിയിലും പ്രകടമാകുന്ന വൈവിധ്യങ്ങൾ എന്നിവ എൻ.പി.യുടെ സർഗ്ഗാത്മകതയെ സവിശേഷമാക്കുന്നു. സാമുദായികബോധം, സാമൂഹ്യ-രാഷ്ട്രീ യാവബോധം, പാരിസ്ഥിതികാവബോധം, മിത്തുകൾ, ദർശനങ്ങൾ എന്നിവ എൻ. പി.യുടെ സാഹിത്യത്തിൽ ഉൾച്ചേർന്നിരിക്കുന്ന ധൈഷണികഘടകങ്ങളാണ്. ഈ മേഖലകളെ വിശകലനവിധേയമാക്കാനാണ് ഈ അധ്യായം ഉപയോഗപ്പെടുത്തിയി ട്ടുള്ളത്.

നാല് അധ്യായങ്ങളിലായി നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ എത്തിച്ചേർന്ന നിരീക്ഷണങ്ങൾ ക്രോഡീകരിക്കുകയാണ് ഉപസംഹാരത്തിൽ ചെയ്യുന്നത്. ശേഷം നിഗമനങ്ങളും ഗ്രന്ഥസൂചിയും നൽകിയിട്ടുണ്ട്. അനുബന്ധ മായി എൻ.പി. കൃതികളുടെ വിവരങ്ങൾ നൽകിയിട്ടുണ്ട്.

# അധ്യായം 1

# ധൈഷണികതയുടെ രൂപീകരണവും വികാസവും

## 1.1. സർഗ്ഗാത്മകത (creativity)

സർഗ്ഗാത്മകതയുടെ ഉത്ഭവത്തിന് മനുഷ്യവംശത്തിന്റെ ചരിത്രത്തോളം തന്നെ പഴക്കമുണ്ട്. സൃഷ്ടിക്കാനുള്ള കഴിവ് ജന്മസിദ്ധമാണ്. ഒരു വ്യക്തിയുടെ ദൈനംദിന ജീവിതത്തിലെ ഓരോ പ്രവർത്തനത്തിലും ബോധപൂർവ്വമോ അല്ലാതെയോ ഉള്ള സർഗ്ഗാത്മകതയുടെ പ്രതിഫലനമുണ്ട്. ആധുനിക മന:ശാസ്ത്രം സർഗ്ഗാത്മകതക്ക് നിരവധി നിർവ്വചനങ്ങളും വ്യാഖ്യാനങ്ങളും നൽകിയിട്ടുണ്ട്. "തനതും മൂല്യവത്തുമായ എന്തെങ്കിലുമൊന്നിന്റെ സൃഷ്ടി" എന്ന് റോബർട്ട്, ജെ. സ്റ്റേൺ ബർഗ് സർഗ്ഗാത്മകതയെ നിർവ്വചിച്ചിട്ടുണ്ട് (Stern Berg, 2011:479). സൃഷ്ടിക്കാനുള്ള കഴിവാണ് സർഗ്ഗാത്മകത എന്ന് ലളിതമായി പറയാം. "പൂർണ്ണമായോ ഭാഗികമായോ ഉള്ള ഒരു പുതുമയുടെ സൃഷ്ടിയാണ് സർഗ്ഗാത്മകത എന്ന് സ്റ്റാഗ്നറും കാരോവ്സ്കിയും സർഗ്ഗാത്മകതയെ നിർവ്വചിച്ചിരിക്കുന്നു". (ഗോപിനാഥൻ, കെ.ആർ. 2008:281). പുതുമയുള്ള ഒന്നിന്റെ സൃഷ്ടി മാത്രമല്ല നിലനിൽക്കുന്ന ഒരു വസ്തുവിന്മേലോ ഒരാശയത്തിന്മേലോ മൗലികമായി എന്തെങ്കിലുമൊന്ന് കൂട്ടിച്ചേർക്കാനുള്ള കഴിവും സർഗ്ഗാത്മകതയാണ്. "ഭാവനാപരമായ കഴിവുകൊണ്ട് പുതുതായി എന്തെങ്കിലുമൊന്ന് നിർമ്മിക്കുക, ഒരു പ്രശ്നത്തിനുള്ള പുതിയപരിഹാരം, ഒരു പുതിയസമീപനം, പുതിയ ഉപകരണങ്ങൾ ഉണ്ടാക്കുക, അല്ലെങ്കിൽ പുതിയ കലാപരമായവസ്തു, രൂപം എന്നിവ വികസിപ്പിച്ചെടുക്കുക തുടങ്ങിയവയെല്ലാം സർഗ്ഗപരതയുടെ പരിധിയിൽ വരുന്നു. ആശയങ്ങളുടെ സമ്പുഷ്ടതയേയും ചിന്തയുടെ യാഥാർത്ഥ്യത്തെയും സൂചിപ്പിക്കാനാണ് സർഗ്ഗാത്മകത എന്ന പദം പൊതുവെ ഉപയോഗിച്ചു കാണുന്നത്. ഉയർന്നസർഗ്ഗശേഷിയുള്ള വ്യക്തികളെ

കുറിച്ചുള്ള മനശ്ശാസ്ത്രപരമായ പഠനങ്ങൾ സൂചിപ്പിക്കുന്നത് മറ്റുള്ളവർക്ക് വെല്ലു വിളിയായി ഗ്രഹിക്കുന്ന സ്പഷ്ടമായ ക്രമക്കേടുകൾ, വൈരുധ്യം, അസന്തുലിതാ വസ്ഥ എന്നിവയിൽ സർഗ്ഗധനർക്ക് ശക്തമായ താത്പര്യമുണ്ട് എന്നാണ്. ഇത്തരം വ്യക്തികളുടെ ചിന്തയിലും പ്രവർത്തിയിലും അസാധാരണമായ ആഴവും പരപ്പും ദർശിക്കാം.'' (ശ്രീജിത്ത്, ഇ. അരുൺകുമാർ,പി. 2013:285).

പൊതുവെ സാഹിത്യകാരന്മാരെയും കലാകാരന്മാരെയും മാത്രമാണ് സർഗ്ഗ ധനരായി പരിഗണിച്ചിരുന്നത്. എന്നാൽ ശാസ്ത്രസാങ്കേതിക മേഖലകൾ, മറ്റു തൊഴിൽ-വിജ്ഞാനാധിഷ്ഠിതമേഖലകൾ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്നവരി ലെല്ലാം സർഗ്ഗാത്മകതയുണ്ട് എന്ന് ആധുനികമനഃശാസ്ത്രം പ്രഖ്യാപിക്കുന്നു. ''സാധാരണത്തിൽ അസാധാരണത്വം ദർശിക്കാൻ കഴിയുക, ഒരു പ്രശ്നത്തോട് തന്റെ നിലവിലുള്ള മനോഭാവം മാറ്റാൻകഴിയുക, താത്കാലികമായ പരിഹാര ങ്ങൾക്കപ്പുറത്തേക്ക് പോകാൻ കഴിയുക, നിലവിലുള്ള പ്രശ്നത്തെ പുനർ നിർവ്വചിക്കാൻ കഴിയുക, ഒരു സാഹചര്യത്തോട് സാംഗത്യമുള്ളതും അല്ലാത്ത തുമായ വസ്തുക്കളെ മനസ്സിലാക്കാൻ കഴിയുക എന്നിവയെല്ലാം സർഗ്ഗാത്മ കതയുടെ ചിഹ്നങ്ങളാണ്'' (ശ്രീജിത്ത്,ഇ. അരുൺ കുമാർ,പി. 2013:286).

ഒരോ സമൂഹത്തിലും അതിന്റെ നിലനിൽപ്പിന് സഹായകമാകുന്ന ചില ഘടകങ്ങളുണ്ട്. ഇത്തരം ഘടകങ്ങൾ തിരിച്ചറിയുന്ന വ്യക്തികൾക്ക് സമൂഹത്തെ പ്രചോദിപ്പിക്കാനും പുരോഗതിയിലേക്ക് നയിക്കാനും സാധിക്കുന്നു. സമൂഹ ത്തിലെ വെല്ലുവിളികളോട് ക്രിയാത്മകമായി പ്രതികരിക്കാൻ കഴിയുന്ന ഇത്തരം സർഗ്ഗാത്മകന്യൂനപക്ഷത്തിന് സംസ്കാരങ്ങളുടെ വളർച്ചയിൽ ഗണനീയമായ പങ്കുവഹിക്കാനും ചരിത്രഗതിയെ സ്വാധീനിക്കാനും കഴിയുന്നു.

### 1.2. ധൈഷണികത (cognition)

''മനുഷ്യമനസ്സിന്റെ ജ്ഞാനാർജ്ജന പ്രവർത്തനങ്ങളെയാണ് ധൈഷണികം

(cognition) എന്നതുകൊണ്ടു ഉദ്ദേശിക്കുന്നത്. ഇന്ദ്രിയസംവേദനം, സ്മരണ, ചിന്ത, അപഗ്രഥനാത്മകചിന്ത, ശ്രദ്ധ, പൂർവ്വധാരണ തുടങ്ങിയ മാനസികവൃത്തി കളാണവ. അനുഭവങ്ങളെ വിനിമയംചെയ്യാനുള്ള ആശയങ്ങളാക്കി മാറ്റുകയാണ് ധൈഷണികവൃത്തികളുടെ പ്രധാനധർമ്മം" (ഗിരീഷ്, പി.എം. 2012:15). ധൈഷണി കത മനുഷ്യമസ്തിഷ്കത്തിന്റെ കേന്ദ്രമായി കണക്കാക്കുന്നത് മനസ്സിനെയാണ്. ചിന്ത, വീക്ഷണം, പ്രതിനിധാനം തുടങ്ങിയ ഒരുകൂട്ടം മാനസികധർമ്മങ്ങളാണ് ധൈഷണികത.

വിശാലമായ അർത്ഥത്തിൽ ധൈഷണികത എന്നത് അറിവ് അഥവാ മനസ്സി ലാക്കലാണ്. അതിനാൽ ധൈഷണികതയുമായി ബന്ധപ്പെട്ടുനിൽക്കുന്ന പഠനങ്ങ ളെല്ലാംതന്നെ ഒരു വ്യക്തിക്ക് തന്റെ പരിസരങ്ങളെക്കുറിച്ചുള്ള അറിവ് സ്വാംശീ കരിക്കാൻ സഹായകമാകുന്ന എല്ലാ ബൗദ്ധികവൃത്തികളെയും ഉൾക്കൊള്ളുന്നു. ഇന്ദ്രിയങ്ങൾ, ചിന്ത, അനുഭവം എന്നിവയിലൂടെയാണ് മനുഷ്യമനസ്സ് അറിവ്നേടി യെടുക്കുന്നത്. ഇങ്ങനെ സ്വായത്തമാക്കുന്ന അറിവിലൂടെ തന്റെ ചുറ്റുപാടുകളെ മനസ്സിലാക്കുന്ന പ്രക്രിയയാണ് ധൈഷണികത എന്ന് സാമാന്യമായി നിർവ്വ ചിക്കാം. മനുഷ്യന്റെ മസ്തിഷ്കവുമായും പഞ്ചേന്ദ്രിയങ്ങളുമായും ബന്ധപ്പെട്ട ഒരു പ്രവർത്തനമാണ് ധൈഷണികത. അതിനാൽ അറിവും പരിശീലനവും ധിഷ ണയുടെ പ്രവർത്തനത്തെ സ്വാധീനിക്കുന്നുണ്ട്. വായന, അനുഭവജ്ഞാനം, പഠന-പരിശീലനകേന്ദ്രങ്ങൾ എന്നിവയെല്ലാം ധിഷണയെ പരിപോഷിപ്പിക്കുന്ന ഘടകങ്ങളാണ്.

### 1.3. സർഗ്ഗാത്മകതയും ധൈഷണികതയും

ധിഷണാശക്തിയും സർഗ്ഗശക്തിയുമായി വലിയ ബന്ധമൊന്നുമില്ല എന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നുണ്ട്. എല്ലാ ബുദ്ധിമാന്മാരും സർഗ്ഗാത്മകതയുള്ളവരല്ല എന്നതുതന്നെ ഈ പ്രസ്താവനയെ സൂചിപ്പിക്കുന്ന ഒന്നാണ്. അതേസമയം ധിഷ

ണയുടെ നിരവധി ഘടകങ്ങൾ സർഗ്ഗാത്മകതയിൽ ഒന്നിച്ചുചേർന്നു വർത്തിക്കുന്ന തായും കാണാം. ആധുനിക മനശ്ശാസ്ത്രം സർഗ്ഗാത്മകതയെ പരിശീലനത്തിലൂടെ വികസിപ്പിക്കാൻ കഴിയുന്ന ഒന്നായി കാണുന്നു. ബുദ്ധിപരമായ ഒരടിത്തറയിൽ നിന്നാണ് സർഗ്ഗാത്മകതയുടെ ഉത്ഭവം. അതുകൊണ്ടുതന്നെ സർഗ്ഗാത്മകതയും ധൈഷണികതയും പരസ്പരം ബന്ധപ്പെട്ടു കിടക്കുന്നു. സർഗ്ഗാത്മകതയിൽ ധൈഷണികത ഉൾച്ചേർന്നിരിക്കുന്നു. അതേസമയം ധൈഷണികമായ ചിന്തകളിൽ സർഗ്ഗാത്മകതയുടെ പ്രതിഫലനവും ദർശിക്കാവുന്നതാണ്. മനുഷ്യമനസ്സിന്റെ ഭാവതലവും ജ്ഞാനതലവുമായി ബന്ധപ്പെട്ടുകിടക്കുന്ന ഈ മാനസികവൃത്തികൾ പരസ്പരപൂരകങ്ങളാണ്. മറ്റെല്ലാ മേഖലയിലുമെന്നപോലെ വ്യക്തിവ്യത്യാസം ഇതിന്റെ ഏറ്റക്കുറച്ചിലുകളുടെ മാനദണ്ഡമായി വർത്തിക്കുന്നു.

സർഗ്ഗധനരായ ചില വ്യക്തികളിൽ ധൈഷണികത വളരെയധികം പ്രകടമാ യിരിക്കും. വൈജ്ഞാനികവ്യാപാരവും ആർജ്ജിതശേഷിയും ആശയാവിഷ്കാര സംവേദനക്ഷമതയും ഇത്തരക്കാരിൽ കൂടുതലായിരിക്കും. പഠനങ്ങളിലൂടെയും മനനങ്ങളിലൂടെയും സവിശേഷമായി ആർജ്ജിച്ചെടുക്കുന്ന ജ്ഞാനരൂപങ്ങളെ സാമൂഹികമോ സാംസ്കാരികമോ സാമ്പത്തികമോ രാഷ്ട്രീയമോ ആയ പ്രശ്ന ങ്ങളെ സമീപിക്കുന്നതിനും പരിഹാരമാർഗ്ഗം കണ്ടെത്തുന്നതിനും സമർത്ഥമായി വിനിയോഗിക്കുവാൻ കഴിയുന്നവനാണ് ഒരു ധൈഷണികചിന്തകൻ എന്നു സാമാന്യമായി പറയാം.

സർഗ്ഗാത്മകമായും ധൈഷണികമായും സമൂഹത്തെ സമീപിക്കുകയും അതുവഴി ചരിത്രത്തിന്റെ ഗതിയെ നിർണ്ണായകമായി സ്വാധീനിക്കുകയും മനുഷ്യവംശത്തിന്റെ നേട്ടങ്ങളുടെ മേഖലയിൽ മികച്ച സംഭാവനകൾ അർപ്പിക്കു കയും ചെയ്ത അതുല്യരായ പ്രതിഭകളുണ്ട്. സമൂഹത്തിന് ദിശാബോധം നൽ കാൻ ശ്രമിച്ച ഇത്തരം ചിന്തകന്മാരുടെ വളർച്ചക്കും വികാസത്തിനും നിദാനമായ ചരിത്രപശ്ചാത്തലവും അടുത്തറിയേണ്ടതുണ്ട്. ലോകനവോത്ഥാനം മുതലുള്ള

സംഭവവികാസങ്ങളുമായി ബന്ധപ്പെട്ടുകൊണ്ടാണ് ചിന്തകന്മാർ വളർന്നുവന്നത്. ഈയൊരു പശ്ചാത്തലമാണ് ഈ അധ്യായത്തിലെ തുടർന്നുള്ള ഭാഗങ്ങളിൽ വിശദീകരിക്കുന്നത്.

### 1.4. യൂറോപ്യൻ നവോത്ഥാനം

പതിനാലാം നൂറ്റാണ്ടുമുതൽ പതിനാറാം നൂറ്റാണ്ടിന്റെ അന്ത്യംവരെ യൂറോപ്പിൽ നിലനിന്ന ഒരു സാംസ്കാരിക-ധൈഷണികമുന്നേറ്റമാണ് യൂറോപ്യൻ നവോത്ഥാനം എന്നറിയപ്പെട്ടത്. നവോത്ഥാനം എന്ന പരികല്പന ഇന്നും തർക്കമുക്തമായിട്ടില്ല. ചരിത്രകാരന്മാർ ഈ വിഷയത്തിൽ ഏകാഭിപ്രായക്കാരല്ല. 'പുനർജ്ജന്മം' അല്ലെങ്കിൽ 'പുനരുജ്ജീവനം' എന്നെല്ലാമാണ് ഈ പദത്തിന്റെ സാഹിത്യപരമായ വിവക്ഷ. പതിനാലാംശതകം മുതൽ പതിനാറാംശതകംവരെ കലയിലും സാഹിത്യത്തിലും സംഭവിച്ച പുനരുജ്ജീവനമാണ് നവോത്ഥാനം എന്ന് ഓക്സ്ഫോർഡ് ഇംഗ്ലീഷ് ഡിക്ഷ്ണറി നവോത്ഥാനത്തെ നിർവ്വചിച്ചിരിക്കുന്നു (ഓക്സ്ഫോർഡ്, 2006: 696). പരമ്പരാഗതചരിത്രകാരന്മാരുടെ വീക്ഷണത്തിൽ ക്ലാസ്സിക്കൽ സംസ്കാരത്തിന്റെ പുനരുജ്ജീവനമാണ് നവോത്ഥാനം. മധ്യയുഗത്തിൽനിന്നും ആധുനികയുഗത്തിലേക്കുള്ള യൂറോപ്പിന്റെ പരിവർത്തനത്തിന് കാരണമായ നിരവധി ഘടകങ്ങളിൽ ഒന്നായിരുന്നു അത്, ''യവനയുഗത്തിന് ശേഷം ഏതാണ്ട് എ.ഡി മൂന്നാം നൂറ്റാണ്ടോടുകൂടി വിജ്ഞാനമണ്ഡലത്തിലെ വെളിച്ചം ക്രമേണ മങ്ങിത്തുടങ്ങുന്നതായി കാണാം. പതിമൂന്നാം നൂറ്റാണ്ടുവരെയുള്ള ദീർഘകാലഘട്ടം ഇരുണ്ടയുഗമാണ്. പതിമൂന്നാം നൂറ്റാണ്ടുതൊട്ട് രണ്ടുമൂന്നു ശതവർഷങ്ങളിലെ മനുഷ്യപ്രജ്ഞയുടെ പ്രബുദ്ധവ്യാപാരത്തെയാണ് നവോത്ഥാനം കുറിക്കുന്നത്'' (അച്യുതൻ, എം, പ്രൊഫ. 2011:211). ക്ലാസ്സിക്കൽ കാലഘട്ടത്തിൽ വിജ്ഞാനമണ്ഡലത്തിലുണ്ടായിരുന്ന ചൈതന്യം പിന്നീടെപ്പോഴോ അതിന് കൈമോശം വന്നു. ഈ ചൈതന്യത്തിന്റെ വീണ്ടെടുപ്പാണ് നവോത്ഥാനം എന്ന സൂചനകളിലേക്കാണ് പ്രസ്തുത നിർവ്വചനങ്ങൾ എത്തിച്ചേരുന്നത്.

ക്ലാസ്സിക്കൽ പാരമ്പര്യത്തിന്റെ സമ്പത്തുണ്ടായിരുന്ന ഇറ്റലിയിലാണ് നവോത്ഥാനത്തിന് ആരംഭം കുറിക്കുന്നത്. പതിനാലും പതിനഞ്ചും നൂറ്റാണ്ടുകളിൽ ഇറ്റലിയിലെ നഗരരാഷ്ട്രങ്ങളിൽ ആവിർഭവിച്ച ധൈഷണികവും സാംസ്കാരികവുമായ മാറ്റങ്ങളെയാണ് നവോത്ഥാനം ഉൾക്കൊള്ളുന്നത്. മുതലാളിത്ത-നാഗരിക പശ്ചാത്തലത്തിൽ രൂപംകൊണ്ട ഈ പ്രസ്ഥാനം മധ്യയുഗത്തിലെ ഫ്യൂഡൽമൂല്യങ്ങളെയും മതാധിഷ്ഠിത തത്വശാസ്ത്രങ്ങളെയും വെല്ലുവിളിച്ചു. കത്തോലിക്കസഭയുടെ അമിതാധികാരത്തിനും ചൂഷണത്തിനുമെതിരെ ഉയർന്നുവന്ന സാംസ്കാരികമായ ചെറുത്തുനിൽപ്പ് ഈ പ്രസ്ഥാനത്തിലെ ശ്രദ്ധേയമായ ഒരു ഘടകമാണ്. ''നാശോന്മുഖമായ ഫ്യൂഡൽ സാമൂഹ്യഘടനയുടെ ആധിപത്യത്തിൽനിന്നു സ്വതന്ത്രമായ ബുദ്ധിജീവിവർഗ്ഗം യൂറോപ്പിന്റെയും ലോകത്തിന്റെ മറ്റു ഭാഗങ്ങളുടെയും മുതലാളിത്തപരിവർത്തനത്തിനു നൽകിയ ഭാവനാപൂർണ്ണവും മാർഗദർശകവുമായ നേതൃത്വമായിരുന്നു ലോകനവോത്ഥാനത്തിന്റെ അച്ചുതണ്ട് എന്ന് പറയാം'' (ഷിജു ഏലിയാസ്, 2007: 15) യുക്തിചിന്ത, മാനവികത, വിമർശനബുദ്ധി, അന്വേഷണത്വര എന്നിവ ഇതിന്റെ സവിശേഷതകളായിരുന്നു. മനുഷ്യനെ പ്രധാനമായിക്കണ്ട ഈ ദർശനത്തിന്റെ അടിസ്ഥാനം മതേതരത്വമായിരുന്നു. മറ്റു യൂറോപ്യൻ രാജ്യങ്ങളെ അപേക്ഷിച്ച് മതേതരത്വത്തിന് പ്രാധാന്യംനൽകിയിരുന്ന രാജ്യമായിരുന്നു ഇറ്റലി. റോമൻ സംസ്കാരത്തിന്റെ കേന്ദ്രമായിരുന്ന ഇറ്റലി പൗരാണികഗ്രന്ഥങ്ങളെയും സ്മാരകങ്ങളെയും സംരക്ഷിച്ചിരുന്നു. ഇറ്റലിയുടെ സമ്പത്തും കലാസാഹിത്യാദികളോട് മുതലാളിത്തവർഗ്ഗത്തിനുണ്ടായിരുന്ന താത്പര്യവും ഫ്യൂഡലിസത്തിന്റെ സ്വാധീനക്കുറവുമെല്ലാം ഇറ്റലിയിൽ നവോത്ഥാനം രൂപംകൊള്ളാനുള്ള കാരണങ്ങളായി നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. "ഇവ്വിധമുള്ള അനുകൂല അന്തരീക്ഷത്തിൽ വൈയക്തികചിന്ത (Individualism) ഇറ്റലിയിൽ തള്ളിക്കയറുകയും അത് നവോത്ഥാനമാനവനിൽ പുഷ്പിക്കുകയും ചെയ്തു" (വി.കെ.ഗോപി, പി.വേണു, 2008:43). ഗ്രീക്ക്-റോമൻ ക്ലാസ്സിക്കുകളിൽനിന്നും പ്രചോദനവും ഊർജ്ജവും സ്വീകരിച്ചുകൊണ്ട്

വളർച്ച പ്രാപിച്ച നവോത്ഥാനം കല, സാഹിത്യം, തത്വചിന്ത, മതം, രാഷ്ട്രതന്ത്രം, ശാസ്ത്രം എന്നീ മേഖലകളിലെല്ലാം പുത്തൻ ഉണർവ്വ് സൃഷ്ടിച്ചു.

### 1.4.1. കലയും സാഹിത്യവും

''പുനർജന്മം എന്നർത്ഥമുള്ള ഫ്രഞ്ചുപദമായ 'Renaissance' (റിനൈസൻസ്) എന്ന പദം സാംസ്കാരിക മേഖലയിൽ ആദ്യമായി പ്രയോഗിച്ചത് പതിനാലാം നൂറ്റാണ്ടിലെ ഇറ്റാലിയൻ ബുദ്ധിജീവികളാണ്. പൗരാണിക ഗ്രീക്ക്-റോമൻ വൈജ്ഞാനികസാഹിത്യത്തിന് പതിനാലാം നൂറ്റാണ്ടിൽ യൂറോപ്പിലുണ്ടായ പുനരുജ്ജീവനത്തെ സൂചിപ്പിക്കാനാണ് അവർ ഈ പദം ഉപയോഗിച്ചത്'' (വി.കെ.ഗോപി, പി.വേണു, 2008:41). ഉൽകൃഷ്ട-പൗരാണിക സാഹിത്യമായ ഗ്രീക്ക്-റോമൻ സാഹിത്യത്തിന് പോപ്പിന്റെ ആധിപത്യത്തിനുകീഴിൽ വേണ്ടത്ര പരിഗണന കിട്ടിയില്ല. പിന്നീട് പതിനാലാം നൂറ്റാണ്ടോടുകൂടി ചിന്താമണ്ഡലത്തിൽ സംഭവിച്ച പുത്തനുണർവ്വാണ് ക്ലാസ്സിക്കൽ സാഹിത്യത്തിന്റെ പുനരുജ്ജീവനത്തിന് സാഹചര്യമൊരുക്കിയത്. നവോത്ഥാനത്തിന്റെ സ്വാധീനം ആദ്യം പ്രകടമായത് സാഹിത്യരംഗത്താണ്. മികച്ച അനേകം ഗ്രന്ഥങ്ങൾ ഇക്കാലത്തുണ്ടായി. ക്ലാസ്സിക്കൽ സാഹിത്യത്തോടുള്ള അമിതമായ താത്പര്യം നവോത്ഥാനത്തിന്റെ സവിശേഷതയായിരുന്നു. ഗ്രീക്ക് സാഹിത്യത്തോടുള്ള അഭിനിവേശം ആ കൃതികളിലെ ഭാഷ സ്വായത്തമാക്കുന്നതിലേക്കും അതുവഴി അവ വ്യാഖ്യാനിക്കുന്നതിലേക്കും നയിച്ചു. മതേതരമായ വിഷയങ്ങൾക്കായിരുന്നു മുഖ്യസ്ഥാനം. സാഹിത്യത്തിന്റെ കേന്ദ്രമായി വർത്തിച്ചത് മനുഷ്യനായിരുന്നു. ഹ്യൂമനിസം എന്ന പ്രസ്ഥാനംതന്നെ സാഹിത്യവുമായി ബന്ധപ്പെട്ട് വികസിച്ചുവന്ന ഒന്നാണ്. സാഹിത്യത്തിന്റെ പ്രചാരം നാട്ടുഭാഷകളുടെയും ദേശീയഭാഷകളുടെയും വളർച്ചയ്ക്ക് കാരണമായി. ഫ്രഞ്ച്, സ്പാനിഷ്, ജർമ്മൻ, ഇംഗ്ലീഷ്, ഇറ്റാലിയൻ തുടങ്ങിയ ഭാഷകൾക്ക് പ്രചാരവും പുരോഗതിയുമുണ്ടായി. ഇറ്റലിയിൽ നവോത്ഥാനത്തിന് തുടക്കം കുറിച്ചത് ഡാന്റെയുടെ കൃതികളാണ്. വിശ്വപ്രശസ്തമായ 'ഡിവൈൻ കോമഡി' ഉൾപ്പെടെയുള്ള കൃതി

കൾ ഇറ്റാലിയൻ നാട്ടുഭാഷയിലാണ് രചിച്ചിട്ടുള്ളത്. പ്രാദേശികഭാഷകളുടെ വളർച്ചയ്ക്ക് സാധ്യത സൃഷ്ടിച്ച ഒന്നായിരുന്നു ഈ കൃതി. അധികാരത്തിന്റെ രൂപ ത്തിൽ നിന്നും ഭാഷ വിമോചനത്തിന്റെയും ആത്മാവിഷ്കാരത്തിന്റെയും തലത്തി ലേക്ക് ഉയർന്നു. നവോത്ഥാനത്തിന് ഉണർവ്വും ഊർജ്ജവും പകർന്ന കൃതിയായും വ്യവസ്ഥാപിതഭാഷാനിയമങ്ങളെ തിരുത്തിയെഴുതിയ കൃതിയായും 'ഡിവൈൻ കോമ ഡി' വിലയിരുത്തപ്പെട്ടിട്ടുണ്ട്. ''അക്കാലംവരെ ഗൗരവബോധത്തോടെയുള്ള സാ ഹിത്യസൃഷ്ടികളും ശാസ്ത്രകൃതികളും മൃതഭാഷയായിരുന്ന ലത്തീനിൽ മാത്രമേ ആയിക്കൂടു എന്ന കീഴ്വഴക്കം ലംഘിച്ച് സാധാരണക്കാർ സംസാരിക്കുന്ന ദൈനംദിന ഇറ്റാലിയൻഭാഷയിൽ ദാന്തെ 'അലിഘേരി ഡിവൈൻ കോമഡി' (1265 -1321) എന്ന മഹാകാവ്യം രചിച്ചതോടെയാണ് ഈ പുത്തനുണർവ്വ് ആരംഭിച്ചത്'' (ഗോവിന്ദപിള്ള, പി. 2003: 15).

പൗരാണിക കലാമാതൃകകളിൽനിന്ന് പ്രചോദനം ഉൾക്കൊണ്ടുകൊണ്ട് നവീനവും സ്വതന്ത്രവുമായ രീതിയിൽ നവോത്ഥാനകല വികസിച്ചു. ചിത്രകലയി ലും ശില്പകലയിലും സാഹിത്യത്തിലും 'മനുഷ്യൻ' ഉയർന്നുവന്നു. ചിത്രകലയെ ഒരു സ്വതന്ത്ര കലാരൂപമാക്കി വികസിപ്പിച്ചെടുത്തത് നവോത്ഥാനകാലചിത്രകാര ന്മാരായിരുന്നു. ലിയനാഡോ ഡാവിഞ്ചി, മൈക്കലാഞ്ചലോ, റാഫേൽ, മസാച്ചിയോ, ഗിയോട്ടോ തുടങ്ങിയവർ ഈ മേഖലയിൽ സംഭാവനകൾ അർപ്പിച്ചവരാണ്. കലാ രംഗം മതേതരത്വത്തിന്റെ മുഖമുദ്രകളായിരുന്നു.

ഇറ്റാലിയൻ സാഹിത്യകാരനായിരുന്ന പെട്രാർക്ക് ആയിരുന്നു നവോത്ഥാന ത്തിന്റെ പിതാവ് എന്നറിയപ്പെട്ടിരുന്നത്. അദ്ദേഹം 'ഗീതക'മെന്ന സാഹിത്യരൂപം നാടൻപാട്ടുകളിൽനിന്നും വികസിപ്പിച്ചു. 'ഡെക്കാമറൺ കഥകളി'ലൂടെ പ്രസിദ്ധ നായ ബൊക്കാച്ചിയോ, 'പ്രിൻസ്' എന്ന കൃതിയിലൂടെ പ്രസിദ്ധനായ മാക്യവെല്ലി തുടങ്ങിയവർ പ്രമുഖരായ ഇറ്റാലിയൻ സാഹിത്യകാരന്മാരായിരുന്നു. മാക്യവെല്ലി

യുടെ 'പ്രിൻസ്' എന്ന ഗ്രന്ഥം ജനങ്ങളിൽ രാഷ്ട്രീയ അവബോധം സൃഷ്ടിക്കാൻ കാരണമായി. സാഹിത്യത്തിന്റെ വളർച്ച ക്രമേണ ഇറ്റലിയിൽനിന്നും മറ്റു രാജ്യങ്ങളിലേക്കും വ്യാപിച്ചു.

ഫ്രഞ്ചു സമൂഹത്തിലെ അനാചാരങ്ങളെയും അനീതികളെയും സാഹിത്യത്തിലൂടെ വിമർശിച്ച റാബെലെ, യുക്തിവാദവും മാനവികതയും ഉയർത്തിപ്പിടിച്ച മൊണ്ടെയ്ൻ തുടങ്ങിയവർ ഫ്രഞ്ച് നവോത്ഥാനസാഹിത്യകാരന്മാരിൽ വേറിട്ടു നിൽക്കുന്നു. 'ഉട്ടോപ്പിയ' എന്ന തന്റെ വിഖ്യാതഗ്രന്ഥത്തിലൂടെ ഒരാദർശസമൂഹത്തെ വരച്ചുകാട്ടിയ തോമസ്മൂർ ഇംഗ്ലണ്ടിനെ പ്രതിനിധീകരിക്കുന്നു.

ചോസറുടെ 'കാന്റർബെറി കഥകൾ' ഇംഗ്ലീഷ്സാഹിത്യത്തിലെ നവോത്ഥാനത്തിന് നാന്ദികുറിച്ച കൃതിയാണ്. ജോൺ മിൽട്ടൺ, ഷേക്സ്പിയർ തുടങ്ങിയവരുടെ സംഭാവനകളും ഗണനീയമാണ്. ഹോളണ്ടിൽനിന്നും ഇറാസ്മസിന്റെ കൃതിയായ 'വിഢിത്തത്തിന്റെ സ്തുതി' (Prise of Foolly) എന്ന കൃതി കത്തോലിക്കസഭയുടെ അനീതികൾക്കെതിരെ ശബ്ദിച്ചു. ഫ്യൂഡൽ വ്യവസ്ഥിതിയെ വിമർശനാത്മകമായി സമീപിച്ച മറ്റൊരു കൃതിയാണ് സ്പെയിനിൽനിന്നും പുറത്തിറങ്ങിയ സെർവാന്റസിന്റെ 'ഡോൺ ക്വിക്സോട്ട്'.

നവോത്ഥാനകാലത്തെ വിപ്ലവകാരിയായിരുന്നു ജർമ്മൻ ചിന്തകനായ മാർട്ടിൻ ലൂഥർ .അദ്ദേഹം ബൈബിൾ ജർമ്മൻ ഭാഷകളിലേക്ക് പരിഭാഷപ്പെടുത്തിയിട്ടുണ്ട്. സാഹിത്യവും വിമർശനചിന്തയും വികാസംപ്രാപിച്ച ഘട്ടംകൂടിയായിരുന്നു ഇത്. അരിസ്റ്റോട്ടിലിന്റെ കൃതികൾക്ക് ധാരാളം വ്യാഖ്യാനങ്ങളുണ്ടാവുകയും അവ ചർച്ച ചെയ്യപ്പെടുകയും ചെയ്തു. പ്ലേറ്റോ, അരിസ്റ്റോട്ടിൽ, സോക്രട്ടീസ് തുടങ്ങിയവരുടെ വിമർശനചിന്തകൾ സംവാദാത്മകമായ അന്തരീക്ഷം സമൂഹത്തിൽ സൃഷ്ടിച്ചു. പാരമ്പര്യ ആസ്വാദനസമ്പ്രദായത്തിൽനിന്നും വ്യത്യസ്തമായി നവീനമായരീതികൾക്ക് പ്രചാരമുണ്ടായി. സാഹിത്യത്തിന്റെ വർധിച്ച മുന്നേറ്റം സഭാമേധാവികളെ ഭയപ്പെടുത്തി. സാഹിത്യവും കലയും തിന്മയുടെ ശക്തികളാണെന്നവർ

പ്രഖ്യാപിച്ചു. നവോത്ഥാനസാഹിത്യം അതിനെയെല്ലാം അവഗണിച്ചുകൊണ്ട് മുന്നേറി. സ്വതന്ത്രചിന്ത, വിമർശനാത്മകചിന്ത, മാനവികത തുടങ്ങിയവ അതിന്റെ സവിശേഷതകളായിരുന്നു.

### 1.4.2. ഹ്യൂമനിസവും സ്വതന്ത്രചിന്തയും

നവോത്ഥാനത്തിന്റെ പ്രധാനസവിശേഷതകളിലൊന്നാണ് ഹ്യൂമനിസം (മാനവികത). ഹ്യൂമനിസത്തെ ഒരു സാഹിത്യ-ധൈഷണികപ്രസ്ഥാനമെന്ന് വിശേഷിപ്പിക്കാവുന്നതാണ്. മനുഷ്യന്റെ നേട്ടങ്ങൾക്ക് പ്രാധാന്യം കല്പിച്ച ഹ്യൂമനിസം വ്യക്തിസ്വാതന്ത്ര്യത്തിന് പ്രധാന്യം നൽകി. വ്യക്തിവാദത്തിലൂന്നിയ ഹ്യൂമനിസ്റ്റുകൾ മതേതരവാദികളായിരുന്നു. നവോത്ഥാന ആദർശങ്ങളെയും മനോഭാവങ്ങളെയും പൂർണ്ണമായി പ്രകടിപ്പിക്കുന്ന ഒരു പദമാണ് മാനവതാവാദം. സാമാന്യമായ അർത്ഥത്തിൽ അത് ഒരു ജീവി എന്ന നിലയിൽ മനുഷ്യന്റെ അന്തസ്സ് ഉയർത്തിപ്പിടിക്കുകയായിരുന്നു. ദൈവവിജ്ഞാനത്തിന് അമിതപ്രാധാന്യം നൽകിയിരുന്ന മധ്യകാലനിലപാടുകൾക്ക് എതിരെയായിരുന്നു അത്. മനുഷ്യന്റെ ശ്രേഷ്ഠതകളും അവന്റെ കഴിവുകളും അവനെ ബോധ്യപ്പെടുത്തുകയായിരുന്നു അതിന്റെ ലക്ഷ്യം.

ഹ്യൂമനിസ്റ്റുകൾ ആവിഷ്കരിച്ച മതേതരസങ്കൽപ്പത്തിന് രണ്ട് സവിശേഷതകളുണ്ടായിരുന്നു. ഐഹികകാര്യങ്ങളോടുള്ള ആഭിമുഖ്യവും കപട ആത്മീയതയോടുള്ള വിയോജിപ്പുമായിരുന്നു അത്. മതാത്മകസ്വഭാവമുള്ള സ്ഥാപനങ്ങൾക്കെതിരെ കടുത്ത വിമർശനം നടത്തിയതോടൊപ്പം വൈജ്ഞാനികമേഖലകളിൽ ശാസ്ത്രത്തിനും സംസ്കാരത്തിനും പ്രാധാന്യം നൽകാനും വിജ്ഞാനത്തിന്റെ സമസ്തമേഖലകളിലും സ്വാധീനം ചെലുത്താനും ഹ്യൂമനിസ്റ്റുകൾക്കായി.

പരിവർത്തനത്തിനുവേണ്ടിയുള്ള സംവാദങ്ങൾ രൂപപ്പെട്ടുവന്ന കാലഘട്ടത്തെയാണ് നവോത്ഥാനം പ്രതിനിധീകരിക്കുന്നത്. സമൂഹത്തിന്റെ ആധുനികവത്കരണത്തിലേക്ക് നയിച്ച സംവാദങ്ങളുടെ അടിത്തറ നവോത്ഥാനത്തിലാണ് ദൃശ്യമാകുന്നത്. മാനുഷികത എന്ന മൂല്യത്തിന്റെ തിരിച്ചുപിടിക്കലായിരുന്നു അത്.

ചരിത്രത്തിന്റെ കേന്ദ്രമായി അത് മനുഷ്യനെ പ്രതിഷ്ഠിച്ചു. സാമൂഹികവും മതപരവുമായ ബന്ധനത്തിനിടയിൽ മനുഷ്യന്റെ സ്വതന്ത്രചിന്തയെയും ക്രിയാത്മകതയെയും തളച്ചിട്ടപ്പോൾ നവോത്ഥാനം മനുഷ്യന്റെ പുരോഗതിക്കുള്ള വെളിച്ചമേകി. മനുഷ്യൻ എന്ന മഹനീയസങ്കൽപ്പത്തിന് അർഹിക്കുന്ന ആദരവും പരിഗണനയും നൽകാൻ ഈ ചിന്താപദ്ധതിക്ക് സാധിച്ചു.

### 1.4.3. വിമർശനാത്മകചിന്ത

മതനവീകരണത്തിനുള്ള ധൈഷണികമായ പശ്ചാത്തലമൊരുക്കിയത് നവോത്ഥാനമായിരുന്നു. നവോത്ഥാനത്തിന്റെ ഫലമായി രൂപംകൊണ്ട വിമർശനബുദ്ധിയും അന്വേഷണത്വരയും അനീതികളെ ചോദ്യംചെയ്യാനുള്ള കരുത്തും പ്രേരണയും നൽകി. വിദ്യാഭ്യാസമേഖലയിൽ പള്ളികൾക്കുണ്ടായിരുന്ന ആധിപത്യത്തെ മാനവികവാദികൾ നിഷേധിച്ചതും മതനവീകരണശ്രമങ്ങൾക്ക് കരുത്തേകി. പതിനാറാം നൂറ്റാണ്ടിൽ കത്തോലിക്കസഭയിലെ തിന്മകൾക്കും പോപ്പിന്റെ മതമേധാവിത്വത്തിനുമെതിരെ ഉയർന്നുവന്ന വിപ്ലവമാണ് മതനവീകരണപ്രസ്ഥാനമെന്ന് അറിയപ്പെട്ടത്. ഇത് മതവിപ്ലവം മാത്രമായിരുന്നില്ല. ആധുനിക ലോകത്തെ ആനയിച്ചുകൊണ്ടുവന്ന വിപുലമായ സാമൂഹ്യ-സാമ്പത്തിക ബൗദ്ധികചലനങ്ങളുടെ ഭാഗമായിരുന്നു ഇത് (പി.വേണു, വി.കെ.ഗോപി, 2008 : 63). സാമൂഹ്യ-രാഷ്ട്രീയമേഖലകളെക്കൂടി ഈ വിപ്ലവം സ്വാധീനിച്ചു. രാജാധികാരമുണ്ടായിരുന്ന പോപ്പിന്റെ നടപടികളും വൈദികരുടെ അവിശുദ്ധമായ ജീവിതവും ജനങ്ങൾക്ക് സഭയിലുള്ള വിശ്വാസം നഷ്ടപ്പെടുത്തി. സഭാമേധാവികളുടെ സാമ്പത്തിക ചൂഷണം ജനങ്ങളുടെ അസംതൃപ്തിക്ക് കാരണമായി. മതവിരുദ്ധരേയും മതവിമർശകരെയും ശിക്ഷിക്കുന്നതിനായി രൂപീകരിച്ച [1]മതദ്രോഹവിചാരണകോടതികൾ

---

[1] 'മതനിന്ദയെന്ന് സഭ വിശേഷിപ്പിച്ച വിമതവീക്ഷണങ്ങളെ നേരിടാൻ പതിമൂന്നാം ശതകത്തിൽ റോമൻ കത്തോലിക്കാസഭ രൂപീകരിച്ചതാണ് മതദ്രോഹവിചാരണ കോടതികൾ. പിഴ, ചാട്ടവാറടി, തടവറ, ജീവനോടെ ചുടൽ എന്നിവയായിരുന്നു ശിക്ഷകൾ. (വേണു.പി., ഗോപി, പി.കെ., ആധുനികലോകത്തിന്റെ ആവിർഭാവം, 2008:66)

(Inquisition) ജനങ്ങളുടെ വ്യാപകമായ എതിർപ്പിന് കാരണമായി. ഇത്തരം പരിതസ്ഥിതികൾ വിമർശനാത്മകമായി ചിന്തിക്കുന്നതിനും അനീതികൾക്കെതിരെ പ്രതികരിക്കുന്നതിനും കാരണമായി. ഇത് സമൂഹത്തിലെ വിവിധധാരകളെ ഐക്യപ്പെടുത്തുന്നതിലേക്കും പ്രക്ഷോഭത്തിലേക്കും നയിച്ചു.

യൂറോപ്യൻ സാമൂഹികജീവിതത്തിൽ സമൂലമായ പരിവർത്തനങ്ങൾ സൃഷ്ടിച്ച ഒന്നായിരുന്നു മതനവീകരണപ്രസ്ഥാനം. സ്വതന്ത്രചിന്തയുടെ വളർച്ചയ്ക്കും റൊമാന്റിക് സാഹിത്യത്തിന്റെ വളർച്ചയ്ക്കും പശ്ചാത്തലമൊരുക്കിയ മതനവീകരണ പ്രസ്ഥാനത്തെക്കുറിച്ചുള്ള എം.അച്യുതന്റെ നിരീക്ഷണം ശ്രദ്ധേയമാണ്. ''മതനവീകരണത്തിന്റെ ഫലമായി റോമൻസഭയുടെ അധികാരപരിധിയിൽനിന്ന് ഒരു വിഭാഗം വിശ്വാസികൾ പിരിഞ്ഞു പോവുകയുണ്ടായി. പ്രൊട്ടസ്റ്റന്റിസം സാർവ്വത്രികമായ സംഘടനാനിയന്ത്രണത്തിൽ അമർന്നുകിടന്നിരുന്ന വ്യക്തിബോധത്തെയും വ്യക്തിത്വത്തെയും സ്വതന്ത്രമാക്കി. വ്യക്തികൾക്ക് സംഘടനകളുടെയും രാജകീയ ശക്തികളുടെയും വിശ്വാസങ്ങളെ പരസ്യമായി വിമർശിക്കാൻ സ്വാതന്ത്ര്യം കിട്ടി. ഓരോരുത്തരുടെയും വ്യക്തിത്വത്തെ സ്വയം ലക്ഷ്യമായി ഗണിക്കുകയും ആദരിക്കുകയും ചെയ്തു. ഈ വികാസങ്ങൾ പ്രജായത്തഭരണസ്ഥാപനത്തിനു കളമൊരുക്കി. മധ്യകാലങ്ങളിൽ വഴിതെറ്റിപ്പോയ ചിന്തയെ പ്രകൃതിയിലേക്കും മനുഷ്യനിലേക്കും നയിക്കുവാൻ വ്യക്തിത്വത്തിന്റെ ഉത്ഥാനം പ്രേരകമായി'' (അച്യുതൻ, എം.2011 : 215).

യൂറോപ്യൻ നാഗരികതയുടെ വളർച്ചയ്ക്കും വികാസത്തിനുമുള്ള അടിത്തറയൊരുക്കിയത് നവോത്ഥാനമാണ്. നവോത്ഥാനമൂല്യങ്ങളായ സ്വതന്ത്രചിന്ത, അന്വേഷണത്വര, വിമർശനാത്മക ചിന്തനം, വ്യക്തിയുടെ സമഗ്രവികാസം എന്നിവ ലോകചരിത്രത്തിന്റെ ആശയഗതിയെ നിർണ്ണായകമായി സ്വാധീനിച്ചിട്ടുണ്ട്. പാരമ്പര്യ ആശയങ്ങളോടും സങ്കുചിതവീക്ഷണത്തോടും വിമർശനാത്മകമായി ഇടപെടാനുള്ള കരുത്ത് ആധുനികതയ്ക്ക് നൽകിയത് നവോത്ഥാനത്തിന്റെ അടിസ്ഥാന

സങ്കൽപ്പങ്ങളാണ്. മതപരിഷ്കരണപ്രസ്ഥാനത്തിനും ജ്ഞാനോദയത്തിനുമുള്ള ബൗദ്ധികസ്വാതന്ത്ര്യത്തിന് പ്രചോദനം നൽകിയ ഒന്നായിരുന്നു യൂറോപ്യൻ നവോത്ഥാനം. ''നവോത്ഥാനം, പരിഷ്കരണം, ജ്ഞാനോദയം എന്നീ പരസ്പരബ ന്ധിതമായ ത്രിത്വങ്ങളിൽനിന്നാണ് ആധുനികത ശക്തിനേടിയതും അതിന്റെ സ്വഭാ വവീക്ഷണങ്ങൾ രൂപപ്പെട്ടതും''എന്ന് കെ. എൻ. പണിക്കർ നിരീക്ഷിക്കുന്നുണ്ട് (പ ണിക്കർ, കെ.എൻ. 2013: 102). നവോത്ഥാനം യൂറോപ്പിന്റെ ഭൂമിശാസ്ത്രപരമായ അതിർത്തികളെ ഭേദിച്ച് വ്യാപകമായി പ്രചരിച്ചില്ലെങ്കിലും ചരിത്രഗതിയെ മുന്നോട്ടു നയിക്കാനുള്ള പ്രേരണയും പ്രചോദനവുമായിത്തീർന്നിട്ടുണ്ട്.

## 1.5. ശാസ്ത്രവിപ്ലവം (Scientific Revolution)

ആധുനികതയെ നിർണ്ണയിച്ച ഘടകങ്ങളിലൊന്നാണ് ശാസ്ത്രവിപ്ലവം. എ.ഡി. പതിനാറും പതിനേഴും നൂറ്റാണ്ടുകളിൽ ശാസ്ത്രരംഗം അഭൂതപൂർവ്വമായ നേട്ടങ്ങൾ കൈവരിച്ചു. നൂതനമായ കണ്ടെത്തലുകൾ പ്രപഞ്ചത്തെക്കുറിച്ച് മനുഷ്യ നുണ്ടായിരുന്ന ധാരണകളെ മുഴുവൻ മാറ്റിമറിച്ചു. ശാസ്ത്രീയ മേഖലയിലുണ്ടായ ഈ മുന്നേറ്റങ്ങൾ പൊതുവെ ശാസ്ത്രവിപ്ലവം എന്നാണ് അറിയപ്പെട്ടത്. കോപ്പർ നിക്കസ്, കെപ്ലർ, ഗലീലിയോ ഗലീലി തുടങ്ങിയവരിലൂടെയും ഐസക് ന്യൂട്ടണി ലൂടെയും മറ്റനേകം ശാസ്ത്രകാരന്മാരിലൂടെയും നടന്നത് ഒരു ശാസ്ത്രീയവിപ്ലവം തന്നെയായിരുന്നു. അയുക്തികമായ കാഴ്ചപ്പാടുകൾക്കും അന്ധമായ വിശ്വാസ ങ്ങൾക്കും പകരമായി യുക്തിഭദ്രവും ശാസ്ത്രീയവുമായ വീക്ഷണം പ്രചരിക്കുന്ന തിന് ഇത് ഇടയാക്കി. ഈ വീക്ഷണം സമസ്തമേഖലകളെയും സ്വാധീനിച്ചു. പുരോഗതി എന്ന ആശയം വളർത്തിയെടുക്കാൻ ആധുനിക ചിന്തകർക്ക് പ്രേരക മായി വർത്തിച്ചത് ശാസ്ത്രീയ വിപ്ലവമാണ്. മനുഷ്യന്റെ എണ്ണമറ്റ കഴിവുകളെക്കു റിച്ച് അവനെത്തന്നെ ബോധ്യപ്പെടുത്താൻ ശാസ്ത്രീയവിപ്ലവത്തിന് സാധിച്ചു. ഇത് മനുഷ്യനിൽ ആത്മവിശ്വാസം വളർത്തിയെടുത്തു.

## 1.6. ജ്ഞാനോദയം (Enlightment)

ആധുനികയുഗത്തിന്റെ ആരംഭംകുറിച്ചുകൊണ്ട് പതിനെട്ടാം നൂറ്റാണ്ടിൽ യൂറോപ്പിൽ രൂപംകൊണ്ട ഒരു ധൈഷണിക -സാംസ്കാരികവിപ്ലവമാണ് ജ്ഞാനോദയം. പാരമ്പര്യമായ വിശ്വാസങ്ങളെയും ആചാരങ്ങളെയും ചോദ്യം ചെയ്തുകൊണ്ടും മനുഷ്യന്റെ യുക്തിക്കും വ്യക്തിസ്വാതന്ത്ര്യത്തിനും പ്രാധാന്യം നൽകിക്കൊണ്ടുമുള്ള ഒരു ചിന്താപദ്ധതിയായിട്ടാണ് ജ്ഞാനോദയം വികാസംപ്രാപിച്ചത്. ഫ്രാൻസ്, ബ്രിട്ടൻ, ജർമ്മനി എന്നീ രാജ്യങ്ങളിൽനിന്ന് ഉദയംചെയ്ത ജ്ഞാനോദയം ലോകം മുഴുവൻ സ്വാധീനംചെലുത്തി. നൂറ്റാണ്ടുകളായി നിലനിന്നിരുന്ന അറിവില്ലായ്മയുടെയും അന്ധകാരത്തിന്റെയും ഇരുണ്ടയുഗങ്ങളിൽനിന്ന് ശാസ്ത്രത്തിന്റെയും യുക്തിയുടെയും മാനവികതയുടെയും പാതയിലേക്ക് മനുഷ്യൻ ചരിത്രപരമായി മുന്നേറിയതിൽ അഭിമാനംകൊണ്ട എഴുത്തുകാരും ചിന്തകരുമാണ് പതിനെട്ടാം നൂറ്റാണ്ടിനെ ജ്ഞാനോദയത്തിന്റെ യുഗം എന്ന് വിശേഷിപ്പിച്ചത്. യൂറോപ്യൻ സമൂഹങ്ങളിലെ പരമ്പരാഗതവിശ്വാസങ്ങൾക്കും പ്രത്യയശാസ്ത്രങ്ങൾക്കുമെതിരെ പോരാടിയ അതിന്റെ അനുയായികൾ ചിന്തയുടെയും ശാസ്ത്രത്തിന്റെയും മേഖലകളിൽ പുതുപ്രവണതകൾ സൃഷ്ടിക്കുകയും മാനവികമായ വീക്ഷണം കൈകൊള്ളുകയും ചെയ്തു.

ജ്ഞാനോദയത്തിന്റെ വളർച്ചയെ ത്വരിതപ്പെടുത്തിയ പ്രധാനഘടകം പതിനേഴാം നൂറ്റാണ്ടിലെ ശാസ്ത്രവിപ്ലവമായിരുന്നു. (പി.വേണു, വി.കെ.ഗോപി, 2008: 199). വിപ്ലവകരമായ ശാസ്ത്രീയമുന്നേറ്റങ്ങൾ പ്രപഞ്ചത്തെ സംബന്ധിച്ചുള്ള മനുഷ്യന്റെ വീക്ഷണങ്ങളിൽ വലിയ പരിവർത്തനങ്ങൾ സൃഷ്ടിച്ചു. ആധുനികമായ ഒരു പാശ്ചാത്യസമൂഹത്തെ വാർത്തെടുക്കുന്നതിനായി ശാസ്ത്രജ്ഞാനത്തെ ഉപയോഗപ്പെടുത്താനുള്ള ശ്രമങ്ങൾ ജ്ഞാനോദയമെന്ന വൈജ്ഞാനികവിപ്ലവത്തിന് കാരണമായി. പ്രാപഞ്ചികതത്വങ്ങളെ വ്യാഖ്യാനിക്കാനും വിലയിരുത്താനും

ശാസ്ത്രീയതയ്ക്ക് കഴിയുമെന്ന ധാരണ ശക്തിപ്പെട്ടതോടെ ശാസ്ത്രജ്ഞർ സാംസ്കാരികനായകന്മാരും ശാസ്ത്രം സാംസ്കാരികശക്തിയുമായി മാറി.

ധൈഷണികമായ ഒരു പ്രസ്ഥാനം മാത്രമായി ജ്ഞാനോദയത്തെ വിലയിരുത്താനാകില്ല. സാമൂഹികവും രാഷ്ട്രീയവും ധൈഷണികവുമായ മാനങ്ങളുള്ള ഒരു ചരിത്രപ്രസ്ഥാനമായിരുന്നു അത്. മനുഷ്യയുക്തിയിലുള്ള ഉറച്ചവിശ്വാസമായിരുന്നു ജ്ഞാനോദയചിന്തകളുടെ സവിശേഷത. അയുക്തികമായ പാരമ്പര്യം, അന്ധവിശ്വാസങ്ങൾ, അജ്ഞത, മുൻവിധികൾ, അടിച്ചമർത്തലുകൾ എന്നിവക്കെതിരെ സന്ധിയില്ലാതെ പൊരുതി. രാഷ്ട്രീയാധികാരത്തെയും മതാധികാരത്തെയും അന്ധമായി അനുസരിക്കുന്നതിനെ ചോദ്യം ചെയ്തു. ശാസ്ത്രീയമായ മാർഗങ്ങളെയാണ് ജ്ഞാനോദയം മാനദണ്ഡമാക്കിയത്. മതത്തിനുണ്ടായിരുന്ന കേന്ദ്രസ്ഥാനത്തെ യുക്തിഭദ്രമായ വീക്ഷണങ്ങളിലൂടെ ഇല്ലാതാക്കാനാണ് അത് ശ്രമിച്ചത്. ശുഭാപ്തിവിശ്വാസം അതിന്റെ മറ്റൊരു സവിശേഷതയായിരുന്നു. മനുഷ്യന്റെ നന്മയ്ക്കും അവന്റെ സ്വാതന്ത്ര്യത്തിനും സന്തോഷത്തിനും വേണ്ടി നിലകൊള്ളുന്ന ഒരു പുതിയലോകത്തെ സൃഷ്ടിക്കാൻ കഴിയുമെന്ന് ജ്ഞാനോദയത്തിന്റെ വക്താക്കൾ വിശ്വസിച്ചു. ഡേവിഡ് ഹ്യൂം, ഇമ്മാനുവൽ കാന്റ്, ഡി.അലംബേർ, വോൾട്ടയർ, കോൻ ദോർസെ എന്നിവരുടെ രചനകളിൽ ഇത്തരം കാഴ്ചപ്പാടുകൾ പ്രതിഫലിക്കുന്നു.

### 1.6.1. ജ്ഞാനോദയത്തിന്റെ സവിശേഷതകൾ

യുക്തിക്ക് പ്രാധാന്യം നൽകിയിരുന്ന ഒരു പ്രസ്ഥാനമായിരുന്നു ജ്ഞാനോദയം. ശാസ്ത്രീയ മാർഗ്ഗങ്ങളിലൂടെ വ്യവസ്ഥാപിത താത്പര്യങ്ങളെ വിമർശിച്ച ജ്ഞാനോദയകാല ചിന്തകന്മാർ ശുഭാപ്തിവിശ്വാസികളായിരുന്നു. ക്ഷേമവും സന്തോഷവും നിറഞ്ഞ ഒരു ലോകത്താണ് തങ്ങൾ നിലനിൽക്കുന്നതെന്നും അത്തരമൊരു ലോകം സൃഷ്ടിക്കാൻ തങ്ങൾക്ക് കഴിയുമെന്നും അവർ വിശ്വസിച്ചു. വിക

സനാശയം, യുക്തിവാദം, മതേതരത്വം, പ്രകൃതിവാദം, മാനവികത എന്നിവ ജ്ഞാനോദയത്തിന്റെ സവിശേഷതകളാണ്.

### 1.6.1.1. വികസനാശയം (Idea of progress)

ഫ്രാൻസിലെ തത്വചിന്തകനും ഗണിതജ്ഞനുമായിരുന്ന മാർക്വിസ് ദെ കോൻ ദോർസെ ആയിരുന്നു വികസനാശയമെന്ന പദ്ധതിക്ക് രൂപം നൽകിയത്. പതിനേഴാം നൂറ്റാണ്ടിലെ ശാസ്ത്രവിപ്ലവത്തിൽനിന്നും ഉരുവംകൊണ്ട ശുഭാപ്തിവി ശ്വാസമാണ് വികസനാശയമെന്ന വീക്ഷണത്തിന് ഊർജ്ജം നൽകിയത്. കാലം പുരോഗമിക്കുന്തോറും മനുഷ്യൻ വികസനത്തിലേക്ക് കുതിച്ചുകൊണ്ടിരിക്കുമെന്ന മതരഹിതമായ വിശ്വാസമായിരുന്നു വികസനാശയം എന്ന് അറിയപ്പെട്ടത്. എല്ലാ അർത്ഥത്തിലും നമ്മൾ പൗരാണികരിൽനിന്നും ഏറെ ഉയർന്നുവന്നിരിക്കുന്നു എന്ന് വികസനാശയം പ്രഖ്യാപിക്കുന്നു.

### 1.6.1.2. യുക്തിവാദം (Reasoning)

ജ്ഞാനോദയത്തിന്റെ പ്രധാനസവിശേഷതകളിലൊന്ന് യുക്തിയിലുള്ള വിശ്വാസമായിരുന്നു. യുക്തിബോധമായിരുന്നു എല്ലാത്തിന്റെയും കേന്ദ്രസ്ഥാനം. യുക്തിചിന്തയേയും ശാസ്ത്രബോധത്തെയും ഉയർത്തിപ്പിടിച്ചുകൊണ്ട് മതപരമായ അന്ധവിശ്വാസങ്ങളെ ചോദ്യം ചെയ്തു. ഐസക്ന്യൂട്ടന്റെ സിദ്ധാന്തങ്ങൾ യുക്തി ചിന്തകർക്ക് വലിയ ആവേശമാണ് നൽകിയത്. ശാസ്ത്രീയതയ്ക്ക് പ്രകൃതിയെ നിലനിർത്തുന്ന എല്ലാ സിദ്ധാന്തങ്ങളെയും നിർവ്വചിക്കാനാകും എന്ന തിരിച്ചറിവ് യുക്തിവാദികൾക്ക് ആശ്വാസം നൽകി. വിജ്ഞാനം ആന്തരികമായ ഒന്നല്ലെന്നും അത് യുക്തിപൂർണ്ണമായ ഇടപെടലുകളിലൂടെയും നിരീക്ഷണാനുഭവങ്ങളിലൂ ടെയും നിർമ്മിച്ചെടുക്കാനാകും എന്നതും അവർ മനസ്സിലാക്കി. പ്രാചീനകാലം മുതൽ അനുവർത്തിച്ചുപോന്ന ഇളക്കമില്ലാത്ത പല സിദ്ധാന്തങ്ങളെയും ചോദ്യം ചെയ്യാനുള്ള പ്രേരണ അതോടെ സാധ്യമായി. യുക്തിയിൽ തീവ്രമായി വിശ്വസിച്ച

ഒരു കാലഘട്ടമായിരുന്നത് കൊണ്ടുതന്നെ ജ്ഞാനോദയകാലം യുക്തിയുടെ യുഗം (Age of reason) എന്നറിയപ്പെട്ടു (പി.വേണു, വി.കെ.ഗോപി, 2008:218). ''അറിയാൻ ധൈര്യപ്പെടുക''(Sapere aude) എന്നത് ഈ യുഗത്തിന്റെ ലക്ഷ്യമായി കാന്റിലൂടെ പ്രഖ്യാപിക്കപ്പെട്ടു. ജ്ഞാനോദയക്കാർ [2]സന്ദേഹവാദികളായി രുന്നു(Skepticists). ചിന്ത, അറിവ്, ബുദ്ധി എന്നിവ ഉപയോഗിച്ച് സത്യം കണ്ടെ ത്താൻ ശ്രമിക്കുന്ന അനുഭവജ്ഞാനത്തിന് അവർ പ്രാധാന്യം നൽകി.

### 1.6.1.3. മതേതരത്വം (Secularism)

മതേതരമായ അവബോധം ഈ കാലഘട്ടത്തിന്റെ മറ്റൊരു സവിശേഷതയാ യിരുന്നു. മതസഹിഷ്ണുതയ്ക്ക് ഏറെ പ്രാധാന്യം കൊടുത്തുകൊണ്ടുള്ള ഉദാര മായ ഒരു സമീപനമായിരുന്നു ഈ കാലത്തിന്റെ ദാർശനികമായ അടിത്തറ. മത ത്തിന്റെയും പൗരോഹിത്യത്തിന്റെയും അമിതാധികാരങ്ങളെയും ചൂഷണങ്ങളെയും ജ്ഞാനോദയചിന്തകർ നിർഭയം ചോദ്യം ചെയ്തു. 'ഡീഇസം' (Deism) എന്നു വിളിക്കപ്പെട്ടിരുന്ന 'മതം' ഈ കാലത്തിന്റെ പ്രത്യേകതയായിരുന്നു. യാന്ത്രികമത മെന്നോ പ്രാകൃതിക ദൈവശാസ്ത്രമെന്നോ വിശേഷിപ്പിക്കാവുന്ന 'ഡീ ഇസ' ത്തിന് ഔപചാരികമായ ചട്ടക്കൂടോ സിദ്ധാന്തങ്ങളോ ഉണ്ടായിരുന്നില്ല. പരമ്പരാ ഗത ക്രിസ്തുമതത്തെയും ബൈബിളിനേയും നിഷേധിച്ച 'ഡീയിസ്റ്റുകൾ' പ്രകൃ തിയെ നേരിട്ട് ഉപയോഗപ്പെടുത്തി വിജ്ഞാനമാർജ്ജിക്കാനാണ് ശ്രമിച്ചത്.

### 1.6.1.4. പ്രകൃതിവാദം (Naturalism)

ഐസക്ന്യൂട്ടന്റെ ശാസ്ത്രീയസിദ്ധാന്തങ്ങളാണ് പ്രകൃതിവാദത്തിന്റെ

[2] ആധുനിക തത്വചിന്തയുടെ പിതാവായ റെനെ ദെക്കാർത്തെ വികസിപ്പിച്ചെടുത്ത യുക്ത്യധിഷ്ഠിതമായ അറിവിന്റെ രീതിശാസ്ത്രമാണ് സന്ദേഹവാദം(skepticism) എല്ലാ മേഖലയിൽനിന്നും കിട്ടുന്ന അറിവിനെ സംശയത്തോടെ വീക്ഷിക്കുകയും യുക്തിരഹിതമായ അറിവിനെ നിരാകരിക്കുകയും ചെയ്യുന്നു. സന്ദേഹവാദി അറിവിന്റെ യാഥാർത്ഥ്യം കണ്ടെത്തുന്നതുവരെ അസംതൃപ്തനായിരിക്കും. (ബ്രിട്ടാനിക്ക)

ദാർശനികാടിത്തറയായി വർത്തിച്ചത്. പ്രപഞ്ചം ഒരു യാന്ത്രികഘടികാരംപോലെ പ്രവർത്തിക്കുന്ന ഒന്നാണെന്നും നിശ്ചിതമായ ചില നിയമങ്ങൾക്കനുസൃതമാണ് അതിന്റെ നിലനിൽപ്പ് എന്നും ജ്ഞാനോദയക്കാർ വിശ്വസിച്ചു. പ്രകൃതിവാദിയെ സംബന്ധിച്ച് പ്രകൃതിമാത്രമാണ് യാഥാർത്ഥ്യം. എല്ലാ വസ്തുക്കളും ദ്രവ്യത്തിൽനിന്നും ഉണ്ടായതാണെന്നും ദ്രവ്യമായിത്തന്നെ പരിണമിക്കുമെന്നും വിശ്വസിച്ചു. പ്രകൃതിയെ മനസ്സിലാക്കാനുള്ള ഏകമാർഗ്ഗം ശാസ്ത്രീയാന്വേഷണം മാത്രമാണെന്നതും ഈ വാദത്തിന്റെ അടിസ്ഥാനമാണ്. ആത്മീയമൂല്യങ്ങളിൽ വിശ്വസിക്കാത്ത ഇക്കൂട്ടർ ദൈവികപ്രചോദനം, ബോധോദയം എന്നിവ സാങ്കല്പികമാണെന്നും അവ മനുഷ്യമനസ്സിനെ വഴിതെറ്റിക്കുമെന്നും വിശ്വസിച്ചു. ഇന്ദ്രിയാനുഭൂതിക്കാണ് പ്രകൃതിവാദം പ്രാധാന്യം നൽകിയത്.

### 1.6.1.5. മാനവികത (Humanism)

മനുഷ്യനന്മയിലും അവന്റെ സ്വാഭാവികമായ കഴിവുകളിലും ഗുണങ്ങളിലുമുള്ള വിശ്വാസമാണ് മാനവികത. മനുഷ്യനെ കേന്ദ്രസ്ഥാനത്ത് നിർത്തിക്കൊണ്ടുള്ള ദർശനമാണത്. മതാത്മകമോ ആത്മീയമോ ആയ ഒന്നിന്റെയും പ്രേരണ കൂടാതെ യുക്തിപൂർവ്വം പ്രവർത്തിക്കുന്ന ശാസ്ത്രീയ ചിന്താഗതിക്കാരായ മനുഷ്യസ്നേഹികൾക്ക് വഴികാട്ടിയാകുന്ന ഒരു ദർശനമാണ് മാനവികത. മറ്റുള്ളവരുടെ മഹത്വത്തിന് വിലകൽപ്പിക്കുകയും അംഗീകരിക്കുകയും ചെയ്യുക, സഹിഷ്ണുതയോടെയും ആദരവോടെയും ഇടപെടാൻ കഴിയുക, വ്യക്തികളുടെ ആചാരങ്ങളെയും അഭിപ്രായങ്ങളെയും ഇകഴ്ത്താതിരിക്കുക, സമൂഹത്തെ പരിഗണിക്കുക തുടങ്ങിയവ മാനവികതയുടെ അടിത്തറയാണ്. മനുഷ്യൻ എന്നത് മഹനീയമായ ഒരു പദമായി മാനവികവാദികൾ കാണുന്നു. മനുഷ്യൻ പാപിയാണെന്നും പാപബോധം അവനെ സദാ വേട്ടയാടിക്കൊണ്ടിരിക്കും എന്നുമുള്ള മധ്യകാലചിന്തകളെ അപ്പാടേ നിരാകരിക്കാൻ മാനവികതയുടെ വക്താക്കൾക്ക് കഴിയുന്നു. പുരോഗതി

യുടെ അടിത്തറ എന്ന നിലയിൽ മാനവികതക്ക് നൽകിയ പ്രാധാന്യം ചരിത്രവികാസത്തിന് നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുണ്ട്.

### 1.6.2. തത്വചിന്തയുടെ ഉദയം

ജ്ഞാനോദയത്തെ പ്രചരിപ്പിച്ച എഴുത്തുകാർ 'ഫിലസോഫുകൾ' എന്നറിയപ്പെട്ടു. ഇവർ യഥാർത്ഥ തത്വചിന്തകർ ആയിരുന്നില്ല. ദാർശനികമായ ഒരു സ്കൂളോ പൊതുതത്വമോ ഇവർക്ക് ഉണ്ടായിരുന്നില്ല. ''ശാസ്ത്രീയമായ രീതിയിൽ മതത്തെയും സമൂഹത്തെയും അപഗ്രഥിക്കാൻ ശ്രമിച്ച ഒരു കൂട്ടം ചിന്തകരായിരുന്നു ഇവർ. സാഹിത്യകാരന്മാരും പത്രപ്രവർത്തകരും ജ്ഞാനോദയങ്ങളുടെ പ്രചാരകരുമായിരുന്നു. അവരിൽ പലരും സാമൂഹ്യമാറ്റത്തിന്റെ അനിവാര്യത എടുത്തു കാണിക്കുന്നതിനും തങ്ങളുടെ ആശയങ്ങൾ കൂടുതൽ ജനകീയമാക്കുന്നതിനും വേണ്ടി ചരിത്രങ്ങൾ, നാടകങ്ങൾ, നോവലുകൾ ലേഖനങ്ങൾ എന്നിവ എഴുതി''(പി.വേണു, വി.കെ.ഗോപി, 2008:204). ഫിലസോഫുകളുടെ പ്രവർത്തനങ്ങൾ മേൽപ്പറഞ്ഞ രീതിയിലായിരുന്നു.

ജ്ഞാനോദയകാലചിന്തകർ സംശയവാദികളും അനുഭവജ്ഞാനികളുമായിരുന്നു. എല്ലാ ജ്ഞാനവും അനുഭവത്തിൽനിന്നാണ് ഉണ്ടാകുന്നത് എന്നവർ വിശ്വസിച്ചു. സമൂഹത്തിന്റെ സമഗ്രമായ പുനഃസംഘടനക്ക് വിപ്ലവാത്മകമായ ചില സിദ്ധാന്തങ്ങൾ അവർ ആവിഷ്കരിച്ചു. സമ്പദ്വ്യവസ്ഥ, മതം, ഭരണകൂടം എന്നീ മേഖലകളിൽ സവിശേഷമായ പരിഷ്കാരങ്ങൾ ആവശ്യമാണെന്ന് അവർ നിർദ്ദേശിച്ചു. ''സാമ്പത്തിക ജീവിതത്തിൽ സർക്കാർ ഇടപെടുന്നതിനെ അവർ എതിർക്കുകയും [3]'മെർക്കന്റലിസ'ത്തിന്റെ തത്വങ്ങളെ നിഷേധിക്കുകയും ചെയ്തു.'' (വേണു,

[3] കൊളോണിയലിസത്തിന്റെ ആദ്യഘട്ടത്തിൽ യൂറോപ്യൻ രാജ്യങ്ങളിൽ നിലനിന്നിരുന്ന സാമ്പത്തികസിദ്ധാന്തമാണ് മെർക്കന്റലിസം. രാജ്യത്തിന്റെ സമ്പത്തും ശക്തിയും വർധിപ്പിക്കത്തക്ക വിധത്തിൽ വിദേശവ്യാപാരം മെച്ചപ്പെടുത്തണമെന്ന തത്വമായിരുന്നു ഇത്. സ്റ്റേറ്റിന്റെ കർശനനിയന്ത്രണത്തിലുള്ള ഈ സമ്പദ്വ്യവസ്ഥ പ്രകാരം ഇറക്കുമതി കുറക്കുകയും കയറ്റുമതി കൂട്ടുകയും ചെയ്തു. (Venu.p&Gopi vk, Making of the Modern World, 2008:105.)

പി. ഗോപി, വി.കെ. 2008: 205) തോമസ് ഹോബ്സ്, റെനെ ദെക്കാർത്തെ, ജോൺ ലോക്ക് തുടങ്ങിയ ചിന്തകരാണ് ജ്ഞാനോദയയുഗത്തിന് അടിത്തറപാകിയത്.

### 1.6.2.1. തോമസ് ഹോബ്സ് (1588–1679)

ജ്ഞാനോദയകാലചിന്തകരിൽ പ്രമുഖനായിരുന്ന തോമസ് ഹോബ്സ് ഒരു രാഷ്ട്രീയതത്വചിന്തകനും കൂടിയായിരുന്നു. ശരീരം, മനുഷ്യൻ, പൗരൻ എന്നീ ശീർഷകങ്ങളിൽ സമഗ്രമായൊരു ചിന്താപദ്ധതി അദ്ദേഹം വളർത്തിയെടുത്തു. രാഷ്ട്രീയമീമാംസയിൽ അദ്ദേഹം രചിച്ച 'ലെവിയാതൻ'(Leviathan) എന്ന ഗ്രന്ഥം രാഷ്ട്രീയദർശനത്തെപ്പറ്റി ഇംഗ്ലീഷ് ഭാഷയിൽ എഴുതപ്പെട്ടിട്ടുള്ള പ്രധാന പ്പെട്ട ഒരു പ്രബന്ധമാണ്. മതപാരമ്പര്യത്തെ നിഷേധിച്ച ഹോബ്സ് ക്ലാസിക്കൽ തത്വചിന്തയെയും [4]സ്കൊളാസ്റ്റിസിസത്തെയും പാടെ എതിർത്തു. ഭൗതികവാ ദിയും യുക്തിവാദിയുമെന്ന നിലയിൽ പദാർത്ഥമൊഴികെ മറ്റൊന്നും നിലനിൽക്കു ന്നില്ലെന്ന് അദ്ദേഹം വാദിച്ചു.

സ്വേച്ഛാധിപത്യത്തിന്റെ വക്താവായിരുന്ന അദ്ദേഹം ജനങ്ങൾക്ക് രാജാവി നോടും ഭരണകൂടത്തോടും വിധേയത്വമുണ്ടായിരിക്കണമെന്ന് നിഷ്കർഷിച്ചു. അരാജകത്വം അവസാനിപ്പിക്കുന്നതിനായി രാജാവും പ്രജകളും തമ്മിലുണ്ടായ ഒരു കരാറിന്റെ അടിസ്ഥാനത്തിലാണ് ഭരണകൂടം നിലവിൽ വന്നതെന്നും തന്റെ പ്രബന്ധമായ 'ലെവിയാതനി'ൽ അദ്ദേഹം വാദിക്കുന്നു. ജനങ്ങളുടെ അംഗീകാര ത്തിലൂടെ നിലനിൽക്കുന്ന ഒരു സ്വേച്ഛാധിപത്യഭരണകൂടത്തിന് വേണ്ടിയാണ് ഹോബ്സ് നിലകൊണ്ടത്.

---

[4] മധ്യയുഗത്തിന്റെ അന്തിമ നൂറ്റാണ്ടുകളിൽ യൂറോപ്യൻ സർവ്വകലാശാലകളിൽ പ്രചാരത്തി ലിരുന്ന പഠനരീതിയാണ് സ്കൊളാസ്റ്റിസിസം. തത്വചിന്തക്കും ദൈവശാസ്ത്രത്തിനും പകരം സംവാദാത്മക യുക്തിയിലൂടെയുള്ള വിജ്ഞാനസമ്പാദനത്തിന് സ്കൊളാസ്റ്റിക്കുകൾ പ്രാധാന്യം നൽകി. പൗരാണിക യവനചിന്തയെ ക്രിസ്തീയ ദൈവശാസ്ത്രവുമായി ബന്ധിപ്പി ക്കാനുള്ള ശ്രമത്തിൽ നിന്നാണ് ഇതിന്റെ തുടക്കം (wikipedia)

#### 1.6.2.2. റെനെ ദെക്കാർത്തെ

ഫ്രാൻസിലെ പ്രസിദ്ധനായ തത്വചിന്തകനും ഗണിതശാസ്ത്രജ്ഞനുമായിരുന്നു റെനെ ദെക്കാർത്തെ. എല്ലാ ഭൗതികസംഭവങ്ങളെയും ഗണിതശാസ്ത്രത്തിലൂടെ വ്യാഖ്യാനിക്കാൻ കഴിയുമെന്ന് അദ്ദേഹം വിശ്വസിച്ചു. യുക്തിയിൽ അധിഷ്ഠിതമല്ലാത്ത ഒന്നിനെയും ദെക്കാർത്തെ അംഗീകരിച്ചില്ല. പാരമ്പര്യത്തിനും യാഥാസ്ഥിതികത്വത്തിനും പ്രാധാന്യംനൽകിയിരുന്ന മധ്യകാലചിന്താരീതികളോട് കടുത്ത വിയോജിപ്പ് പ്രകടിപ്പിച്ചു. ദാർശനികചിന്തയെ മധ്യകാല സ്കൊളാസ്റ്റിസിസത്തിൽനിന്നും മോചിപ്പിക്കാൻ ആദ്യമായി രംഗത്തിറങ്ങിയതും ദെക്കാർത്തെ ആയിരുന്നു. യുക്തിയിലധിഷ്ഠിതമായ അറിവിന്റെ ഒരു പുതിയ രീതിശാസ്ത്രം അദ്ദേഹം ആവിഷ്കരിച്ചു. ഇന്ദ്രിയജ്ഞാനം അവിശ്വസനീയവും സാങ്കൽപ്പികവുമാണെന്ന ചിന്താഗതിയിൽനിന്നാണ് പുതിയരീതി ഉടലെടുത്തത്. സന്ദേഹവാദം അഥവാ സംശയത്തിന്റെ രീതിശാസ്ത്രമാണ് ദെക്കാർത്തെ വികസിപ്പിച്ചെടുത്തത്. 'Catigo ergo Sum' (ഞാൻ ചിന്തിക്കുന്നു. അതുകൊണ്ട് ഞാനുണ്ട്) എന്ന വാക്യം ദെക്കാർത്തെയുടെ പ്രസിദ്ധവാക്യമാണ്. സന്ദേഹവാദവുമായി ബന്ധപ്പെട്ട് ദെക്കാർത്തെ വികസിപ്പിച്ചെടുത്ത രീതിശാസ്ത്രം പിൽക്കാലത്ത് കാർട്ടീസിയൻ (Cartisian) എന്നറിയപ്പെട്ടു.

ദെക്കാർത്തിയൻചിന്തകളിൽ പ്രബലമായ ഒന്നായിരുന്നു ദ്വൈതവാദം. (Dualism) പദാർത്ഥം, മനസ്സ്(ശരീരം, ആത്മാവ്) എന്നീ രണ്ട് സത്തകൾ ഉൾക്കൊള്ളുന്നതാണ് പ്രപഞ്ചം എന്ന ദർശനമാണ് ദ്വൈതവാദം. ഇവ രണ്ടും തമ്മിൽ പ്രകടമായ വ്യത്യാസങ്ങളുണ്ട്. പ്രപഞ്ചത്തെ ഭൗതികമെന്നും ധാർമ്മികമെന്നും രണ്ടായി തിരിച്ചിട്ടുണ്ട്. ഭൗതികപ്രപഞ്ചവുമായി ബന്ധപ്പെടുത്തിയാണ് ശാസ്ത്രത്തെ വ്യാഖ്യാനിച്ചത്. ധാർമ്മിക ലോകത്തിന് യാതൊരു ശാസ്ത്രീയ അടിത്തറയും ദെക്കാർത്തെ കൽപ്പിക്കുന്നില്ല. ദ്വൈതവാദം ശാസ്ത്രജ്ഞന്മാരെ മതമുക്തമാക്കുന്ന

തിന് സഹായിച്ചു. ആധുനിക തത്വചിന്തയുടെ പിതാവ് എന്ന് ദെക്കാർത്തെ അറിയപ്പെടുന്നു.

#### 1.6.2.3. ജോൺ ലോക്ക് (1632–1704)

അനുഭവമാത്രജ്ഞാനമെന്ന് വിളിക്കുന്ന ചിന്താപദ്ധതിയുടെ ഉപജ്ഞാതാവാണ് ജോൺ ലോക്ക്. ഇംഗ്ലണ്ടിലെ മഹാന്മാരായ തത്വചിന്തകരിൽ ഒരാളാണ് അദ്ദേഹം, 'Essay Concerning Human Understanding' എന്ന ഗ്രന്ഥത്തിലൂടെ സ്വേച്ഛാധിപത്യത്തിനെതിരെ അദ്ദേഹം ആഞ്ഞടിച്ചു. അധികാരത്തിനു മുമ്പിൽ വിധേയത്വം കാണിക്കാനുള്ള വാസന മനുഷ്യസഹജമാണെന്ന വാദത്തെ ലോക്ക് നിശിതമായി വിമർശിച്ചു. ജനനസമയത്ത് ശൂന്യമായ പ്ലേറ്റുപോലെയാണ് മനുഷ്യമനസ്സെന്നും അനുഭവങ്ങളാണ് അതിൽ അക്ഷരമായി മാറുന്നതെന്നും ലോക്ക് സിദ്ധാന്തിച്ചു. എല്ലാ അറിവുകളും രൂപംകൊള്ളുന്നത് അനുഭവത്തിൽനിന്നാണ്. വിശ്വാസവും പൈതൃകവാദവുമല്ല അറിവിനെ നിർമ്മിക്കുന്നതെന്നും പരിസ്ഥിതിയും യുക്തിയുമാണ് അത് നിർണ്ണയിക്കുക എന്നും ലോക്ക് വ്യക്തമാക്കി.

ജനങ്ങളുടെ പൊതുക്ഷേമത്തിനുവേണ്ടി ഭരണം നടത്താനാവശ്യമായ അധികാരം മാത്രമാണ് ഭരണാധികാരിക്കുള്ളത് എന്ന സിദ്ധാന്തം [5]സോഷ്യൽ കോൺട്രാക്റ്റ് സിദ്ധാന്തത്തിന്റെ പുതിയൊരു ആവിഷ്കാരമായിരുന്നു. നിയമാനുസൃതമായി മാത്രം ഭരണം നടത്താൻ കഴിയുന്ന ഒരു ഭരണകൂടത്തെ അവതരിപ്പിക്കുന്നതിലൂടെ സ്വേച്ഛാധിപത്യത്തിന്റെ ആശയപരമായ അടിത്തറ തകർക്കുകയായിരുന്നു ലക്ഷ്യം. അനുഭവമാത്രജ്ഞാനമെന്ന ചിന്താപദ്ധതിയും ഇതിന് സഹായകമായി.

---

[5] സുസംഘടിതമായ ദേശീയ ഭരണസംവിധാനത്തിന്റെ സുരക്ഷിതത്വത്തിൽ ജീവിക്കുന്നതിനു പകരമായി മനുഷ്യൻ തന്റെ സ്വാഭാവിക സ്വാതന്ത്ര്യത്തിന്റെ ഒരംശം ബലി കഴിക്കാൻ തയ്യാറാകുന്ന രീതിയിൽ സമൂഹത്തിനു രൂപം നൽകുന്ന രാഷ്ട്രീയതത്വശാസ്ത്രമാണ് സോഷ്യൽ കോൺട്രാക്റ്റ് തിയറി. ഭരണത്തലവന്മാർക്ക് അവരുടെ പ്രജകളുടെ അനുമതിയോട് കൂടി മാത്രമേ ഭരിക്കാനാവൂ എന്ന ആശയം ഇതിൽ അന്തർലീനമായതിനാൽ അക്കാലത്ത് സ്വീകാര്യമായില്ല. (വിക്കിപീഡിയ)

ദൈവദത്താധികാരസിദ്ധാന്തത്തിന് കനത്ത ആഘാതമേൽപ്പിക്കുന്ന ഒന്നായിരുന്നു 'ഭരണകൂടത്തെപ്പറ്റിയുള്ള രണ്ടു പ്രബന്ധങ്ങൾ' എന്ന ഗ്രന്ഥം. ജനങ്ങളോടുള്ള കരാറിന്റെ അടിസ്ഥാനത്തിലാണ് രാജ്യം ഭരിക്കേണ്ടതെന്നും ദൈവദത്താധികാരത്തിലല്ല എന്നും വ്യക്തമാക്കിയ ലോക്ക് ഭരണാധികാരി നന്നായി ഭരിച്ചാൽ ജനങ്ങൾ അനുസരിക്കുമെന്നും അല്ലെങ്കിൽ അയാൾ സ്ഥാനഭ്രഷ്ടനാക്കപ്പെടുമെന്നും ഈ കൃതിയിലൂടെ ഓർമ്മിപ്പിച്ചു. ''രാഷ്ട്രത്തിന്റെ ക്ഷേമവും പ്രജകളുടെ സന്തുഷ്ടിയുമായിരിക്കണം ഒരു നല്ല ഗവൺമെന്റിന്റെ ഉത്തരവാദിത്തമെന്ന് ലോക്ക് പ്രഖ്യാപിച്ചു. 'പ്രബുദ്ധസ്വേച്ഛാധിപത്യം' 'Enlightment Despotism' എന്ന സിദ്ധാന്തത്തിന്റെ ആരംഭബിന്ദു ഇതായിരുന്നു'' (വേണു, പി. ഗോപി.വി.കെ. 2008: 156) നല്ല പൗരനായി ഒരു വ്യക്തി ജീവിക്കുന്ന കാലത്തോളം അയാളുടെ മതപരമായ വിശ്വാസങ്ങളിൽ ഇടപെടാൻ ഭരണാധികാരിക്ക് അധികാരമില്ലെന്ന് ലോക്ക് പ്രഖ്യാപിച്ചു. ദക്കാർത്തിന്റെ ആശയഗതികളെ രൂക്ഷമായി വിമർശിച്ച ജോൺലോക്ക് ജ്ഞാനോദയചിന്തകരിൽ അഗ്രഗണ്യനാണ്.

1789-ലെ ഫ്രഞ്ച്വിപ്ലവത്തോടെ ജ്ഞാനോദയഘട്ടത്തിന് പരിസമാപ്തി കുറിച്ചതായാണ് കണക്കാക്കപ്പെടുന്നത്. എന്നാൽ ജ്ഞാനോദയചിന്ത പകർന്നു നൽകിയ ഊർജ്ജം രണ്ടു നൂറ്റാണ്ടുകളിലേക്കും പ്രസരിച്ചു. സമൂഹത്തിനുമേൽ മതങ്ങൾക്കുണ്ടായിരുന്ന ആധിപത്യം കുറയുകയും മനുഷ്യന്റെ സ്വതന്ത്രചിന്തക്ക് പ്രാധാന്യം ലഭിക്കുകയും ചെയ്തു. എന്തിനെയും അന്ധമായി അംഗീകരിക്കാതെ ചോദ്യം ചെയ്തുകൊണ്ട് മുന്നേറാനുള്ള കരുത്തും ആർജ്ജവവും മനുഷ്യനിൽ കൈവന്നത് ജ്ഞാനോദയചിന്തകൾ സംഭാവനചെയ്ത ആശയാടിത്തറയാണ്. പിൽക്കാലത്ത് രാഷ്ട്രീയവും സാമൂഹികവും സാംസ്കാരികവുമായ പരിഷ്കരണങ്ങൾക്കുള്ള ഊർജ്ജമായി വർത്തിച്ചതും ജ്ഞാനോദയചിന്തകളാണ്. പുരോഗതിക്കുള്ള വെളിച്ചമായും പ്രചോദനമായും വരും തലമുറകൾക്കുവേണ്ടി അത് നിലകൊണ്ടു. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ചൂഷണങ്ങളും സമൂഹത്തിനു

മേൽ ആധിപത്യം സ്ഥാപിക്കാനൊരുങ്ങുമ്പോൾ അതിനെയൊക്കെ വെല്ലുവിളിക്കാനുള്ള പ്രേരണയും കരുത്തും സമൂഹത്തിനുള്ളിൽ പാകിയത് ഇത്തരം ആശയലോകങ്ങളാണ്.

പതിനെട്ടാം നൂറ്റാണ്ടിൽ യൂറോപ്പിൽ ഉദയംചെയ്ത ജ്ഞാനോദയചിന്തക്ക് പ്രേരണയും പ്രചോദനവും നൽകിയത് നവോത്ഥാനമാണ്. വ്യക്തികളുടെ സമഗ്ര വികസനം നവോത്ഥാനത്തിന്റെ ലക്ഷ്യമായിരുന്നെങ്കിലും കൂടുതൽ ഉത്പതിഷ്ണുപരമായ സ്വതന്ത്രചിന്തയാണ് ജ്ഞാനോദയത്തിലൂടെ സാധ്യമായത്.

## 1.7. ഇന്ത്യൻ നവോത്ഥാനം – ബൗദ്ധികതയുടെ അടിത്തറ

പത്തൊമ്പതാം നൂറ്റാണ്ടിൽ ഇന്ത്യയിൽ രൂപംകൊണ്ട ഭൗതികവും സാംസ്കാരികവുമായ നവീകരണശ്രമങ്ങളെയാണ് നവോത്ഥാനം എന്നതുകൊണ്ട് വിവക്ഷിക്കുന്നത്. അതിനുമുമ്പ് രൂപംകൊണ്ട സാമൂഹികവും മതപരവുമായ പല പ്രസ്ഥാനങ്ങളും ഇന്ത്യയെ നവീകരിക്കുന്നതിൽ വലിയ പങ്കുവഹിച്ചിട്ടുണ്ട്. ഇന്ത്യൻ നവോത്ഥാനത്തിന്റെ ആരംഭത്തെക്കുറിച്ച് പ്രബലമായ രണ്ട് അഭിപ്രായങ്ങൾ നിലനിൽക്കുന്നുണ്ട്. ഒന്ന്, യൂറോപ്യൻ നവോത്ഥാനവുമായി ബന്ധപ്പെട്ടാണ് ഇന്ത്യൻ നവോത്ഥാനം സാധ്യമായത് എന്ന വാദമാണ്. മറ്റൊന്ന്, ബുദ്ധമതത്തിന്റെ സ്വാധീനംമൂലം സാധ്യമായ ഒരു സാമൂഹികമുന്നേറ്റമായി ഇന്ത്യൻ നവോത്ഥാനത്തെ കാണുന്നു. ബുദ്ധ–ജൈനമതങ്ങളുടെ മുന്നേറ്റവും ശ്രീബുദ്ധനിലൂടെ സാധ്യമായ സാമൂഹ്യവിപ്ലവവും നവോത്ഥാനത്തിന്റെ ആദ്യ ചുവടുകളായി കാണാവുന്നതാണ്.

മധ്യകാല ഇന്ത്യയിൽ വ്യാപകമായി പ്രചരിച്ച ഭക്തിപ്രസ്ഥാനം ഇന്ത്യൻ ജനതയുടെ സാമൂഹിക-സാംസ്കാരികജീവിതത്തെ വലിയ തോതിൽ സ്വാധീനിച്ചിട്ടുണ്ട്. എല്ലാ ഇന്ത്യൻ ഭാഷകളിലും ഭക്തിപ്രസ്ഥാനത്തിന്റെ സ്വാധീനം പ്രകടമാണ്. അബ്രാഹ്മണരായ ജനസമൂഹത്തിന്റെ സാമൂഹ്യമായ സമത്വം എന്ന ആശയത്തെ

ദൃഢീകരിക്കാൻ ഭക്തിപ്രസ്ഥാനം കാരണമായിട്ടുണ്ട്. ജാതി-മതപരിഗണനകൾക്ക തീതമായി ദൈവത്തിനു മുന്നിലുള്ള സമത്വത്തെക്കുറിച്ചുള്ള ചിന്തകൾ സാധ്യമാക്കിയ ഭക്തിപ്രസ്ഥാനം സാമൂഹികനവോത്ഥാനത്തെതന്നെയാണ് പ്രതിനിധീകരിക്കുന്നത്. ഏകീകൃതമായ ഒരു പ്രവർത്തനരീതി ഭക്തിപ്രസ്ഥാനത്തിന് ഉണ്ടായിരുന്നില്ല. അതു സൃഷ്ടിച്ചെടുത്ത ആരാധനാരീതികൾ, സംഘടനാരൂപങ്ങൾ, പ്രചാരണരീതികൾ, കാവ്യരൂപങ്ങൾ, കലാരൂപങ്ങൾ തുടങ്ങിയവയിലെല്ലാം വ്യത്യസ്തതകൾ ഉണ്ടായിരുന്നു. എങ്കിലും പൊതുവായ ചില പ്രത്യേകതകളും ഭക്തിപ്രസ്ഥാനം പങ്കുവെച്ചിരുന്നു. ബ്രഹ്മണാധികാരത്തോടും വർണ-ജാതിവ്യവസ്ഥയോടുമുള്ള വിയോജിപ്പ്, യാഥാസ്ഥിതിക മനോഭാവക്കാരോടുള്ള എതിർപ്പ്, ഭിന്നമതദർശനങ്ങളിലെ സമാനതകൾ കണ്ടെത്താനുള്ള ശ്രമങ്ങൾ, വാമൊഴിപാരമ്പര്യത്തിനും പ്രാദേശികഭാഷകൾക്കും നൽകിയ പ്രാധാന്യം തുടങ്ങിയവ ആ പ്രസ്ഥാനത്തിന്റെ മുഖ്യസവിശേഷതകളായിരുന്നു. വ്യത്യസ്ത മതങ്ങളിലും വ്യത്യസ്ത ധാരകളിലുമായിട്ടാണ് ഈ പ്രസ്ഥാനം വികസിച്ചതെങ്കിലും അടിസ്ഥാനപരമായി മനുഷ്യന്റെയും അവന്റെ സമത്വത്തിന്റെയും വിശ്വാസത്തിന്റെയും മേഖലകൾക്കാണ് ഊന്നൽനൽകിയത്. ലൗകികവും ആത്മീയവുമായ വേർതിരിവുകളെ ഇല്ലാതാക്കിക്കൊണ്ട് സമഗ്രമായ ഒരു സാംസകാരികവിപ്ലവം സൃഷ്ടിക്കാൻ ഭക്തിപ്രസ്ഥാനത്തിന് സാധിച്ചു. ആധുനികനവോത്ഥാനത്തിനു മുമ്പ് ഇന്ത്യൻ മണ്ണിൽ വളർന്നു വികസിച്ച ഈ ചിന്താധാരകൾ നവോത്ഥാനത്തിന്റെ ആദ്യാങ്കുരങ്ങളാണ്.

പാശ്ചാത്യനാടുകളുമായുള്ള സമ്പർക്കഫലമായി പത്തൊമ്പതാം നൂറ്റാണ്ടിൽ ഇന്ത്യയിൽ സംഭവിച്ച നവീകരണമുന്നേറ്റങ്ങളെയാണ് ആധുനിക നവോത്ഥാനം ഉൾക്കൊള്ളുന്നത്. സാമൂഹികവും മതപരവുമായ പ്രസ്ഥാനങ്ങളോടൊപ്പം മുന്നേറ്റശ്രമങ്ങൾ ത്വരിതപ്പെടുത്തിയ നിരവധി ഘടകങ്ങളുണ്ടായിരുന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ പ്രചാരം, അച്ചടി, മിഷനറിമാരുടെ പ്രവർത്തനങ്ങൾ, വൈദേശികാധിപത്യം എന്നിവ പുതുതലമുറയുടെ കാഴ്ചപ്പാടിൽ മാറ്റംവരുത്തി. അക്കാലത്തെ സാമൂഹികവും മതപരവുമായ രീതികളെ പരിഷ്കരിക്കാനുള്ള താത്പര്യം

ശക്തമായി. ബൗദ്ധികവും സാംസ്കാരികവുമായ ആന്തരികസംഘർഷങ്ങൾ പത്തൊമ്പതാം നൂറ്റാണ്ടിൽ ഇന്ത്യയുടെ പ്രധാന സവിശേഷതയായിരുന്നു എന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. (ബിപൻചന്ദ്ര, 2014:142). ഇന്ത്യയിലെ സാമൂഹ്യഘടനയുടെയും സംസ്കാരത്തിന്റെയും ആന്തരികദൗർബല്യമാണ് ഇന്ത്യയെ ബ്രിട്ടീഷ് കോളനിയാക്കിയത് എന്ന ചിന്ത പാശ്ചാത്യ വിദ്യാഭ്യാസം ലഭിച്ച ഒരു വിഭാഗം ഇന്ത്യക്കാരെ ഉണർത്തി. സാമൂഹ്യ പുരോഗതിക്ക് വിഘാതമായി നിൽക്കുന്ന ഘടകങ്ങൾ കണ്ടെത്തുന്നതിനും അവ പരിഹരിക്കുന്നതിനുമുള്ള ശ്രമങ്ങളുമായി പ്രബലരായ ഒരു വിഭാഗം രംഗത്തിറങ്ങി. ഇന്ത്യയുടെ സാമൂഹികോന്നമനത്തിന് ആധുനിക പാശ്ചാത്യചിന്തകൾ സ്വീകരിക്കേണ്ടത് അനിവാര്യമാണെന്ന് ഇക്കൂട്ടർ തിരിച്ചറിഞ്ഞു. അതേസമയം വലിയൊരു വിഭാഗം ഇന്ത്യക്കാർക്ക് പാശ്ചാത്യസംസ്കാരവുമായി സമന്വയിക്കാൻ സാധ്യമാകില്ല എന്നതും പുരോഗമനാശയക്കാരിൽ പ്രയാസം സൃഷ്ടിച്ചു. പ്രത്യയശാസ്ത്രപരമായ ഈ സംഘർഷാവസ്ഥയിൽനിന്നും ഇന്ത്യ മുക്തമാകണമെങ്കിൽ ആധുനികശാസ്ത്രത്തിന്റെയും മാനവികതയുടെയും തത്വങ്ങൾ ഇവിടെ പ്രചരിപ്പിക്കേണ്ടത് അനിവാര്യമായിരുന്നു. രാജാറാം മോഹൻ റോയ്, ഈശ്വരചന്ദ്രവിദ്യാസാഗർ, ദേബേന്ദ്രനാഥ ടാഗൂർ തുടങ്ങി അനേകം പേർ ഈ ഉദ്യമത്തിൽ പങ്കാളികളായി.

ഇന്ത്യൻ ബൗദ്ധികതയുടെ അടിത്തറ രൂപപ്പെടുത്തിയെടുക്കുന്നതിൽ നവോത്ഥാനനായകന്മാർ വഹിച്ച പങ്ക് വിലയിരുത്തപ്പെട്ടിട്ടുണ്ട്. ''ആധുനിക വ്യവസായങ്ങൾ സ്ഥാപിക്കുന്നതിനും, വ്യവസായബൂർഷ്വാസി നിലവിൽ വരുന്നതിനും ദശാബ്ദങ്ങൾക്ക്മുമ്പ് ഇന്ത്യയിൽ ബുദ്ധിജീവിവർഗ്ഗം ഉണ്ടായിരുന്നു. ബുദ്ധിജീവി വിഭാഗത്തിലെ ആദ്യത്തെ ഗ്രൂപ്പ് രാജാറാം മോഹൻ റോയിയും കൂട്ടരുമാണ്. അവർ പാശ്ചാത്യ സംസ്കാരം പഠിയ്ക്കുകയും അതിന്റെ യുക്തിചിന്താപരവും ജനാധിപത്യപരവുമായ സിദ്ധാന്തങ്ങളും ധാരണകളും ചൈതന്യവും സ്വാംശീകരിക്കുകയും ചെയ്തിരുന്നു'' (ദേശായ്, എ.ആർ. 1989:248). ജാതീയമായ വേർതിരിവുകളും ആധിപത്യമനോഭാവങ്ങളും ചൂഷണവും നിറഞ്ഞ ഇന്ത്യയെ സാമൂഹികവും മതപ

രവും ബൗദ്ധികവുമായി പുനരുജ്ജീവിപ്പിക്കുക എന്നതായിരുന്നു രാജാറാം മോഹൻ റോയിയുടെ ലക്ഷ്യം. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ രൂപീകൃതമായ ബ്രഹ്മസമാജവും അതിന്റെ അനുയായികളും ദുരാചാരങ്ങൾക്കെതിരെ ശക്തമായി പ്രതികരിച്ചു. പൗരസ്ത്യവീക്ഷണങ്ങളോട് ഏറെ പ്രതിപത്തിയുണ്ടായിരുന്നിട്ടും ഇന്ത്യയുടെ നവീകരണം സാധ്യമാകണമെങ്കിൽ ആധുനികപാശ്ചാത്യചിന്ത സ്വാംശീകരിക്കേണ്ടത് അനിവാര്യമാണെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. ലിംഗസമത്വം, വിദ്യാഭ്യാസം എന്നിവയോടൊപ്പം മുതലാളിത്തവും വ്യവസായവും രാജ്യത്ത് വിപുലമായി വളർന്നുവരണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. അബദ്ധജടിലമായ വിശ്വാസാചാരങ്ങളെയും പൗരോഹിത്യചൂഷണങ്ങളെയും ചോദ്യം ചെയ്ത അദ്ദേഹം ഇന്ത്യയുടെ ആധുനിക നവോത്ഥാനത്തിന് വിലപ്പെട്ട സംഭാവനകൾ നൽകിയിട്ടുണ്ട്. ''ആധുനിക ഭാരതീയ നവോത്ഥാനത്തിന്റെ ഉറവിടം ബംഗാളും അതിന്റെ പ്രാരംഭകനോ പിതാവോ ആയി പരിഗണിക്കാവുന്ന മഹാൻ രാജാറാം മോഹൻ റോയിയും ആണ്'' (ഗോവിന്ദപിള്ള, പി. 2003:30) എന്ന് പി.ഗോവിന്ദപ്പിള്ള അഭിപ്രായപ്പെടുന്നു.

മതത്തോടുള്ള യുക്തിചിന്താപരമായ സമീപനത്തിനുവേണ്ടി രാജാറാം മോഹൻ റോയി ഏറെ വാദിക്കുകയുണ്ടായി. ധാർമ്മികമായ യുക്തിബോധത്തിന്റെ അടിസ്ഥാനത്തിലാണ് മതതത്വങ്ങൾ ഉൾക്കൊള്ളേണ്ടത് എന്നും യുക്തിക്ക് നിരക്കാത്തത് തള്ളിക്കളയണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. വിഗ്രഹാരാധനയെ എതിർക്കുകയും 'ഏകദൈവ' കാഴ്ചപ്പാടിനെ ഉയർത്തിപ്പിടിക്കുകയും ചെയ്തു. ജാതീയത, സതി, ബാലവിവാഹം എന്നീ ദുരാചാരങ്ങളെ ബ്രഹ്മസമാജവും രാജാറാം മോഹൻ റോയിയും ശക്തമായി എതിർത്തു. ഇന്ത്യയിലെ ബ്രിട്ടീഷ്ഭരണത്തിന്റെ ഗുണപരമായ വശങ്ങളെ അദ്ദേഹം പുകഴ്ത്തി. സതി, ശിശുഹത്യ എന്നിവ നിർത്തലാക്കിയതും ആധുനികവിദ്യാഭ്യാസം, പത്രപ്രവർത്തനം തുടങ്ങിയവ വ്യാപിപ്പിച്ചതും ബ്രിട്ടീഷ് ഗവൺമെന്റിന്റെ മികവായി അദ്ദേഹം വീക്ഷിച്ചു. അതിന

നുഗുണമായ പ്രവർത്തനങ്ങളിൽ അദ്ദേഹം തത്പരനായിരുന്നു. ''ബ്രഹ്മസമാജം ആധുനികപാശ്ചാത്യസംസ്കാരത്തെ വിലമതിക്കുകയും ജനങ്ങളുടെ ഇടയിൽ അത് പ്രചരിപ്പിക്കുന്നതിനുവേണ്ടി രാജ്യത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു. രാജാറാം മോഹൻ റോയ് സ്വതന്ത്രചിന്താപരമായ പാശ്ചാത്യ ജനാധിപത്യസംസ്കാരത്തിന്റെ ആരാധകനായിരുന്നു'' എന്ന് എ.ആർ. ദേശായി അഭിപ്രായപ്പെട്ടിട്ടുണ്ട്(ദേശായ്, എ.ആർ. 1989:365). അതേസമയം ബ്രിട്ടീഷ് ഗവൺമെന്റിന്റെ ഭരണത്തിലെ അപാകതകളെ തുറന്നുകാണിക്കാനുള്ള ആർജ്ജവവും അദ്ദേഹത്തിനുണ്ടായിരുന്നു. ബ്രിട്ടീഷ് ഗവൺമെന്റിന്റെ പത്രസ്വാതന്ത്ര്യത്തെ നിയന്ത്രിച്ച നടപടികൾക്കെതിരെയും ഇന്ത്യക്കാരെ ഉന്നത തസ്തികകളിൽനിന്നും ഒഴിവാക്കിയ നടപടികൾക്കെതിരെയും അദ്ദേഹം ശക്തമായി പ്രതികരിച്ചു.

തികച്ചും ആധുനികനായ ഒരു പരിഷ്കർത്താവിന്റെ സമീപനങ്ങളാണ് രാജാറാം മോഹൻ റോയിയിൽ കണ്ടെത്താനാവുക. പൗരസ്ത്യവും പാശ്ചാത്യവുമായ ആശയധാരകളെ സമന്വയിപ്പിച്ചു കൊണ്ടുപോകാൻ അദ്ദേഹത്തിന് സാധിച്ചു. ഇന്ത്യൻ ബൗദ്ധികതയുടെ ആശയാടിത്തറ ഉറപ്പിക്കുന്നതിൽ രാജാറാം മോഹൻ റോയിയും അദ്ദേഹം നയിച്ച ബ്രഹ്മസമാജവും വഹിച്ച പങ്ക് നിസ്തുലമാണ്. രാജാറാം മോഹൻ റോയിയുടെ പ്രവർത്തനങ്ങൾക്ക് മികച്ച തുടർച്ച നൽകിയ ഒന്നായിരുന്നു ഡറോസിയോയും അദ്ദേഹം നയിച്ച 'യംങ് ബംഗാൾ' എന്ന സംഘടനയും. രാജാറാം മോഹൻ റോയിയേക്കാൾ ആധുനിക വീക്ഷണമുള്ള ഡറോസിയോ സ്വതന്ത്രചിന്താഗതിക്കാരനായിരുന്നു. ''വളരെ തിളക്കമുള്ള ബുദ്ധിശക്തിയുടെ ഉടമയായ അദ്ദേഹം മഹത്തായ ഫ്രഞ്ചുവിപ്ലവത്തിൽനിന്ന് പ്രചോദനമുൾക്കൊണ്ടുകൊണ്ട് അക്കാലത്തെ ഏറ്റവും വിപ്ലവകരമായ വീക്ഷണങ്ങൾ കൈക്കൊണ്ടിരുന്നു.'' (ബിപൻചന്ദ്ര, 2014: 148). തികഞ്ഞ ദേശസ്നേഹിയും വിപ്ലവകാരിയുമായ ഡറോസിയോ ദേശസ്നേഹം ഉൾക്കൊണ്ടുകൊണ്ട് കവിതകൾ രചിച്ചിട്ടുണ്ട്. ഒരു പ്രസ്ഥാനം എന്നനിലയിൽ 'യംഗ് ബംഗാൾ' സാധാരണക്കാരിലേക്ക്

ഇറങ്ങിച്ചെല്ലുന്നതിൽ പരാജയപ്പെട്ടെങ്കിലും ഇന്ത്യൻ ബൗദ്ധികമണ്ഡലത്തിലെ ശ്രദ്ധേയമായ ഒന്നായിരുന്നു.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ഇന്ത്യയിൽ രൂപപ്പെട്ടു തുടങ്ങിയ ബൗദ്ധികമണ്ഡലം റാംമോഹൻ റോയിക്ക് ശേഷം ദേബേന്ദ്രനാഥ ടാഗൂറിലൂടെയും കേശവചന്ദ്രസെന്നിലൂടെയും വികസിച്ചു. 1839-ൽ സ്ഥാപിതമായ 'തത്വബോധിനി സഭ' ആശയപ്രചാരണത്തിനുള്ള ഉപാധിയായി. ഈശ്വരചന്ദ്ര വിദ്യാസാഗർ, അക്ഷയ്കുമാർ തുടങ്ങിയ ഉത്പതിഷ്ണുക്കൾ ഇതിന്റെ ഭാഗമായി പ്രവർത്തിച്ചവരാണ്. ഇന്ത്യൻ ബൗദ്ധികമണ്ഡലത്തിന്റെ രൂപപ്പെടലിൽ തത്വബോധിനി സഭയ്ക്കുള്ള പങ്ക് വിലയിരുത്തപ്പെട്ടിട്ടുണ്ട്. ''തത്വബോധിനി സഭയും അതിന്റെ പത്രമായ തത്വബോധിനി പത്രികയും ബംഗാളി ഭാഷയിൽ ഇന്ത്യയുടെ കഴിഞ്ഞകാലത്തെക്കുറിച്ച് ക്രമീകൃതമായ ഒരു പഠനം പ്രോത്സാഹിപ്പിച്ചു. ബംഗാളിലെ ബുദ്ധിജീവികൾക്കിടയിൽ യുക്തിചിന്താപരമായ ഒരു കാഴ്ചപ്പാട് വ്യാപിപ്പിക്കുന്നതിനും അത് സഹായിച്ചു'' (ബിപൻ ചന്ദ്ര, 2014: 150).

പത്തൊമ്പതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ബംഗാളിൽ ആരംഭിച്ച ആധുനിക ബൗദ്ധികപ്രക്രിയകൾ പിന്നീട് ഇന്ത്യയിലെ മറ്റു പ്രദേശങ്ങളിലേക്കും വ്യാപിക്കുകയുണ്ടായി. മുംബെയിൽ എം.ജി. റാനഡെ സ്ഥാപിച്ച 'പ്രാർത്ഥനാസമാജം' (1867) ദയാനന്ദ സരസ്വതിയുടെ 'ആര്യസമാജം'(1875) എന്നിവ ഹിന്ദുമതപരിഷ്കരണദൗത്യവുമായി മുന്നിട്ടിറങ്ങിയ സംഘടനകളാണ്. മദ്രാസിൽ പ്രവർത്തനമാരംഭിച്ച 'തിയോസഫിക്കൽ സൊസൈറ്റി' (ബ്രഹ്മവിദ്യ) സ്വാമി വിവേകാനന്ദന്റെ നേതൃത്വത്തിൽ സ്ഥാപിതമായ 'രാമകൃഷ്ണമിഷൻ' എന്നിവ മത-സാമൂഹ്യ പരിഷ്കരണദൗത്യം നിർവഹിച്ച പ്രസ്ഥാനങ്ങളാണ്.

### 1.7.1. കീഴാളബൗദ്ധികത

ഇന്ത്യൻ നവോത്ഥാനം എന്ന് വ്യവഹരിക്കപ്പെട്ടിരുന്ന പരിഷ്കരണസംരംഭ ങ്ങളെല്ലാം സമൂഹത്തിലെ സവർണ്ണരിൽനിന്നും ഉടലെടുത്തതും ആ വിഭാഗത്തിലു ള്ളവരുടെ പരിഷ്കരണത്തിന് മുൻതൂക്കം നൽകുന്നതുമായിരുന്നു. ജാതീയമായി നിലനിന്നിരുന്ന അനീതികൾ അബ്രാഹ്മണരും കീഴാളരുമുൾക്കൊള്ളുന്ന വലി യൊരു വിഭാഗത്തെ അസംതൃപ്തരാക്കിയിരുന്നു. സാമൂഹ്യവ്യവസ്ഥയുടെ രൂപീക രണവുമായി ബന്ധപ്പെട്ടുനിൽക്കുന്ന ഭൗതികമായ ചരിത്രസാഹചര്യങ്ങളാണ് അസമത്വത്തിന് കാരണമാകുന്നത്. ഈ വസ്തുതകളെ സൈദ്ധാന്തികതലത്തിൽ പഠിക്കാനോ വിലയിരുത്താനോ ഉള്ള ശ്രമങ്ങൾ അക്കാലത്തുണ്ടായില്ല. ജ്യോതിറാ വു ഫൂലെയുടെ നേതൃത്വത്തിലാണ് ശൂദ്രർക്കുവേണ്ടി സംഘടിതമായ ഒരു ശ്രമം ആരംഭിക്കുന്നത്. അബ്രാഹ്മണരുടെയും കീഴാളരുടെയും സാമൂഹികവും ജ്ഞാനപ രവുമായ അടിത്തറ രൂപപ്പെടുത്തിയെടുക്കാൻ രംഗത്തിറങ്ങിയ 'കീഴാളം' എന്ന് വിശേഷിപ്പിക്കാവുന്ന ഒരു ധൈഷണികധാരയെക്കൂടി ചേർത്തുവായിക്കുമ്പോഴേ ഇന്ത്യൻനവോത്ഥാനം പൂർണ്ണമാകുന്നുള്ളൂ.

ഇന്ത്യയിലെ അധ:കൃതർക്കുവേണ്ടിയുള്ള ആദ്യ സംഘടിതപ്രസ്ഥാനമായി അറിയപ്പെടുന്നത് മഹാരാഷ്ട്രയിലെ ജ്യോതിറാവു ഫൂലെയുടെ നേതൃത്വത്തിൽ ആരംഭിച്ച 'സത്യശോധക് സമാജ്'മാണ് (1873). സാമൂഹികാടിമത്തത്തിൽനിന്നും മോചനംനേടാൻ വിദ്യാഭ്യാസം അനിവാര്യമാണെന്ന് മനസ്സിലാക്കിയ ഫൂലെ അധ:കൃതരുടെ ഉന്നമനത്തിനായി വിദ്യാലയങ്ങൾ സ്ഥാപിക്കുകയുണ്ടായി. ബ്രാഹ്മ ണമേധാവിത്വത്തെയും വേദപ്രമാണങ്ങളെയും എതിർത്ത ഫൂലെ വൈദേശികാധി പത്യത്തേക്കാൾ ഇന്ത്യയെ ഗ്രസിച്ച വിപത്ത് ജാതീയതയാണെന്ന് മനസ്സിലാക്കി. കീഴാളരുടെ അനുഭവങ്ങൾ ആഖ്യാനം ചെയ്യപ്പെടേണ്ടതിന്റെ ആവശ്യകതയും ഫൂലെ വ്യക്തമാക്കിയിരുന്നു. ഇന്ത്യയിലാദ്യമായി സ്ത്രീകൾക്കുവേണ്ടി വിദ്യാലയം തുടങ്ങിയ ഫൂലെ അവശജനവിഭാഗങ്ങൾക്കായി പ്രവർത്തിച്ചു. സ്ത്രീകൾക്കും

കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾക്കെതിരെ ശബ്ദിച്ച അദ്ദേഹം തെരുവില ലയുന്ന കുഞ്ഞുങ്ങൾക്കായി അനാഥാലയവും സ്ഥാപിക്കുകയുണ്ടായി. ഇന്ത്യ യിലെ തന്നെ കീഴാളബൗദ്ധികധാരയിലെ പ്രഥമഗണനീയനാണ് അദ്ദേഹം.

തമിഴ്നാട്ടിലെ ദ്രാവിഡമുന്നേറ്റത്തിന്റെ പിതാവായി അറിയപ്പെടുന്ന വ്യക്തി യാണ് പെരിയാർ ഇ.വി രാമസ്വാമി നായ്ക്കർ. ജാതിവ്യവസ്ഥക്കും സവർണ്ണമേധാ വിത്വത്തിനുമെതിരെ പൊരുതിയ അദ്ദേഹം കീഴാളരുടെ മുന്നേറ്റത്തിനായി പ്രവർ ത്തിച്ചു. സ്വാഭിമാനപ്രസ്ഥാനം(1925) ഇത്തരത്തിൽ രൂപീകരിക്കപ്പെട്ട ഒന്നാണ്. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ഭാഗമായി നിന്നുകൊണ്ട് ദേശീയപ്രസ്ഥാന ത്തിലും സജീവമായിരുന്നെങ്കിലും പിന്നീട് കോൺഗ്രസ്സിൽനിന്ന് രാജിവെച്ച് 'ദ്രാവി ഡകഴകം' എന്ന സാമൂഹ്യസംഘടന രൂപീകരിച്ചു. വിഗ്രഹാരാധനയെ എതിർക്കു കയും പൂണൂൽ മുറിച്ച് സവർണാധിപത്യത്തെ ചോദ്യം ചെയ്യുകയും ചെയ്ത പെരി യാർ കീഴാളർക്കിടയിലെ ബൗദ്ധികനേതൃത്വം ആയിരുന്നു. പെരിയാർ-ഗാന്ധി സം വാദവും വൈക്കം സത്യഗ്രഹവുമായി ബന്ധപ്പെട്ട കേരളസന്ദർശനവുമെല്ലാം പെരി യാറിന്റെ ബൗദ്ധികജീവിതത്തെ കൂടുതൽ പ്രസക്തമാക്കുന്നു.

ഇന്ത്യയിലെ അടിസ്ഥാനവർഗ്ഗത്തിന്റെ നായകനായിരുന്നു ഡോ. ഭീംറാവു അംബേദ്കർ. നിയമജ്ഞനും പണ്ഡിതനും ഭരണശില്പിയും സാമ്പത്തികവിദഗ് ധനുമായിരുന്നു അദ്ദേഹം. ജാതിവ്യവസ്ഥക്കും തൊട്ടുകൂടായ്മക്കുമെതിരെ പോരാ ടിയ അദ്ദേഹം വിവധ മേഖലകളിൽ പാണ്ഡിത്യം തെളിയിച്ച വ്യക്തിയാണ്. ഉയർന്ന വിദ്യാഭ്യാസത്തിലൂടെ നേടിയെടുത്ത അംഗീകാരങ്ങൾ അടിച്ചമർത്തപ്പെട്ട സമൂഹങ്ങൾക്കു കൂടിയുള്ള അംഗീകാരമായിരുന്നു. ആധുനികമായ രാഷ്ട്രസങ്കൽ പ്പങ്ങൾക്കകത്തു നിന്നുകൊണ്ട് സൈദ്ധാന്തികസമീപനങ്ങളിലൂടെ പ്രശ്നങ്ങളെ അഭിമുഖീകരിക്കാൻ സാധിച്ചു എന്നതാണ് അംബേദ്കറെ വ്യതിരിക്തനാക്കുന്നത്. ബുദ്ധമതത്തിന്റെ പുനരുദ്ധാരണത്തിലൂടെ ജാതീയതയ്ക്കതീതമായ ഒരു സമത്വ സമൂഹത്തെയാണ് അംബേദ്കർ വിഭാവനചെയ്തത്. കീഴാളപക്ഷത്തുനിന്നും

ദേശീയ തലത്തിലേക്കുയർന്നുവന്ന ധൈഷണികരിൽ പ്രധാനിയായിരുന്നു അദ്ദേഹം.

ഇത്തരത്തിൽ സമൂഹത്തിലെ വിവിധ ധാരകളുടെയും മതസാമൂഹികപരിഷ്കരണവാദികളുടെയും പരിശ്രമങ്ങൾ തദ്ദേശീയമായി ഒതുങ്ങിയിരുന്ന ബുദ്ധിജീവിവിഭാഗങ്ങളെ പൊതുധാരയിലേക്ക് നയിക്കാൻ കാരണമായി. പാരമ്പര്യവിശ്വാസാചാരങ്ങൾ സാമൂഹിക അസമത്വങ്ങൾ എന്നിവക്കെതിരെ ഉയർന്നുവന്ന സംഘടിത പ്രവർത്തനങ്ങൾ ഒരു പൊതുസംവാദാന്തരീക്ഷം സൃഷ്ടിച്ചത് ധൈഷണികരുടെ ഏകീകരണത്തിന് കാരണമായി. സംഘടനകൾ, സമ്മേളനങ്ങൾ, പത്രങ്ങൾ, ആനുകാലികങ്ങൾ എന്നിവയിലൂടെ വ്യത്യസ്തധാരകളിലായി രൂപപ്പെട്ടുവന്ന അഭിപ്രായപ്രകടനങ്ങൾ ആധുനികതയുടെ സംവാദമണ്ഡലത്തെ ശക്തിപ്പെടുത്തി. സാമൂഹ്യപരിഷ്കരണ പ്രസ്ഥാനങ്ങളും പുതുതായി രൂപംകൊണ്ട വിദ്യാഭ്യാസസ്ഥാപനങ്ങളും പാരമ്പര്യവാദികളെയും ആധുനികരെയും ഏകീകരിക്കുന്നതിലേക്കും ഇന്ത്യയുടെ ബൗദ്ധികാടിത്തറ ശക്തിപ്പെടുത്തുന്നതിലേക്കും നയിച്ചു.

### 1.8. ഇന്ത്യൻ ധൈഷണികതയുടെ രൂപീകരണം

''ആധുനികം എന്ന അർത്ഥത്തിൽ ഇന്ത്യയിലെ പുതിയ ബുദ്ധിജീവി സമൂഹം രൂപപ്പെടുന്നത് പത്തൊമ്പതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ഇന്ത്യൻ സാംസ്കാരികമണ്ഡലത്തിൽ സംഭവിച്ച പ്രത്യയശാസ്ത്രസംഘർഷങ്ങളുമായി ബന്ധപ്പെട്ടാണ്'' (സജീവ്, പി.വി. 2014:46). പാരമ്പര്യവും പാശ്ചാത്യാശയങ്ങളും തമ്മിലുള്ള സംഘർഷം പത്തൊമ്പതാം നൂറ്റാണ്ടിന്റെ പ്രത്യേകതയായിരുന്നു. പാശ്ചാത്യമായ ആശയധാരകൾ പാരമ്പര്യത്തെ നവീകരിക്കാനുള്ള ഉപാധിയായും അതേസമയം പാശ്ചാത്യ ആശയങ്ങളെ എതിർക്കാനുള്ള മാനദണ്ഡമായും വർത്തിച്ചു. പാരമ്പര്യവും ആധുനികതയും തമ്മിലുണ്ടായ സംഘർഷമാണ് ഇന്ത്യയിൽ പുതിയൊരു ബൗദ്ധികാവസ്ഥ രൂപപ്പെടുത്തിയെടുക്കാൻ കാരണമായത് എന്ന് കെ. എൻ.പണിക്കരും രേഖപ്പെടുത്തിയിട്ടുണ്ട്. ''അധിനിവേശ ഇന്ത്യയുടെ ബൗദ്ധിക

ലോകത്തുണ്ടായ മാറ്റങ്ങളുടെ അടിത്തറ സംസ്കാര പ്രത്യയശാസ്ത്രസംഘർഷമായിരുന്നു (പണിക്കർ, കെ.എൻ. 2010:9). ഈ സംഘർഷം പ്രകടമായത് പാരമ്പര്യത്തിന്റെ പ്രത്യയശാസ്ത്ര അടിത്തറയോടും സാമ്രാജ്യത്വത്തിന്റെ സാംസ്കാരിക അധിനിവേശത്തോടുമായിരുന്നു. വൈദേശികമായ ആധിപത്യം പാരമ്പര്യ പ്രത്യയശാസ്ത്രത്തിന്റെ ദൗർബല്യം വ്യക്തമാക്കിയപ്പോൾ അധിനിവേശ ആശയങ്ങൾ തദ്ദേശീയരിൽ ആശങ്കകൾ സൃഷ്ടിക്കുകയാണ് ചെയ്തത്. പാരമ്പര്യത്തിന് അധിനിവേശത്തെ ഉൾക്കൊള്ളാനോ എതിർക്കാനോ സാധിച്ചില്ല. അതേസമയം അധിനിവേശമാകട്ടെ പാരമ്പര്യ സംസ്കൃതിയെ തുടച്ചുനീക്കാനാണ് ശ്രമിച്ചത്. ഇത്തരം ആന്തരികസംഘർഷങ്ങൾ ചിന്താശീലം കൊണ്ട് പ്രബലരായ ഒരു വിഭാഗത്തെ ഉണർത്തി. പുതിയ തരത്തിലുള്ള ബൗദ്ധികാവസ്ഥയുടെ രൂപപ്പെടലാണ് ഇതിലൂടെ സാധ്യമായത്.

അധിനിവേശഭരണത്തിന്റെ സാഹചര്യങ്ങളാണ് പ്രബലമായ ഒരു ധൈഷണികവിഭാഗത്തെ സൃഷ്ടിക്കാൻ കാരണമായതെങ്കിലും, പൊതുവായ സാമൂഹിക രാഷ്ട്രീയ വേദികളാണ് അവരെ ക്രിയാത്മകമാക്കിയത്. സാമൂഹികവും മതപരവുമായ നവീകരണപ്രക്രിയകളിൽ പങ്കാളികളായ ചെറുതും വലുതുമായ നിരവധി സംഘടനകൾ പ്രാദേശികതലത്തിൽ രൂപംകൊണ്ട കാലഘട്ടമാണ് പത്തൊമ്പതാം നൂറ്റാണ്ട്. അനേകം പൊതുപ്രശ്നങ്ങൾ ഇത്തരം സംഘടനകളുടെ സംവാദങ്ങളിലേക്ക് കടന്നുവരികയും ആശയമണ്ഡലത്തിലേക്ക് തനതായ സംഭാവനകളർപ്പിക്കാനുള്ള അവസരം ധൈഷണികർക്ക് കൈവരികയും ചെയ്തു. മതംമാറ്റ വിരുദ്ധ ഹരജി, വിഗ്രഹാരാധന വിരുദ്ധഹരജി, വിധവാവിവാഹനിയമം, സിവിൽവിവാഹനിയമം തുടങ്ങിയ പ്രശ്നങ്ങൾ പൊതുസംവാദങ്ങൾക്കും ചർച്ചകൾക്കും വഴിവെച്ചു. ഇത്തരം ചെറുസംഘങ്ങളും സംഘടനകളും പ്രാദേശികവും തദ്ദേശീയവുമായ ബുദ്ധിജീവിസമൂഹങ്ങളായി പരിണമിക്കുകയുണ്ടായി. വിദ്യാഭ്യാസസ്ഥാപനങ്ങളുടെയും ലൈബ്രറികളുടെയും വ്യാപനം ധിഷണാപരമായ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനും കൈമാറുന്നതിനുമുള്ള വേദിയായി മാറി.

സാമൂഹ്യ-സാംസ്കാരികപ്രശ്നങ്ങളുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന പ്രക്ഷോഭങ്ങളാണ് ബുദ്ധിജീവികളുടെ രൂപീകരണത്തിൽ പ്രധാന പങ്കുവഹിച്ചത്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ബംഗാളിൽ സതി നിരോധിക്കുന്നതുമായി ബന്ധപ്പെട്ടുണ്ടായ സംവാദങ്ങളാണ് ഇന്ത്യയിൽ ഒരു ദേശീയബുദ്ധിജീവി വിഭാഗത്തിന്റെ ഉദയത്തിന് കാരണമായത് എന്ന് കെ.എൻ.പണിക്കർ നിരീക്ഷിക്കുന്നുണ്ട് (പണിക്കർ, കെ.എൻ. 2010:12). രാജാറാം മോഹൻ റോയ്, രാധാകാന്തദേബ് എന്നീ രണ്ട് ബുദ്ധിജീവികൾ ഈ സംവാദത്തിലൂടെയാണ് സവിശേഷശ്രദ്ധ നേടുന്നത്. ഹിന്ദുമതത്തെയും സമുദായത്തെയും പാശ്ചാത്യരീതിയിൽ പരിഷ്കരിക്കുക എന്നതായിരുന്നു രാജാറാം മോഹൻ റോയിയുടെ ലക്ഷ്യം. എന്നാൽ പാരമ്പര്യത്തെ പിന്തുണച്ചുകൊണ്ട് പാശ്ചാത്യവത്കരണത്തെ എതിർക്കുകയാണ് രാധാകാന്ത് ദേബ് ചെയ്തത്. അതുകൊണ്ടുതന്നെ ദേബ് പൊതുസമൂഹത്തിന് സ്വീകാര്യനായി. വ്യത്യസ്തവീക്ഷണങ്ങളുടെ വക്താക്കൾ ഒരു പൊതുവേദിയിൽ സംഗമിച്ചുണ്ടായ സംവാദം ബംഗാളിനെ ഇന്ത്യയുടെ ധൈഷണികചരിത്രത്തിൽ അടയാളപ്പെടുത്തുന്നതിലേക്ക് നയിച്ചു. സതിയുമായി ബന്ധപ്പെട്ട് രൂപംകൊണ്ട പ്രക്ഷോഭങ്ങളും സംവാദങ്ങളും ആദ്യകാലത്ത് ബംഗാളിൽ മാത്രം ഒതുങ്ങിനിന്നെങ്കിലും പിൽക്കാലത്ത് ഇന്ത്യൻസമൂഹത്തിലെ ബുദ്ധിജീവികളെ ഒന്നടങ്കം സ്വാധീനിക്കുകയുണ്ടായി. പാശ്ചാത്യമായ ആധുനിക ചിന്താധാരകൾ നമ്മുടെ സമൂഹത്തിന്റെ ബൗദ്ധികമണ്ഡലത്തെ രൂപീകരിക്കുകയും നിർണ്ണയിക്കുകയും ചെയ്തു. അതോടൊപ്പം പാരമ്പര്യബോധങ്ങളും ഈ പ്രക്രിയക്ക് ആക്കം കൂട്ടിയിട്ടുണ്ട്.

### 1.8.1. ദേശീയപ്രസ്ഥാനം-ധൈഷണികതയുടെ വികാസം

പത്തൊമ്പതാം നൂറ്റാണ്ടിൽ ഇന്ത്യയിൽ സംജാതമായ ബൗദ്ധികവും സാംസ്കാരികവുമായ പ്രത്യയശാസ്ത്രസംഘർഷങ്ങളുമായി ബന്ധപ്പെട്ടുകൊണ്ടാണ് പ്രബലമായ ഒരു ബുദ്ധിജീവിവർഗ്ഗം ഇവിടെ രൂപംകൊള്ളുന്നത്. പാശ്ചാത്യവത്കരണത്തിന്റെ സംഘർഷഭൂമികയിലാണ് അത് ഉരുവംകൊള്ളുന്നതെങ്കിലും

ഒരു ക്രിയാത്മകസമൂഹമായി രൂപാന്തരപ്പെടുന്നത്, പൊതുവായി പങ്കുവെക്കപ്പെട്ട രാഷ്ട്രീയ-സാമൂഹിക പ്രവർത്തനങ്ങളിലൂടെയാണ്. ''ദേശീയസ്വാതന്ത്ര്യസമരത്തിന്റെ രാഷ്ട്രീയമുഖം ഏറ്റവും ക്രിയാത്മകമായ കാലത്തു മാത്രമാണ് ഈ സമൂഹത്തിനുള്ളിലെ പരസ്പരബന്ധങ്ങൾ മുഴുവനായും ഉറച്ചത്''(പണിക്കർ, കെ.എൻ. 2010:10) എന്ന് കെ. എൻ. പണിക്കർ നിരീക്ഷിക്കുന്നുണ്ട്.

1885-ലാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസ് രൂപംകൊള്ളുന്നത്. വൈദേശികാധിപത്യത്തിന്റെ വെല്ലുവിളികളെ നേരിടുക എന്നതായിരുന്നു ഇന്ത്യൻ നാഷണൽ കോൺഗ്രസ് രൂപീകൃതമായതിന്റെ മുഖ്യലക്ഷ്യം. ഇന്ത്യൻ ജനതയുടെ താത്പര്യങ്ങളും ബ്രിട്ടീഷ് താത്പര്യങ്ങളും തമ്മിൽ പലപ്പോഴും സംഘർഷത്തിലായി. ബ്രിട്ടീഷ് താത്പര്യങ്ങൾ ഇന്ത്യക്കാരിൽ അടിച്ചേൽപ്പിക്കാനുള്ള ശ്രമങ്ങൾ അംഗീകരിക്കേണ്ടി വന്നെങ്കിലും അവർ തങ്ങളുടെ സ്വാതന്ത്ര്യത്തെയും താത്പര്യങ്ങളെയും ബോധപൂർവ്വം അവഗണിക്കുന്നു എന്നത് ഇന്ത്യക്കാർ സാവകാശം മനസ്സിലാക്കി. സാമ്പത്തികപിന്നാക്കാവസ്ഥയുടെ ഒരു പ്രധാന കാരണം അടിമത്തമാണ് എന്നും തിരിച്ചറിഞ്ഞു. ഇത്തരം തിരിച്ചറിവുകളുടെ പരിണതഫലമായിരുന്നു ഇന്ത്യൻ ദേശീയപ്രസ്ഥാനത്തിന്റെ ഉദയം.

വിദേശമുതലാളിമാരോടുള്ള ബ്രിട്ടീഷ് ഗവൺമെന്റിന്റെ ഉദാരനയം, സംഘടിതരായ ഇന്ത്യൻ സമൂഹത്തെ അധികാരമുപയോഗിച്ച് കീഴ്പ്പെടുത്തൽ തുടങ്ങിയ നയങ്ങൾ ഇന്ത്യയിലെ ഉയർന്നുവരുന്ന ബുദ്ധിജീവിവിഭാഗത്തെ അസംതൃപ്തരാക്കി. രാജ്യത്തെ ആധുനികവത്കരിക്കാനും വ്യവസായവത്കരിക്കാനും ബ്രിട്ടീഷ് ഭരണം സഹായിക്കുമെന്ന് ഉറച്ചു വിശ്വസിക്കുന്നവർപോലും തങ്ങളുടെ ധാരണകളെ തിരുത്തി. വ്യക്തിസ്വാതന്ത്ര്യത്തെയും ആവിഷ്കാരസ്വാതന്ത്ര്യത്തെയും തടയാനും തങ്ങളുടെ പരിധികൾക്കുള്ളിലാക്കാനുമുള്ള ആസൂത്രിതമായ ശ്രമങ്ങളാണ് നടപ്പിലാക്കിയത്. ഗവൺമെന്റിന്റെ ജനദ്രോഹനയങ്ങൾക്കെതിരെ പ്രതികരിക്കാനുള്ള മികച്ചവേദി എന്നനിലയിൽ പല വിഭാഗങ്ങളിൽനിന്നുമുള്ള

അസംതൃപ്തരായ വ്യക്തികൾ ദേശീയപ്രസ്ഥാനത്തിന്റെ കീഴിൽ അണിനിരന്നു. വംശാധിപത്യത്തിന്റെയും വിവേചനത്തിന്റെയും നയങ്ങൾ ആത്മാഭിമാനമുള്ള ഇന്ത്യക്കാരെ ഉണർത്തി. ദേശസ്നേഹത്തിന്റെ സന്ദേശം ജനങ്ങളിൽ അതിവേഗം പടർന്നുപിടിച്ചു. ''വിദേശ സാമ്രാജ്യത്തിന്റെ സഹജമായ സ്വഭാവത്തിന്റെയും ഇന്ത്യൻ ജനജീവിതത്തിൽ അതുളവാക്കിയ അപകടകരമായ സ്വാധീനത്തിന്റെയും ഫലമായി ശക്തമായ ഒരു സാമ്രാജ്യത്വവിരുദ്ധപ്രസ്ഥാനം ക്രമേണ ഉയർന്നുവരികയും വളർച്ച പ്രാപിക്കുകയും ചെയ്തു. ഈ പ്രസ്ഥാനം ഒരു ദേശീയപ്രസ്ഥാനമായിരുന്നു'' (ബിപൻചന്ദ്ര, 2014: 220) എന്ന് ബിപൻ ചന്ദ്ര രേഖപ്പെടുത്തിയിട്ടുണ്ട്. സമൂഹത്തിന്റെ വിവിധതട്ടിലുള്ളവർ തങ്ങൾ നേരിട്ടുകൊണ്ടിരിക്കുന്ന പ്രതിബന്ധങ്ങളെ തകർത്തെറിയാൻ ഒരുമിച്ചുനിന്നു എന്നിടത്താണ് ദേശീയപ്രസ്ഥാനത്തിന്റെ പ്രസക്തി സമ്പൂർണ്ണമാവുന്നത്.

പാശ്ചാത്യവിദ്യാഭ്യാസം ദേശീയവികാരത്തിന്റെയും ദേശീയപ്രസ്ഥാനത്തിന്റെയും വളർച്ചക്ക് ഗണ്യമായ സംഭാവനകൾ നൽകിയിട്ടുണ്ട്. ലോകസംഭവങ്ങളും പ്രത്യയശാസ്ത്രങ്ങളും ഉൾക്കൊള്ളാനും പ്രചരിപ്പിക്കാനുമുള്ള മാധ്യമമായി ഇംഗ്ലീഷ് ഭാഷ മാറി. ഇത് വിദ്യാസമ്പന്നരായ ഇന്ത്യക്കാരുടെ കാഴ്ചപ്പാടുകളിൽ ഏകത്വം സൃഷ്ടിച്ചു. യുക്ത്യധിഷ്ഠിതവും മതേതരവും ജനാധിപത്യപരവും ദേശീയവുമായ രാഷ്ട്രീയവീക്ഷണങ്ങളുമായി സമ്പർക്കത്തിലേർപ്പെടാൻ പ്രബലരായവരെ പാശ്ചാത്യവിദ്യാഭ്യാസം സഹായിച്ചു. ദേശീയപ്രസ്ഥാനവുമായി ബന്ധപ്പെട്ടു പ്രവർത്തിച്ച ഇന്ത്യൻ ധൈഷണികരെ യൂറോപ്യൻ രാജ്യങ്ങളിലെ ദേശീയ പ്രസ്ഥാനം പ്രചോദിപ്പിച്ചതായി ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. ''റൂസ്സോ, തോമസ്, ഷെയ്ൻ, ജെ.എസ്.മിൽ തുടങ്ങിയ പാശ്ചാത്യചിന്തകർ അവരുടെ മാർഗ്ഗദർശികളായി. ഇംഗ്ലീഷ്വിപ്ലവം, അമേരിക്കൻസ്വാതന്ത്ര്യസമരം, ഫ്രഞ്ചുവിപ്ലവം എന്നിവ ഇന്ത്യയിലെ മധ്യവർഗ്ഗബുദ്ധിജീവികളെ ഗണനീയമായി സ്വാധീനിച്ചു.'' (വേണു, പി. 2004: 129). പതിനെട്ടാംനൂറ്റാണ്ടിലെ യൂറോപ്പിന്റെ ആശയങ്ങളും മസിനി, ഗ്യാരിബാൾഡി തുടങ്ങിയ ഇറ്റാലിയൻ ദേശീയനേതാക്കളുടെ ചിന്തകളും ദേശീയ പ്ര

സ്ഥാനവുമായി ബന്ധപ്പെട്ട ഇന്ത്യൻ ധൈഷണികരുടെ വളർച്ചക്കും വികാസ ത്തിനും കാരണമായി. ഇന്ത്യൻ ദേശീയപ്രസ്ഥാനത്തെ ജനകീയമാർഗത്തിലേക്ക് നയിക്കാനുള്ള പ്രേരണ പരോക്ഷമായിട്ടാണെങ്കിലും സാധ്യമാക്കിയത് ആധുനിക വിദ്യാഭ്യാസമായിരുന്നു എന്ന തത്വം എ.ആർ.ദേശായ് അംഗീകരിക്കുന്നു. ''ആധു നികവിദ്യാഭ്യാസത്തിന്റെ സഹായത്തോടുകൂടി പാശ്ചാത്യ ജനാധിപത്യാശയങ്ങ ളുടെ സാത്മീകരണം പല ദേശീയനേതാക്കന്മാരെയും ദേശീയപ്രസ്ഥാനത്തിന് ജനകീയരൂപവും ലക്ഷ്യവും കൊടുക്കുന്നതിന്ന് പ്രേരിപ്പിച്ചുവെന്ന വസ്തുത അംഗീകരിച്ചേ പറ്റൂ (ദേശായ്, എ.ആർ. 1989:201).

ആധുനിക ഇന്ത്യൻ ബുദ്ധിജീവിവർഗ്ഗത്തിന്റെ വളർച്ചയും വികാസവും ചരി ത്രാന്വേഷണങ്ങൾക്ക് വിധേയമാക്കിയ എ.ആർ.ദേശായ് ഇന്ത്യൻ ദേശീയതയുടെ ചരിത്രത്തിൽ ധൈഷണികർ വഹിച്ച പങ്ക് വ്യക്തമാക്കിയിട്ടുണ്ട്. ''ഒരു വലിയ അള വോളം അവർ ഇന്ത്യയിലെ ജനങ്ങളെ ഒരു ആധുനിക രാഷ്ട്രമായി ഉദ്ഗ്രഥനം ചെയ്യുകയും രാജ്യത്ത് പുരോഗമനപരമായ പല സാമൂഹ്യപരിഷ്കാരപ്രസ്ഥാന ങ്ങളും മതപരിഷ്കാരപ്രസ്ഥാനങ്ങളും സംഘടിപ്പിക്കുകയും ചെയ്തു. അവരായി രുന്നു രാഷ്ട്രീയവും ദേശീയവുമായ എല്ലാ പ്രസ്ഥാനങ്ങളുടെയും മാർഗദർശിക ളും സംഘാടകരും നേതാക്കളും. വിദ്യാഭ്യാസപരവും പ്രചരണപരവുമായ പ്രവർത്തനങ്ങളിൽ വലിയ ത്യാഗങ്ങളും യാതനകളും ഉൾപ്പെട്ടിരുന്നുവെങ്കിലും അവർ ദേശീയതയുടെയും സ്വാതന്ത്ര്യത്തിന്റെയും ആശയങ്ങൾ ഇന്ത്യയിലെ ഭൂരി പക്ഷം ജനവിഭാഗങ്ങളിലേക്കും എത്തിച്ചു. ജനാധിപത്യത്തിന്റെയും ദേശീയബോ ധത്തിന്റെയും സത്ത അവരിൽ കുത്തിവയ്ക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടി അവർ പ്രാദേശികസാഹിത്യങ്ങളും സംസ്കാരങ്ങളും സൃഷ്ടിച്ചു. അവർ വലിയ ശാസ്ത്ര ജ്ഞന്മാർ, കവികൾ, ചരിത്രകാരന്മാർ, സാമൂഹ്യശാസ്ത്രജ്ഞന്മാർ, സാഹിത്യകാര ന്മാർ, തത്വചിന്തകന്മാർ, ധനശാസ്ത്രജ്ഞൻമാർ എന്നിവരെയും വാർത്തെടുത്തു. യഥാർത്ഥത്തിൽ ആധുനിക പാശ്ചാത്യജനകീയസംസ്കാരം സാത്മീകരിക്കുകയും നവോദ്ഭൂതമായ ഇന്ത്യൻരാഷ്ട്രത്തിന്റെ സങ്കീർണ്ണപ്രശ്നങ്ങൾ മനസ്സിലാക്കുകയും

ചെയ്തിരുന്ന പുരോഗമനവാദികളായ ബുദ്ധിജീവികളായിരുന്നു ആധുനിക ഇന്ത്യ യുടെ സൃഷ്ടാക്കൾ'' (ദേശായ്, എ.ആർ. 1989:249).

ഇന്ത്യയിൽ രൂപപ്പെട്ടുവന്ന പുതിയ സാമൂഹ്യവിഭാഗമായ ഈ ചിന്തകർ ദേശീയപ്രസ്ഥാനത്തിന്റെ കാലത്തും പിൽക്കാലത്തും വികാസംപ്രാപിച്ചു. ദേശീയ പ്രസ്ഥാനത്തിന്റെ ഓരോ ഘട്ടത്തിലും പ്രത്യയശാസ്ത്രപരമായി അതിനെ നയിച്ചി രുന്നത് ബുദ്ധിജീവികളുടേതായ ഈ വിഭാഗമായിരുന്നു. മിതവാദികളുടെ കാലത്ത് ദേശീയപ്രസ്ഥാനത്തെ നയിച്ചിരുന്നത് ആധുനിക വിദ്യാഭ്യാസത്തിലൂടെ പ്രബുദ്ധ രായ ഗോപാലകൃഷ്ണ ഗോഖലെ, ദാദാബായ് നവറോജി, എസ്.ബാനർജി, എം.ജി റാനഡെ തുടങ്ങിയ ബുദ്ധിജീവികളായിരുന്നു. വിപ്ലവാത്മകമായ അതിന്റെ പരിണാ മഘട്ടത്തെ പ്രതിനിധാനം ചെയ്തത് ആധുനികബുദ്ധിജീവി വിഭാഗത്തിൽ ഉൾപ്പെട്ട ബാലഗംഗാധര തിലകൻ, ബി.സി.പാൽ, അരവിന്ദഘോഷ്, ലാലാ ല ജ്പത്റായ് തുടങ്ങിയവരായിരുന്നു. 1918-കൾക്കുശേഷം ദേശീയപ്രസ്ഥാനം ബഹു ജനാടിസ്ഥാനത്തിൽ വിശാലമായപ്പോൾ ഗാന്ധി, നെഹ്റു, സി.രാജഗോപാലാചാ രി, രാജേന്ദ്രപ്രസാദ്, സുഭാഷ് ചന്ദ്രബോസ് തുടങ്ങിയ ബുദ്ധിജീവികളും സോഷ്യ ലിസ്റ്റ് കമ്മ്യൂണിസ്റ്റ് ബുദ്ധിജീവികളുമായിരുന്നു അതിന്റെ നേതൃത്വം വഹിച്ചിരുന്ന ത്.

**1.8.1.1. ദേശീയതയും പത്രങ്ങളും**

ആധുനികസമൂഹത്തിൽ പത്രങ്ങൾ പ്രബലമായ ഒരു സാമൂഹികസ്ഥാപന ത്തെയാണ് പ്രതിനിധീകരിക്കുന്നത്. ആധുനികവും ശാസ്ത്രീയവുമായ ചിന്താരീ തികൾ വളർത്തിയെടുക്കുന്നതിനും രാഷ്ട്രം, സമുദായം, സംസ്കാരം എന്നിവ സംഘടിതമാക്കുന്നതിനും പത്രങ്ങൾ വഹിച്ച പങ്ക് നിസ്തുലമാണ്. ബ്രിട്ടീഷു കാർക്ക് മുമ്പും ഇന്ത്യയിൽ അച്ചടിശാലകളുണ്ടായിരുന്നെങ്കിലും അവ മതപരമായ ഗ്രന്ഥങ്ങളുടെ പരിധിയിൽ ഒതുങ്ങിനിന്നു "പത്രങ്ങൾ ജനങ്ങളുടെ ജീവിതത്തിൽ സ്വാധീനം ചെലുത്തത്തക്കവണ്ണമുള്ള ഒരു യഥാർത്ഥ സാമൂഹ്യശക്തിയായത്

പത്തൊമ്പതാം നൂറ്റാണ്ടിലെ ആദ്യപാദത്തിൽ മാത്രമാണ്'' (ദേശായ് എ.ആർ 1989: 282). ദേശീയബോധവുമായി ബന്ധപ്പെട്ടുകൊണ്ട് പുറത്തിറങ്ങിയ പത്രങ്ങളാണ് സമൂഹത്തിന് ഉണർവ്വും ഊർജ്ജവും നൽകിയത്. വളർന്നുകൊണ്ടിരിക്കുന്ന ധൈഷണികർക്ക് അവരുടെ ബൗദ്ധികമേഖലയെ ദൃഢീകരിക്കാൻ പത്രങ്ങളും ആനുകാലികങ്ങളും സഹായകമായി. അവരുടെ ബൗദ്ധിക പ്രവർത്തനങ്ങൾക്കുള്ള മികച്ച ഒരായുധവും കൂടിയായിരുന്നു പത്രങ്ങൾ. സാമാന്യജനങ്ങളിൽ സാമൂഹിക തിന്മകൾക്കെതിരെ അവബോധമുണ്ടാക്കുന്നതിനും അവരെ പ്രബുദ്ധരാക്കുന്നതിനും അധികാരശക്തികൾക്കെതിരെ പ്രതികരിക്കുന്നതിനും പത്രങ്ങൾ ചിന്തകന്മാർക്കുള്ള ആയുധമായി. ദേശീയപ്രസ്ഥാനവുമായി ബന്ധപ്പെട്ടു പ്രവർത്തിച്ച പത്രങ്ങൾ ആ കാലഘട്ടത്തിന്റെ ദൗത്യം ഏറെക്കുറെ നിർവ്വഹിച്ചതായി ബിപൻ ചന്ദ്ര രേഖപ്പെടുത്തിയിട്ടുണ്ട്. "അനേകം ദേശീയവർത്തമാനപത്രങ്ങൾ പത്തൊമ്പതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ പ്രത്യക്ഷപ്പെട്ടു. അവയുടെ പംക്തികളിലൂടെ ഔദ്യോഗികനയങ്ങൾ നിരന്തരം വിമർശിക്കപ്പെട്ടു. ഇന്ത്യക്കാരുടെ കാഴ്ചപ്പാട് മുന്നോട്ടുവെച്ചു. ദേശീയക്ഷേമത്തിനായി ഒന്നിക്കാനും പ്രവർത്തിക്കാനും ജനങ്ങളോട് ആവശ്യപ്പെട്ടു. ജനങ്ങളുടെ ഇടയിൽ സ്വയംഭരണം, ജനാധിപത്യം, വ്യവസായവത്കരണം എന്നിങ്ങനെയുള്ള ആശയങ്ങൾ പ്രചരിപ്പിച്ചു. രാജ്യത്തിന്റെ വ്യത്യസ്ത ഭാഗങ്ങളിൽ ജീവിക്കുന്ന ദേശീയപ്രസ്ഥാനത്തിന്റെ പ്രവർത്തകർക്ക് പരസ്പരം അഭിപ്രായങ്ങൾ കൈമാറ്റം ചെയ്യാനും പത്രങ്ങൾ സഹായിച്ചു'' (ബിപൻചന്ദ്ര, 2014: 222). ഇത്തരത്തിൽ കൽക്കത്തയിൽനിന്നും ബോംബെയിൽനിന്നും ഇറങ്ങുന്ന പത്രങ്ങൾ ബുദ്ധിജീവികളുടെ ഏകീകരണത്തിനുള്ള കേന്ദ്രങ്ങളായി എന്ന് ചരിത്രകാരന്മാർ നിരീക്ഷിച്ചിട്ടുണ്ട്.

ഇംഗ്ലീഷിലും തദ്ദേശീയഭാഷകളിലുമായി ദേശീയവീക്ഷണമുള്ള ധാരാളം പത്രങ്ങൾ ഇക്കാലത്ത് നിലവിൽവന്നു. ഇന്ത്യയിലെ ദേശീയപത്രത്തിന്റെ സ്ഥാപകനായി കാണുന്നത് രാജാറാം മോഹൻറോയിയെ ആണ്. ''അദ്ദേഹത്തിനു മുമ്പു

തന്നെ ഏതാനും പത്രങ്ങൾ ആരംഭിച്ചിട്ടുണ്ടായിരുന്നെങ്കിലും 1821-ൽ ബംഗാളി യിൽ പ്രസിദ്ധപ്പെടുത്തിയ 'സമ്പദ് കൗമുദിയും' 1822-ൽ പേർഷ്യൻഭാഷയിൽ പ്രസിദ്ധപ്പെടുത്തിയ 'മിറാത്തുൽ അക്ബറും' ആയിരുന്നു ദേശീയവും ജനാധിപ ത്യപരവുമായ ആദ്യത്തെ പ്രസിദ്ധീകരണങ്ങൾ'' (ദേശായ്, എ.ആർ. 1989:283). ശക്തമായ ദേശീയാഭിപ്രായങ്ങൾ പ്രചരിപ്പിച്ച പത്രമായിരുന്നു 'അമൃതബസാർ പത്രിക'. ബംഗാളിൽനിന്ന് ഘോഷ് സഹോദരന്മാർ മോത്തിലാൽ തുടങ്ങി മറ്റ നേകം പേരുടെ ശ്രമഫലമായി പുറത്തുവന്ന ഒരു ആംഗ്ലോ- ഇന്ത്യൻ വാരികയായി രുന്ന ഇത്, 1891-ൽ ഇംഗ്ലീഷ് ദിനപത്രമായി. ഏറ്റവുമധികം ജനസമ്മതി നേടിയ ഒന്നായിരുന്നു ഈ പത്രം. സമുന്നതമായ ആശയങ്ങൾ ജനങ്ങളിലെത്തിക്കാനുള്ള മികച്ച മാധ്യമമായി പത്രങ്ങൾ മാറി. ഈശ്വരചന്ദ്ര വിദ്യാസാഗറിന്റെ നേതൃത്വ ത്തിൽ ബംഗാളിൽനിന്നും ഇറങ്ങിയ 'സോമപ്രകാശ്' (1888) നീലം കർഷകരുടെ താത്പര്യങ്ങൾക്കുവേണ്ടി വാദിച്ചു. ഇന്ത്യൻ മിറർ, ബംഗാളി, കേരളപത്രിക, ട്രിബ്യൂൺ, കോഹിനൂർ, മറാത്ത, ആന്ധ്രപ്രകാശി, സ്വദേശി മിത്രം തുടങ്ങിയ പത്ര ങ്ങൾ ബുദ്ധിജീവികളുടെ ആശയലോകങ്ങൾ വിപുലമാക്കുന്നതിനും സമൂഹത്തെ ഉത്ബുദ്ധമാക്കുന്നതിനും സഹായകമായി.

1889-കൾക്കു ശേഷം വിപ്ലവകരമായ ദേശീയവികാരവും ആശയവും പ്രചരി പ്പിച്ച പത്രങ്ങളാണ് ബാലഗംഗാധര തിലകന്റെ 'കേസരി'യും 'മറാത്ത' യും. കേസ രിയിൽ എഴുതിയ വിപ്ലവാത്മക ലേഖനങ്ങൾ തിലകന്റെ ജയിൽശിക്ഷക്ക് കാരണ മായിട്ടുണ്ട്. 'യുഗന്തർ', 'വന്ദേമാതരം' തുടങ്ങിയ പത്രങ്ങൾ സാമൂഹ്യ ഉന്നമനത്തി നായി യത്നിച്ചവയാണ്. പിൽക്കാലത്ത് ഭാരതീയവും വൈദേശികവുമായ ധാരാളം പത്രങ്ങൾ രംഗത്തുവന്നു. ദേശീയപ്രബുദ്ധതയോടൊപ്പം സാമൂഹ്യപരിഷ്കര ണവും ഈ പത്രങ്ങളുടെ ദൗത്യമായിരുന്നു.

രാഷ്ട്രീയനയങ്ങളും പ്രക്ഷോഭമാർഗ്ഗങ്ങളും പ്രചരിപ്പിക്കുന്നതിനും വിശാല മായ ജനകീയസംഘടനകളുടെ ഏകീകരണത്തിനുമുള്ള ഉപാധിയായിരുന്നു പത്ര

ങ്ങൾ. ആശയവിനിമയത്തിലെ സുതാര്യത പ്രാദേശിക ജനവിഭാഗങ്ങളുടെ സാമൂഹ്യവും ബുദ്ധിപരവുമായ സമ്പർക്കത്തെ ത്വരിതപ്പെടുത്തി. പത്രപ്രവർത്തനത്തിലൂടെ പ്രാദേശികസാഹിത്യവും സംസ്കാരവും വികസിച്ചുവന്നു. പ്രബലരായ ബുദ്ധിജീവികൾക്ക് ആവിഷ്കാരത്തിനുള്ള സ്വതന്ത്രപാത പത്രങ്ങളിലൂടെയും ആനുകാലികങ്ങളിലൂടെയും തുറന്നുകിട്ടി. സാമൂഹ്യതിന്മകൾ പൊതുബോധത്തിലെത്തിക്കുന്നതിനും ജനാധിപത്യാശയങ്ങൾ പ്രചരിപ്പിക്കുന്നതിനും പത്രങ്ങൾക്ക് സാധിച്ചു. ചർച്ചകളും സംവാദങ്ങളുമടങ്ങുന്ന പൊതുമണ്ഡലത്തിന്റെ വേദി രൂപീകരിക്കാൻ സാധ്യമായത് ശ്രദ്ധേയമായ നേട്ടമാണ്. അന്തർദേശീയരംഗത്തുള്ള സംഭവവികാസങ്ങളെ അറിയാനും ലോകവീക്ഷണം വളർത്തുന്നതിനുമുള്ള അവസരങ്ങൾ സൃഷ്ടിച്ചത് പുരോഗമനത്തിലേക്ക് നയിച്ചു. പത്രമാസികകൾ നൽകിയ പ്രചോദനവും സ്വാധീനവും ആദ്യകാല ധൈഷണികരുടെയും അവരുടെ ധൈഷണികപ്രവർത്തനങ്ങളുടെയും അടിത്തറ ദൃഢീകരിക്കാൻ കാരണമായി.

#### 1.8.1.2. ദേശീയതയും സാഹിത്യവും

പത്തൊമ്പതാം നൂറ്റാണ്ടിൽ സംഭവിച്ച സാമൂഹികമായ ഉണർവ്വിന്റെ പ്രതിഫലനങ്ങൾ സാംസ്കാരികമേഖലയെ സജീവമാക്കി. സാഹിത്യം, കല, ശാസ്ത്രം എന്നീ മേഖലകളിലെ വളർച്ച ആശാവഹമായിരുന്നു. പ്രാദേശികഭാഷകൾക്ക് പ്രാധാന്യം കൈവന്നതോടുകൂടി രാജ്യത്ത് ദേശീയമായ ഉണർവ്വ് സംജാതമായി. ക്രിസ്ത്യൻ മിഷണറിമാരുടെ പ്രവർത്തനങ്ങൾ ഈ പ്രക്രിയകൾക്ക് ആക്കം കൂട്ടി. പത്രങ്ങളുടെയും ആനുകാലിക പ്രസിദ്ധീകരണങ്ങളുടെയും എണ്ണത്തിൽ ഇക്കാലത്ത് വർധനവുണ്ടായി.

സാഹിത്യരംഗത്ത് പ്രകടമായ മാറ്റങ്ങളിൽ ഇന്ത്യയുടെ ദേശീയമായ ഏകീകരണത്തിന്റെ പ്രതിഫലനങ്ങളുണ്ടായിരുന്നു. നവോത്ഥാന പരിഷ്കരണപ്രവർത്തനങ്ങളുടെ കേന്ദ്രമായി വർത്തിച്ച ബംഗാളിൽനിന്നു തന്നെയായിരുന്നു സാഹിത്യരംഗത്തെ നവോത്ഥാനത്തിനും തുടക്കം കുറിച്ചത്. വിശ്വമഹാകവിയായ രവീന്ദ്ര

നാഥ ടാഗൂർ ഇന്ത്യൻ നവോത്ഥാനസാഹിത്യത്തിന് ഉദാത്തമായ സംഭാവനകൾ നൽകിയിട്ടുണ്ട്. തന്റെ കൃതികളിലൂടെ ഇന്ത്യൻ ജനതയുടെ ദേശീയവികാരങ്ങളുണർത്താൻ അദ്ദേഹത്തിന് സാധിച്ചു.

ബംഗാളികവിയും നോവലിസ്റ്റും പത്രപ്രവർത്തകനുമായിരുന്നു ബങ്കിംഗ് ചന്ദ്ര ചാറ്റർജി (1838-1894). ഇന്ത്യയുടെ ദേശീയഗീതമായ വന്ദേമാതരത്തിന്റെ രചയിതാവാണ്. 'ആനന്ദമഠം' എന്ന ബംഗാളി നോവലാണ് അദ്ദേഹത്തെ പ്രശസ്തനാക്കിയത്. പതിനെട്ടാം നൂറ്റാണ്ടിന്റെ ഒടുവിൽ ബംഗാളിൽ നടന്ന സന്യാസികലാപത്തിന്റെ പശ്ചാത്തലത്തിൽ എഴുതപ്പെട്ട ഈ കൃതി ഏറെ ചർച്ചചെയ്യപ്പെട്ടിട്ടുണ്ട്. ഇന്ത്യയുടെ സ്വാതന്ത്ര്യസമരപ്രവർത്തകർക്ക് ആവേശമായി മാറിയ വന്ദേമാതരഗാനം ഈ നോവലിൽനിന്നും എടുത്തിട്ടുള്ളതാണ്. ബംഗാളിഭാഷയെ പരിപോഷിപ്പിക്കാനായി അദ്ദേഹം ആരംഭിച്ച പത്രമാണ് 'ബംഗദർശൻ'.

മൈക്കിൾ മധുസൂദനദത്ത്, ശരത്ചന്ദ്രചാറ്റർജി, ദീനബന്ധുമിത്ര തുടങ്ങിയവർ കഥ, കവിത, നാടകം തുടങ്ങിയ പ്രസ്ഥാനങ്ങളിലൂടെ ബംഗാളി സാഹിത്യത്തെയും ദേശീയബോധത്തെയും സമ്പന്നമാക്കി. ഹിന്ദിയിൽ ഭാരതേന്ദുഹരിശ്ചന്ദ്രയുടെ നാടകങ്ങളും മഹാവീരപ്രസാദദ്വിവേയുടെ കവിതകളും കോളനീകരണത്തിൽനിന്നും മോചനം നേടാനുള്ള തീവ്രമായ അഭിലാഷവും ദേശീയബോധവും പ്രതിഫലിക്കുന്നതായിരുന്നു. മൈഥിലീ ശരൺഗുപ്തയുടെ 'ഭാരത് ഭാരതി' പോലെയുള്ള കാവ്യങ്ങൾ ഈ മേഖലക്ക് മുതൽക്കൂട്ടായിരുന്നു. തെലുങ്ക്, കന്നട, ഒറിയ തുടങ്ങിയ ഭാഷകളിലെല്ലാം സമാനമായ രീതിയിൽ പുരോഗതിയുണ്ടായി.

തമിഴിൽ രാമലിംഗ അടികൾ, സുന്ദരം പിള്ള, വേദനായകംപിള്ള തുടങ്ങിയവരുടെ രചനകൾ ഈ ഘട്ടത്തെ പ്രതിനിധീകരിക്കുന്നു. തമിഴ്കവിയായ സുബ്രഹ്മണ്യ ഭാരതി (1882) ഭാരതീയ ദേശീയതയെയും ദേശീയപ്രബുദ്ധതയേയും പ്രചോദിപ്പിച്ച സാഹിത്യകാരനാണ്. തന്റെ കാലത്തെ മറ്റു കവികളെപ്പോലെ കണ്ണിനെയും കാതിനേയും തരളിതമാക്കുന്ന കവിതകളെഴുതി ജീവിക്കാൻ ഭാരതി ആഗ്ര

ഹിച്ചില്ല. ജാതിചിന്തയ്ക്കും മൂഢവിശ്വാസങ്ങൾക്കുമെതിരെ ജനങ്ങളെ ഉണർത്താനുള്ള ഉപാധിയായിരുന്നു അദ്ദേഹത്തിന് കാവ്യരചന. ദേശീയപ്രസ്ഥാനത്തിലെ നേതാക്കൻമാരുമായുണ്ടായ സമ്പർക്കത്തിന്റെ സ്വാധീനം അദ്ദേഹത്തിന്റെ സാഹിത്യത്തിലും പ്രതിഫലിച്ചു. ''മദിരാശിക്കടപ്പുറത്തുവെച്ച് അദ്ദേഹം പല ദേശീയഗാനങ്ങളും പാടിമുഴക്കി. ആ പാട്ടുകൾ അച്ചടിച്ച് വിതറുകയും ചെയ്തു. തീപിടുത്തം പോലെ അവ നാടുമുഴുവൻ ചിക്കെന്ന് വ്യാപിച്ചു. ചെറുനഗരങ്ങളിലും ഗ്രാമങ്ങളിലുമുള്ള ജനങ്ങളെ തട്ടിയുണർത്തി. പ്രസ്തുത വീരദേശീയഗാനങ്ങളാണ് ഭാരതിക്ക് നാട്ടിൽ മുഖപരിചയം ഉണ്ടാക്കിയത്'' (വരദരാജൻ, മു. 2000:355). 'സ്വദേശിമിത്രൻ', 'ഇന്ത്യ' എന്നീ പത്രങ്ങൾ അദ്ദേഹത്തിന്റേതായി ഉണ്ടായിരുന്നു. ഭാരതിയുടെ ഭൂരിഭാഗം രചനകളും ദേശീയതയുമായി ബന്ധപ്പെട്ടു നിൽക്കുന്നവയാണ്. 'എങ്കൾ തായ്' എന്ന ദേശീയഗാനവും 'വന്ദേമാതരത്തിന്റെ' തമിഴ്പരിഭാഷയും ഏറെ ശ്രദ്ധിക്കപ്പെട്ടു. ദേശീയനേതാക്കന്മാരെ പ്രകീർത്തിക്കുന്ന കവിതകളും ടാഗോറിന്റെ ചെറുകഥകളുടെ വിവർത്തനവും സവിശേഷശ്രദ്ധ നേടി. അദ്ദേഹത്തിന്റെ എഴുത്തും പ്രവർത്തനങ്ങളുമെല്ലാം ബ്രിട്ടീഷുകാരുടെ വിരോധത്തിന് ഇടയാക്കി. ഇന്ത്യൻ ദേശീയതയെ പ്രത്യക്ഷമായും പരോക്ഷമായും സ്വാധീനിച്ച ഭാരതിയും അദ്ദേഹത്തിന്റെ കൃതികളും തമിഴ്സമൂഹത്തിനും ദേശീയമായ ഉണർവ്വേകി.

മലയാളത്തിൽ കവിത്രയത്തിന്റെ കവിതകൾ ഈ ഘട്ടത്തെ പ്രതിനിധീകരിക്കുന്നു. ആശാൻ, ഉള്ളൂർ, വള്ളത്തോൾ എന്നിവരുടെ കവിതയിലും ചന്തുമേനോന്റെയും സി.വി.രാമൻപിള്ളയുടെയും നോവലുകളിലും ദേശീയതയുടെ പ്രതിഫലനങ്ങളുണ്ട്. ജാതീയമായും മറ്റും നിലനിൽക്കുന്ന സാമൂഹികമായ അസമത്വവും അസ്വാതന്ത്ര്യവുമായിരുന്നു കുമാരനാശാന്റെ പ്രമേയങ്ങൾ. ദേശീയമായ ഐക്യത്തിനും സ്വാതന്ത്ര്യത്തിനും പ്രാധാന്യം നൽകിയത് വള്ളത്തോളായിരുന്നു. ഇന്ത്യയുടെ വിവിധഭാഗങ്ങളിലായി വികസിച്ചുവന്ന ദേശീയസാഹിത്യം അടിസ്ഥാ

നപരമായി കോളനിവിരുദ്ധസമീപനങ്ങളും സാമൂഹികമായ അസമത്വങ്ങളും ആവിഷ്കരിക്കാനാണ് ശ്രമിച്ചത്.

### 1.8.1.3. ദേശീയതയും മുസ്ലിംനവോത്ഥാനവും

ഇന്ത്യൻ നവോത്ഥാനം എന്ന പേരിൽ വ്യവഹരിച്ചുവരുന്ന പരിഷ്കരണശ്രമങ്ങൾ ഹിന്ദുസമുദായത്തിന്റെ പരിഷ്കരണവും ഉന്നമനവുമാണ് പ്രധാന ലക്ഷ്യമാക്കിയത്. കുറച്ചു വൈകിയാണെങ്കിലും മുസ്ലീങ്ങൾക്കിടയിലും മതപരവും സാമൂഹികവുമായ പരിഷ്കരണത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. മുസ്ലീങ്ങൾക്കിടയിൽനിന്ന് ബുദ്ധിജീവികൾ എന്നു വിളിക്കാവുന്ന പ്രബലമായ ഒരു വിഭാഗമാണ് ഇതിനുവേണ്ടി മുന്നിട്ടിറങ്ങിയത്. ഇതരവിഭാഗങ്ങളെപ്പോലെ ആധുനിക പാശ്ചാത്യവിദ്യാഭ്യാസമാണ് ഇത്തരമൊരു സംവർഗ്ഗത്തിന്റെ സാധ്യത രൂപപ്പെടുത്തിയെടുത്തത് എന്ന വാദം നിലനിൽക്കുന്നുണ്ട്. മുസ്ലീങ്ങൾക്കിടയിൽ ദേശീയവീക്ഷണമുള്ള പ്രബുദ്ധരായ ബുദ്ധിജീവിവിഭാഗത്തിന്റെ വളർച്ച സാധ്യമാകുന്നത് പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ആധുനിക വിദ്യാഭ്യാസം ലഭിച്ചതോടുകൂടിയാണ്. ''ക്രമേണ ആധുനികവിദ്യാഭ്യാസത്തിൽ പരിശീലനം ലഭിച്ച പ്രബലരായ ഒരു ബുദ്ധിജീവിവിഭാഗം നിലവിൽവന്നു. അതിൽ ഒരു വിഭാഗം പ്രബലമായ ഒരു ദേശീയവീക്ഷണമുള്ളവരായിത്തീർന്നു''(ദേശായ്, എ.ആർ. 1989:380). ഇന്ത്യൻ മുസ്ലീങ്ങളുടെ ഇടയിൽ പരിഷ്കരണോന്മുഖ പ്രവർത്തനങ്ങൾ മന്ദഗതിയിലാകാനുള്ള കാരണങ്ങൾ ചരിത്രകാരന്മാർ അന്വേഷണവിധേയമാക്കിയിട്ടുണ്ട്. ആധുനിക വിദ്യാഭ്യാസത്തിൽനിന്നും രാഷ്ട്രീയപ്രവർത്തനത്തിന്റെ മുഖ്യധാരയിൽനിന്നും മുസ്ലിങ്ങൾ വിട്ടുനിൽക്കുന്ന പ്രവണത പത്തൊമ്പതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ദൃശ്യമായിരുന്നു. മുസ്ലിം പണ്ഡിതനേതൃത്വത്തിനുണ്ടായ പുരോഗമനവിരുദ്ധമായ നിലപാടുകളാണ് ഇത്തരമൊരു സാഹചര്യം സൃഷ്ടിച്ചത്. കൂടാതെ പ്രഗത്ഭരായ ഒരു ബുദ്ധിജീവിവിഭാഗത്തിന്റെ അഭാവവും ഇതിന് നിദാനമായിട്ടുണ്ട്. സമുദായനേതൃത്വത്തിന്റെ പുരോഗമനവിരുദ്ധമായ നിലപാടുകളും ഉദാസീനമനോ

ഭാവവും വിദ്യാഭ്യാസപരവും സാമൂഹികവുമായ പിന്നാക്കാവസ്ഥയ്ക്ക് കാരണമായി. ''ഹൈന്ദവസമുദായത്തിലെ ആധുനികബുദ്ധിജീവിവർഗ്ഗവും വളർന്നുവരുന്ന വാണിജ്യവ്യവസായികവർഗ്ഗവും ചേർന്ന് തങ്ങളുടെ സമുദായനേതൃത്വത്തിൽനിന്ന് ജെമീന്ദാർമാരെയും പ്രഭുക്കളെയും തള്ളിമാറ്റിയപ്പോൾ മുസ്ലീങ്ങളുടെ ഇടയിൽ സമുദായനേതൃത്വം പ്രതിലോമകാരികളായ ജെമീന്ദാർമാരുടെയും ഭൂപ്രഭുക്കളുടെയും കൈകളിൽതന്നെ നിലനിന്നു'' (വേണു, പി. 2004:177).

പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തോടുകൂടി പരിഷ്കരണത്തിനുള്ള ശ്രമങ്ങൾ മുസ്ലീങ്ങൾക്കിടയിലും ആരംഭിച്ചുതുടങ്ങി. പ്രബുദ്ധരായ ഒരു വിഭാഗമാണ് ഇതിനുവേണ്ടി മുന്നിട്ടിറങ്ങിയത്. ഓരോ സമൂഹത്തിലും ഒരു പ്രബലമായ വിഭാഗം (Dominant group)ഉണ്ടായിരിക്കുമെന്ന് ഗ്രാംഷി നിരീക്ഷിക്കുന്നുണ്ട്. വർഗബന്ധങ്ങളിൽനിന്നുതന്നെ രൂപംകൊള്ളുന്ന ഈ വിഭാഗത്തിൽനിന്നാണ് ഓരോ സമൂഹത്തിലും ബുദ്ധിജീവികൾ ഉണ്ടാകുന്നത് (ഗ്രാംഷി അന്റേണിയോ, 2011:156) ഉത്തർപ്രദേശിൽനിന്നും സർ സയ്യിദ് അഹമ്മദ്ഖാനും അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള അലിഗഡ് പ്രസ്ഥാനവുമാണ് ഇത്തരമൊരു നേതൃത്വവുമായി ആദ്യം രംഗത്തിറങ്ങിയത്. കൂടാതെ റായ്ബറേലിയിൽനിന്ന് സെയ്ത് അഹമ്മദ് നേതൃത്വം നൽകിയ വഹാബി പ്രസ്ഥാനം, ബദറുദ്ദീൻ തിയാബ്ജിയുടെ അൽജുമാനി ഇസ്ലാം, അലി സഹോദരന്മാർ, അബുൾകലാം ആസാദ്, മുഹമ്മദ് ഇഖ്ബാൽ തുടങ്ങിയ വ്യക്തികളും പ്രസ്ഥാനങ്ങളും ഇത്തരത്തിൽ പ്രവർത്തിച്ചിരുന്നവരാണ്. വിദ്യാഭ്യാസപരമായി വളരെ പിന്നാക്കം നിന്നിരുന്ന സമുദായത്തെ മുൻനിരയിലെത്തിക്കുക, പശ്ചാത്യവിദ്യാഭ്യാസത്തിലേക്ക് നയിക്കുക, അന്ധവിശ്വാസങ്ങളിൽനിന്നും അനാചാരങ്ങളിൽനിന്നും സമൂഹത്തെ അകറ്റുക തുടങ്ങിയവ ഇവരുടെ പ്രധാനലക്ഷ്യങ്ങളായിരുന്നു. സമുദായത്തിന്റെ പുരോഗതി ലക്ഷ്യമാക്കി പ്രവർത്തിച്ച ഈ ചിന്തകന്മാർ വരുംതലമുറയിലെ ധൈഷണികവ്യക്തിത്വങ്ങൾക്കുള്ള ഊർജ്ജമായി നിലകൊണ്ടു.

ഇന്ത്യയിലെ മുസ്ലീം നവോത്ഥാനചരിത്രത്തിലെ സ്മരണീയനാണ് സർ സയ്യിദ് അഹമ്മദ്ഖാൻ. 1875-ൽ അലിഗറിൽ സ്ഥാപിച്ച കലാശാലയാണ് അലിഗർ പ്രസ്ഥാനമായി വളർന്നത്. മുസ്ലീങ്ങളുടെ ഇടയിൽ പാശ്ചാത്യവിദ്യാഭ്യാസവും ആധുനിക ചിന്തയും പ്രചരിപ്പിക്കുന്നതിനുവേണ്ടി അലിഗർപ്രസ്ഥാനം ധാരാളം പ്രയത്നിച്ചിട്ടുണ്ട്. പാശ്ചാത്യവിദ്യാഭ്യാസം നേടിയെടുത്തുകൊണ്ടേ ആധുനിക ലോകവുമായി ക്രിയാത്മകമായി സംവദിക്കാനും പുരോഗതി പ്രാപിക്കാനും മുസ്ലീങ്ങൾക്ക് കഴിയൂ എന്നദ്ദേഹം വാദിച്ചു. സായുധപോരാട്ടങ്ങളല്ല നിയമപോരാട്ട ങ്ങളും ജനപ്രതിനിധിസഭകളിലെ പ്രാതിനിധ്യവും വഴിയേ സാമുദായിക അവകാ ശങ്ങൾ നേടിയോടുക്കാനാകൂ എന്നും സമർത്ഥിച്ചു. ആധുനികവിദ്യാഭ്യാസം മുസ്ലീ ങ്ങളെ ഉയർന്നപദവിയുള്ള ജോലികൾ കരസ്ഥമാക്കാൻ പ്രാപ്തരാക്കുമെന്നും നിയമപരമായ അറിവ് പുരോഗതിക്ക് ആക്കംകൂട്ടുമെന്നും തിരിച്ചറിഞ്ഞ ഒരു ബുദ്ധി ജീവിയായിരുന്നു അദ്ദേഹം. തന്റെ ലക്ഷ്യം നിറവേറ്റുന്നതിനുവേണ്ടി ബ്രിട്ടീഷ് ഗവൺമെന്റുമായി കൈകോർക്കുന്ന നിലപാട് അദ്ദേഹം സ്വീകരിച്ചതായി നിരീക്ഷി ക്കപ്പെട്ടിട്ടുണ്ട്. ''ഓരോ ചരിത്രഘട്ടത്തിലും ഉയർന്നുവന്ന ജൈവബുദ്ധിജീവികൾ വ്യവസ്ഥയെ സാധൂകരിക്കുന്ന, പിന്തുണയ്ക്കുന്ന കർത്തവ്യമാണ് ഫലത്തിൽ നിറ വേറ്റുന്നത്. സർ സയ്യിദ് അഹമ്മദ്ഖാനും മക്കിതങ്ങളും മുസ്ലീംവിഭാഗത്തിൽ നിന്നും ഉയർന്നുവന്ന ജൈവബുദ്ധിജീവികളായിരുന്നു. അവർ ബ്രിട്ടീഷ്ഭരണ ത്തിന്റെ കാവൽക്കാരായി മാറിയിരുന്നു. ബ്രിട്ടീഷുകാരിൽനിന്നും പതിനായിരം രൂപ വാങ്ങി ഇംഗ്ലീഷ് വിദ്യാഭ്യാസം മുസ്ലീങ്ങൾക്കിടയിൽ പ്രചരിപ്പിക്കാൻ അലിഗ റിൽ വിദ്യാലയം തുടങ്ങിയത് സർ സയ്യിദ് അഹമ്മദ്ഖാനാണ്''(പോക്കർ, പി.കെ. 2012:63) എന്ന് പി.കെ പോക്കർ വിലയിരുത്തുന്നു.

ആധുനിക ശാസ്ത്രീയചിന്ത ഇസ്ലാംമതത്തിന്റെ അന്തസത്തയുമായി കൂട്ടി യിണക്കാനും യുക്തിയുടെയും ശാസ്ത്രത്തിന്റെയും വെളിച്ചത്തിൽ ഖുർആൻ വ്യാഖ്യാനിക്കാനും ശ്രമിച്ചു. കൊളോണിയൽ ആധുനികതയുടെ പശ്ചാത്തല ത്തിൽ വളർന്നുവന്ന ധൈഷണികർ പാരമ്പര്യജ്ഞാനവ്യവസ്ഥയെ ആധുനികത

യുടെ പശ്ചാത്തലത്തിൽ പുനർവായിക്കാനുള്ള ശ്രമങ്ങൾ നടത്തുന്നതായി കാണാം. രാജാറാം മോഹൻ റോയിയുടെ ശ്രമങ്ങൾ ഇത്തരത്തിൽ കാണാവുന്ന ഒന്നാണ്. മുസ്ലീങ്ങൾക്കിടയിലെ സാമൂഹ്യവിദ്യാഭ്യാസപരിഷ്കാരനയങ്ങൾ കൊണ്ടും സ്വതന്ത്രചിന്താപരമായ ആശയങ്ങൾ കൊണ്ടും സമ്പന്നമായിരുന്നു അലിഗർ പ്രസ്ഥാനം. ''ഇന്ത്യൻ മുസ്ലീങ്ങളെ ആധുനികവത്കരിക്കുന്നതിൽ ഈ പ്രസ്ഥാനം വലിയ പങ്കാണ് വഹിച്ചത്'' (വേണു, പി. 2004: 64) മുസ്ലീങ്ങൾക്കിട യിലെ ആദ്യത്തെ ദേശീയപ്രബുദ്ധത ദൃശ്യമായതും ഈ പ്രസ്ഥാനത്തിനകത്താണ് എന്ന് എ.ആർ.ദേശായിയും നിരീക്ഷിക്കുന്നുണ്ട് (ദേശായ്, എ.ആർ. 1989:383). ഉത്പ്പതിഷ്ണുക്കളായ ഒരു വിഭാഗം സർ സയ്യിദ് അഹമ്മദ്ഖാന്റെ ധൈഷണിക പ്രവർത്തനങ്ങളിൽ പങ്കാളികളായി. ഉറുദുകവിയായ അൽത്താഫ് ഹുസൈൻ ഹാ ലി, നസീർ അഹമ്മദ്, ചിറാഗ് അലി, മൗലാന ഷിബ്ലി നൊമാനി എന്നിവരായി രുന്നു അവരിൽ ചിലർ. 'അലിഗഡ് സംഘമെന്ന്' അവർ അറിയപ്പെട്ടു.

### 1.9. മിഷനറിമാരും കേരളീയ ധൈഷണികജീവിതവും

കേരളീയ ധൈഷണികതയുടെ വളർച്ചയ്ക്കും വികാസത്തിനുമുള്ള പശ്ചാ ത്തലമൊരുക്കിയത് യൂറോപ്യൻ മിഷനറിമാരുടെ പ്രവർത്തനങ്ങളാണ്. വൈദേശി കസംഘങ്ങളുടെ ആഗമനത്തോടെയാണ് കേരളത്തിൽ മിഷനറിമാരും വന്നുചേരു ന്നത്. വാണിജ്യതാത്പര്യത്തോടൊപ്പം ക്രിസ്തുമതത്തിന്റെ ആശയപ്രചാരണവും വൈദേശികരുടെ പ്രധാനലക്ഷ്യമായിരുന്നു. പോർട്ടുഗീസുകാർ മുതൽ ബ്രിട്ടീഷു കാർ വരെയുള്ള വിദേശികളുടെ ആഗമനകാലം മുതൽ അതതു നാടുക ളിൽനിന്നും മിഷനറിമാരും കേരളത്തിലെത്തിയിട്ടുണ്ട്. പത്തൊമ്പതാം നൂറ്റാണ്ടിൽ കേരളത്തിലെത്തിയ യൂറോപ്യൻ മിഷനറിമാരാണ് കേരളത്തിന്റെ സാമൂഹ്യ-സാം സ്കാരികചരിത്രത്തിൽ നിർണ്ണായകമായ സ്വാധീനംചെലുത്തിയത്. ലണ്ടൻ മിഷ നറി സൊസൈറ്റി (എൽ.എം.എസ്), ചർച്ച് മിഷൻ സൊസൈറ്റി (സി.എം.എസ്), ബാസൽ മിഷൻ എന്നീ സംഘടനകൾ സാമൂഹികവും സാംസ്കാരികവുമായ

മേഖലകളിൽ സജീവമായി ഇടപെട്ടിരുന്നു. കേരളത്തിന്റെ ആധുനികവത്കരണത്തിന് നിർണായകമായ പങ്കുവഹിച്ച മിഷനറിമാരുടെ പ്രവർത്തനങ്ങൾ വിലയിരുത്തപ്പെട്ടിട്ടുണ്ട്. "യൂറോപ്യൻ സംസ്കാരത്തിന്റെ തനിപ്പകർപ്പും ഇംഗ്ലീഷ് വിദ്യാഭ്യാസം ലഭിച്ചവരുമായ ഒരു മധ്യവർഗ്ഗത്തെ സൃഷ്ടിക്കുന്നത് കൊളോണിയൽ ഭരണകൂടത്തിന്റെ നിലനിൽപ്പിന് ആവശ്യമായി കരുതി. ബ്രിട്ടീഷ് ഇവാഞ്ചലിസത്തിന്റെ ഭാഗമായി വന്ന മിഷനറിമാർ മതപ്രചാരണത്തിന്റെയും സാംസ്കാരികോന്നമനത്തിന്റെയും അംശങ്ങൾ കൂട്ടിച്ചേർത്ത് ഈ ലക്ഷ്യങ്ങളോടെ ആദ്യത്തെ മിഷനറി സ്കൂൾ സ്ഥാപിച്ചു. ആദ്യകാലത്ത് എതിർപ്പുകളുണ്ടായെങ്കിലും പിന്നീട് സർക്കാർ പിന്തുണയോടെ അവയെ അതിജീവിച്ച് തദ്ദേശീയവിദ്യാഭ്യാസരൂപങ്ങളെ തകർത്ത് ആധുനിക സ്കൂൾവ്യവസ്ഥയ്ക്കും അവർ രൂപംനൽകി. മലയാള ഭാഷയ്ക്കും വ്യാകരണത്തിനും സംഭാവനകൾ നൽകാൻ ഇവർക്ക് കഴിഞ്ഞു. ആധുനികവിദ്യാഭ്യാസത്തിന്റെയും സംസ്കാരത്തിന്റെയും മൂല്യങ്ങൾ വ്യത്യസ്തസർക്കാറുകളും മധ്യവർഗ്ഗവും ഏറ്റെടുത്ത് കൊളോണിയൽ സംസ്കാരരൂപങ്ങളുടെ വളർച്ചയെ വൻതോതിൽ സഹായിച്ചു" (ഗണേഷ് കെ.എൻ, 2011 : 97). ഇത്തരത്തിൽ കേരളത്തിന്റെ ആധുനികവത്കരണത്തിന് നിർണ്ണായകമായ പങ്കുവഹിക്കാൻ മിഷനറിമാർക്ക് സാധിച്ചിട്ടുണ്ട്.

അച്ചടിയുടെ വികാസവും പത്രമാസികകളുടെ ആവിർഭാവവും വൈജ്ഞാനികമേഖലയുടെ വികാസത്തിനും ധൈഷണികപ്രവർത്തനങ്ങൾക്കുള്ള പ്രചോദനത്തിനും കാരണമായിട്ടുണ്ട്. ആധുനികവിദ്യാഭ്യാസത്തിലെന്നപോലെ മിഷണറിമാരുടെ പ്രവർത്തനങ്ങളാണ് ഈ മേഖലകളെയും സജീവമാക്കിയത്. അച്ചടി-പത്രമാസികകളുടെ വികാസത്തോടൊപ്പം കേരളത്തിന്റെ ആധുനികവത്കരണത്തെ നിർണ്ണയിച്ച മറ്റൊരു ഘടകമാണ് ഗദ്യത്തിന്റെ വികാസം. "1846-ൽ മലയാളം-ഇംഗ്ലീഷ് നിഘണ്ടുവും 1849-ൽ ഇംഗ്ലീഷ്- മലയാളം നിഘണ്ടുവും ബെയ്‌ലിയുടേതായി പുറത്തുവന്നതോടെ മലയാളഗദ്യത്തിന് പുതിയൊരുണർവ്വും

ഉയർച്ചയും ഉണ്ടായിത്തുടങ്ങി'' (രാമകൃഷ്ണൻ, ഇ.വി. 2000: 480). ആധുനിക പാശ്ചാത്യാശയങ്ങളുടെ പ്രചരണവും മിഷനറി പ്രവർത്തനങ്ങളുടെ ലക്ഷ്യമായിരുന്നു. മലയാളത്തിലെ ആദ്യ ആനുകാലികങ്ങളായ രാജ്യസമാചാരം (1847), പശ്ചിമോദയം (1847), ജ്ഞാനനിക്ഷേപം (1848) തുടങ്ങിയവ പാശ്ചാത്യവൈജ്ഞാനികാശയങ്ങളും ക്രിസ്തുമതതത്വങ്ങളും പ്രചരിപ്പിക്കാനാണ് ശ്രമിച്ചത്. അക്കാലത്ത് സമൂഹത്തിൽ നിലനിന്നിരുന്ന അയുക്തികമായ വിശ്വാസങ്ങളെയും ആചാരങ്ങളെയും വിമർശിക്കാനും ശാസ്ത്രീയതയുടെയും യുക്തിയുടെയും അടിസ്ഥാനത്തിൽ വിശകലനംചെയ്യാനും ശ്രമിച്ചിട്ടുണ്ട്. മിഷനറിമാരുടെ വിദ്യാഭ്യാസപ്രവർത്തനങ്ങളും പത്രമാസികാ പ്രവർത്തനങ്ങളുമാണ് ലോകരാജ്യങ്ങളുടെ രാഷ്ട്രീയ-സാംസ്കാരിക ചരിത്രത്തെക്കുറിച്ചും പടിഞ്ഞാറൻ സാങ്കേതികവിദ്യകളുടെ വൈപുല്യത്തെക്കുറിച്ചും നമുക്ക് അറിവുനൽകുന്നത്. ലോകനവോത്ഥാനത്തിന്റെയും ജ്ഞാനോദയത്തിന്റെയും ഉല്പന്നമായ അന്വേഷണത്വര നമ്മുടെ ചിന്താമണ്ഡലത്തിലേക്ക് വ്യാപിപ്പിക്കാൻ മിഷനറിമാർ അവതരിപ്പിച്ച ക്രമീകൃതവും ശാസ്ത്രീയവുമായ പാശ്ചാത്യചിന്താപദ്ധതികളിലൂടെ സാധ്യമായി. ഇത്തരത്തിൽ ആദ്യകാല ധൈഷണികപ്രവർത്തനങ്ങളുടെ അടിത്തറ രൂപപ്പെടുത്തിയെടുക്കുന്നതിൽ മിഷനറിപ്രവർത്തനങ്ങൾ വലിയ പങ്കുവഹിച്ചിട്ടുണ്ട്.

ലിബറൽ-സെക്യുലർ വിദ്യാഭ്യാസമാതൃകയിലൂടെ പ്രധാനമായും മൂന്ന് കാര്യങ്ങൾക്കാണ് മിഷനറിമാർ ഊന്നൽ നൽകിയത്. ക്രൈസ്തവസമൂഹത്തിന്റെ ഉന്നമനം, പൊതുസമൂഹത്തെ സേവിക്കൽ, പാശ്ചാത്യ ആശയങ്ങളെയും ക്രിസ്തുമത തത്വങ്ങളെയും പ്രചരിപ്പിക്കൽ എന്നിവയായിരുന്നു അവ. കേരളത്തിൽ നിലനിന്നിരുന്ന ഹീനമായ സാമൂഹികവ്യവസ്ഥകളോട് അവർ പൊരുതുകയും പരിവർത്തനങ്ങൾക്കുവേണ്ടി പ്രവർത്തിക്കുകയും ചെയ്തു. സമൂഹത്തിലെ താഴെത്തട്ടിലുള്ളവർക്കിടയിലാണ് മിഷനറിമാർ നിലയുറപ്പിച്ചത്. അടിമത്തനിരോധനവുമായി ബന്ധപ്പെട്ടുള്ള അവരുടെ പ്രവർത്തനങ്ങൾ ഏറെ വിലമതിക്കുന്നു. മനുഷ്യന്റെ അന്തസ്സിന് പ്രാധാന്യം നൽകുകയും സമത്വബോധത്തിന്റെ ആവശ്യകത

പൊതുസമൂഹത്തിലെത്തിക്കുകയും ചെയ്തു. മിഷനറിപ്രവർത്തനങ്ങളിലൂടെ വളർന്നുവന്ന യുക്തിബോധമുള്ള തലമുറ പാശ്ചാത്യവത്കരണത്തെ ചോദ്യം ചെയ്യാനുള്ള ആർജ്ജവം നേടിയെടുത്തു. പാശ്ചാത്യ ആധുനികതകയുടെയും പാര മ്പര്യത്തിന്റെയും ഊർജ്ജം സ്വീകരിച്ച് വളർന്നുവന്ന മധ്യവർഗ്ഗബുദ്ധിജീവികളും തദ്ദേശീയചിന്തകരും പാരമ്പര്യവ്യവസ്ഥകളോടും പാശ്ചാത്യ ആധുനികതയുടെ യുക്തികളോടും പൊരുതുന്ന കാഴ്ചയാണ് നവോത്ഥാനകാല ധൈഷണികരിലൂടെ നാം കാണുന്നത്. തങ്ങളുടെ സമൂഹത്തിൽ നിലനിൽക്കുന്ന അശാസ്ത്രീയവും അയുക്തികവുമായ നിലപാടുകൾ ചോദ്യം ചെയ്യേണ്ടതും തിരുത്തേണ്ടതുമാണ് എന്ന തിരിച്ചറിവ് നൽകിയത് പത്തൊമ്പതാം നൂറ്റാണ്ടിലെ മിഷനറിമാരുടെ പ്രവർത്തനങ്ങളാണ്. അവർ തുറന്നിട്ട പാതയിലൂടെയാണ് സാമൂഹ്യപരിഷ്കരണ മെന്ന ദൗത്യത്തിലേക്ക് നമ്മുടെ നവോത്ഥാനചിന്തകർ പ്രവേശിച്ചത്.

### 1.10. കേരളീയരായ സാമൂഹിക-ധൈഷണികവ്യക്തിത്വങ്ങൾ

ധിഷണാശാലികളുടെ ആശയങ്ങളാണ് സമൂഹത്തെ പുരോഗതിയിലേക്ക് നയിക്കുന്നത്. കേരളത്തിൽ പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യവും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളും ധിഷണാശാലികളുടെ ആശയചലനങ്ങൾക്കൊണ്ട് മുഖരിതമായിരുന്നു. കേരളീയനവോത്ഥാനമെന്ന് വിളിക്കപ്പെട്ട ഈ കാലഘട്ടം തന്നെയാണ് കേരളത്തിന്റെ ആധുനികവത്കരണത്തിനും ജനാധിപത്യവത്കരണ ത്തിനും സാക്ഷ്യംവഹിക്കുന്നത്. ജാതീയമായ അടിച്ചമർത്തലുകൾക്ക് വിധേയമാ യിക്കൊണ്ടിരിക്കുന്ന ഒരു ജനതയുടെ ഉയിർത്തെഴുന്നേൽപ്പിന്റേതുകൂടിയായ ഈ ഘട്ടം കേരളചരിത്രത്തിൽ സവിശേഷമായ ഒന്നായി അടയാളപ്പെട്ടു കിടക്കുന്നു. പതിനാറാം നൂറ്റാണ്ടിൽ ഭക്തിപ്രസ്ഥാനത്തിലൂടെ എഴുത്തച്ഛൻ തുടങ്ങിവെച്ച സാമൂഹ്യ-ധൈഷണികവിപ്ലവം വികസിതമാകുന്നത് നവോത്ഥാനത്തെ പ്രതിനിധീ കരിച്ച സാമൂഹ്യപരിഷ്കർത്താക്കളിലൂടെയാണ്. അവർ നിർവ്വഹിച്ച സാമൂഹി കവും രാഷ്ട്രീയവുമായ ധർമ്മങ്ങളിലൂടെയാണ് നാം പുരോഗമിച്ചത്. ആധു

നികവിദ്യാഭ്യാസം, അച്ചടിയുടെ വ്യാപനം, സാഹിത്യം, മിഷനറി പ്രവർത്തനങ്ങൾ എന്നിവ നവോത്ഥാനത്തിന് പ്രേരണയായ ഘടകങ്ങളാണ്.

ഇന്ത്യൻ നവോത്ഥാനമെന്ന് വിളിക്കപ്പെട്ട പരിഷ്കരണപ്രവർത്തനങ്ങൾ പ്രധാനമായും ലക്ഷ്യമാക്കിയത് ഹിന്ദുമതത്തെയും ഹിന്ദുമതത്തിലെ സവർണരേയുമായിരുന്നു. മേൽത്തട്ടിലുള്ള ബ്രാഹ്മണരായ ധൈഷണികരാണ് അതിന് നേതൃത്വം നൽകിയത്. എന്നാൽ കേരളീയ നവോത്ഥാനത്തിന്റെ ബഹിർസ്ഫുരണങ്ങൾ ആദ്യം പ്രകടമാകുന്നത് താഴെത്തട്ടിൽനിന്നാണ്. കേരളീയ നവോത്ഥാനത്തെ ഉത്തരേന്ത്യൻ നവോത്ഥാനത്തിൽനിന്ന് വ്യതിരിക്തമാക്കുന്നത് അതിന്റെ ഈ കീഴാളപരിപ്രേക്ഷ്യമാണ്. അവർണ്ണസമുദായാംഗമായ ഈഴവ കുടുംബത്തിൽ ജനിച്ച ശ്രീനാരായണഗുരു തുടങ്ങിവെച്ച സാമൂഹ്യവിപ്ലവം കേരളത്തിലുടനീളം വ്യാപിച്ചു. ''കേരളത്തിൽ വളർന്നുവന്ന സാമൂഹ്യപരിഷ്കരണശക്തി താഴ്ന്നജാതിക്കാരുടെ ഇടയിലാണ് പ്രവർത്തിച്ചത്. അതിന്റെ സ്വാധീനതയാകട്ടെ സമൂഹത്തിന്റെ അടിത്തട്ടിൽനിന്നും മുകൾത്തട്ടുവരെ വ്യാപിക്കുകയും ചെയ്തു''(രവീന്ദ്രൻ, ടി.കെ. ഡോ. 2010:14). നാരായണഗുരുവിന്റെ ധൈഷണികപ്രവർത്തനങ്ങളിൽ പ്രബലമായി നിൽക്കുന്ന ഘടകം ജാതിവിരുദ്ധതയാണ്. സവർണമേധാവിത്വത്തിൽനിന്ന് അധഃസ്ഥിതവർഗ്ഗത്തെ മോചിപ്പിക്കുക എന്ന ലക്ഷ്യത്തോടൊപ്പം ഈഴവസമുദായ പരിഷ്കരണങ്ങളിലും ഗുരു ശ്രദ്ധചെലുത്തി. പാരമ്പര്യവൈജ്ഞാനിക ആശയങ്ങളുടെ പരിസരമാണ് നാരായണഗുരുവിന്റെ ധൈഷണികതയെ രൂപപ്പെടുത്തിയെടുത്തത്. പരമ്പരാഗതമായ വിദ്യാഭ്യാസം സ്വീകരിക്കുകയും സ്വപരിശ്രമംകൊണ്ട് സംസ്കൃതമുൾപ്പെടുന്ന ഇതരഭാഷകളും വൈജ്ഞാനികസമ്പത്തും ആർജിച്ചെടുക്കുകയുമാണ് ഗുരു ചെയ്തത്. ഗുരു അഭിമുഖീകരിച്ച സാമൂഹ്യപശ്ചാത്തലം കൊളോണിയൽ ആധുനികതയുടേതാണ്. ഈയൊരു പശ്ചാത്തലവുമായി സംഘട്ടനത്തിലേർപ്പെടുന്നതിനു പകരം കൊളോണിയൽ ആധുനികതയുടെ ഗുണപരമായ വശങ്ങളെ സ്വാംശീകരിക്കാനാണ് ഗുരു ശ്രമിച്ചത്. ഗുരുവിന്റെ ബ്രിട്ടീഷ് വിധേയത്വമല്ല ജാതിവിരുദ്ധസമീപനത്തോടുള്ള താത്പ

ര്യമാണ് ഈ നീക്കത്തിൽ പ്രകടമാകുന്നത്. അവർണന് തദ്ദേശീയ മേലാള രിൽനിന്ന് ലഭിക്കാത്ത പരിഗണനയാണ് വിദേശീയരിൽനിന്നും ലഭിച്ചത്. കേരളത്തിൽ നിലനിന്നിരുന്ന അപരിഷ്കൃതനയങ്ങൾക്കും അസമത്വങ്ങൾക്കുമെതിരെയുള്ള വിദേശീയരുടെ കാഴ്ചപ്പാടിനോട് ഗുരുവിന് താത്പര്യംതോന്നിയത് സ്വാഭാവികമാണ്. ജാതീയതയും അസമത്വവും ഗുരുതരമായ തെറ്റായാണ് ഗുരു വീക്ഷിച്ചിരുന്നത്. ''പൊതുനിരത്തുകളിൽ പോലും അവർണ്ണനെ പ്രവേശിപ്പിക്കാൻ അനുവദിക്കാത്ത നാട്ടുഭരണാധികാരികളെക്കാൾ തൊപ്പിയും തലപ്പാവും ധരിപ്പിച്ച് പറയനെ സ്വന്തം പാചകനായി നിയമിക്കുന്ന ബ്രിട്ടീഷ് ഭരണാധികാരികളെ ശ്രീ നാരായണഗുരു കൂടുതൽ പ്രകീർത്തിച്ചു'' (രവീന്ദ്രൻ, ടി.കെ.ഡോ. 2010:17) എന്ന് ഡോ.ടി.കെ രവീന്ദ്രൻ രേഖപ്പെടുത്തിയിട്ടുണ്ട്.

പരിവർത്തനോന്മുഖവും പുരോഗമനപരവുമായ ഒരു സമൂഹത്തെ മുന്നിൽ കണ്ടുകൊണ്ടുള്ളതാണ് നാരായണഗുരുവിന്റെ ആശയലോകം. 'മതമേതായാലും മനുഷ്യൻ നന്നായാൽ മതി' എന്ന ഗുരുവിന്റെ വാക്കുകൾ മനുഷ്യസമുദായത്തെ മൊത്തത്തിൽ കണ്ടുകൊണ്ടുള്ള ഒന്നായിരുന്നു. ശ്രീനാരായണഗുരു കേരളത്തിലെ പ്രത്യേക സമുദായക്കാർക്കുവേണ്ടി മാത്രമാണ് കർമ്മരംഗത്തിറങ്ങിയത് എന്ന വിലയിരുത്തലുകൾ അദ്ദേഹത്തിന്റെ ധൈഷണികാശയങ്ങളെ വിലകുറച്ച് കാണിക്കലാണ്. ജാതിരാഹിത്യം, വിദ്യാഭ്യാസം, വ്യവസായം, ജീവിതശുദ്ധി എന്നിവ സമൂഹപുരോഗതിക്ക് അനിവാര്യമാണെന്ന് പറയുകയും കർമ്മരംഗത്തിറങ്ങി പ്രവർത്തിക്കുകയും ചെയ്തു. പ്രായോഗികവേദാന്തിയായിരുന്ന ഗുരു സാമ്പത്തിക ഭദ്രതയുടെ ആവശ്യകതയെ ഉദ്ബോധിപ്പിച്ചു. കേരളത്തിന്റെ സാമൂഹ്യചരിത്രത്തിലെ വിപ്ലവാത്മകമുന്നേറ്റമാണ് 'അരുവിപ്പുറം പ്രതിഷ്ഠ'(1888)യും സാമുദായികോത്കർഷത്തിനുവേണ്ടി രൂപീകരിച്ച 'ശ്രീ നാരായണധർമ്മ പരിപാലന യോഗ'(1903)വും. ആദർശാത്മകവും പ്രായോഗികവുമായ ജീവിതപദ്ധതിയും ആ ധൈഷണികവ്യക്തിത്വത്തിന്റെ അനന്യതയാണ്. ബാഹ്യവും ആഭ്യന്തരവുമായ

വെല്ലുവിളികളെ സംയമനത്തോടെ നേരിട്ട ഗുരു ജനകീയമായ സംവാദങ്ങൾക്കും ചർച്ചകൾക്കും പ്രാധാന്യം നൽകിയ ഉത്പതിഷ്ണുവായിരുന്നു.

ആശയപ്രചാരണത്തിനും പഠനത്തിനും ഗവേഷണത്തിനുമായി തന്റെ ജീവിതം മാറ്റിവെച്ച മഹാനായിരുന്നു ചട്ടമ്പിസ്വാമികൾ. ക്രിസ്തുമതനിരൂപണം, വേദാധികാരനിരൂപണം, പ്രാചീനമലയാളം, ആദിഭാഷ, മലയാളത്തിലെ സ്ഥല നാമങ്ങൾ തുടങ്ങിയ പഠനങ്ങളും ദാർശനിക ഗ്രന്ഥങ്ങളും കേരളത്തിന്റെ ധൈഷ ണിക മേഖലക്ക് സമ്മാനിച്ചിട്ടുണ്ട്.

അധഃസ്ഥിതവർഗ്ഗത്തിന്റെ വിമോചനം ലക്ഷ്യംവെച്ച് പ്രവർത്തിച്ച മഹാനായ അയ്യങ്കാളി കേരളീയധൈഷണികരിൽ എടുത്തുപറയേണ്ട വ്യക്തിത്വത്തിന് ഉടമയാ ണ്. കടുത്തചൂഷണങ്ങൾക്കും അനീതികൾക്കും ഇരയായിക്കൊണ്ടിരുന്ന ഒരു സമൂ ഹത്തെ കൈപിടിച്ചുയർത്തുക എന്ന കർത്തവ്യം അത്ര ലളിതമായ ഒന്നായിരുന്നി ല്ല. അധഃസ്ഥിതവർഗ്ഗങ്ങളെ വിദ്യാലയത്തിന്റെ പടികടക്കാൻ അനുവദിക്കാതിരുന്ന ഒരു സാമൂഹ്യാന്തരീക്ഷത്തിൽ അയ്യങ്കാളി നൽകിയ നേതൃത്വം ആധുനിക വിദ്യാ ഭ്യാസത്തിന്റെ സൃഷ്ടിയല്ല, തനതായ പ്രേരണയാലാണെന്ന് ടി.എച്ച്.പി ചെന്താര ശ്ശേരി ചൂണ്ടിക്കാണിക്കുന്നു. ''എഴുതാനും വായിക്കാനും ആദ്യകാലത്ത് വശമില്ലാ യിരുന്നുവെങ്കിലും സ്വപ്രയത്നം കൊണ്ട് അയ്യങ്കാളി സവിദ്യനായി. തന്റെ ധിഷ ണാവൈഭവത്തിലൂടെ അദ്ദേഹം ബുദ്ധിമാന്മാരുടെ നിരയിൽ കടന്നെത്തി. ബുദ്ധി വൈഭവവും ഊർജ്ജസ്വലതയും ഉത്തമകർമ്മപരിപാടികൾ ആവിഷ്കരിക്കാൻ അദ്ദേഹത്തെ പ്രാപ്തനാക്കി'' (ചെന്താരശ്ശേരി, ടി.എച്ച്.പി. 2010: 46). വിദ്യാ ലയസ്വാതന്ത്ര്യം നേടിയെടുക്കുക, സമുദായത്തിന്റെ ഉത്കർഷം സാധ്യമാക്കുക എന്നീ ലക്ഷ്യങ്ങളെ മുൻനിർത്തിയുള്ള പ്രവർത്തനങ്ങൾ ഏകീകരിച്ചു നടപ്പാക്കാൻ വേണ്ടിയാണ് 'സാധുജന പരിപാലന സംഘം' (1905) രൂപീകരിച്ചത്. വ്യത്യസ്ത മായ സമരമുറകളും പ്രക്ഷോഭപരിപാടികളും സംഘടിപ്പിച്ചുകൊണ്ടാണ് ആശയവി

പ്ലവം സാധ്യമാക്കിയത്. കേരളത്തിന്റെ സാമൂഹ്യപരിവർത്തന ചരിത്രത്തിൽ തന്റേതായ ഒരിടം സൃഷ്ടിക്കാൻ അയ്യങ്കാളിക്ക് സാധ്യമായി.

നമ്പൂതിരി സമുദായത്തിന്റെ പരിഷ്കരണത്തിനുവേണ്ടി യത്നിച്ച വി.ടി.ഭട്ടതിരിപ്പാട്, എം.ആർ.ബി എന്നിവരുടെ പ്രവർത്തനങ്ങൾ ഏറെ വിലമതിക്കുന്നു. സ്വന്തം സമുദായത്തിലെ ദുഷിച്ച ആചാരങ്ങൾക്കെതിരെ സാഹിത്യത്തിലൂടെയും പ്രായോഗികജീവിതത്തിലൂടെയും പ്രതികരിച്ചവരാണിവർ. 1908-ൽ സ്ഥാപിച്ച യോഗക്ഷേമസഭ ഈ പ്രവർത്തനങ്ങൾക്കുള്ള നേതൃത്വം നൽകി. 'യുവജനസംഘ'മെന്ന യുവാക്കളുടെ പ്രസ്ഥാനവും 'ഉണ്ണിനമ്പൂതിരി' എന്ന മാസികയും ഈ പ്രവർത്തനങ്ങൾക്കുള്ള ഉത്തേജനമായി മാറി. നമ്പൂതിരിസ്ത്രീകളുടെ വിമോചനം ലക്ഷ്യമാക്കിയുള്ള ധാരാളം കാര്യങ്ങൾ ഇക്കാലയളവിൽ ചെയ്യുകയുണ്ടായി.

കേരളത്തിന്റെ സാമൂഹ്യചരിത്രത്തിലെ അതുല്യനായ മറ്റൊരു വ്യക്തിയായിരുന്നു സാമൂഹ്യ പരിഷ്കർത്താവും ചിന്തകനും പത്രപ്രവർത്തകനുമായ സഹോദരൻ അയ്യപ്പൻ. 1917-ൽ ജാതിനശീകരണമെന്ന ലക്ഷ്യം മുൻനിർത്തി 'സഹോദര സംഘം' ആരംഭിച്ചു. 'മിശ്രവിവാഹം', 'പന്തിഭോജനം' എന്നീ വിപ്ലവകരമായ ആശയങ്ങൾക്ക് പ്രോത്സാഹനം നൽകി. 1928-ൽ ആരംഭിച്ച 'യുക്തിവാദി മാസിക'യുടെ പത്രാധിപരായിരുന്നു. രാഷ്ട്രീയമണ്ഡലത്തിൽ ശോഭിച്ച ഈ ചിന്തകന്റെ പ്രവർത്തനങ്ങൾ കേരളത്തിന്റെ സാമൂഹ്യപുരോഗതിയെ ബഹുദൂരം മുന്നോട്ടു നയിച്ചിട്ടുണ്ട്.

ക്രിസ്തുമതവുമായി ചേർന്നുനിന്ന് കേരളനവോത്ഥാനപ്രക്രിയയിൽ നിർണായകമായ പങ്കുവഹിച്ച വ്യക്തിയാണ് കുമാരഗുരുദേവൻ (1878-1938) (പൊയ്കയിൽ യോഹന്നാൻ). ദളിതരുടെ സാമൂഹികജീവിതവുമായി ബന്ധപ്പെട്ടുകൊണ്ടാണ് കുരമാരഗുരുദേവൻ പ്രസക്തനാകുന്നത്. ദളിതൻ ഹിന്ദുമതത്തിലായാലും ക്രിസ്തുമതത്തിലായാലും അവന് പരിഗണനയില്ല എന്നതായിരുന്നു കുമാരഗുരു

ദേവൻ നേരിട്ട പ്രധാനസംഘർഷം. ദളിത് ക്രിസ്ത്യാനികളുടെ ഈ സംഘർഷത്തെ അഭിമുഖീകരിക്കാനുള്ള നിരവധി പ്രവർത്തനങ്ങളിൽ അദ്ദേഹം വ്യാപൃതനായി. 'പ്രത്യക്ഷരക്ഷാദൈവസഭ' ഇതിൽ നിർണായകമായ പങ്കുവഹിച്ചിട്ടുണ്ട്.

കേരളീയനവോത്ഥാനത്തെ സാമുദായികപരിഷ്കരണവുമായി കൂട്ടിവായിക്കാമെങ്കിലും മാനവികമായ കാഴ്ചപ്പാട് പരിഷ്കർത്താക്കൾക്ക് ഉണ്ടായിരുന്നു. അതുകൊണ്ടുതന്നെ വൈദേശികാധിപത്യത്തെ എതിർക്കുന്ന കാര്യത്തിൽ ഈ ധൈഷണികർക്ക് സമാനമായ കാഴ്ചപ്പാടാണ് ഉണ്ടായിരുന്നത്.

### 1.10.1. കേരളീയനവോത്ഥാനത്തിന്റെ മുസ്ലിം പരിപ്രേക്ഷ്യം

"അധിനിവേശം ഉയർത്തിയ ബാഹ്യമായ വെല്ലുവിളികളെയും അപരിഷ്കൃതവും അന്ധവിശ്വാസജടിലവുമായ സാമൂഹികാന്തരീക്ഷം സൃഷ്ടിച്ച ആന്തരികമായ വെല്ലുവിളികളെയും നേരിട്ടുകൊണ്ടാണ് കേരളമുസ്ലിംനവോത്ഥാനം എന്ന് വ്യവഹരിക്കപ്പെട്ട പരിഷ്കരണപ്രവർത്തനങ്ങൾക്ക് ഇവിടെ ആരംഭം കുറിയ്ക്കുന്നത്" (ഹുസൈൻ കെ.ടി. 2017: 12). കേരള മുസ്ലിംസ്വത്വത്തിന് രൂപം നൽകുകയും അവരുടെ കാഴ്ചപ്പാടുകളെ വികസിപ്പിക്കുകയും ചെയ്യുന്നതിൽ വലിയ പങ്കുവഹിച്ചവരാണ് നവോത്ഥാനനായകന്മാർ. പൊന്നാനിയിലെ ആദ്യകാല മഖ്ദുംപണ്ഡിതന്മാർ, ഉമർഖാളി, മമ്പുറം തങ്ങൾമാർ തുടങ്ങിയ ആദ്യകാലപരിഷ്കർത്താക്കളും അവരെത്തുടർന്ന് സനാഉള്ള മക്തിതങ്ങൾ, വക്കം മൗലവി, തുടങ്ങിയ ചിന്തകരുമാണ് പരിഷ്കരണപ്രവർത്തനങ്ങൾക്കുള്ള ധൈഷണികമായ നേതൃത്വം നൽകിയത്. അധ്യാത്മികപ്രബുദ്ധത വളർത്തുന്നതിനുപുറമെ കേരളീയമുസ്ലിങ്ങളുടെ സാമൂഹ്യജീവിതത്തെക്കൂടി സ്വാധീനിക്കാൻ കഴിയുന്ന ഈ പണ്ഡിതനേതൃത്വത്തെ ഗ്രാംഷിയൻ പരികല്പനയനുസരിച്ചുള്ള 'പരമ്പരാഗത ബുദ്ധിജീവികൾ' എന്ന വിഭാഗത്തിലാണ് ചരിത്രകാരനായ കെ.എൻ.പണിക്കർ ഉൾപ്പെടുത്തിയിരിക്കുന്നത് (പണിക്കർ കെ.എൻ.2005: 79). പരമ്പരാഗത മുസ്ലിംബുദ്ധിജീവികൾ ബ്രിട്ടീഷ്വിരു

ദ്ധനിലപാട് സ്വീകരിക്കുകയും പാരമ്പര്യമൂല്യങ്ങളെ പിന്തുണക്കുകയും ചെയ്യുന്നു എന്നാണ് വിവക്ഷ. പാരമ്പര്യബുദ്ധിജീവികൾ എന്ന് വിശേഷിപ്പിക്കപ്പെട്ട ഈ പണ്ഡിതനേതൃത്വത്തിന്റെ സാമൂഹികസ്വാധീനത്തെക്കുറിച്ച് കെ.എൻ.പണിക്കർ രേഖപ്പെടുത്തിയിട്ടുണ്ട്. ''സമുദായാംഗങ്ങളുമായി ഗാഢബന്ധമുണ്ടായിരുന്ന ഈ പാരമ്പര്യബുദ്ധിജീവികൾ രൂപപ്പെടുത്തി വികസിപ്പിച്ച ആശയപ്രപഞ്ചത്തിലായിരുന്നു മാപ്പിളകർഷകർ. ഈ ആശയപ്രപഞ്ചത്തിൽനിന്നും ഊർജ്ജം ഉൾക്കൊണ്ടാണ് മാപ്പിളകൃഷിക്കാർ അവരുടെ സാമൂഹ്യജീവിതം മുന്നോട്ടുകൊണ്ടുപോയത്'' (പണിക്കർ കെ.എൻ, 2005: 80). കൊളോണിയൽ ആശയങ്ങളും സംസ്കാരവും സമുദായത്തിനകത്തേക്ക് കടന്നുവരുന്നതിനെയും മിഷനറിമാരുടെ പ്രവർത്തനങ്ങളെയും ഈ പണ്ഡിതനേതൃത്വം ഭയപ്പെട്ടിരുന്നു. സമ്പത്തും സാമാന്യ വിദ്യാഭ്യാസവുമില്ലാത്ത കേരളീയമുസ്ലീങ്ങളെ ഇത്തരം ബാഹ്യമായ കടന്നുകയറ്റങ്ങളിൽ നിന്നും സംരക്ഷിച്ചുപോരുക എന്ന ദൗത്യത്തോടൊപ്പം പൊതുസമൂഹത്തിന്റെ വൈയക്തികവും സാമൂഹികവുമായ പ്രശ്നങ്ങൾ പരിഹരിക്കുക എന്ന ഉത്തരവാദിത്തവും ഈ സംവർഗ്ഗം ശ്രദ്ധിച്ചിരുന്നു. അതുകൊണ്ടുതന്നെ മുസ്ലീങ്ങളുടെ സാമൂഹ്യജീവിതത്തിന്റെ ദിശാനിർണ്ണയം നടത്താൻ ഇക്കൂട്ടർക്ക് ഏറെക്കുറെ സാധിച്ചിരുന്നു,

അധിനിവേശവിരുദ്ധ സമരപോരാട്ടങ്ങളുടെയും സാമൂഹ്യപരിഷ്കരണോന്മുഖ പ്രവർത്തനങ്ങളുടെയും പശ്ചാത്തലത്തിൽ ഈ ചിന്തകന്മാരെ വിലയിരുത്തുന്ന കെ.ടി.ഹുസൈന്റെ പഠനം ശ്രദ്ധേയമാണ്. ''അധിനിവേശത്തിന്റെ തത്വശാസ്ത്രത്തെയോ സംസ്കാരത്തെയോ കുറിച്ച ധാരണയൊന്നുമില്ലാതെ അതിനെതിരെ വിദ്വേഷം ഇളക്കിവിടുക മാത്രംചെയ്ത വികാരജീവികളായ പണ്ഡിതന്മാരായിരുന്നില്ല ഇവരാരും, മറിച്ച് തങ്ങൾ ജീവിച്ച കാലഘട്ടത്തിന്റെ രാഷ്ട്രീയ സാമ്പത്തിക സാംസ്കാരിക സംഘർഷങ്ങളെയും അതിന്റെ കാരണങ്ങളെയും യഥാവിധം തിരിച്ചറിയുകയും അതിനെ ആദർശത്തിന്റെ ഭൂമികയിൽനിന്ന് പുനർവ്യാഖ്യാനിച്ച് അവയോട് സ്വീകരിക്കേണ്ട സമീപനത്തെക്കുറിച്ച് സമൂഹത്തിന് ദിശാ

ബോധം നൽകുകയും ചെയ്ത വിപ്ലവകാരികളായിരുന്നു അവർ. ഇസ്ലാമിനെ അതിന്റെ എല്ലാ സമഗ്രതയോടും കൂടി വ്യക്തിജീവിതത്തിലും സമൂഹജീവിത ത്തിലും ആവിഷ്കരിക്കുകയാണ് അവർ ചെയ്തത്. തങ്ങളുടെ കാലത്തെ മുഖ്യരാ ഷ്ട്രീയപ്രശ്നമായ സാമ്രാജ്യത്വ അധിനിവേശത്തെ എതിർക്കാതെ പള്ളിമേടക ളിലോ ഖാൻഗാഹുകളിലോ ഒതുങ്ങിക്കൂടാൻ അവർക്ക് കഴിയാതെ പോയത് അവർ പ്രതിനിധാനം ചെയ്തത് രാഷ്ട്രീയത്തെയും മതത്തെയും ഒരേ നാണയത്തിന്റെ ഇരുപുറങ്ങളായി അഭിവീക്ഷിക്കുന്ന ഇസ്ലാമിന്റെ തനതുഭാവത്തെയായതുകൊണ്ടാ ണ്. ഈ രീതിയിലുള്ള ഇസ്ലാമിന്റെ പ്രതിനിധാനത്തെയാണ് ഇസ്ലാമികനവോത്ഥാ നമെന്ന് വ്യവഹരിക്കപ്പെടുന്നത്'' (ഹുസൈൻ, കെ.ടി. 2017:13,14).

കേരളത്തിലെ ഇസ്ലാമികസമൂഹം കടുത്തവെല്ലുവിളികൾ നേരിട്ടു കൊണ്ടി രുന്ന പതിനഞ്ചും പതിനാറും നൂറ്റാണ്ടുകളിലാണ് മഖ്ദൂംപണ്ഡിതന്മാർ ചരിത്രദൗത്യവുമായി മുന്നിട്ടിറങ്ങിയത്. വൈദേശിക ആധിപത്യവും ആന്തരിക ജീർണ്ണതകളും സമൂഹത്തെ വേട്ടയാടിയിരുന്ന ഒരു ഘട്ടമായിരുന്നു അത്. അന്ധവിശ്വാസജടിലമായ സമുദായജീവിതത്തിന്റെ ആന്തരികദൗർബല്യ ങ്ങളെ തിരിച്ചറിയുകയും അതിനുവേണ്ടി ക്രിയാത്മകമായി ഇടപെടുകയും ചെയ്തു എന്നിടത്താണ് മഖ്ദൂംപണ്ഡിതന്മാരുടെ മഹത്വം. വിദ്യാഭ്യാസത്തിന്റെ അഭാവമാണ് സാമൂഹ്യജീർണ്ണതയുടെ കാരണമെന്ന് സൈനുദ്ദീൻ ഒന്നാമൻ തിരിച്ച റിയുകയും പൊന്നാനിയിൽ പള്ളി കേന്ദ്രീകരിച്ച് വ്യവസ്ഥാപിതമായ പഠനത്തിന് ദർസ് ആരംഭിക്കുകയും ചെയ്തു. ''കേരളത്തിൽ വൈജ്ഞാനികനവോത്ഥാന ത്തിന് തിരികൊളുത്തിയ പള്ളിദർസ് സംവിധാനത്തിന്റെ തുടക്കമായിരുന്നു അത്'' (ഹുസൈൻ, കെ.ടി. 2017: 29). മതപരവും ഭൗതികവുമായ പഠനം ദർസിലൂടെ ലഭ്യ മായി. വിജ്ഞാനതത്പരരായ ആർക്കും ഈ ദർസിൽ പ്രവേശനമുണ്ടായിരുന്നു. അന്ധവിശ്വാസങ്ങളിൽനിന്നും ജനങ്ങളെ അകറ്റാനായി ഇസ്ലാമികപ്രബോധനം നൽകി. പോർച്ചുഗീസ് വിരുദ്ധ പോരാട്ടങ്ങൾക്ക് ജാതിമതഭേദമന്യേ പിന്തുണതേടു

കയും ധൈഷണികമായ പിന്തുണ നൽകുകയും ചെയ്തു. പോർച്ചുഗീസ് അധിനിവേശചരിത്രവുമായ ബന്ധപ്പെട്ട രണ്ട് ഭാഗങ്ങളുള്ള 'തഹ്‌രീദ്' എന്ന കൃതി വിലപ്പെട്ട സംഭാവനയാണ്.

ഇസ്ലാമികപണ്ഡിതനും ചരിത്രകാരനും സാമൂഹികപരിഷ്കർത്താവുമായിരുന്നു സൈനുദ്ദീൻമഖ്ദൂം രണ്ടാമൻ. ഇസ്ലാമികകർമ്മശാസ്ത്രനിയമങ്ങളിലുള്ള അജ്ഞത ദൂരീകരിക്കുന്നതിനായി രചിച്ച'ഫത്ഹുൽ മുഈൗൻ' എന്ന ഗ്രന്ഥം ഏറെ പ്രധാനപ്പെട്ടതാണ്. ജനങ്ങളുടെ ദൈനംദിനജീവിതവുമായി ബന്ധപ്പെട്ട ഈ കർമ്മശാസ്ത്രഗ്രന്ഥം അക്കാലത്തുതന്നെ പള്ളിദർസുകളിൽ പാഠപുസ്തകമായി. കേരളത്തിലെ പോർട്ടുഗീസ് അധിനിവേശചരിത്രവും തന്റെ രാഷ്ട്രീയനിലപാടുകളും വ്യക്തമാക്കുന്ന കൃതി എന്ന നിലയിൽ 'തുഹ്ഫത്തുൽ മുജാഹിദീൻ' ഏറെ വിലമതിക്കുന്നു. ''കേരളത്തിലെ പോർച്ചുഗീസ് അധിനിവേശത്തിന്റെയും അതിനെതിരായ തദ്ദേശീയചെറുത്തുനിൽപിന്റെയും ചരിത്രം തുടങ്ങിയവയാണ് യഥാക്രമം രണ്ടും മൂന്നും നാലും ഭാഗങ്ങളിൽ പ്രതിപാദിക്കുന്നത്. കേരളത്തെക്കുറിച്ച ആദ്യത്തെ ആധികാരികചരിത്രരേഖയാണിത്. പിൽക്കാലത്ത് എഴുതപ്പെട്ട എല്ലാ കേരളചരിത്രപഠനങ്ങളിലും 'തുഹ്ഫത്തുൽ മുജാഹീദീൻ' ഒരു പ്രധാന ഉപാദാനമായി പരിഗണിക്കപ്പെട്ടിട്ടുണ്ട് (ഹുസൈൻ, കെ.ടി. 2017: 48).

വിജ്ഞാനപ്രചാരണത്തിനും സാമൂഹികപരിഷ്കരണത്തിനും വേണ്ടി ജീവിതം ചെലവഴിച്ച മഹദ്‌വ്യക്തിയാണ് വെളിയങ്കോട് ഉമർഖാളി. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ കടുത്ത ഭാഷയിൽ പ്രതികരിച്ച അദ്ദേഹം തറവാടിത്തത്തിന്മേലുള്ള അഹങ്കാരത്തെ കാവ്യഭാഷയിൽ വിമർശിച്ചിട്ടുണ്ട്. മതാത്മകമായ നിലപാടുകൾക്കൊപ്പം സാമൂഹികപ്രശ്നങ്ങളിലും തീർപ്പുകൽപ്പിക്കാൻ പ്രാപ്തനായ ഒരു വ്യക്തിത്വം അദ്ദേഹത്തിനുണ്ടായിരുന്നു. താൻ ഖാളിയായിരിക്കുന്ന മഹല്ലുകളിലെ എല്ലാ പ്രശ്നങ്ങൾക്കും തീർപ്പുകല്പിക്കാൻ അദ്ദേഹത്തിനാ

യി. അദ്ദേഹത്തിന്റെ നിർദ്ദേശങ്ങൾ അംഗീകരിക്കാൻ ആർക്കും പ്രയാസം നേരിട്ടിരുന്നില്ല. സമൂഹത്തിന്റെ സമാധാനപരമായ അന്തരീക്ഷത്തിന് ഒരു പോറൽപോലും ഏൽപ്പിക്കാതിരുന്നിട്ടും ബ്രിട്ടീഷ്ഗവൺമെന്റ് സംശയദൃഷ്ടിയോടെയാണ് വീക്ഷിച്ചത്. ''അധികാരകേന്ദ്രങ്ങളിൽ പങ്കാളിത്തമോ സാമീപ്യമോ ഒന്നുമില്ലാതിരുന്നിട്ടും സിവിൽസമൂഹത്തിൽ അദ്ദേഹം നേടിയെടുത്ത ഈ അധികാരസ്ഥാനമാണ് ബ്രിട്ടീഷുകാരെ അതിന് പ്രേരിപ്പിച്ചതെന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്'' (ഹുസൈൻ കെ.ടി. 2017: 94). ജന്മിത്വത്തിന്റെയും സാമ്രാജ്യത്വത്തിന്റെയും അനീതികൾക്കും ചൂഷണങ്ങൾക്കുമെതിരെ ഉമർഖാളി പ്രവർത്തിച്ചു. ജനങ്ങളിൽ സ്വാതന്ത്ര്യബോധവും രാഷ്ട്രീയ പ്രബുദ്ധതയും വളർത്തുന്നതിനായി 'നികുതിനിഷേധം' എന്ന സമരായുധം തന്നെ പ്രയോഗിച്ച് ശ്രദ്ധേയനായി. ഇസ്ലാമികപണ്ഡിതനും പ്രബോധകനും സാമ്രാജ്യത്വവിരുദ്ധനുമായിരുന്ന ഉമർഖാളി ഭാവനാസമ്പന്നനായ കവി കൂടിയായിരുന്നു. അറബിയിലും അറബിമലയാളത്തിലുമായി വൈജ്ഞാനികകൃതികൾ ഉൾപ്പെടെ നിരവധി കൃതികൾ രചിച്ചിട്ടുണ്ട്.

സമുദായത്തിനകത്തെ ആത്മീയവും ഭൗതികവുമായ ഉണർവ്വ് ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയവരാണ് 'മമ്പുറം തങ്ങന്മാർ' എന്നറിയപ്പെട്ടിരുന്ന സയ്യിദ് ഫസൽ പൂക്കോയതങ്ങളും സയ്യിദ് അലവിതങ്ങളും. മുസ്ലീങ്ങളുടെ മതപരവും സാമൂഹികവുമായ ജീവിതത്തിൽ വലിയ സ്വാധീനം ചെലുത്താൻ മമ്പുറം തങ്ങന്മാർക്ക് സാധിച്ചിട്ടുണ്ട്. അധിനിവേശ വിരുദ്ധപോരാട്ടങ്ങളിൽ മുസ്ലീങ്ങളുടെ ബ്രിട്ടീഷ് വിരുദ്ധമനോഭാവം വികസിപ്പിക്കുന്നതിൽ സയ്യിദ് അലവി തങ്ങൾ വലിയ പങ്കുവഹിച്ചിട്ടുണ്ട്. [6]'സൈഫുൽബത്താർ'എന്ന ലഘുലേഖ ഇതുമായി ബന്ധപ്പെട്ടതാണ്. പിൻഗാമിയായ ഫസൽ പൂക്കോയതങ്ങളും പിതാ

---

6 സൈഫുൽബത്താർ:- ചില സാമൂഹികദ്രോഹികളെ ഉപയോഗിച്ചുകൊണ്ട് 1841-ൽ ബ്രിട്ടീഷുകാർ ആസൂത്രിതമായി സൃഷ്ടിച്ച മുട്ടിയറ ലഹളയുടെ പശ്ചാത്തലത്തിൽ അറബിയിൽ രചിച്ച കൃതി. മലബാർമുസ്ലീങ്ങളുടെ ബ്രിട്ടീഷ്വിരുദ്ധമനോഭാവം ആളിക്കത്തിച്ച കൃതി. (ഹുസൈൻ,കെ.ടി.2017, പു.71)

വിന്റെ പാത പിന്തുടർന്നു. അദ്ദേഹം മമ്പുറത്തു സ്ഥാപിച്ച പള്ളി ഇന്നും മുസ്ലീങ്ങളുടെ പ്രധാന ആരാധനാകേന്ദ്രമാണ്. മാപ്പിളമുസ്ലീങ്ങളിൽ വലിയൊരു വിഭാഗം മമ്പുറം തങ്ങന്മാരെ ദിവ്യഗുണങ്ങളുള്ളവരായി കാണുകയും അത്തരത്തിലൊരു തുടർച്ച നിലനിർത്തുകയും ചെയ്തു.

പരമ്പരാഗത മതപണ്ഡിതന്മാരിൽനിന്നും ഏറെ വ്യതിരിക്തമായ പാതയിലൂടെ കേരളീയമുസ്ലീങ്ങളുടെ നവോത്ഥാനത്തിൽ ഒരു ദിശാമാറ്റം സാധ്യമാക്കിയ പണ്ഡിതനും ചിന്തകനുമായിരുന്നു സനാഉള്ള മക്തി തങ്ങൾ (1847-1912). സമുദായത്തിന്റെ നവീകരണശ്രമങ്ങൾക്ക് ചുക്കാൻപിടിച്ച ആദ്യകാലനേതൃത്വം സാമ്രാജ്യത്വവിരുദ്ധരും പരിഷ്കരണോന്മുഖരുമായിരുന്നെങ്കിലും ഭൗതിക വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ പലപ്പോഴും പിന്തിരിപ്പൻ നിലപാടുകൾ വച്ചുപുലർത്തിയവരാണ്. മാതൃഭാഷയെയും ആധുനിക വിദ്യാഭ്യാസത്തെയും ബഹിഷ്കരിച്ചത് സമുദായം സാമൂഹികമായി പിന്തള്ളാൻ കാരണമായി. ഇത്തരമൊരു പരിതസ്ഥിതിയിലാണ് മക്തിതങ്ങൾ പ്രസക്തനാകുന്നത്. ''ഇസ്ലാമിന്റെ അന്തസത്തയോട് വിട്ടുവീഴ്ച ചെയ്യാതെതന്നെ മുസ്ലിം കേരളത്തിന്റെ അന്തരംഗത്തെ ആധുനിക ലോകവുമായി അടുപ്പിച്ച് കേരളത്തിലെ മുസ്ലീം സ്വത്വത്തെ രൂപപ്പെടുത്തുകയും പുനർനിർണ്ണയിക്കുകയും ചെയ്തതാണ് കേരള മുസ്ലിം നവോത്ഥാനത്തിൽ മക്തി തങ്ങളുടെ സംഭാവന'' (ഹുസൈൻ, കെ.ടി. 2017:99). മതപ്രമാണങ്ങളെ വിട്ട് പുരോഹിതന്മാരെ പിന്തുടരുന്ന സമൂഹം തികഞ്ഞ അന്ധവിശ്വാസികളും അനാചാരങ്ങളാൽ ബന്ധിതരുമായിരുന്നു. ദൈവികമായ അടിത്തറയിൽനിന്നുകൊണ്ടുള്ളതും ആധുനിക വിദ്യാഭ്യാസ സംരംഭങ്ങളെ സ്വാംശീകരിച്ചുകൊണ്ടുള്ളതുമായ നവീകരണശ്രമങ്ങൾക്ക് ധാരാളം എതിർപ്പുകൾ നേരിടേണ്ടിവന്നു. ക്രിസ്ത്യൻമിഷനറിമാരുടെ ബാഹ്യമായ കടന്നാക്രമണങ്ങൾ മതബോധത്തെ പരിക്കേൽപ്പിക്കുന്നതിനെതിരെ മതാന്തരസംവാദത്തിലൂടെ ശക്തമായ പ്രതിരോധം സൃഷ്ടിച്ചതും ശ്രദ്ധേയമായിരുന്നു. കേരളീയ മുസ്ലിങ്ങളുടെ ബൗദ്ധികമണ്ഡലത്തിൽ തന്റേതായ ഇടം

കണ്ടെത്തിയ [7]'ജൈവബുദ്ധിജീവിയായി' മക്തിതങ്ങളെ ഡോ.പി.കെ.പോക്കർ വില യിരുത്തുന്നുണ്ട് (പോക്കർ, പി.കെ. ഡോ.2012:63). ചരിത്രസന്ദർഭങ്ങളോടുള്ള പ്രതികരണങ്ങളും പൊതുമണ്ഡലത്തിലെ ഇടപെടലുകളുമാണ് ബുദ്ധിജീവികളെ നിർണ്ണയിക്കുന്നത്. സമൂഹത്തിൽ ജൈവബുദ്ധിജീവികളും പരമ്പരാഗതബുദ്ധിജീ വികളും നിറവേറ്റുന്ന കർത്തവ്യങ്ങളുടെ പുരോഗമനസ്വഭാവം സന്ദർഭത്തിനനുസ രിച്ച് മാത്രമെ വിലയിരുത്താൻ കഴിയുകയുള്ളൂ'' (പോക്കർ പി.കെ.ഡോ.2012: 65) ബ്രിട്ടീഷ് ഭരണകൂടത്തെ അനുസരിക്കാനും അവർ നൽകുന്ന ജോലികൾ സ്വീകരി ക്കാനും സമുദായത്തോട് ആഹ്വാനം ചെയ്യുന്ന മക്തിതങ്ങൾ, അധിനിവേശത്തിനെ തിരെയുള്ള സംഘടിതപ്രവർത്തനങ്ങളിൽ പങ്കാളിയാവുന്നതും ഈ വിശേഷ ണത്തെ സാധൂകരിക്കുന്നു. ആശയരംഗത്തെ പ്രതിരോധം എന്ന നിലയ്ക്ക് ക്രിസ്ത്യൻമിഷനറിമാർക്കെതിരെ സംഘടിപ്പിച്ച മതാന്തരസംവാദങ്ങളാണ് മക്തിത ങ്ങളെ ഇതരപരിഷ്കർത്താക്കളിൽനിന്നും വ്യതിരിക്തനാക്കുന്നത്. കേരളത്തിൽ മതപ്രബോധനരംഗത്ത് ഇത്തരം സംവാദത്തിന് തുടക്കം കുറിച്ചത് മക്തിതങ്ങ ളാണ് എന്ന് കെ.ടി.ഹുസൈന്റെ നിരീക്ഷണം ബുദ്ധിജീവി എന്ന നിലയിലുള്ള മക്തിതങ്ങളുടെ അനന്യതയെ ദൃഢീകരിക്കുന്നു. പൊതുസമൂഹത്തെ സംബന്ധി ക്കുന്ന ചർച്ചകളും സംവാദങ്ങളുമാണ് ബുദ്ധിജീവികളെ നിർമ്മിച്ചെടുക്കുന്ന പ്രധാനഘടകം.

മാതൃഭാഷാപഠനത്തിന്റെ പ്രാധാന്യത്തെ ഉൾക്കൊള്ളുകയും അതിന്റെ അനിവാര്യതയെ സമൂഹത്തിനകത്ത് ഉദ്ബോധിപ്പിക്കുകയും ചെയ്ത നിരവധി സന്ദർഭങ്ങൾ മക്തിതങ്ങൾക്ക് ഉണ്ടായിട്ടുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട് ധാരാളം ലേഖനങ്ങൾ എഴുതിയിട്ടുണ്ട്. മതപരിഷ്കരണം, വിദ്യാഭ്യാസപരിഷ്കര ണം, ഗ്രന്ഥരചന, മതാന്തരസംവാദം, സ്ത്രീവിദ്യാഭ്യാസം, പത്രപ്രവർത്തനം തുട

[7] ജൈവബുദ്ധിജീവി:- ഒരേസമയം പുതിയ സാമൂഹ്യബന്ധങ്ങളെ സാധൂകരിക്കുകയും പരമ്പരാഗത മൂല്യങ്ങളെ പ്രതിനിധീകരിക്കുകയും ചെയ്യുന്നു ഗ്രാംഷിയൻ പരികല്പന യിലെ ഒരു വിഭാഗം ബുദ്ധിജീവി. (ഗ്രാംഷി അന്റോണിയോ, ജയിൽകുറിപ്പുകൾ, വി വ. ഷിജു ഏലിയാസ്,പ്രോഗ്രസ്സ് പബ്ലിക്കേഷൻസ്,2011.പു.152)

ങ്ങിയ വൈവിധ്യമാർന്ന മേഖലകളിലൂടെയാണ് മക്തി തങ്ങളുടെ പരിഷ്കരണശ്രമ ങ്ങൾ വികസിച്ചത്. മക്തി തങ്ങൾക്കുശേഷം കേരളത്തിലുണ്ടായ മുസ്ലീം പരി ഷ്കർത്താക്കളും പ്രസ്ഥാനങ്ങളുമെല്ലാം ശക്തമായ ആ ബൗദ്ധികാടിത്തറ യിൽനിന്നും ഉയർന്നുവന്നതാണ്.

മാതൃകാപരമായ പ്രവർത്തനങ്ങൾകൊണ്ട് കേരളനവോത്ഥാനചരിത്രത്തിൽ വേറിട്ടുനിൽക്കുന്ന വ്യക്തിത്വമാണ് വക്കം അബ്ദുൽഖാദർ മൗലവി. ജനാധിപത്യ ത്തോടും മതനിരപേക്ഷ രാഷ്ട്രീയത്തോടുമുള്ള മൗലവിയുടെ കാഴ്ചപ്പാട് ശ്രദ്ധേ യമാണ്. മതനിരപേക്ഷരാഷ്ട്രീയം ഇസ്ലാമികവിരുദ്ധമാണെന്ന സമൂഹത്തിന്റെ വീക്ഷണത്തെ നവീകരിക്കാൻ മൗലവിയുടെ കാഴ്ചപ്പാടുകൾക്കായി. ബഹുഭാ ഷാപണ്ഡിതനായിരുന്ന വക്കം മൗലവി വിദ്യാഭ്യാസത്തിനും സാംസ്കാരികമേഖ ലയ്ക്കും അനന്യമായ സംഭാവനകൾ നൽകിയിട്ടുണ്ട്. ഈജിപ്തിൽനിന്നും പുറ ത്തിറങ്ങുന്ന അൽമനാർ മാസികയാണ് പരിഷ്കരണരംഗത്ത് വക്കം മൗലവിക്ക് പ്രേരണയായിത്തീർന്നത്. സാമുദായികപരിഷ്കരണശ്രമങ്ങൾ പ്രവാചകകാലം മുതൽ ഇസ്ലാമിൽ ഉണ്ടായിരുന്നു. അറബ് ലോകത്തെ പിൽക്കാല ചിന്തകരായ മുഹമ്മദ്ബ്നു അബ്ദുൽവഹാബ്, സയ്യിദ് ജമാലുദ്ദീൻ അൽ അഫ്ഖാനി, റഷീദ് റിദാ, ഇബ്നു തൈമിയ്യാ തുടങ്ങിയവരാണ് വക്കം മൗലവി ഉൾപ്പെടുന്ന സാമുദാ യികപരിഷ്കർത്താക്കളെ സ്വാധീനിച്ചത്. കേരളീയ മുസ്ലിം നവോത്ഥാ നത്തിന് ഇന്ത്യൻ നവോത്ഥാനവും കേരള നവോത്ഥാനവും പ്രേരണയായിട്ടുണ്ടെങ്കിലും അറബ് ലോകത്തെ ചിന്തകരുടെയും ഈജിപ്തിലെ അൽമനാർ മാസികയുടെയും സ്വാധീനമാണ് ശാസ്ത്രീയവും യുക്തിപൂർണവുമായ മാർഗ്ഗത്തിലൂടെ മുസ്ലിം നവോത്ഥാനത്തെ സമീപിക്കാനുള്ള പ്രേരണ നൽകിയത്. വിദ്യാഭ്യാസമേഖല യിലും പ്രസിദ്ധീകരണമേഖലയിലും വക്കം മൗലവി നടപ്പിലാക്കിയ പരിഷ്കരണ ങ്ങൾ സ്തുത്യർഹങ്ങളാണ്. അറബി ഭാഷയ്ക്ക് കേരളത്തിന്റെ വിദ്യാഭ്യാസമേഖല യിൽ ഇടം നേടിക്കൊടുത്തതും മൗലവിയുടെ പ്രവർത്തനഫലമാണ്. വക്കംമൗല വിയുടെ 'സ്വദേശാഭിമാനി' കേരള സാമൂഹിക-സാംസ്കാരികമണ്ഡലത്തിൽ ചെലു

ത്തിയ സ്വാധീനം സുവിദിതമാണ്. 1918 ൽ ഇസ്ലാംധർമ്മ പരിപാലനസംഘം എന്ന സാമൂഹികസംഘടന വക്കത്തിനടുത്ത് സ്ഥാപിച്ചു. ദീപിക, അൽ ഇസ്ലാം എന്നിവ പ്രസിദ്ധീകരിച്ചു. വിശുദ്ധ ഖുർആൻ മലയാളത്തിലേക്കു വിവർത്തനം ചെയ്തത് വിപ്ലവം സൃഷ്ടിച്ചു. അൽ ഇസ്ലാം-അറബി മലയാള മാസികയും എടുത്തു പറയാവുന്നതാണ്. 1922-ൽ കൊടുങ്ങല്ലൂരിൽ സ്ഥാപിതമായ 'കേരളമുസ്ലിം ഐക്യസംഘം' സ്ഥാപിക്കുന്നതിലും നിർണ്ണായകമായ പങ്കുവഹിച്ചിട്ടുണ്ട്.

വക്കം മൗലവിയുടെ പ്രവർത്തനകേന്ദ്രം തെക്കൻ കേരളത്തിലായിരുന്നു. അദ്ദേഹത്തിന്റെ ആശയാദർശങ്ങൾ മലബാറിൽ പ്രചരിപ്പിച്ചത് കെ.എം.മൗലവിയായിരുന്നു. മലപ്പുറം ജില്ലയിലെ തിരൂരങ്ങാടിക്കാരനായ കെ.എം.മൗലവി സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട പോലീസ് വേട്ടയിൽ ദീർഘകാലം കൊടുങ്ങല്ലൂരിൽ ഒളിവിൽ കഴിഞ്ഞകാലത്താണ് വക്കം മൗലവിയുടെ പരിഷ്കരണാശയങ്ങളിൽ ആകൃഷ്ടനാകുന്നത്. പിന്നീട് മലബാറിൽ തിരിച്ചെത്തിയ അദ്ദേഹം മുസ്ലിം ഐക്യസംഘത്തിന്റെ ആശയങ്ങളുമായി സാമൂഹ്യരംഗത്തേക്കിറങ്ങി.

### 1.10.1.1. കേരളമുസ്ലിം ഐക്യസംഘം

കേരളമുസ്ലീങ്ങൾക്കിടയിൽ ചിന്താവിപ്ലവത്തിനുള്ള സാധ്യത സൃഷ്ടിച്ച പ്രസ്ഥാനമാണ് കേരളമുസ്ലിം ഐക്യസംഘം. 1922-ൽ കൊടുങ്ങല്ലൂരിലാണ് ഈ സംഘടന രൂപംകൊള്ളുന്നത്. ''പരിഷ്കാരത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും സന്ദേശങ്ങൾ മാപ്പിളമാർക്കിടയിൽ പ്രചരിപ്പിക്കാനുള്ള സംഘടിതശ്രമത്തിന്റെ ആരംഭമായിരുന്നു അത്'' (ഗംഗാധരൻ എം.2012: 113). 1922 മുതൽ 1934 വരെ ഊർജ്ജസ്വലമായി നിലനിന്ന ഈ സംഘടനക്ക് കേരളത്തിന്റെ പല ഭാഗങ്ങളിലും ശാഖകളും അനുയായികളുമുണ്ടായി. സമുദായോത്കർഷം ലക്ഷ്യമാക്കിയ ഈ സംഘടന കേരളത്തിൽ രൂപീകൃതമായ ആദ്യത്തെ മുസ്ലിം സംഘടിത വേദിയായിരുന്നു. ശൈഖ് മാഹിൻ ഹമദാനി തങ്ങൾ, വക്കം മൗലവി തുടങ്ങിയ പരി

ഷ്കർത്താക്കളുടെ പ്രവർത്തനങ്ങൾക്ക് സംഘടിതരൂപം കൈവന്നതാണ് ഐക്യ സംഘത്തിന്റെ രൂപികരണത്തിലേക്ക് നയിച്ചത്.

അക്കാലത്തെ യാഥാസ്ഥിതിക മുസ്ലിം പണ്ഡിതന്മാരുടെ ദൃഷ്ടിയിൽ മുസ്ലീങ്ങൾ ഇംഗ്ലീഷ് പഠിയ്ക്കുന്നതും അക്ഷരശുദ്ധിയോടെ മലയാളം സംസാരിക്കുന്നതും സ്ത്രീകൾ എഴുത്ത് പഠിയ്ക്കുന്നതും നിഷിദ്ധമായിരുന്നു. ഇത്തരത്തിലുള്ള അന്ധമായ ചിന്താഗതികളെയും സമൂഹത്തിലെ ദുഷിച്ച അനാചാരങ്ങളെയും വിശ്വാസപരമായ അധഃപതനത്തെയും അദ്ദേഹം ചോദ്യം ചെയ്യുകയും ഉദ്ബോധിപ്പിക്കുകയും ചെയ്തു. ഓത്തുപള്ളികളിൽ മാത്രമൊതുങ്ങിയിരുന്ന മതവിദ്യാഭ്യാസത്തിന്റെ രൂപഭാവങ്ങളിൽ വരുത്തിയ മാറ്റം ശ്രദ്ധേയമാണ്. സിലബസ്സുകൾ ശാസ്ത്രീയമായി ചിട്ടപ്പെടുത്തിയതും മദ്രസ്സകൾ രൂപവത്കരിച്ചതും അറബി കോളേജുകൾ സ്ഥാപിച്ചതും ഇതിന്റെ മികച്ച ശ്രമഫലമായിരുന്നു. മൗലാനാ ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജിയുടെ ഐക്യസംഘത്തിലെ സേവനങ്ങൾ സ്തുത്യർഹങ്ങളാണ്.

### 1.11. സാഹിത്യത്തിലെ നവോത്ഥാനം

കേരളത്തിന്റെ സാമൂഹികവും സാംസ്കാരികവുമായ അന്തരീക്ഷത്തിൽ കാലാനുസൃതമായി ഉയർന്നുവന്ന ആശയസംവാദങ്ങളിലൂടെ വലിയൊരു വിഭാഗം ചിന്തകന്മാർ രൂപംകൊള്ളുകയുണ്ടായി. ദേശീയനവോത്ഥാനത്തിന്റെ ഫലമായി രൂപംകൊണ്ട ജനാധിപത്യവത്കരണമുന്നേറ്റങ്ങൾ, സാമൂഹ്യപരിഷ്കർത്താക്കളുടെ പ്രവർത്തനങ്ങൾ, പാശ്ചാത്യവിദ്യാഭ്യാസത്തിന്റെ വ്യാപനം തുടങ്ങിയവയുടെ സമ്മിശ്രഫലമായിട്ടാണ് പ്രബലരായ ഒരു ധൈഷണികവിഭാഗത്തിന്റെ ആവിർഭാവം സാധ്യമാകുന്നത്. വ്യത്യസ്തമേഖലകളെ പ്രതിനിധീകരിക്കുന്ന ഈ ചിന്തകരിൽ പ്രസക്തരായ ഒരു വിഭാഗമാണ് സാഹിത്യകാരന്മാരും സാഹിത്യചിന്തകരുമടങ്ങുന്ന എഴുത്തുകാർ. സാഹിത്യത്തെ സാമൂഹികനവീകരണത്തിനുള്ള ഒരു മാധ്യമമായി കണ്ട ഈ വിഭാഗത്തിന് സാംസ്കാരികമേഖലയിൽ തനതായ ചലന

ങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. നവോത്ഥാനവും ദേശീയപ്രസ്ഥാനവും ഇത്തരത്തിലുള്ള ധൈഷണികരുടെ വളർച്ചയ്ക്കും വികാസത്തിനും കാരണമായിട്ടുണ്ട്. നവോത്ഥാന നായകന്മാർ സാഹിത്യത്തെ പ്രചാരണമാധ്യമമാക്കി സമൂഹത്തിലേക്കിറങ്ങിയവരാണ്. "സാഹിത്യത്തെ ബോധപൂർവ്വം പ്രചാരണമാധ്യമമായി ഉപയോഗിച്ചത് സാമൂഹ്യപരിഷ്കർത്താക്കളാണ്. അച്ചടിയിലൂടെയുള്ള സംവേദനസാധ്യതകൾ ഉപയോഗിച്ച് സ്വന്തം ആശയങ്ങളെയും ആവിഷ്കാരങ്ങളെയും കൂടുതൽ ആളുകളിലെത്തിക്കാൻ അവർക്ക് കഴിഞ്ഞു. ജാഥകൾ, സമ്മേളനങ്ങൾ, പൊതുയോഗങ്ങൾ തുടങ്ങി ആളുകൾ സാമൂഹ്യാവശ്യങ്ങൾക്കായി ചേരുന്ന സ്ഥലങ്ങൾ ദൃശ്യ-ശ്രാവ്യാവിഷ്കാരങ്ങൾക്കായി ഉപയോഗിച്ചുതുടങ്ങിയതും ഈ പ്രവണതയുടെ ഭാഗമാണ്. (ഗണേഷ്, കെ.എൻ. 2011:126). അച്ചടിച്ച സാഹിത്യരൂപം നാടുവാഴിത്ത ആവിഷ്കാരങ്ങളിൽനിന്നും ഭിന്നമായിരുന്നു. അവ ജനങ്ങൾക്കിടയിൽ അതിവേഗം പ്രചരിച്ചു. വി.ടി. ഭട്ടതിരിപ്പാടിന്റെ 'അടുക്കളയിൽനിന്ന് അരങ്ങത്തേക്ക്' എന്ന നാടകം ഇത്തരത്തിൽ പ്രചരിച്ച ഒന്നാണ്.

1930-മുതൽ കേരളത്തിന്റെ സാംസ്കാരികാന്തരീക്ഷം സജീവമായിരുന്നു. വ്യക്തിജീവിതത്തിലെയും സാമൂഹികജീവിതത്തിലെയും ഉള്ളറകൾ തുറന്നുകാട്ടാൻ എഴുത്തുകാർ സന്നദ്ധരായി. വിമർശിക്കാനും വെല്ലുവിളിക്കാനുമുള്ള ധീരത എഴുത്തിലൂടെ അവർക്ക് കൈവന്നു. ഈ പരിണാമത്തിന് രാഷ്ട്രീയവും സാമൂഹികവും സാംസ്കാരികവുമായ പല ഘടകങ്ങളും കാരണമായി. 1920 മുതൽ 1948 വരെയുള്ള കാലത്താണ് ഇന്ത്യൻ ദേശീയപ്രസ്ഥാനത്തിന്റെ സന്ദേശം ഇന്ത്യയിൽ പ്രചരിക്കുന്നത്. ഇതിൽനിന്നും ആവേശമുൾക്കൊണ്ടുകൊണ്ട് പ്രാദേശികഭാഷാസാഹിത്യങ്ങൾ കരുത്താർജ്ജിച്ചു. "ദേശീയപ്രസ്ഥാനവും സ്വാതന്ത്ര്യസമരവും ഗാന്ധിയൻ ആദർശങ്ങളുമാണ് നമ്മെ ഉറക്കത്തിൽനിന്നും ആദ്യം ഉണർത്തിയത്." (കെ. ഇ. എൻ, 2009:248) എന്ന് കെ. ഇ.എൻ. നിരീക്ഷിക്കുന്നു. 1921-ലെ മലബാർകലാപവുമായി ബന്ധപ്പെട്ടുകൊണ്ടാണ് മലബാറിലെ മാപ്പിളമുസ്ലീങ്ങൾക്കിട

യിൽനിന്നും മാപ്പിളപ്പാട്ടുകൾ ചരിത്രദൗത്യം ഏറ്റെടുക്കുന്നത്. ബ്രിട്ടീഷ്വിരുദ്ധമനോഭാവം പ്രകടിപ്പിക്കുന്ന മാപ്പിളപ്പാട്ടുകൾ മാപ്പിളമാരുടെ സമരവീര്യം ജ്വലിപ്പിച്ചെങ്കിലും ഭാഷാപരമായ പ്രത്യേകതകൾ കൊണ്ടാകാം കേരളത്തിൽ ഏറെയൊന്നും പ്രചരിച്ചില്ല.

1930-കൾക്കുശേഷം മലയാളകവിതയിൽ ഈ പ്രവണത കുറെകൂടി ശക്തിപ്പെട്ടു. കവിത്രയത്തിന്റെ കവിതകൾ ഈ കാലഘട്ടത്തെയാണ് പ്രതിനിധീകരിച്ചത്. വള്ളത്തോളിന്റെ കവിതകൾ ദേശീയപ്രസ്ഥാനവുമായി നേരിട്ടു സംവദിക്കുന്നവയാണ്. ആശാന്റെ 'ദുരവസ്ഥയും' 'ചണ്ഡാലഭിക്ഷുകിയും' കവിതയിൽ കീഴാളർക്ക് ഇടം നേടികൊടുക്കുകയും നാടുവാഴിത്വത്തെ പ്രതിരോധിക്കുകയും ചെയ്തു. ഇവയുടെ ചുവടുപിടിച്ചാണ് സഹോദരൻ അയ്യപ്പൻ, പണ്ഡിറ്റ് കറുപ്പൻ, പള്ളത്തുരാമൻ മുതലായ കീഴാളസാഹിത്യകാരന്മാരും രംഗത്തുവന്നത്(ഗണേഷ്, കെ.എൻ. 2011: 125). സാമൂഹികമാറ്റത്തിനും രാഷ്ട്രീയപ്രബുദ്ധതക്കുമുള്ള സാഹചര്യങ്ങൾ സൃഷ്ടിച്ചുകൊണ്ട് വി.ടി.ഭട്ടതിരിപ്പാടും യോഗക്ഷേമസഭയും ഉണ്ണിനമ്പൂതിരിയും പ്രവർത്തനനിരതരായ കാലഘട്ടം കൂടിയാണിത്. എം.ആർ.ബി. പ്രേംജി, ലളിതാംബികാന്തർജ്ജനം, മുത്തിരിങ്ങോട് ഭവത്രാതൻ നമ്പൂതിരി തുടങ്ങിയവർ വി.ടി.ഭട്ടതിരിപ്പാടിന് പിന്തുണയായി. ഈ ശ്രമങ്ങളുടെ തുടർച്ചയായാണ് ഇ.എം.എസ് നമ്പൂതിരിപ്പാട് ദേശീയധാരയിലേക്ക് കടന്നുവരുന്നത് എന്ന് എസ്.കെ. വസന്തൻ അഭിപ്രായപ്പെട്ടിട്ടുണ്ട് (വസന്തൻ, എസ്.കെ. 2000:233). ദേശീയപ്രസ്ഥാനത്തിന്റെ ഉണർവ്വ് സാഹിത്യത്തിൽ ചലനങ്ങൾ സൃഷ്ടിച്ചിരുന്നു എന്നല്ലാതെ സോഷ്യലിസമെന്ന ആശയത്തെ ഉയർത്തിപ്പിടിച്ചുകൊണ്ടുള്ള ഒരു ബഹുജനപ്രസ്ഥാനം അക്കാലത്ത് രൂപപ്പെട്ടിരുന്നില്ല. 1937-ൽ കേരളത്തിലെ പുരോഗമനപ്രസ്ഥാനം രൂപപ്പെട്ടുവരാനുണ്ടായ പശ്ചാത്തലം സി. വി. ശ്രീരാമൻ വിവരിക്കുന്നുണ്ട്. "ഇവിടുത്തെ മത-സാമുദായിക നവോത്ഥാനപ്രസ്ഥാനങ്ങൾ, ജാതിനശീകരണപ്രസ്ഥാനങ്ങൾ, യുക്തിവാദവും ശാസ്ത്രീയവീക്ഷണവും, റഷ്യയിലെ ബോൾഷെവിക്വിപ്ലവം,

അത് ഉത്പതിഷ്ണുക്കളായ യുവജനങ്ങളിൽ ജനിപ്പിച്ച സമത്വസ്ഥാപനമോഹം തുടങ്ങിയവയുടെ പശ്ചാത്തലത്തിൽ രൂപപ്പെട്ട സാമൂഹ്യവിപ്ലവം നമ്മുടെ സാഹിത്യത്തിലും സ്വാധീനം ചെലുത്തിത്തുടങ്ങി. കോൺഗ്രസ്സ് പ്രസ്ഥാനത്തിനകത്ത് സോഷ്യലിസ്റ്റുകാർ ഒരു പ്രത്യേക വിഭാഗമായിത്തീരുകയും അവരുടെ നേതൃത്വത്തിൽ കർഷകരും തൊഴിലാളികളും സംഘടിച്ചു തുടങ്ങുകയും ചെയ്തതോടെയാണ് ഒരു സമത്വാധിഷ്ഠിത ലോകത്തെക്കുറിച്ചുള്ള ആശയങ്ങൾ മലയാളസാഹിത്യത്തെയും പ്രചോദിപ്പിച്ച് തുടങ്ങിയത്. കേരളത്തിന്റെ നാനാഭാഗങ്ങളിൽ ബഹുജനങ്ങളിൽനിന്നുതന്നെ ഈ വഴിക്കുള്ള സാഹിത്യപരിശ്രമങ്ങൾ ജനകീയസമരങ്ങളുടെ ഭാഗമായി സ്വമേധയാ ഉണ്ടായിത്തുടങ്ങി. ഇത്തരത്തിലുള്ള ശ്രമങ്ങൾ ഏകോപിപ്പിക്കപ്പെടുകയും ഒരു കേന്ദ്രീകൃത നേതൃത്വത്തിനുകീഴിൽ വരികയും ചെയ്തത് ജീവൽസാഹിത്യസംഘടന രൂപംകൊണ്ടതോടെയാണ്'' (ശ്രീരാമൻ,സി.വി. 2000: 119).

രാഷ്ട്രീയ-സാമൂഹിക-സാംസ്കാരികമേഖലകളിൽ പരിവർത്തനങ്ങൾ സംഭവിച്ചുകൊണ്ടിരുന്ന ഈ അന്തരീക്ഷത്തിലേക്കാണ് ചിന്തകനായ കേസരി കടന്നുവരുന്നത്. മലയാളിയുടെ സാഹിത്യബോധത്തെ പാടെ മാറ്റിമറിച്ച ഒന്നായിരുന്നു കേസരിയുടെ ചിന്തകൾ. കേരളത്തിന്റെ സാഹിത്യചരിത്രത്തിൽ കേസരി സ്കൂളിനുള്ള പ്രാധാന്യം ചൂണ്ടികാണിക്കപ്പെട്ടിട്ടുണ്ട്. ''രാഷ്ട്രീയ-സാഹിത്യമണ്ഡലങ്ങളിൽ പിന്നീട് നിർണായകശക്തികൾ ആയിത്തീർന്നവരെല്ലാം കേസരിസദസ്സുമായി ബന്ധപ്പെട്ടവരാണ്'' (വസന്തൻ, എസ്.കെ. 2000:236). കേരളത്തിലെ പുരോഗമനസാഹിത്യപ്രസ്ഥാനം രൂപീകരിച്ചതിനു പിന്നിലെ പ്രധാന പ്രേരകശക്തികളിൽ ഒന്നായിരുന്നു കേസരി.

### 1.11.1. പുരോഗമന സാഹിത്യപ്രസ്ഥാനം

1930-കളിലാണ് എഴുത്തുകാർക്ക് സവിശേഷമായ ബുദ്ധിജീവിപരിവേഷം

കൈവരുന്നത്. സാമ്രാജ്യത്വഫാസിസ്റ്റ്ശക്തികളുടെ ചിന്താധാരയിൽനിന്ന് മനുഷ്യ വംശത്തെ രക്ഷപ്പെടുത്തണമെന്ന ചിന്ത റിയലിസ്റ്റിക് മാനവികതാവാദികളായ എഴുത്തുകാർക്കുണ്ടായി. ഇതിനെത്തുടർന്ന് 1935-ൽ പാരീസിൽവെച്ചു നടന്ന സാർവ്വദേശീയ സാഹിത്യസമ്മേളനത്തിൽ 'അഖില ലോക പുരോഗമനസാഹിത്യ സംഘടന' രൂപംകൊണ്ടു. ദേശീയരാഷ്ട്രീയത്തിൽ സജീവമായ ഇന്ത്യൻ എഴുത്തു കാരെ ഇത് ആവേശംകൊള്ളിക്കുകയും തുടർന്ന് പ്രേംചന്ദിനെപ്പോലുള്ള പ്രസിദ്ധ രായ എഴുത്തുകാരുടെ പങ്കാളിത്തത്തോടെ 1936-ൽ ഇംഗ്ലണ്ടിൽവെച്ച് ഇന്ത്യൻ പു രോഗമനസാഹിത്യസംഘടനക്ക് രൂപംനൽകുകയും ചെയ്തു. ഈ സമ്മേളന ത്തിന്റെ പ്രചോദനത്തിലാണ് 1937-ൽ തൃശ്ശൂരിൽവെച്ച് 'ജീവൽസാഹിത്യസംഘം' രൂപംകൊണ്ടത്. കേരളീയ പുരോഗമനസാഹിത്യസംഘടനയുടെ ആദ്യരൂപമായി രുന്നു ഇത്. "ജീവൽസാഹിത്യസംഘമാണ് 1944-ൽ പുരോഗമനസാഹിത്യസംഘ മായി മാറിയത്. ജീവൽസാഹിത്യത്തിന്റെ പ്രണേതാക്കളായിരുന്ന കമ്മ്യൂണിസ്റ്റ് സാഹിത്യകാരന്മാർക്കൊപ്പം തലയെടുപ്പുള്ള കുറെ കമ്മ്യൂണിസ്റ്റിതര സാഹിത്യകാ രന്മാരും പങ്കെടുത്തിരുന്നു. ആ സംഘടന അതിന്റെ മൗലികപ്രമാണമായി സാമൂ ഹ്യപുരോഗതിക്ക് വേണ്ടി സാഹിത്യകൃതികൾ രചിക്കുക എന്ന പ്രഖ്യാപനം തന്നെ നടത്തി" (കെ.ഇ.എൻ. 2013:36). പുരോഗമനസാഹിത്യപ്രസ്ഥാനത്തെയും അതിന്റെ ആശയാദർശങ്ങളെയും ലളിതമായ വാക്കുകളിൽ പരിചയപ്പെടുത്തുന്ന താണ് പ്രസ്തുതവരികൾ.

സാഹിത്യത്തിന്റെ ദിശാനിർണ്ണയം സാധ്യമാക്കിയ ഒന്നായിരുന്നു ഈ സംഘടന. സാഹിത്യം, ആസ്വാദനം എന്നതിലുപരിയായി മനുഷ്യന്റെ ജീവിതപ്ര ശ്നങ്ങൾ കൈകാര്യം ചെയ്യുന്നതായിരിക്കണം എന്ന നിഷ്കർഷ അംഗങ്ങളിൽ ഉണ്ടായിരുന്നു. കലാകാരൻ ജനസേവകനും വഴികാട്ടിയുമാകണമെന്ന് പ്രഖ്യാപി ക്കപ്പെട്ടു. മലയാളത്തിലെ മുഴുവൻ സാഹിത്യകാരന്മാരെയും ഈ സംഘടന പ്രചോ

ദിപ്പിച്ചു. കക്ഷിരാഷ്ട്രീയഭേദമന്യേ എല്ലാ എഴുത്തുകാർക്കും ഇതിൽ പങ്കാളിത്തമുണ്ടായിരുന്നു.

സാമൂഹികവും സാംസ്കാരികവുമായ പുരോഗമനത്തെ ലക്ഷ്യംവെച്ചുകൊണ്ടുള്ള സാഹിത്യരചന പുരോഗമനസാഹിത്യപ്രസ്ഥാനം ഉടലെടുക്കുന്നതിനു മുമ്പേ ഉണ്ടായിട്ടുണ്ട്. 1927-ൽ ഇടപ്പള്ളിയിൽ വെച്ച് രൂപംകൊണ്ട 'സമസ്തകേരള സാഹിത്യപരിഷത്തിന്' ഇത്തരമൊരു ലക്ഷ്യമാണ് ഉണ്ടായിരുന്നത്. സാഹിത്യത്തിന്റെ സമസ്തമേഖലയേയും സ്പർശിക്കുന്നതും സാഹിത്യകാരന്മാരുടെ സജീവമായ ഒരു സംഘടിതപ്രവർത്തനം ലക്ഷ്യംവെച്ചു കൊണ്ടുള്ളതുമായ ഒരു പ്രവർത്തനരീതി ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തുകയും ചെയ്തു എന്നനിലക്ക് പുരോഗമന കലാസാഹിത്യസംഘം പ്രാധാന്യം അർഹിക്കുന്നു. സമൂഹത്തിന്റെ യഥാതഥമായ ചിത്രണത്തിന് സാഹിത്യകാരൻ ബാധ്യസ്ഥനാണ് എന്ന വസ്തുത സംഘടനയുടെ പ്രമാണമായിരുന്നു. കല കലയ്ക്കുവേണ്ടി മാത്രമല്ലെന്നും കല ജീവിതത്തിനുംകൂടിയുള്ളതാണെന്നും ഉദ്ഘോഷിച്ചു. 1937 മുതൽ വളർന്നും പിളർന്നും ഒരു ദശകത്തിലേറെക്കാലം പുരോഗമനസാഹിത്യസംഘം നിലനിന്നു. ഇക്കാലയളവിലെ സംഘടനയുടെ പ്രവർത്തനങ്ങൾ പ്രശംസനീയമാണ്. കഥ, കവിത, നാടകം, നിരൂപണം തുടങ്ങിയ മേഖലകളിലെല്ലാം ഗണ്യമായ സംഭാവനകൾ അർപ്പിച്ചിട്ടുണ്ട്. പിൽക്കാലത്ത് കേരളത്തിലെ ഇടതുപക്ഷ സാഹിത്യകാരന്മാരുടെ വേദിയായി സംഘടന പരിമിതപ്പെട്ടെങ്കിലും അതിൽനിന്നും പ്രസരിച്ച ഊർജ്ജം മലയാളസാഹിത്യകാരന്മാർക്ക് ഒന്നടങ്കം പ്രചോദനമായിട്ടുണ്ട്.

### 1.11.2. സാഹിത്യചിന്തകർ

ആധുനിക കേരളത്തിന്റെ പ്രബുദ്ധതയെ മുന്നോട്ടു നയിച്ചതിൽ ചിന്തകരായ സാഹിത്യകാർ വലിയ പങ്കുവഹിച്ചിട്ടുണ്ട്. സാമൂഹിക-രാഷ്ട്രീയസംഭവങ്ങളോട് സംവദിച്ചുകൊണ്ട് തങ്ങളുടേതായ പ്രതികരണങ്ങളും ആശയങ്ങളും സമൂ

ഹത്തിന് സമർപ്പിക്കാൻ ഇക്കൂട്ടർക്ക് സാധിച്ചിട്ടുണ്ട്. പല പ്രത്യയശാസ്ത്രങ്ങളോടും ആഭിമുഖ്യമുള്ളവരും അല്ലാത്തവരുമായ ഒരു വിഭാഗം ഇതിലുൾപ്പെടുന്നു. മാനവികമായ സമീപനം ഈ ചിന്തകന്മാരുടെയെല്ലാം എഴുത്തിന്റെ അന്തർധാരയായി വർത്തിക്കുന്നു. പ്രപഞ്ചത്തെയും മനുഷ്യനെയും കുറിച്ച് ഉൾക്കാഴ്ച നൽകുന്ന ചിന്തകളും വ്യാഖ്യാനങ്ങളുമാണ് ഈ എഴുത്തുകാരുടെ സാഹിത്യ ചിന്തകളിലും സാമൂഹിക ഇടപെടലുകളിലും പ്രതിഫലിക്കുന്നത്. തനതും ആധുനികവും പുരോഗമനപരവുമായ ആശയങ്ങൾ പ്രചരിപ്പിച്ച ഈ സർഗ്ഗാത്മകന്യൂനപക്ഷമാണ് സമൂഹത്തിന് വെളിച്ചമേകുന്നത്.

മലയാളിയുടെ സാഹിത്യജീവിതത്തെയും സാമൂഹിക-സാംസ്കാരികജീവിതത്തെയും സമ്പന്നമാക്കിയ സാഹിത്യകാരന്മാരിൽ ഒരു വിഭാഗം ഈ ധൈഷണികപാരമ്പര്യത്തിൽ ഉൾപ്പെടുന്നവരാണ്. കേസരി, സ്വദേശാഭിമാനി, മുണ്ടശ്ശേരി, മാരാർ, കുറ്റിപ്പുഴ കൃഷ്ണപ്പിള്ള, പി. ഗോവിന്ദപ്പിള്ള, കെ. ദാമോദരൻ, എം. ഗോവിന്ദൻ, സി. ജെ.തോമസ്, പി.കെ ബാലകൃഷ്ണൻ, എം. എൻ. വിജയൻ തുടങ്ങിയ ഒരു വിഭാഗം എഴുത്തുകാർ ഈ ധൈഷണികപാരമ്പര്യത്തെ സമ്പന്നമാക്കിയവരാണ്.

ആധുനിക മലയാളിയുടെ ബൗദ്ധികപ്രവർത്തനങ്ങൾക്ക് വ്യക്തമായ ദിശാബോധം നൽകിയ ചിന്തകന്മാരിൽ ഒരാളാണ് കേസരി. എ. ബാലകൃഷ്ണപിള്ള (1889-1960). സർഗ്ഗസാഹിത്യത്തിന്റെ നവഭാവുകത്വത്തിന് ക്രിയാത്മകമായ നേതൃത്വം കൊടുത്ത ബാലകൃഷ്ണപിള്ള പുരോഗമനസാഹിത്യപ്രസ്ഥാനത്തിന്റെ പ്രധാനവക്താവായിരുന്നു. പാരമ്പര്യാധിഷ്ഠിതമായ സാഹിത്യമേഖലകളിൽ ആണ്ടു കിടന്നിരുന്ന ഭാഷാസാഹിത്യത്തിന് വിശ്വസാഹിത്യവും വിശ്വവീക്ഷണവും പകർന്നു നൽകിയതാണ് കേസരിയുടെ പ്രധാനമായ ധൈഷണികയത്നം. ക്ലാസ്സിസിസം, റൊമാന്റിസിസം, റിയലിസം, നാച്ചറലിസം, ഫ്യൂച്ചറിസം തുടങ്ങിയ എല്ലാ പ്രസ്ഥാനങ്ങളെയും കേരളത്തിൽ പരിചയപ്പെടുത്തിയത് പുരോഗമനപരമായ ഒരു

ചുവടുവെപ്പായിരുന്നു. ഫ്രോയിഡിയൻ മനഃശാസ്ത്രസങ്കല്പങ്ങൾ ഭാഷയിൽ പരിചിതമാക്കിയത് കേസരിയുടെ പ്രധാന സംഭാവനകളിലൊന്നാണ് .

പ്രഗത്ഭരായ സാഹിത്യകാർക്കും ചിന്തകർക്കും മാർഗ്ഗദർശിയാകാൻ സാധിച്ചത് കേസരിയുടെ ധൈഷണികജീവിതത്തെ കൂടുതൽപ്രസക്തമാക്കുന്നു. തകഴി, കെ. ദാമോദരൻ, എം. എൻ.വിജയൻ തുടങ്ങി പല എഴുത്തുകാരും തങ്ങൾക്ക് മാർഗ്ഗദർശിയായത് കേസരിയാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കേസരിയുടെ ആശയങ്ങളുമായി ബന്ധപ്പെട്ട് 'കേസരിസ്ക്കൂൾ' തിരുവനന്തപുരത്ത് രൂപം കൊണ്ടിരുന്നു. അവിടെ വെച്ചുനടന്ന ചർച്ചകളും നിരീക്ഷണങ്ങളുമാണ് ആധുനികസാഹിത്യത്തിന് അടിത്തറപാകിയത്. 'കേസരിസദസ്സ്' മലയാള സാഹിത്യ നവോത്ഥാനത്തിന്റെ ട്രയിനിംഗ് സെന്ററായിരുന്നു എന്ന സി. പി. ശ്രീധരന്റെ നിരീക്ഷണം ഏറെ അർത്ഥവത്താണ് (ശ്രീധരൻ, സി.പി. 2006:199).

'കേസരി' പത്രവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളാണ് ഒരു ചിന്തകനെന്ന നിലയിൽ കേസരിയെ ഉയർത്തിയത്. യാഥാസ്ഥിതികാചാരങ്ങൾ, വിശ്വാസങ്ങൾ, തിരുവിതാംകൂർദിവാന്റെ ദുർഭരണം, ഉദ്യോഗസ്ഥ അഴിമതി, ബ്രാഹ്മണമേധാവിത്വം, നായർസമുദായപരിഷ്ക്കരണം തുടങ്ങി കേസരിപത്രം ഏറ്റെടുത്ത സാമൂഹികദൗത്യങ്ങൾ വിപുലമായിരുന്നു. ധീരവും നൂതനവുമായ വിമർശനങ്ങളിലൂടെ വിപ്ലവകരമായ ചലനങ്ങൾ സൃഷ്ടിക്കാൻ കേസരിക്കായി. "യാഥാസ്ഥിതികതയുടെ സങ്കുചിതത്വത്തിൽ അമർന്നുകിടന്നിരുന്ന സമൂഹത്തെ ഉത്തേജിപ്പിച്ച് പുരോഗതിയിലേക്കു നയിക്കാൻ കലയേയും സാഹിത്യത്തേയും ഫലപ്രദമായ ഉപാധികളാകാൻ നേതൃത്വം കൊടുത്തു എന്നിടത്താണ് കേസരിയുടെ ധൈഷണികമായ ഉൾക്കാഴ്ച യാഥാർത്ഥ്യമാകുന്നത്"(പരമേശ്വരൻപിള്ള, എരുമേലി. 2012:566) എന്ന് എരുമേലി പരമേശ്വരൻപിള്ള അഭിപ്രായപ്പെടുന്നു.

പഠനകാലത്തുതന്നെ സാഹിത്യത്തിൽ തത്പരനായ വ്യക്തിയായിരുന്നു

സ്വദേശാഭിമാനി രാമകൃഷ്ണപിള്ള (1878–1916). എന്നാൽ സാഹിത്യരചന മാത്രമല്ല തന്റെ നിയോഗമെന്ന് തിരിച്ചറിഞ്ഞ അദ്ദേഹം എഴുത്തിലൂടെയും പത്ര പ്രവർത്തനത്തിലൂടെയും കേരളത്തിന്റെ ആധുനീകരണത്തിനായി പരിശ്രമിച്ചു. അഴിമതിക്കും അധികാരത്തിനുമെതിരെ ശബ്ദമുയർത്തുകയും തിരുവിതാംകൂർ രാജഭരണത്തിലെ അപാകതകളെ ചൂണ്ടിക്കാണിക്കുകയും ചെയ്ത അദ്ദേഹം അധി കാരിവർഗ്ഗത്തിന്റെ അപ്രീതിക്ക് ഇരയായി. പൗരസ്വാതന്ത്ര്യത്തെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുന്ന ലേഖനങ്ങൾ എഴുതിക്കൊണ്ട് ഒരു ജനാധിപത്യവാദിയായി അദ്ദേഹം നിലയുറപ്പിച്ചു. “നവോത്ഥാനത്തിന്റെ രണ്ടാംഘട്ടത്തിൽ രാഷ്ട്രീയമേഖ ലയിൽ ജനാധിപത്യവത്കരണത്തിനും ശുദ്ധീകരണത്തിനുമാണ് സ്വദേശാഭിമാനി ശ്രമിച്ചത്” (മോഹൻ തമ്പി, ജി.ബി. ഡോ. 2010:97). ഈ ശ്രമങ്ങൾ സ്വദേശാഭിമാ നിയുടെ നാടുകടത്തലിലേക്കും പത്രപ്രസിദ്ധീകരണശാലകൾ കണ്ടുകെട്ടുന്നതി ലേക്കും നയിച്ചെങ്കിലും അദ്ദേഹത്തിന്റെ ബൗദ്ധികജീവിതത്തെ തകർത്തെറിയാ നായില്ല. മാർക്സും ഗാന്ധിയും കേരളീയരുടെ വായനകളിൽ അധികം ഇടംപിടി ക്കാതിരുന്ന ഒരു കാലത്താണ് ഗാന്ധിയുടെ ദക്ഷിണാഫ്രിക്കൻ സമരങ്ങളെ വാഴ്ത്തിക്കൊണ്ടും കാൾമാർക്സിന്റെ വിപ്ലവചിന്തകളെ ജനങ്ങളിലേക്കെത്തിച്ചു കൊണ്ടും അദ്ദേഹം ലേഖനങ്ങളെഴുതിയത്.

സർഗ്ഗസാഹിത്യത്തിലും വൈജ്ഞാനികസാഹിത്യത്തിലും പ്രതിഭതെളി യിച്ച ചിന്തകനാണ് കെ.ദാമോദരൻ (1912–1976). സാഹിത്യത്തെ വികലമായി കാണാൻ ദാമോദരൻ ഒരുക്കമായിരുന്നില്ല. മാനവജീവിതത്തെ പുരോഗമിപ്പിക്കുന്ന തിൽ സാഹിത്യത്തിനുള്ള പങ്കിനെക്കുറിച്ച് ആഴത്തിൽ അപഗ്രഥിച്ച വ്യക്തിയാണി ദ്ദേഹം. സാഹിത്യസംബന്ധിയായ ലേഖനങ്ങളെല്ലാംതന്നെ ഈ വീക്ഷണഗതി യുടെ ചുവടുപിടിച്ചാണ് രൂപപ്പെട്ടുവന്നത്. ബൗദ്ധികപ്രയോക്താക്കളായ എഴുത്തു കാരുടെ കൂട്ടായ്മയായ പുരോഗമന സാഹിത്യസംഘടനയുടെ ശക്തനായ വക്താ വായിരുന്നു കെ.ദാമോദരൻ.

ഒരു സാഹിത്യകാരനെന്ന നിലയിൽ കെ.ദാമോദരനെ ഉയർത്തിയത് 'പാട്ട ബാക്കി' എന്ന രാഷ്ട്രീയനാടകത്തിന്റെ രചനയാണ്. 1937-ൽ പൊന്നാനി കർഷക സമ്മേളനത്തോടനുബന്ധിച്ച് രചിച്ച ഈ നാടകം ആദ്യ രാഷ്ട്രീയനാടകമെന്ന നിലയിൽ സാഹിത്യചരിത്രത്തിൽ അടയാളപ്പെടുത്തപ്പെട്ടു. തോപ്പിൽഭാസി, ചെറു കാട്, പി.ജെ.ആന്റണി എന്നിവർക്ക് രാഷ്ട്രീയനാടകരചനയിൽ പ്രചോദനമായത് കെ.ദാമോദരന്റെ രാഷ്ട്രീയനാടകങ്ങളാണ് എന്നത് വസ്തുതയാണ്.

സാഹിത്യസിദ്ധാന്തങ്ങളെ സംബന്ധിച്ച് ധാരാളം ലേഖനങ്ങൾ ഇദ്ദേഹം രചിച്ചിട്ടുണ്ട്. സാഹിത്യം സാമൂഹ്യജീവിതത്തിന്റെ പ്രതിഫലനമായിരിക്കണമെന്നും കല മാനവപുരോഗതിക്കായിരിക്കണമെന്നും വിശ്വസിച്ചു. 'കല കലയ്ക്കുവേണ്ടി' എന്ന വാദത്തെ 'വിളക്ക് വിളക്കിനുവേണ്ടിയോ' എന്ന മറുചോദ്യത്തിലൂടെ പ്രതിക രിക്കാൻ കെ.ദാമോദരനായി. ആദ്യകാലത്ത് തികഞ്ഞ ഒരു രാഷ്ട്രീയപ്രവർത്തക നായിരുന്നു. ദേശീയപ്രസ്ഥാനവുമായി ബന്ധപ്പെട്ടു പ്രവർത്തിച്ചിരുന്ന ദാമോദരൻ രാഷ്ട്രീയകാര്യങ്ങൾക്കു പുറമെ നാട്ടിലെ ദാരിദ്ര്യം, ജാതിസമ്പ്രദായം, ജന്മികുടി യാൻബന്ധം, സാഹിത്യം തുടങ്ങിയ വിഷയങ്ങളെ സംബന്ധിച്ച് ആശങ്കാകുല നായിരുന്നു.

സാമ്പത്തികം, സാഹിത്യം, രാഷ്ട്രീയം തുടങ്ങിയ മേഖലകളിലെല്ലാം വില പ്പെട്ട സംഭാവനകൾ നൽകിയ കെ.ദാമോദരന്റെ മികച്ച കൃതിയാണ് 'ഭാരതീയ ചിന്ത'. ഇന്ത്യൻദർശനങ്ങളെ മാർക്സിയൻവീക്ഷണമനുസരിച്ച് അവതരിപ്പിക്കുന്ന ഈ ഗ്രന്ഥം പിൽക്കാലത്ത് ഇതേ മാതൃകയിൽ രചന നിർവ്വഹിക്കാൻ പലർക്കും മാതൃകയായിട്ടുണ്ട്. ചുരുക്കത്തിൽ കേരളത്തിന്റെ സാമൂഹിക-സാംസ്കാരിക രാഷ്ട്രീയമേഖലകളിൽ നിറഞ്ഞുനിന്നിരുന്ന ധൈഷണികവ്യക്തിത്വമായിരുന്നു കെ.ദാമോദരൻ.

മലയാളിയുടെ ധൈഷണിക ലോകത്തിൽ പുതിയ ചിന്തയുടെ മൂല്യം പകർ ന്നുതന്ന പ്രതിഭയാണ് എം.ഗോവിന്ദൻ (1919-1989). തനതും മൂല്യവത്തുമായ നിരീ

ക്ഷണങ്ങൾ കൊണ്ടും നവീനമായ ആശയങ്ങൾകൊണ്ടും പുതുതലമുറയെ പ്രചോദിപ്പിച്ച ജീവിതചിന്തകനാണിദ്ദേഹം. "അധികാരത്തിനും, ആധിപത്യത്തിനും ഇടനൽകാതെ സമത്വത്തിലും സൗഹാർദ്ദത്തിലും അധിഷ്ഠിതമായ സംവാദങ്ങൾക്ക് തിരികൊളുത്തിയാണ് ആധുനികതക്ക് എം. ഗോവിന്ദൻ മലയാളത്തിൽ പ്രചാരമുണ്ടാക്കിയത്" (സാനു,എം.കെ.2012: iii ). എഴുത്തുകാരും കലാകാരന്മാരും സാമൂഹികപ്രവർത്തകരും സാധാരണക്കാരുമടങ്ങുന്ന വിപുലമായ സൗഹൃദക്കൂട്ടായ്മകൾ കെട്ടിപ്പടുത്തുകൊണ്ടാണ് എം.ഗോവിന്ദൻ നവഭാവുകത്വത്തിന് തുടക്കം കുറിക്കുന്നത്.

രാഷ്ട്രീയപ്രവർത്തകനും എഴുത്തുകാരനുമായാണ് എം. ഗോവിന്ദൻ സാമൂഹ്യജീവിതമാരംഭിക്കുന്നത്. ഒരു ജനാധിപത്യസമൂഹത്തിന് വേണ്ടി നിലകൊണ്ട ഉറച്ച മാനവികതാവാദിയായിരുന്നു അദ്ദേഹം. മാർക്സിയൻ-ഗാന്ധിയൻ ആശയങ്ങളെ ഉൾകൊള്ളുമ്പോഴും ഒരു ചിന്താപദ്ധതി എന്നനിലയിൽ അവയെ പൂർണ്ണമായും അംഗീകരിക്കാൻ അദ്ദേഹം തയ്യാറായില്ല. രാഷ്ട്രീയപ്പാർട്ടികളോടോ പ്രസ്ഥാനങ്ങളോടോ അമിതാഭിമുഖ്യം പുലർത്താതിരുന്ന ഈ ചിന്തകൻ പുതിയ ചിന്തയും വായനയും സൗഹൃദവും തേടി നടന്നു.

നാട്ടുഭാഷകളുടെയും നാടൻപാരമ്പര്യത്തിന്റെയും തനിമ വീണ്ടെടുക്കാനുള്ള ശ്രമവും ഗോവിന്ദൻ നടത്തുന്നുണ്ട്. ഗോവിന്ദനെ സംബന്ധിച്ചിടത്തോളം പാരമ്പര്യവും ആധുനികതയും പരസ്പരവിരുദ്ധമായ ഒന്നല്ല. പാരമ്പര്യത്തിൽ തന്നെ ആധുനികമൂല്യങ്ങൾ അന്വേഷിക്കുന്ന ചിന്തകനെ ഗോവിന്ദനിൽ കണ്ടെത്താം. കലയിലും സാഹിത്യത്തിലും ചിന്തയിലും പ്രവർത്തനങ്ങളിലുമെല്ലാം സർഗ്ഗാത്മകമായ അവബോധം സൃഷ്ടിക്കാൻ ഗോവിന്ദന് കഴിഞ്ഞിരുന്നു. 'നവസാഹിതി', 'ഗോപുരം', 'സമീക്ഷ' തുടങ്ങിയ കൊച്ചുമാസികകളിലൂടെ സർഗ്ഗസാഹിത്യത്തിന് ദിശാബോധം നൽകാൻ ശ്രമിച്ചു. ചിന്താബന്ധുരമായ ആശയങ്ങളട

ങ്ങിയ പ്രബന്ധങ്ങളിലൂടെ സാഹിത്യത്തിന്റേയും മാനവജീവിതത്തിന്റേയും ആഴ ങ്ങളിലേക്കു കടന്നുചെല്ലാൻ അനുവാചകരെ പ്രേരിപ്പിച്ചു എന്ന ആശയപരമായ കർമ്മം ഗോവിന്ദൻ കൊച്ചുമാസികകളിലൂടെ നിറവേറ്റുകയുണ്ടായി.

സർഗ്ഗസാഹിത്യത്തിനും ഗോവിന്ദൻ തനതായ സംഭാവനകൾ നൽകി. അദ്ദേഹത്തിന്റെ കഥകളിലും കവിതകളിലും അക്കാലത്തെ സാമീഹ്യരാഷ്ട്രീയ സംഭവങ്ങളോടുള്ള പ്രതികരണങ്ങൾ ദർശിക്കാം. പിൽക്കാലത്ത് രാഷ്ട്രീയ സംഘ ടനാരൂപം സർഗ്ഗാത്മകമല്ലെന്ന വീക്ഷണം ഗോവിന്ദനെ കക്ഷിരാഷ്ട്രീയ ത്തിൽനിന്നും പിന്തിരിപ്പിക്കുകയുണ്ടായി. ഒരു എഴുത്തുകാരൻ എന്ന നിലയിലും സാംസ്കാരിക പ്രവർത്തകൻ എന്ന നിലയിലും രാഷ്ട്രീയ സംഭവവികാസങ്ങളെ സൂക്ഷ്മതയോടെ നിരീക്ഷിച്ച് വിമർശനബുദ്ധിയോടെ വിലയിരുത്തുന്ന ഒരു ചിന്ത കനായാണ് എം.ഗോവിന്ദൻ ജീവിച്ചത്. അധികാരകേന്ദ്രങ്ങൾക്കെതിരെ ജ്വലിക്കാ നുള്ള ഒരു പ്രവണത ബുദ്ധിജീവികളുടെ സ്വഭാവഘടനയിൽ എപ്പോഴും നിലീനമാ യിരിക്കും. അതനുസരിച്ച് കേരളത്തിൽ കാണാൻ കഴിഞ്ഞ മികച്ച ദൃഷ്ടാന്തമാണ് എം.ഗോവിന്ദൻ എന്ന ഡോ.എം.കെ.സാനുവിന്റെ നിരീക്ഷണം ഏറെ അർത്ഥവ ത്താണ് (സാനു എം.കെ. 2012: 106).

ചരിത്രപണ്ഡിതനും സാമൂഹ്യരാഷ്ട്രീയവിമർശകനും നോവലിസ്റ്റും നിരൂപകനും പത്രപ്രവർത്തകനുമായിരുന്നു പി.കെ ബാലകൃഷ്ണൻ (1925-1991). രാഷ്ട്രീയത്തിൽ സജീവമായിരുന്ന അദ്ദേഹം രാഷ്ട്രീയരംഗത്തെ അപചയം മനസ്സിലാക്കി രാഷ്ട്രീയം ഉപേക്ഷിച്ചെങ്കിലും ഒരു രാഷ്ട്രീയവിമർശകനും നിരീക്ഷകനുമായി തുടർന്നു. ചരിത്രത്തെ വ്യത്യസ്തമായ രീതിയിൽ സമീപിച്ച അദ്ദേഹം 'ജാതിവ്യവസ്ഥിതിയും കേരളചരിത്രവും' എന്ന ഗ്രന്ഥത്തിലൂടെ ചരിത്രത്തിലെ പല ധാരണകളെയും ചോദ്യംചെയ്യുകയും വിമർശിക്കുകയും ചെയ്തു. സർഗ്ഗാത്മകതയെ തികച്ചും വ്യത്യസ്തമായ രീതിയിൽ സമീപിച്ച പി.കെ ഒട്ടേറെ നിരൂപണഗ്രന്ഥങ്ങൾ എഴുതിയിട്ടുണ്ട്. ആഴത്തിലുള്ള വായനകളും

സാഹിത്യപഠനങ്ങളും അദ്ദേഹത്തെ മികച്ച സാമൂഹ്യവിമർശകനാക്കി. ഉന്നതമായ ചിന്താശീലം അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ മികവുറ്റതാക്കി. ചിന്തയുടെ തിളക്കം അദ്ദേഹത്തിന്റെ ഓരോ രചനയെയും ആർജ്ജവമുള്ളതാക്കിയിരുന്നു.

ആധുനിക കേരളത്തിന്റെ ധൈഷണികചരിത്രം രൂപപ്പെടുത്തുന്നതിൽ നിർണ്ണായകമായ പങ്കുവഹിച്ചവരിൽ പ്രമുഖനാണ് എം.എൻ.വിജയൻ (1930-2007). നമ്മുടെ സാഹിത്യ-സാംസ്കാരികപഠനത്തിന് ശാസ്ത്രീയവും വസ്തുനിഷ്ഠവുമായ അന്വേഷണത്തോടൊപ്പം സർഗ്ഗാത്മകമായ ആശയാവിഷ്കാരത്തിന്റെ ആർജ്ജവവും സൗന്ദര്യവും പകർന്ന ചിന്തകനാണിദ്ദേഹം.

കേസരി മുന്നോട്ടുവെച്ച ആശയലോകമാണ് ഒരു ബുദ്ധിജീവി എന്ന നിലയിൽ വിജയനെ ഏറെ സ്വാധീനിക്കുന്നത്. പുതിയ അറിവുകളെ സ്വീകരിക്കുന്നതോടൊപ്പം കലാകാരന്റെ ധാർമ്മികതയെക്കുറിച്ചും അവബോധത്തെക്കുറിച്ചുമുള്ള സമീപനങ്ങൾക്ക് പ്രാധാന്യം നൽകുന്നതിൽ വിജയൻ ശ്രദ്ധിച്ചു. മലയാളത്തിലെ മനോവിജ്ഞാനീയ വിമർശനത്തിലെ പ്രാമാണികനാണിദ്ദേഹം. ഫ്രോയിഡിയൻ മനശ്ശാസ്ത്രവിജ്ഞാനങ്ങളുടെ ശക്തമായ സ്വാധീനം എം.എൻ വിജയനിൽ നിറഞ്ഞു നിൽക്കുന്നു. മാനസികാപഗ്രഥന തത്വങ്ങൾ അവലംബമാക്കി സാഹിത്യത്തിന്റേയും വ്യക്തിയുടേയും സമൂഹത്തിന്റേയും ബാഹ്യാഭ്യന്തരലോകത്തിലേക്ക് ദൃഷ്ടിപതിപ്പിക്കാനും വിലയിരുത്താനും വിജയന് സാധിച്ചു. മാർക്സിന്റെ സാമൂഹികചിന്തയും ഫ്രോയിഡിന്റെ വ്യക്തിചിന്തയും സമന്വയിപ്പിച്ചുകൊണ്ടുള്ള നിരൂപണരീതിയാണ് അദ്ദേഹം സ്വീകരിച്ചിരുന്നത്.

എം.എൻ വിജയന്റെ സാമൂഹികരാഷ്ട്രീയ വിശകലനങ്ങളിൽ പ്രധാനമായ ഒന്നാണ് ഫാസിസ്റ്റുവിമർശനം. കേവല സാഹിത്യവിമർശകൻ എന്ന നിലയിൽനിന്ന് വിജയൻ ഉയർന്നു നിൽക്കുന്നത് ഈ തലത്തിലാണ്. ഫാസിസവും മുതലാളിത്തവും വിശകലനവിധേയമായി കടന്നുവരുന്ന ധാരാളം പ്രഭാഷണങ്ങളും ലേഖനങ്ങളും വിജയന്റേതായിട്ടുണ്ട്. കേരളീയ ഇടതുപക്ഷ പ്രസ്ഥാന

ത്തിന്റെ ഫാസിസ്റ്റുവിരുദ്ധ പോരാളികളിൽ അഗ്രഗണ്യനായിരുന്നു എം.എൻ. വിജ യൻ. ശാസ്ത്രസാഹിത്യപരിഷത്ത്, പുരോഗമന സാഹിത്യസംഘടന, അധിനി വേശപ്രതിരോധസമിതി തുടങ്ങി അനേകം സാംസ്കാരികസംഘടനകളിൽ സജീവ മായിരുന്നു. പിൽക്കാലത്ത് രാഷ്ട്രീയവുമായുള്ള നേർബന്ധം ഉപേക്ഷിച്ചെങ്കിലും സജീവ രാഷ്ട്രീയവിമർശകനായി സ്വതന്ത്രചിന്താപാരമ്പര്യത്തിന്റെ കണ്ണിയായി പരിണമിക്കുകയാണുണ്ടായത്.

കേരളത്തിന്റെ സാംസ്കാരികമുന്നേറ്റത്തിനും സാമൂഹികപുനഃസൃഷ്ടിക്കും സാഹിത്യചിന്തകർ നൽകിയ സർഗാത്മകനേതൃത്വം വിസ്മരിക്കാനാവില്ല. വ്യത്യസ്ത പ്രത്യയശാസ്ത്രങ്ങളുടെ വക്താക്കളായി നിലകൊള്ളുമ്പോഴും മാനവി കമായ സമീപനങ്ങൾ പുലർത്തിക്കൊണ്ട് ക്രിയാത്മകമായി ഇടപെട്ടവരാണവർ. കാലത്തിന് കീഴ്പ്പെടാത്ത ഈ സർഗാത്മകന്യൂനപക്ഷമാണ് പരിവർത്തനത്തി ന്റെയും മാനവപുരോഗതിയുടെയും വെളിച്ചം സമൂഹത്തിന് നൽകിയത്.

കോളനി അനന്തരകാലത്ത് കേരളത്തിന്റെ സാമൂഹിക-സാംസ്കാരിക മണ്ഡലത്തിൽ സജീവമായി ഇടപെട്ട വ്യക്തിത്വമായിരുന്നു എൻ.പി.മുഹമ്മദ്. സാമൂഹികവും രാഷ്ട്രീയവുമായ മേഖലകളിൽ ആശയധാരകളുടെ വൈവിധ്യം കൊണ്ട് പരിവർത്തനങ്ങൾ സൃഷ്ടിക്കാൻ എൻ.പി.ക്ക് സാധിച്ചിട്ടുണ്ട്. എൻ.പി.മു ഹമ്മദിന്റെ ധൈഷണികയത്നങ്ങളെയും അവ സമൂഹത്തിൽ സൃഷ്ടിച്ച ചലനങ്ങ ളെയും തിരിച്ചറിയേണ്ടതുണ്ട്. അത്തരമൊരു ശ്രമമാണ് ഈ പ്രബന്ധത്തിന്റെ ഉള്ള ടക്കം. കെ.എൻ.പണിക്കരുടെ നിരീക്ഷണം ഈയൊരു ശ്രമത്തെ കൂടുതൽ പ്രസ ക്തമാക്കുന്നു. ''കേരളത്തിൽ ഏറ്റവുമധികം ജനസ്വാധീനമുള്ള ബുദ്ധിജീവികൾ സാഹിത്യകാരന്മാരും കലാകാരന്മാരുമാണ്. മറ്റ് മേഖലകളിൽ പ്രവർത്തിക്കുന്നവർ ഒരതിർത്തിവരെ പ്രാന്തവത്കരിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. അവരുടെ തന്നെ ദൗർബല്യങ്ങളായിരിക്കാം ഒരുപക്ഷേ കാരണം. അതുകൊണ്ട് നിലവിലുള്ള സാമൂ ഹികാവബോധവുമായി ക്രിയാത്മകമായി സംവദിക്കാനുള്ള കഴിവും സാധ്യതയും

അതിനാവശ്യമായ ശ്രോതാക്കളും സാഹിത്യകാരന്മാർക്ക് മാത്രമേയുള്ളൂ. ഈ ദൗത്യം നിറവേറ്റിയ നമ്മുടെ സാഹിത്യകാരന്മാരിൽ മുൻനിരക്കാരനാണ് എൻ.പി. മുഹമ്മദ്'' (പണിക്കർ, കെ.എൻ. 2010:71). ആധുനിക കേരളത്തിന്റെ സാഹിത്യ-സാംസ്കാരികമേഖലക്ക് അനന്യമായ സംഭാവനകൾ നൽകിയ വ്യക്തി എന്നനിലയിൽ എൻ.പി. മുഹമ്മദിന്റെ ധൈഷണികസംഭാവനകൾ വിലയിരുത്തപ്പെടേണ്ടതുണ്ട്. സാമൂഹ്യ പ്രതിബദ്ധതയുള്ള സാഹിത്യകാരനും ചിന്തകനുമായി എൻ.പി. മുഹമ്മദ് വളർന്നുവരാനിടയായ സാഹചര്യങ്ങൾ പലതാണ്. അതുകൊണ്ടുതന്നെ അത്തരമൊരന്വേഷണമാണ് അടുത്ത അധ്യായത്തിലെ പ്രതിപാദ്യം.

## അധ്യായം 2

# എൻ.പി. മുഹമ്മദ് – സർഗ്ഗാത്മക ധൈഷണിക വ്യക്തിത്വത്തിന്റെ രൂപീകരണം

സാഹിത്യകാരനും സാമൂഹികവിമർശകനും രാഷ്ട്രീയചിന്തകനും പ്രഭാഷകനും പത്രപ്രവർത്തകനുമായി ജീവിച്ച എൻ.പി.മുഹമ്മദിന്റെ ചിന്താധാരകൾ പല മേഖലകളിലായി വ്യാപരിച്ചുകിടക്കുന്നു. എൻ.പി. മുഹമ്മദിനെ ഒരു സാഹിത്യകാരൻ മാത്രമായി വിലയിരുത്താനാകില്ല. ഭിന്നവും നൂതനവുമായ ചിന്തകൾകൊണ്ട് സാമൂഹിക-സാംസ്കാരികമേഖലകളിൽ തനതായ വ്യക്തിമുദ്ര പതിപ്പിക്കാൻ അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്. ബുദ്ധിപരമായ ഇടപെടലുകളിലൂടെ സർഗ്ഗാത്മകതയെ വളർത്തിയെടുത്ത് നൂതനമായ രീതിയിൽ ആവിഷ്കരിക്കാനാണ് എൻ.പി. ശ്രദ്ധിച്ചത്. കലയും സാഹിത്യവും സമൂഹത്തിന്റെ ആന്തരികചാലകശക്തിയായി വർത്തിക്കുമ്പോൾ ധൈഷണികമായ ചില മുന്നേറ്റങ്ങൾ അവക്കിടയിൽ ഉണ്ടാവണമെന്ന ഉൾക്കാഴ്ച ജീവിതത്തിലുടനീളം അദ്ദേഹം പുലർത്തി. സാമൂഹിക ഇടപെടലുകളിലും എൻ.പി. വ്യതിരിക്തനായിരുന്നു. സമൂഹത്തിന്റെ രാഷ്ട്രീയാശയങ്ങളെ വിമർശിക്കാനോ ന്യായീകരിക്കാനോ പ്രതിഫലിപ്പിക്കാനോ ഉള്ള ധിഷണാവൈഭവം എൻ.പി.യിൽ പ്രകടമായിരുന്നു.

ഒരു സാഹിത്യകാരനായിട്ടാണ് എൻ.പി. സമൂഹമധ്യത്തിൽ പ്രവേശിക്കുന്നത്. സവിശേഷമായ സാഹിത്യപാരമ്പര്യമൊന്നും എൻ.പി.ക്ക് അവകാശപ്പെടാനുണ്ടായിരുന്നില്ല. എങ്കിലും വിപുലമായ സാഹിത്യസമ്പർക്കം വളർത്തിയെടുക്കാൻ എൻ.പി.യ്ക്ക് സാധിച്ചിട്ടുണ്ട്. വ്യക്തമായ രാഷ്ട്രീയപാരമ്പര്യത്തിന്റെ സാന്നിധ്യം എൻ.പി.യുടെ പ്രധാനസവിശേഷതകളിൽ ഒന്നായിരുന്നു. ദേശീയപ്രസ്ഥാനം സജീവമായിരുന്ന സാഹചര്യത്തിൽ സ്വാതന്ത്ര്യസമരസേനാനിയായിരുന്ന പിതാവിനേയും മറ്റനേകം രാഷ്ട്രീയനേതാക്കന്മാരേയും കണ്ടുകൊണ്ടാണ് എൻ.പി.വളരു

ന്നത്. കുടുംബത്തിനകത്തുതന്നെയുള്ള ഈ രാഷ്ട്രീയസാഹചര്യം ഒരു രാഷ്ട്രീയചിന്തകനിലേക്കുള്ള എൻ.പി.യുടെ വളർച്ചക്ക് നിർണ്ണായകമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. സാമൂഹികവും സാഹിതീയവുമായ മേഖലകളിൽ എൻ.പി.യുടെ ധൈഷണികവ്യക്തിത്വത്തെ പരിപോഷിപ്പിച്ച നിരവധി ഘടകങ്ങളുണ്ട്. സാഹിത്യകാരന്മാരുമായുള്ള സൗഹൃദങ്ങൾ, സാഹിതീയ ചർച്ചകൾ, കൂട്ടായ്മകൾ, സ്വാധീനിച്ച വ്യക്തികൾ, ആശയസംഹിതകൾ തുടങ്ങിയ ഘടകങ്ങൾ എൻ.പി.യിലെ സാഹിത്യകാരനേയും സാമൂഹികചിന്തകനെയും രൂപപ്പെടുത്തിയെടുക്കുകയും നിർണ്ണയിക്കുകയും ചെയ്തിട്ടുണ്ട്. ഇവയെ വസ്തുനിഷ്ഠമായി അപഗ്രഥിക്കാനാണ് ഈ അധ്യായം ഉപയോഗപ്പെടുത്തുന്നത്.

ഒരു വ്യക്തിയെ രൂപപ്പെടുത്തിയെടുക്കുന്നതിൽ ആ വ്യക്തി ജീവിക്കുന്ന ചുറ്റുപാടുകൾക്ക് വലിയ പങ്കുണ്ട്. കുടുംബപശ്ചാത്തലം, വിദ്യാഭ്യാസം, മതപരവും സാമൂഹികവുമായ പരിതോവസ്ഥകൾ തുടങ്ങിയവ വ്യക്തിവികാസത്തെ നിർണ്ണയിക്കുന്ന പ്രധാനഘടകങ്ങളാണ്. എൻ.പി. എന്ന സർഗ്ഗചിന്തകന്റെ രൂപപ്പെടലിൽ ഇത്തരമൊരന്വേഷണത്തിന് ഏറെ പ്രാധാന്യമുണ്ട്.

### 2.1. കുടുംബപശ്ചാത്തലം

കോഴിക്കോട് കല്ലായിപ്പുഴയുടെ തീരത്തുള്ള കുണ്ടുങ്ങൽ എന്ന പ്രദേശത്ത് 1929 ജൂലൈ ഒന്നിനാണ് നാരാപറമ്പത്ത് മുഹമ്മദ് എന്ന എൻ.പി.മുഹമ്മദ് ജനിക്കുന്നത്. സ്വാതന്ത്ര്യസമരസേനാനിയായിരുന്ന എൻ.പി. അബുവായിരുന്നു പിതാവ്. മാതാവ് പാലക്കണ്ടി ഇമ്പിച്ചിപ്പാത്തുമ്മബി. മരവ്യവസായത്തിന് പ്രസിദ്ധിയാർജിച്ച സ്ഥലമായിരുന്നു കല്ലായി. പുഴയോരത്തെ ഓലമേഞ്ഞ കുടിലുകളിലായി താമസിച്ചിരുന്ന കല്ലായിക്കാർ മരമില്ലിലും കല്ലായിപ്പുഴയിലുമായി അധ്വാനിക്കുന്ന സാധാരണക്കാരായിരുന്നു. അവരിൽ ഒരാളായിരുന്നു എൻ.പി.യുടെ പിതാവ്. ദേശീയപ്രസ്ഥാനത്തിന്റെ ശക്തനായ വക്താവായിരുന്ന എൻ.പി.അബുസാഹിബ് കൂടുതൽ സമയം ചെലവഴിച്ചത് രാഷ്ട്രീയപ്രവർത്തനത്തിനായിരുന്നു.

സ്വാതന്ത്ര്യസമര പങ്കാളിത്തവും അതിനോടനുബന്ധിച്ചുണ്ടായ ജയിൽവാസവും എൻ.പി.യുടെ കുടുംബത്തെ കടുത്ത ദാരിദ്ര്യത്തിലാക്കി. പട്ടിണി നിറഞ്ഞ സ്വന്തം കുടുംബത്തിന്റേയും സമാനദുഃഖമനുഭവിച്ചിരുന്ന എണ്ണപ്പാടത്തുകാരുടേയും ദൈന്യതനിറഞ്ഞ ജീവിതം മുന്നിൽ കണ്ടുകൊണ്ടാണ് എൻ.പി. വളരുന്നത്. ഈയൊരു ചിത്രം എൻ.പി.യുടെ സാഹിത്യത്തേയും ചിന്തയേയും വലിയൊരള വിൽ സ്വാധീനിച്ചിട്ടുള്ളതായി അദ്ദേഹത്തിന്റെ കൃതികളേയും പ്രവർത്തനമേഖലക ളേയും വിലയിരുത്തുമ്പോൾ വ്യക്തമാകുന്നു. കുടുംബത്തിനകത്തെ വൈയക്തി കമോ സാമൂഹികമോ ആയ ചെറിയ ചെറിയ ദുഃഖങ്ങൾപോലും തീവ്രതയോടെ ആവിഷ്കരിക്കാനുള്ള കരുത്ത് എൻ.പി.ക്ക് നൽകിയത് തന്റെ കുടുംബപശ്ചാ ത്തലം തന്നെയാണ്. പിൽക്കാലത്ത് ഒരു ചിന്തകനിലേക്കോ സാമൂഹ്യവിമർശക നിലേക്കോ ഉയർന്നുകൊണ്ടുള്ള എൻ.പി.യുടെ പ്രവർത്തനമേഖലകളുടെ തുട ക്കവും ഈ കുടുംബസംഘർഷങ്ങളെ അല്ലെങ്കിൽ അതുവഴിയുള്ള സാമൂഹികസം ഘർഷങ്ങളെ ദൂരീകരിക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണ്.

ഒരു കാലത്ത് കല്ലായി അങ്ങാടിയിൽ ധാരാളം പീടികമുറികൾ ബാപ്പയ്ക്ക് സ്വന്തമായി ഉണ്ടായിരുന്നതായി എൻ.പി.കേട്ടറിഞ്ഞിരുന്നു. കല്ലായിക്കടവത്ത് തര ക്കേടില്ലാത്ത മരക്കച്ചവടവും ഉണ്ടായിരുന്നു. രാഷ്ട്രീയപ്രവർത്തനത്തിന്റെ ആത്മാർത്ഥതയിൽ സ്വത്തുക്കളോരോന്നായി നഷ്ടപ്പെട്ടു. ഈ അനുഭവത്തിന്റെ സർഗ്ഗാത്മകമായ ആവിഷ്കാരമാണ് 'കളിപ്പാനീസ്' എന്ന നീണ്ടകഥ. സ്വാതന്ത്ര്യ ദിനാഘോഷങ്ങൾക്കിടയിൽ മഴനനഞ്ഞ് പൊട്ടിപ്പോവുന്ന തിരിപ്പാനീസിനോ ടൊപ്പം കണ്ണീരിൽ കുതിർന്നുടഞ്ഞുപോയ സ്വാതന്ത്ര്യസത്യത്തെ തീവ്രമായ ഒരനു ഭവാവിഷ്കാരമായി എൻ.പി. ഈ കഥയിൽ ചിത്രീകരിച്ചിട്ടുണ്ട്. രാഷ്ട്രീയപ്ര വർത്തകനായ പിതാവിന്റെ അഭാവത്താൽ ഏറെ ദുരിതങ്ങൾ സഹിക്കേണ്ടിവന്നത് എൻ.പി.യുടെ മാതാവിനായിരുന്നു. സ്ത്രീത്വത്തെ ഏറെ ആദരിക്കുന്ന എൻ.പി.ക്ക് അതിന്റെ ഏറ്റവും മഹനീയമായ മാതൃക സ്വന്തം മാതാവുതന്നെയായിരുന്നു. ഉമ്മ യെക്കുറിച്ച് എത്രപറഞ്ഞാലും മതിവരാത്ത പ്രകൃതമായിരുന്നു അദ്ദേഹത്തിന്റേത്.

''എല്ലാ ഉമ്മമാരും ദേവതമാരാണ്. എല്ലാസ്ത്രീകളിലും ദേവതയുടെ ഒരംശമുണ്ടെന്ന് എന്നെ മനസ്സിലാക്കിത്തന്നത് എന്റെ ഉമ്മയാണ്''(മുഹമ്മദ്, എൻ.പി. 1997:44). പൊതുപ്രവർത്തനങ്ങളുടെ തിരക്കുമായി ഓടിനടന്ന പിതാവിൽനിന്ന് ഏറെ സ്നേഹവും വാത്സല്യവും തനിക്ക് ലഭിച്ചിരുന്നില്ലെന്നും ആ കുറവ് നികത്തിയത് ഉമ്മയുടെ അകമഴിഞ്ഞ സ്നേഹലാളനകളായിരുന്നു എന്നും എൻ.പി.പലപ്പോഴും അനുസ്മരിക്കുന്നുണ്ട്.

പ്രാഥമികവിദ്യാഭ്യാസം കല്ലായിപ്പുഴയുടെ തീരത്തുള്ള കുണ്ടുങ്ങൽ ഹൈസ്കൂളിലായിരുന്നു. സാധാരണക്കാരുടെ മക്കൾമാത്രം പഠിച്ചിരുന്ന ആ സ്കൂളിലേക്ക് പലപ്പോഴും ഏകനായിട്ടായിരുന്നു എൻ.പി.യുടെ യാത്ര. എണ്ണപ്പാടത്തെ കുട്ടികളിൽ അക്ഷരം പഠിയ്ക്കുന്നവർ അപൂർവ്വമായിരുന്നു. ദാരിദ്ര്യമെന്ന ജീവിതയാഥാർത്ഥ്യത്തിനു മുന്നിൽ അക്ഷരവെളിച്ചം മറന്നവരായിരുന്നു എണ്ണപ്പാടത്തുകാർ. മുതിർന്നവരോടൊപ്പം കുട്ടികളും കല്ലായിപ്പുഴയിലും മില്ലുകളിലും ജോലി ചെയ്തു. പുഴക്കരയിൽ അട്ടിയിട്ടിരുന്ന മരത്തിന്റെ പുറംതൊലികൾ അടർത്തി വിറ്റുകിട്ടുന്ന വരുമാനം അവരെ സംബന്ധിച്ച് വളരെ വലുതായിരുന്നു. അതുപേക്ഷിച്ചുകൊണ്ടുള്ള വിദ്യാഭ്യാസത്തിന് അവർ പ്രാധാന്യം നൽകിയില്ല. ദരിദ്രനെങ്കിലും അക്ഷരാഭ്യാസമുള്ള അപൂർവ്വം എണ്ണപ്പാടത്തുകാരിൽ ഒരാളായിരുന്നു എൻ.പി. മുഹമ്മദിന്റെ ബാപ്പ. അതിനാൽത്തന്നെ എൻ.പി.യെ അദ്ദേഹം സ്കൂളിൽ ചേർത്തു.

മൂന്നാം ക്ലാസ്സുവരെ കുണ്ടുങ്ങൽ ഹൈസ്കൂളിൽ പഠിച്ച എൻ.പി.പിന്നീട് പിതാവിന്റെ കുടുംബവീടായ പരപ്പനങ്ങാടിയിലേക്ക് താമസം മാറ്റിയപ്പോൾ പരപ്പനങ്ങാടിയിലെ ബാസൽ മിഷൻ സ്കൂളിൽ ചേർന്നു. പരപ്പനങ്ങാടിയിലെ ഭൂമിശാസ്ത്രവും സംസ്കാരവും ബാലനായ എൻ.പി.യെ ഏറെ സ്വാധീനിച്ചിട്ടുണ്ട്. എണ്ണപ്പാടത്തിനും പരപ്പനങ്ങാടിക്കും തമ്മിൽ വലിയ അന്തരമുണ്ടായിരുന്നു. എണ്ണപ്പാടത്തേക്കാൾ വൃത്തിയും വിശാലതയുമുണ്ടായിരുന്നു പരപ്പനങ്ങാടിയിലെ വീടു

കൾക്കും പ്രദേശങ്ങൾക്കും. കലങ്ങിമറിഞ്ഞ കല്ലായിപ്പുഴക്കു പകരം തെളിനീരുള്ള പുഴ, വിശാലമായ വയലുകളും കുന്നുകളും. ഇവയെല്ലാം ബാലനായ എൻ.പി. യുടെ മനസ്സിൽ ഭാവനയുടെ പുതിയ ലോകം തീർത്തു. ധാരാളം സൗഹൃദങ്ങളും ഇക്കാലത്ത് എൻ.പി.ക്ക് ലഭിച്ചു. 'ചെത്തെയ്' എന്നു വിളിക്കുന്ന ചെമ്മൺനിരത്തി ലൂടെ കൂട്ടുകാരുമൊത്ത് തിമിർത്തുവളർന്ന ബാല്യം എൻ.പി. പലപ്പോഴും അനു സ്മരിക്കുന്നുണ്ടെങ്കിലും, എൻ.പി. എന്ന സാഹിത്യകാരന്റെ എഴുത്തിടമായി മാറി യത് ദുരിതം നിറഞ്ഞ ബാല്യകാലാനുഭവങ്ങൾ സമ്മാനിച്ച എണ്ണപ്പാടംതന്നെയായി രുന്നു. ''എന്നാൽ എന്റെ മനസ്സിൽ എണ്ണപ്പാടം ജീവിക്കുന്നു. അന്നുണ്ടായിരുന്ന പ്രസാദത്തിന്റെ സംഗീതം ഇപ്പോഴും മനസ്സിൽ മുഴങ്ങുന്നു. അവർ ദരിദ്രരായിരു ന്നു. ഹൃദയത്തിൽ അവർ സമ്പന്നരായിരുന്നു. അവരെ എനിക്കിഷ്ടമായിരുന്നു. അവരില്ലെങ്കിൽ ഞാൻ ഉണ്ടാകുമായിരുന്നില്ലല്ലോ'' (മുഹമ്മദ്,എൻ.പി. 2006:279).

കോഴിക്കോടിന്റെ സാംസ്കാരികഭാഗധേയത്തെ സ്വാധീനിച്ച ധാരാളം പ്രതി ഭകൾ പഠിച്ചിറങ്ങിയ കല്ലായി ഗണപത് ബോയ്സ് ഹൈസ്കൂളിലായിരുന്നു എൻ. പി.യുടെ ഹൈസ്കൂൾ വിദ്യാഭ്യാസം. മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബിന്റെ അൽ-അമീൻ ലോഡ്ജിൽ താമസിച്ചുകൊണ്ടാണ് എൻ.പി. ഹൈസ്കൂൾ ജീവിതം ആരംഭിച്ചത്. ഈയൊരു സഹവാസം എൻ.പി.യുടെ ജീവിതത്തെ വലിയൊരളവിൽ സ്വാധീനിച്ചിട്ടുണ്ട്. വായനയുടെ വിശാലമായ ലോകത്തേക്ക് കടക്കാനുള്ള പ്രേരണ എൻ.പി.ക്ക് ലഭിക്കുന്നത് അൽ-അമീൻ ലോഡ്ജിൽനിന്നാണ്. യുവാവാ യിരിക്കെ എൻ.പി. രാഷ്ട്രീയത്തിൽ ആകൃഷ്ടനായി. തന്റെ കുടുംബപശ്ചാത്തല ത്തിൽ നിന്നും ലഭിച്ച രാഷ്ട്രീയസമ്പർക്കമാണ് ഇത്തരമൊരവബോധത്തിലേക്ക് എൻ.പി. യെ നയിച്ചത്. പിതാവിനോടൊപ്പം അനുഗമിച്ച പല രാഷ്ട്രീയസമ്മേളന ങ്ങളും ചർച്ചകളും നേതാക്കന്മാരുടെ പ്രഭാഷണങ്ങളുമെല്ലാം എൻ.പി.യെ ആകർഷിച്ചിരുന്നു. കോഴിക്കോട് സാമൂതിരികോളേജിൽ പഠിച്ചുകൊണ്ടിരിക്കെ വിദ്യാർത്ഥി കോൺഗ്രസിന്റെ യൂണിറ്റ് പ്രസിഡന്റായി പ്രവർത്തിച്ചിരുന്നു. രാഷ്ട്രീയത്തിൽ തത്പരനായിരുന്ന അദ്ദേഹം പിന്നീട് പ്രത്യക്ഷരാഷ്ട്രീയം

ഉപേക്ഷിക്കുകയുണ്ടായി. ഒരഭിമുഖത്തിൽ എൻ.പി.തന്നെ ഇക്കാര്യം പ്രസ്താവിച്ചിട്ടുണ്ട്. ''സ്വാതന്ത്ര്യാനന്തരം യുവതലമുറയെ ബാധിച്ച മോഹഭംഗം എന്നിലുമുണ്ടായി. അങ്ങനെ രാഷ്ട്രീയരംഗത്ത്നിന്ന് പതുക്കെ പതുക്കെ പിൻവാങ്ങി. എന്റെ തലമുറയിൽപെട്ട പലരും ഇങ്ങനെ രാഷ്ട്രീയം വിട്ടു, സംസ്കാരികരംഗത്ത് സജീവമായി. (മുഹമ്മദാലി. പി. 2002:16). കക്ഷിരാഷ്ട്രീയം ഉപേക്ഷിച്ചെങ്കിലും രാഷ്ട്രീയാഭിമുഖ്യം എൻ.പി.യിൽ നിലനിന്നു. രാഷ്ട്രീയ സംബന്ധമായ രചനകളും ഇടപെടലുകളും പിൽക്കാലത്തും എൻ.പി.യിൽ നിന്നുണ്ടായി. രാഷ്ട്രീയാധികാരം ദുഷിക്കുന്നതും ജനങ്ങൾ അതിന്റെ ദുരിതങ്ങൾ അനുഭവിക്കുന്നതും എൻ.പി.ക്ക് അംഗീകരിക്കാനായില്ല. അതുകൊണ്ടുതന്നെ വിട്ടുവീഴ്ചയില്ലാതെ അതിനെതിരെ പോരാടി. രാഷ്ട്രീയജീവിതത്തിൽനിന്നുള്ള ഈ തിരിഞ്ഞു നടത്തം എൻ.പി.യുടെ ധൈഷ ണികജീവിതത്തിൽ സംഭവിച്ച ഒരു പരിണാമമായി വിലയിരുത്താവുന്നതാണ്.

## 2.2. മതപരവും സാമൂഹികവുമായ പരിതോവസ്ഥകൾ

മലബാറിലെ മുസ്ലീങ്ങളുടെ സാമൂഹികവും സാംസ്കാരികവുമായ അനുഭവമണ്ഡലം എൻ.പി.യുടെ സർഗ്ഗാത്മകതയെ വളർത്തുകയും സമ്പന്നമാക്കുകയും ചെയ്തിട്ടുണ്ട്. മാപ്പിളമുസ്ലീങ്ങളുടെ സാമൂഹികവും സാംസ്കാരികവുമായ ചരിത്രവുമായി എൻ.പി. കൃതികൾ ഇണങ്ങിനിൽക്കുന്നു. ''എൻ.പി.യുടെ കൃതികൾ മുസ്ലിം സമുദായത്തിന്റെ അവബോധമണ്ഡലമാണ്'' (പണിക്കർ, കെ.എൻ. 2010:68) എന്ന് ചരിത്രകാരനായ കെ.എൻ.പണിക്കർ നിരീക്ഷിക്കുന്നത് ഈ അർത്ഥത്തിലാണ്. എൻ.പി.യുടെ സാഹിത്യകൃതികളെ വിശകലനം ചെയ്യുമ്പോൾ, ആദ്യകാലകഥകളെന്ന് വിശേഷിപ്പിക്കാവുന്ന മാപ്പിളക്കഥകളിലും ചില നോവലുകളിലും തെളിയുന്ന പച്ചയായ ജീവിതാവബോധം എൻ.പി.യുടെ സാഹിത്യലോകത്തെ വളർത്തിയെടുക്കുന്നതിൽ വളക്കൂറുള്ള അനുഭവങ്ങളുടെ മണ്ണായി വർത്തിച്ചിട്ടുണ്ട്. താൻ ഉൾക്കൊള്ളുന്ന തന്റെ സമുദായത്തിന്റെ ജനകീയസംസ്കാരവും വൈവി

ധ്യവും വൈചിത്ര്യവുംനിറഞ്ഞ ആചാരാനുഷ്ഠാനങ്ങളും അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും മുഴുകിയ ജനതയുടെ പിന്നാക്കാവസ്ഥയും സ്ത്രീകളുടെ ദൈന്യതയും തന്റെ മനസ്സിന്റെ ആഴത്തിലുള്ള മുറിവുകളാണ് എന്ന് ബോധ്യപ്പെടു ത്തിയ എൻ.പി.യ്ക്ക് അവ സർഗ്ഗകലാപത്തിന്റെ വിത്തുകളായിരുന്നു. സാമൂഹിക മായി ഏറെ പിന്നാക്കംനിൽക്കുന്ന തന്റെ സമുദായത്തിന്റെ നേർചിത്രം പൊതുജന മധ്യത്തിൽ തുറന്നുകാട്ടുക എന്ന ധീരമായ ആവിഷ്കാരമാണ് മാപ്പിളക്കഥകളി ലൂടെ എൻ.പി. സാധ്യമാക്കിയത്. മതമേധാവികളുടെ മനുഷ്യത്വരഹിതമായ നില പാടുകൾക്കെതിരെ സാഹിത്യബാഹ്യമായി എൻ.പി. പ്രതികരിച്ചിട്ടുണ്ട്. തീക്ഷ്ണ മായ ജീവിതാനുഭവങ്ങൾ എൻ.പി.യിലെ സാഹിത്യകാരനേയും സാമൂഹിക വിമർശകനേയും ഉണർത്തുകയായിരുന്നു എന്നു പറഞ്ഞാൽ അതിൽ അതിശയോ ക്തിയില്ല. അത്ര തീവ്രമായിരുന്നു അക്കാലഘട്ടത്തിലെ മുസ്ലിം സാമൂഹ്യജീവിതം.

### 2.3. അനുഭവങ്ങളിൽനിന്ന് ഊർജ്ജം

ഏതൊരു സാഹിത്യകാരനേയും രൂപപ്പെടുത്തിയെടുക്കുന്നത് അയാളുടെ അനുഭവങ്ങളാണ്. തന്റെ ജീവിതത്തിൽ താൻ നേരിട്ടനുഭവിക്കുന്ന സംഭവങ്ങൾ മാത്രമല്ല വായനയിലൂടെയും മറ്റും നേടുന്ന പരോക്ഷമായ അനുഭവങ്ങളും എഴു ത്തുകാരനെ രൂപപ്പെടുത്തിയെടുക്കുന്നതിലും നിർണ്ണയിക്കുന്നതിലും മുഖ്യപങ്കുവ ഹിക്കുന്നു. സർഗ്ഗാത്മകതയെ പോഷിപ്പിക്കുകയും വളർത്തിയെടുക്കുകയും ചെയ്ത സാഹചര്യങ്ങളും സന്ദർഭങ്ങളും പലപ്പോഴായി എൻ.പി. വ്യക്തമാക്കിയി ട്ടുണ്ട്.

തികഞ്ഞ ഏകാന്തതയായിരുന്നു ബാല്യകാലത്ത് എൻ.പി. മുഹമ്മദിന് കൂട്ടുണ്ടായിരുന്നത്. ഇടയ്ക്കിടെയുള്ള വീടുമാറ്റവും ഉപ്പയുടെ കുടുംബവീട്ടിലെ കാരണവരുടെ കടുംപിടുത്തവും ശരീരത്തിൽ ഇടയ്ക്കുണ്ടാവുന്ന ചൊറിയും എൻ. പി.യെ കൂട്ടുകാരിൽനിന്നും അകറ്റി. ഈ ഏകാന്തതയിൽ വായനയിലാണ് എൻ. പി. അഭയം തേടിയത്. പരപ്പനങ്ങാടിയിലേയും കുണ്ടുങ്ങലിലേയും ലൈബ്രറികൾ,

അൽ-അമീൻ ലോഡ്ജ് തുടങ്ങിയവ എൻ.പി.യുടെ വായനയുടെ ആദ്യ ഇടങ്ങളായിരുന്നു. അൽ-അമീൻ ലോഡ്ജിൽ ധാരാളം പുസ്തകങ്ങളും പത്രമാസികകളും ഉണ്ടായിരുന്നു. ഇ. മൊയ്തുമൗലവിയുടെ മകനായ റഷീദായിരുന്നു അൽ-അമീനിലെ എൻ.പി.യുടെ സുഹൃത്ത്. കല്ലായി റോഡിലുള്ള 'ഒസ്നായക്' ലൈബ്രറിയിൽ രാത്രിയാകുവോളം ഇരുവരുമൊന്നിച്ചിരുന്ന് വായിച്ചിരുന്നു. 'ഡിറ്റക്ടീവ്' കഥകളോടായിരുന്നു എൻ.പി.ക്ക് അഭിനിവേശം. അതിൽതന്നെ 'ജയകേസരി'യായിരുന്നു എൻ.പി.യെ കൂടുതലായി ആകർഷിച്ചത്. അതോടെ കേസരിക്കഥകളുടെ ഒരു ശൃംഖലതന്നെ വായിച്ചുതീർക്കുകയുണ്ടായി. 'വീരകേസരി', 'മിന്നൽ കേസരി' തുടങ്ങി വായനശാലയിലെ കാറ്റലോഗിൽനിന്നും കേസരിക്കഥകൾ തെരെഞ്ഞുപിടിച്ചു വായിച്ചപ്പോഴാണ് എൻ.പി.യിലെ സാഹിത്യചിന്തകൻ ഉണരുന്നത്. എല്ലാ കേസരിക്കഥകളും ഒരേ അച്ചിൽ വാർത്തെടുത്തതുപോലെ, മാത്രമല്ല അവയെല്ലാം ഏതോ ഇംഗ്ലീഷ് നോവലിന്റെ മാതൃകയാണെന്നും മനസ്സിലാക്കിയതോടെ വായന ഇംഗ്ലീഷ് നോവലുകളിലേക്കു മാറി. അഗതാ ക്രിസ്റ്റിയുടേയും ഇയാൻ ഫ്ളമിംഗിന്റേയും രചനകൾ, 'ആയിരത്തൊന്നു രാവുകൾ', 'വിക്രമാദിത്യകഥകൾ', 'പീറ്റർ ചെയ്നി', 'ഏൾ സ്റ്റാൻലി ഗാർഡർ', 'എല്ലറി ക്യൂൻ' തുടങ്ങിയവ ആവേശപൂർവ്വം വായിച്ചുതീർത്തു.

പഴങ്കഥകൾ കേട്ടുവളർന്ന ബാല്യകാലാനുഭവങ്ങൾ എൻ.പി.ക്ക് ധാരാളമായി ലഭിച്ചിട്ടുണ്ട്. ഉമ്മയുടെ കുടുംബവീട്ടിൽ ആഘോഷങ്ങൾ നടക്കുമ്പോൾ കുട്ടികളുടെ ബഹളം കുറയ്ക്കാനായി അവരെ മാളികപ്പുരയുടെ മുകളിലാക്കി ആരെങ്കിലും കഥപറഞ്ഞുകൊടുക്കുന്ന പതിവുണ്ടായിരുന്നു. ഒരിക്കൽ ഒരു ബന്ധു അനാർക്കലിയുടേയും സലീമിന്റേയും കഥ ആകർഷകമായി അവതരിപ്പിച്ചത് എൻ.പി.യെ ഏറെ സ്വാധീനിക്കുകയുണ്ടായി. അന്നാണ് കഥപറയണമെന്ന മോഹം എൻ.പി.യിൽ ആദ്യമായി ഉണ്ടാകുന്നത്. സായന്തനത്തിൽ മുറുക്കിച്ചുവപ്പിച്ച ചുണ്ടുകളോടെ, മോയിൻകുട്ടി വൈദ്യരുടെ 'ബദറുൽ മുനീറും ഹുസ്നുൽജമാലും'

പാടിപ്പറഞ്ഞിരുന്ന എണ്ണപ്പാടത്തെ സ്ത്രീകളിൽ ചിലരും എൻ.പി.യുടെ സർഗ്ഗഭാവ നയെ പോഷിപ്പിച്ചിട്ടുണ്ട്.

വിശുദ്ധറമദാനിലെ പാതിരാപ്രസംഗങ്ങൾ കേൾക്കാൻ ബാല്യകാലത്ത് എൻ.പി.ക്ക് അവസരമുണ്ടായിരുന്നു. പ്രസംഗത്തിന്റെ ആദ്യത്തെ മൂന്നുരാത്രി നര കവർണ്ണനയും മൂന്നുരാത്രി സ്വർഗ്ഗവർണ്ണനയും ആയിരുന്നു വിഷയം. ''പള്ളി മുറ്റത്തു കത്തിയെരിയുന്ന പെട്രോമാക്സിന്റെ വെളിച്ചത്തിൽ നീട്ടിയും കുറു ക്കിയും കോമു മുസ്ലിയാർ നരകവർണ്ണന തുടങ്ങിയാൽ സത്യമായും ഞാൻ പേടിച്ചുവിറച്ചിരുന്നു. നരകത്തിലെ കത്തിയാളുന്ന തീയും നരകവിറകായ പാപി കളും പാമ്പുകളും ചെവികേൾക്കാത്ത നരകമലക്കും എല്ലാം ചേർന്നുണ്ടാക്കുന്ന ഭീതി മനസ്സിൽ പറ്റിപ്പിടിക്കുന്നു'' (മുഹമ്മദ്, എൻ.പി. 2006:275). ഇസ്‌ലാമിക ദർശനങ്ങളുമായി ബന്ധപ്പെട്ടുകിടക്കുന്ന നരകവും സ്വർഗ്ഗവുമെന്ന സങ്കല്പം എൻ. പി.യുടെ മനസ്സിൽ ആഴത്തിൽ പതിഞ്ഞിട്ടുണ്ട്. സർഗ്ഗസൃഷ്ടിയുടെ പ്രഥമഘട്ടങ്ങ ളിൽ എഴുത്തുകാരന് ധൈഷണികമായ ഉദ്ദീപനം നൽകുന്നവയാണ് മിത്തുകൾ. ഇത്തരം പരിതോവസ്ഥകളുടെ മധ്യത്തിലായിരുന്നു എൻ.പി.യുടെ ജീവിതം. പുരാവൃത്തങ്ങളിലധിഷ്ഠിതമായ നിരവധി ആചാരങ്ങളാൽ ബന്ധിതമായ ഒരു സമൂഹമായിരുന്നു എൻ.പി.യുടേത്. അദൃശ്യശക്തികൾക്ക് കീഴ്പെട്ടും ഭയപ്പെട്ടും ജീവിച്ചിരുന്ന സമൂഹമായിരുന്നു എണ്ണപ്പാടത്തും കല്ലായിയിലുമുണ്ടായിരുന്നത്.

ജിന്നുബാധ, ചെകുത്താൻബാധ, ഭൂതപ്രേതാദികൾ, നിധികാക്കുന്ന പാമ്പുകൾ തുടങ്ങിയവയിലുള്ള ഭീതി, മൊല്ലാക്കയും പാണനും നടത്തുന്ന പ്രാക്ത നമായ ചികിത്സാരീതികൾ, പ്രേതത്തേയും ചെകുത്താനേയും ശരീരത്തിൽനിന്നക റ്റാൻ നടത്തുന്ന ചൂരൽപ്രയോഗം, മന്ത്രിച്ചൂതി ചരടുകെട്ടൽ, ആപത്‌വേളകളിലും സന്തോഷവേളകളിലും വിശുദ്ധരെ പ്രകീർത്തിച്ച് നടത്തുന്ന കൂട്ടപ്രാർത്ഥനകൾ തുടങ്ങിയ അതിഭൗതികമായ ആചാരാനുഷ്ഠാനങ്ങൾ ഇവർക്കിടയിൽ സാധാരണ യായിരുന്നു. ഒരനുഭവാവിഷ്കാരമെന്ന നിലയിൽ പിൽക്കാലത്ത് എൻ.പി.യുടെ

ആദ്യകാലകഥകളിലും ചില നോവലുകളിലും പുരാവൃത്തസംബന്ധമായ ധാരാളം വസ്തുതകൾ കടന്നുവന്നിട്ടുണ്ട്. എൻ.പി.യെ സംബന്ധിച്ചിടത്തോളം അനുഭവങ്ങളുടെ അക്ഷയഖനികളായിരുന്നു ഇത്തരം പുരാവൃത്തങ്ങൾ.

വായനയിലേക്കും എഴുത്തിലേക്കും തന്നെ നയിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്ത അധ്യാപകരെ എൻ.പി.അനുസ്മരിക്കുന്നുണ്ട്. ''വാക്കുകളുടെ ലയവും താളവും ഞാൻ പഠിച്ചത് ബാസൽ മിഷ്യൻ സ്കൂളിൽനിന്നായിരുന്നു. ആറാം ക്ലാസ്സിൽ എന്നെ പഠിപ്പിച്ചിരുന്ന മേരിടീച്ചർ മത്തായി എഴുതിയ സുവിശേഷത്തിലെ കഥകൾ ഭംഗിയായി പറയുമായിരുന്നു'' (മുഹമ്മദ്, എൻ.പി. 2006:275). ക്ലാസ്സ് കഴിഞ്ഞാലും മേരിടീച്ചറുടെ ക്വാട്ടേഴ്സിൽ ചെന്നിരുന്ന് ബൈബിൾകഥകൾ കേട്ടിരിക്കൽ ബാലനായ എൻ.പി.ക്ക് ഏറെ ഇഷ്ടമായിരുന്നു. ബൈബിൾക്ലാസ്സിൽ ഒന്നാംസ്ഥാനവും എൻ.പി.ക്കായിരുന്നു. ''അറിവുമരത്തിന്റെ മുകളിൽ വളഞ്ഞുപുളഞ്ഞു തലകീഴോട്ടു താഴ്ത്തി ഇരട്ടനാവുകൾ കാറ്റിൽ പറപ്പിച്ച് ഹവ്വ ഉമ്മയെ വിലക്കിയ പഴം എടുക്കാൻ പ്രലോഭിപ്പിച്ച സാത്താന്റെ ചിത്രം എന്റെ മനസ്സിൽ മുദ്രണം ചെയ്തത് ടീച്ചറായിരുന്നു'' (മുഹമ്മദ്,എൻ.പി.2006:276). പിൽക്കാലത്ത് ബൈബിളിലെ പഴയനിയമത്തിലെ ലോത്തിന്റെ കഥയെ ആധാരമാക്കി 'ഗുഹ' എന്ന തികച്ചും വ്യത്യസ്തമായ നോവൽ രചനയ്ക്കുള്ള പ്രേരണയുടെ പശ്ചാത്തലവും മേരി ടീച്ചറിൽനിന്നും കിട്ടിയ ബൈബിൾ കഥകളായിരിക്കാം.

കുറ്റാന്വേഷണകഥകളിൽ ആവേശംകൊണ്ടിരുന്ന എൻ.പി.യുടെ വായനയെ നോവലിന്റെ ദിശയിലേക്ക് ചലിപ്പിച്ചതിൽ പ്രധാനി മധുരവനം കൃഷ്ണക്കുറുപ്പെന്ന അധ്യാപകനായിരുന്നു. പുലാക്കോട്ടു ശങ്കരവാര്യർ, പി.എ.വാര്യർ തുടങ്ങിയവരും എൻ.പി.ക്ക് പ്രചോദനമേകിയിട്ടുണ്ട്. പരപ്പനങ്ങാടിയിൽ പഠിച്ചുകൊണ്ടിരിക്കെ എൻ.പി.യുടെ നേതൃത്വത്തിൽ ഒരു കയ്യെഴുത്തുമാസിക തയ്യാറാക്കിയിരുന്നു. ആ കയ്യെഴുത്തുമാസിക കണ്ട് എൻ.പി. മുഹമ്മദിനെ അരികിൽ വിളിച്ച് തോളിൽ തട്ടി

ഹെഡ്മാസ്റ്റർ അഭിനന്ദിക്കുകയും ആശാന്റെ 'ദുരവസ്ഥ' സമ്മാനമായി നൽകുകയും ചെയ്തത് എഴുത്തിൽ എൻ.പി.ക്ക് വലിയ പ്രചോദനമായിട്ടുണ്ട്.

ഗഹനമായ വായനയുമായി കഴിഞ്ഞുകൂടിയ എൻ.പി. തന്റെ ആദ്യകഥ രചിക്കുന്നത് അൽ-അമീൻ ലോഡ്ജിൽവെച്ചാണ്. അവിടെനിന്നുണ്ടായ ഒരനുഭവത്തിന്റെ പശ്ചാത്തലത്തിലാണ് ആദ്യകഥയായ 'ചോദ്യചിഹ്നം' (1948) രചിക്കുന്നത്. ഉറൂബിന്റെ പത്രാധിപത്യത്തിനുകീഴിലുള്ള മംഗളോദയത്തിലാണ് ഈ കഥ അച്ചടിച്ചുവന്നത്. പത്രാധിപരായ ഉറൂബ് കഥയെ അഭിനന്ദിച്ചുകൊണ്ട് എൻ.പി.ക്ക് കത്തെഴുതിയത് അദ്ദേഹത്തിന് കഥയെഴുത്തിനുള്ള ഊർജ്ജവും പ്രേരണയും നൽകി. പിന്നീട് 'ജയകേരളത്തിലും' എൻ.വി.കൃഷ്ണവാര്യർ മാതൃഭൂമിയിലെത്തുന്നതോടുകൂടി 'മാതൃഭൂമിയിലും' എഴുതിത്തുടങ്ങി.

### 2.4. സാംസ്കാരികസൗഹൃദവും കോഴിക്കോടും

എഴുത്തുകാരും കലാകാരന്മാരും സാംസ്കാരികപ്രവർത്തകരും ബുദ്ധിജീവികളുമടങ്ങുന്ന വിപുലമായ സൗഹൃദബന്ധങ്ങളുടെ നഗരമായിരുന്നു സ്വാതന്ത്ര്യസമരകാലഘട്ടങ്ങളിലെ കോഴിക്കോട്. എഴുത്തും ചർച്ചയും സംവാദവും അഭിനിവേശമായി മാറിയ ആ സുഹൃത്സംഗമത്തിലേക്ക് താനെത്തിയ വഴിയെക്കുറിച്ച് എൻ.പി. ഒരഭിമുഖത്തിൽ വിവരിക്കുന്നുണ്ട്. ''1946-ൽ കോഴിക്കോട് സാമൂതിരി കോളേജിൽ സാഹിത്യപരിഷത്തിന്റെ ഒരു വാർഷികയോഗം നടന്നു. ഞാൻ ഒരു വളണ്ടിയർ ആയിരുന്നു. അന്നാണ് എസ്.കെ.പൊറ്റെക്കാട്, തിക്കോടിയൻ, പി.സി.കുട്ടികൃഷ്ണൻ തുടങ്ങിയവരെ പരിചയപ്പെടുന്നത്'' (മുഹമ്മദാലി, പി. 2002:16). ഈ വളണ്ടിയർപദവി എൻ.പി.യുടെ ജീവിതത്തിലെ വഴിത്തിരിവുകളിലൊന്നായിരുന്നു. ഈ യോഗത്തെ തുടർന്നാണ് നഗരത്തിലെ സാംസ്കാരികപ്രവർത്തകരുടെ സംഗമത്തിലേക്ക് എൻ.പി. എത്തുന്നത്. പിന്നീട് ഈ ഒത്തുചേരൽ വിപുലമായ സാഹിത്യപ്രവർത്തനങ്ങളിലേക്കും ഗൗരവമാർന്ന സാഹിത്യ-സാംസ്കാരികചർച്ചകളിലേക്കും വികസിക്കുകയുണ്ടായി. സാഹിത്യ-സാംസ്കാ

രികമേഖലകളിൽനിന്നുള്ള നിരവധി പേരുടെ പങ്കാളിത്തം ആ സംഗമത്തെ സമ്പന്നമാക്കി. എം.വി.ദേവൻ, എം.ടി. വാസുദേവൻ നായർ, വി.കെ.എൻ, തിക്കോടിയൻ, പി.കെ.ബാലകൃഷ്ണൻ, പട്ടത്തുവിള കരുണാകരൻ, അരവിന്ദൻ, എൻ.എൻ. കക്കാട്, എൻ.വി.കൃഷ്ണവാര്യർ തുടങ്ങി പ്രഗത്ഭരായ പലരുടെയും സാന്നിധ്യം ആ സൗഹൃദത്തെ ചൈതന്യവത്താക്കി. ഇത്തരം സംഗമങ്ങൾ എൻ.പിയുടെ അറിവിന്റെയും ചിന്തയുടെയും വായനയുടെയും ലോകത്തെ വിശാലമാക്കുകയും എഴുത്തിന്റെ ലോകത്തേക്ക് ആത്മവിശ്വാസത്തോടെ കടക്കാൻ എൻ.പി.യെ പ്രേരിപ്പിക്കുകയും ചെയ്തു.

### 2.4.1. കോലായസദസ്സ്

കോഴിക്കോട്ടെ എൻ.പി.യുടെ സൗഹൃദസംഗമത്തിന് സ്ഥിരമായ ഒരിടം ഉണ്ടായിരുന്നില്ല. കലാസാഹിത്യതത്പരരായ ഒരുപറ്റം യുവാക്കളായിരുന്നു ആ സൗഹൃദക്കൂട്ടായ്മയിൽ ഉണ്ടായിരുന്നത്. ഞായറാഴ്ചകളിൽ കൂട്ടത്തിലാരുടെയെങ്കിലും വീടിന്റെ കോലായയിൽ (ഉമ്മറത്ത്) ആണ് ഈ സംഘം ഒത്തുകൂടിയിരുന്നത്. കവി ആർ. രാമചന്ദ്രൻ, സുകുമാർ അഴീക്കോട്, ഉറൂബ്, പത്രപ്രവർത്തകനായ വേണുഗോപാലക്കുറുപ്പ്, കവി എൻ.എൻ.കക്കാട്, ചിത്രകാരനായ എം.വി.ദേവൻ, ചരിത്രകാരനായ എം.ജി.എസ് തുടങ്ങിയവർ ഒത്തുകൂടിയിരുന്ന ഈ സദസ്സ് 'കോലായ' എന്ന പേരിലാണ് അറിയപ്പെട്ടത്.

'കോലായ' ഔപചാരികമായ സംഘടനയായിരുന്നില്ല. മനുഷ്യനേയും സാഹിത്യത്തേയും സംബന്ധിക്കുന്ന മിക്കവിഷയങ്ങളും കോലായയിൽ ചർച്ചചെയ്തിരുന്നു. വൈയക്തികനിരൂപണം കോലായയിലെ മുഖ്യമായ ഒരിനമായിരുന്നു. എഴുപതുകളിലെ ആ ഒത്തുചേരലിനെക്കുറിച്ച് എൻ.പി. സ്മരിക്കുന്നതിങ്ങനെയാണ്. ''ഏതെങ്കിലും ഒരു ഞായറാഴ്ച ഇവരിൽ ആരുടെയെങ്കിലും വീട്ടിൽ സമ്മേളിക്കും. ഇവരിലാരെങ്കിലും എഴുതിയ കൃതി വായിക്കും. ദയാദാക്ഷിണ്യമില്ലാത്ത നിരൂപണം നടത്തലായിരുന്നു ഈ ചെറുസംഘത്തിന്റെ പതിവ്. ഊണും ഉറക്കവും

ചിലപ്പോൾ അവിടെത്തന്നെയാകും. ഇത് വിമർശനങ്ങളെ സഹിക്കാനുള്ള കരുത്ത് ഞങ്ങൾക്ക് തന്നു. അതോടൊപ്പം സ്വന്തം വ്യക്തിത്വത്തേയും സർഗ്ഗാത്മകന്യൂനത കളേയും മനസ്സിലാക്കിത്തന്നു'' (മുഹമ്മദാലി, പി. 2002:18).

പരസ്പരവിദ്വേഷമോ അഹന്തയോ വെച്ചുപുലർത്താത്ത ഇത്തരം കൂട്ടായ്മ കൾ അംഗങ്ങളുടെ വ്യക്തിത്വവികസനത്തിനും സർഗ്ഗാത്മകതയ്ക്കും ദിശാബോധം നൽകാൻ പര്യാപ്തമായി. പിൽക്കാലത്ത്, തന്റെ സാംസ്കാരികജീവിതത്തിന്റെ ഭാഗമായി അഭിമുഖീകരിക്കേണ്ടിവന്ന വിമർശനങ്ങളെ ആരോഗ്യകരമായി നേരിടാ നുള്ള മാനസികമായ ഉൾക്കരുത്ത് എൻ.പി.ക്ക് ലഭിക്കുന്നത് ഇത്തരം കൂട്ടായ്മക ളിലെ പ്രവർത്തനഫലമായാണ്. എൻ.പി.യുടെ അറിവിന്റേയും വായനയുടേയും ലോകം വിസ്തൃതമാക്കിയതിൽ 'കോലായ'പോലുള്ള ചർച്ചകൾ വഹിച്ച പങ്ക് ചെറുതല്ല.

ആർ. രാമചന്ദ്രന്റെ വീട്, പുതിയപാലത്തും തിരുവണ്ണൂരുമുള്ള അക്കിത്ത ത്തിന്റെ വീടുകൾ, കുണ്ടുങ്ങലിലുള്ള എൻ.പി.മുഹമ്മദിന്റെ വീട്, പുതിയറയിലെ കക്കാടിന്റെ വീട്, മൂന്നാം ഗേറ്റിലെ സുകുമാർ അഴീക്കോടിന്റെ വീട്, യൂണിവേഴ്സി റ്റിയിലെ എം.ജി.എസിന്റെ വീട് തുടങ്ങിയവ കോലായയുടെ ഇടങ്ങളായിരുന്നു. ''അന്യോന്യം കലവറയില്ലാതെ ഇടപെടുകയും ഇടപഴകുകയും ചെയ്ത ആ കൂട്ടായ്മ കോഴിക്കോട് പട്ടണത്തിൽ ഇതിന് മുമ്പോ പിമ്പോ ഉണ്ടായിട്ടില്ല. ഇത്തരം മാനസികപ്പൊരുത്തം ഇന്ന് സങ്കൽപ്പിക്കുവാൻകൂടി സാധ്യമല്ല'' (മുഹ മ്മദാലി, പി. 2002:17).

1960-കളിലും എഴുപതുകളിലുമായി കോഴിക്കോട്ട് പ്രവർത്തിച്ച സാംസ്കാ രിക കൂട്ടായ്മയായി കോലായയെ ഇന്ന് വിലയിരുത്താം (ബീന, എം.പി. 2016:40). സാഹിത്യചർച്ചകളുടേയും ഗൗരവമാർന്ന സാംസ്കാരികചിന്തകളുടേയും കേന്ദ്രമാ യിരുന്ന ഈ സദസ്സുകൾ നടത്തിയ ചർച്ചകൾ പിന്നീട് 'കോലായചർച്ചകൾ' (2010) എന്ന പേരിൽ പുസ്തകമായി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

### 2.4.2. സൗഹൃദത്തിന്റെ കണ്ണികൾ

എൻ.പി.യുടെ കോഴിക്കോടൻ സൗഹൃദത്തിലെ പ്രധാനപ്പെട്ട ഒരംഗമായിരുന്നു കലാകാരനും വാഗ്മിയും ചിന്തകനുമായ എം.വി.ദേവൻ. 1952–ൽ മാതൃഭൂമിയിൽ ആർട്ടിസ്റ്റായി ജീവിതമാരംഭിച്ചപ്പോൾമുതൽ സാഹിത്യത്തിലെ അതികായന്മാർ ദേവന്റെ കാരിക്കേച്ചറുകളേയും സൗഹൃദങ്ങളേയും സമ്പന്നമാക്കി. മലയാളിയുടെ ദൃശ്യസംസ്കാരത്തിനും സാഹിത്യഭാവുകത്വത്തിനും പുതിയ തലങ്ങൾ സമ്മാനിച്ച ദേവൻ മനുഷ്യമഹിമയുള്ള പ്രതിഭകളുമായി ആത്മബന്ധം പുലർത്തി. എം.ഗോവിന്ദൻ, സി.ജെ.തോമസ്, എം.എൻ. നമ്പ്യാർ തുടങ്ങിയവരുടെ പ്രവർത്തനങ്ങളോട് ദേവൻ ഇണങ്ങിച്ചേർന്നു.

എം.വി.ദേവൻ കോഴിക്കോട്ടെത്തിയതിനുശേഷം ദേവനും എൻ.പി.യും ഉറ്റ സുഹൃത്തുക്കളായി. ആ സൗഹൃദം സാംസ്കാരികമേഖലയിൽ എൻ.പി.ക്ക് വഴിത്തിരിവായിരുന്നു. ദേവൻ മുഖേനയാണ് എം.ഗോവിന്ദനേയും സി.ജെ. തോമസിനേയും എൻ.പി. ഉൾപ്പെടെയുള്ളവർ പരിപാടികൾക്കായി കോഴിക്കോട്ടേക്ക് കൊണ്ടുവരുന്നത്. എം. ഗോവിന്ദനും സി.ജെ.തോമസും ആ സാംസ്കാരിക കൂട്ടായ്മയിൽ അംഗമായതോടുകൂടി എൻ.പി.യുടെ സാംസ്കാരികലോകം സമ്പന്നമാവുകയായിരുന്നു. ഗോവിന്ദന്റെ നേതൃത്വത്തിൽ നടന്ന സാഹിത്യക്യാമ്പുകളിലും സാംസ്കാരിക സമ്മേളനങ്ങളിലും പങ്കെടുക്കാൻ എൻ.പി.യെ പ്രേരിപ്പിക്കുന്നത് എം.വി ദേവനാണ്. കലാസമിതി, നവസാഹിതി, ജനാധിപത്യവേദി തുടങ്ങി പല സമിതികളിലും ഇരുവരും ഒരുമിച്ച് പ്രവർത്തിച്ചിട്ടുണ്ട്. സാംസ്കാരികപ്രവർത്തനങ്ങളിൽ മാത്രമല്ല അറിവിന്റേയും അന്വേഷണത്തിന്റേയും മാർഗ്ഗത്തിലും സംഘടിതമായ യത്നം അക്കാലത്തെ പ്രത്യേകതയായിരുന്നു. പുസ്തകങ്ങൾ കണ്ടെത്തി വായിക്കുന്നതിലും വിശദാംശങ്ങൾ പരസ്പരം കൈമാറുന്നതിലും ആ സുഹൃത്തുക്കൾ ഔത്സുക്യം കാണിച്ചു. ''വാസു ധാരാളം വായിക്കുമായിരുന്നു. എൻ.പി.മുഹമ്മദ്, കെ.എ.കൊടുങ്ങല്ലൂർ, എം.ടി, പട്ടത്തുവിള.......ഞങ്ങൾ പുസ്തകങ്ങൾ

തേടിപ്പിടിച്ച് വായിക്കുകയായിരുന്നു''(ദേവൻ, എം.വി. 1999 : 398). എഴുത്തിലും വായനയിലും പ്രകടമായിരുന്ന ഈ കൊടുക്കൽ വാങ്ങലുകൾ ആ കാലഘട്ടത്തിന്റെ ഒരു പ്രത്യേകതയാണ്. എം.ടി.യും എൻ.പി.യും ചേർന്നെഴുതിയ 'അറബിപ്പൊന്ന്' എന്ന നോവലിന്റെ രചനയ്ക്കു പിറകിൽ എം.വി.ദേവന്റെ നിറഞ്ഞ പ്രോത്സാഹനം ഉണ്ടായിരുന്നു. 'അറബിപ്പൊന്നിന്റെ' മാനേജർ സ്ഥാനം തനിക്കായിരുന്നു എന്ന് ദേവൻ പ്രസ്താവിച്ചിട്ടുണ്ട് (ദേവൻ, എം.വി. 1999:398). എം.ടി.ക്കും എൻ.പി.ക്കും അറബിപ്പൊന്നെഴുതാൻ വേണ്ടി സൗകര്യപ്രദമായ ഇടം കണ്ടെത്തിയതും ദേവനായിരുന്നു. നോവലിന്റെ പ്രകാശനച്ചടങ്ങിൽ എം.ടി.യേയും, എൻ.പി.യേയും വി.കെ.എന്നിനേയും ചേർത്തുനിർത്തി ദേവനൊരു സ്കെച്ച് വരയ്ക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. ഇത് എൻ.പി.യും ദേവനും തമ്മിലുണ്ടായിരുന്ന സൗഹൃദത്തിന്റെ മികച്ച നിദർശനമാണ്. ഗാന്ധിജിയുടേയും എം.എൻ.റോയിയുടേയും നവോത്ഥാനത്തിന്റേയും മൂല്യങ്ങളാണ് ദേവന്റെ ചിന്തകളിൽ പ്രസരിച്ചുനിന്നത്. ഈ ചിന്താസംസ്കാരം എൻ.പി.ക്കും പകർന്ന് കിട്ടിയിട്ടുണ്ട്. എം.വി.ദേവൻ സാംസ്കാരികമേഖലയിൽ എൻ.പി.ക്കൊരു സുഹൃത്തും വഴികാട്ടിയുമായിരുന്നു.

ഉറൂബ് എൻ.പി.ക്കെന്നും പി.സി.യായിരുന്നു. മാപ്പിളക്കഥകളിലൂടെ സാഹിത്യലോകത്തേക്ക് പ്രവേശിച്ച എൻ.പി.ക്ക് പി.സി. ഗുരുവും സുഹൃത്തുമായിരുന്നു. 1948-ൽ പി.സി.യുടെ പത്രാധിപത്യത്തിനുകീഴിലായിരുന്ന മംഗളോദയത്തിൽ പ്രസിദ്ധീകരിച്ചുവന്ന 'ചോദ്യചിഹ്നമായിരുന്നു' എൻ.പി.യുടെ ആദ്യകഥ. ഇതിനെ തുടർന്ന് മറ്റൊരുകഥയുമായി തൃശ്ശൂരിൽ മംഗളോദയത്തിന്റെ ഓഫീസിലെത്തിയപ്പോഴാണ് എൻ.പി. പി.സി.യെ ആദ്യമായി കാണുന്നത്. കഥ വാങ്ങി വായിച്ച പി.സി. അതിലൊരു വാചകം വെട്ടിത്തിരുത്തിയപ്പോൾ നവ കഥാകൃത്തായ എൻ.പി. നിങ്ങളെന്താണ് തിരുത്തിയത്? എന്ന് ചോദിക്കാനുള്ള ആർജ്ജവം കാണിച്ചു. നിങ്ങളതു ചോദിച്ചല്ലേ എന്ന പി.സി.യുടെ മറുപടിക്കൊപ്പം, തിരുത്തിയ ഭാഗം വായിച്ച എൻ.പി. സർഗ്ഗാത്മകതയുടെ ആദ്യപാഠം ഉൾക്കൊള്ളുകയായിരുന്നു.

''അശ്വമേധം കഴിച്ച ചക്രവർത്തിയുടെ ഭാവമാണയാൾക്കുണ്ടായിരുന്നത്'' എന്ന ഭാഗം തിരുത്തി 'രാജ്യമായ രാജ്യമെല്ലാം വെട്ടിപ്പിടിച്ച സുൽത്താന്റെ' എന്നാക്കിയിട്ടുണ്ട്. കഥയുടെ മുസ്ലിം പശ്ചാത്തലത്തിന് അനുയോജ്യമായ രീതിയിലുള്ള ഒറ്റത്തിരുത്തൽ കൊണ്ട് കഥയ്ക്ക് കിട്ടിയ തിളക്കം, ഈ തിളക്കം സാഹിത്യത്തിലെ തന്റെ ആദ്യപാഠമായി എൻ.പി. ഓർമ്മിക്കുന്നു. ''കഥയെഴുത്തിൽ അന്നെനിക്കു കിട്ടിയ ആദ്യപാഠം, വിലപ്പെട്ട പാഠം ഞാൻ പലപ്പോഴും അയവിറക്കിയിട്ടുണ്ട്'' (മുഹമ്മദ്, എൻ.പി. 2006:266)

എഴുതിയ കഥകളും ലേഖനങ്ങളുമെല്ലാം പരസ്പരം കൈമാറി വായിച്ച് വിലയിരുത്തുന്ന ശീലവും എൻ.പി.ക്കും ഉറൂബിനും ഉണ്ടായിരുന്നു. എൻ.പി.യുടെ സൗഹൃദത്തിലെ മിക്കവരും ഈയൊരു കാര്യത്തിൽ സമാനത പുലർത്തിയിരുന്നു. ഇതവർക്ക് എഴുത്തിന്റെ ലോകത്തേക്ക് ആത്മവിശ്വാസത്തോടെ കടക്കാനുള്ള പ്രേരണയും കരുത്തും നൽകി. എൻ.പി.യേയും ഉറൂബിനേയും സാഹിത്യലോകത്ത് കൂട്ടിയിണക്കിയ മറ്റൊരു പ്രധാനകണ്ണിയായിരുന്നു 'ഉമ്മാച്ചു' എന്ന നോവൽ. സാഹിത്യലോകത്ത് വിപുലമായ സൗഹൃദമുണ്ടായിരുന്ന ഉറൂബ് 'ഉമ്മാച്ചു'വിന്റെ അവതാരികാകാരനായി തെരെഞ്ഞെടുത്തത് എൻ.പി.യെയായിരുന്നു. എൻ.പി. അന്ന് വളരെ ചെറുപ്പമായിരുന്നു. എൻ.പി.യിലെ സാഹിത്യകാരനേയും സാഹിത്യചിന്തകനേയും മുൻപേ തന്നെ തിരിച്ചറിയാൻ ഉറൂബിന് കഴിഞ്ഞിരുന്നു എന്നത് ഇതിൽനിന്നും വ്യക്തമാകുന്നു. ഉറൂബ് ഉമ്മാച്ചുവിന്റെ അവതാരികാകാരനായി തന്നെ തെരഞ്ഞെടുത്തപ്പോൾ എൻ.പി.ക്കുണ്ടായ അനുഭവം അദ്ദേഹം വ്യക്തമാക്കിയിട്ടുണ്ട്. ''തന്നേക്കാൾ ഇളപ്പമുള്ള ഒരാളെക്കൊണ്ട് അവതാരിക അന്നത്തെ തലമുതിർന്ന ഒരെഴുത്തുകാരനും എഴുതിച്ചിട്ടില്ല. അതെനിക്ക് അത്ഭുതവും കുറച്ച് പരിഭ്രമവും ഉണ്ടാക്കി'' (സുധാകരൻ, ഇ. 2012:35).

എം.ടി.വാസുദേവൻ നായരും എൻ.പി. മുഹമ്മദും തമ്മിൽ സൗഹൃദത്തിൽ കവിഞ്ഞ ആത്മബന്ധമുണ്ടായിരുന്നു. 1954–ൽ ആണ് എം.ടി.യും എൻ.പി.യും

തമ്മിൽ പരിചയത്തിലാകുന്നത്. പൊന്നാനി കേന്ദ്രമാക്കി വി.ടി.ഭട്ടതിരിപ്പാടും ഉറൂബും അക്കിത്തവും ഇടശ്ശേരിയും എൻ.ദാമോദരനും ചേർന്ന് രൂപംകൊടുത്ത 'വെസ്റ്റ്കോസ്റ്റ് പബ്ലിഷേഴ്സ്' എന്ന പ്രസാധകസംരംഭവുമായി ബന്ധപ്പെട്ടുകൊണ്ടാണ് ഇരുവരും പരിചയത്തിലാകുന്നത്. മുതിർന്ന എഴുത്തുകാരോടൊപ്പം എൻ.പി.യും എം.ടി.യും അതിൽ പങ്കാളികളായി. ഇരുവരുടേയും കഥകൾ പരസ്പരം വായിച്ചിട്ടുണ്ടെന്നറിഞ്ഞ് സന്തോഷിച്ച ആ സൗഹൃദം ദൃഢപ്പെടുന്നത് 1956–ൽ എം.ടി. മാതൃഭൂമിയിൽ എത്തിയതിന് ശേഷമാണ്.

കോഴിക്കോടിന്റെ സാംസ്കാരിക സൗഹൃദത്തിലേക്ക് തന്നെ നയിച്ചത് എൻ.പി.യാണെന്ന് എം.ടി. അഭിപ്രായപ്പെട്ടിട്ടുണ്ട്. വൈകുന്നേരങ്ങളിലെ ഒത്തുകൂടലുകളിൽ പ്രധാനമായ വിഷയം പുസ്തകച്ചർച്ചയായിരുന്നു. വായിച്ച പുസ്തകങ്ങളെക്കുറിച്ച് മാത്രമല്ല വായിക്കേണ്ട പുസ്തകങ്ങളെക്കുറിച്ചും എൻ.പി.ക്ക് നല്ല ധാരണയുണ്ടായിരുന്നു. വായനയുടെ വിശാലതയിലേക്ക് പ്രവേശിച്ചു കഴിഞ്ഞിരുന്ന എൻ.പി. വായനയിൽ തനിക്ക് വഴികാട്ടിയായിരുന്നു എന്ന് എം.ടി. അഭിപ്രായപ്പെട്ടിട്ടുണ്ട്. വിശ്വസാഹിത്യത്തിൽ അഗാധമായ അറിവുണ്ടായിരുന്ന എൻ.പി. യാണ് അത്തരമൊരു വായനയ്ക്ക് എം.ടിയെ പ്രേരിപ്പിക്കുന്നത്. എഴുതാനുള്ള ആശയം രൂപപ്പെട്ടാൽ പരസ്പരം ചർച്ചചെയ്യാറുണ്ടായിരുന്നു. ഈ സൗഹൃദത്തിലൂടെ തന്നെയാണ് ഇരുവരും എഴുത്തിലൂടെ പുതിയൊരു പരീക്ഷണത്തിനെത്തുന്നത്. 'അറബിപ്പൊന്ന്' എന്ന നോവലിന്റെ രചനയിലൂടെയാണ് ഈ പരീക്ഷണം സഫലമായത്. എം.ടി.യും എൻ.പി.യും ചേർന്നെഴുതിയ ഈ കൃതി മലയാള സാഹിത്യത്തിന് പുതിയൊരു ഭാവുകത്വം നൽകി.

കുട്ടികൃഷ്ണമാരാരെ ഒട്ടൊരു ഭീതിയോടെയാണ് ആദ്യകാലത്ത് എൻ.പി വീക്ഷിച്ചിരുന്നത്. എൻ.പി.യുടെ സർഗ്ഗാത്മകമായ ന്യൂനതകളെ മാരാരുടെ സ്വതസിദ്ധമായ കടുത്തഭാഷയിൽതന്നെ മാരാർ വിമർശിച്ചിരുന്നു. മാരാരുടെ വിമർശനത്തിന്റെ സാധ്യതകളെ എൻ.പി.ക്ക് ഉൾക്കൊള്ളാനായത് പിൽക്കാലത്താണ്. വിട്ടു

വീഴ്ചയില്ലാത്ത മാരാരുടെ യുക്തിബോധവും പദലുബ്ധും വാക്കുകൾ ചിന്തയുടെ വാഹനങ്ങളാകുന്നതും മാരാരുടെ വിമർശനങ്ങളും എൻ.പി.യെ ആകർഷിച്ച ഘട കങ്ങളാണ്. മാരാരെ വെറുത്തിരുന്ന എൻ.പി. പിൽക്കാലത്ത് മാരാരുടെ ആരാധക നായതിനെ എൻ.പി.തന്നെ വിസ്മയത്തോടെയാണ് സ്മരിക്കുന്നത്.

വിമർശനസാഹിത്യത്തിന്റേയും ഭാരതീയ ഇതിഹാസപുരാണങ്ങളുടേയും ആചാര്യനായ മാരാരിൽനിന്നും തനിക്ക് കിട്ടിയത് മനുഷ്യനെക്കുറിച്ചുള്ള മഹ ത്തായ സങ്കല്പങ്ങളാണ് എന്ന് എൻ.പി. അനുമാനിക്കുന്നു. ദേവൻമാരിൽപോലും മനുഷ്യത്വമാരോപിക്കാനും ദുര്യോധനനെ സുയോധനനായി കാണാനുമുള്ള മാരാ രുടെ കഴിവും മാരാരുടെ മനുഷ്യസങ്കൽപ്പത്തിന്റെ അടയാളങ്ങളാണ്. യാഥാസ്ഥി തികപണ്ഡിതന്മാരിൽനിന്നും വേറിട്ടുനിൽക്കുന്ന പ്രവർത്തനരീതിയും മാരാരിലെ സവിശേഷതയായി എൻ.പി. കാണുന്നു. തന്റെ കാലഘട്ടത്തിന്റെ സ്പന്ദനങ്ങളോട് പ്രതികരിച്ചുകൊണ്ടാണ് മാരാർ കർമ്മനിരതനായത്. സാഹിത്യക്യാമ്പുകൾ, കലാ സമിതികൾ, ജനാധിപത്യവേദി തുടങ്ങിയ സാംസ്കാരികവേദികളിൽ മാരാർ സജീ വമായിരുന്നു. എൻ.പി.യോടുള്ള പ്രത്യേകതാത്പര്യം പലഘട്ടങ്ങളിലും മാരാർ പ്രകടമാക്കിയിട്ടുണ്ട്. മാരാരുടെ വ്യക്തിത്വത്തിലും മാരാരുടെ വിമർശനത്തിലും നിറഞ്ഞുനിൽക്കുന്നത് ഉജ്ജ്വലമായ മനുഷ്യസങ്കൽപ്പമാണെന്ന് എൻ.പി. വീക്ഷിക്കുന്നു. മാനവികവാദിയായ എൻ.പി.യെ മാരാർ സ്വാധീനിച്ചതിൽ അതിശ യോക്തിയില്ല.

**2.5. സംഘടിതപ്രവർത്തനങ്ങൾ**

മഹത്തായ ആശയങ്ങൾ പ്രാവർത്തികമാക്കാൻ വ്യക്തിക്ക് അതിന്റേതായ പരിമിതികളുണ്ട്. ഇത്തരം സാഹചര്യങ്ങളിലാണ് സംഘടിതപ്രവർത്തനങ്ങൾ പ്രസക്തമാകുന്നത്. സാമൂഹികവും സാംസ്കാരികവുമായ പ്രവർത്തനങ്ങൾക്ക് പ്രാധാന്യംനൽകുന്ന കൂട്ടായ്മകൾ വ്യക്തിയുടെയും സമൂഹത്തിന്റെയും പുരോഗ തിയാണ് ലക്ഷ്യമാക്കുന്നത്. എം. ഗോവിന്ദനെപ്പോലുള്ളവരുടെ നേതൃത്വത്തിൽ

ഇത്തരം കൂട്ടായ്മകൾ കേരളത്തിലുടനീളം സംഘടിപ്പിക്കപ്പെട്ടിരുന്നു. ഈ സംഗമങ്ങളിൽ ആവേശപൂർവ്വം പങ്കെടുത്ത വ്യക്തിയായിരുന്നു എൻ.പി.മുഹമ്മദ്.

### 2.5.1. കലാസമിതി

ഉത്പതിഷ്ണുക്കളായ സാഹിത്യകാരന്മാരുടേയും കലാകാരന്മാരുടേയും കൂട്ടായ്മയായിരുന്നു 'കലാസമിതി'. 1948-ൽ പൊന്നാനിയിലാണ് കലാസമിതി പ്രസ്ഥാനം രൂപംകൊള്ളുന്നത്. ഉറൂബ്, വി.ടി. ഭട്ടതിരിപ്പാട്, ഇടശ്ശേരി ഗോവിന്ദൻ നായർ തുടങ്ങിയവരാണ് കലാസമിതിക്ക് നേതൃത്വംനൽകിയത്. പൊന്നാനികലാ സമിതിയുടെ ഒന്നാം വാർഷികത്തിനുശേഷമാണ് മലബാറിൽ കാഞ്ഞങ്ങാടു മുതൽ പാലക്കാട്ടെ നെല്ലായിവരെയുള്ള ചെറുതും വലുതുമായ പ്രദേശങ്ങളിൽ കലാസമിതിപ്രസ്ഥാനം രൂപംകൊള്ളുന്നത്. എം. ഗോവിന്ദൻ, എൻ.ദാമോദരൻ തുടങ്ങിയവരായിരുന്നു അതിന്റെ വഴികാട്ടികൾ. എൻ.പി. മുഹമ്മദ്, കെ.എ. കൊടുങ്ങല്ലൂർ, എ.എൻ. നമ്പ്യാർ, ടി. പത്മനാഭൻ, ഒ.വി. അബ്ദുള്ള, ആവള ടി.കുഞ്ഞുരാമക്കുറുപ്പ്, എം.പി.ബാലഗോപാലൻ നമ്പ്യാർ തുടങ്ങിയവർ കലാസമിതി പ്രവർത്തനങ്ങളിൽ സജീവപങ്കാളികളായി. സാഹിത്യസംബന്ധിയായ ചർച്ചകളും സംവാദങ്ങളും ആനുകാലികപ്രാധാന്യമുള്ള വിഷയങ്ങളും കലാസമിതിയിൽ ചർച്ചചെയ്യപ്പെട്ടു. ചിന്തിക്കുന്നവരുടേയും ചിന്തകൾക്കനുസൃതമായി പ്രവർത്തിക്കുന്നവരുടേതുമായ ഈ ഒത്തുചേരൽ എൻ.പി.യുടെ സാഹിത്യമണ്ഡലത്തേയും ചിന്താമണ്ഡലത്തേയും വികസിപ്പിക്കാൻ കാരണമായിട്ടുണ്ട്.

### 2.5.2. മലബാർ കേന്ദ്രകലാസമിതി

കലാസാംസ്കാരിക സമിതികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനായി രൂപംകൊണ്ടതാണ് 'മലബാർ കേന്ദ്രകലാസമിതി'. 1953 ആഗസ്റ്റ് 30 ന് എൻ.വി. കൃഷ്ണവാര്യരുടെ അധ്യക്ഷതയിൽ കോഴിക്കോട്ടു ചേർന്ന യോഗമാണ് മലബാർ കേന്ദ്രകലാസമിതി സ്ഥാപിച്ചത്. കോഴിക്കോട് രൂപമെടുത്ത കലാസമിതിയേയും

പൊന്നാനി കലാസമിതിയേയും ഒരുമിച്ചുചേർത്തതാണ് 'മലബാർ കേന്ദ്രകലാസമിതി'. അമ്പതോളം കലാസാംസ്കാരിക സമിതികളുടെ പ്രതിനിധികൾ ഈ യോഗത്തിൽ സംബന്ധിച്ചിരുന്നു. എസ്.കെ.പൊറ്റെക്കാട് ഉൾപ്പെടെയുള്ളവർ ആദ്യകാല കമ്മിറ്റിയിൽ ഉണ്ടായിരുന്നു. സംഗീതം, നാടകം എന്നീ കലകളെ അഭിവൃദ്ധിപ്പെടുത്തുകയായിരുന്നു ലക്ഷ്യം. നാട്ടിൻപുറങ്ങളിലെ കലാസമിതികളുടേയും മറ്റും നേതൃത്വത്തിൽ സാമൂഹ്യാധിഷ്ഠിതമായ പ്രമേയങ്ങൾക്ക് നാടകാവിഷ്കാരം നൽകിയിരുന്ന സംഘങ്ങൾക്ക് ഉണർവ്വും ദിശാബോധവും നൽകാൻ കേന്ദ്രകലാസമിതിക്ക് കഴിഞ്ഞു.

മലയാളസാഹിത്യത്തിലെ അതുല്യപ്രതിഭയായ വൈക്കം മുഹമ്മദ് ബഷീർ കോഴിക്കോട്ടെത്തുന്നത് കേന്ദ്രകലാസമിതിയുമായി ബന്ധപ്പെട്ടുകൊണ്ടാണ്. കലാസമിതി നാടകോത്സവം സംഘടിപ്പിച്ചപ്പോൾ ബഷീറിനെക്കൊണ്ട് നാടകമെഴുതിക്കാൻ പ്രവർത്തകർ തീരുമാനിക്കുകയും ബഷീറിനെ കോഴിക്കോട്ടേക്ക് കൊണ്ടുവരികയും ചെയ്തു. എസ്.കെ. പൊറ്റെക്കാടിന്റെ ചന്ദ്രകാന്തത്തിൽ ബഷീറിനെ താമസിപ്പിക്കുകയും സഹായിക്കാനെന്ന വ്യാജേന എൻ.പി. മുഹമ്മദും വി.കെ.എന്നും എം.വി. ദേവനും കൂടെക്കൂടി. ഇത് വലിയൊരു സൗഹൃദമായി വളരുകയും ചെയ്തു. ''അന്ന് കോഴിക്കോട്ടേക്ക് കൊണ്ടുവന്ന് കുടിയിരുത്തിയ ബഷീർ പിന്നീട് തിരിച്ചുപോയില്ല എന്ന് ഒരഭിമുഖത്തിൽ എൻ.പി. സ്മരിക്കുന്നുണ്ട്'' (മുഹമ്മദാലി, പി. 2002 : 12).

### 2.5.3. നവസാഹിതി

പൊന്നാനി കേന്ദ്രമാക്കി രൂപീകരിച്ച കലാസമിതി പ്രവർത്തനങ്ങളുടെ തുടർച്ചയായാണ് മദിരാശിയിൽ എം. ഗോവിന്ദന്റെ നേതൃത്വത്തിൽ 1949-ൽ 'നവസാഹിതി' എന്ന വേദി സ്ഥാപിതമായത്. ഇതിന്റെ പ്രധാനപ്രവർത്തകർ എം.വി. ദേവൻ, പി. ഭാസ്കരൻ, എം.പി. ഗോപാലൻ തുടങ്ങിയവരായിരുന്നു. നവസാഹി

തിയുടെ ആഭിമുഖ്യത്തിൽ പലസ്ഥലങ്ങളിലായി നടന്ന നവസാഹിതിസമ്മേളനങ്ങളിലും ചർച്ചാവേദികളിലും എൻ.പി. സജീവമായി പങ്കെടുത്തിരുന്നു. എഴുത്തുകാരുടേയും സാംസ്കാരികമേഖലയിലെ നിരവധി പേരുടേയും പങ്കാളിത്തത്തോടെയാണ് പ്രവർത്തനങ്ങൾ നടപ്പിലാക്കിയത്.

നാടകത്തിലെന്നപോലെ നാട്ടിൻപുറങ്ങളിലെ കലാവികസനങ്ങളിലും ഈ സംഘങ്ങൾ പ്രവർത്തിച്ചിരുന്നു. കേരളത്തിൽ പുരോഗമനസാഹിത്യപ്രസ്ഥാനത്തിന് അപചയം നേരിട്ടുകൊണ്ടിരുന്ന സാഹചര്യത്തിലാണ് നവസാഹിതി പ്രവർത്തനങ്ങളുമായി മുന്നിട്ടിറങ്ങിയത്. യുവതലമുറയിലെ സാഹിത്യാഭിരുചിയുള്ളവർക്ക് അവരുടേതായ ഒരു വേദി ആവശ്യമായി വന്നു. ഇത്തരമൊരു സാഹചര്യത്തിലാണ് 1950–ൽ എം.വി.ദേവൻ പത്രാധിപനും എം.പി. ബാലഗോപാലൻ മാനേജറുമായി 'നവസാഹിതി മാസിക' പുറത്തിറങ്ങുന്നത്.

പുതിയ എഴുത്തുകാരുടെ തലമുറയ്ക്ക് പ്രോത്സാഹനവും അവസരവും നൽകുക എന്നതായിരുന്നു നവസാഹിതിയുടെ ലക്ഷ്യം. നവസാഹിതിയിൽകൂടി തങ്ങളുടെ ആദ്യകൃതികൾ വെളിച്ചംകണ്ട പലരും പിന്നീട് കേരളത്തിലെ അറിയപ്പെടുന്ന എഴുത്തുകാരായിട്ടുണ്ട്. ഇത്തരത്തിലുള്ള സംഘടനാപ്രവർത്തനങ്ങളും മാസികാപ്രവർത്തനങ്ങളും എൻ.പി.യുടെ വ്യക്തിത്വത്തെ സ്വാധീനിച്ചിട്ടുണ്ട്. മുഴുസമയപ്രവർത്തകരുടേയും സാമ്പത്തികശേഷിയുടേയും അഭാവത്താൽ നവസാഹിതി ദീർഘകാലം നിലനിന്നില്ല. പലർക്കും ദിശാബോധം നൽകാൻ അതിനു സാധിച്ചിട്ടുണ്ട്.

നവസാഹിതിയുടെ ആഭിമുഖ്യത്തിലും അല്ലാതെയും എം.ഗോവിന്ദൻ, സി. ജെ.തോമസ് തുടങ്ങിയവരുടെ നേതൃത്വത്തിൽ പലയിടങ്ങളിൽവെച്ചും സാഹിത്യസമ്മേളനങ്ങൾ നടക്കുകയുണ്ടായി. ഒരു ചിന്തകന്റേയും സാഹിത്യകാരന്റേയും ഭാഗധേയത്തിലേക്ക് എൻ.പി.യെ കൊണ്ടെത്തിക്കുന്നതിൽ ഇത്തരം സാഹിത്യസമ്മേളനങ്ങൾ വഹിച്ച പങ്ക് ചെറുതല്ല. ഒരു സംഘാടകൻ എന്നതിലുപരി, അതിലെ

പങ്കാളിത്തംതന്നെ എൻ.പി. എന്ന തുടക്കക്കാരനെ സംബന്ധിച്ച് വിലമതിക്കുന്ന ഒന്നായിരുന്നു. എം.വി.ദേവൻ പ്രത്യേക താത്പര്യമെടുത്താണ് എൻ.പി.യെ ഇത്തരം ക്യാമ്പുകളിൽ പങ്കെടുപ്പിച്ചത്. എൻ.പി.യുടെ ധൈഷണികപ്രതിഭ എം. വി.ദേവൻ തിരിച്ചറിഞ്ഞിരിക്കാം.

1950-ൽ തവനൂരിൽവെച്ചു നടന്ന സാഹിത്യക്യാമ്പിൽ എൻ.പി. മുഹമ്മദ് പങ്കെടുത്തിരുന്നു. ഇടശ്ശേരി ഗോവിന്ദൻ നായർ, ഉറൂബ്, അക്കിത്തം, സി.ജെ.തോമസ്സ്, എം,ഗോവിന്ദൻ, എൻ.വി. കൃഷ്ണവാര്യർ, കെ.എ.കൊടുങ്ങല്ലൂർ തുടങ്ങിയവരുടെ സാന്നിധ്യത്താൽ ഈ ക്യാമ്പ് സമ്പന്നമായിരുന്നു. ജനങ്ങളെ രാഷ്ട്രീയ പ്രബുദ്ധതയിലേക്കും നവസംസ്കാരത്തിലേക്കും ഉയർത്തുന്നതിൽ കലാകാരന്മാരുടെ പങ്കെന്ത്? അവരതെങ്ങനെ നിർവ്വഹിക്കും? തുടങ്ങിയവയായിരുന്നു കേന്ദ്ര പ്രമേയം. നവീനാശയപ്രകാശനമാണ് ഏതു സമ്മേളനത്തിന്റേയും കാതൽ എന്ന് ആ സമ്മേളനം ഉദ്ബോധിപ്പിച്ചു. കലയിലൂടെയും സാഹിത്യത്തിലൂടെയും ജനങ്ങളിലേക്ക് ഇറങ്ങിച്ചെന്ന് അവരിൽ ജനാധിപത്യബോധം വളർത്തുക ഇതാണ് കലാകാരന്മാരുടെ ധർമമെന്ന നിഗമനത്തിലാണ് ആ ചർച്ച എത്തിച്ചേർന്നത്. ജനാധിപത്യചിന്തകനിലേക്കുള്ള എൻ.പി.യുടെ പരിവർത്തനത്തിന് ഇത്തരം സമ്മേളനങ്ങൾ കാരണമായിട്ടുണ്ട്.

1950-ൽ തൃശ്ശൂർ കേരളവർമ്മ കോളേജിൽവെച്ച് സാഹിത്യകാരന്മാരുടെ വിപുലമായ കൂട്ടായ്മ സംഘടിപ്പിക്കപ്പെട്ടു. എം.ഗോവിന്ദന്റേയും സി.ജെ.തോമസിന്റേയും എൻ.വി കൃഷ്ണവാര്യരുടേയും നേതൃത്വത്തിലാണ് ആ സമ്മേളനം നടന്നത്. എഴുത്തുകാരന്മാർ സ്വന്തം ചെലവിൽ എത്തിച്ചേർന്ന് രണ്ട് മൂന്ന് ദിവസംഒരുമിച്ചു താമസിക്കുക എന്ന രീതിയിലായിരുന്നു ഈ ക്യാമ്പ് സംഘടിപ്പിക്കപ്പെട്ടത്. ഔപചാരികമായ ഒരു ഘടന അതിന് ഉണ്ടായിരുന്നില്ല. 'കേരളത്തിൽ ആദ്യമായി നടന്ന സാഹിത്യക്യാമ്പായി ഇതിനെ കണക്കാക്കപ്പെടുന്നു' (ജോർജ്, സി.ജെ. 2005:219). ഈ ക്യാമ്പിൽ നടന്ന ചർച്ചകൾ വളരെ പ്രധാനപ്പെട്ട വിഷയങ്ങളെ

സംബന്ധിച്ചുള്ളവയായിരുന്നു. സമൂഹത്തിന് സാഹിത്യവുമായുള്ള ബന്ധം, ആവിഷ്കരണം എന്ന പ്രശ്നം, എഴുത്തുകാരന്റെ ദിശാബോധം, രൂപഭാവങ്ങൾ തമ്മിലുള്ള ബന്ധം തുടങ്ങി സാഹിത്യത്തേയും സാഹിത്യകാരന്മാരേയും സംബന്ധിക്കുന്ന പ്രധാന പ്രശ്നങ്ങളെ പ്രസക്തമായ രീതിയിൽ ചർച്ചചെയ്തു. എഴുത്തുകാരന്റെ സാമൂഹ്യപ്രതിബദ്ധതയെകുറിച്ചുള്ള ഇത്തരം ആലോചനകൾ ആ ക്യാമ്പിൽ പങ്കെടുത്തവർക്ക് ഉത്തേജനം നൽകി. മുണ്ടശ്ശേരി, പി. ശങ്കരൻ നമ്പ്യാർ, കാരൂർ, എൻ.പി. മുഹമ്മദ്, എസ്.കെ. പൊറ്റെക്കാട്, തകഴി, പൊൻകുന്നം വർക്കി ഡി.സി. തുടങ്ങിയ മുപ്പതോളം പ്രസിദ്ധരായ എഴുത്തുകാർ ഈ ക്യാമ്പിൽ സംബന്ധിച്ചിരുന്നു. "എന്റെ അപാരമായ അറിവില്ലായ്മയെ കുറിച്ച് എന്നെ ബോധ്യപ്പെടുത്തിയത് ഈ ക്യാമ്പായിരുന്നു" (മുഹമ്മദ്, എൻ.പി. 2006:255) എന്ന് എൻ.പി. അഭിപ്രായപ്പെട്ടിട്ടുണ്ട്. നിയതമായ ഒരു ചട്ടക്കൂട് ഇത്തരം പരിപാടികൾക്ക് ഉണ്ടായിരുന്നില്ല. എങ്കിലും സാമൂഹികപുരോഗതിയിൽ എഴുത്തുകാരനുള്ള പങ്കെന്ത് എന്നതിനെക്കുറിച്ച് വിപുലമായ ചർച്ചകൾ നടന്നു. അപചയം സംഭവിച്ചുകൊണ്ടിരിക്കുന്ന പുരോഗമനസാഹിത്യസംഘടനയെ പുനഃസംഘടിപ്പിക്കുന്നതിനുള്ള ചർച്ചകൾ പോലും ആ സമ്മേളനത്തിൽ ഇടംപിടിക്കുകയുണ്ടായി.

എൻ.ദാമോദരന്റെ നേതൃത്വത്തിൽ 1951-ൽ കുറ്റിപ്പുറത്തുവെച്ച് രണ്ടാമതായി നടന്ന സാഹിത്യക്യാമ്പിലും എൻ.പി. പങ്കെടുത്തിരുന്നു. ഈ ക്യാമ്പിൽ വെച്ചാണ് ഒരു പ്രസിദ്ധീകരണശാല ആരംഭിക്കുന്നതിനുള്ള തീരുമാനമുണ്ടായത്. 'വെസ്റ്റ് കോസ്റ്റ് പബ്ലിഷേഴ്സ്' എന്നായിരുന്നു പേര്. പത്തുരൂപ വാർഷികവരിസംഖ്യ നിശ്ചയിച്ചു. അംഗങ്ങളായി ചേരുന്നവർക്ക് ഒരാണ്ടിൽ പന്ത്രണ്ടു പുസ്തകങ്ങൾ നൽകണം എന്നതായിരുന്നു വ്യവസ്ഥ. പ്രസിദ്ധീകരണശാല നടത്തിക്കൊണ്ടു പോകുന്നതിനുള്ള ചുമതല വി.ടി. ഭട്ടതിരിപ്പാട്, ഇടശ്ശേരി, എൻ.ദാമോദരൻ, എൻ. വി. കൃഷ്ണവാര്യർ, അക്കിത്തം, എൻ.പി. മുഹമ്മദ്, എം.ടി. വാസുദേവൻ നായർ എന്നിവർക്കായിരുന്നു. സി.ജെ. തോമസിന്റെ 'ധിക്കാരിയുടെ കാതൽ', എം.ഗോവി

ന്ദന്റെ ‘ജ്ഞാനസ്നാനം’, ഉറൂബിന്റെ ‘മൗലവിയും ചങ്ങാതിമാരും’, ടി. പത്മനാഭന്റെ ‘പ്രകാശം പരത്തുന്ന പെൺകുട്ടി’ തുടങ്ങിയ പുസ്തകങ്ങൾ പുറത്തിറക്കാൻ കഴിഞ്ഞു. വെസ്റ്റ്കോസ്റ്റ് പബ്ലിഷേഴ്സിന് രണ്ടുവർഷക്കാലമേ നിലനിൽപ്പുണ്ടായുള്ളൂ. പിന്നീട് ‘ഗോപുരത്തിലൂടെയാണ്’ പ്രസ്ഥാനം സജീവമാകുന്നത്.

### 2.5.4. ജനാധിപത്യവേദി

1962-ലെ ഇന്ത്യാ-ചൈനയുദ്ധം മൂലം ഇന്ത്യയുടെ രാഷ്ട്രീയസ്വാതന്ത്ര്യം വെല്ലുവിളിക്കപ്പെട്ടു. ഈ സാഹചര്യത്തിൽ സ്വാതന്ത്ര്യം, ജനാധിപത്യം തുടങ്ങിയ സമസ്യകൾ സാഹിത്യചർച്ചകളിലും സാംസ്കാരികസമ്മേളനങ്ങളിലും പര്യാലോചനയ്ക്ക് വിധേയമായി. എന്താണ് ജനാധിപത്യമെന്നും ജനാധിപത്യവ്യവസ്ഥയിൽ പൗരന്റെ സ്വാതന്ത്ര്യം, കടമ, അവകാശം എന്നിവയെക്കുറിച്ചും ജനാധിപത്യത്തെ തകർക്കുന്ന ഘടകങ്ങൾ എന്തെല്ലാമാണ് എന്നതിനെക്കുറിച്ചും ജനങ്ങളെ ബോധവത്കരിക്കേണ്ടത് അനിവാര്യമായി വന്നു. ഈ ഘട്ടത്തിലാണ് 1963-ൽ കോഴിക്കോട് കേന്ദ്രമാക്കി ജനാധിപത്യവേദി രൂപം കൊള്ളുന്നത്. ഡോ. കെ.ബി. മേനോൻ, ഡോ.വിവി.ആന്റണി, സുകുമാർ അഴീക്കോട്, എൻ.പി. മുഹമ്മദ് കെ.എ. കൊടുങ്ങല്ലൂർ, ഉറൂബ് തുടങ്ങിയവരായിരുന്നു അതിന്റെ പ്രവർത്തകർ.

കലാസമിതിയിലും നവസാഹിതിയിലും പ്രവർത്തിച്ചവരെല്ലാം കലാകാരന്റെ രാഷ്ട്രീയപ്രവർത്തനത്തേയും അധികാരമോഹത്തേയും എതിർത്തവരായിരുന്നു. പക്ഷേ വ്യക്തമായ രാഷട്രീയവീക്ഷണം അവർക്കോരോരുത്തർക്കും ഉണ്ടായിരുന്നു. ജനാധിപത്യവാദികളായ ഇത്തരം ചിന്താഗതിക്കാരെ ഒരുമിച്ച് നിർത്തിയിരുന്നത് സൗഹൃദവും സഹൃദയത്വവുമായിരുന്നു. ഏകാധിപത്യവീക്ഷണമുള്ളവരുടെ അധികാരപ്രവേശം ജനാധിപത്യത്തെ അട്ടിമറിക്കുമെന്നും അങ്ങനെ സംഭവിച്ചാൽ കലാകാരന്റെ ആവിഷ്കാരസ്വാതന്ത്ര്യത്തിന് കടിഞ്ഞാണിടുമെന്നും ഭയന്ന

ഒരുകൂട്ടം സർഗ്ഗചിന്തകരാണ് ജനാധിപത്യബോധത്തെ ജനങ്ങളിലേക്കെത്തിക്കാൻ വേണ്ടി ഇത്തരമൊരു സംഘടനയിലൂടെ യത്നിച്ചത്.

ജനാധിപത്യവേദി കേരളത്തിലുടനീളം ചർച്ചകളും സമ്മേളനങ്ങളും സംഘടിപ്പിച്ചു. 1963 ഡിസംബർ 27, 28, 29 തിയ്യതികളിലായി കോട്ടയത്തുവെച്ച് ജനാധിപത്യവേദിയുടെ ആഭിമുഖ്യത്തിൽ ഒരു സെമിനാർ സംഘടിപ്പിക്കുകയുണ്ടായി. അഴിമതി, അധികാരം, വർഗീയത എന്നീ മൂന്നു പ്രമേയങ്ങളാണ് ചർച്ചക്കായി സ്വീകരിച്ചത്. വർത്തമാനകാല ഇന്ത്യൻ രാഷ്ട്രീയസാഹചര്യത്തിൽ ഈ മൂന്ന് വിഷയങ്ങൾക്കും ഏറെ പ്രസക്തിയുണ്ട്. മാത്രവുമല്ല, ഇന്നത്തെ ഇന്ത്യൻപരിതസ്ഥിതിയിൽ ഈ വിഷയങ്ങൾ ഏറെ ചർച്ചാവിധേയവുമാണ്. ദശാബ്ധങ്ങൾക്കുമുമ്പ് ജനാധിപത്യവേദി തെരെഞ്ഞെടുത്ത ഈ പ്രമേയങ്ങൾ പൊതുസമൂഹത്തിന് മുന്നിൽ അത്രമാത്രം പരിചിതമായിരുന്നില്ല. പ്രബലരാഷ്ട്രീയകക്ഷികൾ രാഷ്ട്രീയാധികാരത്തിനുവേണ്ടി ഇവയെ ഉപയോഗിക്കാറുണ്ടെങ്കിലും അതിന്റെ ഗുരുതരാവസ്ഥയെക്കുറിച്ചുള്ള ബോധം ഇന്നത്തെപ്പോലെ വ്യാപകമായിരുന്നില്ല. ഈയൊരു പശ്ചാത്തലത്തിലാണ് ജനാധിപത്യവേദിയുടെ ദീർഘവീക്ഷണം പ്രസക്തമാകുന്നത്. അഴിമതിയും അധികാരവും വർഗീയതവും അപകടകരമായ വിധത്തിൽ ഭാവി ഇന്ത്യയിൽ പടർന്നുപന്തലിക്കുമെന്ന എം.ഗോവിന്ദനെപ്പോലുള്ള ബുദ്ധിജീവികളുടെ ദീർഘവീക്ഷണമാണ് ഇതിനു പിന്നിൽ പ്രവർത്തിച്ചത്.

അപകടകരമായ ഈ പ്രവണതക്കെതിരെ എഴുത്തകാർ ജാഗ്രത പാലിക്കേണ്ടതാണെന്ന മുന്നറിയിപ്പും ചർച്ചകളിലുണ്ടായി. വർഗീയതയെ ജനാധിപത്യവുമായി ബന്ധപ്പെടുത്തിക്കൊണ്ട് ഡോ. കെ.ബി.മേനോൻ മുഖ്യപ്രബന്ധം അവതരിപ്പിച്ചു. 'പൊതുജീവിതവും അഴിമതിയും' എന്ന വിഷയത്തിൽ ജി. കുമാരപിള്ളയും വർഗീയതയെ അടിസ്ഥാനമാക്കി പി.കെ. ബാലകൃഷ്ണനും പ്രബന്ധങ്ങളവതരിപ്പിച്ചു. തുടർന്നുള്ള പ്രബന്ധങ്ങൾക്കുശേഷം ഓരോ പ്രമേയത്തെ അധികരിച്ചും ഗഹനമായ ചർച്ചകൾ നടന്നു. അധികാരത്തിനും ആധിപത്യത്തിനുമെതിരെ ജനാ

ധിപത്യത്തിലൂന്നിയ സ്വാതന്ത്ര്യബോധത്തിനേ ജ്വലിക്കാൻ കഴിയൂ എന്ന നിലപാടായിരുന്നു അംഗങ്ങൾ പുലർത്തിയിരുന്നത്. ചിന്തോദ്ദീപകമായ ആ ചർച്ചയിൽ പങ്കെടുത്തവരെല്ലാം തങ്ങളുടെ ആശയചക്രവാളങ്ങൾ വികസിപ്പിക്കാനാണ് ശ്രമിച്ചത്. ചർച്ച ഉപസംഹരിച്ചുകൊണ്ട് ജി. കുമാരപിള്ള പറഞ്ഞ വാക്കുകൾ സ്മരണീയമാണ്. ''ഇത് വിശുദ്ധമായ ഒരന്വേഷണമാണ്, പാവനമായ ഒരാത്മാർപ്പണം, പവിത്രമായ ഒരു യജ്ഞം, അറിയപ്പെടാത്ത ചക്രവാളങ്ങളിലേക്ക് കുതിച്ചുകൊണ്ടിരിക്കുന്ന അപ്രതിരോധ്യമായ സാഹസം, അചുംബിതങ്ങളായ അനുഭവമേഖലകളിലേക്ക് മുഖമുയർത്തുന്ന ഹൃദയത്തിന്റെ അദമ്യമായ അന്തർദാഹം, അജ്ഞാതങ്ങളായ ആശയമണ്ഡലങ്ങളിലേക്ക് എത്തിപ്പിടിക്കാൻ വെമ്പുന്ന ചിന്തകരുടെ അധൃഷ്യമായ ആവേശം-ഇവയൊക്കെയാണ് നമുക്ക് പ്രചോദനം നൽകുന്നത്. നമ്മുടെ ശിരസ്സുകൾ ആദർശങ്ങളുടെ നക്ഷത്രമണ്ഡലത്തിലേക്കു തന്നെ നമുക്കുയർത്തിപ്പിടിക്കാം'' (സാനു, എം.കെ. 2012:115).

ചിന്താനിർഭരമായ ഇത്തരം സംഘടനാപ്രവർത്തനങ്ങൾ എൻ.പി.യിലെ ജനാധിപത്യചിന്തകനെ വളർത്താൻ സഹായിച്ചിട്ടുണ്ട്. ഇതിന്റെയെല്ലാം പ്രതിഫലനങ്ങളാണ് ലേഖനങ്ങളിലായും മുഖക്കുറിപ്പുകളിലുമായി പുറത്തിറങ്ങിയ എൻ.പി.യുടെ ജനാധിപത്യചിന്തകൾ.

### 2.5.5. അഖിലേന്ത്യാ സാഹിത്യകാരസമ്മേളനം (All India Writers Conference)

1964-ൽ ഉദ്യോഗമണ്ഡലിൽ വെച്ച് എം.ഗോവിന്ദന്റെ ശ്രമഫലമായി അഖിലേന്ത്യാ സാഹിത്യകാരസമ്മേളനം നടക്കുകയുണ്ടായി. എം.കെ.കെ. നായർ സ്വാഗതസംഘാധ്യക്ഷനും കാരൂർ നീലകണ്ഠപിള്ള ഉപാധ്യക്ഷനുമായിരുന്നു. സി.എൻ.ശ്രീകണ്ഠൻ നായർ, സി.കെ. മാണി തുടങ്ങിയവരെ പൊതുകാര്യദർശികളായി നിയമിച്ചു. എൻ.പി.മുഹമ്മദ് ഉൾപ്പെടുന്ന വലിയൊരു സംഘം എഴുത്തുകാർ സമ്മേളനത്തിന്റെ വിജയത്തിനായി ഊർജ്ജസ്വലരായി പ്രവർത്തിച്ചിരുന്നു. ജി.കുമാരപിള്ള, പെരുന്ന കെ.എൻ. നായർ, എം.കെ.സാനു, തുണ്ടത്തിൽ കൃഷ്ണ

പ്രസാദ്, ആറ്റൂർ രവിവർമ്മ, ഡോ.വി.വി.ആന്റണി, മങ്കട രവിവർമ്മ, അടൂർ ഗോപാലകൃഷ്ണൻ, ജി. അരവിന്ദൻ, എം.വി. ദേവൻ, അയ്യപ്പപ്പണിക്കർ, ഒ.പി. ജോസഫ്, പി.കെ. ശരത്കുമാർ, ഹരിദാസൻ തുടങ്ങി നിരവധി പേർ സമ്മേളനത്തിന്റെ വിജയത്തിനായി പ്രവർത്തിച്ചവരാണ്.

ഇന്ത്യയിലെ എഴുത്തുകാരുടേയും കലാകാരന്മാരുടേയും ബുദ്ധിജീവികളുടേയും സമ്മേളനമായാണ് ഇത് സംഘടിപ്പിക്കപ്പെട്ടത്. ഇന്ത്യയുടെ വിവിധഭാഗങ്ങളിൽനിന്നായി ഇരുനൂറോളം വരുന്ന പ്രതിഭകളാണ് ഇതിൽ പങ്കെടുത്തത്. ഇത്തരത്തിലുള്ള ബൃഹത്തായ ഒരു സാഹിത്യകാരസമ്മേളനം ഇന്ത്യയിൽ നടക്കുന്നത് ആദ്യമായിട്ടായിരുന്നു. സമ്മേളനത്തിന്റെ അധ്യക്ഷത വഹിച്ചത് 'ആജ്ഞേയ' എന്നറിയപ്പെട്ടിരുന്ന എസ്.എച്ച്.വാത്സ്യായനൻ ആയിരുന്നു. മറാത്തികവിയും ബോംബെ എൽഫിൻസ്റ്റൺ കോളേജ് പ്രിൻസിപ്പലുമായിരുന്നു പി.എസ്. റേഗെ ആയിരുന്നു ഉദ്ഘാടകൻ. നാടകവിചക്ഷണൻമാരും നാടകരചയിതാക്കളുമായ ഇബ്രാഹിം അൽക്കാസി, ഹബീബാ തൻവീർ, മോഹൻ രാകേഷ്, പ്രൊഫ. അമ്മു മാത്യു, ചന്ദ്രശേഖർ കമ്പർ, കെ.എ. ഹൈബാർ തുടങ്ങിയവരും ആസാമിൽനിന്നും ഏഴ് യുവസാഹിത്യകാരന്മാരും മുപ്പതോളം വരുന്ന കർണ്ണാടക സംഗീതജ്ഞരും ചിത്രകാരന്മാരും റഷ്യയിൽനിന്ന് നാലുപേരടങ്ങുന്ന ഒരു സാഹിത്യസംഘവും അമേരിക്ക, യൂഗോസ്ലാവിയ എന്നിവിടങ്ങളിൽനിന്ന് ഓരോ സാഹിത്യകാരപ്രതിനിധിയും സമ്മേളനത്തിൽ പങ്കെടുത്തു.

അന്നുവരെ കേരളം അത്തരമൊരു സമ്മേളനത്തിന് സാക്ഷിയായിരുന്നില്ല. സമ്മേളനത്തോടനുബന്ധിച്ച് ഒരു അന്താരാഷ്ട്ര ഫിലിംപ്രദർശനവും ചിത്രപ്രദർശനവും നടക്കുകയുണ്ടായി. എം.വി.ദേവൻ, നമ്പൂതിരി, ജി.അരവിന്ദൻ, തുണ്ടത്തിൽ കൃഷ്ണപ്രസാദ് തുടങ്ങിയവരായിരുന്നു ചിത്രപ്രദർശനത്തിന്റെ മുഖ്യസംഘാടകർ. മങ്കടരവിവർമ്മ, അടൂർ ഗോപാലകൃഷ്ണൻ തുടങ്ങിയവർ ഫിലിംപ്രദർശനത്തിന്റെ സംഘാടകരായിരുന്നു. 'Slight and Vision' എന്ന പേരിൽ എം.വി. ദേവന്റെ പത്രാ

ധിപത്യത്തിൽ ഇന്ത്യൻ ചിത്രകലയെക്കുറിച്ചുള്ള അമ്പതോളം ചിത്രങ്ങൾ ഉൾപ്പെടുന്ന ഒരു പ്രസിദ്ധീകരണവും പ്രകാശനം ചെയ്യുകയുണ്ടായി. ഇത്രയും മികച്ച ഒരു സമ്മേളനം തങ്ങളുടെ അനുഭവത്തിൽ ആദ്യമാണെന്ന് സമാപനസമ്മേളനത്തിൽ മിക്ക പ്രതിനിധികളും എടുത്തുപറയുകയുണ്ടായി.

വീക്ഷണത്തിലും ചിന്താരീതിയിലും വൈവിധ്യം പുലർത്തിയിരുന്ന ആ സംഗമം അതിന്റെ വൈപുല്യം കൊണ്ടും വൈവിധ്യം കൊണ്ടും ശ്രദ്ധേയമായി. എഴുത്തുകാരും കലാകാരന്മാരും തമ്മിൽ സൗഹാർദ്ദപരമായ ഒരന്തരീക്ഷം സൃഷ്ടിച്ചെടുക്കുന്നതിനും വ്യത്യസ്തമായ സാഹിത്യാഭിരുചികൾ പരസ്പരം ഉൾക്കൊള്ളുന്നതിനും ഈ സമ്മേളനം ഉപകരിച്ചു. അഖിലേന്ത്യാതലത്തിൽ എഴുത്തുകാരും കലാകാരന്മാരും സമ്പർക്കത്തിലേർപ്പെട്ട് ഒരു പുതിയ സാംസ്കാരികാന്തരീക്ഷം രൂപീകരിച്ചെടുക്കണമെന്നതായിരുന്നു ഇതിന്റെ സംഘാടകരുടെ ലക്ഷ്യം. അത് ഏറെക്കുറെ സഫലമാവുകയും ചെയ്തു.

### 2.5.6. സാഹിത്യശിബിരം

1962-ൽ തിരുവനന്തപുരം മഹാത്മാഗാന്ധി കോളേജിൽ ഒരു അഖിലകേരള സാഹിത്യശിബിരം സംഘടിപ്പിക്കുകയുണ്ടായി. 'സാഹിത്യത്തിലെ ദേശീയത', 'സാഹിത്യകാരനും രാഷ്ട്രീയകക്ഷികളും' 'സാഹിത്യത്തിന്റെ ലക്ഷ്യം' തുടങ്ങിയ വിഷയങ്ങളായിരുന്നു അന്ന് ചർച്ച ചെയ്തിരുന്നത്. ഈ ചർച്ചയിൽ നിരവധി അഭിപ്രായങ്ങൾ ഉയർന്നുവന്നെങ്കിലും സാഹിത്യകാരനും മനുഷ്യനാകയാൽ മനുഷ്യന്റെ രാഷ്ട്രീയത്തിൽനിന്ന് അവന് മാറി നിൽക്കാനാവില്ല എന്ന നിരീക്ഷണത്തിലാണ് സി.ജെ. തോമസ് എത്തിച്ചേർന്നത്.

ഇതിന്റെ തുടർച്ചയായി 'ജനഭരണവും സാഹിത്യകാരനും' എന്ന വിഷയത്തിൽ കോഴിക്കോട്ടുവെച്ച് ഒരു സെമിനാർ സംഘടിപ്പിക്കുകയുണ്ടായി. എൻ.പി. മുഹമ്മദ് ഇതിൽ പങ്കാളിയായിരുന്നു. പ്രധാനപ്രബന്ധത്തിന്റെ കോപ്പി നേരത്തേ

തന്നെ വിതരണം ചെയ്തിരുന്നതിനാൽ പ്രബന്ധത്തെ അനുകൂലിച്ചും പ്രതികൂലിച്ചും പന്ത്രണ്ടോളം ഉപപ്രബന്ധങ്ങൾ ഉണ്ടായി. ഉപപ്രബന്ധങ്ങൾ അവതരിപ്പിച്ചവരിൽ എൻ.പി. മുഹമ്മദും ഉൾപ്പെടുന്നു. എൻ.വി. കൃഷ്ണവാര്യർ ഓരോ പ്രബന്ധകാരന്മാരോടും വ്യക്തിപരമായി ചോദ്യങ്ങൾ ഉന്നയിച്ചുകൊണ്ടിരുന്നു. സർഗ്ഗകൃതികൾക്ക് അനുസ്യൂതമായി പ്രവഹിക്കാനുള്ള അവകാശം, ഏതുനിരോധനത്തേയും വകവെയ്ക്കാതെ പോകാനുള്ള ചൈതന്യം-ഇതാണ് ഇവിടെ ജനഭരണം എന്ന സംജ്ഞകൊണ്ട് ഉദ്ദേശിക്കപ്പെട്ടത്. തലമുറകൾക്ക് നല്ലതും ചീത്തയും തെരെഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം സൗകര്യം-അതാണ് ജനഭരണത്തിന്റെ സത്ത തുടങ്ങിയ പ്രബന്ധകാരന്റെ മറുപടി മിക്കവർക്കും ബോധിച്ചു. ഈ സെമിനാറിനെ കുറിച്ച് പിൽക്കാലത്ത് കുട്ടികൃഷ്ണമാരാർ ഇങ്ങിനെ അഭിപ്രായപ്പെടുകയുണ്ടായി. ''ഈ മൂന്നുദിവസമായി രാഷ്ട്രീയം, കല തുടങ്ങിയവയെ കുറിച്ച് എനിക്കൊരു സർവ്വകലാശാലാ വിദ്യാഭ്യാസമാണ് കിട്ടിയത്'' (ഇസ്താക്ക്,ഐ., തോമസ്.കെ.വി. 1984:22). ഇത്തരം സെമിനാറുകളിൽ സംബന്ധിച്ച എൻ.പി. മുഹമ്മദ് അടക്കമുള്ള എല്ലാവരെ സംബന്ധിച്ചും ഈ പ്രസ്താവന അർത്ഥവത്താണ്. ഇത്തരം സെമിനാറുകളും സാഹിത്യസമ്മേളനങ്ങളുമാണ് അവയിൽ പങ്കെടുത്തവരുടെ ചിന്താചക്രവാളങ്ങളെ ഉയർത്തിയത്.

### 2.5.7. നവഭാരതവേദി

പൊതുജീവിതത്തിലെ മൂല്യോദ്ധാരണത്തെ ലക്ഷ്യമാക്കി സുകുമാർ അഴീക്കോട് രൂപം കൊടുത്തതാണ് 'നവഭാരതവേദി'. പഴയ ജനാധിപത്യവേദിയുടെ ചിന്താചക്രവാളത്തിൽനിന്നും ഇറങ്ങിവന്ന സങ്കൽപ്പമാണത്. (സുകുമാർ അഴീക്കോട്, 1999:76). 1981-ൽ ഡി.സി. കിഴക്കേമുറിയുടെ സംഘാടകത്വത്തിൽ കോട്ടയത്തുവെച്ച് 'സാംസ്കാരികവേദി' എന്ന പേരിൽ ഒരു സംഘടന സ്ഥാപിക്കുകയുണ്ടായി. 1983-ൽ സുകുമാർ അഴീക്കോട് അക്രമരഹിത സാംസ്കാരികവേദിയുടെ അധ്യക്ഷനാവുകയും സംഘടനയുടെ പേര് 'നവഭാരതവേദി' എന്നാക്കി മാറ്റുകയും

ചെയ്തു. 'സമൂഹത്തിന്റെ ശുദ്ധീകരണം ആത്മശുദ്ധീകരണത്തിലൂടെ' എന്ന ഗാന്ധിയൻ ദർശനമായിരുന്നു നവഭാരതവേദിയുടെ ആപ്തവാക്യം.

നവഭാരതവേദിയുടെ വിജയത്തിനുപിന്നിൽ പ്രവർത്തിച്ചവരിൽ പ്രധാനിയായിരുന്നു എൻ.പി. മുഹമ്മദ്. എൻ.പി.യെ കൂടാതെ ആർ.എം. മനക്കലാത്ത്, എം. ടി. വാസുദേവൻ നായർ, സിറിയക് തോമസ് തുടങ്ങിയവരും നവഭാരതവേദിക്കുവേണ്ടി പ്രവർത്തിച്ചു. 1984–ൽ നവഭാരതവേദിയുടെ പ്രസക്തിയും പ്രാധാന്യവും അറിയിച്ചുകൊണ്ട് സുകുമാർ അഴീക്കോട് വിവിധപത്രങ്ങളിൽ ലേഖനമെഴുതുകയും ഒട്ടേറെ പേരുടെ പങ്കാളിത്തം സംഘടനക്ക് ലഭിക്കുകയും ചെയ്തു. പങ്കാളിത്തബാഹുല്യംകൊണ്ടും പ്രവർത്തനമേഖലയിലെ വൈവിധ്യംകൊണ്ടും സംഘടന ശ്രദ്ധേയമായി. രാഷ്ട്രീയ–സാംസ്കാരിക മേഖലകളിലെ ജനദ്രോഹകരമായ എല്ലാ നയപരിപാടികൾക്കെതിരെയും 'നവഭാരതവേദി' ശക്തമായി പ്രതികരിച്ചു. 'നിയമസഭാമലിനീകരണം ഒഴിവാക്കുക' എന്ന പരിപാടി ശ്രദ്ധേയമായിരുന്നു. നിയമസഭക്കകത്ത് എം.എൽ.എ.മാർ തമ്മിൽ തെറിവിളിക്കുകയും സഭ്യമല്ലാത്ത രീതിയിൽ പെരുമാറുകയും ചെയ്തിരുന്നു. ഇത്തരത്തിലുള്ള സ്വഭാവദൂഷ്യങ്ങൾക്കെതിരെയായിരുന്നു സമരം. തിരുവനന്തപുരം സെക്രട്ടറിയേറ്റിനു മുന്നിലായിരുന്നു ധർണ്ണ സംഘടിപ്പിച്ചിരുന്നത്. സുഗതകുമാരി, ബിഷപ്പ് മാർ പൗലോസ് തുടങ്ങിയ പ്രമുഖരുൾപ്പെടെ ആദിവാസിവിഭാഗങ്ങൾ ഉൾപ്പെടെയുള്ളവരുടെ പൊതുജനപങ്കാളിത്തവും സമരത്തിനു ലഭിച്ചു. അന്ന് വൈകുന്നേരം തിരുവനന്തപുരത്ത് വലിയ പൊതുയോഗവും സംഘടിപ്പിച്ചിരുന്നു. സമരഫലം വിജയകരമായിരുന്നു.

ഗവൺമെന്റ് ആശുപത്രികളിൽ അഴിമതി, രോഗികളോടുള്ള അവഗണന, കെടുകാര്യസ്ഥത തുടങ്ങിയ അന്യായങ്ങൾക്കെതിരെ 'ആശുപത്രിക്ക് ഒരു ചികിത്സ' എന്ന പേരിൽ പ്രക്ഷോഭം നടത്തി. ജനങ്ങൾക്കിടയിൽ പ്രതികരണശേഷി ഉയർത്തി. അവർക്കുവേണ്ടി അക്രമരഹിതപ്രക്ഷോഭം നടത്തുന്നതിലൂടെ

തങ്ങളുടെതന്നെ മന:സാക്ഷിയോട് നീതിപുലർത്തുക എന്നതായിരുന്നു പ്രവർത്ത കരുടെ ലക്ഷ്യം. അഞ്ചുവർഷക്കാലം നവഭാരതവേദിയുടെ പ്രവർത്തനങ്ങൾ സജീ വമായിരുന്നു. കേരളത്തിന്റെ സാമൂഹിക-സാംസ്കാരിക മേഖലകളിൽനിന്നുള്ള നിരവധി പേരുടെ പങ്കാളിത്തം സംഘടനക്ക് ലഭിച്ചു. സാമ്പത്തികപരാധീനതക ളാലും മികച്ച ഭാരവാഹിത്വത്തിന്റെ അഭാവത്താലും സംഘടന ക്ഷയിക്കുകയാണു ണ്ടായത്. എങ്കിലും അതിൽ പ്രവർത്തിച്ച എൻ.പി. അടക്കമുള്ള പ്രവർത്തകരിലും പൊതുസമൂഹത്തിലും നവഭാരതവേദി അവശേഷിപ്പിച്ച പ്രസരം മങ്ങാതെ നില നിൽക്കുന്നു.

### 2.6. പത്ര-മാസികാപ്രവർത്തനം

ഒരു സാഹിത്യകാരൻ എന്ന നിലയിലാണ് എൻ.പി. മുഹമ്മദ് അറിയപ്പെടു കയും വിലയിരുത്തപ്പെടുകയും ചെയ്തിട്ടുള്ളത്. സാഹിത്യകാരനായ എൻ.പി. മികച്ച പത്രപ്രവർത്തകനും കൂടിയായിരുന്നു. പ്രസിദ്ധരായ പല സാഹിത്യകാര ന്മാരും പത്രപ്രവർത്തനത്തിലും പ്രതിഭ തെളിയിച്ചവരാണ്. ബഞ്ചമിൻ ഫ്രാങ്ക്ളിൻ, മാർക് ട്വയ്ൻ, ബ്രറ്റ്ഹാർട്ടെ തുടങ്ങിയവർ അമേരിക്കൻസാഹിത്യത്തിലും മാധ്യമ പ്രവർത്തനത്തിലും ലോകശ്രദ്ധ പിടിച്ചുപറ്റിയവരാണ്. അഡിസൺ, സ്റ്റീൽ, ഹാസ്ലിറ്റ് തുടങ്ങിയവർ ഇംഗ്ലണ്ടിലെ മികച്ച പത്രപ്രവർത്തകരും സാഹിത്യകാര ന്മാരുമായിരുന്നു. ‘ജംഗിൾ ബുക്കി’ന്റെ രചനയിലൂടെ ലോകശ്രദ്ധ നേടിയ റുഡ്യാഡ് ക്ലിപ്പിംഗും, ‘ഒലിവർ ട്വിസ്റ്റി’ന്റെ കർത്താവ് ചാൾസ് ഡിക്കൻസും ജോൺ മോർലിയും മികച്ച പത്രപ്രവർത്തകരായിരുന്നു. പത്രപ്രവർത്തനം മുഖേന സാഹിത്യവും സാഹിത്യംമുഖേന പത്രപ്രവർത്തനവും സമ്പന്നമായിട്ടുണ്ട് എന്ന് ഇവരുടെ അനുഭവങ്ങൾ സമർത്ഥിക്കുന്നു.

പൊതുസമൂഹവുമായി സംവദിക്കാനുതകുന്ന ഒരു മികച്ച മാധ്യമമെന്ന നിലയിൽ ആദ്യകാല മലയാളപത്രങ്ങൾ മനുഷ്യന്റെ അറിവിനേയും സാഹിത്യ

ത്തേയും പരിപോഷിപ്പിക്കുന്നതിൽ വലിയ പങ്കുവഹിച്ചിട്ടുണ്ട്. മതപ്രചാരണമായി രുന്നു ആദ്യകാല മലയാളപത്രങ്ങളിൽ ചിലതിന്റെ ലക്ഷ്യമെങ്കിലും വിജ്ഞാന ത്തേയും സാഹിത്യത്തേയും പരിപോഷിപ്പിക്കുന്നതിൽ ആദ്യകാല പത്രമാസിക കൾ വഹിച്ച പങ്ക് ചെറുതല്ല. എം.ആർ. കെ.സി, കണ്ടത്തിൽ വർഗ്ഗീസ് മാപ്പിള, സി.പി. അച്യുതമേനോൻ, മൂർക്കോത്ത് കുമാരൻ, വി.സി. ബാലകൃഷ്ണപിള്ള, വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ, കേസരി, ആശാൻ, വള്ളത്തോൾ തുടങ്ങി മലയാളസാഹിത്യത്തിലെ പ്രധാനസാഹിത്യകാരന്മാരെല്ലാം ഒരർത്ഥത്തിൽ പത്രപ്ര വർത്തകരും കൂടിയായിരുന്നു. പൊതുവൃത്താന്തങ്ങൾക്കു പുറമെ സാഹിത്യ ത്തിനും സാഹിത്യനിരൂപണങ്ങൾക്കും പത്രങ്ങളിൽ ഇടംനൽകിയ ഇവർ പത്രപ്ര വർത്തനത്തിലൂടെ ഒരു സാഹിത്യസംസ്കാരം വളർത്തിയെടുക്കുകയുണ്ടായി. ''ആധുനികമലയാള സാഹിത്യനായകന്മാരെല്ലാം പത്രമാസികകളിൽ എഴുതിത്തെ ളിഞ്ഞവരാണ്'' (പ്രിയദർശൻ, ജി. 1999 : 54). ജി. പ്രിയദർശന്റെ ഈ പ്രസ്താവന മലയാളസാഹിത്യകാരന്മാരെ സംബന്ധിച്ച് അർത്ഥവത്താണ്. സാഹിത്യപ്രവർത്ത നത്തിനു പ്രാരംഭമായി പത്രപ്രവർത്തനത്തിൽ ഏർപ്പെടുന്നത് നല്ല സാഹിത്യകൃതി കളുടെ രചനയ്ക്ക് സഹായകരമായിത്തീരുമെന്ന് ഈ സാഹിത്യകാരന്മാരുടെ ജീവിതം തെളിയിക്കുന്നു.

ചുരുങ്ങിയ കാലംകൊണ്ടുതന്നെ മികച്ച പത്രമാസികാപ്രവർത്തനം കാഴ്ച വെയ്ക്കാൻ എൻ.പി.ക്ക് സാധിച്ചിട്ടുണ്ട്. എം. ഗോവിന്ദന്റെ നേതൃത്വത്തിലുള്ള മാസികാപ്രവർത്തനങ്ങളിൽ പങ്കാളിത്തം വഹിച്ചുകൊണ്ടാണ് എൻ.പി. പത്രമാ സികാപ്രവർത്തനത്തിലേക്ക് പ്രവേശിക്കുന്നത്. തന്റെ പത്രപ്രവർത്തനത്തിന്റെ കാലയളവിൽ, സമൂഹത്തിന്റെ മൂന്ന് വ്യത്യസ്തമേഖലകളിൽ പ്രവർത്തിക്കാൻ എൻ.പി.ക്ക് സാധിച്ചു. വടക്കേ മലബാറിൽ ചേകന്നൂർ അബുൽഹസൻ മൗലവി യുടെ പത്രാധിപത്യത്തിൽ പ്രവർത്തിച്ചിരുന്ന 'നിരീക്ഷണം' മാസികയിൽ എൻ.പി. പത്രാധിപരായിരുന്നു. 'കേരള കൗമുദി' ദിനപത്രത്തിന്റെ കോഴിക്കോട് എഡിഷ

നിൽ റസിഡന്റ് എഡിറ്ററായും, 'പ്രദീപം മാസിക'യുടെ എഡിറ്ററായും എൻ.പി. പ്രവർത്തിച്ചിട്ടുണ്ട്. എൻ.വി. കൃഷ്ണവാര്യർ 'മാതൃഭൂമി' ആഴ്ചപ്പതിപ്പിൽ പത്രാധിപരായിരുന്നപ്പോൾ 'കാഴ്ചപ്പാടുകൾ' എന്ന പേരിൽ എൻ.പി. കോളം ചെയ്തിരുന്നു. സാഹിത്യവും സമൂഹവും സംസ്കാരവും വിചിന്തനവിധേയമാക്കിക്കൊണ്ട് മാതൃഭൂമിയിൽ എൻ.പി. ചെയ്തിരുന്ന കോളം വിഷയങ്ങളുടെ പുതുമകൊണ്ടും ഗഹനതകൊണ്ടും സവിശേഷശ്രദ്ധ നേടുകയുണ്ടായി.

**2.6.1. ജാഗ്രത**

ജനാധിപത്യവേദിയുടെ മുഖപത്രമായിരുന്നു 'ജാഗ്രത'. സുകുമാർ അഴീക്കോടായിരുന്നു അതിന്റെ പത്രാധിപർ. ജനങ്ങളുടെ പ്രതികരണശേഷി വളർത്തുന്നതിനും നവസംസ്കാരത്തിനുള്ള ഉണർവ്വ് സൃഷ്ടിക്കുന്നതിനും വേണ്ടി ഉറൂബ്, സി.ജെ. തോമസ്, ഡോ.കെ.ബി. മേനോൻ, ഡോ.വിവി. ആന്റണി, എൻ.പി. മുഹമ്മദ്, ഡോ.എം.ജി.എസ്.നാരായണൻ തുടങ്ങിയവരാണ് 'ജാഗ്രത'ക്കുവേണ്ടി പ്രവർത്തിച്ചത്. ദ്വൈവാരികയായിരുന്ന 'ജാഗ്രത' ഒരു കൊല്ലത്തോളം പ്രസിദ്ധീകരിച്ചു.

ജാഗ്രതയുടെ ആഭിമുഖ്യത്തിൽ കോഴിക്കോട് മാനാഞ്ചിറ മൈതാനത്തിനടുത്തുവെച്ച് വിപുലമായ ഒരു സമ്മേളനം സംഘടിപ്പിക്കുകയുണ്ടായി. പത്രപ്രവർത്തനം കക്ഷിരാഷ്ട്രീയത്തിന് അതീതമായിരിക്കണമെന്നും ആദർശാത്മകമായ ദീർഘവീക്ഷണമില്ലെങ്കിൽ ഇന്ത്യയുടെ ഭാവി അനിശ്ചിതത്വത്തിലേക്ക് നീങ്ങുമെന്നുമുള്ള താക്കീത് പൊതുസമൂഹത്തിന് നൽകാൻ സമ്മേളനത്തിലൂടെ കഴിഞ്ഞു. "എം.ഗോവിന്ദൻ, സി.ജെ.തോമസ്, എൻ.വി.കൃഷ്ണവാര്യർ തുടങ്ങിയവരായിരുന്നു സമ്മേളനത്തെ വർണ്ണശബളമാക്കിയതെങ്കിൽ ആ പ്രസ്ഥാനത്തിന്റെ മൂലസ്രോതസ്സുകളിൽ മുഖ്യമായ ഒന്ന് എൻ.പി. മുഹമ്മദായിരുന്നു" (അക്കിത്തം, 2014 : 83 ).

### 2.6.2. ഗോപുരം

നവസാഹിതി മാസികയുടെ പ്രവർത്തകരിൽനിന്നുതന്നെയാണ് 'ഗോപുരവും' വെളിച്ചം കാണുന്നത്. നവസാഹിതി നിലച്ച് നാലഞ്ചു കൊല്ലങ്ങൾക്കു ശേഷം മറ്റൊരു പ്രസിദ്ധീകരണത്തിന്റെ ആവശ്യകത ബോധ്യപ്പെട്ട പ്രവർത്തകർ 'ഗോപുരം' എന്ന പേരിൽ പുതിയൊരു പ്രസിദ്ധീകരണം തുടങ്ങാൻ തീരുമാനിക്കുകയായിരുന്നു. പ്രവർത്തകർതന്നെ മുൻകയ്യെടുത്ത് മുതൽ മുടക്കി ഒരു വർഷമെങ്കിലും മുടങ്ങാതെ പ്രസിദ്ധീകരിക്കണം എന്നതായിരുന്നു ലക്ഷ്യം. സി.ജെ. തോമസ്, എം.ഗോവിന്ദൻ, എം.ജി.എസ്, എൻ.പി. മുഹമ്മദ്, പി.കെ. ബാലകൃഷ്ണൻ, എം.ഗംഗാധരൻ, എ.എൻ.നമ്പ്യാർ, അയ്യപ്പപ്പണിക്കർ തുടങ്ങിയവരാണ് ഇതിനുവേണ്ടി രംഗത്തിറങ്ങിയത്. സാമ്പത്തികമായ പരാധീനതകളാൽ സി.ജെ. തോമസും എം. ഗോവിന്ദനും അയ്യപ്പപ്പണിക്കരും കുറെകൂടി മുതൽ മുടക്കി ഒരുവർഷം പ്രസിദ്ധീകരണം പുറത്തിറക്കി. പ്രസ്ഥാനത്തിന്റെ കേന്ദ്രം ആദ്യഘട്ടത്തിൽ മദിരാശിയിലായിരുന്നത് പിന്നീട് തിരുവനന്തപുരത്തേക്ക് മാറ്റി.

നവസാഹിതി മാസികയേക്കാൾ കുറെ കൂടി സ്വീകാര്യത ലഭിച്ചത് ഗോപുരത്തിനാണ്. ലേഖനങ്ങൾക്കും ചർച്ചകൾക്കും കൂടുതൽ ഇടവും ഗൗരവവും ഉണ്ടായിരുന്നു. ശ്രദ്ധേയമായ പാശ്ചാത്യകവിതകൾ പ്രസിദ്ധീകരിക്കുന്നതിനോടൊപ്പം ഗഹനമായ പഠനങ്ങളോടുകൂടി കവികളെ പരിചയപ്പെടുത്തി. സാഹിത്യസംബന്ധിയായ ഗൗരവമുള്ള വിഷയങ്ങളെ പൊതുസമൂഹത്തിനു മുന്നിലെത്തിക്കാൻ ഗോപുരം ശ്രമിച്ചു. ബഷീറിന്റെ 'പാത്തുമ്മയുടെ ആട്' ഗോപുരത്തിലൂടെയാണ് വെളിച്ചം കണ്ടത്.

### 2.6.3. നിരീക്ഷണം

ചേകന്നൂർ അബുൽഹസൻ മൗലവിയുടെ പത്രാധിപത്യത്തിൽ ആരംഭിച്ച നിരീക്ഷണത്തിന്റെ പത്രാധിപസമിതി അംഗമായിരുന്നു എൻ.പി. മുഹമ്മദ്.

ഇസ്ലാം മതത്തിൽ നിലനിന്നിരുന്ന അന്ധവിശ്വാസങ്ങൾക്കും അനാചാര ങ്ങൾക്കും അശാസ്ത്രീയവുമായ നിലപാടുകൾക്കുമെതിരെയുള്ള ചെറുത്തുനിൽപ്പ് എന്ന നിലയ്ക്കാണ് 'നിരീക്ഷണം മാസിക' ആരംഭിച്ചത്. 1970-ൽ കോഴിക്കോട് കേന്ദ്രമാക്കി പ്രവർത്തിച്ചിരുന്ന സംഘടനയാണ് 'ഇസ്ലാം ആന്റ് മോഡേണേജ് സൊസൈറ്റി'. മുസ്ലിംനവോത്ഥാനം ലക്ഷ്യമിട്ടുകൊണ്ട് രൂപംനൽകിയ സംഘട നയായിരുന്നു ഇത്. ചേകന്നൂർ മൗലവി, കെ.എം. ബഹാവുദ്ധീൻ, പി.എൻ.എം. കോയട്ടി തുടങ്ങിയവരോടൊപ്പം സൊസൈറ്റിയുടെ പ്രവർത്തനത്തിൽ എൻ.പി. മുഹമ്മദും പങ്കുചേർന്നു. 'ഇസ്ലാം ആന്റ് മോഡേണേജ് സൊസൈറ്റി'യുമായി ബന്ധപ്പെടുത്തിക്കൊണ്ട് മുസ്ലിംനവോത്ഥാനം ലക്ഷ്യംവെച്ചുകൊണ്ടാണ് 'നിരീ ക്ഷണ'ത്തിൽ എൻ.പി. പ്രവർത്തിച്ചത്. മുസ്ലിംവ്യക്തിനിയമവും ശരീഅത്തു മായി ബന്ധപ്പെട്ടുകൊണ്ട് ധാരാളം പ്രശ്നങ്ങൾ അഭിമുഖീകരിച്ചുകൊണ്ടിരുന്ന ഒരു ഘട്ടത്തിലാണ് 'ഇസ്ലാം ആന്റ് മോഡേണേജ് സൊസൈറ്റി' സാമുദായിക പരിഷ്കരണദൗത്യവുമായി മുന്നിട്ടിറങ്ങുന്നത്. 'മുസ്ലിംവ്യക്തിനിയമവും ശരീ അത്തും വിമർശനവിധേയമായിത്തുടങ്ങിയ കാലത്ത് അതിനെതിരെയുള്ള നിലപാ ടുകൾക്ക് ധൈഷണികതലം നൽകിയത് എൻ.പി.യായിരുന്നു'' (കുമാരൻ, യു.കെ. 2002 : 70).

'നിരീക്ഷണ'ത്തിലൂടെ തന്റെ സമുദായത്തിലെ അനീതികളെ ചോദ്യം ചെയ്ത എൻ.പി.ക്ക് യാഥാസ്ഥിതികരിൽനിന്നും ധാരാളം വിമർശനങ്ങൾ നേരിടേ ണ്ടിവന്നു. എൻ.പി.യിലെ പത്രപ്രവർത്തകൻ നിരന്തരം ചോദ്യംചെയ്യപ്പെട്ടുകൊ ണ്ടിരുന്നു. എങ്കിലും തന്റെ നിലപാടുകളിൽ ഉറച്ചുനിന്നുകൊണ്ട് ധീരമായ പത്രപ്ര വർത്തകധർമ്മം എൻ.പി. നിറവേറ്റുകയുണ്ടായി.

### 2.6.4. കേരള കൗമുദി

1911-ൽ തിരുവനന്തപുരത്താണ് കേരളകൗമുദി സ്ഥാപിതമാകുന്നത്. ആദ്യ

കാലത്ത് ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്ന ഒരു വാരികയായിട്ടാണ് കേരള കൗമുദി തുടക്കം കുറിക്കുന്നത്. മലയാളത്തിലെ മികച്ച ഗദ്യകാരനായ സി.വി.കുഞ്ഞിരാമനായിരുന്നു ഇതിന്റെ സ്ഥാപകൻ. തുടർന്ന് സരസകവി മൂലൂർ ടി.കെ.നാരായണൻ, ടി.സി.രാമൻ തുടങ്ങിയവരുടെ നേതൃത്വത്തിലായിരുന്നു വാരിക. 1940-ൽ സി.വി. കുഞ്ഞിരാമന്റെ ദ്വിതീയപുത്രനായ കെ.സുകുമാരൻ ചുമതല ഏറ്റെടുത്തതിന് ശേഷമാണ് കേരളകൗമുദി ദിനപത്രമായി പ്രസിദ്ധീകരിക്കാൻ തുടങ്ങിയത്. ലോകത്തിൽ അനുദിനം നടന്നുകൊണ്ടിരിക്കുന്ന സംഭവവികാസങ്ങളെ സൂക്ഷ്മമായി വിശകലനം ചെയ്ത് ജനസാമാന്യത്തിന് യഥാകാലം ആവശ്യമായ ഉദ്ബോധനം നൽകിക്കൊണ്ടുവരികയാണ് വർത്തമാനപത്രത്തിന്റെ ചുമതല എന്നതായിരുന്നു കേരളകൗമുദിയുടെ ആദർശം. ഈയൊരു ആദർശം നിറവേറ്റാൻ കേരളകൗമുദിക്ക് ഏറെക്കുറെ കഴിഞ്ഞിട്ടുണ്ട്. ആരംഭം മുതൽ ഈഴവരുടേയും മറ്റ് അവശസമുദായങ്ങളുടേയും അവകാശങ്ങൾക്കുവേണ്ടി ശക്തമായി വാദിച്ചു പോന്ന പത്രമായിരുന്നു കേരളകൗമുദി.

കേരളകൗമുദി കോഴിക്കോട് എഡിഷന്റെ റസിഡന്റ് എഡിറ്ററായിരുന്നു എൻ.പി. മുഹമ്മദ്. വിശാലമായ വായനയും അറിവും ഉൾക്കാഴ്ചയുമുണ്ടായിരുന്ന എൻ.പി.ക്ക് എല്ലാകാര്യങ്ങളിലും സ്വന്തമായ ഒരവബോധവും വീക്ഷണവും നിലപാടും ഉണ്ടായിരുന്നു. ഒരു പത്രപ്രവർത്തകനുവേണ്ട മികച്ച ഗുണമാണ് ഉറച്ച നിലപാടുകൾ. കേരളകൗമുദിയിലെ പത്രപ്രവർത്തനം എൻ.പി.യുടെ ധൈഷണികവ്യക്തിത്വത്തെ പുറത്തുകൊണ്ടുവന്നു. രാഷ്ട്രീയ-സാമൂഹികമേഖലകളെ സംബന്ധിച്ചുള്ള തന്റെ നിരീക്ഷണങ്ങൾ പങ്കുവെക്കുമ്പോൾ അദ്ദേഹം രാഷ്ട്രീയ പാർട്ടികളേയോ പ്രസ്ഥാനങ്ങളേയോ മുഖവിലക്കെടുത്തില്ല. തന്റെ നിലപാടുകൾ സത്യസന്ധമായി ഉറച്ചഭാഷയിൽ തന്നെ പ്രതിപാദിക്കാൻ എൻ.പി. ശ്രമിച്ചു.

കേരളകൗമുദിയിൽ എൻ.പി. ചെയ്തിരുന്ന മുഖപ്രസംഗങ്ങൾ കേരളത്തിന്റെ സാമൂഹികധൈഷണികമണ്ഡലങ്ങളിൽ ശക്തമായ ചലനങ്ങൾ സൃഷ്ടി

ച്ചു. ഒരു സാമൂഹ്യ-രാഷ്ട്രീയ വിമർശകന്റെ ദൗത്യമാണ് കേരളകൗമുദിയിലൂടെ എൻ.പി. നിറവേറ്റിയത്. അക്കാലത്തെ സാമൂഹിക-രാഷ്ട്രീയ മേഖലകളിലെ ധാർമ്മികമായ അപചയത്തെ ആശങ്കയോടെ നോക്കിക്കാണുന്ന എൻ.പി.യിലെ പത്രപ്രവർത്തകൻ താൻ ഒരു പത്രപ്രവർത്തകനെന്നതിലുപരി ഒരു സാഹിത്യകാര നാണെന്ന് ഓർമ്മിപ്പിച്ചുകൊണ്ടിരുന്നു. പത്രഭാഷ സർഗ്ഗാത്മകമായ ഭാഷ യിൽനിന്നും അകന്നുനിൽക്കുന്നതായാണ് സാധാരണ കണ്ടുവരുന്നത്. കേരളകൗ മുദിയിൽ എൻ.പി. എഴുതിയിരുന്ന 'ആഴ്ചവട്ടം' എന്ന കോളം സർഗ്ഗാത്മകവും സ്വതസിദ്ധവുമായ എൻ.പി.യുടെ പത്രഭാഷയെ അനാവരണം ചെയ്യുന്നു.

### 2.6.5. പ്രദീപം മാസിക

പ്രദീപം മാസികയുടെ എഡിറ്ററായി എൻ.പി.മുഹമ്മദ് പ്രവർത്തിച്ചിട്ടുണ്ട്. സമൂഹത്തെ സമുദ്ധരിക്കുന്നതിനുവേണ്ടിയുള്ള ലക്ഷ്യോന്മുഖമായ സാംസ്കാ രികപ്രവർത്തനമാണ് 'പ്രദീപം മാസിക'യിലൂടെ എൻ.പി. കാഴ്ചവെച്ചത്. പല പത്രമാസികകളും സാംസ്കാരികനവോത്ഥാനമെന്ന ദൗത്യം നിർത്തിവെച്ച് മടക്ക യാത്ര ആരംഭിക്കുന്ന ഘട്ടത്തിലാണ് എൻ.പി. 'പ്രദീപ'ത്തിന്റെ എഡിറ്ററാകുന്നത്. പത്രാധിപത്യം എൻ.പി. ഏറ്റെടുത്തതോടുകൂടി മാഗസിൻ നല്ല നിലവാരം പുലർത്തിയതായി വായനക്കാരുടെ പ്രതികരണകോളങ്ങൾ വ്യക്തമാക്കുന്നു.

സാമൂഹിക-രാഷ്ട്രീയമേഖലകളിലെ മിക്ക പ്രശ്നങ്ങളേയും ധീരമായി നേരിട്ടുകൊണ്ടാണ് ഓരോ ലക്കവും പുറത്തിറങ്ങിയത്. രാഷ്ട്രീയനിലപാടുക ളേയും സാംസ്കാരികരംഗത്തെ അപചയങ്ങളേയും ചോദ്യം ചെയ്തുകൊണ്ട് ഒരു തിരുത്തൽ ശക്തിയായി മുന്നേറാൻ പ്രദീപം മാസികക്ക് കഴിഞ്ഞിട്ടുണ്ട്. ഇതിന്റെ പ്രധാന സൂത്രധാരനും എൻ.പി.യായിരുന്നു. എൻ.പി. തയ്യാറാക്കിയിരുന്ന എഡി റ്റോറിയൽ കോളം കാലികമായ രാഷ്ട്രീയസമസ്യകൾക്കുനേരെ തിരിച്ചുപിടിച്ച കണ്ണാടിയായിരുന്നു. ചുരുക്കം ചില വാചകങ്ങളിലൂടെ വായനക്കാരുടെ ചിന്താമ

ണ്ഡലത്തിൽ നവതരംഗങ്ങൾ സൃഷ്ടിക്കാൻ എഡിറ്റോറിയൽ കോളത്തിലൂടെ എൻ.പി.ക്ക് കഴിഞ്ഞു. കെട്ടിലും മട്ടിലും തികഞ്ഞ പാകതയും സൂക്ഷ്മതയും നിലനിർത്താൻ ഈ കാലങ്ങളിൽ പ്രദീപത്തിനായി എന്നതുതന്നെ എൻ.പി.യിലെ മികച്ച പത്രപ്രവർത്തകന്റെ പ്രവർത്തനഫലമാണ്.

കാലികമായ സാമൂഹിക-രാഷ്ട്രീയ ആശയങ്ങളെ വിശകലനം ചെയ്തു കൊണ്ട് എൻ.പി. അവതരിപ്പിച്ചിരുന്ന എഡിറ്റോറിയൽ കോളം കൂടാതെ 'മറുപുറം' എന്ന പേരിൽ മറ്റൊരു കോളവും എൻ.പി. ചെയ്തിരുന്നു. 'മറുപുറ'ത്തിൽ വൈവി ധ്യമാർന്ന വിഷയങ്ങൾ അവതരിപ്പിക്കാൻ എൻ.പി. ശ്രദ്ധിച്ചു. കല, സാഹിത്യം, സംസ്കാരം, രാഷ്ട്രീയം, വൈയക്തികാനുഭവങ്ങൾ തുടങ്ങി ഓരോ ലക്കത്തിലും അതിന്റെ വിഷയമേഖലകൾ പുതുമനിറഞ്ഞതും വിജ്ഞാനപ്രദവുമായിരുന്നു. കവിത, കഥ, സ്പോർട്സ്, ലേഖനം, നർമ്മലേഖനം, ആരോഗ്യം, പാചകം, ഫീച്ചർ, മനശ്ശാസ്ത്രം തുടങ്ങിയ കോളങ്ങളോടൊപ്പം എൻ.പി. തയ്യാറാക്കിയിരുന്ന എഡി റ്റോറിയലും, 'മറുപുറം' എന്ന പംക്തിയും രാഷ്ട്രീയത്തിലെ അതികായന്മാരെ ഏച്ചുകെട്ടില്ലാതെ പരിചയപ്പെടുത്തുന്ന 'പ്രതി-ഛായ' എന്ന കോളവും പ്രദീപത്തെ അക്കാലത്തെ ഇതരമാസികകളിൽനിന്നും വേറിട്ടു നിർത്തി. എൻ.പി.യുടെ സ്ഥിരം തട്ടകമായ കോഴിക്കോട് മിഠായിത്തെരുവിൽതന്നെയായിരുന്നു പ്രദീപ ത്തിന്റെ ഓഫീസ് കെട്ടിടവും സ്ഥിതിചെയ്തിരുന്നത്. എൻ.പി.ക്ക് ശേഷവും പ്രദീപം മാസിക അതിന്റെ സാമൂഹികദൗത്യം നിർവ്വഹിച്ചുകൊണ്ടിരിക്കുന്നു.

### 2.7. വ്യക്തികൾ സ്വാധീനങ്ങൾ

എൻ.പി. മുഹമ്മദെന്ന സാഹിത്യകാരന്റേയും ചിന്തകന്റേയും അനുസ്യൂത മായ വളർച്ചയെ ത്വരിതപ്പെടുത്തിയ നിരവധി വ്യക്തിത്വങ്ങളുണ്ട്. സാഹിത്യത്തി ലും ചിന്തയിലും പൊതുപ്രവർത്തനങ്ങളിലും ഗണ്യമായ സ്വാധീനംചെലുത്തിയ മഹദ്‌വ്യക്തികളേയും ആശയസംഹിതകളേയും കുറിച്ച് പലപ്പോഴായി എൻ.പി. തന്നെ വ്യക്തമാക്കിയിട്ടുണ്ട്.

എക്കാലവും പുരോഗമനവാദികൾക്കൊപ്പം നിലകൊള്ളാനാണ് എൻ.പി. ശ്രമിച്ചത്. സാഹിത്യത്തിലും കലയിലും രാഷ്ട്രീയചിന്തയിലും സാമൂഹിക-സാമുദായിക പ്രവർത്തനങ്ങളിലും പരിഷ്കരണവാദികൾക്കും പ്രസ്ഥാനങ്ങൾക്കും ഒപ്പം നിലനിന്നുകൊണ്ട് പോരാടാനണ് എൻ.പി. താത്പര്യം കാണിച്ചത്. ഈയർത്ഥത്തിൽ എൻ.പി.യെ സ്വാധീനിച്ചവരും എൻ.പി.ക്ക് ദിശാബോധം നൽകിയവരുമായ വ്യക്തിത്വങ്ങളേയും ആശയസംഹിതകളേയും എൻ.പി.യുമായി ബന്ധപ്പെടുത്തി വിലയിരുത്താനാണ് ശ്രമിക്കുന്നത്.

സാംസ്കാരികരംഗത്ത് എം. ഗോവിന്ദനും സി.ജെ.തോമസും എൻ.പി.യെ സ്വാധീനിച്ചിട്ടുണ്ട്. ആശയതലത്തിൽ എം.എൻ.റോയിയും രാഷ്ട്രീയത്തിൽ മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബും ഇ.മൊയ്തുമൗലവിയും സ്വന്തം പിതാവ് എൻ.പി.അബുസാഹിബും, മുസ്ലിം നവോത്ഥാന പരിഷ്കരണസംരംഭങ്ങളിൽ വക്കം അബ്ദുൽ ഖാദർ മൗലവി, മൗലാനാ അബുൽ കലാം ആസാദ്, സി.എൻ.അഹമ്മദ് മൗലവി തുടങ്ങിയവരും എൻ.പി.യിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ''എന്നെ ഇവർ മാത്രമാണ് സ്വാധീനിച്ചിട്ടുള്ളത് എന്ന് പറയുന്നത് അത്യുക്തിയായിരിക്കും.''(മുഹമ്മദാലി, പി. 2002:18) എന്ന എൻ.പി.യുടെ പ്രസ്താവന മുഖവിലയ്ക്കെടുക്കുമ്പോൾ എൻ.പി.യെ രൂപപ്പെടുത്തിയെടുത്തവരെ പരിമിതമായ ഒരു വൃത്തത്തിനുള്ളിൽ ഒതുക്കാനാവില്ല എന്നതിന്റെ വ്യക്തമായ സൂചനയുണ്ട്.

### 2.7.1. എം. ഗോവിന്ദന്റെ മാർഗ്ഗം

'സ്വതന്ത്രബുദ്ധിജീവി' എന്ന നിലയിൽ ഏറെ അറിയപ്പെട്ട എം.ഗോവിന്ദനും അദ്ദേഹം നയിച്ച പ്രസ്ഥാനങ്ങളും എൻ.പി.യുടെ വ്യക്തിത്വത്തെ രൂപപ്പെടുത്തിയെടുക്കുന്നതിൽ വലിയ പങ്കുവഹിച്ചിട്ടുണ്ട്. കോഴിക്കോട് മിഠായിത്തെരുവിൽവെച്ച് കെ.എ. കൊടുങ്ങല്ലൂർ മുഖേനയാണ് എം. ഗോവിന്ദനെ എൻ.പി. ആദ്യമായി കാണുന്നത്. ഒരു കയ്യിൽ കുറെ സോവിയറ്റ് മാഗസിനുകളും മറുകയ്യിൽ കോഴിക്കോടൻ ഹൽവയുമായി നിൽക്കുന്ന എം. ഗോവിന്ദന്റെ ആദ്യ കൂടിക്കാഴ്ചയെക്കു

റിച്ച് 'ഒരു കയ്യിൽ പ്രകാശവും മറുകയ്യിൽ മധുരവുമെന്ന്' എൻ.പി. വിശേഷിപ്പിച്ചിട്ടുണ്ട് (മുഹമ്മദ്, എൻ.പി. 2006:255). പിൽക്കാലത്ത് എൻ.പി.യുടെ ജീവിതത്തിലെ മധുരവും വെളിച്ചവുമാകാൻ ഗോവിന്ദന് സാധിച്ചിട്ടുണ്ട്.

സാമൂഹ്യപരിവർത്തിനുവേണ്ടിയുള്ള പരിശ്രമവും ബൗദ്ധികമായ അന്വേഷണവും ജീവിതത്തിലുടനീളം പുലർത്തിയ വ്യക്തിയായിരുന്നു എം.ഗോവിന്ദൻ. അതിനുവേണ്ടി ധാരാളം സൗഹൃദങ്ങൾ ഗോവിന്ദൻ പുലർത്തിപ്പോന്നു. സാഹിത്യത്തിലും സാമൂഹിക-സാംസ്കാരികമേഖലകളിലും പ്രവർത്തിച്ചിരുന്നവരായ ഒരു പറ്റം സുഹൃത്തക്കളുമായി നടത്തിയിരുന്ന കത്തിടപാടുകളും ചെറിയ ചെറിയ ഒത്തുകൂടലുകളും പുതുപ്രസ്ഥാനങ്ങളുടെ ആരംഭത്തെക്കുറിച്ചുള്ള ആലോചനകളും ഗോവിന്ദന്റെ പ്രധാനപ്രവർത്തനമായിരുന്നു. ആ സൗഹൃദസംഗമത്തിലേക്ക് പ്രവേശിക്കാൻ സാധിച്ച എൻ.പി.യുടെ സാഹിത്യ-സാംസ്കാരികമേഖലകളെ വിപുലമാക്കുന്നതിൽ ഈ സൗഹൃദം ഏറെ ഉപകരിച്ചു.

എൻ.പി.യുടെ സാഹിത്യലോകത്തെ വിപുലമാക്കുന്നതിൽ എം. ഗോവിന്ദൻ വഹിച്ച പങ്ക് നിസ്തുലമാണ്. പുസ്തകങ്ങളുടെ വലിയൊരു ശേഖരംതന്നെ ഗോവിന്ദൻ എൻ.പി.ക്ക് സമ്മാനിച്ചിട്ടുണ്ട്. ഒരിക്കലും ആ പുസ്തകങ്ങളുടെ വെളിച്ചത്തിൽ കഥകളെഴുതണമെന്നോ ഇന്ന വിഷയത്തെക്കുറിച്ച് എഴുതണമെന്നോ ഗോവിന്ദൻ ആവശ്യപ്പെട്ടിട്ടില്ല. ''അദ്ദേഹം എന്റെ മനസ്സിൽ സർഗ്ഗകലാപത്തിന്റെ സാന്നിധ്യമായിരുന്നു. ആ സാന്നിധ്യം ഇങ്ങനെ പറയുന്നതുപോലെ, നീ നിന്നെ തിരയുക, നീ നിന്നെ കണ്ടെത്തും'' (മുഹമ്മദ്, എൻ.പി. 2006:257). സാഹിത്യത്തിൽ ഒരു ദിശാബോധം ഉണ്ടാക്കിയതും ലോകസാഹിത്യത്തിന്റെ ജാലകം എന്റെ മുമ്പിൽ തുറന്നിട്ടതും എം. ഗോവിന്ദനായിരുന്നു എന്ന് പ്രസ്താവിക്കുന്ന എൻ.പി. ഗോവിന്ദനുമായി നടത്തിയ കത്തിടപാടുകളെക്കുറിച്ച് പരമാർശിക്കുന്നത് ശ്രദ്ധേയമാണ്. ''പരേതനായ എം. ഗോവിന്ദനും ഞാനും ദീർഘകാലം കത്തിടപാടുകൾ നടത്തിയിട്ടുണ്ട്. എന്റെ വിചാരവികാരങ്ങൾ സാഹിത്യകാര്യങ്ങൾ, മറ്റുള്ള എഴു

ത്തുകാരേയും കൃതികളേയും കുറിച്ചുള്ള വിലയിരുത്തലുകൾ എന്നിവ വളവും വളച്ചുകെട്ടലുമില്ലാതെ ഞാൻ ഗോവിന്ദന് എഴുതാറുണ്ടായിരുന്നു. അവയെ സഗൗരവം പരിഗണിച്ച് തന്റെ കാഴ്ചപ്പാടുകൾ തുറന്നുകാണിച്ച് അദ്ദേഹം മറുപടികൾ നൽകുകയും ചെയ്തിരുന്നു. സർഗക്രിയയുടെ പ്രശ്നങ്ങൾ, രചനയുടെ അപൂർണ്ണതയുണ്ടാക്കുന്ന അശാന്തി, സാഹിത്യസിദ്ധാന്തങ്ങൾ, മൗലികമായ പ്രശ്നങ്ങളെക്കുറിച്ചുള്ള ചിന്താധാരകൾ തുടങ്ങിയവ അവയിൽ ഉണ്ടായിരുന്നു. അവയെനിക്ക് വിദ്യാഭ്യാസത്തിന്റെ ഗുണംചെയ്തു. അതു കലാലയപഠനംപോലെയായിരുന്നു. ഒപ്പം കത്തുകളിലെ ആത്മാർത്ഥത എന്നിലൊരു പ്രചോദനമായി വർത്തിക്കുകയുംചെയ്തു.''(മുഹമ്മദ് എൻ.പി. 2007:25)

സാംസ്കാരിക പുരോഗതിക്കായി എഴുത്തുകാർ സംഘടിച്ചു പ്രവർത്തിക്കേണ്ടവരാണെന്ന വീക്ഷണമായിരുന്നു എം. ഗോവിന്ദൻ പുലർത്തിയിരുന്നത്. ജനങ്ങളെ രാഷ്ട്രീയപ്രബുദ്ധതയിലേക്കും നവസംസ്കാരത്തിലേക്കും ഉയർത്തുന്നതിൽ കലാകാരന്മാർക്ക് വലിയ പങ്കുണ്ടെന്ന് വിശ്വസിക്കുകയും ചെയ്തു. അതിനനുസൃതമായ പ്രവർത്തനങ്ങളാണ് കേരളത്തിനകത്തും പുറത്തും ഗ്രാമപ്രദേശങ്ങൾ തോറും എം. ഗോവിന്ദൻ തുടർന്നുപോന്നത്. ഗോവിന്ദന്റെ സൗഹൃദക്കൂട്ടായ്മയിലുള്ള എല്ലാവരും അറിവിനേയും ചിന്തയേയും ആദരിച്ചവരായിരുന്നു. ഉദാത്തമായ മാനുഷികമൂല്യങ്ങളെ മാനിക്കുന്ന പുതിയൊരു ലോകക്രമത്തിനായി നിലകൊണ്ടവരാണിവർ. ആശയപരമായ ഐക്യവും വൈവിധ്യവും വൈരുധ്യവും പുലർത്തിയിരുന്ന ആ സംഘം അതിന്റെ വൈവിധ്യം കൊണ്ടുതന്നെയാണ് സമ്പന്നമായത്. ''ഗോവിന്ദന്റെ സൗഹൃദത്തിന്റെ ഭാഗമായവരെല്ലാം മാനസികമായി അൽപ്പമെങ്കിലും വളർന്നവരായിട്ടാണ് മടങ്ങിയത്. ആശയത്തിൽ, വീക്ഷണത്തിൽ, ലോകത്തിന്റെ നേർക്കുള്ള സമീപനത്തിൽ അങ്ങനെ പലതിലും'' (സാനു, എം. കെ. 2012:52). എൻ.പി. അടക്കമുള്ള ആ കൂട്ടായ്മയിലെ ഓരോരുത്തരും മനുഷ്യമഹത്വമെന്ന മഹനീയമായ ആശയത്തെ തങ്ങളുടെതന്നെ പ്രദേശങ്ങളിൽ പ്രകാശമായി പ്രസരിപ്പിക്കുകതന്നെ ചെയ്തു.

### 2.7.2. ഗാന്ധിയൻ ആദർശം

1920-ലാണ് ഗാന്ധിജി ദേശീയപ്രസ്ഥാനത്തിന്റെ നേതൃത്വത്തിലേക്ക് കടന്നു വരുന്നത്. ഗാന്ധിജിയുടെ നേതൃത്വം ഇന്ത്യയുടെ സാമൂഹികാന്തരീക്ഷത്തിൽ വലിയചലനങ്ങൾ സൃഷ്ടിച്ചു. സത്യഗ്രഹം, സിവിൽ നിയമലംഘനം, നിസ്സഹക രണം, നികുതിനിഷേധം, ജയിൽവാസം സ്വീകരിക്കൽ തുടങ്ങിയ അക്രമരഹിതസ മരരീതികളിലൂടെ ബ്രിട്ടീഷാധിപത്യത്തിനുനേരെ പോരാടാൻ ഗാന്ധിക്കു കഴിഞ്ഞു. മുസ്ലീങ്ങളും മറ്റു പിന്നാക്കക്കാരുമുൾപ്പെടെ എല്ലാ വിഭാഗക്കാരെയും ഉൾക്കൊള്ളുന്ന ഒന്നായിരുന്നു അദ്ദേഹത്തിന്റെ സമരരീതി. ആദർശത്തിലും അതിന്റെ പ്രയോഗവത്കരണത്തിലും അദ്ദേഹം കൈക്കൊണ്ട നയങ്ങൾ ഒട്ടേറെ വ്യക്തികളെ ഊർജ്ജസ്വലരാക്കി. അക്കാലത്തെ ചിന്തകന്മാരെ വലിയൊരളവിൽ സ്വാധീനിച്ച ആദർശധാരകളിൽ ഒന്ന് ഗാന്ധിസമായിരുന്നു. വിഭിന്നമതദർശന ങ്ങളെ ആദരിക്കാനും അവയെ ഉൾക്കൊള്ളാനും ശ്രമിച്ച ഗാന്ധി വർഗ്ഗീയതക്കെ തിരെ ശക്തമായ നിലപാടെടുക്കുകയും അയിത്തം തുടങ്ങിയ അനാചാരങ്ങളെ ഉന്മൂലനംചെയ്യാൻ ശ്രമിക്കുകയും ചെയ്തു. ഇതുവഴി ദേശീയപ്രസ്ഥാനത്തെ സ്വാതന്ത്ര്യപ്രസ്ഥാനമെന്ന ലക്ഷ്യത്തിലുപരി അനേകലക്ഷ്യങ്ങളുള്ള ഒരു പ്രസ്ഥാനമാക്കി പരിവർത്തിപ്പിക്കുന്നതിൽ വിജയിക്കുകയും ചെയ്തു.

ദേശീയപ്രസ്ഥാനത്തിന്റെയും കേരളത്തിന്റെ നവോത്ഥാന മുന്നേറ്റശ്രമങ്ങളു ടെയും കാലത്താണ് എൻ.പി.മുഹമ്മദിന്റെ സാമൂഹ്യ-രാഷ്ട്രീയ ആഭിമുഖ്യം കരു ത്താർജ്ജിക്കുന്നത്. ദേശീയപ്രസ്ഥാനത്തിൽ സജീവമായി പ്രവർത്തിച്ചിരുന്ന പിതാ വിന്റെ രാഷ്ട്രീയപാരമ്പര്യം ഗാന്ധിയൻ ആദർശങ്ങൾ ഉൾക്കൊള്ളുന്നതിന് പ്രേര ണയായിട്ടുണ്ട്. ഗാന്ധിജിയുടെ വൈയക്തികജീവിതത്തിലെ സവിശേഷതകളാണ് എൻ.പി. മുഹമ്മദിനെ ഏറെ സ്വാധീനിച്ചിട്ടുള്ളത്. 'അതിമാനുഷർക്കിടയിൽ ഒരു മനുഷ്യൻ' എന്ന ലേഖനത്തിൽ ഗാന്ധിജിയുടെ വ്യക്തിജീവിതത്തിലെ ആദർശങ്ങൾ വിലയിരുത്താനാണ് എൻ.പി. ശ്രമിക്കുന്നത്. അധികാരത്തോടുള്ള

ആഭിമുഖ്യമില്ലായ്മ വ്യക്തിജീവിതത്തെ വീണ്ടെടുക്കാനുള്ള ശ്രമങ്ങൾ, അക്രമരഹിത സമരരീതികൾ, പ്രകൃതിബോധം, മതസൗഹാർദ്ദം തുടങ്ങിയ ആദർശങ്ങളിൽ തെളിയുന്നത് ഗാന്ധിജിയുടെ വ്യക്തിത്വത്തിന്റെ സവിശേഷതകളാണ്. "ജനതയെ ഉണർത്തിയത് അദ്ദേഹമായിരുന്നു. സ്വാതന്ത്ര്യം കിട്ടിയപ്പോൾ ഗാന്ധിജി കൽക്കത്തയിലെ ഒരിടുങ്ങിയ തെരുവീഥിയിലെ ഇരുളടഞ്ഞ കിടപ്പുമുറിയിൽ സുഖമായി കിടന്നുറങ്ങുകയും മറ്റുള്ളവർ നട്ടപ്പാതിരക്ക് കനകസിംഹാസനങ്ങളിൽ വാണരുളുവാൻ പോകുകയും ചെയ്തു" (മുഹമ്മദ്, എൻ.പി. 2006:234) അധികാരത്തിൽ നിന്നുള്ള ഈ തിരിഞ്ഞുനടത്തം അദ്ദേഹത്തിന്റെ പ്രധാന ആദർശങ്ങളിൽ ഒന്നായി എൻ.പി. വിലയിരുത്തുന്നു. വ്യക്തിയിലൂടെ മാത്രമെ സമൂഹത്തിന്റെ മാറ്റം സാധ്യമാകൂ എന്ന് വിശ്വസിച്ച ഗാന്ധി വ്യക്തിയുടെ ഉള്ളിലുള്ള സവിശേഷചൈതന്യത്തെ വികസിപ്പിച്ചെടുക്കാൻ ശ്രമിച്ചു. സത്യഗ്രഹത്തെ ആത്മശുദ്ധിക്കുള്ള പരീക്ഷണമായിക്കണ്ട അദ്ദേഹം പ്രകൃതിയും മനുഷ്യനും തമ്മിലുണ്ടായിരിക്കേണ്ട പാരസ്പര്യത്തെക്കുറിച്ച് ബോധവാനായിരുന്നു. മർദ്ദകനിൽ മന:പരിവർത്തനം സൃഷ്ടിക്കാൻ ആയുധങ്ങൾക്ക് സാധിക്കില്ല എന്നും അഹിംസയിലൂടെ സാധിക്കുമെന്നും വാദിച്ച അദ്ദേഹം അഹിംസയെ ഏറ്റവും ശക്തമായ ആയുധമായി അവതരിപ്പിച്ചു. അദ്ദേഹത്തിന്റെ സർവ്വാദരണീയമായ വ്യക്തിത്വത്തിന്റെ സവിശേഷതകൾ നോക്കുക. "ഗാന്ധിജി തത്വചിന്തകനായിരുന്നില്ല. ബൃഹത്തായ ഒരാദർശവും അദ്ദേഹം ലോകസമക്ഷം അവതരിപ്പിച്ചിട്ടുമില്ല. പ്രകൃതിയെക്കുറിച്ചുള്ള സമ്പൂർണ്ണ ദർശനം ഗാന്ധിചിന്തകളിലില്ല. അത്തരം ദാർശനികരിൽനിന്ന് അദ്ദേഹത്തെ വേർതിരിച്ച ഘടകം അദ്ദേഹത്തിന്റ നിസ്തുലവ്യക്തിത്വമാണ്" (മുഹമ്മദ്, എൻ.പി. 2006:234). ആ ആദർശാത്മക വ്യക്തിത്വത്തിന്റെ മഹനീയതയാണ് എൻ.പി. അനുസ്മരിക്കുന്നത്.

### 2.7.3. വക്കം അബ്ദുൽഖാദറിൽനിന്നും പ്രചോദനം

കേരളീയ മുസ്ലിം നവോത്ഥാനചരിത്രത്തിലെ മഹാരഥന്മാരിൽ ഒരാളായ വക്കം മൗലവിയുടെ മകനാണ് വക്കം അബ്ദുൽ ഖാദർ. പത്രപ്രവർത്തന രംഗത്തും സാഹിത്യരംഗത്തും ഒരുപോലെ നിറഞ്ഞുനിന്ന അദ്ദേഹത്തിൽ പിതാവിന്റെ നിസ്വാർത്ഥമായ വ്യക്തിത്വവും സ്വതന്ത്രചിന്താശേഷിയും നീതിബോധവും പ്രകടമായിരുന്നു. ആദർശധീരനായിരുന്ന ആദ്ദേഹം നീതിപൂർവ്വകമല്ലാത്ത പ്രവർത്തികളോട് മുഖംനോക്കാതെ പ്രതികരിച്ചിരുന്നു. തന്റെ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിന് അനേകം ലേഖനങ്ങളേയും പത്രമാസിക കളേയും അദ്ദേഹം ഉപാദാനമാക്കി. അൽ-അമീൻ, മാപ്പിളറിവ്യു, ദക്ഷിണഭാരതി, ഭാരതചന്ദ്രിക, പ്രഭാതം, അൻസാരി, സ്വദേശാഭിമാനി, പ്രതിധ്വനി തുടങ്ങി ഒട്ടേറെ പത്രങ്ങൾക്ക് പത്രാധിപത്യം വഹിച്ചിട്ടുണ്ട്. തന്റെ ആദർശങ്ങൾക്ക് നിരക്കാത്ത സ്ഥാപനങ്ങളുമായോ വ്യവസ്ഥകളുമായോ ഒരിക്കലും ഒത്തുപോകാൻ സാധ്യമല്ലാ തിരുന്ന സ്വതന്ത്രചിന്തകനായിരുന്നു അദ്ദേഹം.

എൻ.പി. മുഹമ്മദിന് വക്കം അടുത്ത സുഹൃത്തായിരുന്നു. വായനയിലും ചിന്താസംസ്കാരത്തിലും പത്രപ്രവർത്തനത്തിലും സാംസ്കാരികമേഖലകളിലെ ഇടപെടലുകളിലും വക്കം വ്യതിരിക്തനായിരുന്നു. വക്കം അബ്ദുൽഖാദറിൽ ആകൃഷ്ടനാകാൻ എൻ.പി.യെ പ്രേരിപ്പിച്ച പ്രധാനഘടകം വിജ്ഞാനസമ്പാദന ത്തിനുള്ള അദ്ദേഹത്തിന്റെ അദമ്യമായ അഭിനിവേശമായിരുന്നു. ''സമകാലിക സുഹൃത്തുക്കളുടെയും എഴുത്തുകാരുടേയും ഇടയിൽ ഏറ്റവും പുതിയ പുസ്തക ങ്ങൾ വായിച്ചിരുന്നത് വക്കം അബ്ദുൽ ഖാദർ ആയിരുന്നു. വിദേശങ്ങളിൽനിന്ന് പുസ്തകങ്ങൾ വരുത്തുകയും പുതിയപുസ്തകങ്ങൾ ആരുടെയെങ്കിലും കൈയിൽ ഉണ്ടെന്നറിഞ്ഞാൽ അവരെ കണ്ടെത്തി വാങ്ങി വായിക്കുകയും ചെയ്യുന്ന സ്വഭാവം ഒരുതരം ഭ്രാന്തുപോലെ അദ്ദേഹത്തെ പിന്തുടർന്നിരുന്നു. അദ്ദേഹം വായിച്ചതിന്റെ നൂറിലൊന്നുപോലും എഴുത്തിലൂടെ ലഭിച്ചിരുന്നില്ല എന്നാണ് എൻ.പി. മുഹമ്മദി

നെപ്പോലുള്ള അദ്ദേഹത്തിന്റെ അടുത്ത സുഹൃത്തുക്കൾ അഭിപ്രായപ്പെട്ടിട്ടുള്ളത്" എന്ന് ഡോ. എം.എം. ബഷീർ രേഖപ്പെടുത്തിയിട്ടുണ്ട് (താഹ മുത്താന 2007:10).

വക്കം സാമുദായികപരിഷ്കർത്താവ് മാത്രമായിരുന്നില്ല, മലയാളസാഹിത്യത്തിന് ഗണ്യമായ സംഭാവനകൾ നൽകിയ വ്യക്തികൂടിയായിരുന്നു. പാശ്ചാത്യസാഹിത്യം, കല, ശാസ്ത്രം, തത്വചിന്ത, മതം, സംസ്കാരം തുടങ്ങിയ എല്ലാ വിജ്ഞാനശാഖകളുമായും നിരന്തരം ബന്ധപ്പെടുകയും പുസ്തകങ്ങൾ രചിക്കുകയും ചെയ്തു. സാമൂഹികപുരോഗതിയുടെ ഒരു ഭാഗമായിട്ടു മാത്രമേ സാമുദായികപുരോഗതിയേയും അദ്ദേഹം വീക്ഷിച്ചിട്ടുള്ളൂ. ഇസ്ലാംമതഗ്രന്ഥങ്ങളിലുള്ള ആഴത്തിലുള്ള അവബോധത്തിനു പുറമെ ഇതരമതഗ്രന്ഥങ്ങളെക്കുറിച്ചും അദ്ദേഹം പഠിയ്ക്കുകയുണ്ടായി. ഇതരസമുദായങ്ങളോട് തികഞ്ഞ ആദരവും ആത്മാർത്ഥയും പുലർത്തിയ അദ്ദേഹം ഇസ്ലാംമതത്തിലെ അനാചാരങ്ങളെ നിശിതമായി വിമർശിച്ചിരുന്നു.

1976-ൽ ഗഹനമായ ഒരു ഗ്രന്ഥരചന അദ്ദേഹം നടത്തിയിരുന്നു. 'മനുഷ്യൻ' എന്ന മഹത്തായ ആ ഗ്രന്ഥം പൂർണ്ണരൂപത്തിൽ പ്രസിദ്ധീകരിക്കാൻ കഴിഞ്ഞിട്ടില്ല. എൻ.പി.യുടെ കയ്യിലുണ്ടായിരുന്ന ഒരു കോപ്പി ഒരു എഡിറ്റോറിയൽ ബോർഡിന്റെ സഹായത്തോടെ പ്രസിദ്ധീകരിക്കാൻ ശ്രമിച്ചെങ്കിലും സാധിച്ചില്ല എന്ന് ജീവചരിത്രകാരനോട് വക്കം പറഞ്ഞതായി രേഖപ്പെടുത്തിയിട്ടുണ്ട്. (താഹ മുത്താന, 2007 : 44). നേടുന്ന അറിവുകൾ മാത്രമല്ല, ബന്ധപ്പെടുന്ന വ്യക്തികളും ഒരു വ്യക്തിയുടെ ബൗദ്ധികമേഖലകളെ സ്വാധീനിക്കുന്നു. എൻ.പി.യുടെ ധൈഷണികജീവിതത്തിൽ ഇത്തരം ചിന്തകന്മാരുടെ സ്വാധീനം പ്രകടമാണ്.

### 2.7.4. സി.എൻ. അഹമ്മദ് മൗലവി-സുഹൃത്തും ഗുരുനാഥനും

"മൗലവി എന്നും എന്റെ ഗുരുനാഥനായിരുന്നു. എന്റെ സുഹൃത്തുമായിരുന്നു. തലമുറകൾ തമ്മിലുള്ള വ്യത്യാസം ഒരിക്കലും ഞങ്ങളെ ബാധിച്ചിരുന്നില്ല" (മുഹമ്മദ്, എൻ.പി. 2005 : 20). മതപണ്ഡിതനും ഗവേഷകനും വിശുദ്ധ ഖുർആ

നിന്റെ ആദ്യ മലയാളപരിഭാഷകനും പത്രപ്രവർത്തകനും ചിന്തകനുമായിരുന്ന സി.എൻ. അഹമ്മദ് മൗലവി, എൻ.പി. മുഹമ്മദിന് ഗുരുനാഥനും സുഹൃത്തുമായിരുന്നു. ''എന്നും വായനയും എഴുത്തുമായി കഴിഞ്ഞുകൂടിയിരുന്ന സി.എൻ. തനിക്കെന്നും അത്ഭുതമായിരുന്നു'' എന്ന് എൻ.പി. അഭിപ്രായപ്പെട്ടിട്ടുണ്ട്. (മുഹമ്മദ്, എൻ.പി. 2005:20).

നല്ല മതവിശ്വാസിയും പുരോഗമനാശയക്കാരനുമായിരുന്നു സി.എൻ.മൗലവി. ഇസ്ലാംമതത്തെ ആധുനീകരിക്കാൻ ആത്മാർത്ഥമായി ശ്രമിക്കുകയും മതത്തിന്റെ പേരിൽ സ്ത്രീകൾ അനുഭവിക്കുന്ന ദുരിതങ്ങൾക്കെതിരെ തൂലികചലിപ്പിക്കുകയും ചെയ്തിട്ടുണ്ട്. വിവാഹം, വിവാഹമോചനം, സ്വത്തവകാശം, വിദ്യാസമ്പാദനം, ജോലി, കുടുംബജീവിതം, സാമൂഹ്യജീവിതം തുടങ്ങി എല്ലാ മേഖലകളിലും സ്ത്രീകൾ നേരിടുന്ന ചൂഷണങ്ങളെക്കുറിച്ച് തുറന്നെഴുതി.

അദ്ദേഹം തുടങ്ങിവെച്ച മിക്കപരിപാടികളിലും എൻ.പി.യെ പങ്കാളിയാക്കിയിരുന്നു. അതിനോടുള്ള എൻ.പി.യുടെ നിലപാടെന്താണ് എന്നന്വേഷിക്കാതെ സ്വാതന്ത്ര്യത്തോടെയാണ് സി.എൻ. ഇടപെട്ടിരുന്നത്. കേരള ഇസ്ലാമിക്സെമിനാർ, ശരീഅത്ത് പരിഷ്കരണപ്രവർത്തനങ്ങൾ, ശാബാനു കേസുമായി ബന്ധപ്പെട്ട ചർച്ചകൾ തുടങ്ങിയവയിൽ എൻ.പി.യോടൊപ്പം സി.എൻ. മൗലവിയുടേയും സജീവമായ സാന്നിധ്യമുണ്ടായിരുന്നു. ശരീഅത്തിനെക്കുറിച്ചുണ്ടായ വിവാദത്തിൽ മുസ്ലിം പണ്ഡിതന്മാരുടെ കൂട്ടത്തിൽ വേറിട്ടുനിന്നത് സി.എൻ. മൗലവിയുടെ ശബ്ദമായിരുന്നു. മതപണ്ഡിതനായിരുന്നിട്ടും ഇത്തരം വിവാദങ്ങളുണ്ടായപ്പോൾ പരിഷ്കരണവാദികളായ എൻ.പി.യെ പോലുള്ളവരുടെ പക്ഷത്തു നിന്നുകൊണ്ടാണ് സി.എൻ. ഇടപെട്ടത്.

''മൗലവിയുടെ ഗവേഷണങ്ങൾ എപ്പോഴുമെന്നെ സ്പർശിച്ചിരുന്നു'' (മുഹമ്മദ്, എൻ.പി. 2005:22). ഗവേഷണാടിസ്ഥാനത്തിലുള്ള ധാരാളം ഗ്രന്ഥങ്ങൾ രചിച്ച മൗലവി മലയാളഭാഷയോടുള്ള തന്റെ പ്രതിപത്തി പലനിലയ്ക്കും തെളിയിച്ചിട്ടു

ണ്ട്. വിശുദ്ധ ഖുർആന് ആദ്യമായി മലയാളപരിഭാഷ തയ്യാറാക്കിയ മൗലവി, നബിവചനസമാഹാരമായ 'സഹിഹുൽബുഖാരിയും' മലയാളത്തിലേക്ക് പരിഭാഷ പ്പെടുത്തിയിട്ടുണ്ട്. 'ഇസ്‌ലാം ഒരു സമഗ്രപഠനം', 'ഇസ്ലാം ചരിത്രം', 'ഇസ്‌ലാമിലെ ധനവിതരണ പദ്ധതി', 'മഹത്തായ മാപ്പിളസാഹിത്യപാരമ്പര്യം' തുടങ്ങിയ കൃതി കൾ മുസ്‌ലിം തത്വചിന്തയെ മലയാളികളുടെ പരിചയസീമയിലേക്ക് കൊണ്ടുവന്നു. കേരളമുസ്ലീങ്ങളുടെ സാംസ്കാരികധാരയെ അറബിയിൽനിന്നും അറബിമലയാള ത്തിൽനിന്നും മലയാളത്തിലേക്ക് കൊണ്ടുവരാൻ ശ്രമിച്ചു എന്ന ചരിത്രപരമായ ദൗത്യം സി.എൻ. മൗലവി നിർവ്വഹിച്ചു. കൂടാതെ 'അൻസാരി മാസിക', 'ആസാദ് പ്രസ്സ്' എന്നിവയും മൗലവി നടത്തിയിരുന്നു.

എൻ.പി.യുടെ സാംസ്കാരികജീവിതത്തിന്റേയും വൈയക്തികജീവിതത്തി ന്റേയും ഭാഗം തന്നെയായിരുന്നു സി.എൻ. മൗലവി. ''ഈ വലിയ മനുഷ്യനേയും എന്നെയും ബന്ധിപ്പിക്കുന്ന അജ്ഞാതമായ ചരടുണ്ട്'' (മുഹമ്മദ്, എൻ.പി. 2005:21) എൻ.പി.യുടെ പിതാവിന്റെ ഉറ്റസുഹൃത്തായ സി.എൻ. മൗലവിയാണ് എൻ.പി.യുടേയും മക്കളുടെയുമെല്ലാം വിവാഹത്തിന് കാർമ്മികത്വം വഹിച്ചത്. എൻ.പി.കുടുംബവുമായി അടുത്തബന്ധം പുലർത്തിയിരുന്ന മൗലവി രോഗശയ്യ യിലും എൻ.പി.യെ സന്ദർശിക്കാറുണ്ടായിരുന്നു.

അസാധാരണകൃതികൾ പ്രസിദ്ധീകരിക്കണമെന്ന ലക്ഷ്യത്തോടെ എം.ടി. യും എൻ.പി.യും അഴീക്കോടും ചേർന്ന് 'Classic book trust' എന്ന പ്രസിദ്ധീകര ണശാല തുടങ്ങുകയും അഴീക്കോടിനെക്കൊണ്ട് 'തത്വമസി' എഴുതിക്കുകയും ചെയ്തു. ഇസ്‌ലാമിക വിചിന്തനത്തെക്കുറിച്ച് പുസ്തകമെഴുതാൻ അവർ സമീപി ച്ചത് സി.എൻ. മൗലവിയേയായിരുന്നു. 'തത്വമസി'യുടെ പ്രസിദ്ധീകരണം സാധ്യമായെങ്കിലും സാങ്കേതിക കാരണങ്ങളാൽ ഇസ്‌ലാമിക വിചിന്തനത്തെക്കു റിച്ചുള്ള പുസ്തകം പ്രസിദ്ധീകരിക്കാനായില്ല എന്ന് എൻ.പി. സ്മരിക്കുന്നുണ്ട്.

''സി.എൻ. മൗലവിയുടെ പങ്കാളിത്തത്തോടെ രചിച്ച മഹത്തായ 'മാപ്പിളസാഹിത്യ പാരമ്പര്യം' എന്ന ഗ്രന്ഥത്തിന് കേരളസാഹിത്യ അക്കാദമിയുടെ സാമ്പത്തികസ ഹായം ലഭിക്കുകയുണ്ടായി. അക്കാലത്ത് അക്കാദമിയുടെ നിർവ്വാഹകസമിതി അംഗമായിരുന്ന എൻ.പി. മുഹമ്മദ് ആ കൃതിയുടെ വൈജ്ഞാനിക ഗവേഷണ മൂല്യം അക്കാദമിയെ ധരിപ്പിക്കാൻ ഇടയാക്കിയതാണ് മൗലവിക്ക് ഈ നേട്ടം നേടി ക്കൊടുത്തത്'' (മുഹമ്മദ്കോയ, എസ്.എം. ഡോ. 2005:333). സി.എൻ.മൗലവി യോടൊത്തുള്ള എൻ.പി.യുടെ ചരിത്രനിമിഷങ്ങൾ അവരുടെ ആത്മബന്ധത്തിന്റെ നിദർശനങ്ങളാണ്.

സംഘടനകളുടേയോ പ്രസ്ഥാനങ്ങളുടേയോ ഭാഗമാകാതെ തികച്ചും സ്വത ന്ത്രനായാണ് മൗലവി പ്രവർത്തിച്ചത്. സ്വന്തം സമുദായത്തിൽനിന്നുതന്നെ ധാരാളം വിമർശനങ്ങളേറ്റുവാങ്ങിയ സി.എൻ, എൻ.പി.ക്ക് ഗുരുനാഥനായിരുന്നു. വിമർശനങ്ങളേയും വെല്ലുവിളികളേയും അതിജീവിച്ചുകൊണ്ട് മുന്നോട്ടുനീങ്ങുന്ന തിനുള്ള കരുത്ത് എൻ.പി.ക്ക് കിട്ടിയത് ഇത്തരം പ്രതിഭകളുമായിട്ടുണ്ടായിരുന്ന സമ്പർക്കവും സംവാദങ്ങളുമായിരുന്നു. എൻ.പി.യുടെ ആശയലോകത്തെ സമ്പ ന്നമാക്കുന്നതിൽ സി.എൻ. ചെറുതല്ലാത്ത പങ്കുവഹിച്ചിട്ടുണ്ട്.

### 2.7.5. രാഷ്ട്രീയ ഗുരു – മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ്

ഇന്ത്യൻ സ്വാതന്ത്ര്യസമര നേതാക്കളിലെ കർമ്മധീരരായ നേതാക്കന്മാരിൽ ഒരാളായിരുന്നു മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ്. അചഞ്ചലചിത്തനും തികഞ്ഞ ദേശീയവാദിയുമായിരുന്ന അബ്ദുറഹ്മാൻ സാഹിബ് എൻ.പി.മുഹമ്മ ദിന് ആദർശപുരുഷനായിരുന്നു. രാഷ്ട്രീയപ്രബുദ്ധതയും സാമൂഹ്യപരിഷ്കര ണവും സാഹിബിന്റെ മുഖമുദ്രകളായിരുന്നു. തികഞ്ഞ അജ്ഞതയിൽമുഴുകി ജീ വിച്ച തന്റെ സമുദായത്തിന്റെ ഉന്നമനത്തിനായി പോരാടിയ സാഹിബ്, പൗരോഹി ത്യ-പ്രഭുത്വ മേൽക്കോയ്മയിൽനിന്നുണ്ടായ എതിർപ്പുകളെ ധീരമായി നേരിട്ടു.

ഉത്തമ ദൈവവിശ്വാസിയായ സാഹിബ് ദൈവത്തിന്റെ മുമ്പിലല്ലാതെ മറ്റാരുടെ മുമ്പിലും തലകുനിച്ചില്ല. സത്യസന്ധനും ധീരനുമായ സാഹിബ് കേരളരാഷ്ട്രീയ ത്തിന്റെ 'വീരപുത്രൻ' എന്നാണ് അറിയപ്പെട്ടത്.

സാഹിബിന്റെ സമുന്നതമായ വ്യക്തിത്വം ആരിലും ആദരവുണ്ടാക്കി. ഹൈസ്കൂൾ കാലഘട്ടം മുതൽ എൻ.പി, അബ്ദുറഹ്മാൻ സാഹിബിന്റെ അൽ-അമീൻലോഡ്ജിൽ താമസിച്ചുകൊണ്ടാണ് പഠിച്ചത്. സാഹിബിന്റെ ആത്മസുഹൃ ത്തായിരുന്നു എൻ.പി.യുടെ പിതാവായ അബുസാഹിബ്. രാഷ്ട്രീയപ്രവർത്തന ത്തിലും മറ്റും സാഹിബിന്റെ കൂടെ എൻ.പി.യുടെ പിതാവും സജീവമായിരുന്നു. അതുകൊണ്ടുതന്നെ വളരെ ചെറുപ്പം മുതലേ എൻ.പി.ക്ക് സാഹിബ് ചിരപരിചിത നായിരുന്നു. ''ആകർഷണീയമായ ആകാരം പോലെ സാഹിബിന്റെ ആദർശ പ്രഭാവം ഞങ്ങളുടെ മനസ്സിനെ കീഴടക്കി. സാഹിബ് ആദർശപുരുഷനായി മാറി. എന്റെ മനസ്സിൽ ഇന്നും സാഹിബിനോടുള്ള ആഭിമുഖ്യം പച്ചവെച്ച് നിൽക്കുന്നു'' (മുഹമ്മദ്, എൻ.പി. 2002:15)

അൽ-അമീൻ ലോഡ്ജും പരിസരവും രാഷ്ട്രീയചർച്ചകളാൽ മുഖരിത മായിരുന്നു. അവിടെ സന്ദർശനത്തിനെത്താറുണ്ടായിരുന്ന നേതാക്കന്മാരുടെ ചർച്ച കളും സംവാദങ്ങളും എൻ.പി.ക്ക് രാഷ്ട്രീയചിന്തകളുടെ ബാലപാഠങ്ങളായിരുന്നു. എൻ.പി.യുടെ രാഷ്ട്രീയചിന്തകളുടെ ഉറവിടം തന്നെ സ്വന്തം കുടുംബവും അൽ-അമീൻ ലോഡ്ജും ആയിരുന്നു. ഒരു ഗ്രന്ഥമായി വിശുദ്ധഖുർആൻ മാത്രമേ എൻ. പി.യുടെ വീട്ടിൽ ഉണ്ടായിരുന്നുള്ളൂ. അൽ-അമീനിലെ സഹവാസം എൻ.പി.ക്ക് പുസ്തകങ്ങളുടെ വിശാലമായ ലോകത്തെ പരിചയപ്പെടുത്തി. എൻ.പി.യുടെ വായന വികസിക്കുന്നതും രാഷ്ട്രീയചിന്തകൾക്ക് തീക്ഷ്ണത കൈവരുന്നതും അൽ-അമീൻ ലോഡ്ജിൽ വെച്ചാണ്.

വിദ്യാഭ്യാസകാലത്തുതന്നെ സാമൂഹ്യപ്രവർത്തനത്തിൽ സജീവമായിരുന്ന അബ്ദുറഹ്മാന്റെ പ്രധാനലക്ഷ്യം മുസ്ലീങ്ങളെ വിദ്യാഭ്യാസപരമായി ഉയർത്തി

ക്കൊണ്ടുവരിക എന്നതായിരുന്നു. ഇന്ത്യയിലെ ജനങ്ങൾ ബ്രിട്ടീഷ് ആധിപത്യ ത്തിനുകീഴിൽ ദുരിതമനുഭവിക്കുന്ന സമയത്താണ് മൗലാനാ അബുൽകലാം ആസാദ് രചിച്ച 'ഖിലാഫത്ത് ആന്റ് ജസീറത്തുൽ അറബ്' എന്ന ഗ്രന്ഥം സാഹി ബിനെ സ്വാധീനിക്കുന്നത്. അതിൽനിന്നും പ്രചോദനം ഉൾക്കൊണ്ടുകൊണ്ടാണ് നിലവിലുള്ള ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ സെക്രട്ടറി സ്ഥാനം അദ്ദേഹം ഏറ്റെടു ക്കുന്നത്. തുടർന്നങ്ങോട്ട് ഇന്ത്യൻ സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളിലും അദ്ദേഹം സജീവമായിരുന്നു.

സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട് കടുത്തപീഡനങ്ങളും ജയിൽവാ സവും അദ്ദേഹം അനുഭവിക്കുകയുണ്ടായി. അൽ-അമീൻ, ദ ഹിന്ദു, ബോംബെ ക്രോണിക്കിൾ തുടങ്ങിയ പത്രങ്ങളിലൂടെ തന്റെ സന്ദേശങ്ങൾ ജനങ്ങളിലേക്കെ ത്തിക്കാൻ ശ്രമിച്ചു. ഉപ്പുസത്യാഗ്രഹത്തോടനുബന്ധിച്ച് 'ജിഹാദുൽ അക്ബർ' എന്ന ശീർഷകത്തിൽ ജയിലിൽ നിന്നെഴുതിയ മുഖപ്രസംഗം അൽ-അമീൻ പ്രസി ദ്ധീകരിക്കുകയുണ്ടായി. ''സ്വരാജ്യസ്നേഹം സത്യവിശ്വാസത്തിന്റെ അംശമാണെ ങ്കിൽ, സ്വാതന്ത്ര്യസന്ദേശത്തെ പ്രകീർത്തനം ചെയ്യുന്ന ഒരു മതമാണ് ഇസ്‌ലാമെ ങ്കിൽ മാതൃരാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനും മോക്ഷത്തിനും വേണ്ടി സർവ്വസ്വവും ബലികഴിച്ചുകൊണ്ട് ദൈവമാർഗത്തിൽ ജീവത്യാഗം ചെയ്യേണ്ടത് യഥാർത്ഥമുസ്ലി ങ്ങളുടെ കടമയാണ്'' (റഷീദ്,എം. 1994:58).

മർദ്ദിതരും ചൂഷിതരുമായ ജനങ്ങൾക്കുവേണ്ടി വാദിച്ച ധീരനായിരുന്നു സാഹിബ്. അദ്ദേഹം സംബന്ധിച്ച യോഗങ്ങളിലും പൊതുപരിപാടികളിലുമെല്ലാം മതേതര ഇന്ത്യയുടെ ഭാവിയെക്കുറിച്ചുള്ള ആശങ്ക പങ്കുവെച്ചു. അയൽവാസിയായ ഹിന്ദുക്കളോട് ശത്രുതയിൽ വർത്തിക്കരുതെന്ന് മുസ്ലിം സഹോദരന്മാരെ ഉപദേശിച്ചു. ധീരത, ത്യാഗം, സത്യസന്ധത, ദേശസ്നേഹം, മതേതരത്വം,തുട ങ്ങിയ ഗുണങ്ങളെല്ലാം സാഹിബിൽ പ്രകടമായിരുന്നു.

ദേശീയവാദിയും മതേതരവാദിയും ജനാധിപത്യവാദിയുമായി തന്റെ കർമ്മമേഖലയെ സജീവമാക്കിയ എൻ.പി. മുഹമ്മദിനെ അബ്ദുറഹ്മാൻ സാഹിബിന്റെ രാഷ്ട്രീയചിന്തകൾ വലിയൊരളവിൽ സ്വാധീനിച്ചിട്ടുണ്ട്. സാമൂഹിക തിന്മകൾക്കെതിരെ ഉറച്ച ശബ്ദത്തിൽ പ്രതികരിക്കാനും ധീരമായ പത്രപ്രവർത്തനം കാഴ്ചവെക്കാനും എൻ.പി.ക്ക് സാധ്യമായതിനു പിറകിൽ സാഹിബിനെപ്പോലുള്ള കർമ്മധീരന്മാർ നൽകിയ വെളിച്ചം മഹത്തരമാണ്. അബ്ദുറഹ്മാൻ സാഹിബിനെ ആസ്പദമാക്കി ഒരു നോവൽ രചിക്കുക എന്നത് എൻ.പി. മുഹമ്മദിന്റെ തീവ്രമായ അഭിലാഷമായിരുന്നു. അങ്ങിനെയാണ് എൻ.പി.യുടെ സാഹിത്യജീവിതത്തിലെ അവസാനനോവലായ 'മുഹമ്മദ് അബ്ദുറഹ്മാൻ ഒരു നോവൽ' എന്ന കൃതി രൂപംകൊള്ളുന്നത്. ''തീവ്ര പ്രക്ഷോഭകാരിയായ രാഷ്ട്രീയപ്രവർത്തകൻ പൂവിതളിന്റെ മൃദുലതയുള്ള മനുഷ്യനാകുന്ന ദൃശ്യം ആത്മീയമാനത്തോടെ വരയാനാണ് താൻ ശ്രമിക്കുന്നതെന്ന് ഈ നോവലിനെക്കുറിച്ച് എൻ.പി. അഭിപ്രായപ്പെട്ടിട്ടുണ്ട്'' (മുഹമ്മദ്, എൻ.പി. 2004:8). എൻ.പി.യുടെ പങ്കാളിത്തത്തോടെ അബ്ദുറഹ്മാൻ സാഹിബിന്റെ ബൃഹത്തായ ജീവചരിത്രഗ്രന്ഥം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

### 2.7.6. ദേശീയബോധത്തിന്റെ കരുത്ത്-ഇ. മൊയ്തു മൗലവി

മലബാറിലെ ദേശീയപ്രസ്ഥാനത്തിന്റെ സമുന്നതമായ നേതാക്കളിൽ ഒരാളായിരുന്നു ഇ.മൊയ്തു മൗലവി. എൻ.പി.മുഹമ്മദിന്റെ പിതാവായിരുന്ന എൻ.പി. അബുസാഹിബിന്റെ ആത്മസുഹൃത്തായിരുന്നു അദ്ദേഹം. അബ്ദുറഹ്മാൻസാഹിബ്, ഇ.മൊയ്തുമൗലവി, എൻ.പി.അബു, കെ.മാധവൻനായർ തുടങ്ങിയവരുടെ കൂട്ടായ്മയിലൂടെയാണ് ദേശീയബോധത്തിന്റെ കരുത്തും മഹത്വവും എൻ.പി. അടുത്തറിഞ്ഞത്. അബ്ദുറഹ്മാൻസാഹിബിന്റെ അൽ-അമീൻ ലോഡ്ജായിരുന്നു ഈ സംഘത്തിന്റെ രാഷ്ട്രീയചർച്ചകളുടെ വേദി. അചഞ്ചലചിത്തനും വിപ്ലവകാരിയും പുരോഗമനവാദിയുമായിരുന്നു അദ്ദേഹം. മതവിശ്വാസികൾ സങ്കുചിതവീക്ഷണം പുലർത്തരുതെന്നും അവർ വിശാലഹൃദയമുള്ളവരായിരിക്കണ

മെന്നും മൗലവി വിശ്വസിച്ചു. ദേശീയതയിൽ അടിയുറച്ചു വിശ്വസിച്ചുകൊണ്ട് തന്റെ കർമ്മമേഖലകളെ ഊർജ്ജസ്വലമാക്കിയ മൗലവി എൻ.പി.ക്ക് മാർഗദർശി യായിരുന്നു. "നിങ്ങൾ എന്ന വലിയമനുഷ്യൻ എന്നിലക്കാലങ്ങളിലുണ്ടാക്കിയ സങ്കൽപ്പം വാക്കുകൾകൊണ്ട് കടഞ്ഞെടുക്കാൻ ആശിക്കുന്നു".(മുഹമ്മദ്, എൻ.പി. 1989:53) എന്ന് മൗലവിയെ അനുസ്മരിച്ചു കൊണ്ടെഴുതിയ ലേഖനത്തിൽ എൻ.പി. പ്രസ്താവിക്കുന്നുണ്ട്.

മുസ്ലിം സമുദായത്തിൽ നിലനിന്നിരുന്ന അന്ധവിശ്വാസങ്ങളെയും ദുരാചാ രങ്ങളെയും പുരോഗമനസംഘടനകളുടെ ഭാഗമായി നിന്ന് എതിർക്കുകയും പരിഷ് കരണോന്മുഖ പ്രവർത്തനങ്ങളിൽ മൊയ്തു മൗലവി പങ്കാളിത്തം വഹിക്കുകയും ചെയ്തു. ദ്വിരാഷ്ട്രവാദത്തെ ശക്തമായി എതിർത്ത മൗലവി യാഥാസ്ഥിതിക വാദികൾക്ക് കാഫിറായിരുന്നു. മൗലവിക്ക് നേരിടേണ്ടിവന്ന ദുരനുഭവങ്ങൾ നേരിട്ടനുഭവിച്ച എൻ.പി.മുഹമ്മദിന് മൗലവി ആദർശപുരുഷനായിരുന്നു. മുസ്ലിമാ ണെന്നതിലും ഇന്ത്യക്കാരനാണെന്നതിലും ഒരുപോലെ അഭിമാനിക്കുന്ന മൊയ്തു മൗലവി ദ്വിരാഷ്ട്രമെന്ന യുക്തിയെ നിരന്തരം വെല്ലുവിളിച്ചത് എൻ.പി. ഓർക്കുന്നു. "വടക്കെ ഇന്ത്യയിലെ മുസ്ലീങ്ങൾ പാക്കിസ്ഥാൻ സ്ഥാപിച്ചാൽ തെക്കെ ഇന്ത്യ യിലെ മുസ്ലിംകൾക്കെന്തു മെച്ചം?"(മുഹമ്മദ്, എൻ.പി. 1989:54). എന്നു ചോദിക്കാ നുള്ള ആർജ്ജവം മൗലവിക്കുണ്ടായിരുന്നു. മൗലവിയുടെ വാദങ്ങൾ നിരാകരിച്ച യാഥാസ്ഥിതികർക്ക് അദ്ദേഹം ഹിന്ദുക്കളുടെ ഏജന്റായിരുന്നു.

രാഷ്ട്രീയാഭിമുഖ്യത്തോടെ പ്രവർത്തിക്കുന്ന സാമുദായികസംഘടനകൾ പിരിച്ചുവിടണമെന്ന അഭിപ്രായം മൗലവി പലപ്പോഴും ഉന്നയിച്ചിട്ടുണ്ട്. ദേശീയ ഐക്യത്തിന് ഇത്തരം സംഘടനാപ്രവർത്തനങ്ങൾ പോറലേൽപിക്കുമെന്ന് അദ്ദേഹം വിശ്വസിച്ചു. വർഗ്ഗീയതയെയും മതരാഷ്ട്രവാദത്തേയും അങ്ങേയറ്റം എതിർത്ത മൗലവി അധികാരരാഷ്ട്രീയത്തോട് വിമുഖനായിരുന്നു. അബ്ദുറ

ഫാൻസാഹിബ് അവസാനമായി മൊയ്തു മൗലവിക്ക് നൽകിയ ഉപദേശവും അധികാരത്തിൽനിന്നുള്ള തിരിഞ്ഞുനടത്തമായിരുന്നു. മൊയ്തുമൗലവിയുടെ പ്രസംഗത്തിൽനിന്നും എൻ.പി. ഗ്രഹിച്ച ഈ ഉപദേശം മൊയ്തു മൗലവിയുടെ ജീവിതാദർശംതന്നെയായിരുന്നു എന്ന് എൻ.പി. തിരിച്ചറിയുന്നു. "നമ്മുടെ കക്ഷി അധികാരത്തിലേറും നമുക്ക് അധികാരം കിട്ടും. പക്ഷേ നാം അധികാരത്തിന്റെ പുറത്താകണം. അധികാരമുള്ള കക്ഷിയുടെ ഉള്ളിൽ നാം പ്രതിപക്ഷമായി രിക്കണം. (മുഹമ്മദ്, എൻ.പി. 1989:57).

ഉത്തമനായ ഒരു മതവിശ്വാസിയായിക്കൊണ്ടുതന്നെ മതാതീതമായ രാഷ് ട്രീയപ്രവർത്തനം നടത്താൻ കഴിയുമെന്ന് തന്റെ ജീവിതത്തിലൂടെ അദ്ദേഹം തെളി യിച്ചു. ദേശീയമുസ്ലിം എന്ന മതനിരപേക്ഷമുദ്ര ഉയർത്തിപ്പിടിച്ച് ധീരമായി മുന്നേ റിയ മൗലവിയുടെ ദേശീയബോധം എൻ.പി.ക്ക് വലിയ പ്രചോദനം നൽകിയി ട്ടുണ്ട്. പിൽക്കാലത്ത് ഒരു ദേശീയവാദിയും മതേതരവാദിയുമായ മുസ്ലിം എന്ന നിലയിലാണ് സാമൂഹികരംഗത്ത് എൻ.പി. അറിയപ്പെട്ടത്. വർഗ്ഗീയശക്തികളോടും അധികാരരാഷ്ട്രീയത്തോടും അകലം പാലിച്ചുകൊണ്ട് മതേതര ഇന്ത്യക്കുവേണ്ടി വാദിക്കാനും സാമൂഹികപുരോഗതിക്കുവേണ്ടി ശബ്ദിക്കാനുമുള്ള പ്രേരണയും പ്രചോദനവും ലഭിച്ചത് മൊയ്തു മൗലവിയെപ്പോലുള്ള കർമ്മധീരന്മാരുടെ ജീവിതാനുഭവങ്ങളിൽനിന്നാണ്.

### 2.7.7. നവചിന്തകൾ-എം.എൻ റോയിയിൽ നിന്നും

ഇരുപതാം നൂറ്റാണ്ടിന്റെ ചരിത്രത്തിൽ വിപ്ലവകാരിയും വിപ്ലവചിന്തകനു മായി നിറഞ്ഞുനിന്ന വ്യക്തിയാണ് എം.എൻ. റോയി. ബംഗാളിലെ മിഡ്നാപൂർ ജില്ലയിലെ ക്ഷേപുട ഗ്രാമത്തിൽ 1883-ൽ ഒരു സാധാരണ കുടുംബത്തിലാണ് മാന വേന്ദ്രനാഥ റോയ് എന്ന എം.എൻ.റോയ് ജനിക്കുന്നത്. പതിനാലാമത്തെ വയസ്സു മുതൽ രാഷ്ട്രീയപ്രവർത്തനങ്ങളിൽ സജീവമായി. പതിനെട്ട് ഭാഷകൾ സ്വായത്ത മാക്കിയ റോയ്, പല രാജ്യങ്ങളിലും പല നേതാക്കന്മാരുമായും ചിന്തകന്മാരുമായും

സമ്പർക്കത്തിലും സംവാദത്തിലുമേർപ്പെട്ട് തന്റേതായ പാത സൃഷ്ടിച്ചെടുത്തു. ദേശീയ വിപ്ലവകാരിയായും കമ്മ്യൂണിസ്റ്റ് വിപ്ലവകാരിയായും പ്രവർത്തിച്ച എം. എൻ.റോയ് ആ പ്രസ്ഥാനങ്ങളോട് ആശയപരമായി വിയോജിക്കുകയും 'പുതിയ ഹ്യൂമനിസം' (New Humanism) എന്ന ചിന്താരീതി വളർത്തിയെടുക്കുകയും ചെയ്തു. എം.എൻ.റോയിയുടെ സങ്കീർണ്ണമായ ജീവിതപരിസരത്തെ ലളിതമായി പ്രതിപാദിക്കുക യുക്തിസഹമല്ല.

ദേശീയതലത്തേക്കാളുപരി അന്താരാഷ്ട്രതലത്തിലാണ് റോയ് ഏറെ ശ്രദ്ധി ക്കപ്പെട്ടത്. ഒരു കമ്മ്യൂണിസ്റ്റ് എന്ന നിലയിൽ ജീവിതത്തിലേറെക്കാലവും ചെലവ ഴിച്ച റോയിക്ക് കമ്മ്യൂണിസം ഒരാദർശമായിരുന്നു. കമ്മ്യൂണിസ്റ്റാദർശങ്ങളിൽ അധി കാരത്തിന്റെ അധീശത്വം പ്രകടമായിത്തുടങ്ങിയപ്പോൾ ആ വീഴ്ചയെ അദ്ദേഹം വിമർശിച്ചു. ഔദ്യോഗിക കമ്മ്യൂണിസത്തിന്റെ വിമർശകനായതോടുകൂടി റോയ് കമ്മ്യുണിസ്റ്റ് ഇന്റർനാഷനിൽനിന്നും പുറത്തായി. കമ്മ്യൂണിസത്തെ പുനർവിചി ന്തനത്തിന് വിധേയമാക്കിയ അദ്ദേഹം പുതിയൊരു തത്വത്തിലാണ് എത്തിച്ചേർന്ന ത്. ഹ്യൂമനിസമെന്ന ആദർശം റോയിയിലേക്ക് കടന്നുവരുന്നതിന്റെ പശ്ചാത്തലമാ യിരുന്നു ഇത്. ''ഓരോ തത്വത്തിന്റേയും പരാജയം ചിന്താശാലികളെ പുതിയ ചിന്തയിലേക്ക് തിരിച്ചുവിടുകയാണ് ചെയ്യുന്നത്'' (ഗോവിന്ദൻ എം. 1993 : 284) എന്ന എം. ഗോവിന്ദന്റെ നിരീക്ഷണം റോയിയെ സംബന്ധിച്ച് പ്രസക്തമാണ്.

ദേശീയ-അന്തർദേശീയതലങ്ങളിൽ ധാരാളം സൗഹൃദങ്ങൾ നിലനിർത്തിയി രുന്ന സവിശേഷവ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്. ആ വ്യക്തിത്വത്തെ എം. ഗോവിന്ദൻ വിലയിരുത്തുന്നത് ഇപ്രകാരമാണ്. ''ചിന്താപരവും രാഷ്ട്രീയപരവു മായ കാര്യങ്ങളിൽ മാത്രമല്ല വ്യക്തിപരമായ സംഗതികളിലും സൗഹൃദപുരസ്സരം ഉപദേശങ്ങൾ അദ്ദേഹം നൽകിയിരുന്നു. നേതാവിന്റെ ഔദ്ധത്യമോ അസ്പൃശ്യ മനോഭാവമോ ഒരിക്കലുമദ്ദേഹം പ്രകടിപ്പിച്ചില്ല. സഹപ്രവർത്തകന്മാരെ ഇത്ര ത്തോളം സ്നേഹിക്കുകയും അവരുമായി സാഹോദര്യം സ്ഥാപിക്കുകയും

ചെയ്‌വാൻ സാധ്യമായ നേതാക്കന്മാർ സാധാരണഗതിയിൽ ഉണ്ടാവാറില്ല. പക്ഷേ റോയിയുടെ ഉയർന്നചിന്തകളുടെ ഉത്ഭവകേന്ദ്രം സ്നേഹമായിരുന്നു'' (ഗോവിന്ദൻ. എം. 1993:235)

സർഗ്ഗാത്മകസാഹിത്യത്തേക്കാളുപരി എൻ.പി. മുഹമ്മദിനെ സ്വാധീനിച്ചത് ആശയപ്രപഞ്ചങ്ങളായിരുന്നു. ആശയതലത്തിൽ എം.ഗോവിന്ദനും എം.എൻ. റോയിയും എൻ.പി.യെ ആഴത്തിൽ സ്വാധീനിച്ചിട്ടുണ്ട്. എം.ഗോവിന്ദനിലൂടെ യാണ് എൻ.പി. റോയിയെക്കുറിച്ച് അറിയുന്നത്. രണ്ടാംലോകമഹായുദ്ധകാലത്ത് റോയ് ബ്രിട്ടീഷുകാരിൽ നിന്നും പണം പറ്റിയിരുന്നു എന്ന വാർത്ത മുൻപേ അറി ഞ്ഞിരുന്ന എൻ.പി. അദ്ദേഹത്തെ സംശയദൃഷ്ടിയോടെയാണ് വീക്ഷിച്ചിരുന്നത്. ''റോയിയുടെ ആശയങ്ങളുടെ സുവ്യക്തതയും കരുത്തും എന്നെ ആകർഷിച്ചത് പിൽക്കാലത്താണ്. 'The Reason Revolution and Romantisism' എന്ന റോയ് കൃതിയുടെ രണ്ടു വാല്യങ്ങൾ വായിക്കാനിടയായത് എന്റെ മനസ്സിൽ പുതിയചിന്ത കൾ ഉടലെടുക്കുന്നതിന് കാരണമായി'' (മുഹമ്മദ് എൻ.പി. 2002 : 11). റോയിയും അദ്ദേഹം ആവിഷ്കരിച്ച 'റാഡിക്കൽ ഹ്യൂമനിസ'മെന്ന ചിന്താപദ്ധതിയും എൻ. പി.യുടെ സാഹിത്യത്തേയും ചിന്തകളേയും സ്വാധീനിച്ചിട്ടുണ്ട്.

#### 2.7.7.1. റാഡിക്കൽ ഹ്യൂമനിസം

മനുഷ്യനും മാനുഷികമൂല്യങ്ങൾക്കും പ്രഥമപരിഗണന നൽകുന്ന ഒരു ചിന്താപദ്ധതിയാണ് ഹ്യൂമനിസം. അഭിനവസംസ്കാരത്തിന്റെ വിശ്വാസപരമായ അടിത്തറ മനുഷ്യമഹത്വത്തിന് പരമപ്രാധാന്യം നൽകുന്ന ഹ്യൂമനിസമാണ്. പ്രാചീനമതങ്ങൾ മനുഷ്യനേയും അവന്റെ വ്യക്തിത്വത്തേയും നിസ്സാരവത്കരിക്കു കയും വിധിയുടെ മുന്നിലെ നിസ്സഹായരായ ഇരകളായി അവനെ ഗണിക്കുകയും ചെയ്തപ്പോൾ അതിനെ എതിർത്തുകൊണ്ട് മനുഷ്യമഹത്വത്തെ ഉദ്ഘോഷിച്ചു കൊണ്ടാണ് ഹ്യൂമനിസം പിറവിയെടുക്കുന്നത്. ഏഥൻസിൽ വെച്ച് രൂപംകൊള്ളു

കയും പിന്നീട് ഒരന്തർദേശീയമായ ആദർശമായി രൂപപ്പെടുകയും ചെയ്ത ഹ്യൂമ നിസത്തിന്റെ അടിസ്ഥാനതത്വം മനുഷ്യവർഗ്ഗത്തിന്റെ മഹത്വത്തിന്റേയും പരിശുദ്ധി യുടേയും മൂലകങ്ങളെ പുനരവതരിപ്പിക്കുക എന്നതായിരുന്നു.

മനുഷ്യന് സർവ്വപ്രാധാന്യം നൽകുന്ന ഒരു ചിന്താപദ്ധതി എന്ന നിലയിൽ സൈദ്ധാന്തികവും പ്രായോഗികവുമായ തലങ്ങളിൽ ഹ്യൂമനിസം വളർച്ചപ്രാപിക്കു ന്നത് നവോത്ഥാനത്തോടുകൂടിയാണ്. സാംസ്കാരിക നവോത്ഥാനത്തിന്റെ കാത ലായ ചിന്താധാരയും ഹ്യൂമനിസമാണ്. ഹ്യൂമനിസം ഒരു കർമ്മപദ്ധതിയായി ഉൾക്കൊള്ളുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നവരാണ് ഹ്യൂമനി സ്റ്റുകൾ. സ്വന്തം യുക്തിയും ചിന്തയും അഭൗമമായ ശക്തിവിശേഷങ്ങൾക്ക് കീഴ്പെടുത്തിയിരിക്കുന്നവരെ അതിൽനിന്നും മോചിപ്പിച്ച് അവരെ പുരോഗതിയി ലേക്ക് നയിക്കുക എന്നതായിരുന്നു ഹ്യൂമനിസത്തിന്റെ വിമോചകസങ്കൽപ്പം. മനു ഷ്യസ്നേഹത്തിനു പുറമെ വ്യക്തിസ്വാതന്ത്ര്യത്തേയും ജാതി-മത-വർഗ്ഗ-ബോധ ത്തിനുപരിയായി നിലകൊള്ളുന്ന സാർവ്വലൗകികമായ സമത്വത്തേയും സൗഹാർദ്ദ ത്തേയും ഹ്യൂമനിസം വിലമതിക്കുന്നു. ഉത്തമസാഹിത്യത്തിന്റെ മുഖ്യസ്വഭാവം തന്നെ ഹ്യൂമനിസമാണ്. മനുഷ്യമഹത്വത്തെ ഉദ്ഘോഷിക്കുന്ന സാഹിത്യമാണ് ഹ്യൂമനിസ്റ്റ്സാഹിത്യം. സാഹിത്യകാരൻ എല്ലായ്പ്പോഴും ഹ്യൂമനിസത്തിന്റെ വക്താവാണ്.

മാനവികതാവാദികളിൽ പ്രമുഖനായ എം.എൻ.റോയ് രൂപപ്പെടുത്തിയെ ടുത്ത ഒരാശയമാണ് 'റാഡിക്കൽ ഹ്യൂമനിസം'. മാർക്സിസത്തിൽ ആകൃഷ്ട നായി പ്രവർത്തനമാരംഭിച്ച അദ്ദേഹം പിന്നീട് ആ ആശയവുമായി വിയോജിക്കു കയും 'റാഡിക്കൽ ഡെമോക്രാറ്റിക് പാർട്ടി' രൂപീകരിച്ച് അതിന്റെ സംഘാടകനും നേതാവുമായി മാറുകയും ചെയ്തു. പിന്നീട് റാഡിക്കൽ ഡെമോക്രാറ്റിക് പാർട്ടി പിരിച്ചുവിടുകയും സർഗ്ഗാത്മകമായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന റാഡിക്കൽ ഹ്യൂമനിസ്റ്റായിത്തീരുകയും ചെയ്തു. 1940-കളിലാണ് ഇന്ത്യ

യിൽ ഹ്യൂമനിസം സജീവമാകുന്നത്. റോയ് ആവിഷ്കരിച്ച റാഡിക്കൽ ഹ്യൂമനിസത്തിൽ സ്വാതന്ത്ര്യത്തിനാണ് പ്രാധാന്യം. സർവ്വ ആധിപത്യങ്ങളേയും നിഷേധിക്കുന്ന റാഡിക്കൽ ഹ്യൂമനിസ്റ്റുകൾ അറിവും അന്വേഷണവും നേടി സ്വന്തം വ്യക്തിത്വത്തെ വളർത്തി മറ്റുള്ളവർക്ക് വെളിച്ചമേകാൻ കഴിവുള്ളവരാകണം. എം.എൻ.റോയിയുടെ റാഡിക്കൽ ഹ്യൂമനിസം രാഷ്ട്രീയ-സാമ്പത്തികമേഖലകൾക്ക് വിചാരതലത്തിലും പ്രയോഗതലത്തിലും കൂടുതൽ പ്രാമുഖ്യം നൽകുകയുണ്ടായി. സാമൂഹികപരിവർത്തനത്തിന്റേയും ജനാധിപത്യത്തിന്റേയും സന്ദേശങ്ങൾ റാഡിക്കൽ ഹ്യൂമനിസ്റ്റുകൾ ലോകമെങ്ങും പ്രചരിപ്പിക്കാൻ യത്നിച്ചു.

മനുഷ്യൻ എന്ന ലക്ഷ്യംവെച്ച് തൂലിക ചലിപ്പിച്ചവരാണ് റാഡിക്കൽ ഹ്യൂമനിസ്റ്റുകൾ. റാഡിക്കൽ ഹ്യൂമനിസത്തെ സംബന്ധിച്ച എം.എൻ.റോയിയുടെ നിരീക്ഷണം ജീവചരിത്രകാരനായ എൻ.ദാമോദരൻ രേഖപ്പെടുത്തിയിട്ടുണ്ട്. "ലക്ഷ്യം മാർഗ്ഗത്തെ ന്യായീകരിക്കുമെന്ന് വിശ്വസിക്കുന്ന രാഷ്ട്രീയയന്ത്രമല്ല റാഡിക്കലിസം. അതിൽ വ്യക്തിക്കും ധാർമ്മികമൂല്യങ്ങൾക്കുമാണ് പ്രാധാന്യം. മനുഷ്യനാണ് എല്ലാറ്റിന്റെയും അളവുകോൽ എന്ന് അത് വിശ്വസിക്കുന്നു. സമൂഹത്തിലെ ഓരോ വ്യക്തിക്കും ലഭ്യമാക്കുന്ന സ്വാതന്ത്ര്യത്തിന്റെ പശ്ചാത്തലത്തിലാണ് സാമൂഹ്യനീതിയുടെ പ്രാധാന്യം നാം പരിഗണിക്കുന്നത്. പുതിയ വിപ്ലവത്തെ സംബന്ധിച്ച കാഴ്ചപ്പാടിന്റെ അടിസ്ഥാനം അതാണ്. മനുഷ്യസ്വാതന്ത്ര്യത്തിന്റെ എല്ലാ പ്രവാചകരും മനുഷ്യനെ കേന്ദ്രമാക്കിക്കൊണ്ടുള്ള ഒരു ദർശനത്താൽ എക്കാലവും പ്രചോദിതരാണ്" (ദാമോദരൻ, എൻ. 2007:301).

#### 2.7.7.2 എൻ.പി. മുഹമ്മദും റാഡിക്കൽ ഹ്യൂമനിസവും

എം.എൻ.റോയിയും റാഡിക്കൽ ഹ്യൂമനിസവും എൻ.പി.യുടെ കർമ്മരംഗത്തേക്ക് കടന്നുവരുന്നത് എം.ഗോവിന്ദന്റെ പ്രവർത്തനങ്ങളിലൂടെയാണ്. പിൽക്കാലത്ത് സംഘടിതരാഷ്ട്രീയപ്രവർത്തനങ്ങളിൽനിന്നും പിന്മാറിയ ഗോവിന്ദൻ

ധൈഷണികതലത്തിൽ റോയിയുടെ റാഡിക്കൽ ഹ്യൂമനിസത്തെ ശക്തിപ്പെടുത്താൻ ശ്രമിച്ചു. നവസാഹിതി, ഗോപുരം, സമീക്ഷ തുടങ്ങിയ പ്രസിദ്ധീകരണങ്ങൾ റോയിയുടെ ഗ്രന്ഥങ്ങൾ പരിചയപ്പെടുത്തുകയും സ്വാതന്ത്ര്യമെന്ന ആശയത്തെ ഉയർത്തിപ്പിടിക്കുകയും ചെയ്തു. കേരളത്തിലെ ആദർശശാലികളായ റോയിസ്റ്റുകളിൽ പ്രധാനകളായിരുന്നു എം. ഗോവിന്ദൻ, എൻ. ദാമോദരൻ, എം.വി. ദേവൻ തുടങ്ങിയവർ. 'മനുഷ്യൻ' എന്ന ലക്ഷ്യം വെച്ച് തൂലിക ചലിപ്പിച്ചവരാണിവർ. "ഓരോ റാഡിക്കൽ ഹ്യൂമനിസ്റ്റും വിജ്ഞാനത്തിന്റെ പന്തം കാട്ടികളാകണം" (ദാമോദരൻ, എൻ.1993:236). എന്ന എൻ. ദാമോദരന്റെ നിരീക്ഷണം ശ്രദ്ധേയമാണ്. അറിവിനും അന്വേഷണത്തിനുമായി ജീവിതം വിനിയോഗിച്ചവരാണ് റാഡിക്കൽ ഹ്യൂമനിസ്റ്റുകൾ.

ഈ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടുള്ള ഒരു പ്രവർത്തനരീതിയായിരുന്നു എൻ.പി.യും സ്വീകരിച്ചിരുന്നത്. എം.എൻ. റോയിയുടെ റാഡിക്കൽ ഹ്യൂമനിസം 'ഗോപുരം','സമീക്ഷ' തുടങ്ങിയ പ്രസിദ്ധീകരണങ്ങളിലൂടെയും റോയിയുടെ പുസ്തകങ്ങളിലൂടെയും എൻ.പി.സ്വായത്തമാക്കി. ഈ റോയിസ്റ്റ് സ്വാധീനം എൻ.പി.യുടെ സാഹിത്യജീവിതത്തിലും സാംസ്കാരികജീവിതത്തിലും പതിഞ്ഞിട്ടുണ്ട്. 'ന്യൂ ഹ്യൂമനിസമെന്ന' എം.എൻ.റോയിയുടെ കൃതിയുടെ ശീർഷകത്തെ അനുസ്മരിക്കുന്ന രീതിയിൽ 'മാനുഷ്യകം' എന്ന പുസ്തകം എൻ.പി.രചിച്ചിട്ടുണ്ട്. കൂടാതെ 'ഉൾവെളിച്ചം' എന്ന എൻ.പി.കൃതിയുടെ ശീർഷകവും ഇത്തരമൊരു ചിന്താധാരയുടെ സൂക്ഷ്മതലങ്ങളെ അനാവരണംചെയ്യുന്നു. വിജ്ഞാനസമ്പാദനം ജീവിതത്തിന്റെ ഭാഗമാക്കിയ വ്യക്തിയായിരുന്നു അദ്ദേഹം. പരന്നവായന പതിവാക്കിയ എൻ.പി.ക്ക് വിശ്വസാഹിത്യത്തിലും ദേശീയ അന്തർദേശീയതലങ്ങളിലെ സാമൂഹിക-രാഷ്ട്രീയ സംഭവങ്ങളിലും നല്ല ധാരണയുണ്ടായിരുന്നു.

ഏതൊരുതരം മേധാവിത്വവും എതിർക്കപ്പെടേണ്ടതും വർജിക്കപ്പെടേണ്ടതുമാണ് എന്ന ചിന്ത റോയിസ്റ്റ് ഹ്യൂമനിസത്തിന്റെ കാതലായ വശമാണ്. ഈ

ആധിപത്യനിഷേധം എൻ.പി.യുടെ സാഹിത്യത്തിൽ നിറഞ്ഞുനിൽക്കുന്നു. 'നാവ്', 'തങ്കവാതിൽ' 'ഹിരണ്യകശിപു' തുടങ്ങിയ നോവലുകളിലും ഒട്ടനേകം ചെറുകഥകളിലും ഈ ആധിപത്യനിഷേധം കടന്നുവരുന്നുണ്ട്. പത്രപ്രവർത്തക നെന്ന നിലയിലും സാമൂഹികപ്രവർത്തകനെന്ന നിലയിലുമുള്ള അദ്ദേഹത്തിന്റെ ഇടപെടലുകളിൽ ആധിപത്യത്തിനെതിരെയുള്ള പോരാട്ടം പ്രകടമാണ്.

സ്വാതന്ത്ര്യം, ജനാധിപത്യം, സോഷ്യലിസം, വർഗ്ഗീയത, ഫാസിസം തുട ങ്ങിയ സമസ്യകളെ ധൈഷണികതലത്തിൽ വിശകലനവിധേയമാക്കിയ എൻ.പി. ഇവയെ സംബന്ധിച്ച് ധാരാളം എഴുതുകയും ഫാസിസത്തിനെതിരെ നിതാന്തജാ ഗ്രതയോടെ പ്രതികരിക്കുകയും ചെയ്തിട്ടുണ്ട്. താൻ ഉൾക്കൊള്ളുന്ന സമുദാ യത്തിന്റെ സാമൂഹികമായ പ്രശ്നങ്ങളെ താത്വികമായി വിശകലനം ചെയ്യുന്ന 'ഇന്ത്യൻ മുസ്ലിംകളും സെക്യുലർ ഡമോക്രസിയും' എന്ന കൃതിയിലുമെല്ലാം റാഡിക്കൽ ഹ്യൂമനിസമെന്ന ചിന്താധാരയുടെ സൂക്ഷ്മാംശങ്ങൾ പ്രതിഫലിക്കു ന്നുണ്ട്.

### 2.7.7.3. ഹ്യൂമനിസ്റ്റ് എഴുത്തുകാർ

എൻ.പി.യുടെ സാഹിത്യാനുഭവങ്ങളെ സമ്പന്നമാക്കിയതിൽ ഇന്ത്യൻ നോവലുകൾക്കും വൈദേശികനോവലുകൾക്കും വലിയ പങ്കുണ്ട്. ഇംഗ്ലീഷ് സാഹിത്യത്തിൽ മാത്രമല്ല ലോകസാഹിത്യത്തിന്റെ ഭാഗമായ മിക്ക കൃതികളേയും എൻ.പി. വായനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. സമ്പന്നമായ വായനാനുഭങ്ങളുണ്ടാ യിട്ടും വളരെ കുറച്ചുമാത്രം എഴുതിയ പ്രതിഭാധനനായ എൻ.പി.യെ ഹ്യൂമനിസ്റ്റിക് വീക്ഷണമുള്ള സാഹിത്യകാരന്മാരും ചിന്തകന്മാരുമാണ് ഏറ്റവും കൂടുതൽ ആകർഷിച്ചിട്ടുള്ളത്. ഇരുപതാം നൂറ്റാണ്ടിൽ അമേരിക്കയിൽ ജീവിച്ചിരുന്ന ആപ്ടൺ സിൻക്ലയറും വില്യം ഫോക്നറും മാനവികവീക്ഷണം പുലർത്തിയിരുന്ന സാഹിത്യകാരന്മാരായിരുന്നു. ഈ എഴുത്തുകാരുടെ രചനകൾ തന്നെ ആകർഷി ച്ചതായി എൻ.പി. അഭിപ്രായപ്പെട്ടിട്ടുണ്ട്.

### 2.7.7.3.1. ആപ്ടൺ സിൻക്ലയർ

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ അമേരിക്കൻസാഹിത്യത്തിലെ ശ്രദ്ധേയനായിരുന്നു ആപ്ടൺ സിൻക്ലയർ. 'ദ ജംഗിൾ', 'ബ്രാസ്സ് ചെക്ക്, 'കിംഗ് കോൾ', 'ഡ്രാഗൺ ടീത്ത്', 'ദ കോൾ വാർ' തുടങ്ങി നൂറോളം കൃതികൾ അദ്ദേഹം രചിച്ചിട്ടുണ്ട്. അമേരിക്കയുടെ സാമൂഹികവും സാമ്പത്തികവുമായ സാഹചര്യ ങ്ങൾ നോവലുകളിലൂടെയും ലേഖനങ്ങളിലൂടെയും പ്രതിപാദ്യവിഷയമാക്കി. മുത ലാളിത്തവ്യവസ്ഥിതിയുടെ അനീതികളെ ചോദ്യംചെയ്ത അദ്ദേഹം തൊഴിലാളി വർഗ്ഗങ്ങളുടെ ദാരിദ്ര്യത്തെ തുറന്നുകാട്ടി. സ്വതന്ത്ര പത്രപ്രവർത്തനത്തിന്റെ പരിമി തികളെ തുറന്നു കാണിക്കുകയും മഞ്ഞപ്പത്രങ്ങൾക്കെതിരെ പ്രതികരിക്കുകയും ചെയ്ത 'ദ ബ്രാസ്സ് ചെക്ക്' എന്ന കൃതി ഒരു സാമൂഹ്യവിപ്ലവം തന്നെ സൃഷ്ടിക്കു കയുണ്ടായി. മനുഷ്യനായിരുന്നു ആപ്ടൺ സിൻക്ലയറുടെ എല്ലാകൃതികളുടേയും കേന്ദ്രം.

എൻ.പി. എഴുത്തിലേക്ക് പ്രവേശിച്ചു തുടങ്ങിയ കാലത്ത് ആപ്ടൺ സിൻക്ല യർ തന്നെ സ്വാധീനിച്ചതായി അദ്ദേഹത്തിന്റെ പ്രസ്താവനകളിൽനിന്നും വ്യക്തമാ കുന്നുണ്ട്. ''ആപ്ടൺ സിൻക്ലയർ ആയിരുന്നു അന്നെന്റെ ഫേവറയിറ്റ് ഓഥർ'' (മുഹമ്മദ്, എൻ.പി. 2006:251 ). എഴുത്തിന്റെ പരീക്ഷണഘട്ടങ്ങളിൽ സിൻക്ലയറുടെ 'സിൽവയുടെ കല്യാണം' എന്ന കൃതിയുടെ ആശയം ഉൾക്കൊണ്ടുകൊണ്ട് എൻ. പി. ഒരു ചെറുകഥ രചിച്ചിട്ടുണ്ട്. ഈ കഥ സി.ജെ.തോമസിന്റെ കീഴിൽ പ്രവർത്തി ച്ചിരുന്ന 'ഡെമോക്രാറ്റ് വാരിക'യിൽ പ്രസിദ്ധീകരിച്ചുവരികയും ചെയ്തു. ആ കഥയ്ക്ക് കലാമൂല്യം കുറവാണ് എന്ന വിമർശനം മാരാരിൽ നിന്നും സി.ജെ. തോമസ്സിൽ നിന്നും എൻ.പി. നേരിടുകയുണ്ടായി.

സിൻക്ലയറുടെ പ്രസിദ്ധമായ കൃതിയായിരുന്നു 'ദി ജംഗിൾ'. ഷിക്കാഗോ യിലെ ഫാക്ടറിതൊഴിലാളികളുടെ ജീവിതസംഘർഷങ്ങൾ പ്രതിപാദിക്കുന്ന

കൃതിയായിരുന്നു ഇത്. അമേരിക്കയിലെ സമകാലിക സാമൂഹിക-രാഷ്ട്രീയ ജീവിതത്തെ പ്രതിപാദിച്ചുകൊണ്ട് 'ലാനിബെഡ് പരമ്പര' എന്ന പേരിൽ പതിനൊന്ന് നോവലുകൾ സിൻക്ലയർ രചിച്ചിട്ടുണ്ട്. നശിച്ചുകൊണ്ടിരിക്കുന്ന മാനവ സംസ്കൃതിയുടെ നാശം പൂർണ്ണമാകുന്നതും ആ ചാരത്തിൽനിന്നും ജീവന്റെ അനശ്വരചോദനകൾ മനുഷ്യനെ ഉയർത്തെഴുന്നേൽപ്പിക്കുന്നതുമാണ് ഇവയിലെ സങ്കൽപ്പം. മാനവികവീക്ഷണം നിറഞ്ഞു നിൽക്കുന്ന സിൻക്ലയർ കൃതികളുടെ പാരായണത്തെക്കുറിച്ച് രാമു കാര്യാട്ടിനെ അനുസ്മരിച്ചുകൊണ്ടെഴുതിയ ലേഖനത്തിൽ എൻ.പി. ഇപ്രകാരം പ്രസ്തവിക്കുന്നുണ്ട്. ''ആപ്ടൺ സിൻക്ലയറുടെ കൃതികൾ വായിക്കലായിരുന്നു എനിക്ക് സുഖം. അത് നിങ്ങളിലേക്കും പകർന്നു''. (മുഹമ്മദ് എൻ.പി. 2006:259) താൻ ഇഷ്ടപ്പെടുന്ന കൃതികളെക്കുറിച്ചുള്ള അറിവ് മറ്റുള്ളവരിലേക്കും പകരാനുള്ള താത്പര്യം എൻ.പി.യുടെ സവിശേഷതയായിരുന്നു. വിപുലമായ ഇത്തരം വായനകൾ സാഹിത്യത്തേക്കാളുപരി എൻ.പി.യുടെ ചിന്താമണ്ഡലത്തേയാണ് സ്വാധീനിച്ചിട്ടുള്ളത്.

### 2.7.7.3.2. വില്യം ഫോക്നർ

വിഖ്യാതനായ അമേരിക്കൻസാഹിത്യകാരനാണ് വില്യം ഫോക്നർ. ഇരുപതാം നൂറ്റാണ്ടിലെ അമേരിക്കയിലെ തെക്കൻനാടുകളിലെ ജനജീവിതമാണ് അദ്ദേഹത്തിന്റെ മിക്കകൃതികളിലും ചിത്രീകരിച്ചിരിക്കുന്നത്. നാടൻശൈലിയിൽ കഥപറഞ്ഞുപോകുന്ന ഫോക്നർ കൃതികളുടെ അന്തസത്ത ഹ്യൂമനിസമാണ്. നഷ്ടപ്പെടുത്തിക്കളഞ്ഞ മനുഷ്യത്വം വീണ്ടെടുക്കുക മാത്രമേ രക്ഷയുള്ളൂ എന്ന ആദർശമാണ് ഫോക്നർ കൃതികൾ പങ്കുവെയ്ക്കുന്നത്. പതിനെട്ടോളം നോവലുകൾ ഇദ്ദേഹം രചിച്ചിട്ടുണ്ട്. 'ദ ഫേബിൾ', 'അബ്സാലോ', 'ദി സൗണ്ട് ആന്റ് ദി ഫ്യൂറി', 'മൊസ്കിറ്റോസ്', 'സാർട്ടൊറീസ്' തുടങ്ങിയവയാണ് പ്രധാനകൃതികൾ. ആധുനിക അമേരിക്കൻ സാഹിത്യത്തിന് ഫോക്നർ നൽകിയ വിലപ്പെട്ട സംഭാവനകൾ

പരിഗണിച്ചുകൊണ്ട് 1949-ൽ നൊബേൽ സമ്മാനം നൽകി അദ്ദേഹത്തെ ആദരിക്കുകയുണ്ടായി.

ഫോക്നറുടെ മഹത്തായ നോവലും ഇരുപതാം നൂറ്റാണ്ടിന്റെ മഹത്തായ നോവലുമായി നിരൂപകരാൽ വിശേഷിപ്പിക്കപ്പെട്ട കൃതിയാണ് 'ദി സൗണ്ട് ആന്റ് ദി ഫ്യൂറി'. ദാർശനികഗരിമയും ഹ്യൂമനിസ്റ്റിക് കാഴ്ചപ്പാടും നിറഞ്ഞ ഫോക്നർ കൃതികൾ എൻ.പി.യുടെ സാഹിത്യപാരായണത്തെ സമ്പന്നമാക്കിയിട്ടുണ്ട്. ഫോക്നർ കൃതികളിൽ ആവേശംകൊണ്ട എൻ.പി. ഫോക്നറെ സംബന്ധിച്ച് ലേഖനമെഴുതുകയുണ്ടായി. തന്റെ വായനാനുഭവം മറ്റുള്ളവരിലേക്കും പകർന്ന എൻ.പി. എം.ടി. വാസുദേവൻനായരെ ഫോക്നർകൃതികൾ വായിക്കാൻ പ്രേരിപ്പിക്കുകയുണ്ടായി. എം.ടി.ക്ക് 'ദി സൗണ്ട് ആന്റ് ദ ഫ്യൂറി' വായനയ്ക്ക് വഴങ്ങിയില്ല. മൂന്നു പ്രാവശ്യം വായിച്ചിട്ടും മനസ്സിലാകാത്തവരോട് നാലാമതും വായിക്കാൻ എൻ.പി. നിർദ്ദേശിക്കുന്നത് എം.ടി. കേൾക്കാറുണ്ടായിരുന്നു. ഫോക്നർകൃതികളുടെ മഹത്വം തിരിച്ചറിഞ്ഞ മലയാളസാഹിത്യകാരന്മാരിൽ അപൂർവ്വമൊരാളാണ് എൻ.പി.മുഹമ്മദ്. എഴുത്തുകാരൻ മനുഷ്യന്റെ ഭാവിയിൽ വിശ്വസിക്കണമെന്ന ഫോക്നറുടെ സന്ദേശം തന്നെയായിരുന്നു എൻ.പി.യിലും പ്രകടമായിരുന്നത്.

### 2.8. സാഹിത്യചിന്തകൾ-പഠനങ്ങൾ

എൻ.പിയുടെ സമ്പന്നമായ വായനാനുഭവങ്ങൾ സാഹിത്യത്തെക്കുറിച്ച് സൂക്ഷ്മമായി ചിന്തിക്കുന്നതിനും പഠനവിധേയമാക്കുന്നതിനും കാരണമായിട്ടുണ്ട്. 'മാനുഷ്യകം'(1981), 'മന്ദഹാസത്തിന്റെ മൗനരോദനം'(1990), 'പുകക്കുഴലും സരസ്വതിയും' (1968) തുടങ്ങിയ കൃതികളിലും മാതൃഭൂമി ആഴ്ചപ്പതിപ്പിലെ 'കാഴ്ചപ്പാടുകൾ' എന്നീ കോളത്തിലുമെല്ലാം സാഹിത്യസംബന്ധിയായ പഠനങ്ങളുണ്ട്. ഉന്നതമായ സാസ്കാരികബോധവും കലാലാവണ്യവും നിറഞ്ഞുനിൽക്കുന്ന ഈ പഠനങ്ങൾ സാഹിത്യത്തിന്റെ സൂക്ഷ്മതലങ്ങളിലേക്ക് എൻ.പിയുടെ ചിന്തകൾ

വ്യാപരിച്ചതിന്റെ നിദർശനങ്ങളാണ്. ഈ സാഹിത്യപഠനങ്ങളിൽ ഒരു വിഭാഗം സാഹിത്യപ്രരൂപങ്ങളെ കുറിച്ചുള്ളതാണ്. ചെറുകഥ, നോവൽ, ആത്മകഥ, സയൻസ്ഫിക്ഷൻ, രമ്യോപന്യാസങ്ങൾ, വടക്കൻപാട്ടുകൾ തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. കൂടാതെ ഐതിഹ്യങ്ങൾ, പുരാവൃത്തങ്ങൾ, സാഹിത്യവും സിനിമയും, യന്ത്രവത്ക്കരണവും സാഹിത്യവും, സാഹിത്യചരിത്രരചനയിലെ പ്രശ്നങ്ങൾ, എഡിറ്റിംഗ്, കത്തുകളുടെ സാഹിത്യമൂല്യങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട മൗലികമായ അന്വേഷണങ്ങളും എൻ.പി നടത്തിയിട്ടുണ്ട്. വിശ്വസാഹിത്യത്തിൽ നിന്നും കണ്ടെടുക്കുന്ന ഉദാഹരണങ്ങൾ ഈ ലേഖനങ്ങളെ ഈടുറ്റതാക്കുന്നു.

### 2.8.1. നോവൽസങ്കൽപ്പങ്ങൾ

വിജ്ഞാനപ്രദവും പഠനാർഹവുമാണ് 'മഹത്തായനോവൽ' എന്ന ലേഖനം. മഹത്തായനോവലിനെക്കുറിച്ചുള്ള എൻ.പി.യുടെ സങ്കൽപ്പങ്ങൾ അനാവരണം ചെയ്യുന്നതിനോടൊപ്പം അദ്ദേഹത്തിന്റെ സാംസ്കാരികദർശനവും ഈ ലേഖനത്തിൽ തെളിഞ്ഞുകാണാം. കാലദേശത്തിനതീതമായി നിലകൊള്ളുന്ന നോവലുകളിൽ മഹത്തായ ചില നോവലുകളുണ്ടെന്നും അത്തരം നോവലുകളെ മഹത്വത്തിലേക്കുയർത്തുന്ന ചില ഘടകങ്ങളുണ്ടെന്നും എൻ.പി സമർത്ഥിക്കുന്നു. "അരൂപവും വികലവും വിരസവുമായ നിത്യജീവിതം നന്മതിന്മകളെക്കുറിച്ചുള്ള സങ്കൽപ്പങ്ങളുടെ മൂശയിലൂടെ എഴുത്തുകാരൻ അതിനനുയോജ്യമായ ശൈലിയിൽ ആവിഷ്കാരംചെയ്യുമ്പോൾ അതിനു മഹത്വത്തിന്റെ പരിവേഷം താനെ വരുന്നു. നിത്യജീവിതത്തിന്റെ പകർപ്പല്ല, നിത്യജീവിതം ഇങ്ങനെ യായിരുന്നെങ്കിൽ എത്ര നന്നായേനെ എന്ന സ്വപ്നമാണ് മഹത്തായ നോവൽ" (മുഹമ്മദ്, എൻ.പി. 1981:17). എഴുത്തുകാരന്റെ ദർശനമാണ് മഹത്തായ നോവലിന്റെ സൃഷ്ടിക്ക് നിദാനം. സംസ്കൃതജീവിതത്തെക്കുറിച്ചുള്ള നോവലിസ്റ്റിന്റെ സങ്കൽപ്പമാണ് ഈ ദർശനമെന്നും മാനവജീവിതത്തിന്റെ ദീർഘകാലചരിത്രത്തിൽ നിന്നുരുത്തിരിഞ്ഞു വരുന്ന സമൂഹസ്വഭാവമായ സംസ്കാരം പല ജീവിതഖണ്ഡികകളിലും കുരുങ്ങി

ക്കിടക്കുകയാണെന്നും ആ സംസ്കാരത്തെ അനാവരണം ചെയ്യുന്നതാണ് മഹത്തായ നോവലെന്നും എൻ.പി സമർത്ഥിക്കുന്നു.

"നോവലിനെ മഹത്വത്തിലേക്കുയർത്തുന്ന പ്രധാനഘടകം സംസ്കാര ത്തെക്കുറിച്ചുള്ള നോവൽക്കാരന്റെ ഉദാത്തമായ ദർശനമാണ്...അത് വികാരം, ഭാഷ, ശൈലി, മിത്തുകൾ ഇവയോടൊപ്പം കൂടിക്കുഴഞ്ഞിരിക്കുന്നു" (മുഹമ്മദ്, എൻ.പി. 1981:24). മഹത്തായ നോവലുകളിൽനിന്നും സംസ്കാരത്തിന്റെ അന്തർ ധാരകൾ കണ്ടെത്താനാകുമെന്ന് അദ്ദേഹം കരുതുന്നു. പലകാലങ്ങളിലായി എഴു തിയ മഹത്തായ നോവലുകളിൽനിന്നും സംസ്കാരത്തിന്റെ ബഹിർസ്ഫുരണ മുണ്ടാകും. ഒരു നിരൂപകന് അതു കണ്ടെടുക്കാനാകുമെന്നാണ് എൻ. പി.യുടെ പക്ഷം. ഈയൊരു പശ്ചാത്തലത്തിൽ മലയാളനോവലുകളെ വിലയിരുത്തുന്ന എൻ.പി സംസ്കാരത്തെക്കുറിച്ചുള്ള ദാർശനികമായ സങ്കൽപ്പത്തിന്റെ അഭാവം നമ്മുടെ എഴുത്തുകാരിൽ പ്രകടമാണ് എന്ന നിരീക്ഷണത്തിൽ എത്തുന്നു. എങ്കിലും മഹത്വത്തിലേക്കുയരാൻ ശ്രമിക്കുന്ന നോവലുകളിൽ പരിഗണിക്കാവുന്ന കൃതിയായി സി.വി.കൃതികളെ എൻ.പി. വിലയിരുത്തുന്നു. നന്മതിന്മകളുടെ സംഘർഷം സി.വി കൃതികളിൽ പ്രകടമാണ്. അവ കണ്ടെടുക്കുന്നതിൽ നാം പരാ ജയപ്പെട്ടതായും കിരീടവും സിംഹാസനവും അരമനയും സമ്മാനിച്ച നിറപ്പകിട്ടിൽ മഹത്വമാർന്ന കഥാപാത്രങ്ങളെ നാം വിസ്മരിച്ചതായും എൻ.പി നിരീക്ഷിക്കുന്നു. 'സുഭദ്ര'യെപ്പോലൊരു കഥാപാത്രത്തെ നമ്മുടെ സാഹിത്യലോകത്ത് കണ്ടത്തുക ദുഷ്കരമാണ്. 'ഇന്ദുലേഖ' അനുകരിക്കപ്പെടാൻ വളരെയേറെ സാധ്യതകൾ നൽ കുന്ന കഥാപാത്രമാണെന്നും ബഷീറിന്റെ 'കുഞ്ഞിപ്പാത്തുമ്മ'യിൽപോലും അതിന്റെ നിഴൽ കണ്ടെത്താനാകുമെന്നും എൻ.പി സമർത്ഥിക്കുന്നു. 'കറുത്തമ്മ', 'ഉമ്മാച്ചു' എന്നീ കഥാപാത്രങ്ങളിൽ 'സുഭദ്ര'യുടെ ഉൾത്തുടിപ്പുകളുണ്ട് എന്ന വസ്തുതയും എൻ.പി. മുമ്പോട്ട്വെക്കുന്നു. മഹത്തായനോവലിനെ ഒരത്ഭുതപ്പിറവി

എന്ന് വിശേഷിപ്പിച്ച എൻ.പി. മഹത്തായനോവലുകളെ ഇങ്ങനെ വിലയിരു ത്തുന്നു.“മഹാനായ നോവലെഴുത്തുകാരൻപോലും മഹത്തായ നോവലെഴുതാതെ മരിച്ചുവീണേക്കാം. അതൊരു സങ്കൽപ്പസ്വർഗ്ഗമായി അകലെ നിൽക്കുന്നു. മഹ ത്തായനോവൽ കാറ്റിന്റെ നിറം ആലേഖ്യം ചെയ്യുവാനുള്ള മഹാനായ എഴുത്തു കാരന്റെ മഹായജ്ഞമാണ്”(മുഹമ്മദ് എൻ.പി. 1981:25) എന്ന് മഹത്തായ നോവലിനെ എൻ.പി. വിലയിരുത്തുന്നു.

### 2.8.2. ചെറുകഥാ നിരീക്ഷണങ്ങൾ

എൻ.പിയുടെ അപഗ്രഥനരീതിയുടെ മികച്ച നിദർശനമാണ് ‘എന്താണ് ചെറുകഥ’ എന്ന പ്രബന്ധം. ചെറുകഥയുടെ അനിർവ്വചനീയത, ഒരോ നിർവ്വചന ങ്ങളുടെയും അപര്യാപ്തത എന്നിവ വ്യക്തമാക്കുന്നതോടൊപ്പം ചെറുകഥയിലെ ഊന്നൽനൽകേണ്ട സവിശേഷതകൾ, ചെറുകഥ എന്ന സാഹിത്യരൂപത്തിന്റെ വ്യാവർത്തകരൂപങ്ങൾ തുടങ്ങിയവയും വിശദീകരിക്കുന്നു. “ജീവിതതാൽപര്യം ഉണർത്താൻ കഴിഞ്ഞെങ്കിൽ മാത്രമേ മൗലികവും സ്വതന്ത്രവുമായ ചെറുകഥ ഉണ്ടാവുന്നുള്ളൂ. ഇതു കണ്ടെത്താനുള്ള എഴുത്തുകാരന്റെ പ്രതിഭയാണ് ചെറുകഥ യുടെ അസ്തിത്വം. അത് തികച്ചും വൈയക്തിക പ്രതിഭാപ്രസരണമാണ്, ഏകാന്ത തയുടെ കലാരൂപമാണ്, അത് രൂപഭാവാദികളിൽ ഒതുങ്ങുകയില്ല. അഗാധതാത് പര്യമുണർത്താനുള്ള കാല്പനികശേഷി കാഥികനു വേണം” (മുഹമ്മദ്, എൻ.പി. 1981:31). വിശ്വസാഹിത്യത്തിലെ അനേകം ചെറുകഥാകൃത്തുക്കളെയും ചെറുകഥാ സന്ദർഭങ്ങളെയും ചൂണ്ടിക്കാണിച്ചുകൊണ്ടാണ് ഈ സാഹിത്യരൂപത്തിന്റെ സവി ശേഷതകളെ എൻ.പി വ്യക്തമാക്കുന്നത്. ബൊക്കാച്ചിയോ, ഹെൻറി ജയിംസ് എന്നിവരുടെ കഥകൾ, സ്റ്റീഫൻ ക്രയിനിന്റെ ‘ദ ഓപൺബോട്ട്’, നോർമെൻ മെയി ലറുടെ ‘മൃതരും മനുഷ്യരും’, ചെഖോവിന്റെ ‘ഓമന’, ഷേർലി ആൻഗ്രോയുടെ ‘പടിഞ്ഞാട്ടു ചായുന്ന കാറ്റ്’, എഡിത്ത് വാട്ടന്റെ ‘റോമൻഫീഫർ’ തുടങ്ങി

ധാരാളം കഥകളെ ഉപജീവിക്കുന്നുണ്ട്. അകൃത്രിമമായ രചനകളിൽ സ്ഥലകാലക്രിയൈക്യം തനിയെ വന്നുചേരുമെന്ന് പ്രസ്താവിക്കുന്ന എൻ.പി. കാരൂരിന്റെ 'മരപ്പാവകൾ', ടി.പത്മനാഭന്റെ 'സ്റ്റീഫൻ ഫെർണാണ്ടസ്', ഉറൂബിന്റെ 'നേരിയപ്രശ്നം', എം.ടി. യുടെ 'സ്ഥലപുരാണം' തുടങ്ങി ചില മലയാള ചെറുകഥകളെ നിദർശനമായി എടുത്തു കാണിക്കുന്നു. ജീവിതതാത്പര്യം, നാടകീയത, രംഗാവിഷ്കാരത്തിലും സംഭാഷണത്തിലും അന്തരീക്ഷസൃഷ്ടിയിലും കാണിക്കുന്ന മിതത്വം, ആവിഷ്കാരത്തിലെ സൂക്ഷ്മത, വിരുദ്ധഭാവങ്ങളുടെ സംയോജനം, ഏകാഗ്രത, കഥാന്ത്യം, സ്ഥലകാല ക്രിയൈക്യം, ഏകത്വബോധം എന്നിങ്ങനെ ഒരു ചെറുകഥ എന്തെല്ലാമായിരിക്കണമെന്ന് ഉദാഹരണങ്ങളിലൂടെ വ്യക്തമാക്കാനാണ് എൻ.പി ശ്രമിക്കുന്നത്. വിപുലമായ വായനാനുഭവവും ലോക സാഹിത്യപരിചയവുമുള്ള എൻ.പി. സൂക്ഷ്മമായ വിശകലനങ്ങളിലൂടെയാണ് ചെറുകഥാപ്രസ്ഥാനത്തെ അപഗ്രഥിക്കുന്നത്.

### 2.8.3. സാങ്കേതികയുഗത്തിലെ സാഹിത്യം

പുതിയ പരിഷ്കൃതികളും അവ വരുത്തുന്ന മാറ്റങ്ങളും ആഖ്യാനകലയെ എങ്ങനെ മാറ്റിമറിക്കുന്നു എന്നന്വേഷിക്കുന്ന ലേഖനമാണ് 'പുകക്കുഴലും സരസ്വതിയും'. മനുഷ്യജീവിതത്തെ അടക്കിഭരിക്കാൻ മാത്രം ടെക്നോളജി വളർന്നിരിക്കുന്നു. വികസിതരാജ്യങ്ങളുടെ സാമ്പത്തികാഭിവൃദ്ധിക്കു കാരണമായ വ്യവസായവത്കരണത്തെ സ്വീകരിക്കാൻ അവികസിത രാജ്യങ്ങൾ ശ്രമിക്കുമ്പോൾ യന്ത്രവത്കരണം തന്നെയാണ് നടപ്പിൽവരുന്നത്. ഈ മാറ്റങ്ങൾ ജനങ്ങളുടെ ജീവിതത്തെയും അവയുമായി ബന്ധപ്പെട്ട സാഹിത്യാദികലകളെയും ഏതെല്ലാം തരത്തിൽ സ്വാധീനിക്കും എന്ന ചിന്തയാണ് ഈ ലേഖനത്തിലൂടെ എൻ.പി. പങ്കുവെക്കുന്നത്.

യന്ത്രവത്കരണം ജീവിതത്തെ എത്രമാത്രം അഗാധമായി ബാധിക്കുന്നു എന്നതിനെ താത്വികമായി സമീപിക്കുന്ന ധാരാളം സാഹിത്യകൃതികൾ ഉണ്ടായിട്ടുണ്ട്. യന്ത്രങ്ങളുടെ പിൻബലത്തോടുകൂടിയുണ്ടായ സംസ്കാരം വ്യക്തികളെ എങ്ങനെയെല്ലാം ബാധിക്കുന്നു എന്ന് ഇത്തരം സാഹിത്യ കൃതികളുടെ പശ്ചാത്തലത്തിൽ എൻ.പി വിശകലനം ചെയ്യുന്നു. സാമുവൽ ബട്ല റുടെ 'എർവോൺ', സിൻക്ലയർ ലൂയിയുടെ 'എറോസ് മിത്ത്', ജോർജ് ഓർവെ ല്ലിന്റെ '1984', ആൾഡസ് ഹക്സലിയുടെ 'ധീരമായ നൂതന ലോകം', മേരി ഷെല്ലി യുടെ കൃതികൾ തുടങ്ങിയവ ഈ വിഭാഗത്തിൽപെടുന്നു. യന്ത്രങ്ങൾ വികാരങ്ങ ളെയും വികാരങ്ങൾ യന്ത്രങ്ങളെയും നശിപ്പിക്കുമോ എന്ന ചോദ്യമാണ് ബട്ലർ 'എർവോണിലൂ'ടെ പങ്കുവെക്കുന്നത്. മനുഷ്യൻ സൃഷ്ടിച്ചെടുത്ത യന്ത്രമനുഷ്യൻ, തന്നെ സൃഷ്ടിച്ചവനെയും അവന്റെ സഹജീവികളെയും നശിപ്പിക്കാൻ പോകുന്ന തിന്റെ ഭീകരമായ ചിത്രമാണ് മേരി ഷെല്ലി ആവിഷ്കരിക്കുന്നത്. സംഘടിത മുത ലാളിത്തത്തിന്റെ നേതൃത്വത്തിൽ നടത്തിവരുന്ന ഒരു പരീക്ഷണശാലയിൽ തടവുകാരനെപ്പോലെ കഴിയേണ്ടിവരുന്ന ഒരു ശാസ്ത്രജ്ഞന്റെ ദുരന്തമാണ് 'എറോസ് മിത്തി'ലൂടെ സിൻക്ലയർ ലൂയി ആവിഷ്കരിക്കുന്നത്.

ആൾഡസ് ഹക്സലി 'ധീരമായ നൂതനലോക'ത്തിലൂടെ അവതരിപ്പിക്കുന്ന ചിത്രം കുറെക്കൂടി ഭീകരമാണ്. ഓരോ ജോലിക്കും വേണ്ടി പ്രത്യേകം ടെസ്റ്റ്യൂബ് കുഞ്ഞുങ്ങളെ വളർത്തിയെടുക്കുകയും ആധുനിക മന:ശാസ്ത്രത്തിന്റെ ഭാഗമായ ബിഹേവിയറിസത്തിന്റെ വെളിച്ചത്തിൽ അവരുടെ മനസ്സുകൾ കണ്ടീഷൻ ചെയ്ത് സാമൂഹികഭദ്രതയുള്ള ഒരു സമൂഹത്തെ സൃഷ്ടിക്കുകയും ചെയ്യുന്നു. 1932-ൽ താൻ പ്രവചിച്ച കാര്യങ്ങൾ കുറെക്കൂടി മുമ്പ് നടപ്പിലാകുമെന്ന് മനസ്സിലാക്കിയ ഹക്സലി ഇതുസംബന്ധിച്ച ആശങ്കകൾ മറ്റൊരു ലേഖനത്തിൽ പങ്കുവെച്ചിട്ടുണ്ട്. 'നൂതനലോക'ത്തിലെ ഒരു കഥാപാത്രം ഒരു പ്രാകൃതനോട് (അമ്മക്ക് പിറന്ന മക

നോട്)പറയുന്നത് നോക്കുക. "ലോകം ഇപ്പോൾ ഭദ്രമാണ്. ജനങ്ങൾ സന്തുഷ്ടരാണ്. അവർക്ക് ആവശ്യമുള്ളതു ലഭിക്കുന്നു. അവർക്കു കിട്ടാത്തത് അവർ ഒരിക്കലും ആവശ്യപ്പെടുന്നില്ല. അവർ നല്ല നിലയിലാണ്; അവർ സുരക്ഷിതരാണ്. രോഗബാധിതരാകുന്നില്ല. അവർക്ക് മരണഭയമില്ല. പഴയ കാലത്തെയും ആഗ്രഹങ്ങളെയും കുറിച്ചവർ സുഖകരമായ അജ്ഞതയിലാണ്. അവരെ അച്ഛനമ്മമാരെന്ന പ്ലേഗ് ബാധിക്കുകകയില്ല. അവർക്ക് ദാരിദ്ര്യമില്ല, ഭാര്യമാരില്ല, സന്താനങ്ങളില്ല, തീവ്രവൈകാരികത്വം ഉത്പാദിപ്പിക്കാൻ കാമുകീകാമുകന്മാരില്ല. അവർ എങ്ങനെ പെരുമാറണമെന്ന് ശാസിച്ചിട്ടുണ്ട്. ആ രീതിയിൽ അവർക്ക് പെരുമാറാൻ കഴിയുകയില്ലെന്ന നിലയിൽ അവരെ കണ്ടീഷൻ ചെയ്തിരിക്കുന്നു" (മുഹമ്മദ്, എൻ.പി. 2006:46). വികാരവിചാരങ്ങളിൽനിന്നും മുക്തരായ, ആവശ്യാനുസരണം രൂപകല്പന ചെയ്തെടുത്ത മനുഷ്യരെക്കുറിച്ചുള്ള സങ്കൽപ്പമാണ് ഹക്സലി ഭീതിതമായ വിധത്തിൽ അവതരിപ്പിക്കുന്നത്.

യന്ത്രങ്ങളുണ്ടാക്കുന്ന അസാധാരണക്രമീകരണങ്ങൾ മനുഷ്യന്റെ ക്രമീകൃതമല്ലാത്ത വൈകാരികഭാവങ്ങളെ എങ്ങനെയാണ് ബാധിക്കുക എന്ന ആശങ്കയാണ് എൻ.പി.യുടെ ഇത്തരം പഠനങ്ങളിൽ പ്രതിഫലിക്കുന്നത്. വികസനസാധ്യതകൾ നൽകുന്ന ഒന്നായി വ്യവസായികവത്കരണത്തെ എൻ.പി കാണുന്നുണ്ടെങ്കിലും അമിതമായ യന്ത്രവത്ക്കരണം മനുഷ്യന്റെ നൈസർഗ്ഗികചോദനകളെ ഇല്ലാതാക്കിക്കളയുമോ എന്ന ആശങ്ക ബാക്കിയാവുന്നു. മനുഷ്യചോദനകളെ നശീകരണത്തിലേക്ക് തള്ളാതെ സമരസപ്പെട്ടുപോകാനുള്ള വഴികളെക്കുറിച്ചാണ് അദ്ദേഹം ചിന്തിക്കുന്നത്.

"അടിസ്ഥാനപ്രേരണകളെ ആധാരമാക്കിക്കൊണ്ടുള്ളതായിരിക്കണം സാംസ്കാരിക-ശാസ്ത്രീയരംഗങ്ങളിലെ പ്രവർത്തനം. ക്ലാസ്സിക്കുകളെയും പുരാണങ്ങളെയും കൂടുതൽ കൂടുതൽ ജനങ്ങളിലേക്ക് വ്യാപിപ്പിക്കണം. ശാസ്ത്രീയ മണ്ഡലത്തിൽ മനുഷ്യപ്രകൃതിയെക്കുറിച്ചുള്ള പഠനങ്ങൾ കൂടുതൽ വികസിപ്പി

ക്കേണ്ടതാണ്"(മുഹമ്മദ്, എൻ.പി. 2006:48). സങ്കീർണ്ണമായ മനുഷ്യപ്രകൃതിയെക്കുറിച്ചും മനുഷ്യമനസ്സിനെക്കുറിച്ചുമുള്ള പഠനങ്ങൾ വേണ്ടത്ര വികസിക്കാത്തത് ഒരു പരിമിതിയായി എൻ.പി കാണുന്നു. ഇത്തരം പഠനങ്ങളുടെ വികാസത്തിലൂടെ ജീവിതമാർഗമുണ്ടാക്കുന്ന വൈകാരികക്രമത്വവും അടിസ്ഥാനപ്രേരണകളും തമ്മിലുള്ള പൊരുത്തക്കേടിനെ ക്രമീകരിക്കാൻ കഴിയും എന്ന് എൻ.പി വിശ്വസിച്ചു. ഇതോടൊപ്പം സ്നേഹാധിഷ്ഠിതമായ വീക്ഷണവും വ്യാപകമാകേണ്ടത് അനിവാര്യമാണെന്നും എൻ.പി.സമർത്ഥിക്കുന്നു.

### 2.8.4. കുറ്റാന്വേഷണനോവലുകളും സയൻസ്ഫിക്ഷനുകളും

കുറ്റാന്വേഷണനോവലുകളെക്കുറിച്ചും കേരളീയമായ സാഹചര്യത്തിലുള്ള കുറ്റാന്വേഷണനോവലുകളുടെ അഭാവത്തെക്കുറിച്ചും എഴുതിയ പഠനമാണ് 'കുറ്റാന്വേഷണനോവലുകൾ'. ഈ വിഭാഗം കൃതികൾ സാഹിത്യലോകത്തുനിന്നും ഉരുത്തിരിഞ്ഞുവന്നതാണ്. "മനോവൃത്തിയുടെ അജ്ഞാതവും അനന്തവുമായ സാധ്യതകളുടെ ആവിഷ്കാരം നോവലിനെ ജീവിതത്തെക്കുറിച്ചുള്ള വിമർശനമാക്കി മാറ്റുന്നു" (മുഹമ്മദ്, എൻപി. 2006:88). അതുകൊണ്ടുതന്നെയാണ് നോവലുകൾക്ക് വിദഗ്ധപഠനങ്ങൾ വരുന്നത്. ആ രീതിയിൽ കുറ്റാന്വേഷണനോവലുകൾ വളർന്നു വികസിച്ചിട്ടില്ല. ആർതർ കൊനാൻ ഡോയൽ, അഗതാക്രിസ്റ്റി, ഇയാൻഫ്ളമിംഗ്, പീറ്റർചെയ്നി, ഏൾ സ്റ്റാൻലി ഗാർഡ്നർ, എല്ലറി ക്യൂൻ തുടങ്ങിയവരുടെ ഡിറ്റക്ടീവ് നോവലുകളെ സാമാന്യമായി പരിചയപ്പെടുത്തിയ എൻ.പി കുറ്റാന്വേഷണനോവലുകൾ മലയാളസാഹിത്യത്തിൽ വളർന്നുവികസിക്കേണ്ടതായ ഒന്നാണെന്നും നിരൂപകരുടെയും സാഹിത്യചരിത്രകാരന്മാരുടെയും താത്പര്യവും ശ്രദ്ധയും ഇതിന് അഭികാമ്യമാണ് എന്നും ഈ ലേഖനത്തിൽ പറഞ്ഞുവെക്കുന്നു.

'സയൻസ്ഫിക്ഷൻ' എന്ന വിഭാഗം നോവലുകൾ നമുക്കുണ്ടോ എന്ന അന്വേഷണമാണ് 'സയൻസ്ഫിക്ഷൻ' എന്ന ലേഖനം. നമുക്കുള്ളത് മന്ത്രവാദ

നോവലുകളാണെന്നും മന്ത്രവാദംപോലെ ശാസ്ത്രം നമ്മെ സാധീനിച്ചിട്ടില്ലെന്നും എൻ.പി. വ്യക്തമാക്കുന്നു. അതിമാനുഷികഭാവങ്ങൾക്ക് നമ്മുടെ ജീവിതവുമായി അടുത്തബന്ധമുണ്ടെന്ന് വിശ്വസിക്കുന്ന മലയാളികളിൽനിന്ന് സയൻസ്ഫിക്ഷൻ ഉണ്ടാവുക എളുപ്പമല്ലെന്നും ചില സന്ദർഭങ്ങളിൽ മന്ത്രവാദവും സയൻസും സമാനതകൾ പുലർത്തുന്നതായും എൻ.പി. നിരീക്ഷിക്കുന്നു. "മിക്ക സയൻസ് ഫിക്ഷൻ കൃതികളിലും ശാസ്ത്രീയമായ ചില കണ്ടുപിടുത്തങ്ങൾ അടിസ്ഥാന മാകുന്നുണ്ടെങ്കിലും ഒരലൗകികഘടകം മനുഷ്യാതീതശക്തിയുടെ സാന്നിധ്യം കാണിച്ചുതരുന്നു."(മുഹമ്മദ്, എൻ.പി. 2006:91). വിശ്വസാഹിത്യത്തിൽ സയൻസ് ഫിക്ഷനുകളുടെ വികാസം പിൽക്കാലത്തുണ്ടായി.

സയൻസ്ഫിക്ഷനുകൾക്ക് പ്രേരകമായ പുരാണ ഇതിഹാസങ്ങൾ, അറബിക്കഥാസാഹചര്യങ്ങൾ തുടങ്ങിയവ പ്രതിപാദിക്കുന്നതിനോടൊപ്പം 'സയൻ സ്ഫിക്ഷൻ' രചയിതാക്കളെയും കൃതികളെയും സാമാന്യമായി പ്രതിപാദിക്കാനും വിശകലനംചെയ്യാനും എൻ.പി. ശ്രമിച്ചിട്ടുണ്ട്. മേരിഷെല്ലിയുടെ 'ഫ്രാങ്കൻ സ്റ്റൈൻ', ഴ്യൂൽ വെർണയുടെ 'കഥാലോകം', എച്ച്.ജി. വെൽസിന്റെ 'ദ ഇൻവിസിബ്ൾ മാൻ', 'ദ വാർ ഓഫ് ദ വേൾഡ്', മിഖായീൽ ബുൾഗാക്കോവിന്റെ 'ദ ഫെയ്ത്ത്ഫുൾ എഗ്ഗ്സ്' തുടങ്ങിയ കൃതികൾ ഇതിൽ ഉൾപ്പടുന്നു. ശാസ്ത്രത്തെ നിമിത്തമാക്കിക്കൊണ്ട് ഭാവനയിലൂടെ ആവിഷ്കരിക്കുന്ന ഇത്തരം ഫിക്ഷനുകൾ ജീവിതഗന്ധിയല്ല എന്നാണ് എൻ.പിയുടെ അഭിപ്രായം. വ്യക്തിയുടെ സ്വകാര്യജീവിതത്തിലെ സുഖദു:ഖാദികൾക്ക് ഇവയിൽ സ്ഥാനമില്ല. എന്നാൽ ചുരുക്കം ചില കൃതികൾ ഫിക്ഷനും സയൻസ്ഫിക്ഷനും തമ്മിലുള്ള അതിരുകൾ മായ്ക്കാൻ ശ്രമിക്കുന്നുണ്ടെന്നും ശാസ്ത്രീയമായ ചില കണ്ടുപിടുത്തങ്ങൾ മനുഷ്യജീവിതത്തെ എങ്ങനെ ബാധിക്കുമെന്നതിന് ഊന്നൽനൽകുന്നുണ്ടെന്നും എൻ.പി. വിലയിരുത്തുന്നു. മനുഷ്യജീവിതവുമായി ബന്ധപ്പെട്ടുനിൽക്കുന്ന

സയൻസ് ഫിക്ഷനുകൾ, ഫിക്ഷന്റെ തന്നെ ഭാഗമായി പരിഗണിക്കാൻ സാധിച്ചേക്കും എന്നദ്ദേഹം പ്രത്യാശിക്കുന്നു.

സാഹിത്യവും സിനിമയും തമ്മിലുള്ള ബന്ധം വിശകലനവിധേയമാക്കുന്ന 'സരസ്വതി സിനിമ'യിൽ, രമ്യോപന്യാസങ്ങളുടെ സവിശേഷതകൾ വിലയിരുത്തുന്ന 'ഗദ്യത്തിലെഴുതിയ ഭാവഗാനം', കത്തുകൾ എന്ന വ്യവഹാരരൂപത്തിന്റെ പ്രാധാന്യവും പ്രമുഖരുടെ എഴുത്തുകൾക്ക് സാംസ്കാരികചരിത്രത്തിൽ ചെലുത്താനാകുന്ന സ്വാധീനവും വ്യക്തമാക്കുന്ന 'കത്തുകളെഴുതുമ്പോൾ', ആത്മകഥകളെക്കുറിച്ചെഴുതിയ 'ആത്മകഥകൾ നൽകുന്ന ഉൾവെളിച്ചം' തുടങ്ങിയ ലേഖനങ്ങൾ സാഹിത്യവ്യവഹാരങ്ങളിലൂടെ എൻ.പിയുടെ ധൈഷണികപ്രതിഭ സഞ്ചരിച്ചതിന്റെ പ്രതിഫലനങ്ങളാണ്. പരന്നവായനയിലൂടെ എൻ.പി നേടിയെടുത്ത അറിവിന്റെ ആഴവും അപഗ്രഥനത്തിലെ മികവും ഒരോ ലേഖനത്തിലും പ്രകടമാണ്.

### 2.9. വിവർത്തനത്തിലെ ധൈഷണികയത്നം

ബോസ്നിയൻ പ്രസിഡണ്ടായിരുന്ന അലിജ അലി ഇസ്സത്ത് ബെഗോവിച്ചിന്റെ 'ഇസ്ലാം കിഴക്കിനും പടിഞ്ഞാറിനും മധ്യേ' (Islam between East and West) എന്ന കൃതിക്ക് എൻ.പി. നൽകിയ വിവർത്തനമാണ് ഇസ്ലാം രാജമാർഗ്ഗം. 'സരയെവോ-12' എന്ന ബുദ്ധിജീവി സംഘടനയിൽ പ്രവർത്തിച്ചിരുന്ന ബെഗോവിച്ച് വർഷങ്ങളോളം യൂഗോസ്ലാവിയൻ കമ്മ്യൂണിസ്റ്റുകാരുടെ തടവറയിലായിരുന്നു. ബെഗോവിച്ചിന്റെ ധൈഷണികതയെയും വൈജ്ഞാനികപാടവത്തെയും അടയാളപ്പെടുത്തുന്ന ഈ ഗ്രന്ഥം അതിന്റെ ആശയത്തനിമയും ഗഹനതയും ചോർന്നുപോകാതെ എൻ.പി. വിവർത്തനം ചെയ്തിട്ടുണ്ട്. തത്വചിന്താപരമായ വിഷയങ്ങളോട് എൻ.പി.ക്കുണ്ടായിരുന്ന ആഭിമുഖ്യം ഈ പുസ്തകത്തിന്റെ വിവർത്തനത്തിനു പിന്നിലും ഉണ്ടായിരിക്കാം.

രണ്ടാം ലോകമഹായുദ്ധാനന്തരമുണ്ടായ ശീതയുദ്ധം ലോകരാജ്യങ്ങൾ തമ്മിലുള്ള ആശയപരമായ സംഘട്ടനങ്ങൾക്ക് വഴിവെച്ചു. മുതലാളിത്തം, കമ്മ്യൂണിസം, ദേശീയത, മതേതരത്വം, ഭൗതികത, നിരീശ്വരവാദം തുടങ്ങിയ ആശയാദർശങ്ങൾക്കു നടുവിൽ ഇസ്ലാമികമാർഗ്ഗത്തെ മധ്യമാർഗമായി സമർത്ഥിക്കാൻ ശ്രമിച്ചു എന്നതാണ് ഈ പുസ്തകത്തിന്റെ പ്രത്യേകത. മാനവീയ മായ പ്രശ്നങ്ങൾക്കുള്ള പരിഹാരമാർഗ്ഗമായി ഇസ്ലാമിന്റെ സമഗ്രമായ ആദർശഘടനയെ ലോകത്തിന്റെ പ്രതീക്ഷയായി ഈ ഗ്രന്ഥം പരിചയപ്പെടുത്തുന്നു. പ്രപഞ്ചത്തെക്കുറിച്ചുള്ള സമഗ്രവീക്ഷണങ്ങളെ മതപരം, ഭൗതികം, ഇസ്ലാമികം എന്നിങ്ങനെ ഈ പുസ്തകത്തിൽ വേർതിരിച്ചുകാണിക്കുന്നുണ്ട്. കല-ശാസ്ത്രം നാഗരികത-സംസ്കാരം, സന്മാർഗ്ഗികത-യുക്തി, നാടകം-യുട്ടേപ്പിയ, മതം-ഭൗതികത, വ്യക്തി-സമൂഹം എന്നീ വിരുദ്ധപക്ഷങ്ങളെ സംയോജിപ്പിക്കാനുള്ള ശേഷി മനുഷ്യന് പ്രദാനം ചെയ്യപ്പെട്ടിട്ടുണ്ട് എന്ന് ബെഗോവിച്ച് സമർത്ഥിക്കുന്നു.

എൻ.പി.യുടെ ധൈഷണികമായ മികവിന്റെ അടയാളപ്പെടുത്തലും കൂടിയാണ് ഈ വിവർത്തനം. ഈ പുസ്തകത്തിന്റെ വിവർത്തനത്തിന് എൻ.പി. യെ പ്രേരിപ്പിച്ച പ്രധാന വസ്തുതയെക്കുറിച്ച് എൻ.പി. പ്രതിപാദിക്കുന്നത് നോക്കുക. "അകത്തുനിന്നു ഇസ്ലാമിനെ കാണാനല്ല പുറത്തുനിന്നു ഇസ്ലാമിനെ കാണാനുള്ള അലിജാഅലി ഇസ്സത്ത് ബെഗോവിച്ചിന്റെ ഉൾക്കാഴ്ചയാർന്ന വീക്ഷണത്തിന്റെ ഫലപ്രാപ്തിയാണ് ഈ കൃതി. ഒരു മതാധ്യാപനമായി ഇസ്ലാമിനെ ഇവിടെ കാണുന്നില്ല. ഒരു ലോകവീക്ഷണമായി കാണുകയും ചെയ്യുന്നു. ഇതാണ് എന്നെ ആകർഷിച്ച ആദ്യത്തെ അപൂർവ്വത" (ബെഗോവിച്ച്, 1990:xiv) മതദർശനങ്ങളോടും തത്വചിന്തയോടുമുള്ള താത്പര്യവും ആഴത്തിലുള്ള അറിവും ഇത്തരം ഗ്രന്ഥങ്ങളുടെ വിവർത്തനത്തിന് അനിവാര്യമാണ്. ചിന്താശീലവും അനിതര സാധാരണമായ ബുദ്ധിശക്തിയും കൈമുതലുണ്ടായിരുന്ന എൻ.പി.ക്ക് ഇത്തരമൊരു ഗ്രന്ഥത്തിന്റെ വിവർത്തനമേറ്റെടുക്കാൻ പ്രയാസമുണ്ടായിട്ടുണ്ടാവില്ല. ഉയർന്ന നിലവാരം പുലർത്തുന്ന ഈ വിവർത്തനം ഈ മേഖലയിൽ അറിവുള്ളവർക്കു മാത്രമേ ഉൾക്കൊള്ളാനാകൂ.

## 2.10. ആസ്വാദനങ്ങൾ-ആദർശാന്വേഷണങ്ങൾ

വിശ്വസാഹിത്യത്തിന്റെ ആഴങ്ങളിലേക്ക് സഞ്ചരിച്ച അപൂർവ്വം മലയാള എഴുത്തുകാരിൽ ഒരാളായിരുന്നു എൻ.പി.മുഹമ്മദ്. തനിക്കിഷ്ടപ്പെട്ട കൃതികൾക്ക് ആസ്വാദനപഠനങ്ങളെഴുതിക്കൊണ്ട് മലയാളികളുടെ വായനാലോകത്തെ സമ്പന്ന മാക്കാൻ എൻ.പി.ക്ക് സാധിച്ചു. എൻ.പി. രചിച്ച ആസ്വാദനപഠനങ്ങൾ മാനവ ജീവിതത്തെ സംബന്ധിക്കുന്ന ആദർശാന്വേഷണങ്ങളാണ്. മനുഷ്യജീവിതത്തെ സംബന്ധിക്കുന്ന തീവ്രമായ വിചിന്തനങ്ങൾ ഉൾക്കൊള്ളുന്ന കൃതികളെയാണ് അദ്ദേഹം ഇതിനായി തെരഞ്ഞെടുത്തിരിക്കുന്നത്. മനുഷ്യേതരകഥാപാത്രങ്ങളിലും എൻ.പി. അന്വേഷിക്കുന്നത് മാനവജീവിതവ്യഥകളാണ്.

### 2.10.1. സിദ്ധാർത്ഥ

ഹെർമ്മൻഹെസ്സെയുടെ 'സിദ്ധാർത്ഥ' എന്ന നോവലിനെഴുതിയ ആസ്വാദന പഠനമാണ് 'തത്വചിന്ത എന്ന കഥാപാത്രം'. നായികാനായകപ്രധാനമായ ആദ്യ കാല നോവലുകളുടെയും ആൾക്കൂട്ടജീവിതത്തിന്റെ പ്രതിഫലനമായ പിൽക്കാല നോവലുകളുടെയും സവിശേഷതകളിൽനിന്നും അകന്നുനിൽക്കുന്ന ഈ നോവൽ ജീവിതാദർശാന്വേഷണമായി എൻ.പി.ക്ക് അനുഭവപ്പെടുന്നു. "ലക്ഷ്യ സഫലീക രണത്തിനുവേണ്ടിയുള്ള ഒരാത്മാവിന്റെ അന്വേഷണമാണ് ഈ കഥയിലുടനീളം" (മുഹമ്മദ്, എൻ.പി. 2006:108). ഹെസ്സെയുടെ ഈ അന്വേഷണാത്മകത അദ്ദേഹ ത്തിന്റെ മിക്കകൃതികളിലും കാണാമെന്നും ഭാരതീയമായ ഒരു പശ്ചാത്തലത്തിന്റെ സ്വാധീനം ഇതിന്റെ പിന്നിലെ പ്രേരകശക്തിയായി വർത്തിക്കുന്നുണ്ടന്നും ഹെസ്സെയുടെ ഗാർഹികപശ്ചാത്തലം പരിശോധിച്ചുകൊണ്ട് എൻ.പി. നിരീക്ഷി ക്കുന്നുണ്ട്. മനശ്ശാന്തി നൽകുന്ന ഒരാസ്വാദ്യതയാണ് 'സിദ്ധാർത്ഥ' എന്ന നോവൽ തനിക്ക് നൽകിയത്. മറ്റൊരു പുസ്തകവും ഇത്തരത്തിൽ അനുഭവപ്പെട്ടിട്ടില്ല എന്നും എൻ.പി പ്രസ്താവിക്കുന്നുണ്ട്. നോവലിൽനിന്നും പ്രസരിക്കുന്ന മനുഷ്യാത്മാവിന്റ നൊമ്പരങ്ങൾ, നദിയെ ജീവിതത്തിന്റെ

രൂപകമാക്കി (ഇമേജ്) കൽപ്പിക്കുന്ന ഭാവനകൾ, സാങ്കേതികത്വം ഉപേക്ഷിച്ച സംവിധാനഭംഗി, തുടങ്ങിയ സവിശേഷതകൾ എൻ.പി. വിശകലനം ചെയ്യുന്നുണ്ട്. തത്വചിന്തയുടെ ഉന്നതമായ വിതാനങ്ങളന്വേഷിക്കുന്ന ഹെർമ്മൻ ഹെസ്സെ 'സിദ്ധാർത്ഥ' യിലൂടെ ആവിഷ്കരിച്ചതും മറ്റൊന്നല്ല എന്ന് എൻ.പി. പ്രസ്താവിക്കുമ്പോൾ തത്വചിന്താപദ്ധതികളോട് എൻ.പിക്കുണ്ടായിരുന്ന ആഭിമുഖ്യം തന്നെയാണ് ഈ ആസ്വാദനത്തിലും പ്രകടമാകുന്നത്. "തീവ്രമായ വികാര പ്രകാശനം ചിത്രണം ചെയ്യുന്നതിനു പകരം വികാരാവേശം നിലച്ച് വിചാര ധാരയായി മാറുന്ന മാനസികഘട്ടത്തെയാണ് ഹെസ്സെ ആവിഷ്കരിക്കുന്നത് ... മനുഷ്യാവസ്ഥയിൽ അന്തർലീനമായിക്കിടക്കുന്ന വല്ലായ്മകളെ പ്രബോധനം കൊണ്ടേ മാറ്റാൻ കഴിയൂ എന്നായിരിക്കാം ഹെസ്സെ വിവക്ഷിക്കുന്നത്" (മുഹമ്മദ്, എൻ.പി. 2006:113).

### 2.10.2. ഹംബോൾട്ടിന്റെ സമ്മാനം

അമേരിക്കൻ ജൂതനായ സോൾബെല്ലോയുടെ 'ഹംബോൾട്ടിന്റെ സമ്മാനം' നോവലുകളെ ആകർഷകമാക്കുന്ന ഘടകങ്ങൾ നിരാകരിച്ചുകൊണ്ട് രചിച്ച കൃതിയാണ്. എന്നിട്ടും ഈ നോവൽ ശ്രദ്ധിക്കപ്പെടുകയുണ്ടായി. 'സർക്കസ്കൂടാരം എന്ന തടവറ' എന്ന പേരിലെഴുതിയ ആസ്വാദനപഠനത്തിലാണ് നോവലിന്റെ ആഴങ്ങളിലേക്ക് എൻ.പി.യിലെ നിരൂപകനും ചിന്തകനും ഇറങ്ങിച്ചെല്ലുന്നത്. ഈ നോവലിന്റെ മേന്മയായി രണ്ട് കാര്യങ്ങൾ തന്റെ വായനയിലൂടെ എൻ.പി. കണ്ടെടുക്കാൻ ശ്രമിക്കുന്നുണ്ട്. "അസാധാരണവും അത്ഭുതകരവുമായ ഒരപൂർവ്വ ശൈലിയുടെ ചക്രവർത്തിയാണദ്ദേഹം. എന്തു പറഞ്ഞാലും ആ ശൈലിക്കു പ്രത്യേകമായ ചാരുതയും ചടുലതയും ഉണ്ട്. ഉന്മേഷദായിനിയാണ് സോൾബെല്ലോശൈലി. അതു വായിക്കാനുള്ള ആവേശം ഉണ്ടാക്കുന്നു"(മുഹമ്മദ്,എൻപി. 2006:116). നോവലിന്റെ മറ്റൊരു ആകർഷണീയതയായി എൻ.പി. കണ്ടെടുക്കുന്നത് അതിലെ കഥാപാത്രങ്ങളുടെ അസാധാരണമായ പ്രസരിപ്പാണ്. ആദ്യവാക്യത്തിൽ

തന്നെ കഥാപാത്രത്തിന്റെ കരുത്ത് നമ്മെ ആകർഷിക്കുമെന്ന് പറയുന്ന എൻ.പി കഥാപാത്രങ്ങളുടെ പ്രസരിപ്പിനെ വിശേഷിപ്പിക്കുന്നത് നോക്കുക. "ചീനപ്പടക്കം പോലെ പുസ്തകത്താളുകളിൽനിന്ന് അവ പൊട്ടിത്തെറിക്കുകയും വെളിച്ചത്തിന്റെ നിറപ്പൊലിമയുള്ള സുന്ദരരൂപങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു".(മുഹമ്മദ് എൻ.പി. 2006: 117). ശൈലിയും കഥാപാത്രങ്ങളുടെ പ്രസരിപ്പും കൊണ്ടുമാത്രമല്ല ഈ കൃതി മികച്ചുനിൽക്കുന്നതെന്നും അമേരിക്കൻ നാഗരികജീവിതവുമായി ബന്ധപ്പെട്ടുനിൽക്കുന്ന സാംസ്കാരികദർശനമാണ് ഈ കൃതിയെ മികച്ചതാക്കുന്നത് എന്നും എൻ.പിയിലെ നിരൂപകൻ കണ്ടെത്തുന്നു. ജീവിതബന്ധിയായ സിദ്ധാന്തങ്ങളും പ്രവർത്തനസമ്പ്രദായങ്ങളും ചർച്ചചെയ്യുന്ന ഈ നോവലിൽ മാർക്സ് മുതൽ നീഷേ വരെയുള്ള ഒരു നീണ്ടനിരബുദ്ധിജീവികളെ അവരുടെ സംഭാവനകളുടെ വെളിച്ചത്തിൽ പരാമർശിക്കുന്നുണ്ട്. കൂടാതെ ദേഹം, ദേഹി, സ്ത്രീ, പുരുഷൻ, മായ, പരലോകം, ആത്മാവ്, പുനർജന്മം തുടങ്ങി വിവിധ വിഷയങ്ങളും കടന്നുവരുന്നു. ജീവിതത്തെക്കുറിച്ചുള്ള ദാർശനികമായ അന്വേഷണമായിമാറുന്ന ഈ നോവൽ ആ അന്വേഷണത്തിന്റെ ഉത്തരം കണ്ടെത്താനുള്ള കഠിനമായ യാത്ര കൂടിയാണെന്ന് എൻ.പി. വിലയിരുത്തുന്നു. പ്രമേയത്തിലൂടെയും കഥാപാത്രങ്ങളിലൂടെയും കഥാസന്ദർഭങ്ങളിലൂടെയും ആഴത്തിൽ സഞ്ചരിക്കുന്ന എൻ.പി ഹംബോൾട്ടിന്റെ നോവലിനെ വിലയിരുത്തുന്നതു നോക്കുക. "സംവേദനത്തിന്റെ പുതിയ മേഖലയിലേക്കാണു നാം ഉയരുന്നത്. ഈ നോവലിൽ ഗൗരവമുള്ള കാര്യങ്ങൾ തമാശയായി പ്രസ്താവിക്കുന്നു. തമാശയായ കാര്യങ്ങൾ ഗൗരവത്തോടെ പ്രതിപാദിക്കുന്നു. അന്തസ്സംഘർഷം അനുഭവിക്കുന്ന മനുഷ്യാത്മാക്കളെ ഹാസ്യാത്മകമായി അവതരിപ്പിക്കുന്നു. ജീവിതത്തിന്റെ പുറമ്പോക്കിൽനിന്നു കുടിച്ചു മദിച്ചു തിമർത്തു ജീവിതം നാടകമാക്കിയവരെ ഗൗരവബോധത്തോടെ അവതരിപ്പിക്കുന്നു. ഈ നോവൽ ട്രാജഡിയാണ്. കോമഡിയാണ്"( മുഹമ്മദ്, എൻ.പി. 2006:125). ബോറിനെ (വിരസത) കേന്ദ്രമാക്കി മനുഷ്യജീവിതവ്യാപാരങ്ങളെ അപഗ്രഥിക്കുന്ന സമീപനം ഈ നോവലിനെ വ്യത്യസ്തമാക്കുന്നു.

ബോറിൽനിന്ന് ഒഴിഞ്ഞുമാറലും ബോറിൽ അകപ്പെടലുമാണ് മനുഷ്യജീവിതം എന്നതുകൊണ്ടുതന്നെ ഈ അവസ്ഥയെക്കുറിച്ചുള്ള തീവ്രമായ വിചിന്തനങ്ങൾ സോൾബെല്ലോ നടത്തിയിട്ടുണ്ട്. വാർധക്യം അനുഭവിക്കുന്ന പ്രശ്നങ്ങൾ, കുടംബശൈഥില്യം എന്നിവകൂടി പ്രമേയത്തിന്റെ ഭാഗമായി വരുന്നു. ജീവിതത്തെ ക്കുറിച്ചുള്ള ആദർശാന്വേഷണങ്ങൾ ഈ നോവലിനെ തത്വചിന്താപരമായ വിതാന ത്തിലേക്ക് ഉയർത്തുന്നുണ്ട്. ജീവിതത്തെക്കുറിച്ചും മാനവസംസ്കാരത്തെ ക്കുറിച്ചും ആഴത്തിൽ ചിന്തിക്കാനും പഠിക്കാനും എൻ.പി.ക്കുണ്ടായിരുന്ന താത്പ ര്യമാകാം ഇത്തരം ഗ്രന്ഥങ്ങൾക്ക് ആസ്വാദനപഠനങ്ങളെഴുതാൻ ആദ്ദേഹത്തെ പ്രേരിപ്പിച്ചത്.

**2.10.3. എ പേഴ്സണൽ മാറ്റർ**

ജപ്പാനീസ് നോവലിസ്റ്റായ 'കെൻസാ ബുറോ ഓയെ'യുടെ പ്രശസ്തമായ നോവലാണ് 'എ പേഴ്സണൽ മാറ്റർ'. നോവലിസ്റ്റിന്റെ ജീവിതാനുഭവത്തെ അവ ലംബമാക്കി രചിച്ച ഈ നോവലിന് എൻ.പി.രചിച്ച ആസ്വാദനപഠനമാണ് 'നരക പ്പാതയിലൂടെ സ്വർഗകവാടത്തിൽ'. "അസാധാരണമായ പ്രമേയം, അതാകട്ടെ നോവൽകാരന്റെ ആത്മകഥാനുഭവം; അചുംബിതമായ കാവ്യബിംബങ്ങൾ. അന ന്യസാധാരണമായശൈലി. കഥാഖ്യാനത്തിൽ രണ്ടുരീതി. കഥാപാത്രത്തിന്റെ വീക്ഷണകോണിൽകൂടി രൂപംകൊള്ളുന്ന കഥ. പ്രത്യക്ഷവും അതിനേക്കാളേറെ ആന്തരികമായ അനുഭവതീവ്രതകളുടെ അടിയൊഴുക്കുകളെ ആവിഷ്കരിക്കു ന്നതുമായ സമാന്തരപ്രവാഹങ്ങൾ സൃഷ്ടിക്കുന്ന കഥനസങ്കേതം. അപരിചിത മെങ്കിലും ദാർശനികമായ പരിമിതത്വത്തിലേക്ക് ഒലിച്ചിറങ്ങിപ്പോകുന്ന കഥാപാത്ര ങ്ങൾ" (മുഹമ്മദ്, എൻ.പി. 2006 :126).

ഒരു പക്ഷിയെപ്പോലെ പെരുമാറുന്ന 'ബേർഡ്' എന്ന വ്യക്തിക്ക് ജനിക്കുന്ന ഇരട്ടത്തലയുള്ള കുഞ്ഞും ആ കുഞ്ഞിന്റെ ജനനത്തിലൂടെ അയാളും കുടംബവും അനുഭവിക്കുന്ന സംഘർഷങ്ങളുമാണ് 'എ പേഴ്സണൽ മാറ്റർ' എന്ന നോവലിലെ

പ്രമേയം. കുഞ്ഞിന്റെ മരണം ആഗ്രഹിച്ച 'ബേർഡ്'ശാസ്ത്രക്രിയക്ക് കൊണ്ടു പോയ കുഞ്ഞിനെ വാങ്ങി ഗർഭഛിദ്രം നടത്തുന്നിടത്ത് ഏൽപ്പിച്ച് 'ഹിമികോ' എന്ന സുഹൃത്തുമൊത്ത് രണ്ടുമൂന്നു ദിവസം നീണ്ട കാമലീലകളിൽ മുഴുകുന്നു. ഇത് അയാളിൽ അഗ്നിശുദ്ധിവരുത്തുന്നു. കുഞ്ഞിനെ ശസ്ത്രക്രിയക്കായി തിരി ച്ചേൽപ്പിക്കുകയും അത് വിജയിക്കുകയും 'ബേർഡ്' സന്തോഷകരമായ കുടുംബ ജീവിതത്തിലേക്ക് തിരിച്ചുവരികയും ചെയ്യുന്നു. പുരുഷവേട്ടയിൽ വ്യാപൃതയായ 'ഹിമികോ'യും തന്റെ സ്വഭാവത്തിൽനിന്ന് വ്യതിചലിച്ച് ആഫ്രിക്കൻ യാത്ര എന്ന ദൗത്യമേറ്റെടുത്ത് മുന്നോട്ടുപോകുന്നു.

അപായകരമായ മേഖലകളിലൂടെയുള്ള ഒരാത്മാവിന്റെ വിഭ്രമകരമായ യാത്ര എന്നാണ് ബേർഡിന്റെ യാത്രയെ എൻ.പി.വിശേഷിപ്പിക്കുന്നത്. ഇത് കെൻസാ ബുറോ ഓയെ എന്ന എഴുത്തുകാരന്റെതന്നെ അനുഭവമാണ്. അദ്ദേഹ ത്തിന്റെ ആദ്യശിശു വലിയതലയുള്ള മന്ദബുദ്ധിയായ ഒരു കുഞ്ഞായിരുന്നു. പിൽ ക്കാലത്ത് ഈ കുഞ്ഞ് സംഗീതജ്ഞനായി വിജയിച്ചു. ഈ അനുഭവത്തിന്റെ തീക്ഷ്ണമായ ആവിഷ്കാരമായിരുന്നു ഈ നോവൽ. ലോകചരിത്രത്തിലെ സംഭവ വികാസങ്ങളോടും ചരിത്രനായകന്മാരോടും സംവദിക്കുന്ന ഒരന്തരീക്ഷം നോവ ലിന്റെ ഘടനയിലുണ്ട്. ഹൈഡ്രജൻ ബോംബ്, ക്രൂഷ്ചേവിന്റെ പരീക്ഷണങ്ങൾ, ആണവായുധനിരോധന പ്രക്ഷോഭങ്ങൾ, എക്സിസ്റ്റൻഷ്യലിസം, പഴംപുരാണ ങ്ങൾ, മധ്യകാലഘട്ടത്തിലെ വീരയോദ്ധാക്കൾ, പുരാതന ഈജിപ്തിലെ മമ്മികൾ, ഹ്യൂമനിസം, സൗത്ത് സീസ്ത്രോളുകൾ തുടങ്ങിയ പ്രധാനസംഭവവികാസങ്ങളും വിഖ്യാതരായ നോവലിസ്റ്റുകളും ചില കഥാപാത്രങ്ങളും നോവലിലേക്ക് കടന്നു വരുന്നുണ്ട്.

### 2.10.4 ജോനാതൻ ലിവിങ്സ്റ്റൺ സീഗൾ

റിച്ചാർഡ് ബാചിന്റെ 'ജോനാതൻ ലിവിങ്സ്റ്റൺ സീഗൾ' കടൽകാക്ക കളെക്കുറിച്ചുള്ള ചെറുകഥയാണ്. ഒരു റിബലായിപ്പിറന്ന കടൽക്കാക്കയുടെ ജീവി

ത്തിന്റെ മനോലോകമാണ് ഈ കഥയുടെ പ്രമേയം. 'സ്വാതന്ത്ര്യത്തെ ക്കുറിച്ചൊരു ഗാനം' എന്ന ആസ്വാദനത്തിൽ ഈ കഥയുടെ ആന്തരികതലം അനാവരണം ചെയ്യാനാണ് എൻ.പി. ശ്രമിക്കുന്നത്. ഉയരത്തിൽ പറക്കാത്ത കടൽ കാക്കകളിൽനിന്നും ഉയരംതേടി പറക്കാനാശിച്ച 'ജോനാതൻ' എന്ന കാക്ക സമു ദായലംഘകനായി മുദ്രകുത്തപ്പെടുന്നു. വിലക്കുകൾ വകവെക്കാതെ സ്വാതന്ത്ര്യ മെന്ന അപരിമേയമായ ആശയം തേടി 'ജോനാതൻ' പറന്നുയരുന്നു. ഒരു പറവ യുടെ ജീവിതത്തിലൂടെ സ്വാതന്ത്ര്യത്തിന്റെ അപാരത അവതരിപ്പിക്കുന്ന ഈ കഥ എൻ.പി.യെ പ്രചോദിപ്പിച്ചിട്ടുണ്ട്. ഈ കഥ എൻ.പി.ക്ക് സ്വാതന്ത്ര്യത്തെക്കുറി ച്ചുള്ള ഗീതം തന്നെയായിരുന്നു. "ചിറക് സങ്കൽപ്പമാണ് മഹത്തായ സങ്കൽപം. സ്വാതന്ത്ര്യത്തിന്റെ സങ്കൽപ്പം. വിശപ്പിൽനിന്നുള്ള മോചനം മാത്രമല്ല സ്വാതന്ത്ര്യം. സംഘംചേരാനുള്ള അവകാശം മാത്രമല്ല സ്വാതന്ത്ര്യം. നാവിട്ടടിക്കാനും മഷി തീർക്കാനുമുള്ള അവകാശം മാത്രമല്ല സ്വാതന്ത്ര്യം. സ്വാതന്ത്ര്യം ശരീരമാകമാനം പ്രസരിക്കുന്ന ശക്തിവിശേഷമാണ്"(മുഹമ്മദ് എൻ.പി. 2006:140). സ്വാതന്ത്ര്യം അധ്യാത്മികമായ ഒരനുഭൂതിയാണെന്ന് ഈ ആസ്വാദനത്തിൽ എൻ.പി. സമർത്ഥിക്കുന്നു.

### 2.10.5 വിശ്വസ്തനായ റസ്ലാൻ

ജോർജീ വ്ളാഡിമോവിന്റെ 'വിശ്വസ്തനായ റസ്ലാൻ' എന്ന കൃതി ക്കെഴുതിയ പഠനമാണ് 'കാവൽനായയുടെ കഥ മനുഷ്യന്റെയും'. സോവിയറ്റ് റഷ്യ യിൽ നിലനിന്നിരുന്ന രണ്ടുതരം സാഹിത്യമേഖലകളിൽ ഒന്നായിരുന്നു അണ്ടർ ഗ്രൗണ്ട് സാഹിത്യം. മറ്റൊരു വിഭാഗം കൃതികൾ ഭരണകൂടാനുമതിയുള്ള സർക്കാ റിന്റെ ഇഷ്ടാനിഷ്ടങ്ങൾ പാലിക്കുന്നവയായിരുന്നു. ഭരണകൂടത്തിന്റെ അനുമതി യില്ലാതെ രഹസ്യമായും കയ്യെഴുത്ത് പ്രതിയായും പുറത്തിറങ്ങുന്ന അണ്ടർഗ്രൗണ്ട് സാഹിത്യത്തിൽപെട്ട ഒരു കൃതിയാണ് 'വിശ്വസ്തനായ റസ്ലാൻ'. കാവൽനായ യായിരുന്ന 'റസ്ലാന്റെ' വീക്ഷണത്തിലൂടെ സോവിയറ്റ് റഷ്യയുടെ ഒരു പ്രത്യേക

കാലഘട്ടമാണ് പ്രതിപാദിക്കുന്നത്. തടങ്കൽപാളയങ്ങൾ പിരിച്ചുവിടുന്ന ആ കാലഘട്ടവും അതിലെ മൂന്ന് പ്രധാനവർഗ്ഗങ്ങളും നോവലിൽ കടന്നുവരുന്നു. യജ മാനന്മാരും അവരെ സഹായിക്കുന്ന കാവൽനായ്ക്കളും കുറ്റവാളികളായ തടവുകാരുമാണ് ഇതിലുള്ളത്. തടങ്കൽപാളയങ്ങളുടെ നിഷ്ഫലതയെ വിരുദ്ധോ ക്തിയിലൂടെ ഈ നോവൽ ആവിഷ്കരിക്കുന്നുണ്ട്. അതോടൊപ്പം സർക്കാർ ജീവനക്കാരായ കാവൽനായ്ക്കൾ വഞ്ചിതരാവുന്നു. നായ്ക്കളുടെ ജീവിതം പ്രതിപാദിക്കുന്ന ഈ നോവൽ ഒരർത്ഥത്തിൽ മനുഷ്യജീവിതത്തെക്കുറിച്ചുള്ള പ്രതിപാദനം തന്നെയായി മാറുന്നു.

എൻ.പി രചിച്ച ആസ്വാദനപഠനങ്ങളെല്ലാംതന്നെ വ്യതിരിക്തമാണ്. തന്റെ വായനയിലൂടെ കണ്ടെടുത്ത കാര്യങ്ങൾ മറ്റുള്ളവരിലേക്ക് പകർന്നുനൽകാൻ അദ്ദേഹത്തിന് സാധിച്ചു എന്നതാണ് ഈ പഠനങ്ങൾ തെളിയിക്കുന്നത്. മലയാളിയുടെ വായനാനുഭവത്തിലേക്ക് വിശ്വസാഹിത്യത്തിലെ മികച്ച കൃതികൾ പരിചയപ്പെടുത്തിക്കൊടുക്കാനും ഈ ഉദ്യമത്തിലൂടെ എൻ.പി.ക്ക് സാധിച്ചിട്ടുണ്ട്. അതോടൊപ്പംതന്നെ എൻ.പിയുടെ വായനാലോകത്തിന്റെ വിസ്തൃതിയും അപഗ്ര ഥനത്തിലെ മികവും ആരെയും ആശ്ചര്യപ്പെടുത്തുന്നതാണ്. “സാമ്പ്രദായികമായ രചനാസങ്കേതങ്ങൾ ഉപേക്ഷിച്ച് അപൂർവ്വസുന്ദരമായ രീതികൾ അവലംബി ക്കുകയും അചുംബിതപൂർവ്വമായ അനുഭവങ്ങൾ ആവിഷ്കരിച്ച് അദൃഷ്ട പൂർവമായ ദർശനങ്ങളുടെ അമരലോകം ആവിഷ്കരിച്ച് ചരിതാർത്ഥമാവുകയും ചെയ്യുന്ന കലയുടെ മഹിതലോകത്തിൽ ആത്മവിശ്വാസത്തോടെ, അതേസമയം വിനയത്തോടെ, കടന്നുചെല്ലുന്ന ഒരു സാഹിത്യവിദ്യാർത്ഥി ഈ പ്രബന്ധങ്ങളിൽ സാന്നിധ്യം കൊള്ളുന്നു” (തോമസ് മാത്യു. എം. 2006:15) എന്ന് എൻ.പി.യുടെ സാഹിത്യപഠനങ്ങളെക്കുറിച്ച് എം.തോമസ് മാത്യു അഭിപ്രായപ്പെടുന്നു.

വൈക്കം മുഹമ്മദ്ബഷീറിന്റെ സാഹിത്യലോകത്തിന്റെ ഉള്ളറകളിലേക്ക് പ്രവേശിക്കുന്ന പഠനമാണ് ‘ഒരുലോകവും ഒരുഭാഷയും’. ഉറൂബിന്റെ ‘ഉമ്മാച്ചു’ വിനെഴുതിയ അവതാരികയാണ് ‘ചരിത്രവും നോവലും’. ഒരു സാഹിത്യപഠിതാ

വിന്റെ സാന്നിധ്യം അറിയിക്കുന്ന ഈ അവതാരിക എൻ.പി തന്റെ ചെറുപ്പകാല ത്താണ് എഴുതിയത്. അക്കിത്തത്തിന്റെ 'ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം' എന്ന കവിതയുടെ പഠനമായ 'പൂജ്യത്തിന്റെ ഊർജ്ജം' തിക്കോടിയന്റെ നാടകസ ങ്കൽപ്പങ്ങൾ പരിശോധിക്കുന്ന 'ജീവിതമെന്നപ്രവാഹം' തുടങ്ങിയവയെല്ലാം എൻ.പി.യുടെ സാഹിത്യപഠനങ്ങളിൽ മികച്ചുനിൽക്കുന്നവയാണ്. സാഹിത്യ സൃഷ്ടികൾ രചിക്കുക എന്നതിനപ്പുറത്തേക്ക് വളർന്നുവികസിച്ച ഒരു സാഹിത്യ നിരൂപകനും വിമർശകനും പഠിതാവുമായിരുന്നു അദ്ദേഹം. ഏതൊരു കൃതിയി ലെയും തത്വചിന്താപരമായ ദർശനങ്ങളോടായിരുന്നു എൻ.പി.ക്ക് ആഭിമുഖ്യം. സാഹിത്യം മനുഷ്യജീവിതത്തിന്റെ മഹത്തായ ഗാഥയാണല്ലോ. ആ അർത്ഥത്തിൽ മാനവജീവിതവുമായി ബന്ധപ്പെട്ട സാംസ്കാരികദർശനങ്ങൾ ഉൾക്കൊള്ളുന്ന സാഹിത്യകൃതികളെയും അത്തരം ചിന്താരീതികളെയും എൻ.പി.വായിക്കുകയും പഠനവിധേയമാക്കുകയും ചെയ്തു.

ഒരു സാഹിത്യകാരനും സാമൂഹികചിന്തകനുമായി എൻ.പി മുഹമ്മദ് വളർന്നുവരാനിടയായ സാമൂഹികവും സാംസ്കാരികവും രാഷ്ട്രീയവുമായ പശ്ചാത്തലമാണ് ഈ അധ്യായത്തിൽ പരിശോധിച്ചത്. അതോടൊപ്പം ഒരു സാഹിത്യപഠിതാവ് എന്ന നിലയിലും പത്രപ്രവർത്തകനെന്ന നിലയിലുമുള്ള സംഭാവനകളെയും വിലയിരുത്തുകയുണ്ടായി. ഒരു ചിന്തകനും സാമൂഹിക വിമർശകനും പരിഷ്കർത്താവുമായിരുന്നു എൻ.പി. ഈ മേഖലകളിലെ അദ്ദേഹ ത്തിന്റെ ചിന്തകളെയും ഇടപെടലുകളെയുമാണ് അടുത്ത അധ്യായത്തിൽ വിലയിരുത്തുന്നത്.

# അധ്യായം 3

## ബൗദ്ധികചിന്തകളും ഇടപെടലുകളും

സാമുദായികപരിഷ്കരണങ്ങളുടെ ചരിത്രം പരിശോധിക്കുമ്പോൾ ഏതൊരു സമൂഹത്തിന്റെയും മുന്നേറ്റം സാധ്യമായിട്ടുള്ളത് അതിനകത്തെ സംഘർഷങ്ങളിൽനിന്നാണ് എന്ന് തിരിച്ചറിയാനാകുന്നു. ഉള്ളിലുള്ള പരിമിതികളെ യഥാവിധം ദൂരീകരിച്ചെങ്കിൽ മാത്രമേ ബാഹ്യമായ വെല്ലുവിളികളെ നേരിടാൻ ഏതൊരു സമൂഹവും പ്രാപ്തിനേടുന്നുള്ളൂ. സാമൂഹികമായ ഉയിർത്തെഴുന്നേൽപ്പ് ഉന്നംവെച്ച ഒരു സാഹിത്യകാരൻ എന്നനിലയിൽ സമുദായത്തിന്റെ അകത്തളങ്ങളിലേക്ക് നോക്കി അവിടെക്കണ്ട ജീർണ്ണതകളെ ഇല്ലായ്മചെയ്യാൻ ശ്രമിച്ച ഉത്ബുദ്ധമാനവികതയുടെ വക്താവായിരുന്നു എൻ.പി.മുഹമ്മദ്. തന്റെ വളർച്ചയുടെ രാഷ്ട്രീയ പശ്ചാത്തലമായിരുന്നു അദ്ദേഹത്തിന്റെ ധൈഷണികമുന്നേറ്റത്തിന്റെ ആധാരമായി വർത്തിച്ചത്.

അരനൂറ്റാണ്ടുകാലത്തെ ബൗദ്ധികജീവിതത്തിനിടയിൽ സാഹിത്യ-സാമൂഹ്യ രംഗങ്ങളിൽ അദ്ദേഹം തന്റേതായ ഇടം കണ്ടെത്തുകയുണ്ടായി. എൻ.പിയുടെ സാഹിത്യസംഭാവനകൾ ശ്രദ്ധിക്കപ്പെട്ടെങ്കിലും സമുദായനിഷ്ഠമായ സ്വതന്ത്രചിന്തകൾ സമൂഹത്തിൽ വിവാദങ്ങൾ സൃഷ്ടിച്ചു എന്നല്ലാതെ ശരിയായ രീതിയിൽ വ്യാപകമായി ചർച്ച ചെയ്യപ്പെട്ടിട്ടില്ല. മുസ്ലീം സമുദായത്തിനകത്തെ പരമ്പരയാ യാഥാസ്ഥിതികരായവർ ആ ചിന്തകളെ ഭീഷണികൾകൊണ്ട് നേരിടാനാണ് ശ്രമിച്ചത്. ഈയൊരു പശ്ചാത്തലത്തിൽ സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ മുസ്ലിം സമുദായത്തിന്റെ മതപരവും രാഷ്ട്രീയവുമായ സാഹചര്യങ്ങൾ സൂക്ഷ്മമായി വിശകലനവിധേയമാക്കുന്ന എൻ.പി.യുടെ നിരീക്ഷണങ്ങൾക്ക് ഏറെ പ്രസക്തിയുണ്ട്. വർത്തമാനകാല ഇന്ത്യയിലെ മുസ്ലീങ്ങളുടെ ഭാവിയിൽ ഏറെ ആശങ്കാകുലനായ ഒരു ചിന്തകനെ അദ്ദേഹത്തിന്റെ ലേഖനങ്ങളിൽ നമുക്ക് ദർശിക്കാം.

സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ സാമൂഹികവും രാഷ്ട്രീയവുമായ പരിണാമങ്ങൾ എൻ.പി.യുടെ ധൈഷണികവ്യക്തിത്വത്തെ ഉണർത്തുകയുണ്ടായി. ചരിത്രസന്ദർഭങ്ങളോടുള്ള പ്രതികരണങ്ങൾ ലേഖനങ്ങളായും പ്രസംഗങ്ങളായും രൂപംകൊണ്ടിട്ടുണ്ട്. അഖണ്ഡഭാരതത്തിന്റെ ഉയിർത്തെഴുന്നേൽപ്പ് സ്വപ്നംകണ്ടവർക്ക് വിഭജനം സമ്മാനിച്ചത് കടുത്ത മുറിവുകളാണ്. ഹിന്ദു-മുസ്ലിം വർഗ്ഗീയതകൾ തഴച്ചുവളരുന്നതിലേക്കാണ് വിഭജനം നമ്മെക്കൊണ്ടെത്തിച്ചത്. പ്രാദേശികവാദങ്ങളും ഭാഷാഭ്രാന്തും ജാതികലഹങ്ങളും സ്വതന്ത്ര്യാനന്തരഭാരതത്തെ കലുഷിതമാക്കി. ഇത് ഇന്ത്യൻ ദേശീയതക്ക് കടുത്ത വെല്ലുവിളിയാണ് സമ്മാനിച്ചത്. സ്വാതന്ത്ര്യസമരപ്രസ്ഥാനത്തിൽ ഭാഗവാക്കായിരുന്ന ഒരു കുടുംബത്തിലെ വ്യക്തിയെന്ന നിലയിൽ ഇന്ത്യൻ ദേശീയതയോട് ചേർന്നു നിൽക്കാനാണ് എൻ.പി. എപ്പോഴും ആഗ്രഹിച്ചത്. സ്വന്തം ദേശത്തിന്റെയും സമുദായത്തിന്റെയും വ്യഥകളെ താത്വികമായി വിശകലനം ചെയ്യുമ്പോഴും ദേശീയതയെക്കുറിച്ചുള്ള ആന്തരികബോധം എൻ.പി.യിൽ ദൃഢമായിരുന്നു. ഇന്ത്യൻ സാമൂഹ്യ-രാഷ്ട്രീയസാഹചര്യങ്ങളിൽ മുസ്ലീങ്ങളുടെ സ്ഥാനനിർണ്ണയം നടത്താൻ എൻ.പി.ശ്രമിച്ചതിന്റെ ഫലമാണ് 'ഇന്ത്യൻ മുസ്ലീങ്ങളും സെക്യുലർ ഡെമോക്രസിയും' എന്ന കൃതി. ഇന്ത്യൻ ദേശീയതയുടെ സാർത്ഥകമായ സ്വത്വപ്രകാശനത്തിന് സെക്യുലറിസം എങ്ങനെ അനിവാര്യമാകും, ഇന്ത്യൻസമൂഹത്തിന്റെ സവിശേഷഘടന സെക്യുലറിസത്തിന് എന്ത് പുതിയ മാനമാണ് നൽകുന്നത്, പാശ്ചാത്യ സെക്യുലറിസത്തിൽനിന്നും അത് വ്യത്യസ്തമാകുന്നത് എങ്ങനെ തുടങ്ങിയ സമസ്യകളെ താത്വികമായി സമർത്ഥിക്കാൻ ഈ സമാഹാരത്തിലൂടെ എൻ.പി. ശ്രമിക്കുന്നുണ്ട്.

മൗലികമായ ആശയങ്ങളും നിലപാടുകളുമാണ് എൻ.പി.യുടെ ചിന്താലോകത്തെ വേറിട്ടുനിർത്തുന്നത്. തന്റെ ആശയലോകത്തെ വൈയക്തികമോ പ്രാദേശികമോ ആയ പരിമിതികൾക്കകത്തുനിന്നും സാർവ്വദേശീയമായ തലത്തിലേക്ക് വ്യാപിപ്പിക്കാൻ സാധിച്ചു എന്നതുതന്നെ എൻ.പി.യുടെ അനന്യതയാണ്. ദേശീയത, മതനിരപേക്ഷത, ബഹുസ്വരത, വർഗ്ഗീയത, ജനാധിപത്യം, ദ്വിരാഷ്ട്രവാദം

തുടങ്ങി എൻ.പി.യുടെ ആലോചനകളും ഉത്കണ്ഠകളും പങ്കുവെക്കപ്പെടുന്ന ധൈഷണികസന്ദർഭങ്ങൾ നിരവധിയാണ്. യോജിക്കാനും വിയോജിക്കാനുമുള്ള ധാരാളം സന്ദർഭങ്ങൾ അവയിലുണ്ടെങ്കിലും അവ സാധ്യമാക്കിയ ധൈഷണിക മായ സാമൂഹ്യ-രാഷ്ട്രീയപ്രതിബദ്ധത ചരിത്രപരമായ പ്രാധാന്യം അർഹിക്കു ന്നുണ്ട്.

### 3.1. ദേശീയത

ഓരോ രാജ്യത്തോടും അതിൽ അധിവസിക്കുന്നവർക്ക് തോന്നുന്ന വൈകാ രികവിധേയത്വമാണ് ദേശീയത. ഭൂമിശാസ്ത്രപരവും ഭരണപരവുമായ ഐക്യ മാണ് ദേശീയതയെ നിലനിർത്തുന്നത്. ''ദേശീയതയെ ഒരു ആധുനിക പ്രക്രിയയാ യി കാണുന്ന എറിക് ഹോബ്സ് ബോം, യൂറോപ്പിൽ ആധുനികമായ അർത്ഥ ത്തിൽ പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഒടുവിലാണ് നേഷൻ (Nation) എന്ന പദം പ്രത്യക്ഷപ്പെട്ടതെന്ന് നിരീക്ഷിക്കുന്നുണ്ട്''(ഹോബ്സ്ബോം, ഇ.ജെ. 1991:42). ഒരു ദേശത്തിന്റെ ദേശീയതയെ രൂപപ്പെടുത്തിയെടുക്കുന്നതിൽ അതതു രാജ്യത്തിന്റെ ദേശചരിത്രം, സംസ്കാരം, സാമൂഹികക്രമം, സാമ്പത്തികസാഹചര്യങ്ങൾ എന്നിവ നിർണ്ണായകമായ പങ്കുവഹിക്കുന്നുണ്ട്. ആധുനികതയുമായി ബന്ധപ്പെട്ട് രൂപം കൊണ്ട ഒരു വ്യവഹാരമായി ദേശീയതയെ കണക്കാക്കുന്നു.

#### 3.1.1. ഇന്ത്യൻ ദേശീയത

ബഹുമുഖസംസ്കാരങ്ങളുടെ സങ്കലനമാണ് ഇന്ത്യൻ ദേശീയതയുടെ പ്രധാനസവിശേഷത. വ്യത്യസ്തമായ മത-ജാതിവിഭാഗങ്ങൾ, ഭൂമിശാസ്ത്രപര മായ വൈവിധ്യങ്ങൾ, ഭാഷകൾ തുടങ്ങി വിവധമേഖലകൾ ഉൾക്കൊള്ളുന്ന വിസ്തൃതമായ രാജ്യമാണ് ഇന്ത്യ. ഇത്തരം വൈവിധ്യങ്ങൾക്കിടയിലും ഇവി ടുത്തെ ജനതയെ ഒരുമിപ്പിച്ചുനിർത്തുന്ന ഏകതാബോധമാണ് ദേശീയത. വിവിധദേശങ്ങളിൽ നിലനിന്നിരുന്ന വൈരുധ്യങ്ങളെ കൂട്ടിയിണക്കുന്നതിൽ ഭൗതി

കസാഹചര്യങ്ങൾ വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ഗതാഗതം, കമ്പിത്തപാൽ, റെയിൽവേ എന്നിവ സാംസ്കാരികവൈവിധ്യങ്ങളുടെ കൂടിച്ചേരലിനെ ദ്രുതഗതിയിലാക്കി. പ്രാദേശികമായി നിലനിന്നിരുന്ന സങ്കുചിതവീക്ഷണങ്ങൾ പതുക്കെ അപ്രത്യക്ഷമാകുന്നതിനും വിശാലമായ ഒരൈക്യബോധം രൂപീകരിക്കുന്നതിനും കാരണമായി. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെയും അച്ചടി-പത്രമാധ്യമങ്ങളുടെയും പ്രചാരവും ഇന്ത്യൻ ദേശീയതയെ ഊർജ്ജസ്വലമാക്കി. മറ്റുരാജ്യങ്ങളിലെ ദേശീയനേതാക്കന്മാർ, വിമോചനസമരങ്ങൾ എന്നിവയെക്കുറിച്ച് കൂടുതൽ അവബോധമുണ്ടാക്കാനും കാഴ്ചപ്പാടുകളെ നവീകരിക്കാനും ഇതിലൂടെ സാധ്യമായി.

### 3.1.2. ഇന്ത്യൻ ദേശീയതയുടെ വർത്തമാനം

സാംസ്കാരികവൈവിധ്യമാണ് ഇന്ത്യൻ ദേശീയതയുടെ അടിസ്ഥാനം എന്ന് പ്രമുഖ ദേശീയചരിത്രകാരന്മാർ നിരീക്ഷിച്ചിട്ടുണ്ട്. ''ഇന്ത്യൻ സമൂഹത്തിന്റെ ചരിത്രവികാസം ഇന്ത്യൻ ദേശീയതാസ്വത്വത്തിന്റെ ബഹുസാംസ്കാരികമാനത്തിലേക്കാണ് വിരൽചൂണ്ടുന്നത്. ഇന്ത്യൻ സാംസ്കാരികപ്രക്രിയ ഒരു palimpsets ആണ് എന്നാണ് ജവഹർലാൽ നെഹ്റു ഒരിക്കൽ വിശേഷിപ്പിച്ചത്. Palimpsets കയ്യെഴുത്തുള്ള ചെമ്പോലയാണ്. അതിന്റെ പ്രത്യേകത മേൽക്കുമേൽ എഴുതാം എന്നുള്ളതാണ്. അങ്ങിനെ തുടർച്ചയായി അടരുകൾ കൂടിവരുമ്പോഴും മുമ്പത്തെ അടരുകളൊന്നും പൂർണ്ണമായി മായ്ക്കപ്പെടുന്നില്ലതാനും. ഇന്ത്യൻ സാംസ്കാരിക വ്യക്തിത്വം വിവിധധാരകൾ കൂടിച്ചേർന്ന അത്തരമൊരു പ്രക്രിയയുടെ ഉല്പന്നമാണ്.'' (പണിക്കർ, കെ.എൻ.2007: 122). ഇന്ത്യൻ ദേശീയതയുടെ വൈവിധ്യങ്ങളെ നിരാകരിച്ചുകൊണ്ട് ഏകശിലാത്മകമായ ഒരു സങ്കല്പനം പകരംവെക്കാനുള്ള ശ്രമങ്ങൾ 1920-കൾ മുതൽ സജീവമാണ്. ചരിത്രപരമായി രൂപപ്പെട്ടുവന്ന സാംസ്കാരികസ്വഭാവത്തെയാണ് ഇതിലൂടെ അട്ടിമറിക്കപ്പെട്ടത് എന്ന് കെ.എൻ.പണിക്കർ നിരീക്ഷിക്കുന്നുണ്ട്(പണിക്കർ,കെ.എൻ. 2007:122). ആനന്ദകുമാരസ്വാമി,

ഗാന്ധിജി, നെഹ്റു, അംബേദ്കർ തുടങ്ങിയവർ വൈവിധ്യമാർന്ന മതവിഭാഗങ്ങളുടെ പരിശ്രമത്താൽ രൂപപ്പെട്ട ഒന്നായി ഇന്ത്യൻ ദേശീയതയെ വിലയിരുത്തുന്നു.

### 3.1.3. എൻ.പി.മുഹമ്മദിന്റെ ദേശീയതാ വിചാരങ്ങൾ

എൻ.പി.യുടെ ദേശീയതാസങ്കൽപ്പങ്ങൾ ആരംഭിക്കുന്നത് കുടുംബ പശ്ചാത്തലത്തിൽനിന്നാണ്. ഇന്ത്യൻ ദേശീയതയുടെ വളർച്ചയും വികാസവും പിതാവിൽനിന്നുതന്നെ നേരിട്ടറിഞ്ഞ എൻ.പി.ക്ക് ദേശീയബോധം ജീവിതത്തിന്റെ ഭാഗമായിരുന്നു. ദേശീയപ്രസ്ഥാനവുമായി ബന്ധപ്പെട്ടുകൊണ്ട് വൈദേശികാധിപത്യത്തിനെതിരെ പൊരുതിയ ഗാന്ധിയനായിരുന്നു അദ്ദേഹത്തിന്റെ പിതാവ്. മുസ്ലിം ദേശീയവാദികൾ സമൂഹത്തിനുമുന്നിൽ ഏറെ സംശയിക്കപ്പെട്ടിരുന്ന അക്കാലത്താണ് അബ്ദുറഹ്മാൻ സാഹിബ് ഉൾപ്പെടുന്ന ദേശീയവാദികളെ എൻ.പി. അടുത്തറിയുന്നത്. സമുദായത്തിനകത്തെ വലിയൊരു വിഭാഗത്തിന്റെ എതിർപ്പുകൾ വകവെക്കാതെ ഒരു ദേശീയവാദിയും മതേതരവാദിയുമായി ജീവിച്ച അബ്ദുറഹ്മാൻ സാഹിബിന്റെയും അനുയായികളുടെയും ജീവിതമാണ് എൻ.പി.യിലെ ദേശീയവാദിയെ ദൃഢപ്പെടുത്തുന്നത്.

ഇന്ത്യൻ ദേശീയതയെക്കുറിച്ചുള്ള തീക്ഷ്ണവിചാരങ്ങൾ എൻ.പി.യിൽ എല്ലായ്പ്പോഴും പ്രകടമായിരുന്നു. ജാതി, മതം, ഭാഷ എന്നീ വൈവിധ്യങ്ങളിൽനിന്നുണ്ടാകുന്ന നിരന്തരവെല്ലുവിളികളെ നേരിടാൻ പാകമായ ഒരാദർശവത്കൃതസങ്കല്പനമായാണ് ദേശീയതയെ എൻ.പി.വീക്ഷിച്ചത്. 'ആദ്യം ഇന്ത്യക്കാരനാവുക' എന്ന ലേഖനത്തിൽ ദാർശനികമായ അർത്ഥത്തിൽ ഒരാളെങ്ങനെയാണ് ഇന്ത്യക്കാരനാവുക എന്ന അന്വേഷണമാണ് എൻ.പി. നടത്തുന്നത്. ഇന്ത്യൻ മണ്ണിൽ പിറന്നുവീഴുകയും വിദ്യാഭ്യാസവും ജോലിയുമുൾപ്പെടെ ഇവിടെത്തന്നെ സാധ്യമാക്കുകയും ഔദ്യോഗിക രേഖകളിലും അപേക്ഷാഫോറങ്ങളിലും മടികൂടാതെ 'ഇന്ത്യൻ' എന്ന കോളം പൂരിപ്പിക്കുകയും ചെയ്യുന്ന വ്യക്തികളോട് 'ആദ്യം ഇന്ത്യക്കാരനാവുക' എന്ന് പറയുന്നതിൽ ഔചിത്യക്കുറവുണ്ടോ എന്ന് ചോദി

ക്കുന്ന എൻ.പി. ആ ചോദ്യം പ്രസക്തമാകുന്ന സന്ദർഭത്തിലേക്കാണ് നമ്മെ കൊണ്ടെത്തിക്കുന്നത്. ''ദേശീയതയുടെ മൗലികവസ്തുതകളിലേക്ക് ചുഴിഞ്ഞിറങ്ങുമ്പോൾ പല ചതിക്കുഴികളും കയങ്ങളും കാണാം. നമ്മുടെ ദേശീയത മിക്കപ്പോഴും ഉപരിതലസ്പർശിയാണ്. ഉദ്ഗ്രഥനം പൂർത്തിയാക്കിയ ഒരു ദേശീയതയാണ് നമ്മുടേതെന്ന് അവകാശപ്പെടാൻ വയ്യ'' (മുഹമ്മദ്, എൻ.പി. 2007:11). ഇന്ത്യൻ ദേശീയത അതിന്റെ പൂർണ്ണമായ അർത്ഥത്തിൽ വികാസം പ്രാപിച്ചിട്ടില്ല എന്ന അഭിപ്രായം എൻ.പിക്കുണ്ടായിരുന്നു. മനുഷ്യവംശത്തിന്റെ ക്ഷേമത്തെ മുൻനിറുത്തിക്കൊണ്ടുള്ള രാഷ്ട്രസംവിധാനത്തിനാണ് അദ്ദേഹം ഊന്നൽ നൽകിയത്. സാമുദായികവിദ്വേഷവും മത-ജാതിചിന്തകളും സമൂഹത്തെ കലുഷമാക്കുന്നത് ദേശീയമായ ഐക്യത്തിന്റെ അഭാവത്തെയാണ് കാണിക്കുന്നത്.

മതേതരമായ കാഴ്ചപ്പാടിൽ ഊന്നിക്കൊണ്ടുള്ള ഒന്നായിരുന്നു എൻ.പി.യുടെ ദേശീയത. തീവ്രദേശീയത വെറുക്കപ്പെടേണ്ടതാണെന്ന് അദ്ദേഹത്തിന് അഭിപ്രായമുണ്ടായിരുന്നു. "തീവ്രമായ ദേശീയത വിഷമാണ്. അത് സ്പർധകൾക്കും വിനാശത്തിനും വഴിവെക്കുന്നു. അതിനാൽ സാസ്കാരിക വിരുദ്ധവുമാകുന്നു. പക്ഷെ ദേശീയത്വത്തിന്റെ നിഷേധം അസ്തിത്വത്തിന്റെ നിഷേധംകൂടിയാവുന്നു" (മുഹമ്മദ്, എൻ.പി. 2007:41). ദേശീയതയെ നിഷേധിക്കുന്നതിനോട് എൻ.പി.ക്ക് യോജിപ്പുണ്ടായിരുന്നില്ല. നിറപ്പകിട്ടുള്ള ദേശീയപതാകകൾ വൈവിധ്യമാർന്ന മനുഷ്യസമൂഹത്തിന്റെ ഏകീകൃതമായ സൗന്ദര്യത്തിന്റെ അടയാളമായി എൻ.പി.ക്ക് അനുഭവപ്പെടുന്നത് അദ്ദേഹത്തിന്റെ ദേശീയബോധത്തിന്റെ ആന്തരികപ്രതിഫലനംമൂലമാണ്. അത് തീവ്രമോ അതേസമയം സങ്കുചിതമോ അല്ല. ദേശീയതയെക്കുറിച്ചുള്ള എൻ.പി.യുടെ നിരീക്ഷണങ്ങൾ യാഥാർത്ഥ്യത്തിലധിഷ്ഠിതവും മൗലികവുമാണ്. അക്രമാസക്തമായ ദേശീയബോധത്തിൽനിന്നും മനുഷ്യവംശം വിശ്വമാനവികമായ കാഴ്ചപ്പാടിലേക്ക് ഉയർന്നുവരണമെന്നും അദ്ദേഹം ആഗ്രഹിച്ചു."എനി

ക്ക് മാനവീയതയിലൂടെ മാത്രമേ ദേശീയതയെ അംഗീകരിക്കാൻ കഴിയൂ" (മുഹമ്മദ്, എൻ.പി. 2007:167).

'ദേശീയോദ്ഗ്രഥനം' അതിന്റെ യഥാർത്ഥമായ അർത്ഥത്തിൽ ഇന്നും സാധ്യമായിട്ടില്ല. അതൊരു സങ്കൽപ്പം മാത്രമായി നിലനിൽക്കുന്നതായി എൻ.പി. സമർത്ഥിക്കുന്നു. ദേശീയബോധത്തിനകത്ത് അടങ്ങിയിരിക്കുന്ന വൈരുധ്യങ്ങളെക്കുറിച്ചും എൻ.പി.ബോധവാനായിരുന്നു. ''നാനാത്വത്തിൽ ഏകത്വം എന്ന പ്രമാണം സൗകര്യത്തിന് വേണ്ടി നാം കണ്ടുപിടിക്കുകയും വിരുദ്ധവും വ്യത്യസ്തവുമായ താത്പര്യങ്ങളോട് സമരസപ്പെട്ടുപോവുകയും ചെയ്യുന്നു. ഇതിന്റെ മറവിൽ എന്തും ന്യായീകരിക്കാം. വർത്തമാനകാലഘട്ടത്തിൽ ഇന്ത്യയിൽ സംഭവിക്കുന്നതിതാണ്. ദേശീയതയെയും ദേശീയോദ്ഗ്രഥനത്തെയും വാതോരാതെ പുകഴ്ത്തുന്ന നാംതന്നെ പ്രാദേശികവും സങ്കുചിതവും വർഗീയവുമായ താത്പര്യങ്ങളെ ഉയർത്തിപ്പിടിക്കുന്നു. ഭാരതീയ ജീവിതത്തിലെ പ്രകടമായ ഈ വൈരുധ്യത്തെയാണ് കണക്കിലെടുക്കേണ്ടത്'' (മുഹമ്മദ്, എൻ.പി. 2007: 11). ഇന്ത്യൻ ദേശീയത അഭിമുഖീകരിക്കുന്ന പ്രധാനവെല്ലുവിളികൾ മതം, ജാതി, ഭാഷ എന്നിവയിൽനിന്നുണ്ടാകുന്ന വിഘടിതമനോഭാവമാണ്. ഈ മൂന്ന് സമസ്യകളെ എൻ.പി.വിശദീകരിക്കുന്നുണ്ട്.

### 3.1.3.1. ജാതീയത (Casteism)

ജാതി നമ്മുടെ വൈകാരികജീവിതത്തെ കീഴ്പ്പെടുത്തിക്കളഞ്ഞതായി എൻ.പി.നിരീക്ഷിക്കുന്നു. ജാതിയും ജാതിക്കുള്ളിലെ ഉപജാതികളും കൊണ്ട് കീഴ്മേൽ മറിഞ്ഞ ഒരു സമൂഹമാണ് നമ്മുടേത്. ജാതിസമൂഹങ്ങളുടെ വിഭാഗീയമായ താത്പര്യങ്ങൾ വിശാലമായ ആശയങ്ങളെ പുറന്തള്ളുന്നു. ജാതിസമൂഹങ്ങൾ കാലക്രമേണ ശക്തിപ്രാപിക്കുകയും ദേശീയമായ വീക്ഷണങ്ങൾക്ക് തടസ്സം സൃഷ്ടിക്കുകയും ചെയ്യുന്നു.

ഒരു ഛിദ്രശക്തിയായ ജാതീയത സമൂഹത്തെ പല തട്ടുകളായി തിരിക്കുന്നു. ഉയർന്നവനും താഴ്ന്നവനും തമ്മിലുള്ള അന്തരം സാമൂഹ്യ ഐക്യത്തിനും പുരോഗതിക്കും വലിയ തടസ്സങ്ങൾ സൃഷ്ടിക്കുന്നു. സ്ഥാനമാനങ്ങളും അവസരങ്ങളും ഉന്നതജാതിക്കാരിൽ മാത്രം നിക്ഷിപ്തമാകുമ്പോൾ ഒരു വിഭാഗം ചൂഷണത്തിന് വിധേയമാകുന്നു. ജാതിസംഘടനകൾ രാഷ്ട്രീയത്തിൽ ഇടപെടുകയും വിഭാഗീയമായ താത്പര്യങ്ങൾ നേടിയെടുക്കുന്നതിൽ വ്യാപൃതരാവുകയും ചെയ്യുന്നു. വിശാലമായ കാഴ്ചപ്പാടിന്റെ അഭാവം ഉദ്ഗ്രഥനത്തിന് തടസ്സമായി നിൽക്കുന്നു. ജാതീയത ഇന്ത്യൻ പൗരന്മാരുടെ ആകർഷണകേന്ദ്രമായി നിലനിൽക്കുന്നതിന്റെ തെളിവായി എൻ.പി.ചൂണ്ടിക്കാട്ടുന്നു. ''ഇന്ത്യയുടെ വിവിധഭാഗങ്ങളിൽ ജാതിയുടെ അടിസ്ഥാനത്തിൽ സാമൂഹ്യസേവനത്തിന്റെ മേൽവിലാസത്തിൽ നിരവധി സംഘടനകൾ തഴച്ചുവളർന്നിട്ടുണ്ട്. കാലക്രമത്തിൽ അവ സ്വാധീനശക്തികളോ വ്യാമർദ്ദകഗ്രൂപ്പുകളോ ആയി ദേശീയതയുടെ വിശാലമണ്ഡലത്തിലേക്ക് കയറിപ്പോവുകയും ചെയ്യും. അവ ചെലുത്തുന്ന പ്രബലവും അനാരോഗ്യകരവുമായ സ്വാധീനതകൾ അവയുടെ സംഘടനാശക്തിക്കു തെളിവാണ്'' (മുഹമ്മദ്, എൻ.പി. 2007: 12).

### 3.1.3.2. പ്രാദേശിക വാദം (Regionalism)

രാജ്യത്തെക്കാൾ പ്രദേശത്തിനും ഭാഷക്കും പ്രാധാന്യം നൽകുന്ന പ്രവണത ഇന്ത്യയിൽ വർധിച്ചുകൊണ്ടിരിക്കുന്നു. പ്രാദേശികതാത്പര്യങ്ങൾക്ക് നൽകുന്ന മുൻതൂക്കം സമൂഹത്തിൽ വിഭാഗീയത സൃഷ്ടിക്കുന്നു. വികാസം പ്രാപിച്ച നിരവധി ഭാഷാസമൂഹങ്ങൾ നിലനിൽക്കുന്നതാണ് ഇന്ത്യൻസമൂഹം. അമിതമായ ഭാഷാസ്നേഹം ഇന്ത്യൻ സമൂഹത്തിൽ ദൂരവ്യാപകമായ ഫലങ്ങൾ സൃഷ്ടിച്ച ചരിത്രം ഇന്ത്യക്കുണ്ട് എന്നത് വിസ്മരിക്കാവുന്നതല്ല. സ്വതന്ത്ര്യാനന്തര ഇന്ത്യയിൽ ഭാഷ ഒരു പ്രബലശക്തിയായി വളർന്നതിന്റെ ഫലമാണ് ഭാഷാസംസ്ഥാനത്തിന്റെ രൂപീകരണത്തിലേക്ക് നയിച്ചത്.

ഭാഷ ഇന്ത്യയിൽ ഏകീകരണത്തിന്റെ ശക്തിയല്ല എന്നാണ് എൻ.പി.യുടെ വാദം. രാഷ്ട്രഭാഷയുടെ അഭാവമാണ് ഇതിനു കാരണമായി എൻ.പി. ചൂണ്ടിക്കാണിക്കുന്നത്. എന്നാൽ ഹിന്ദിയെപ്പോലെ പ്രബലമായ ഒരു പ്രാദേശികഭാഷയെ ഒരു രാഷ്ട്രഭാഷയാക്കാനുള്ള ചില കേന്ദ്രങ്ങളുടെ അമിതാവേശം മറ്റു പല പ്രശ്നങ്ങൾക്കും കാരണമാകുന്നതായി എൻ.പി.വിലയിരുത്തുന്നു. വൈരുധ്യങ്ങൾക്കിടയിലും ഇന്ത്യൻ സമൂഹത്തിലെ പൗരന്മാരെ ഇപ്പോഴും ബന്ധപ്പെടുത്തുന്ന ഭാഷ ഇംഗ്ലീഷാണ്. സാമാന്യജനതയുടെ ജീവിതവുമായി ബന്ധമില്ലാത്ത ഒരു വൈദേശികഭാഷ ഇന്ത്യക്കാർക്ക് ആശയവിനിമയത്തിനുള്ള ഉപാധിയാകുന്നതിലെ പ്രകടമായ വൈരുധ്യത്തെക്കുറിച്ചും എൻ.പി.ബോധവാനായിരുന്നു.

സ്വതന്ത്ര്യാനന്തര ഇന്ത്യയിൽ ഹിന്ദി ദേശീയഭാഷയാക്കുന്നതിനെതിരെ പ്രക്ഷോഭങ്ങൾ നടന്നു. തമിഴ്ജനത ഒരു ഹിന്ദി വിരുദ്ധപ്രക്ഷോഭം തന്നെ സംഘടിപ്പിക്കുകയുണ്ടായി. ഭാഷാടിസ്ഥാനത്തിലുണ്ടായ ഇത്തരം പ്രക്ഷോഭങ്ങൾ ഉദ്ഗ്രഥനത്തെ പ്രതികൂലമായി ബാധിച്ചു. ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങളെ പുനഃസംഘടിപ്പിക്കാനാവശ്യപ്പെട്ടു കൊണ്ട് ഇന്ത്യയുടെ വിവിധഭാഗങ്ങളിൽ നടന്ന പ്രക്ഷോഭങ്ങളും ദേശീയതക്ക് വെല്ലുവിളിയായി. സങ്കുചിതമായ ഭാഷാവാദം ഇന്നും സമൂഹത്തിൽ നിലനിൽക്കുന്നുണ്ട്. ഇത് ദേശീയതക്ക് പോറലേൽപിക്കുന്നു.

### 3.1.3.3. വർഗ്ഗീയത (communalism)

വ്യത്യസ്തമായ മതവിഭാഗങ്ങൾ ഉൾക്കൊള്ളുന്നവരുടെ നാടാണ് ഇന്ത്യ. ഇന്ത്യയുടെ പൂർവ്വചരിത്രം പരിശോധിച്ചാൽ മതസ്പർദ്ധകൾ മൂലമുണ്ടായ ധാരാളം സംഘർഷങ്ങളെ ഇന്ത്യക്ക് അഭിമുഖീകരിക്കേണ്ടിവന്നതായി എൻ.പി. സമർത്ഥിക്കുന്നു. ''വിഭാഗീയരാഷ്ട്രീയത്തിന്റെ പൈതൃകമാണ് നമുക്ക് ലഭിച്ചത്. മതാടിസ്ഥാനത്തിലുള്ള രാഷ്ട്രീയകക്ഷികൾ അസ്വതന്ത്രഭാരതത്തിൽ സജീവശക്തികളായിരുന്നു. നമ്മുടെ രാഷ്ട്രീയജീവിതത്തെ അത് അലങ്കോലപ്പെടുത്തു

കയും ചെയ്തു'' (മുഹമ്മദ്, എൻ.പി, 2007: 13).

ഇന്ത്യാവിഭജനം വർഗ്ഗീയമായ രാഷ്ട്രീയപിൻബലത്തിന്റെ വിജയമാണ്. വിഭജനത്തിന്റെ നോവുകൾ ഇന്നും നമ്മുടെ സാമൂഹ്യജീവിതത്തിൽ അന്യതാബോധം സൃഷ്ടിച്ചിട്ടുണ്ട്. ഇന്ത്യയുടെ വിഭജനം തന്നെ മതം രാഷ്ട്രീയത്തിൽ ഇടപെട്ടതിന്റെ ഉദാഹരണമാണ്. ''നമ്മുടെ ദേശീയതക്ക് തടസ്സം നിൽക്കുന്ന പ്രബല ഘടകം വർഗ്ഗീയതയാണ് (മുഹമ്മദ്, എൻ.പി. 2007:13). ഹിന്ദു-മുസ്ലിം വർഗ്ഗീയതകളെ ഒരേപോലെ എൻ.പി. വിമർശിച്ചുപോന്നു. മതം സമൂഹത്തിന്റെ നിയന്ത്രണശക്തിയായി തുടരുന്ന കാലത്തോളം ഈ ഛിദ്രവാസനയെ തടയാനാകില്ല എന്നാണ് എൻ.പി. നിരീക്ഷിക്കുന്നത്. ''മതപരമായ വർഗ്ഗീയത്വം ജീവിതത്തെ ഗ്രസിച്ചതിന്റെ ഫലമാണ് ഹിന്ദുവർഗ്ഗീയതയും മുസ്ലിം വർഗ്ഗീയതയും. രണ്ടിനും ഭിന്നലക്ഷ്യങ്ങളാണുള്ളത്. ദേശീയതയുടെ കാഴ്ചപ്പാടിലൂടെ നോക്കുമ്പോൾ അവ ചലിക്കുന്നത് ഒരേ പാതയിലൂടെതന്നെയാണെന്നു കാണാം. രണ്ടും ശിഥിലീകരണത്തെ പ്രോത്സാഹിപ്പിക്കുന്നു.'' (മുഹമ്മദ്, എൻ.പി. 2007:13). രണ്ടു പക്ഷങ്ങൾക്കും ഇന്ത്യയിലെ മുസ്ലിം ന്യൂനപക്ഷങ്ങളുടെ കാര്യത്തിൽ തങ്ങളുടേതായ ലക്ഷ്യങ്ങളുണ്ട്. പൊതു ദേശീയധാരയിൽനിന്ന് മുസ്ലീങ്ങളെ അകറ്റാനുള്ള ശ്രമം ഇരുകൂട്ടരും നടത്തുന്നുണ്ട് എന്നാണ് എൻ.പി.യുടെ വാദം. ''ഹിന്ദു വർഗീയവാദികൾ മുസ്ലീങ്ങളെ അരക്ഷിതബോധമുള്ള ഒരു ന്യൂനപക്ഷമായി കാണാൻ ആഗ്രഹിക്കുന്നു. മുസ്ലിം വർഗ്ഗീയവാദികളാകട്ടെ അവരെ ഒരു സംരക്ഷിതന്യൂനപക്ഷമായി പരിഗണിക്കാനും ആഗ്രഹിക്കുന്നു.'' (മുഹമ്മദ്, എൻ.പി. 2007: 13).

ഒരു മതത്തിൽ വിശ്വസിക്കുന്നതോ മതാനുഷ്ഠാനങ്ങളിൽ പങ്കാളികളാകുന്നതോ വർഗ്ഗീയതയായി വിലയിരുത്താനാകില്ല. താൻ വിശ്വസിക്കുന്ന മതത്തോടുള്ള അതിരുകടന്ന പ്രതിപത്തി അന്യമതങ്ങളോടുള്ള വിരോധമായി മാറുമ്പോഴാണ് അത് മതതീവ്രവാദമായി പരിണമിക്കുന്നത്. ജാതി, വംശം, മതം തുടങ്ങിയവ രാഷ്ട്രീയ-സാമൂഹ്യനേട്ടങ്ങൾക്കായി ഉപയോഗപ്പെടുത്തുമ്പോൾ അത് വർഗ്ഗീയതയായി മാറുന്നു.

ദേശീയതയ്ക്കും സാമൂഹ്യപുരോഗതിക്കും ഭീഷണിയായി നിൽക്കുന്ന ഈ മൂന്ന് ഘടകങ്ങളും ഭാരതീയരെ സ്വാധീനിക്കുകയും പ്രത്യേക താത്പര്യങ്ങളുടെ വക്താക്കളാക്കി മാറ്റുകയും ചെയ്യുന്നു. ജനാധിപത്യം തങ്ങളുടെ പ്രാബല്യം തെളിയിക്കാൻവേണ്ടി ഉപയോഗപ്പെടുത്തുന്ന കാഴ്ച സ്വതന്ത്ര ഇന്ത്യക്ക് അപരിചിതമായിരുന്നില്ല എന്ന് എൻ.പി. ചൂണ്ടിക്കാട്ടുന്നു. ഇത്തരം പ്രവണതകൾ പൊതുദേശീയ ബോധത്തെ പിറകിലേക്ക് തള്ളിമാറ്റുകയും ദേശീയോദ്ഗ്രഥനത്തെ ഒരു യാഥാർത്ഥ്യമെന്നതിലുപരി ഒരു ലക്ഷ്യമാക്കിത്തീർക്കുകയും ചെയ്തിരിക്കുന്നു. ഈ സാഹചര്യത്തിലാണ് 'ആദ്യം ഇന്ത്യക്കാരനാവുക' എന്ന എൻ.പി.യുടെ പ്രസ്താവന സാധൂകരിക്കപ്പെടുന്നത്.

### 3.1.3.4. സാംസ്കാരിക വികസനത്തിന്റെ ചരിത്രപാഠം

സാംസ്കാരികമായ ഐക്യപ്പെടലിന്റെ ബാലപാഠങ്ങൾ നാം ആദ്യം ഉൾക്കൊള്ളേണ്ടത് വിദ്യാലയത്തിൽവെച്ചാണ്. നമ്മുടെ ചരിത്രപാഠ്യപദ്ധതിയിൽ സമൂലമായ പരിവർത്തനങ്ങൾ സൃഷ്ടിച്ചാലേ ഇത്തരമൊരു ഐക്യപ്പെടൽ സാധ്യമാകൂ എന്നാണ് എൻ.പി.യുടെ പക്ഷം. ചരിത്രത്തെക്കുറിച്ച് നമുക്കിതുവരെ ഒരു പൊതുസമീപനം ഉണ്ടായിട്ടില്ല എന്നത് ഇതിന്റെ ഒരു പരിമിതിയായി എൻ.പി.കാണുന്നു. ''ഇന്ന് നമുക്കുള്ളത് പ്രാദേശികചരിത്രങ്ങളാണ്. ടിപ്പുസുൽത്താൻ കേരളീയ വിദ്യാർത്ഥികൾക്ക് അക്രമകാരിയാണ്, കർണ്ണാടക വിദ്യാർത്ഥിക്ക് സ്വാതന്ത്ര്യസമരനായകനാണ്. ബാബറിന്റെ കാലത്ത് തുടക്കം കുറിച്ചതും അക്ബറിന്റെ കാലത്ത് വികാസം കൊണ്ടതുമായ ഹിന്ദുസ്ഥാനി ജീവിതവീക്ഷണത്തേക്കാൾ ചരിത്രത്തിൽ കൂടുതൽ സ്ഥാനം കൊടുക്കുന്നത് സൈനികവിജയങ്ങൾക്കാണ്. ഒരു ജനതയുടെ സാമൂഹ്യവും സാംസ്കാരികവുമായ വികാസത്തെ ലക്ഷ്യംവെച്ചുകൊണ്ടുള്ള ചരിത്രകൃതികൾ ഇന്ത്യയിലെ എല്ലാ പ്രാഥമികവിദ്യാലയങ്ങളിലും ഉപയോഗിക്കുവാൻ തുടങ്ങിയാൽ മാത്രമേ ഇതിനറുതി വരികയുള്ളൂ'' (മുഹമ്മദ്, എൻ.പി. 2007:13). ചരിത്രം കഴിഞ്ഞകാലത്തിന്റെ ഭാഷാപരമായ ആഖ്യാനം മാത്രമല്ലെന്നും

എങ്ങനെ ജീവിക്കണമെന്നും എങ്ങനെ കൂട്ടായി ജീവിക്കണമെന്നുമുള്ള സാമൂഹ്യലക്ഷ്യത്തോടെ എഴുതപ്പെട്ടതായിരിക്കണമെന്നുമാണ് എൻ.പി.യുടെ കാഴ്ചപ്പാട്. ഇത്തരത്തിലുള്ള വീക്ഷണം നമ്മൾ വളർത്തിയെടുക്കേണ്ടത് ബാലമനസ്സുകളിലാണ്. ഇതിഹാസകഥാപാത്രങ്ങളെ അവതരിപ്പിക്കുന്ന പുരാണകഥകൾ നമ്മുടെ പാഠ്യവസ്തുവായി വരാറുണ്ട്. അതിമാനുഷികതയുടെയും പവിത്രതയുടെയും പര്യായങ്ങളായി അവതരിപ്പിക്കപ്പെടുന്ന ഇത്തരം കഥാപാത്രങ്ങളുടെ മാനവീയമൂല്യങ്ങളെയോ ഉദാത്തമായ വികാരങ്ങളെയോ വിശകലനം ചെയ്യുന്ന പതിവ് പാഠപുസ്തകങ്ങൾക്കില്ല. മനുഷ്യജീവിതത്തിന്റെ പ്രതിഫലനമാണ് അവയെന്ന് ഉറപ്പിച്ചു നിർത്തുന്ന തരത്തിൽ പുസ്തകങ്ങൾ പുനഃസംവിധാനം ചെയ്യേണ്ടത് അനിവാര്യമാണ്. സാംസ്കാരികമായ ഒരുമ ബലം നേടുന്നത് ദാർശനികമായ ഏകീകരണത്തിൽനിന്നാണ് എന്ന തത്വം നാം വിസ്മരിക്കരുത്. ഫിലോസഫിയിലാണ് നമ്മുടെ പരാജയം എന്ന തിരിച്ചറിവിലേക്കാണ് എൻ.പി. നമ്മെ നയിക്കുന്നത്. സംസ്കാരത്തിന്റെ സ്ഥാപിതമായ അടിത്തറകളെയാണ് ഫിലോസഫി വിമർശനവിധേയമാക്കുന്നത്. സംസ്കാരം ക്ഷയിക്കുന്നിടത്ത് ദർശനം ഇല്ലാതാകുന്നു. സാംസ്കാരികമായ ഈ ഒരുമ സാധ്യമാക്കേണ്ടതിന്റെ ബാലപാഠം ആദ്യം ഇന്ത്യക്കാരനാകുക എന്നിടത്തുനിന്നും തുടങ്ങണം. ലക്ഷ്യമാകട്ടെ മാനവകുടുംബത്തിലെ ഒരംഗമാകുക എന്നതുമാണ്. ഈ ആശയം സഫലമാകണമെങ്കിൽ ദേശീയതയിൽനിന്നും തുടങ്ങണമെന്നാണ് എൻ.പി. നിരീക്ഷിക്കുന്നത്.

ഇന്ത്യൻ ദേശീയതയുമായി ബന്ധപ്പെട്ട എൻ.പിയുടെ നിരീക്ഷണങ്ങളിൽ അടിസ്ഥാനപരമായ മൂന്ന് ഘടകങ്ങൾ നിലനിൽക്കുന്നുണ്ട്. സെക്യുലറിസം, വർഗ്ഗീയത, ഇന്ത്യൻ മുസ്ലീങ്ങൾ തുടങ്ങിയ സമസ്യകളാണവ. ബഹുസ്വരമായ സാംസ്കാരികധാര പിൻതുടരുന്ന ഒരു രാജ്യത്തിന് ഏറ്റവും ഉചിതമായ ഒരു രാഷ്ട്രീയാദർശമായി സെക്യുലറിസത്തെ അദ്ദേഹം നോക്കിക്കാണുന്നു.

### 3.2. സെക്യുലറിസം (secularism)

സമൂഹത്തിന്റെ സമാധാനപരമായ പൊതുജീവിതത്തിനാവശ്യമായ മതസൗഹാർദ്ദത്തിന് പ്രായോഗികത നൽകുന്ന ഒരു  ഉപാധി എന്ന നിലയ്ക്കാണ് സെക്യുലറിസം പ്രസക്തമാകുന്നത്. വർഗീയകലാപങ്ങളില്ലാത്ത സാമൂഹ്യജീവിതം സാധ്യമാക്കുന്നതിലാണ് അതിന്റെ വിജയം. മതനിരപേക്ഷത എന്നത് വിപുലമായ സാധ്യതകളുള്ള ഒരു പ്രയോഗമാണ്. ഒരു ബഹുമതസമൂഹത്തിൽ മതനിരപേക്ഷതയ്ക്ക് പല അർത്ഥതലങ്ങളുണ്ട്. ജനാധിപത്യവുമായി അതിനുള്ള ബന്ധമാണ് ഇതിൽ കൂടുതൽ പ്രാധാന്യം അർഹിക്കുന്നത്. ജനാധിപത്യത്തിന്റെ അടിത്തറതന്നെ സമത്വമാണ്. ജാതി-മത-വർഗങ്ങൾക്കപ്പുറത്തുനിന്നു കൊണ്ട് വിവേചനരഹിതമായി പൗരന്മാരോട് ഇടപെടാൻ രാജ്യത്തിന് കഴിയേണ്ടതുണ്ട്. വിവേചനം ജനാധിപത്യത്തിന്റെ അടിത്തറതന്നെ തകർക്കും. വിവിധ മതസ്ഥരുള്ള ഒരു സമൂഹത്തിൽ മതേതരത്വം ജനാധിപത്യത്തിന്റെ ആണിക്കല്ലായി പരിണമിക്കുന്നു എന്ന് കെ.എൻ.പണിക്കർ നിരീക്ഷിക്കുന്നത് ഈ അർത്ഥത്തിലാണ് (പണിക്കർ, കെ.എൻ. 2007:150).

നൂറ്റാണ്ട്, യുഗം, കാലം, ലോകം, ലൗകികമായ, ആത്മീയമല്ലാത്ത എന്നെല്ലാം അർത്ഥംവരുന്ന 'സെക്യുലം' എന്ന ലത്തീൻ പദത്തിൽനിന്നാണ് 'സെക്യുലർ' എന്ന പദത്തിന്റെ നിഷ്പത്തി. 'നാം ജീവിക്കുന്ന ലോകം', 'ഈ ലോകത്തെ സംബന്ധിക്കുന്നത്' എന്നീ വിവക്ഷകളിലാണ് ഈ പദം പ്രയോഗിക്കപ്പെടുന്നത്. എന്നാൽ യൂറോപ്പിലും മറ്റു ചില രാജ്യങ്ങളിലും ഇന്ത്യയിലും തന്നെ സെക്യുലർ(മതനിരപേക്ഷത)എന്ന ആശയത്തിനും അതിന്റെ പ്രായോഗിക വത്കരണത്തിനും വ്യത്യസ്തമായ രൂപഭാവങ്ങളുണ്ട്. പ്രത്യയശാസ്ത്രപരമായ വീക്ഷണവൈജാത്യങ്ങളും ചരിത്രപരമായ സമ്മർദ്ദങ്ങളുമാണ് ഈ വൈവിധ്യത്തിന്റെ കാരണമെന്ന് ചരിത്രകാരനായ ഡോ.എൻ.എ.കരീം(കരിം, എൻ.എ. 1997:48) ചൂണ്ടിക്കാണിക്കുന്നു

സെക്യുലറിസം പാശ്ചാത്യചിന്താധാരയാണ്. യൂറോപ്യൻ ആധുനികതയുമായി ബന്ധപ്പെട്ടുകൊണ്ട് രൂപപ്പെട്ടുവന്ന ഒരാശയമാണിത്. മതവും ഭരണകൂടവും തമ്മിലോ വ്യക്തിയും മതവും തമ്മിലോ ഉള്ള ബന്ധത്തെയാണ് ഇത് സൂചിപ്പിക്കുന്നത്. പതിനേഴാം നൂറ്റാണ്ടിലെ ശാസ്ത്രീയമുന്നേറ്റങ്ങൾ മതവിശ്വാസങ്ങളെ നിരന്തരം വെല്ലുവിളിച്ചുകൊണ്ടിരുന്നു. മധ്യകാലസമൂഹത്തിൽ നിലനിന്നിരുന്ന പള്ളിമേധാവിത്വത്തിൽനിന്നും മുക്തിനേടി സ്വതന്ത്രജീവിതം നയിക്കണമെന്ന മനുഷ്യന്റെ ആഗ്രഹത്തിന്റെ പ്രതിഫലനം കൂടിയായിരുന്നു സെക്യുലറിസത്തിന്റെ ആവിർഭാവത്തിലൂടെ സാധ്യമായത്.

സെക്യുലറിസം അതിന്റെ വീക്ഷണത്തിലും പ്രായോഗികവത്കരണത്തിലും പല രാജ്യങ്ങളിലും വ്യത്യസ്തമാണ്. വ്യക്തി, മതം, ഭരണകൂടം തുടങ്ങിയ മൂന്ന് പ്രധാന ഘടകങ്ങളുടെ അധികാരപരിധികൾ നിർണ്ണയിക്കുന്നിടത്താണ് രാജ്യങ്ങളുടെ ഈ വൈവിധ്യം പ്രകടമാകുന്നത്. പശ്ചിമയൂറോപ്പിലെയും വടക്കേ അമേരിക്കയിലെയും രാജ്യങ്ങളിൽ വ്യക്തി, മതം, ഭരണകൂടം എന്നിവയെ വ്യക്തമായി നിർവ്വചിക്കാനും പരിധികൾ നിശ്ചയിക്കാനും കഴിഞ്ഞിട്ടുണ്ട്. ഭരണകൂടവും മതവും തമ്മിലുള്ള മൃദുസമീപനങ്ങൾ പൗരന്മാരുടെ ജീവിതത്തെ സംഘർഷത്തിൽനിന്നും മുക്തമാക്കുന്നു. വിശ്വാസസ്വാതന്ത്ര്യവും പൗരാവകാശങ്ങളും ഹനിക്കപ്പെടുന്നിടത്താണ് സംഘട്ടനങ്ങൾ ഉണ്ടാകുന്നത്. ''ഭരണഘടനാപരമായി ഒരു പ്രത്യേക മതവുമായി ബന്ധപ്പെടാതെയും പൗരന്മാരോട് പൗരന്മാരെന്ന നിലയിൽമാത്രം തുല്യമായി പെരുമാറുകയും ചെയ്യുന്ന ഒരു ഭരണകൂടത്തെ ഇന്നത്തെ സാഹചര്യത്തിൽ മതേതരമെന്ന്'' (കരീം, എൻ.എ. ഡോ. 1997:49) നിർവ്വചിക്കാൻ കഴിയുമെന്ന ഡൊണാൾഡ് ജീൻ സ്മിത്തിന്റെ നിഗമനം സ്വീകാര്യമാണ്.

പശ്ചിമ യൂറോപ്പിൽ നിലനിന്നിരുന്ന മതേതരരാഷ്ട്രസങ്കല്പവും 1917-ലെ ബോൾഷെവിക്‌വിപ്ലവത്തിന്ശേഷം സോവിയറ്റ് യൂണിയനിൽ നിലവിൽവന്ന മതേതരത്വവും തമ്മിൽ നിലനിൽക്കുന്ന ശ്രദ്ധേയമായ വ്യത്യാസമെന്നത് സെക്യുലറിസ

ത്തിന്റെ പ്രായോഗികവത്കരണത്തിലാണ്. പശ്ചിമയൂറോപ്പിലെ മതേതര ലിബറൽ ജനാധിപത്യ രാജ്യങ്ങളിൽ ഭരണകൂടം മതത്തെ പ്രോത്സാഹിപ്പിക്കാനോ നിരുത്സാഹപ്പെടുത്താനോ ധനം വിനിയോഗിക്കാറില്ല. എന്നാൽ സോവിയറ്റ് യൂണിയൻ ഒരു സ്റ്റേറ്റുനയമെന്ന നിലയിൽ മതവിശ്വാസങ്ങളെയും സ്ഥാപനങ്ങളെയും നിരുത്സാഹപ്പെടുത്തുന്ന രീതിയിൽ പ്രത്യക്ഷമായും പരോക്ഷമായും ഇടപെടുന്നു. ''ജനങ്ങളുടെ യഥാർത്ഥമായ സുഖം വളർത്തിയെടുക്കുന്നതിന് വിഘാതമായി നിൽക്കുന്ന ഘടകങ്ങളാണ് മതവും മതസ്ഥാപനങ്ങളെന്നുമാണ് മാർക്സിയൻ കാഴ്ചപ്പാട്. ഒരു പ്രത്യേക മതത്തിന്റെ താത്പര്യങ്ങൾക്കനുസരിച്ച് ഭരണം നടത്തുന്ന തിയോക്രിറ്റിക് സ്റ്റേറ്റുകൾ ഇതിന്റെ വിപരീത ധ്രുവത്തിലാണ് നിലകൊള്ളുന്നത്. ഒരു ബഹുമതരാജ്യത്തിൽ അത്തരം ഭരണകൂടം സ്റ്റേറ്റ് മതത്തിന്റെ അനുയായികളല്ലാത്തവരെ രണ്ടുതരം പൗരന്മാരായി കണക്കാക്കാൻ നിർബന്ധിതരായിത്തീരും'' (കരീം, എൻ.എ. ഡോ. 1997:49).

1846 മുതൽ യൂറോപ്പിൽ, പ്രധാനമായും ഇംഗ്ലണ്ടിൽ പ്രചാരത്തിൽവന്ന പദമാണ് സെക്യുലറിസം. ജ്ഞാനോദയം, നവോത്ഥാനം എന്നിവയിലൂടെയാണ് സെക്യുലറിസം ഒരു പ്രത്യയശാസ്ത്രമെന്ന നിലയിൽ പ്രകടമായിത്തുടങ്ങിയത്. ഇതിനെ 'സെക്യുലറിസം' എന്ന പേരിട്ടുവിളിച്ചത് ജോർജ് ജേക്കബ് ഹോളിയോക്കാണ്. മധ്യകാലഘട്ടം ക്ഷയിച്ചുതുടങ്ങിയതോടെ സെക്യുലറിസം മാനവികതയുടെ ഭാഗമായി മാറിയിരുന്നു. ഈ ചിന്താഗതിയുടെ വളർച്ചയാണ് ആധുനിക ലോകത്തിന്റെ സവിശേഷസംഭാവനയായി ചരിത്രകാരന്മാർ ചൂണ്ടിക്കാണിക്കുന്നത്. ആധുനികതയുടെ പിറവിക്ക് നിദാനമായ മതനവീകരണത്തെക്കുറിച്ച് പഠിച്ച കാൾട്ടൺ ഗെയ്സ്, ജ്യോഫറി ബ്രൗൺ തുടങ്ങിയവർ ആധുനികതയുടെ മികച്ച സൃഷ്ടിയായി മതനിരപേക്ഷതയെ വിലയിരുത്തിയിട്ടുണ്ട് (ശിവദാസൻ,പി. 2011). വ്യക്തിവിശ്വാസങ്ങൾക്ക് മുൻതൂക്കം നൽകുന്ന സ്വതന്ത്രമായ ഒരു പൊതുമണ്ഡലത്തിന്റെ രൂപീകരണത്തിന് നിദാനമായതും മതനിരപേക്ഷതയിലൂടെയാണ്. വർഗ

വിഭജനകാഴ്ചപ്പാടില്ലാത്ത സോഷ്യലിസ്റ്റ് ആശയങ്ങൾ സെക്യുലറിസത്തെ വളർത്തുന്നതിന് കാരണമായി. 1854-ൽ കോവൻ ട്രാക്റ്റ്സ് പ്രസിദ്ധീകരിച്ച 'മതനിരപേക്ഷത സാധാരണക്കാരന്റെ തത്വശാസ്ത്രം' എന്ന ലഘുലേഖയായിരുന്നു സെക്യുലറിസ്റ്റ് പ്രസ്ഥാനത്തിന്റെ വിളംബരധ്വനി (ശിവദാസൻ, പി. 2011).

### 3.2.1. ഇന്ത്യൻ സെക്യുലറിസം

സെക്യുലറിസം എന്ന ആശയം പലതരത്തിലുള്ള നിർവ്വചനങ്ങൾക്കും വ്യാഖ്യാനങ്ങൾക്കും വിധേയമായിട്ടുണ്ട്. ഇതിൽ ശ്രദ്ധേയമായ മൂന്ന് രീതികളിലാണ് സെക്യുലറിസം ലോകാടിസ്ഥാനത്തിൽ നിലകൊള്ളുന്നത്. മതനിരാസമാണ് അവയിൽ ഒന്നാമത്തേത്. വ്യക്തിജീവിതത്തിൽ മതം അനുവദനീയവും സാമൂഹ്യജീവിതത്തിൽ മതത്തിന് വിലക്കും കൽപ്പിക്കുന്നതാണ് രണ്ടാമത്തെ രീതി. സാമൂഹിക ജീവിതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ ഇടപെടാൻ മതത്തെയോ ദൈവവിശ്വാസത്തെയോ അനുവദിക്കുന്നില്ല. എന്നാൽ എല്ലാ മതങ്ങൾക്കും തുല്യപരിഗണനയും മതവിശ്വാസത്തിന്റെ കാര്യത്തിൽ വ്യക്തിസ്വാതന്ത്ര്യവും അനുവദിക്കുന്നതാണ് മൂന്നാമത്തെ രീതി. ഇന്ത്യൻ മതേതരത്വത്തിന്റെ അടിത്തറയായി വർത്തിക്കുന്നത് മൂന്നാമത്തെ രീതിയാണ്. എല്ലാ മതങ്ങളെയും തുല്യമായി പരിഗണിക്കുകയും ഓരോരുത്തർക്കും അവർക്കിഷ്ടമുള്ള മതം സ്വീകരിക്കാനും മതമുക്തമായ ജീവിതം നയിക്കാനുമുള്ള സ്വാതന്ത്ര്യവും ഇന്ത്യൻ സെക്യുലറിസത്തിന്റെ കാതലായ വശമാണ്.

ചരിത്രകാലം മുതൽക്കേ വിവിധ മതങ്ങളുടെയും സംസ്കാരങ്ങളുടെയും കേന്ദ്രമാണ് ഭാരതം. ലോകത്ത് നിലനിൽക്കുന്ന എല്ലാ മതങ്ങളുടെയും അനുയായികൾ ഭരണഘടനാനുസൃതമായിത്തന്നെ ഇന്ത്യയിൽ ജീവിക്കുന്നുണ്ട്. പരമ്പരാഗത സമൂഹഘടനയും കാർഷികസംസ്കാരവുമുള്ള ഇന്ത്യക്കാർ യൂറോപ്യന്മാരിൽനിന്നും തികച്ചും ഭിന്നമാണ്. ഈയൊരു പശ്ചാത്തലം ഉൾക്കൊണ്ടുകൊണ്ടേ ഇന്ത്യയുടെ മതപരമായ വൈവിധ്യത്തെയും അതിന്റെ ശക്തിദൗർബല്യങ്ങളെയും

സമീപിക്കാനാവൂ. ഇന്ത്യൻ മതേതരവത്കരണം യൂറോപ്യൻ സാഹചര്യത്തിൽനിന്നും തികച്ചും വ്യത്യസ്തമാണ്. സംഘടിതമായ പൗരോഹിത്യത്തിന്റെ പിടിയിൽനിന്നും മോചനം കാംക്ഷിച്ചുകൊണ്ടാണ് മതേതരവത്ക്കരണം പാശ്ചാത്യരാജ്യങ്ങളിൽ സാധ്യമായത്. ഇന്ത്യയിൽ പൗരോഹിത്യം ശക്തമോ സംഘടിതമോ അല്ലാത്തതിനാൽ അതിനെതിരെയുള്ള പ്രക്ഷോഭങ്ങൾ ഇവിടെ അനിവാര്യമായിരുന്നില്ല. വിവിധ മതസ്വത്വവിഭാഗത്തിലുള്ളവർക്ക് പൗരാവകാശങ്ങൾ അനുവദിച്ച് കിട്ടുന്നതിനുവേണ്ടിയുള്ള സമരമായിരുന്നു ഇന്ത്യയിൽ അനിവാര്യമായിരുന്നത്.

### 3.2.1.1. സ്വാതന്ത്ര്യസമരപ്രസ്ഥാനവും സെക്യുലറിസവും

സെക്യുലറിസം സ്വാതന്ത്ര്യസമരകാലം മുതൽക്കെ രാഷ്ട്രനിർമ്മാണപ്രക്രിയയുടെ ആശയാടിത്തറയായിരുന്നു. ''ഭാവിരാഷ്ട്രീയത്തിന്റെ നയം മതനിരപേക്ഷതയിൽ ഊന്നിയുള്ളതാകുമെന്ന് ഗാന്ധിജി, മൗലാനാ അബുൽകലാം ആസാദ്, ജവഹർലാൽ നെഹ്റു തുടങ്ങിയ കോൺഗ്രസ് നേതാക്കൾ വ്യക്തമാക്കിയിരുന്നു. (രാം പുനിയാനി, 2011:85). 1885-ൽ കോൺഗ്രസ് രൂപീകരണത്തിന് ശേഷമാണ് രാഷ്ട്രീയത്തിൽ 'മതനിരപേക്ഷത' എന്ന പദം പ്രയോഗിച്ചു തുടങ്ങിയത്. ഗാന്ധിജി, ആസാദ്, നെഹ്രു തുടങ്ങിയ കോൺഗ്രസ് നേതാക്കൾ മതനിരപേക്ഷ ഇന്ത്യക്കുവേണ്ടി വാദിക്കുകയും പ്രയത്നിക്കുകയും ചെയ്തവരാണ്. ''ആദ്യകാല ദേശീയനേതാക്കളുടെ ലക്ഷ്യം ഒരു മതേതരദേശീയപ്രസ്ഥാനത്തിന് തുടക്കം കുറിക്കുക എന്നതായിരുന്നു'' (പണിക്കർ, കെ.എൻ. 1988:79). ഇന്ത്യൻ നാഷണൽ കോൺഗ്രസ് നയിച്ച മതേതരജനാധിപത്യ സമരപോരാട്ടങ്ങളാണ് ഇന്ത്യയെ സ്വാതന്ത്ര്യത്തിലേക്ക് നയിച്ചത്. കോളനിഭരണം സൃഷ്ടിച്ചെടുത്ത വർഗീയ ധ്രുവീകരണത്തിനെതിരെയാണ് ദേശീയപ്രസ്ഥാനവും മതേതരവാദികളായ അതിന്റെ വക്താക്കളും കടന്നുവന്നത്. ബഹുസ്വരമായ സാമൂഹികതകളുടെ ഏകീകരണം സാധ്യമാക്കി എന്നിടത്താണ് സ്വാതന്ത്ര്യസമരകാലത്തെ മതേതരാശയം പ്രസക്തമാകുന്ന

ത്. മതപരവും ജാതീയവും വർണ്ണ-വർഗ്ഗവൈവിധ്യങ്ങൾ പുലർത്തുന്നതുമായ വിഭാഗങ്ങളെ ഐക്യബോധത്തോടെ ഒരുമിപ്പിക്കാൻ മാത്രം പര്യാപ്തമായ ഒരാശയപ്രപഞ്ചമായി മതനിരപേക്ഷത വളരുകയുണ്ടായി. നഗരങ്ങളിലെ തൊഴിലാളികൾ പ്രൊഫഷണലുകൾ തുടങ്ങിയ വിഭാഗത്തിലാണ് മതേതരദേശീയത ഇക്കാലത്ത് ഏറെ സ്വാധീനം ചെലുത്തിയത്. സമൂഹത്തിലെ അവാന്തര വിഭാഗങ്ങളെ സംഘടിപ്പിക്കാൻ ഇക്കൂട്ടർക്ക് കഴിഞ്ഞു. സ്വാതന്ത്ര്യസമരത്തിന് കരുത്തുപകർന്നത് ഈ വിഭാഗങ്ങളുടെ മതേതരബോധമായിരുന്നു. ജന്മിത്ത-നാടുവാഴിത്ത വ്യവസ്ഥകളെയും മൂല്യങ്ങളെയും മറികടക്കാനും അതുവഴി സാമൂഹികമായ പരിവർത്തനം സാധ്യമാക്കാനും ഇതിലൂടെ കഴിഞ്ഞു. പൗരോഹിത്യം, പാരമ്പര്യം തുടങ്ങി സ്വതന്ത്രചിന്തയെ നിഷേധിക്കുന്നവർക്കെതിരെയുള്ള പ്രതിഷേധം അതിലുണ്ടായിരുന്നു.

### 3.2.1.2. എൻ.പി. മുഹമ്മദിന്റെ സെക്യുലർ വീക്ഷണങ്ങൾ

ഇന്ത്യൻ ദേശീയതയെക്കുറിച്ചുള്ള എൻ.പി.യുടെ അന്വേഷണങ്ങളിൽ പ്രബലമായി കടന്നുവരുന്ന ഒന്നാണ് സെക്യുലറിസം. അടിസ്ഥാനപരമായ മൂന്നു ഘടകങ്ങളെ മുൻനിർത്തിയാണ് ദേശീയതയെ എൻ.പി.വിശകലനം ചെയ്യുന്നത്. സെക്യുലറിസം, വർഗീയത, ഇന്ത്യൻ മുസ്ലീങ്ങൾ എന്നിവയാണവ. വൈവിധ്യങ്ങൾ നിറഞ്ഞ പരമ്പരാഗത ഇന്ത്യൻ സമൂഹത്തിൽ ആധുനികീകരണം പൂർണമായ അർത്ഥത്തിൽ സാധ്യമായിട്ടില്ല. നഗരവത്കരണം തുടങ്ങിക്കഴിഞ്ഞിട്ടും പരമ്പരാഗത സമൂഹങ്ങളുടെ വിഘടിതമായ പാരമ്പര്യസ്വഭാവത്തിന് പരിവർത്തനങ്ങൾ സാധ്യമായിട്ടില്ല. പൊതുസമൂഹം അനുഭവിക്കുന്ന സാമൂഹ്യപ്രശ്നങ്ങളിൽ സമാനതയുണ്ടെന്നും അവയിൽ പ്രധാനമായത് ഭൂരിപക്ഷത്തിന്റെ ദാരിദ്ര്യമാണെന്നും എൻ.പി.നിരീക്ഷിക്കുന്നുണ്ട് . ഇത്തരത്തിലുള്ള വിഘടിതപ്രവണതകൾ ഒഴിവാക്കി സമൂഹത്തെ ഏകീകരിക്കാൻ മാത്രം പ്രാപ്തമായ ഒരു മഹനീയാദർശമായി എൻ. പി.കാണുന്നത് സെക്യുലർ ജനാധിപത്യത്തെയാണ്. ''ബഹുജാതി-ബഹുമത-ബ

ഹുഭാഷകളുള്ള ഒരു വിശാലരാഷ്ട്രത്തിലെ സമൂഹങ്ങളെ പൊതുക്ഷേമത്തിന്റെ അടിസ്ഥാനത്തിൽ ഏകീകരിപ്പിക്കാനുണ്ടാക്കിയ രാഷ്ട്രീയാദർശമാണ് സെക്യുലർ ജനാധിപത്യം'' (മുഹമ്മദ്, എൻ.പി. 2007:19). മതാത്മകവും കാർഷികപ്രധാനവുമായ പരമ്പരാഗത ഗ്രാമീണജനതയാണ് ഇന്ത്യൻ സമൂഹഘടനയുടെ ആധാരം. വലിയൊരു വിഭാഗം ജനങ്ങൾ നിരക്ഷരരും സാമൂഹികവും സാമ്പത്തികവുമായി പിന്നാക്കക്കാരുമാണ്. ബഹുസ്വര ഇന്ത്യയുടെ വൈവിധ്യങ്ങളെയും ശക്തി-ദൗർബല്യങ്ങളെയും ഉൾക്കൊണ്ടുകൊണ്ടേ ദേശീയ ഐക്യത്തിന്റെ പ്രശ്നങ്ങളെ സമീപിക്കാനാവൂ.

വ്യവസായവിപ്ലവാനന്തരം പടിഞ്ഞാറൻ നാടുകളിൽ നൂറ്റാണ്ടുകളിലൂടെ ഉരുത്തിരിഞ്ഞുണ്ടായതാണ് സെക്യുലറിസം. പടിഞ്ഞാറൻ സെക്യുലറിസത്തെ അതേപടി ഇന്ത്യയിൽ നടപ്പിലാക്കുന്നത് അപ്രായോഗികമാണ്. സമൂഹമനസ്സിന്റെ സങ്കീർണ്ണതകളെ പൂർണ്ണമായി ഗ്രഹിക്കാതെ ഒരു രാഷ്ട്രീയാദർശവും നടപ്പിൽവരുത്താനാകില്ല എന്നാണ് എൻ.പി.യുടെ പക്ഷം. എന്നാൽ ഒരു പാശ്ചാത്യപ്രതിഭാസമായ സെക്യുലറിസത്തിന് ശക്തമായ പാശ്ചാത്യ ക്രൈസ്തവസ്വഭാവമുള്ളതിനാൽ ഇന്ത്യൻ സാഹചര്യങ്ങൾക്ക് അനുഗുണമല്ല എന്ന കാഴ്ചപ്പാട് പല രാഷ്ട്രീയ ധാരകളും പങ്കുവെക്കുന്നുണ്ട്. സെക്യുലറിസം ഇന്ത്യൻ സാഹചര്യങ്ങൾക്ക് യോജിക്കാത്ത ഒരു പാശ്ചാത്യവീക്ഷണമാണ് എന്ന് വിലയിരുത്തുന്നത് ഒരു സാമൂഹിക പ്രതിഭാസത്തെ അത്യന്തം ലഘൂകരിക്കലാണ്. യൂറോപ്യൻ സാഹചര്യത്തിൽനിന്നും വിഭിന്നമായ രീതിയിലാണ് ഇന്ത്യയിൽ അതിന്റെ ആവിർഭാവം എന്നുമാത്രം. അനേകം മതങ്ങളും ജാതികളും നിറഞ്ഞ സാമൂഹിക സാഹചര്യങ്ങൾ നിലനിൽക്കുന്ന ഇന്ത്യയിൽ സമൂഹത്തെ പൊതുക്ഷേമത്തിന്റെ അടിസ്ഥാനത്തിൽ ഏകീകരിക്കാനുള്ള ശക്തിയായാണ് സെക്യുലറിസത്തെ എൻ.പി. വിലയിരുത്തുന്നത്. ഹിന്ദു-മുസ്ലിം മൈത്രിയെക്കുറിച്ച് അഗാധമായി ചിന്തിച്ച ഗാന്ധിജിയുടെ ധാരണകളെ മുൻനിർത്തിക്കൊണ്ടാണ് നെഹ്റു മുതൽ രാധാകൃഷ്ണൻ വരെയുള്ള പ്രബലർ സെക്യുലറിസത്തെ നിരീക്ഷിച്ചത്. ''സെക്യുലറിസം ഏതെ

ങ്കിലും ഒരു മതത്തിനോ മതവിഭാഗത്തിനോ പ്രത്യേക പരിഗണന നൽകുന്നില്ല. എല്ലാ മതങ്ങളും സ്റ്റേറ്റിന്റെ മുന്നിൽ തുല്യമാണ്. രാഷ്ട്രീയസംവിധാനത്തിൽ സ്റ്റേറ്റിന്റെ പങ്ക് മതങ്ങൾക്കിടയിലുള്ള മധ്യസ്ഥൻ എന്ന നിലയിലായിരിക്കും'' (മുഹമ്മദ് എൻ.പി. 2007: 20).

സെക്യുലറിസ്റ്റിക് ജീവിതരീതിക്കല്ല, സെക്യുലറിസത്തിന്റെ അംശമായി വരേണ്ട മതങ്ങൾ തമ്മിലുള്ള മൈത്രിക്കാണ് ഇവർ പ്രാമുഖ്യം നൽകിയത്. എന്നാൽ മതമൈത്രി എന്നതിലുപരിയായി മതങ്ങൾ തമ്മിലുള്ള ബന്ധമാണ് സെക്യുലറിസം എന്ന ധാരണയിലേക്കാണ് വലിയൊരു വിഭാഗം ജനങ്ങൾ എത്തപ്പെട്ടത്. ഇത് സെക്യുലറിസത്തിന്റെ വിശാലവീക്ഷണത്തിന് പോറലേൽപ്പിച്ചതായി എൻ.പി.ചൂണ്ടിക്കാണിക്കുന്നു. സമൂഹപുനഃസംരചനയ്ക്കുള്ള മാർഗനിർദ്ദേശമായി സെക്യുലറിസത്തെ ഉൾക്കൊള്ളാൻ ഇന്ത്യൻ സമൂഹത്തിന് കഴിയാതെപോയത് വലിയ പരാജയമായി എൻ.പി.വിലയിരുത്തുന്നു. സെക്യുലറിസത്തെ അതിന്റെ നിഷേധരൂപത്തിലാണ് പലപ്പോഴും വ്യാഖ്യാനിച്ചുപോന്നത്.

**3.2.1.2.1. മതവും സെക്യുലറിസവും**

ഏറെ തെറ്റിദ്ധാരണകൾക്ക് വിധേയമായ ഒരു പദമാണ് സെക്യുലറിസം. സെക്യുലറിസമെന്നാൽ സമ്പൂർണമായ മതനിഷേധമാണ് എന്ന കാഴ്ചപ്പാട് ഭൂരിപക്ഷത്തിനുമുണ്ട്. അതുകൊണ്ടുതന്നെ മതവിശ്വാസികൾ സമൂഹത്തിന്റെ മുന്നിൽ സംശയപാത്രങ്ങളായി നിലകൊണ്ടു. വിശ്വാസിയുടെ ഉള്ളിൽ ഒരു ഭീകരവാദി ഒളിഞ്ഞുകിടപ്പുണ്ട് എന്ന ചിന്ത പൊതുസമൂഹത്തിൽ പ്രബലമാകാൻ ഇത് കാരണമായി. സെക്യുലറിസത്തിന് നാം നൽകിയ മലയാളവിവർത്തനം തന്നെ ഈ തെറ്റിദ്ധാരണയുടെ സ്വഭാവം ചൂണ്ടിക്കാണിക്കുന്നതായി എൻ.പി.വിലയിരുത്തുന്നു. മതനിരപേക്ഷത, സാമ്പത്തികനീതി, തുല്യപദവിയുള്ള പൗരത്വം, സാക്ഷരത, ദേശഭക്തി, സാംസ്കാരികമായ തനിമ തുടങ്ങി നിരവധി ഘടകങ്ങൾ ഉൾച്ചേർന്നതാണ് സെക്യുലറിസം. എന്നാൽ 'മതനിരപേക്ഷത' എന്ന ആശയത്തിനു മാത്രമാണ് നാം

മുൻതൂക്കം നൽകിയത്. മറ്റു ഘടകങ്ങൾ വേണ്ടത്ര ശ്രദ്ധിക്കപ്പെട്ടില്ല. ജനാധിപത്യത്തെ വർഗ്ഗീയാധിപത്യത്തിന്റെ വേദിയാക്കാൻ വർഗീയവാദികൾ കൂട്ടുപിടിച്ചത് ഭരണഘടനയെ തന്നെയാണെന്ന് എൻ.പി.സമർത്ഥിക്കുന്നു. ഭരണഘടനയിലെ വിശ്വാസ-സംഘടനാ സ്വാതന്ത്ര്യങ്ങളെ തങ്ങളുടെ സൗകര്യത്തിനനുസൃതമായി വ്യാഖ്യാനിക്കുകയും വർഗീയാധിപത്യം സ്ഥാപിക്കുകയുമാണ് ചെയ്തത്. വർഗ്ഗീയ കൂട്ടായ്മകൾ സെക്യുലറിസത്തെ എതിർക്കാനുള്ള വേദികളായി പരിണമിക്കുകയും ചെയ്തു.

സെക്യുലർ സമീപനം മതസമൂഹങ്ങളുടെ കാഴ്ചപ്പാടുമായി യോജിച്ചുപോകുന്നില്ല. മതവും രാഷ്ട്രീയവും തമ്മിലുള്ള സുതാര്യമായ ഇടപെടൽ അവിടെ സാധ്യമല്ല. എന്നാൽ ഇന്ത്യൻ സെക്യുലറിസത്തിന് ഇക്കാര്യത്തിൽ വ്യക്തമായ നിയന്ത്രണം സ്ഥാപിക്കാൻ കഴിഞ്ഞില്ല. സെക്യുലറിസം മതകാര്യത്തിൽ ഇടപെട്ടില്ലെങ്കിലും മതസമൂഹങ്ങൾ സെക്യുലറിസത്തിൽ ധാരാളമായി കൈകടത്തി. ഇന്ത്യൻ രാഷ്ട്രീയത്തിൽ ഇതിന്റെ പ്രതിഫലനം വലിയ ആഘാതങ്ങൾ സൃഷ്ടിച്ചതായി എൻ.പി.നിരീക്ഷിക്കുന്നു. സെക്യുലറിസത്തിന് നേരെയുള്ള മതങ്ങളുടെ ഇടപെടലുകളെ പ്രബുദ്ധരായ രാഷ്ട്രീയ-സാംസ്കാരിക സമൂഹം അവഗണിച്ചതായി എൻ.പി.വിലയിരുത്തുന്നു. അധികാരം കയ്യാളുന്ന ഭരണവർഗ്ഗവും അർപ്പണബോധത്തോടെ ഒരു സെക്യുലറിസ്റ്റ് സമൂഹം സൃഷ്ടിക്കുന്നതിന് പ്രാധാന്യം കൊടുത്തില്ല. സെക്യുലറിസമെന്ന ആശയത്തിന് ഇന്ത്യൻ രാഷ്ട്രീയത്തിൽ സംഭവിച്ച അപചയത്തെ എൻ.പി. ചൂണ്ടിക്കാണിക്കുന്നു. ''നമ്മുടെ സെക്യുലറിസം മോന്തായം മാത്രമായി. അടിത്തറയില്ലാത്ത മോന്തായം, തെരെഞ്ഞെടുപ്പുകാലത്ത് വായയിൽ നിന്നുരുട്ടിവിടാനുള്ള ഗുണ്ടുകൾ മാത്രമായി സെക്യുലറിസം'' (മുഹമ്മദ്, എൻ.പി. 2007:21).

സെക്യുലറിസത്തിന് സംഭവിച്ച ഈ അപചയത്തെ ഇന്ത്യൻ രാഷ്ട്രീയത്തിലെ മുഖ്യധാരാപാർട്ടികളുടെ തെരെഞ്ഞെടുപ്പ് നയങ്ങളുമായി ചേർത്ത് വിശക

ലനം ചെയ്യാൻ എൻ.പി.ശ്രമിക്കുന്നുണ്ട്. സെക്യുലറിസത്തെ എന്നും സംശയദൃഷ്ടിയോടെ വീക്ഷിച്ച ഭാരതീയ ജനതാപാർട്ടി 1989-ൽ പുറത്തിറക്കിയ കരടു മാനിഫെസ്റ്റോയിൽ പ്രതിപാദിക്കുന്ന പോസിറ്റീവ് സെക്യുലറിസമെന്ന സങ്കൽപ്പനം ഇത്തരമൊരു അധരസേവയുടെ പരിഹാസ്യരൂപമാണെന്ന് എൻ.പി.തിരിച്ചറിയുന്നു. അന്നോളം പുലർത്തിയിരുന്ന സെക്യുലർ വീക്ഷണങ്ങളിൽനിന്നുള്ള തിരിച്ചുനടത്തം വോട്ടുബാങ്ക് രാഷ്ട്രീയത്തിന്റെ ശക്തമായ പ്രതിഫലനമാണ്. കോൺഗ്രസിന്റെ സെക്യുലർവിരുദ്ധചങ്ങാത്തം, പ്രസംഗവേദികളിൽ സെക്യുലർവിരുദ്ധ ചേരികളോട് ഐക്യപ്പെടുന്ന കമ്മ്യൂണിസ്റ്റുകാരുടെ നിലപാട് തുടങ്ങിയവ സെക്യുലറിസത്തിന്റെ പേരിൽ നടക്കുന്ന അതിക്രമങ്ങളുടെ നിദർശനമായി എൻ.പി.ചൂണ്ടിക്കാണിക്കുന്നു.

പരമ്പരാഗത മൂല്യങ്ങളിൽ ഉറച്ചുനിൽക്കുന്ന സമൂഹമാണ് ഇന്ത്യയിലുള്ളത്. അതുകൊണ്ടുതന്നെ അധ്യാത്മികമൂല്യങ്ങൾക്ക് എതിരാണെന്ന് തോന്നിക്കുന്ന ഏതൊരു സംഭവവും സമൂഹത്തിൽ വലിയ തരംഗം സൃഷ്ടിക്കുന്നു. അധ്യാത്മിക മൂല്യങ്ങൾക്ക് എതിരാണെന്ന ന്യായീകരണം കണ്ടെത്തി മതം ഭൗതിക കാര്യങ്ങളിൽ ഇടപെടുന്നു. മനുഷ്യക്ഷേമത്തെ മുൻനിർത്തിയുള്ള ഭൗതികകാര്യങ്ങൾ മതനിഷേധമാകുന്നതെങ്ങനെ എന്ന മറുചോദ്യമാണ് എൻ.പി.ഉന്നയിക്കുന്നത്. ''രാഷ്ട്രലക്ഷ്യം മനുഷ്യന്റെ ഭൗതികോത്കർഷമാണ്. അധ്യാത്മികോത്കർഷം മതത്തിന്റെ മേഖലതന്നെ. അത് സാഫല്യമടയുന്നത് മതാനുയായികളുടെ സംഘം ചേരലിൽനിന്നല്ല. മറിച്ച് വ്യക്തിമനസ്സിന്റെ നൈർമ്മല്യങ്ങളിൽനിന്നാണ്. മനുഷ്യനും ഈശ്വരനും തമ്മിലുള്ള ബന്ധവും പൗരനും രാഷ്ട്രവും തമ്മിലുള്ള ബന്ധവും കൂട്ടിക്കുഴക്കരുത്'' (മുഹമ്മദ്, എൻ.പി. 2007:35). മതത്തെയും രാഷ്ട്രത്തെയും വേർതിരിച്ചുകാണുന്നതിൽ എൻ.പി.കൈകൊണ്ടിരുന്ന നിലപാട് കൂടുതൽ കണിശമാണ്. ആരോഗ്യവും സന്തുലിതത്വവുമുള്ള ഒരു സെക്യുലർ സമൂഹത്തിന്റെ സൃഷ്ടിക്ക് ഇത്തരമൊരു നിലപാട് അനിവാര്യമാണ് എന്ന് എൻ.പി. ഉറച്ചു വിശ്വസിച്ചിരുന്നു.

മതവും രാഷ്ട്രവും വേർതിരിക്കുക എന്ന സെക്യുലറിസത്തിന്റെ പ്രാഥമിക കർമ്മം ഇന്ത്യയിൽ ഒരിക്കലും സാധ്യമാകാത്ത ഒന്നായിരിക്കുന്നു. പാരമ്പര്യാധിഷ്ഠിതമായ ഇന്ത്യൻ സമൂഹത്തെ ആധുനികവത്കരിക്കാനുള്ള ഒരു ശ്രമവും ഇതുവരെ വിജയിച്ചിട്ടില്ല. ജന്മിമനസ്സ് ഇന്ത്യയിൽ ഇപ്പോഴും പ്രബലമായി നിൽക്കുന്നതുകൊണ്ടാണ് ഒരാധുനിക വ്യവസായരാഷ്ട്രത്തിന്റെ നിർമ്മിതി ഇവിടെ സാധ്യമാകാത്തത് എന്നാണ് എൻ.പി.യുടെ പക്ഷം. ഇന്ത്യൻ രാഷ്ട്രീയത്തിലും ജന്മിത്വത്തിന്റെ ഈ പ്രഭാവം ദൃശ്യമാണ്. മതസംഘടനകൾക്ക് രാഷ്ട്രീയസ്വഭാവം കൈവരുന്നതു തന്നെ ജന്മിത്തത്തിന്റെ നിലനിൽപ്പിനു വേണ്ടിയാണ്. മധ്യകാലഘട്ടത്തിൽ നിലനിന്നിരുന്ന പാരമ്പര്യ പൗരോഹിത്യത്തിന്റെ മാതൃകയിൽ സെക്യുലറിസം തരം താഴ്ന്നുപോകുന്നതിൽ വർഗീയസ്വഭാവമുള്ള സംഘടനകൾക്കുള്ള രാഷ്ട്രീയാധിപത്യത്തിനു വലിയ പങ്കുണ്ട്. ഭരണവർഗ്ഗത്തിന്റെ സാംസ്കാരിക വ്യക്തിത്വത്തെ നിയന്ത്രിക്കുന്നത് ഇത്തരം പൗരോഹിത്യമനോഭാവമാണ്. ഇത് സെക്യുലറിസത്തിന്റെ അപചയമായി എൻ.പി.കാണുന്നു. ''ജയ് ശ്രീറാം മുഴക്കി യു.പി.നിയമസഭയിലേക്ക് ബി.ജെ.പി അംഗങ്ങൾ കേറുന്നതും, മുസ്ലിം ലീഗ് മന്ത്രിമാർ കേരളത്തിൽ സത്യപ്രതിജ്ഞ ചെയ്യുമ്പോൾ തക്ബീർ മുഴക്കി അഭിവാദനം ചെയ്യുന്നതും പൗരോഹിത്യമെന്ന നാണയത്തിന്റെ ഇരുവശങ്ങൾ ആകുന്നു'' (മുഹമ്മദ്, എൻ.പി. 2007: 30). മതാനുയായികൾ സെക്യുലറിസ്റ്റ് രീതിയെ സ്വകീയതാത്പര്യങ്ങൾക്കായി മതത്തിന്റെ മേൽവിലാസത്തിൽ ഉപയോഗപ്പെടുത്തുമ്പോൾ നമ്മുടെ പൊതുവായ സാമൂഹികലക്ഷ്യം അകന്നകന്ന് പോകുന്നതായി എൻ.പി.യിലെ ചിന്തകൻ ആശങ്കപ്പെടുന്നു.

സെക്യുലറിസമെന്നത് മതാനുഷ്ഠാനങ്ങളുടെ പ്രാധാന്യം ഉറപ്പുവരുത്തുന്നതാണ് എന്ന ധാരണയാണ് ഭൂരിപക്ഷത്തിനുള്ളത്. ഈ ധാരണ ശരിയല്ല. എല്ലാ വിഭാഗീയതകൾക്കും അതീതമായി പൗരന് കൽപ്പിച്ചിട്ടുള്ള വ്യക്തിമാഹാത്മ്യത്തെയാണ് അത് അടയാളപ്പെടുത്തുന്നത്. മതസംബന്ധി എന്നതിനേക്കാൾ വിശാലമായ അർത്ഥകൽപ്പനകൾ അടങ്ങുന്ന ഒരു സംജ്ഞയായി സെക്യുലറിസത്തെ

ഉൾക്കൊള്ളുന്നതിൽ ഇന്ത്യൻ സമൂഹം പരാജയപ്പെട്ടതായി എൻ.പി.വിലയിരുത്തുന്നു. സ്റ്റേറ്റും മതവും നശിക്കുന്നില്ലെന്നാണ് എൻ.പി.യുടെ വാദം. മനുഷ്യന്റെ ആന്തരികാന്വേഷണത്തിൽ സ്റ്റേറ്റിന്റെ കൽപ്പനകൾക്ക് വലിയ പങ്കില്ല. അതുകൊണ്ടുതന്നെ സ്റ്റേറ്റിന്റെയും മതത്തിന്റെയും വേർതിരിവിൽ അപാകതകൾ കണ്ടെത്തുന്നില്ല. ഇക്കാര്യത്തിൽ റെയ്മണ്ട് ആറങ്ങിന്റെ 'സാങ്കേതികമായ യുക്തിബോധം' എന്ന ആശയമാണ് എൻ.പി.ക്ക് കൂടുതൽ സ്വീകാര്യം. ആധുനിക സ്റ്റേറ്റിന്റെ വിധിവിലക്കുകൾ രൂപപ്പെടുത്തിയെടുക്കുക സാങ്കേതികമായ യുക്തിബോധമായിരിക്കും. നമുക്കാവശ്യമുള്ള കാര്യങ്ങളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുകയും അപ്രസക്തമായവയെ യുക്തിവിചാരം ചെയ്യാതിരിക്കലുമാണ് സാങ്കേതികമായ യുക്തിബോധം. വർത്തമാനകാലബന്ധിതമായ അനുഭവനിരീക്ഷണങ്ങൾ പരിവർത്തനോന്മുഖവും ആധുനികമായ ശാസ്ത്രസങ്കല്പനങ്ങളിൽ അധിഷ്ഠിതവുമാണ്. അതുകൊണ്ടുതന്നെ ആധുനികമായ ശാസ്ത്രീയ വീക്ഷണങ്ങളുള്ള ഒരു നവസമൂഹനിർമ്മിതിയിലൂടെ മാത്രമേ സെക്യുലറിസമെന്ന ആശയത്തെ പ്രയോഗത്തിലെത്തിക്കാനാവൂ.

എന്നാൽ നമ്മുടെ കലാ-സാംസ്കാരിക-വിദ്യാഭ്യാസമേഖലകളിൽ സെക്യുലറിസത്തിന്റെ ലേബലിൽ നടക്കുന്ന പല കാര്യങ്ങളും സെക്യുലർ വിരുദ്ധമാണ് എന്ന നിരീക്ഷണവും എൻ.പി.മുന്നോട്ടുവെക്കുന്നു. എല്ലാ മതവിഭാഗങ്ങൾക്കും തുല്യസമയം പങ്കിട്ടെടുത്തുകൊണ്ടുള്ള ആകാശവാണിയിലെ ഭക്തിഗാന-അധ്യാത്മിക ചർച്ചാപരിപാടികളെ എൻ.പി.വിമർശിക്കുന്നുണ്ട്. സെക്യുലർ സമൂഹഘടനക്ക് വിരുദ്ധമായ രീതിയിലുള്ള അന്ധവിശ്വാസങ്ങളും പിന്തിരിപ്പൻ ആശയങ്ങളുമാണ് ഇത്തരം പരിപാടികളിൽ നിറഞ്ഞുനിൽക്കുന്നത്. ഒരു സെക്യുലർ വിദ്യാഭ്യാസരീതി രൂപീകരിച്ചെടുക്കുന്നതിലും നമ്മൾ പരാജിതരാണ്. ഐക്യത്തിന്റെയും ത്യാഗത്തിന്റെയും സന്ദേശങ്ങൾ പ്രചരിപ്പിക്കേണ്ട ചരിത്രം രാജാക്കന്മാരുടെ യുദ്ധപ്രകീർത്തനങ്ങളും ജാതിസ്പർധയുടെയും മതസ്പർധയുടെയും വിവരണങ്ങളുമായി മാറിയത് വലിയ അപാകതയായി എൻ.പി.ചൂണ്ടിക്കാണിക്കുന്നു.

#### 3.2.1.2.2. സെക്യുലർ വിരുദ്ധപ്രവണതകൾ

സെക്യുലർ രാഷ്ട്രത്തിന്റെ സംസ്ഥാപനത്തിനും വികാസത്തിനും എതിരായി നിൽക്കുന്ന വർത്തമാനകാലരാഷ്ട്രീയ പ്രവണതകളെ എൻ.പി. വിശകലനം ചെയ്യുന്നുണ്ട്. ജാതീയത, ഭാഷാപരമായ വർഗീയത, മതവിലാസത്തിന്റെ പേരിലുള്ള സംഘടിതവർഗ്ഗീയത എന്നിവയാണവ. ഈ മൂന്ന് വിഭാഗങ്ങളും രംഗപ്രവേശം ചെയ്യുന്നത് തങ്ങൾ അവശവിഭാഗമാണെന്നും പിന്നാക്കക്കാരാണെന്നും തങ്ങളെ മുന്നാക്കക്കാരാക്കണമെന്നുമുള്ള പ്രത്യേകവാദത്തിന്റെ പേരിലാണ്. അവശവിഭാഗങ്ങളെ മുന്നാക്കക്കാരാക്കണമെന്ന കാര്യത്തിൽ എൻ.പി.ക്കും സംശയങ്ങളില്ല. പക്ഷെ, ഇവരെമാത്രം പരിഗണിച്ചാൽ മതിയോ, ഇതര വിഭാഗങ്ങളെ പരിഗണിക്കുന്നതിൽ ഇവർക്കുള്ള താത്പര്യക്കുറവെന്ത് തുടങ്ങിയ കാര്യങ്ങളാണ് എൻ. പി.പരിശോധിക്കുന്നത്. ഇത്തരം പ്രത്യേകവാദങ്ങൾ സെക്യുലറിസം പർട്ടിക്കുലറിസത്തിന് വഴിമാറുന്നതിന്റെ ലക്ഷണമായി എൻ.പി.കാണുന്നു.

#### 3.2.1.2.3. സെക്യുലറിസവും ജാതിസമൂഹങ്ങളും

ഇന്ത്യൻ സമൂഹത്തിൽ സാമൂഹ്യമായ വേർതിരിവിന്റെ അടയാളങ്ങളാണ് ജാതികൾ. സമൂഹത്തിന്റെ മുകൾത്തട്ടിലുള്ളവരൊഴിച്ച് ബാക്കിയെല്ലാവരും അവർണരോ അധഃസ്ഥിതരോ ആയി അടയാളപ്പെടുത്തപ്പെട്ടിരുന്നു. പട്ടികജാതിക്കാരെയും പട്ടികവർഗ്ഗക്കാരെയും സഹസ്രാബ്ദങ്ങളായി സാമൂഹ്യബാഹ്യരായി സമൂഹം കരുതിപ്പോന്നു. മേധാവിത്തവർഗത്തിനു മുമ്പിൽ ചണ്ഡാലരായിരുന്ന ഇവരുടെ ഉന്നമനത്തിനായി ചെയ്ത കാര്യങ്ങളെ 'ഔദാര്യത്തിന്റെ പേരിലുള്ള ചില്ലറ സഹായങ്ങൾ' എന്നാണ് എൻ.പി.വിശേഷിപ്പിക്കുന്നത് (മുഹമ്മദ്, എൻ.പി. 2007:22). നമ്മുടെ വിനിമയഭാഷപോലും രൂപംകൊണ്ടത് ഇത്തരമൊരു സാഹചര്യങ്ങൾക്ക് അനുഗുണമായാണ്. ''ചെറുമന് അധികാരിപ്പണി കിട്ടിയപോലെയെന്നുള്ള ശൈലി ശ്രദ്ധിക്കുക'' (മുഹമ്മദ്, എൻ.പി. 2007:22) 'ഞങ്ങളും' 'നിങ്ങളു'മെന്ന വേർതിരിവിന്റെ അടിസ്ഥാനത്തിലാണ് ഭാഷയും ശൈലിയും രൂപപ്പെട്ടുവന്നത്.

അധികാരപ്രയോഗത്തിന്റെ ശക്തമായ മാർഗവും ആയുധവുമായി ഭാഷ മേൽക്കോയ്മ നേടുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള അടിച്ചമർത്തലുകൾ അവ ശസമൂഹങ്ങളെ സംഘട്ടനത്തിലേക്കും സംഘർഷത്തിലേക്കും നയിക്കുന്നു.

ജാതീയമായ സംഘർഷങ്ങളിലേക്ക് നയിച്ച അക്കാലത്തെ രാഷ്ട്രീയ പ്രക്ഷോഭങ്ങളെ ഇതിനുദാഹരണമായി എൻ.പി. ചൂണ്ടിക്കാണിക്കുന്നു. ഝാർഖണ്ഡ് സ്റ്റേറ്റിനുവേണ്ടിയുള്ള വാദം ഇത്തരത്തിലൊന്നാണ്. കൃഷിഭൂമി സ്വകാര്യസ്വത്തായി അനുവദിക്കുന്നതിനുവേണ്ടി സാന്താൾ ഗോത്രങ്ങൾക്കിടയിൽ നിലനിന്നിരുന്ന പ്രക്ഷോഭങ്ങൾ പിൽക്കാലത്ത് ദൂരവ്യാപകമായ ഫലങ്ങൾ സൃഷ്ടിച്ച ഒന്നായി പരിണമിക്കുകയാണുണ്ടായത്. ചൂഷണത്തിനും അസമത്വത്തി നുമെതിരെ തുടങ്ങിയ ഈ പ്രക്ഷോഭങ്ങൾ പിൽക്കാലത്ത് വികലമാവുകയും രാഷ്ട്രീയ ചൂഷണത്തിന്റെ വേദിയായി മാറുകയും ചെയ്തു. ‘‘മണ്ണിനോട് അദമ്യ മായ സ്നേഹമുള്ള ഈ ഗോത്രവർഗ്ഗത്തെ സാമുദായിക ശൈലിയിൽ വാർത്തെടു ത്തതാണ് ഝാർഖണ്ഡ് വാദം. അതിപ്പോൾ രാഷ്ട്രീയ ചൂഷണത്തിന്റെ സംഹാര രൂപം പൂണ്ടിരിക്കുന്നു’’ (മുഹമ്മദ് എൻ.പി. 2007:23). പ്രശ്നത്തെ ശരിയായ രീതി യിൽ നേരിടുന്നതിൽ സംഭവിച്ച അപാകതകളാണ് ഇത്തരമൊരു സാഹചര്യത്തി ലേക്ക് നയിച്ചത്. ഇത്തരം സംഘർഷങ്ങൾ ജാതീയത നിലനിൽക്കുന്നിടത്തെല്ലാം ഏറ്റക്കുറച്ചിലോടെ നിലനിൽക്കുന്നു എന്നാണ് എൻ.പി.യുടെ നിരീക്ഷണം.

‘‘ഇന്ത്യയെപ്പോലെ പ്ലൂരലിസ്റ്റിക് സമൂഹത്തിൽ ജാതിക്കു മതത്തിന്റെ തന്നെ വീറും വാശിയും ഉണ്ട്. ഭാഷ, വംശീയത എന്നിവയും വികാരതീവ്രതയിൽ ഒട്ടും പുറകിലല്ല. ഈ വൈവിധ്യങ്ങളെ മറികടന്നു ഭരണതലത്തിൽ നിഷ്പക്ഷതയും കാര്യക്ഷമതയും കൈവരിക്കാനുള്ള മാർഗം പ്രോയോഗിക മതേതരതയാണ്’’ (ഉ മ്മറുകുട്ടി, എ.എൻ.പി.ഡോ., 1997:27). ഇന്ത്യൻ സമൂഹത്തിൽ നിലനിൽക്കുന്ന മത പരവും ജാതീയവുമായ വൈവിധ്യങ്ങളെ നേരിടാനും മാനവ ഐക്യം ശക്തിപ്പെടു ത്താനുമുള്ള സുചിന്തിതവും സ്വീകാര്യവുമായ മാർഗ്ഗമായി എൻ.പി.കാണുന്നത്

സെക്യുലറിസത്തെയാണ്. വ്യക്തിവിശ്വാസങ്ങളെ നിരാകരിക്കാത്ത, ബഹുമത സമൂഹത്തിന്റെ അടിത്തറയായി നിലനിൽക്കുന്നതാണ് സെക്യുലറിസം. ജനാധിപ ത്യത്തിലൂന്നിയ ഒരു രാഷ്ട്രത്തിന്റെ വളർച്ചയ്ക്കും വികാസത്തിനും നിർണ്ണായക മായ പങ്കുവഹിക്കുന്ന ഒന്നായി മതേതര രാഷ്ട്രീയത്തെ എൻ.പി. കാണുന്നു.

### 3.2.1.2.4. സെക്യുലറിസവും ഭാഷാന്യൂനപക്ഷങ്ങളും

വിഭജനപ്രവണതകളുടെ ഫലമായി രൂപംകൊണ്ടതാണ് ഭാഷാസംസ്ഥാന ങ്ങൾ. മാത്രമല്ല സ്റ്റേറ്റുകളിലെ ഭാഷാന്യൂനപക്ഷങ്ങൾ തങ്ങൾക്കുവേണ്ട സംരക്ഷ ണമില്ലെന്ന വാദവുമായി മുന്നോട്ടുവരുന്നു. ഔദ്യോഗിക ഭാഷയായ ഹിന്ദിയും സമൂഹത്തിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതിന് കാരണമാകുന്നു. തെക്കൻ സംസ്ഥാനങ്ങൾ ഈ ഭാഷാനയം നിരാകരിക്കുന്നു.

### 3.2.1.2.5. സെക്യുലറിസവും വർഗ്ഗീയതയും

നിരവധി ജാതികളും മതങ്ങളുമുള്ള പാരമ്പര്യത്തിലധിഷ്ഠിതമായ സമൂഹ മാണ് ഇന്ത്യൻ സമൂഹം. വൈവിധ്യമാർന്ന സംസ്കാരവും ഭാഷയും സാമ്പത്തിക മായ ഉച്ചനീചത്വങ്ങളും ഇന്ത്യയെ വ്യതിരിക്തമാക്കുന്നു. അതേസമയം ശക്തമായ പ്രാദേശികതയും ഇന്ത്യയിൽ നിലനിൽക്കുന്നുണ്ട്. ഇത്തരമൊരു സാഹചര്യത്തിൽ ഏകസമൂഹം എന്ന കാഴ്ചപ്പാട് ഇന്ത്യയെ സംബന്ധിച്ച് അപ്രായോഗികമാണ് എന്ന് പ്രബല ചരിത്രകാരന്മാരെല്ലാം സമർത്ഥിച്ചിട്ടുണ്ട്. മത-ജാതി സമൂഹങ്ങളുടെ ഒരുമയോടെയുള്ള സഹവർത്തിത്വമേ ഇന്ത്യയിൽ സാധ്യമാകൂ. ഇതിന് തടസ്സം നിൽക്കുന്ന ശക്തമായ ഘടകം എന്ന നിലയ്ക്കാണ് എൻ.പി. വർഗീയതയെ അവ തരിപ്പിക്കുന്നത്.

''മതവിലാസമുള്ള വർഗീയതയാണ് ഭാരതീയസമൂഹങ്ങളുടെ ഉദ്ഗ്രഥന ത്തിനു മുമ്പിലുള്ള ഭീമവിഘാതം. അവർ സെക്യുലറിസത്തിന്റെ പ്രബലശത്രു തന്നെ. കമ്മ്യൂണലിസം എന്ന ഇംഗ്ലീഷ് വാക്കിന്റെ വിവർത്തനപദമായിട്ടാണല്ലോ

വർഗ്ഗീയത എന്നു നാം ഉപയോഗിക്കുന്നത്. മതത്താൽ ബന്ധിക്കപ്പെട്ട സാമൂഹിക-രാഷ്ട്രീയ കൂട്ടായ്മയോടുള്ള അഴിയാക്കൂറാണ് വർഗ്ഗീയതയെന്ന് സാമാന്യവും ലളിതവുമായി നിർവ്വചിക്കാം. ഓരോ വർഗ്ഗീയതയും തരംതിരിച്ചാൽ അവയ്ക്ക് തനതായ ലക്ഷണങ്ങളല്ല പ്രവർത്തനരീതിയാണുള്ളത്.'' (മുഹമ്മദ്, എൻ.പി. 2007:23).

ഹിന്ദു-മുസ്ലിം വർഗ്ഗീയതകളോട് തുല്യമായ വിമർശനാത്മക നിലപാടാണ് എൻ.പി.പുലർത്തിയിരുന്നത്. വർഗ്ഗീയതകളുടെ ആശയപരമായ അടിത്തറകൾ ഒന്നാണെന്ന കാര്യത്തിൽ എൻ.പി.ക്ക് സംശയങ്ങളില്ല. ഇന്ത്യൻ പൗരന്മാരെ ദേശീയ മുഖ്യധാരയിൽനിന്ന് അകറ്റുന്ന കാര്യത്തിൽ എല്ലാത്തരം വർഗ്ഗീയതകളും സമാനത പുലർത്തുന്നു. അവകാശങ്ങളുടെയും അവകാശസംരക്ഷണങ്ങളുടെയും പേരിലാണ് ബാഹ്യതലത്തിൽ വർഗ്ഗീയത രൂപംകൊള്ളുന്നത്. യഥാർത്ഥത്തിൽ ഇന്ത്യക്കാരന്റെ പ്രശ്നങ്ങളാണ് ഈ അവകാശങ്ങൾ. എന്നാൽ അവകാശങ്ങൾ സ്ഥാപിച്ചുകിട്ടുക എന്ന നിലയ്ക്കല്ല, തങ്ങൾക്കുവേണ്ടത്ര പ്രാതിനിധ്യമില്ല എന്ന നിലയ്ക്കാണ് സമൂഹത്തെ ഇത് ആകർഷിക്കുന്നത്. ജാതിയുടെയും മതത്തിന്റെയും മേൽവിലാസമില്ലാതെ ഒരു പൊതുപ്രശ്നം എന്ന നിലയിൽ ഈ അവകാശങ്ങൾ ഉന്നയിക്കുന്നതിലുള്ള വൈമനസ്യം വലിയ പരിമിതിയായി എൻ.പി.കാണുന്നു. സാമുദായിക വിഭാഗങ്ങളാകട്ടെ അസമത്വങ്ങളെ ദൂരീകരിക്കുന്നതിനുള്ള ഒരു പൊതുമുന്നണിയുടെ ഭാഗമാകുന്നതിൽ തികഞ്ഞ ഉദാസീനത പുലർത്തുന്നു. വിഭാഗീയമായ ഗ്രൂപ്പുകൾ ഭൗതികോത്ക്കർഷത്തിനുവേണ്ടി മതത്തെ ഉപയോഗപ്പെടുത്താൻ ശ്രമിക്കുന്നത് വർഗ്ഗീയതക്ക് ആക്കം കൂട്ടുന്നു.

മതസംജ്ഞ നൽകിക്കൊണ്ടുള്ള രാഷ്ട്രീയപ്രവർത്തനങ്ങൾ വർഗീയത തീവ്രമാക്കാനുള്ള അബോധശ്രമങ്ങളാണെന്ന് എൻ.പി. ചൂണ്ടിക്കാണിക്കുന്നു. മതത്തെ രാഷ്ട്രീയവത്കരിച്ചുകൊണ്ട് നടത്തിവരുന്ന ചടങ്ങുകളും പ്രവണതകളും ബ്രിട്ടീഷ് ഭരണകാലത്തുപോലും ഇത്രയും രൂക്ഷമായി നിലനിന്നിരുന്നില്ല

എന്നാണ് എൻ.പി.യുടെ പക്ഷം. വിഭാഗീയമായ താത്പര്യങ്ങൾ രാഷ്ട്രീയത്തിൽ ഇടപെട്ടതിന്റെ മികച്ച ഉദാഹരണമാണ് ഇന്ത്യാവിഭജനം. ദുരിതപൂർണ്ണമായ ആ അനുഭവങ്ങളിൽനിന്നും മാനുഷികതയുടെ അനിവാര്യതയെക്കുറിച്ചുള്ള മഹനീയ മായ പാഠങ്ങൾ ഇന്ത്യൻ സമൂഹത്തിന് ഉൾക്കൊള്ളാനായില്ല എന്നത് എൻ.പി. യിലെ ചിന്തകനെ ആശങ്കയിലാഴ്ത്തുന്നു.

ഒരു ചിന്തകൻ എന്ന നിലയിൽ എൻ.പി.യെ ആഴത്തിൽ സ്പർശിച്ച സാമൂഹ്യപ്രശ്നങ്ങളെ ശാസ്ത്രീയമായി വിശകലനം ചെയ്യാനും എൻ.പി. ശ്രമിച്ചി ട്ടുണ്ട്. വർഗ്ഗീയതയെ പ്രതിപാദിക്കുന്ന ലേഖനത്തിൽ, സമൂഹശാസ്ത്രജ്ഞന്മാ രുടെ നിരീക്ഷണങ്ങളോട് ചേർന്നുനിന്നുകൊണ്ട് ഇന്ത്യയുടെയും വിശിഷ്യാ കേരള ത്തിന്റെയും സാമൂഹികപശ്ചാത്തലത്തിൽ വർഗ്ഗീയതയുടെ മനശ്ശാസ്ത്രം എൻ.പി. ആരായാൻ ശ്രമിക്കുന്നുണ്ട്. 'ഞങ്ങൾ' 'നിങ്ങൾ' വിഭജനമാണല്ലോ വർഗ്ഗീയതയുടെ അടിസ്ഥാനം. ഇതിന് അഞ്ച് ലക്ഷണങ്ങൾ ഉണ്ട്.

#### 3.2.1.2.5.1. പക്ഷപാതം

വ്യക്തികളെക്കുറിച്ചും സമൂഹങ്ങളെക്കുറിച്ചുമുള്ള മുൻധാരണയാണ് പക്ഷ പാതം. സ്വഭാവസവിശേഷതകളും സങ്കീർണ്ണതകളും പരിഗണിക്കാതെയുള്ള മുൻധാരണക്ക് സാമൂഹിക യഥാർത്ഥ്യത്തിന്റെയോ കാലഘട്ടത്തിന്റെയോ പിൻബ ലമില്ല. അനുഭവങ്ങൾ ഇവിടെ അടിസ്ഥാനമായി വർത്തിക്കുന്നില്ല. ''മുൻകാലാനുഭ വങ്ങളെന്ന വിലാസത്തിൽ തലമുറ തലമുറയായി കൈമാറിയ കേട്ടുകേൾവികൾ നീക്കുപോക്കില്ലാത്ത സത്യമായും ഇളക്കമില്ലാത്ത വിശ്വാസമായും കാണുന്ന സമീ പനമാണ് പക്ഷപാതം. ഉപബോധ തലത്തിലാണത് ജാഗരം കൊള്ളുന്നത്. വസ്തു തകളിൽനിന്നും യാഥാർത്ഥ്യങ്ങളിൽനിന്നും മോചിതമാണു പക്ഷപാതം'' (മുഹ മ്മദ്, എൻ.പി. 2007:51). പണ്ട് മലബാറിലെ അമ്മമാർ കുട്ടികളെ പേടിപ്പിക്കാൻ വേണ്ടി 'പഠാണി' വരുന്നുണ്ടെന്ന് പറയാറുണ്ടായിരുന്നു. ടിപ്പുവിനെയോ ടിപ്പു വിന്റെ പടയാളികളെയോ ആണ് 'പഠാണി' എന്ന് വിളിച്ചിരുന്നത്. ടിപ്പുവിന്റെ പട

യോട്ടക്കാലത്ത് മലബാറിലെ ജന്മിമാർക്കുണ്ടായ ദുരിതാനുഭവങ്ങളുടെ അതിശയോക്തിയിൽനിന്നും പിറന്ന ഈ രൂപം വർത്തമാനകാലത്തും ഭയപ്പെടുത്തുന്നതിനുള്ള മാനസികഘടകമായി നിലനിൽക്കുന്നു. 1921-ലെ മലബാർ കലാപം മുസ്ലീങ്ങളെക്കുറിച്ച് ഹൈന്ദവമനസ്സിൽ സൃഷ്ടിച്ചെടുത്ത 'ക്രൂരമുഹമ്മദീയർ', 'മാപ്പിളയെന്നുള്ള നാമവും കൈക്കുന്ന വേപ്പിലയേക്കാൾ കഠിനം തന്നെ' തുടങ്ങിയ പ്രയോഗങ്ങളും മുൻധാരണയുടെ അടിസ്ഥാനത്തിൽ ഒരു സമുദായത്തെ വികലമായി ചിത്രീകരിക്കുന്നതിന്റെ നിദർശനമായി എൻ.പി.അവതരിപ്പിക്കുന്നു.

ഹിന്ദു സമുദായത്തെ സംബന്ധിച്ച് മുസ്ലീങ്ങൾക്കും ഇത്തരം പക്ഷപാതങ്ങളുണ്ട്. 'നായര് നമ്പൂതിരി പട്ടര് ഊര് ഭരിക്കാനാവുമോ' എന്ന മാപ്പിളപ്പാട്ട് ഇതിന് നിദർശനമാണ്. സാമ്പ്രദായികതയിലും യാഥാസ്ഥിതികതയിലും ഉറച്ചുപോയ മതസമുദായങ്ങളുടെ മാനസികതലമാണിത്. ഇതിൽനിന്നാണ് വേറിട്ടു നിൽക്കാനുള്ള പ്രവണതകൾ രൂപംകൊള്ളുന്നത്.

#### 3.2.1.2.5.2. വിവേചനം

പക്ഷപാതം തന്നെയാണ് വിവേചനത്തിനുള്ള വഴിയൊരുക്കുന്നത്. ''മനുഷ്യരെ ഞങ്ങളും നിങ്ങളുമായിക്കാണുന്ന വികാരം പ്രബലമാകുന്നതോടെ മറുചേരിയെ ഒതുക്കണമെന്ന മോഹവും ഉണ്ടാകുന്നു. തുല്യാവകാശങ്ങളും തുല്യസന്ദർഭങ്ങളും എല്ലാവർക്കുമുണ്ടെന്ന പ്രമാണത്തിന്റെ ലംഘനമാണിത്. ഇത് വിവേചനത്തിന് പാതയൊരുക്കുന്നു'' (മുഹമ്മദ്, എൻ.പി. 2007:52). വിദ്യാഭ്യാസം, ജോലി എന്നീ മേഖലകളിൽ സമൂഹം നേരിടുന്ന വിവേചനപരമായ സാഹചര്യങ്ങളാണ് വർഗ്ഗീയ-സാമുദായിക സംഘടനകളുടെ വളർച്ചയ്ക്ക് നിദാനമാകുന്നത്. പൊതുസമൂഹത്തിന്റെ ആവശ്യം തിരിച്ചറിഞ്ഞുകൊണ്ട് ഇടപെടുന്ന സാമുദായികസംഘടനകൾ ഉപരിവർഗ്ഗങ്ങളുടെ താത്പര്യങ്ങളാണ് ലക്ഷ്യംവെക്കുന്നത്. ജോലിയുടെ കാര്യത്തിൽ വിവേചനം കടന്നുവരുന്നത് നാലുതരത്തിലാണ്.

1. ചില ജോലികൾക്ക് ചില മതസ്ഥരെ അയോഗ്യരായി കൽപ്പിക്കുന്ന രീതി
2. നിശ്ചിതയോഗ്യതയുണ്ടായിട്ടും ജോലി നൽകാൻ വൈമനസ്യം കാണിക്കുന്ന ഉദ്ധ്യോഗസ്ഥവൃന്ദം
3. ജോലി ലഭിച്ച താഴ്ന്നജാതിക്കാർക്ക് പ്രൊമോഷൻ നൽകാനുള്ള താത്പര്യമില്ലായ്മ
4. തസ്തികകൾ ഉണ്ടായിട്ടും നിയമിക്കാത്ത അവസ്ഥ

വർഗീയത, പ്രാദേശികത തുടങ്ങിയ ചിന്താഗതികൾ വളർന്നുവരുന്നതിന്റെ കാരണം തൊഴിൽ ലഭ്യതയുടെയും തൃപ്തികരമായ ജോലിയുടെയും അവസരക്കുറവുകളാണ്. ജോലിയും ന്യായമായ ജീവിതനിലവാരവും വിദ്യാഭ്യാസ അവസരസമത്വവും എല്ലാവർക്കുമിടയിൽ നീതിപൂർവ്വം സൃഷ്ടിച്ചാലെ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാനാകൂ.

### 3.2.1.2.5.3. ടൈപ്പ്കഥാപാത്രങ്ങൾ

പക്ഷപാത-വിവേചനങ്ങളെ ലഘൂകരിച്ച് പ്രതീകവത്കരിക്കുന്ന സമ്പ്രദായമെന്നാണ് എൻ.പി. ടൈപ്പ് കഥാപാത്രങ്ങളാക്കുക എന്നതിനെ വിശേഷിപ്പിച്ചത്. 'ഹിന്ദു' കുറും കുടുമയുമുള്ളവനാകുമ്പോൾ 'മുസ്ലിം' കാതുകുത്താത്ത അനാര്യനും ചായത്തുണിക്കാരനുമാകുന്നു. കാലഘട്ടത്തിനനുസരിച്ച് ടൈപ്പുപാത്രസൃഷ്ടിയിൽ പരിഷ്കൃതരൂപങ്ങൾ ഉണ്ടാകും. നമ്മുടെ സാഹിത്യവും ദൃശ്യമാധ്യമങ്ങളും രൂപകൽപ്പനചെയ്തെടുത്ത മലബാറിലെ മാപ്പിളമുസ്ലിം പ്രസിദ്ധമായ ഒരു ടൈപ്പുകഥാപാത്രമാണ്. ആധുനിക സിനിമകൾ ഇപ്പോഴും ഇതേറ്റുപിടിച്ചുകൊണ്ടിരിക്കുന്നു. നിരന്തരമായ ഇത്തരം ദൃശ്യസമ്പർക്കങ്ങൾ മനുഷ്യരെ സ്റ്റീരിയോടൈപ്പായി കാണിക്കുന്ന സമ്പ്രദായത്തെ പ്രചാരപ്പെടുത്തുകയും ഈ രൂപങ്ങൾ പൊതുബോധത്തിനകത്ത് അവജ്ഞയുണ്ടാക്കുന്ന രൂപങ്ങളായി പരിണമിക്കുകയും ചെയ്തു.

### 3.2.1.2.5.4. യുക്തിരഹിത പ്രവചനം

ഹിന്ദു-മുസ്ലിം വിഭാഗങ്ങൾക്കിടയിൽ നിലനിൽക്കുന്ന ഒരു പ്രവണത യാണിത്. ബഹുസ്വരസമൂഹത്തിൽ ജീവിക്കാനറിയാത്ത പ്രാകൃതരായി മുഹമ്മദീയരെ അടയാളപ്പെടുത്തുകയും സമൂഹം അവരെ വിലയിരുത്തുകയും ചെയ്യുന്നത് യുക്തിബോധമില്ലാത്ത പ്രവചനസ്വഭാവത്തിന് ഉദാഹരണമായി എൻ.പി.ചൂണ്ടിക്കാണിക്കുന്നു. ''ബാഹ്യരൂപം ഇങ്ങനെ തിട്ടപ്പെടുത്തിയാൽ അവന്റെ ബുദ്ധിപരമായ അറിവില്ലായ്മയെക്കുറിച്ചുള്ള അഭിപ്രായം മനസ്സിൽ ഊറി വരുന്നു. അവൻ മന്ദബുദ്ധിയാകും. വിശ്വാസാന്ധത ബാധിച്ചവനാകും. കയ്യൂക്കുമാ ത്രമേ അവനറിയൂ. ഇങ്ങനെ ബാഹ്യമായും ആന്തരികമായും മനുഷ്യനെ വികല പ്പെടുത്തുന്നു'' (മുഹമ്മദ്, എൻ.പി. 2007:54). മുസ്ലിം നാലുപെണ്ണുകെട്ടുന്നവനും സന്താനനിയന്ത്രണം പാലിക്കാത്തവനുമാണ് എന്ന ധാരണ ഇത്തരം പ്രവചന ങ്ങളിലൂടെ സമൂഹമനസ്സിൽ വേരുറച്ചുപോയതാണ്. മുസ്ലിം ജനസംഖ്യ ക്രമാതീതമായി പെരുകിയാൽ ഭാവി ഇന്ത്യയിൽ ഹിന്ദുക്കൾ ന്യൂനപക്ഷവും മുസ്ലീ ങ്ങൾ ഭൂരിപക്ഷവും ആകുമെന്ന് തീവ്രദേശീയവാദികൾ പ്രസ്താവിക്കാറുണ്ട്. ഇത്തരം വസ്തുതകളെ യുക്തിസഹമായി വിശകലനം ചെയ്യുന്ന എൻ.പി. ഈ വാദങ്ങളുടെ നിരർത്ഥകത ബോധ്യപ്പെടുത്തുന്നുണ്ട്. "മുസിലീംങ്ങളുടെ വിവാഹ നിയമം പരിഷ്കരിക്കേണ്ടതുതന്നെ, ക്ലിപ്തവരുമാനം ഒരു ചെറിയ കുടുംബ ത്തെപ്പോലും വേണ്ടവിധം പോറ്റാൻ അപര്യാപ്തമാണ്. ഭൂരിപക്ഷ മുസ്ലീങ്ങളും ഏകപത്നി വൃതക്കാരാണെന്നതാണ് യാഥാർത്ഥ്യം. അഭ്യസ്തവിദ്യരായ മുസ്ലീ ങ്ങൾ സന്താനനിയന്ത്രണം പാലിക്കുകയും ചെയ്യുന്നു. ബോധവത്കരണ പ്രക്രിയ യിലൂടെ ഇതെല്ലാം വികസിപ്പിക്കുകയും ചെയ്യാം. അതിനു ശ്രമിക്കാതെ മുൻപിൻ നോട്ടമില്ലാതെ ഭാവിയെ തന്നിഷ്ടപ്രകാരം പ്രവചിക്കുന്നത് സമുദായങ്ങളുടെ അകൽച്ച വ്യാപിപ്പിക്കാനേ സഹായിക്കുകയുള്ളൂ." (മുഹമ്മദ്, എൻ.പി. 2006:54).

യാഥാസ്ഥിതിക മുസ്ലീങ്ങൾക്കിടയിലും ഇത്തരം ദുർബല വീക്ഷണങ്ങളുണ്ട് എന്നും എൻ.പി. സമർത്ഥിക്കുന്നു. "സ്വതന്ത്രഭാരതത്തിൽ നിരന്തരം പൊട്ടിപ്പുറപ്പെടുന്ന വർഗീയകലാപങ്ങൾ മുസ്ലീങ്ങളെ ഒന്നടങ്കം കൊന്നൊടുക്കുവാനുള്ള നിന്ദ്യവും ഗൂഢവും ആസൂത്രിതവുമായ നീചപദ്ധതിയാണെന്ന് വിശ്വസിക്കുന്നവർ എമ്പാടുമുണ്ട്" (മുഹമ്മദ്, എൻ.പി. 2006:54). ലഹളകളും അക്രമവാസനകളും അങ്ങേയറ്റം നിരുത്സാഹപ്പെടുത്തേണ്ടതാണ് എന്ന കാര്യത്തിൽ എൻ.പി.ക്ക് സംശയമില്ല. പക്ഷേ ഒരു മതവിഭാഗത്തിന്റെ സമ്പൂർണ്ണമായ നാശം ഉന്നംവെക്കുന്നതാണ് അവ എന്ന കാഴ്ചപ്പാട് യുക്തി ബോധമില്ലാത്ത പ്രവചനസ്വഭാവമാണെന്ന് എൻ.പി.വിലയിരുത്തുന്നു.

### 3.2.1.2.5.5. നിന്ദ്യനാമവത്ക്കരണം

''പക്ഷപാതം, വിവേചനം, സ്ഥാവരരൂപചിത്രീകരണം, സ്വയം പ്രവചനം എന്നീ നാലു ഘടകങ്ങളും മതവിഭാഗങ്ങളുടെ സംയുക്തമായ ഉപബോധതലമായി മാറുമ്പോഴുണ്ടാകുന്ന അനന്തരഫലം അന്യോന്യം മതവിഭാഗങ്ങളെ നിന്ദ്യമായ രീതിയിൽ കാണുന്ന സ്ഥിതി ഉണ്ടാക്കുന്നു" (മുഹമ്മദ്, എൻ.പി, 2007:54). നിന്ദ്യവത്കരണത്തിന്റെ പ്രായോഗികവത്കരണമാണ് വർഗീയനേതാക്കളുടെ പ്രസംഗങ്ങളിലൂടെയും പ്രചാരണങ്ങളിലൂടെയും പൊതുബോധത്തിൽ പ്രവേശിക്കുന്നത്. മതശുദ്ധിയുടെ പേരുപറഞ്ഞ് നടത്തുന്ന ഇത്തരം പ്രചാരകന്മാരെ മതമൗലികവാദികളെന്ന് സമൂഹം പ്രശംസിക്കുന്നു. മനുഷ്യനന്മയാണ് മതങ്ങളുടെ അടിസ്ഥാനലക്ഷ്യമെങ്കിൽ മതത്തെ മലിനമാക്കുന്ന ഇത്തരക്കാരെ മതമൗലികവാദികളെന്നല്ല, മതമലിനീകരണവാദികൾ എന്നാണ് വിശേഷിപ്പിക്കേണ്ടത് എന്നാണ് എൻ.പി. യുടെ അഭിപ്രായം. ഈ മലിനീകരണത്തിൽനിന്നാണ് ഇതരമതങ്ങളെ പരിഹസിക്കാനുള്ള പ്രവണത കരുത്തുനേടുന്നത്. ഇതിനെ നിന്ദ്യനാമവത്കരണം എന്നാണ് സമൂഹശാസ്ത്രകാരന്മാർ വിശേഷിപ്പിക്കുന്നത്. സ്വന്തം സമുദായക്കാർക്ക് കുലീനനാമവും ഇതരമതസ്ഥർക്ക് അധമനാമവും നൽകുന്നത് പാരമ്പര്യാധിഷ്ഠിത സമൂ

ഹങ്ങളുടെ സ്വഭാവഘടനയിൽ ഉറച്ചുപോയ ഒന്നായി എൻ.പി.വിലയിരുത്തുന്നു. ഇത്തരത്തിലുള്ള നിന്ദ്യനാമവത്കരണം എല്ലാ സമൂഹങ്ങളിലും പ്രകടമാണ്. ''എതിർ മതവിഭാഗത്തിലുള്ളവർക്ക് അത്യുക്തിയോടെ അധമവാസന പ്രത്യക്ഷ ത്തിൽ തോന്നിക്കുന്ന പേർ നൽകുന്നു. അവർ അയിത്ത ജാതികളാണ്. മുസ്ലിങ്ങൾ മ്ലേഛന്മാരാണ്. ഞങ്ങളോ സവർണർ ശ്രേഷ്ഠന്മാരാണ്. ഹിന്ദുവിന് മുസ്ലിം മ്ലേഛ നാണെങ്കിൽ മുസ്ലിമിന് ഹിന്ദു കാഫിറുമാകുന്നു'' (മുഹമ്മദ് എൻ.പി. 2007:55). ഭക്ഷണം, വസ്ത്രം, ഭാഷ, തുടങ്ങിയവ വിഭാഗീയമായ കാഴ്ചപ്പാടുകൾക്കുള്ള ഹേതുവായിത്തീരുന്നു എന്നത് അത്യന്തം ഖേദകരമാണ്.

ഇന്ത്യയിൽ ഹിന്ദു-മുസ്ലിം സംഘർഷങ്ങളുടെ അടിസ്ഥാനകാരണം ഈ വൈരുധ്യത്തിൽനിന്നാണ് ആരംഭിക്കുന്നത് എന്നും ഇരുവിഭാഗങ്ങളുടെയും സ്വഭാവവൈശിഷ്ട്യങ്ങൾ നിലനിർത്തിക്കൊണ്ടുതന്നെ അവരുടെ മനോഭാവത്തിൽ മാറ്റം വരുത്തേണ്ടത് അനിവാര്യമാണ് എന്നും ഈ വസ്തുത പഠനവിധേയമാക്കിയ ഹുമയൂൺകബീർ നിരീക്ഷിക്കുന്നുണ്ട് (ഹുമയൂൺ കബീർ, 1988:111).

### 3.2.2. ഇന്ത്യൻ മുസ്ലീങ്ങളും സെക്യുലറിസവും

'സെക്യുലർ ഇന്ത്യയിൽ മുസ്ലീങ്ങളുടെ പങ്ക്' എന്ന വിഷയത്തെ മുൻനിർത്തി ദീർഘമായ ഒരു ലേഖനം എൻ.പി. രചിച്ചിട്ടുണ്ട്. സെക്യുലറിസം ഭര ണഘടനാപരമായ ഒരു യാഥാർത്ഥ്യമായ പശ്ചാത്തലത്തിൽ ഈ അന്വേഷണം സാർത്ഥകമാണ്. പ്രത്യേകിച്ചും ഇന്ത്യൻ മുസ്ലീങ്ങളുടെ സാമൂഹ്യപശ്ചാത്തലത്തി ലുള്ള ഈ അന്വേഷണം കാലം ആവശ്യപ്പെടുന്ന ഒന്നായിരിക്കുന്നു. വിഭജനാന ന്തര ഇന്ത്യൻ പശ്ചാത്തലത്തിൽ ഇന്ത്യൻ മുസ്ലിമിന്റെ സെക്യുലർഭാവി എൻ.പി. യിലെ ചിന്തകനെ വലിയൊരളവിൽ സ്വാധീനിച്ചിട്ടുണ്ട് എന്ന് തെളിയിക്കുന്നതാണ് ഈ മേഖലയിൽ എൻ.പി.നടത്തിയിട്ടുള്ള പഠനങ്ങൾ.

"ഇന്ത്യാവിഭജനം രാജ്യത്തെ മതവിഭാഗങ്ങൾ തമ്മിലുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ പര്യാപ്തമായില്ല. അത് സമുദായത്തിൽ സൃഷ്ടിച്ച പ്രത്യാഘാതങ്ങൾ മുസ്ലീങ്ങളെ വർഗീയകലാപങ്ങളിലേക്കും നിഷ്ക്രിയത്വത്തിലേക്കും നയിക്കുകയും ദുർബലമായ ന്യൂനപക്ഷമായി ചുരുങ്ങാൻ ഇടവരുത്തുകയും ചെയ്തു". (മുഹമ്മദ് എൻ.പി. 2007: 117). ഈയൊരു പശ്ചാത്തലത്തിൽ ഇന്ത്യൻ മുസ്ലിമിന്റെ സെക്യുലർ ഭാവിയുമായി ബന്ധപ്പെട്ട് സെക്യുലറിസത്തെക്കുറിച്ചുള്ള ചിന്തകന്മാരുടെ അഭിപ്രായങ്ങൾ എൻ.പി.പരിശോധിക്കുന്നു. ദേശീയവീക്ഷണവും ദീർഘവീക്ഷണവുമുള്ള നെഹ്റുവിനെപോലെയുള്ള നേതാക്കന്മാർ മതരാഷ്ട്രവാദത്തെ ഒരിക്കലും അംഗീകരിച്ചിരുന്നില്ല. എൻ.പി.യുടെ സെക്യുലർസങ്കൽപ്പങ്ങൾ ഏറ്റവുമധികം യോജിച്ചു പോകുന്നത് ദേശീയനേതാക്കളായ നെഹ്രുവിന്റെയും ആസാദിന്റെയും അബ്ദുറഹ്മാൻ സാഹിബിന്റെയും ആശയാദർശങ്ങളുമായിട്ടാണ്. ''തുല്യനീതിയും മതസ്വാതന്ത്ര്യവും അഭിപ്രായസ്വാതന്ത്ര്യവും എല്ലാവർക്കും നൽകുന്ന ജനാധിപത്യത്തിന്റെ ആശയമാണ് അവർ രാഷ്ട്രത്തിന്റെ മുമ്പാകെ വെച്ചത്. സ്വതന്ത്രഭാരതത്തിന് ഒരു സ്റ്റേറ്റ് മതം ഉണ്ടാകില്ലെന്നും നിശ്ചയിച്ചു'' (മുഹമ്മദ് എൻ.പി.2007: 118). എന്നാൽ സെക്യുലറിസത്തെ സംബന്ധിച്ച് കൃത്യമായ ഒരു നിലപാടെടുക്കാൻ നമുക്ക് സാധിച്ചിട്ടില്ല. ജനാധിപത്യത്തിന്റെ ഭാഗമായാണ് സെക്യുലറിസം ഇന്ത്യയിൽ വികാസം പ്രാപിക്കുന്നത്. പ്രായോഗികതലത്തിൽ ഭൂരിപക്ഷ-വർഗ്ഗീയചായ്‌വുള്ള തീരുമാനങ്ങളെടുക്കുകയും അതിനനുസരിച്ച് ജീവിക്കാൻ മതന്യൂനപക്ഷങ്ങളെ നിർബന്ധിക്കുകയും ചെയ്യുമ്പോൾ അത് പരോക്ഷമായ മതരാഷ്ട്രവും പ്രത്യക്ഷമായ സെക്യുലർ രാഷ്ട്രനിഷേധവുമാകില്ലേ എന്ന സംശയം എൻ.പി. ഉന്നയിക്കുന്നു. ഇത്തരമൊരു സാഹചര്യത്തിലാണ് സെക്യുലറിസത്തിന് നിർവ്വചനം തേടിപ്പോയവർ മതവും സെക്യുലറിസവും തമ്മിൽ ബന്ധപ്പെടുത്തുന്നത്. മതനിഷേധം, മതങ്ങളുടെ സഹവർത്തിത്വം എന്നീ രണ്ട് അഭിപ്രായങ്ങളെ മുൻനിർത്തിയാണ് സെക്യുലറിസത്തെക്കുറിച്ചുള്ള ചർച്ചകൾ വികാസം പ്രാപിച്ചത്.

ഇക്ദിദാർ ആലംഖാൻ, ഡോ.സക്കീർഹുസൈൻ, പ്രൊഫ.ഹുമയൂൺ കബീർ തുടങ്ങിയ ഇസ്ലാമികചിന്തകന്മാരുടെ സെക്യുലർ നിലപാടുകൾ എൻ.പി. വിശകലനവിധേയമാക്കുന്നു. സെക്യുലർ ഡമോക്രസിയാണ് ഒരു ന്യൂനപക്ഷമെന്ന നിലയിൽ ഇന്ത്യൻ മുസ്ലീങ്ങൾക്ക് അനുഗുണമെന്ന കാഴ്ചപ്പാടാണ് ഈ ചിന്തക ന്മാരെല്ലാം മുന്നോട്ടുവെക്കുന്നത്. സെക്യുലറിസത്തിന് ഇസ്ലാമികമായ സാധൂക രണം നൽകിക്കൊണ്ട് മൗലാന ഹുസൈൻ അഹമ്മദ് മദനി ആവിഷ്കരിച്ച 'മുവാ ദഅ' എന്ന സിദ്ധാന്തത്തെ പ്രൊഫ.വിൽഫ്രഡ് കാന്റ് വെൽസ്മിത്ത്, 'ഇസ്ലാം ഇൻ മോഡേൺ ഹിസ്റ്ററി' എന്ന ഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുള്ളത് എൻ.പി. അനുസ്മരി ക്കുന്നുണ്ട്. മുഹമ്മദ് നബിയുടെ കാലത്ത് ജൂതരും മുസ്ലീങ്ങളും തമ്മിൽ സ്വസ്ഥ മായി ഒരുമിച്ച് ജീവിച്ചിരുന്നു. അന്നത്തെ കരാറാണ് 'മുവാദഅ'.

ഇന്ത്യൻ മുസ്ലീങ്ങളെ സംബന്ധിച്ച സെക്യുലർ ചർച്ചകൾ സൈദ്ധാന്തികത ലത്തിൽ മാത്രം ഒതുങ്ങിക്കൂടുകയും പ്രായോഗികതലത്തിൽ യാഥാർത്ഥ്യമാകാതി രിക്കുകയും ചെയ്തു. ഇത് വലിയൊരപാകതയായാണ് എൻ.പി.വീക്ഷിക്കുന്നത്. സെക്യുലറിസത്തെ ഒരടിസ്ഥാനപ്രമാണമായി മുസ്ലീങ്ങൾ സ്വീകരിച്ചിട്ടില്ല എന്ന തിന്റെ സൂചനകൾ ഇന്ത്യാചരിത്രത്തിലുണ്ട്. അഖിലേന്ത്യാവ്യാപ്തിയുള്ള മുസ്ലിം സംഘടന വിഭജനാനന്തരം ചിതറുകയും മലബാറിൽ മാത്രം ഒതുങ്ങുകയും ചെയ്തു. സെക്യുലറിസത്തെ അടിസ്ഥാന ജീവിതപ്രമാണമായി അംഗീകരിക്കുന്ന കാര്യത്തിൽ ഇന്ത്യൻ മുസ്ലീങ്ങൾ കാണിച്ച ഉദാസീനതയെ എൻ.പി. വിശക ലനവിധേയമാക്കുന്നു.

വർത്തമാനഭാരതം സെക്യുലറിസത്തിന് നിഷേധാത്മകമായ അർത്ഥമാണ് നൽകിയത്. സെക്യുലറിസത്തെ മതവുമായി മാത്രം ബന്ധപ്പെടുത്തുകയും ഭൗതി കജീവിതത്തിന്റെ ചാലകശക്തിയെക്കുറിച്ച് തികഞ്ഞ അജ്ഞത പുലർത്തുകയും ചെയ്തത് വലിയ പരാജയമായി എൻ.പി. കാണുന്നു. സെക്യുലറിസവും ജനാധിപ ത്യവും തങ്ങളുടെ വർഗസംഘടനകൾ വളർത്തുന്നതിനുള്ള ഉപാധികൾ മാത്ര

മായി കാണുകയും സംഘടനാപരിപാടികൾ പെരുപ്പിച്ച് കാണിച്ച് രാഷ്ട്രീയവത്ക രിക്കാൻ ശ്രമിക്കുകയും ചെയ്തത് സെക്യുലറിസത്തിന്റെ ലക്ഷ്യങ്ങൾക്ക് വലിയ തിരിച്ചടിയായി. മുസ്ലീങ്ങളിൽ വലിയൊരു വിഭാഗത്തിന്റെ അജ്ഞതയാണ് ഇത്തര മൊരു ദുരവസ്ഥയിലേക്ക് നയിച്ചത്. സമുദായത്തെ പുരോഗതിയിലേക്ക് നയിക്കു ന്നതിൽ മുസ്ലിം രാഷ്ട്രീയനേതൃത്വം വിമുഖരാണ് എന്ന് മോയിൻ ഷക്കീറിനെ ഉദ്ധ രിച്ചുകൊണ്ട് എൻ.പി. പ്രസ്താവിക്കുന്നു. ''മുസ്ലിം രാഷ്ട്രീയത്തിലെ ഉപരിവർഗ്ഗം സമുദായത്തെ ആരോഗ്യകരവും സെക്യുലറിസത്തിന്റേതുമായ പാതകളിൽ കൂടി നയിക്കുന്നതിൽ വിമുഖരാണ്. സെക്യുലറിസത്തെക്കുറിച്ചുള്ള വിദ്യാഭ്യാസം സമൂ ഹത്തിനവർ നൽകുന്നില്ല. ആധുനിക  മനുഷ്യരെ ജനാധിപത്യം സോഷ്യലിസം എന്നിവയുടെ അടിസ്ഥാനമൂല്യങ്ങൾ അവർ പഠിപ്പിക്കുന്നില്ല. ശാസ്ത്രം സാംസ്കാ രികമായ വിദ്യാഭ്യാസനയമാണ്. മനുഷ്യനെയും പ്രപഞ്ചത്തെയും കുറിച്ചുള്ള വീക്ഷണം അതിന്റെ അനന്തരഫലമായി ഉണ്ടാകേണ്ടതാണ്. ഇക്കാര്യത്തിൽ അവർ ഉദാസീനരാണ്'' (മുഹമ്മദ്, എൻ.പി. 2007: 122). വർഗീയമായ ഏകീകരണം വർഗീയകലാപങ്ങൾ ഇല്ലാതാക്കുകയല്ല ചെയ്യുന്നത്. ഭൂരിപക്ഷം വർഗീയമായി സംഘടിച്ചാൽ ന്യൂനപക്ഷങ്ങൾക്ക് എതിരിടാനാകുമോ എന്ന എൻ.പിയുടെ ചോദ്യം യുക്തിസഹമാണ്.

സെക്യുലറിസത്തെ സംബന്ധിച്ച ശാസ്ത്രീയവീക്ഷണത്തിന്റെ അഭാവ മാകാം ഇത്തരമൊരു ദുരവസ്ഥയിലേക്ക് സമുദായത്തെ കൊണ്ടെത്തിച്ചത്. സാമു ദായികനേതൃത്വത്തിന്റെ അനാസ്ഥ ഇതിൽ പ്രധാനമാണ്. പുരോഗമനവാദികളായ മതപണ്ഡിതന്മാർ സെക്യുലറിസത്തിന് മതപരമായ സാധൂകരണം കണ്ടെത്താൻ ശ്രമിച്ചിട്ടുണ്ട്. എന്നാൽ ഇസ്ലാമികവീക്ഷണം സെക്യുലർ വീക്ഷണം തന്നെയാണ് എന്ന് ഉറക്കെപ്പറയാൻ അവരിൽ പലർക്കുമായില്ല. ഈജിപ്തിലെ റഷീദ് റിദ, ഡോ.ആബിദ് ഹുസൈൻ തുടങ്ങി പരിമിതമായ പണ്ഡിതന്മാരെ ഇക്കാര്യം തുറന്നു പറഞ്ഞിട്ടുള്ളൂ.

ഇന്ത്യൻ മുസ്ലീങ്ങൾ ഉദ്ഗ്രഥിതസമൂഹത്തിന്റെ ഭാഗമായി നിൽക്കുന്നതാണ് ആരോഗ്യകരമായ മാർഗ്ഗമെന്ന് എൻ.പി. നിരീക്ഷിക്കുന്നു. ന്യൂനപക്ഷമെന്ന നിലയിൽ സെക്യുലറിസത്തെ വളർത്തേണ്ടത് മുസ്ലിം വിഭാഗത്തിന്റെ ചുമതലയായാണ് എൻ.പി. കാണുന്നത്. സെക്യുലറിസം തണലും ആശ്വാസവും പകരുന്ന മഹാവൃക്ഷമായി പടർന്നുപന്തലിക്കാൻ മുസ്ലീങ്ങൾക്കിടയിൽ ശാസ്ത്രീയമായ സമീപനരീതികൾ വ്യാപകമാകേണ്ടതുണ്ട്. അവയെ എൻ.പി.ക്രോഡീകരിച്ചിരിക്കുന്നത് ഇപ്രകാരമാണ്.

1. ശാസ്ത്രീയവീക്ഷണം പ്രചരിപ്പിക്കുക.
2. സെക്യുലർ സഹായം ഉപയോഗിച്ച് സെക്യുലറിസത്തിന്റെ നാശത്തിന് കാരണമാകുന്ന കാര്യങ്ങൾ പ്രോത്സാഹിപ്പിക്കാതിരിക്കുക.
3. രാഷ്ട്രീയമായ വേറിട്ടുനിൽപ്പ് മുസ്ലീങ്ങൾക്ക് അനുയോജ്യമല്ല. സെക്യുലർ രാഷ്ട്രീയകക്ഷികളിൽ സജീവപങ്കാളിത്തം നേടുക.
4. വർഗീയാടിസ്ഥാനത്തിൽ സംഘടിച്ചവർക്ക് തെരെഞ്ഞെടുപ്പിൽ മത്സരാനുമതി നൽകരുത്.
5. ഒരേ രാഷ്ട്രം ഒരേ പൗരൻ വീക്ഷണം പ്രബലമാകണം.
6. സ്ത്രീ വിദ്യാഭ്യാസം, തൊഴിൽ എന്നിവ പ്രോത്സാഹിപ്പിക്കുക.

സമ്പൂർണ്ണമായ ആത്മവാദം ഉയർത്തിപ്പിടിക്കുന്ന ഒരു മതമായിരുന്നില്ല ഇസ്ലാം. അധ്യാത്മികതയും ഭൗതികതയും സമ്മേളിപ്പിക്കുകയാണ് ഇസ്ലാം ചെയ്തത്. പ്രവാചകൻ പ്രജാപതികൂടിയായിരുന്നു. വിശുദ്ധ ഖുർആൻതന്നെ അധ്യാത്മികവിചിന്തനങ്ങൾ മാത്രം നിറഞ്ഞ ഒന്നല്ല. മനുഷ്യന്റെ ഭൗതികജീവിതവുമായി ബന്ധപ്പെട്ട വിവാഹം, വ്യാപാരം, പലിശ, കരാർ, ദാനം, മദ്യപാനം, അവകാശം തുടങ്ങി ഒട്ടനവധി കാര്യങ്ങൾ ഇതിൽ പരാമർശിക്കുന്നു. ഭൗതികപരിസ്ഥിതിയി

ലുള്ള ഊന്നൽ, അറിവിനു നൽകിയ പ്രാധാന്യം, യുക്തിവിചാരത്തിനു നൽകിയ മുൻഗണനന എന്നിവ ഏറെ പ്രാധാന്യം അർഹിക്കുന്നു. നന്മയിലധിഷ്ഠിതമായ ഒരു സമൂഹത്തെ സ്ഥാപിച്ചെടുക്കുകയായിരുന്നു ഇസ്ലാമിന്റെ ലക്ഷ്യം. എന്നിട്ടും യുക്തി പൂർണ്ണവും ശാസ്ത്രീയവും സാമൂഹികവുമായ വീക്ഷണം സമുദായത്തിൽ ദുർബ ലമാണ്. ''ഇസ്ലാമികപ്രബോധനങ്ങളെയും നിയമങ്ങളെയും കാലാനുസൃതമായി ഗവേഷണം ചെയ്ത് പുതുഘടനകൾ കണ്ടെത്താനുള്ള ഔത്സുക്യം മുസ്ലീങ്ങളിൽ നിന്നും ചോർന്നുപോയി'' (മുഹമ്മദ്, എൻ.പി. 2007: 133). സമുദായത്തിന്റെ പിന്നാ ക്കാവസ്ഥക്ക് കാരണമായി എൻ.പി. മുന്നോട്ടുവെക്കുന്ന വാദഗതികൾ യുക്തിസഹ മാണ്. സന്തുലിതത്വത്തിന്റെ മതമാണ് ഇസ്ലാം. നീതിയും ന്യായവുമാണ് അതിന്റെ പാത. എല്ലാതരത്തിലുള്ള മനുഷ്യരുടെയും താത്പര്യങ്ങളെ ഉൾക്കൊള്ളാൻ മാത്രം പര്യാപ്തമാണ് അത് മുന്നോട്ടുവെക്കുന്ന ദർശനം. ഈ തത്വം ഉൾക്കൊണ്ടു കൊണ്ട് ബഹുമതങ്ങളുടെ സമാധാനപരമായ സഹവർത്തിത്വത്തിലും സഹിഷ്ണു തയിലും അധിഷ്ഠിതമായ ഒരു ജീവിതമാർഗ്ഗം സ്വീകരിക്കാൻ മുസ്ലീങ്ങൾക്ക് കഴി യേണ്ടതുണ്ട്. ഉദ്ഗ്രഥിതമായ ഒരു സമൂഹത്തിന്റെ സ്വപ്നങ്ങളാണ് എൻ.പി.ക്ക് ഉണ്ടായിരുന്നത്. വേറിട്ടുനിൽക്കുന്നത് സമൂഹത്തെ ശിഥിലീകരണത്തിലേക്ക് നയിക്കും എന്ന് എൻ.പി. ഉറച്ചുവിശ്വസിച്ചു. ഇന്ത്യയുടെ അഖണ്ഡത കാത്തുസൂ ക്ഷിക്കുന്നതിന് ഇസ്ലാമികാധ്യാപനങ്ങളുടെ ഭൗതികവീക്ഷണങ്ങളെ ആധുനിക ബ ഹുസ്വരതയുടെ പശ്ചാത്തലത്തിൽ പുനർനിർണ്ണയം ചെയ്യേണ്ടത് അനിവാര്യമാ ണെന്ന് എൻ.പി. സമർത്ഥിക്കുന്നു.

### 3.3. ബഹുസ്വരത

''ഏതാനും സാംസ്കാരികവിഭാഗങ്ങൾ ഒരു ഭൂപ്രദേശത്ത് ഒന്നിച്ചു താമസി ക്കുന്നുണ്ടെങ്കിൽ ആ സമൂഹത്തെ നമുക്ക് ബഹുസ്വരം എന്ന് വിശേഷിപ്പിക്കാം'' (സയ്യിദ് സാദത്തുള്ള ഹുസൈനി, 2019:24). വർണം, ഭാഷ, വംശം, മതം എന്നിവ സംസ്കാരത്തെ നിർണ്ണയിക്കുന്ന ഘടകങ്ങളാണ്. ഈ ഘടകങ്ങളുടെ അടിസ്ഥാന

ത്തിൽ സാംസ്കാരികവിഭാഗങ്ങൾ ഉണ്ടായിത്തീരുന്നു. ഓരോ സാംസ്കാരികവിഭാഗവും തനതായ സ്വത്വം പ്രകടിപ്പിക്കുന്നു. ഭക്ഷണം, വസ്ത്രം, പാരമ്പര്യം, വിശ്വാസാചാരങ്ങൾ, തുടങ്ങിയവയിലെല്ലാം വ്യത്യസ്തത പുലർത്തുന്ന ഒരു സമൂഹമാണ് ബഹുസ്വരസമൂഹം. ജനാധിപത്യത്തിന്റെ ആശയാദർശങ്ങളുമായി ചേർന്നുനിൽക്കുന്ന ഒന്നാണത്. മതം, വംശം, വർഗം, ജാതി എന്നിവയുടെ അടിസ്ഥാനത്തിലല്ലാതെ എല്ലാ പൗരന്മാർക്കും തുല്യമായ രാഷ്ട്രീയാവകാശങ്ങൾ ബഹുസ്വരസമൂഹം അനുവദിച്ചുകൊടുക്കുന്നു.

സാമൂഹികശാസ്ത്രത്തിൽ ബഹുസ്വരസമൂഹങ്ങളെക്കുറിച്ച് രണ്ടുതരം വീക്ഷണങ്ങളുണ്ട്. ഇഴുകിച്ചേരൽ തിയറിയാണ് അവയിൽ ഒന്നാമത്തേത് (Melting pot theory). സമൂഹത്തിലെ വ്യത്യസ്ത സ്വത്വങ്ങളെ ഒരു പാത്രത്തിലെ പാനീയത്തോട് സാദൃശ്യപ്പെടുത്തിയിരിക്കുന്നു. പാനീയത്തിലെ വ്യത്യസ്തമായ ഘടകങ്ങളെ തിരിച്ചറിയാനാകാത്ത വിധത്തിൽ ഇളക്കിച്ചേർത്ത് അവയുടെ തനിമനഷ്ടപ്പെടുത്തി പുതിയൊരു രുചിയും നിറവുമാണ് അതിന് കൈവന്നിരിക്കുന്നത്. അവയിലെ വ്യത്യസ്ത ഘടകങ്ങൾക്കുണ്ടായിരുന്ന അസ്തിത്വം നഷ്ടപ്പെട്ടിരിക്കുന്നു. മിക്ക യൂറോപ്യൻ രാജ്യങ്ങളും ഈയൊരു വീക്ഷണത്തോട് താത്പര്യമുള്ളവരാണ്. വിശിഷ്യാ ഫ്രാൻസിലാണ് ഈ വീക്ഷണത്തിന് കൂടുതൽ സ്വീകാര്യതയുള്ളത്. ഒരേകലോക സംസ്കാരത്തെയാണ് ഇതിന്റെ വക്താക്കൾ വിഭാവന ചെയ്യുന്നത്. ബഹുസ്വരതയെ സംബന്ധിച്ച രണ്ടാമത്തെ സിദ്ധാന്തം ‘സാലഡ്പാത്രം’ (Salad Bowl) എന്നാണ് അറിയപ്പെടുന്നത്. സമൂഹത്തെ ഒരു പാത്രത്തിലെ സാലഡിനോട് സാദൃശ്യപ്പെടുത്തിയിരിക്കുന്നു. സാലഡിൽ വ്യത്യസ്തമായ ഘടകങ്ങൾ അതിന്റെ രൂപത്തിനും രുചിക്കും തനിമയ്ക്കും വ്യത്യാസമില്ലാതെ ഒന്നിച്ചിരിക്കും. ഓരോന്നും തിരിച്ചറിയാനും സാധിക്കും. ഇത്തരത്തിൽ അസ്തിത്വമോ തനിമയോ നിലനിർത്തിക്കൊണ്ടുതന്നെ ഒന്നിച്ചിരിക്കാനുള്ള അതിന്റെ സവിശേഷത ബഹുസ്വരതയുടെ മികച്ച നിദർശനമായി അംഗീകരിക്കപ്പെടുന്നു. ദേശീയതയുടെ ഏതെ

ങ്കിലും ഒരു ഘടകത്തിനല്ല വിവിധതരം വീക്ഷണങ്ങൾക്കാണ് ഇതിന്റെ വക്താക്കൾ പ്രാധാന്യം നൽകുന്നത്.[1]

### 3.3.1. ഇസ്ലാമും ബഹുസ്വരതയും

മുൻകാല മുസ്ലിംസമൂഹങ്ങളുടെ പ്രത്യേകതയായിരുന്നു ബഹുസ്വരത. വ്യത്യസ്തവംശങ്ങൾ ആദ്യകാല ഇസ്ലാമികസമൂഹത്തിന്റെ ഒരു പ്രത്യേകതയായി രുന്നു. ജൂതരും ക്രിസ്ത്യാനികളും സഹിഷ്ണുതയോടെ മുസ്ലീങ്ങൾക്കൊപ്പം ജീവി ച്ചിരുന്നു. ഉമയ്യ-അബ്ബാസി ഭരണകാലഘട്ടം സാംസ്കാരിക-മതവൈവിധ്യങ്ങളാൽ സമ്പന്നമായിരുന്നു. ഇസ്ലാമിന്റെ ബഹുസ്വരത ഏറ്റവും പ്രകടമായ കാലഘട്ടമായി രുന്നു ഉസ്മാനികളുടേത്. ''മുസ്ലിമേതരവിഭാഗങ്ങൾക്ക് അവരുടെ മതനിയമങ്ങളും വ്യക്തിനിയമങ്ങളും അംഗീകരിച്ചുകൊടുക്കുക മാത്രമല്ല, സമാന്തരമായി ഒരു നീതി ന്യായസംവിധാനം നടത്തിക്കൊണ്ടുപോകാനുള്ള അനുവാദംവരെ നൽകിയിരുന്നു' (സാദത്തുള്ള ഹുസൈനി 2019: 26). അവരുടെ കീഴിൽ ബാൾക്കൻ സംസ്ഥാനങ്ങ ളിലെ ഓർത്തഡോക്സ് ഗ്രീക്കുകാർ, അർമീനിയൻ ജോർജിയക്കാർ, ജൂതന്മാർ തുടങ്ങിയവർ മതകീയ സ്വയംഭരണാവകാശമുള്ള സമൂഹങ്ങളായി വർത്തിച്ചു. ഇതരസമൂഹങ്ങളിൽനിന്നും പ്രയോജനകരമായ പല ഘടകങ്ങളും സ്വീകരിക്കുന്ന തിൽ ആദ്യകാല മുസ്ലിംസമുദായം ഒരു വിമുഖതയും കാണിച്ചിരുന്നില്ല. ''ഖൻദഖ് യുദ്ധവേളയിൽത്തന്നെ അവർ കിടങ്ങ്കുഴിച്ചുള്ള യുദ്ധതന്ത്രം പേർഷ്യക്കാ

രിൽനിന്നും സ്വായത്തമാക്കി. ഗ്രീക്കുകാരിൽനിന്നും അവരുടെ വൈദ്യ ശാസ്ത്രരീതികൾ പഠിയ്ക്കുകയും സമ്പദ്സമൃദ്ധിനേടിയ രാജ്യങ്ങളുടെ കറൻസി

---

[1] സാദത്തുള്ള ഹുസൈനി, മാറുന്ന ലോകവും ഇസ്ലാമിക ചിന്തയും, ഐ.പി. എച്ച്., കോഴിക്കോട്, 2019, പുറം 27, 28.

കാണുക – Encyclopaedia Britannica, Chapter on Multiculturalism.

- Philip Q. Yang, Ethnic Studies, Issues and Approaches (State University of New York Press, New York, p.87.)

സമ്പ്രദായം കടമെടുക്കുകയും ചെയ്തു. ബൈസാന്റിയക്കാരിൽനിന്നും ഹിജാബ്പോലുള്ള വസ്ത്രധാരണരീതികളും മറ്റു നാഗരികതകളിൽനിന്നും ശാസ്ത്ര വൈജ്ഞാനികപൈതൃകങ്ങളും സ്വന്തമാക്കി. ഇന്നത്തെ പാശ്ചാത്യനാഗരികത യിൽനിന്ന് ഭിന്നമായി ഇതരപൈതൃകങ്ങളോടുള്ള കടപ്പാട് രേഖപ്പെടുത്താൻ അവരൊരിക്കലും വിമുഖരായിരുന്നില്ല (ഫരീദി,എഫ്.ആർ. 2016:12).

മുഹമ്മദ് നബി മക്കയിൽനിന്നും മദീനയിലേക്ക് പലായനം ചെയ്തെത്തിയപ്പോൾ വ്യത്യസ്തമായ സാംസ്കാരികവിഭാഗങ്ങൾ അവിടെ നിലനിന്നിരുന്നു. ബഹുദൈവാരാധകർ ഉൾപ്പെടെയുള്ള ആ സമൂഹം അറബികളിൽനിന്നും തീർത്തും വ്യത്യസ്തമായിരുന്നു. മുസ്ലീങ്ങളിൽ അഭയം തേടിയെത്തിയ മുഹാജിറുകൾ, അൻസ്വാറുകൾ തുടങ്ങിയവർ സഹിഷ്ണുതയോടെ വർത്തിച്ചു. ഉമവി-അബ്ബാസി ഭരണകാലത്താണ് സാംസ്കാരികവൈജാത്യവും വ്യത്യസ്തതയും മുസ്ലിം ഭരണപ്രദേശങ്ങളുടെ മുഖമുദ്രയായത്. ''മതപരമായി നോക്കിയാൽ മുസ്ലീങ്ങൾക്കുപുറമെ ജൂതന്മാർ, ക്രിസ്ത്യാനികൾ, സൗരാഷ്ട്രമതക്കാർ ഹിന്ദുക്കൾ ബഹുദൈവാരാധകർ ആഫ്രിക്കയിലെയും ഏഷ്യയിലെയും പലതരം വിഭാഗങ്ങൾ ഇവരെല്ലാം ഒരു രാഷ്ട്രത്തിൽ താമസിക്കുന്നുണ്ടായിരുന്നു. വംശീയമായി നോക്കിയാൽ അവരിൽ അറബികളുണ്ട്. പഠാണികളുണ്ട്, മുഗളന്മാരുണ്ട്. പിന്നെ തനതായ വംശീയസ്വത്വങ്ങൾ (Ethenic Identities) നിലനിർത്തുന്ന നിരവധി ഗോത്രവിഭാഗങ്ങളുണ്ട്. ഇവരെല്ലാംതന്നെ ഇസ്ലാമിക രാഷ്ട്രാതിർത്തിക്കുള്ളിൽ തങ്ങളുടെ തനിമ സംരക്ഷിച്ചുകൊണ്ട് ജീവിക്കുന്ന സ്വതന്ത്രജനവിഭാഗങ്ങളായിത്തീർന്നു'' (സയ്യിദ് സാദത്തുള്ളാ ഹുസൈനി, 2019:25). ഉസ്മാനി ഭരണകാലത്ത് നിലനിന്നിരുന്ന ബഹുസ്വരസംസ്കാരം മധ്യകാലഘട്ടത്തിൽ മറ്റെവിടെയും ദൃശ്യമായിരുന്നില്ല. ഇതരവിഭാഗങ്ങൾക്ക് അവരുടെ മതനിയമങ്ങളും വ്യക്തിനിയമങ്ങളും അംഗീകരിച്ചുകൊടുക്കുകയും സമാന്തരമായി ഒരു നീതിന്യായ സംവിധാനം പാലിക്കാനുള്ള അനുവാദവും നൽകിയിരുന്നു. ന്യൂനപക്ഷങ്ങൾക്ക് മതകാര്യങ്ങളിൽ

നൽകിയിരുന്ന ഈ സ്വയം ഭരണാവകാശം പുതിയകാലത്തെ ലിബറൽ ഭരണകൂട ങ്ങൾക്കുപോലും പാലിക്കാൻ കഴിഞ്ഞിട്ടില്ല എന്നത് എടുത്തുപറയേണ്ടതാണ്. എക്കാലത്തും ജൂതന്യൂനപക്ഷങ്ങൾക്ക് മികച്ച സംരക്ഷണം ലഭിച്ചിരുന്നത് ക്രിസ്ത്യൻ ഭരണകൂടങ്ങളിൽ നിന്നല്ല മുസ്ലിം ഭരണത്തിലായിരുന്നു എന്നത് ജൂതച രിത്രമെഴുതിയ [2]ബർണാഡ് ലൂയിസ്, [3]മാർക് ആർ കോഹിൻ എന്നിവർ രേഖപ്പെടു ത്തിയതായി ഇസ്ലാമിന്റെ ബഹുസ്വരതയെ ആഴത്തിൽ പഠനവിധേയമാക്കിയ സയ്യിദ് സാദത്തുള്ള ഹുസൈനി രേഖപ്പെടുത്തിയിട്ടുണ്ട് (സാദത്തുള്ള ഹുസൈനി 2019: 26).

### 3.3.2. ഇന്ത്യൻ ബഹുസ്വരത

ഏറ്റവും വലിയ ജനാധിപത്യരാജ്യമായ ഇന്ത്യയിൽ ബഹുസ്വരത എന്നത് ജനാധിപത്യത്തിന്റെ അന്തസത്തയുമായി ചേർന്നുനിൽക്കുന്ന ഒന്നാണ്. മത-ജാതി വംശങ്ങൾക്കതീതമായി എല്ലാ പൗരന്മാർക്കും തുല്യ അവകാശങ്ങൾ ഭരണഘടന വിഭാവന ചെയ്യുന്നുണ്ട്. ജീവനും സ്വത്തിനും  സംരക്ഷണം നൽകുന്നതോടൊപ്പം, ഭരണത്തിൽ പങ്കാളിത്തം വഹിക്കാനും അതിന്റെ പ്രയോജനങ്ങൾ അനുഭവി ക്കാനും വ്യക്തിക്ക് സ്വാതന്ത്ര്യമുണ്ട്. മതവിശ്വാസം സ്വീകരിക്കാനും രാഷ്ട്രീയം കൈക്കൊള്ളാനും പ്രഖ്യാപിക്കാനുമുള്ള അധികാരം ഇന്ത്യൻ ഭരണഘടന നൽകു ന്നു. ബഹുസ്വരസമൂഹത്തിലെ അംഗങ്ങളെന്ന നിലയ്ക്ക് ഇത്തരമൊരു രാഷ്ട്രീയ ഘടനയാണ് ഇന്ത്യൻ സമൂഹത്തിനു മുമ്പിലുള്ളത്.

ബഹുസ്വരത എന്നത് ഇന്ത്യയെ സംബന്ധിച്ച് പുതിയൊരു അനുഭവമല്ല. ഇന്ത്യയുടെ ചരിത്രസവിശേഷതകളിൽ ഒന്നായി അത് അടയാളപ്പെട്ടു കിടക്കുന്നു. വ്യത്യസ്ത മതവിശ്വാസങ്ങളുടെ സമ്പർക്കത്തിലും സൗഹാർദ്ദത്തിലും അഭിമാനം കൊള്ളുന്ന വലിയൊരു വിഭാഗം ജനങ്ങൾ ഇന്ത്യയിലുണ്ട്. തുല്യ അവകാശങ്ങ

---

2 Bernad Lewis – Jews of Islam (New Jersey, Princeton University Press,1987).

3 Mark R Cohen – Under crescent and cross , the Jews in the Middle East – Newjersey Princeton University Press 1998.

ളുള്ള പൗരന്മാരെന്നനിലയിൽ വ്യക്തിതലത്തിലും സാമൂഹികതലത്തിലും ഇടപഴ കുകയും ഒത്തുചേരുകയും ചെയ്യുന്നുമുണ്ട്. എങ്കിലും ഇന്ത്യയിലെ മതസാമൂഹ്യ വിഭാഗങ്ങൾ പൂർണമായും സംഘർഷമുക്തമാണ് എന്ന അവകാശവാദം ഉന്നയി ക്കാൻ സാധ്യമല്ല. വ്യക്തിതലത്തിലുള്ള സംഘർഷങ്ങൾ നിലനിൽക്കെത്തന്നെ ഇരുവിഭാഗങ്ങളുടെയും സൗഹാർദ്ദത്തെ അസാധ്യമാക്കുന്ന തലത്തിലേക്ക് പ്രവേ ശിക്കുന്നില്ല എന്നതും എടുത്തുപറയേണ്ടതാണ്.

ബഹുസ്വര ഇന്ത്യയുടെ പൂർവ്വമാതൃകകളിലൊന്നാണ് ഇന്ത്യൻ സ്വാതന്ത്ര്യ സമരം. സമൂഹത്തിന്റെ നാനാതുറകളിൽനിന്നുമുള്ളവർ സ്വാതന്ത്ര്യസമരത്തിൽ പങ്കാളികളായി. കീഴാളരും മുസ്ലിം പണ്ഡിതന്മാരും വലിയൊരു വിഭാഗം സാധാര ണക്കാരും മധ്യവർഗ്ഗബുദ്ധിജീവികളും ഉൾപ്പെടുന്ന വലിയൊരു വിഭാഗം ആവേശ പൂർവ്വം സ്വാതന്ത്ര്യസമരത്തിൽ ഭാഗവാക്കായി. വിശ്വാസമോ ആദർശമോ വ്യതിരി ക്തമാകുന്നത് സഹകരണത്തിനും പങ്കാളിത്തത്തിനും തടസ്സമാകില്ല എന്ന് സ്വാത ന്ത്ര്യസമരം നമ്മെ പഠിപ്പിച്ചു. മാത്രമല്ല, ഓരോ കലാപങ്ങളും ചേരിതിരിവുകൾക്ക തീതമായ ഐക്യപ്പെടലുകളുടെ മാതൃകയും നമ്മുടെ സമൂഹത്തിൽ സൃഷ്ടിക്കുക യുണ്ടായി. 1992-ലെ ബാബരി മസ്ജിദിന്റെ തകർച്ചയ്ക്കുശേഷമുണ്ടായ ദുരിതാ ശ്വാസപ്രവർത്തനങ്ങളിൽ മുസ്ലീങ്ങളോടൊപ്പം ഹിന്ദുസമൂഹവും വലിയ പങ്കു വഹിക്കുകയുണ്ടായി. തീവ്രഹിന്ദുത്വത്തിനെതിരെയുള്ള ഹൈന്ദവസഹോദരങ്ങ ളുടെ പ്രതികരണങ്ങളുടെ പ്രതിഫലനമായിരുന്നു അത്. വ്യത്യസ്ത മതസമൂഹങ്ങ ളുടെ തനിമ നിലനിർത്തിക്കൊണ്ട് സംയുക്തസംസ്കാരത്തിനുവേണ്ടി വാദിക്കുന്ന ഒരു വിഭാഗത്തിന്റെ വളർച്ചക്ക് അയോധ്യ സംഭവം വഴിവെച്ചതായി എൻ.പി. നിരീ ക്ഷിക്കുന്നുണ്ട്. (മുഹമ്മദ്, എൻ.പി. 2007: 146).

### 3.3.3. ബഹുസ്വര സമൂഹത്തിൽ ഇന്ത്യൻ മുസ്ലിമിന്റെ ഭാഗധേയം

ബഹുസ്വര സമൂഹത്തിൽ ജീവിക്കുന്ന മുസ്ലിമിന്റെ ഇടപെടലുകൾ എങ്ങനെ യായിരിക്കണമെന്ന കാഴ്ചപ്പാട് ഇസ്ലാമിക ചരിത്ര പശ്ചാത്തലത്തിലാണ് എൻ.പി. അന്വേഷിക്കുന്നത്. ഇസ്ലാമികചരിത്രത്തിന്റെ ആരംഭദശയിൽത്തന്നെ ബഹു സ്വരസമൂഹത്തിന്റെ പ്രായോഗികമാതൃകകൾ നിലനിന്നതായി ചരിത്രത്തിൽ രേഖ പ്പെടുത്തപ്പെട്ടിട്ടുണ്ട്. പ്രവാചകന്മാരെല്ലാം പ്രബോധനദൗത്യത്തിലേക്ക് നിയോഗി ക്കപ്പെട്ടത് തീർത്തും ബഹുസ്വരമായ ഒരു സാമൂഹ്യാന്തരീക്ഷത്തിലേക്കായിരുന്നു അതുകൊണ്ടു തന്നെ ബഹുസ്വരസമൂഹത്തിലെ മുസ്ലിം സാമൂഹ്യജീവിതത്തിന്റെ സമ്പന്നമായ മാതൃകകൾ ഇസ്ലാമിനകത്ത് എൻ.പി.കണ്ടെത്തുന്നത് പ്രവാചകന്മാ രുടെ പ്രബോധനാത്മക ജീവിതത്തിലാണ്. ഇസ്ലാമികരാഷ്ട്രാതിർത്തിക്കുള്ളിൽ തന്നെ തനതായ വംശീയസ്വത്വങ്ങൾ നിലനിർത്തുന്ന ഗോത്രവിഭാഗങ്ങൾ തങ്ങ ളുടെ തനിമ നിലനിർത്തിക്കൊണ്ട് സ്വതന്ത്രജീവിതം നയിച്ചിരുന്നു എന്നതിന് ചരിത്രം സാക്ഷ്യംവഹിക്കുന്നു. ആ നിലയ്ക്ക് ബഹുസ്വരതയുടെ സമ്പന്നമായ മാതൃക ഇസ്ലാമിനുണ്ട്.

ആര്യ-ദ്രാവിഡ സംസ്കാരങ്ങളുടെ സങ്കലനം മറ്റു വീക്ഷണങ്ങൾ സ്വീകരി ക്കാനും സ്വാംശീകരിക്കാനുമുള്ള ഹൈന്ദവവീക്ഷണത്തിന്റെ പ്രത്യേകതയായി എൻ.പി. കാണുന്നു. അതേസമയം ഇസ്ലാമിൽ ഈയൊരു സഹിഷ്ണുതയുടെ സാധ്യതകളെയാണ് എൻ.പി. ആരായുന്നത്. ''ജൂതരോടും ക്രിസ്ത്യാനികളോടും മതപരമായ സഹിഷ്ണുത കാണിപ്പാൻ നബി കല്പിച്ചു. അവരെ വേദഗ്രന്ഥമുള്ള വരായി പരിഗണിച്ചു'' (മുഹമ്മദ്, എൻ.പി, 2007: 44).

ഒരു ബഹുരൂപസമുദായത്തിൽ ന്യൂനപക്ഷത്തിന് ഇസ്ലാമികവ്യക്തിത്വം കാത്തുസൂക്ഷിക്കണമെങ്കിൽ ഭൂരിപക്ഷത്തോടു സഹകരിക്കണം എന്ന കാഴ്ചപ്പാ ടായിരുന്നു എൻ.പി.ക്ക് ഉണ്ടായിരുന്നത് (മുഹമ്മദ് എൻ.പി. 2007:134). മുസ്ലീങ്ങൾ മതനിരപേക്ഷമായ സമീപനം സ്വീകരിച്ചുകൊണ്ടാണ് വർത്തമാനകാല സമൂഹ

ത്തിൽ ഇടപെടേണ്ടത്. മിതവാദവും മതാനുയായികളുടെ സഹവർത്തിത്വവും സഹകരണത്തിലേക്കു നയിക്കുന്നു. ഈ സഹവർത്തിത്വത്തിന്റെ പാതയാണ് മുസ്ലീങ്ങൾ തെരെഞ്ഞെടുക്കേണ്ടത്. ബഹുസ്വരതയുടെ സമ്പന്നമായ മാതൃകകൾ ആർഷസംസ്കാരത്തിനും ഇസ്ലാമികസംസ്കാരത്തിനും അവകാശപ്പെടാനുണ്ട്. എന്നിട്ടും പൂർവ്വസംസ്കൃതിയുടെ ഈ സമീപനമല്ല പിൽക്കാലത്ത് ചരിത്രത്തിൽ കാണാൻ കഴിയുന്നത്. അതിനുള്ള കാരണങ്ങൾ മതപരമെന്നതിനേക്കാൾ ചരിത്ര പരമെന്നാണ് എൻ.പി.വിലയിരുത്തുന്നത്. പൂർവ്വസംസ്കാരത്തിന്റെ സവിശേഷത കൾ നൂതന സമൂഹചലനങ്ങളിൽ ആരോഗ്യകരമായ സ്വാധീനത ചെലുത്താൻ പ്രാപ്തമാകണം. മതസമൂഹങ്ങളെ സഹവർത്തിത്വത്തിന്റെ പാതയിലേക്ക് നയി ക്കാൻ പൈതൃകത്തിന് കഴിയുമെന്ന് എൻ.പി. ഉറച്ചുവിശ്വസിച്ചു. ''ഓരോ സമൂഹ ത്തിനും പ്രത്യേകമായ ആചാരത്തനിമകളും സാംസ്കാരിക സവിശേഷതകളുമു ണ്ട്. അവ ജനങ്ങളെ ഒരുമിപ്പിക്കാൻ സഹായിക്കുന്ന ഘടകങ്ങളാണ്. സാഹോദര്യ ത്തിന്റെയും സ്നേഹത്തിന്റെയും ബഹിർസ്ഫുരണങ്ങൾ അവയിൽ കാണാം'' (മു ഹമ്മദ് എൻ.പി. 2007: 56). ഇത്തരം സാംസ്കാരികധാരകളും പൊതുവായ മിത്തു കളും യുവതലമുറയിൽ വേരൂന്നേണ്ടതിന്റെ അനിവാര്യതയെക്കുറിച്ച് എൻ.പി. പല ഘട്ടങ്ങളിലും എടുത്തുപറഞ്ഞിട്ടുണ്ട്. വ്യക്തികളുടെ സ്വഭാവരൂപീകരണശക്തിയും സമൂഹങ്ങളുടെ ഏകീകരണശക്തിയുമായി സംസ്കാരധാരകളെ എൻ.പി. വിശേ ഷിപ്പിച്ചു. ഭൂതകാലാവേശത്തെ അങ്ങേയറ്റം നിരുത്സാഹപ്പെടുത്തുകയും ചെയ്തു.

### 3.4. ഇടപെടലുകൾ-പ്രതിരോധശബ്ദങ്ങൾ

സ്വാതന്ത്ര്യലബ്ധിക്കു ശേഷമുള്ള ആദ്യദശകങ്ങൾ സാഹിത്യ-സാംസ്കാ രിക കൂട്ടായ്മകളുടെ ഭാഗമായി പ്രവർത്തിക്കാനാണ് എൻ.പി. ശ്രമിച്ചത്. ഈ ഘട്ട ത്തിൽ അദ്ദേഹം ആർജ്ജിച്ചെടുത്ത സാംസ്കാരികബോധം അദ്ദേഹത്തിന്റെ ധൈഷണികവ്യക്തിത്വത്തെ ഏറെ ഊർജ്ജസ്വലമാക്കി. ഈ കാലയളവിലെ ഇന്ത്യൻ രാഷ്ട്രീയത്തിന്റെ ഗതിവിഗതികൾ, ഇന്ത്യൻ മുസ്ലീങ്ങളുടെ വ്യക്തിനിയമം

തുടങ്ങിയവ എൻ.പി.യുടെ ചിന്താമണ്ഡലത്തെ വലിയൊരളവിൽ സ്വാധീനിച്ചിട്ടുള്ള തായി തുടർന്നുള്ള ഇടപെടലുകളിൽ നമുക്ക് കണ്ടെത്താനാകും.

1962–ലെ ഇന്ത്യാ–ചൈന യുദ്ധം ഇന്ത്യൻ രാഷ്ട്രീയസ്വാതന്ത്ര്യത്തെ വെല്ലു വിളിക്കുകയുണ്ടായി. ഇന്ത്യയുടെ രാഷ്ട്രീയഭാവിയിൽ ഉത്കണ്ഠാകുലരായ എഴു ത്തുകാരും ചിന്തകന്മാരും തങ്ങളുടെ കൂട്ടായ്മകളിൽ ഏറെ ഗൗരവത്തോടെ വിഷയം ചർച്ച ചെയ്യുകയുണ്ടായി. ഈയൊരു പശ്ചാത്തലത്തിലാണ് 1963–ൽ കോഴിക്കോട് കേന്ദ്രമാക്കി ഡോ. കെ.ബി. മേനോന്റെ നേതൃത്വത്തിൽ എൻ.പി. മുഹമ്മദ് ഉൾപ്പെട്ട സംഘം ജനാധിപത്യവേദിക്ക് രൂപംനൽകുന്നത്. ജനാധിപത്യ വ്യവസ്ഥയിൽ പൗരന്റെ കടമകൾ, അവകാശങ്ങൾ, സ്വാതന്ത്ര്യം, ജനാധിപത്യ വിരുദ്ധ പ്രവണതകൾ എന്നിവയെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുകയാണ് ഇതിന്റെ ലക്ഷ്യം. ജനാധിപത്യവേദിയുടെ നേതൃത്വത്തിൽ കേരളത്തിലുടനീളം വിപുലമായ ചർച്ചകളും സംവാദങ്ങളും സെമിനാറുകളും സംഘടിപ്പിക്കുകയുണ്ടാ യി. അഴിമതി, അധികാരം, വർഗ്ഗീയത എന്നീ മൂന്ന് പ്രമേയങ്ങളാണ് കൂടുതലായി ചർച്ച ചെയ്യപ്പെട്ടത്. സമകാലീന ഇന്ത്യൻ രാഷ്ട്രീയത്തെ പിടിച്ചുകുലുക്കുന്ന ഈ പ്രവണതകൾക്കെതിരെ തുടർന്നും എൻ.പി. ശക്തമായി പ്രതികരിച്ചിട്ടുണ്ട്. ‘വർഗ്ഗീ യത’ എന്ന സമസ്യയെ സൈദ്ധാന്തികമായിത്തന്നെ എൻ.പി. വിശകലനം ചെയ്തി ട്ടുണ്ട്.

### 3.4.1. ശരീഅത്തും ഇന്ത്യൻ മുസ്ലീങ്ങളും

ഇസ്ലാമികനിയമസംഹിതയാണ് ശരീഅത്ത് എന്നറിയപ്പെടുന്നത്. ആരാധനാ കർമ്മങ്ങൾ, വൈവാഹികജീവിതം,സിവിൽ–ക്രിമിനൽ നടപടികൾ, അനന്തരാവ കാശം തുടങ്ങി മുസ്ലീങ്ങളുടെ ജീവിതത്തിന്റെ എല്ലാ ഭാഗങ്ങളെയും സ്പർശി ക്കുന്ന ഒന്നാണിത്. ഇസ്ലാമിക ശരീഅത്തും അതുമായി ബന്ധപ്പെട്ട ചർച്ചകളും സമൂഹത്തിൽ എന്നും വലിയ വിവാദങ്ങൾക്കും സംവാദങ്ങൾക്കും വഴിയൊരുക്കി

യിട്ടുണ്ട്. വിശദമായ പഠനങ്ങളും ചർച്ചകളും ആവശ്യമായ ഈ മേഖലയിലേക്ക് സൈദ്ധാന്തികതയുടെ പിൻബലത്തോടെയാണ് എൻ.പി. പ്രവേശിക്കുന്നത്. ഇന്ത്യൻ മുസ്ലിമിനെക്കുറിച്ചുള്ള ആലോചനകൾ ഉത്ഭൂതമാകുന്ന പ്രസ്തുത സന്ദർഭങ്ങൾ എൻ.പി. യുടെ ധൈഷണികപരിണാമത്തിന്റെ മറ്റൊരു തലത്തെയാണ് അടയാളപ്പെടുത്തുന്നത്. സാഹിത്യകാരൻ എന്ന വിലയിരുത്തലുകളിൽനിന്നും അദ്ദേഹം ഉയർന്നു നിൽക്കുന്ന തലമാണ് 1960-കൾക്കു ശേഷമുള്ള ഇടപെടലുകൾ.

സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിന്റെ ആദ്യ പതിറ്റാണ്ടുകളിൽ ഇന്ത്യാഗവൺമെന്റ് മുസ്ലീങ്ങളുടെ വ്യക്തിനിയമത്തിൽ യാതൊരുതരത്തിലുമുള്ള ഇടപെടലുകളും നടത്തിയിട്ടില്ല. ഹിന്ദു കോഡ്ബിൽ പാർലമെന്റിന്റെ ചർച്ചയ്ക്ക് വിധേയമായ സന്ദർഭത്തിൽ മുസ്ലിം വ്യക്തിനിയമവും പരിഷ്കരിക്കണമെന്ന ആവശ്യം ചില ഭാഗങ്ങളിൽനിന്നും ഉയർന്നു. എന്നാൽ അന്ന് പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്റു ഈ ആവശ്യം തള്ളിക്കളയുകയാണുണ്ടായത്. പിൽക്കാലത്ത് മുസ്ലിം വ്യക്തിനിയമം ഏറ്റവും വലിയ വിവാദവിഷയമാകുന്നത് 1965-ൽ കൊച്ചിയിൽ നടന്ന കേരള ഇസ്ലാമിക് സെമിനാറിലാണ്. "1965 മെയ് 7,8,9 തിയ്യതികളിൽ എറണാകുളത്ത് ചേർന്ന കേരള ഇസ്ലാമിക് സെമിനാറിന്റെ മൂന്നാമത് സമ്മേളനത്തിൽ എൻ. പി. മുഹമ്മദ് അവതരിപ്പിച്ച 'ഇന്ത്യൻ മുസ്ലീങ്ങളും ശരീഅത്ത് വ്യവസ്ഥകളും' എന്ന പ്രബന്ധത്തിലൂടെയാണ് കേരളത്തിൽ മുസ്ലീം വ്യക്തിനിയമം സജീവ ചർച്ചാവിഷയമാകുന്നത്. സെക്യുലർ നിലപാടുതറയിൽനിന്നുകൊണ്ടുള്ള വീക്ഷണമായിരുന്നെങ്കിലും സാമാന്യപ്രവണതയിൽനിന്ന് വ്യത്യസ്തമായി പഠിച്ചെഴുതിയിരുന്ന ഒരു പ്രബന്ധമായിരുന്നു അത്." (കബീർ, വി.എ. 2013:8) ഇത്തരം വിഷയങ്ങൾ കൈകാര്യം ചെയ്തിരുന്നവരിൽ പലരും വിഷയത്തോട് നീതിപുലർത്തിയിരുന്നില്ല. എന്താണ് ശരീഅത്തെന്നും മുസ്ലിം വ്യക്തിനിയമത്തിന്റെ സ്വഭാവമെന്താണെന്നും ധാരണയില്ലാതെ വിമർശനമുന്നയിക്കുന്നവരിൽനിന്നും തികച്ചും വ്യത്യസ്തമായിരുന്നു എൻ.പി. അവതരിപ്പിച്ച പ്രബന്ധം. ഈ പ്രബന്ധത്തിൽ

ഇതുമായി ബന്ധപ്പെട്ട നിരവധി ഘടകങ്ങളെ വ്യവച്ഛേദിച്ചുതന്നെ വ്യാഖ്യാനിക്കുന്നുണ്ട്. ഇത്തരം ചർച്ചകൾ പലപ്പോഴും ആശയക്കുഴപ്പങ്ങൾ സൃഷ്ടിക്കുന്ന സ്ഥിതിവിശേഷങ്ങൾ കണ്ടുവരാറുണ്ട്. വിഷയത്തെ ഗൗരവത്തിലെടുക്കാതെയും ഇസ്‌ലാമികനിയമത്തിന്റെ നിദാനശാസ്ത്രങ്ങളെക്കുറിച്ച് അറിവില്ലാതെയും നടത്തുന്ന അഭിപ്രായപ്രകടനങ്ങളാണ് ഇത്തരത്തിൽ അധഃപതിക്കുന്നത്. എന്നാൽ പ്രബലരായ ഇസ്‌ലാമികവിചക്ഷണന്മാരുടെ പഠനങ്ങളെയും നിരീക്ഷണങ്ങളെയും മുൻനിർത്തിക്കൊണ്ടാണ് എൻ.പി. തന്റെ നിലപാട് അവതരിപ്പിക്കുന്നത്. അതുകൊണ്ടുതന്നെ വൈകാരികതലത്തിനപ്പുറം അത് വൈചാരികമായി മികച്ചു നിൽക്കുന്നു.

മുസ്ലിംവ്യക്തിനിയമം പരിഷ്കരിക്കാൻ കഴിയാത്തവിധം വിശ്വാസത്തിന്റെ ഭാഗമാണോ എന്നും ഒരു പണ്ഡിതസംഘം അത് പരിശോധിച്ചാൽ മതഹത്യക്ക് കാരണമാകുമോ എന്നുമുള്ള സംശയങ്ങളാണ് ഈ പ്രബന്ധത്തിൽ എൻ.പി. ഉന്നയിക്കുന്നത്. ഇസ്‌ലാമിക കർമ്മവ്യവസ്ഥയാണ് ശരീഅത്ത് എന്നറിയപ്പെടുന്നത്. ഈ ശരീഅത്ത്നിയമങ്ങൾക്ക് കാലാനുസൃതമായ പരിഷ്കരണം ആവശ്യമാണ് എന്ന വാദമാണ് എൻ.പി. ഉയർത്തിയത്. ഇസ്‌ലാമിക കർമ്മവ്യവസ്ഥ മനുഷ്യന്റെ ആത്മീയവും ഭൗതികവുമായ രണ്ടവസ്ഥകളെ ആസ്പദമാക്കി നിലനിൽക്കുന്നു എന്ന് അബുൽ അഅലാ മൗദൂദിയുടെയും മുഹമ്മദ് ഇജ്ത്തിബ നദ്‌വിയുടെയും പ്രസ്താവനകളെ മുൻനിർത്തി എൻ.പി. സമർത്ഥിക്കുന്നു. നിയമങ്ങളെ നിലനിർത്തുന്നത് യുക്തിപരമായ വ്യാഖ്യാനങ്ങളാണ്. കാലം, ദേശം, തുടങ്ങിയ ഘടകങ്ങളുമായി ബന്ധപ്പെട്ടുകൊണ്ടാണ് സമൂഹശാസനകളും നിയമങ്ങളും നിലനിൽക്കുന്നത്.

“ഇരുപതാം നൂറ്റാണ്ടിലെ ഇന്ത്യയിൽനിന്ന് ആറാം നൂറ്റാണ്ടിലെ അറേബ്യയിലേക്ക് പോകാൻ സാധ്യമല്ല. ഇരുപതാം നൂറ്റാണ്ടിലെ അറബിക്കുപോലും ആറാംനൂറ്റാണ്ടിലെ അറേബ്യയിലേക്ക് പോകാനൊക്കുകയില്ല”(മുഹമ്മദ്,എൻ.പി.

2007:81). സമൂഹം മാറുമ്പോൾ കാലദേശാനുസാരിയായ നൂതനപ്രശ്നങ്ങളെ ഉൾക്കൊളളാനും പരിഹരിക്കാനും സാമൂഹ്യനിയമങ്ങൾക്ക് കഴിയണമെന്ന് എൻ.പി. സമർത്ഥിച്ചു. ശരീഅത്ത്നിയമങ്ങൾ കാലോചിതമായി പരിഷ്കരിക്കേണ്ട താണ് എന്ന വാദത്തെ സാധൂകരിക്കാനായി മൗലവി ഫൈസിയെ ഈ പ്രബന്ധ ത്തിൽ എൻ.പി. ഉദ്ധരിക്കുന്നു. "മതവ്യത്യാസങ്ങൾ പരിഗണിക്കാതെ ഒരു പൊതു നിയമപദ്ധതിക്കാധാരമായി സമൂഹത്തിലെ പഴയ ആചാരമുറകൾക്കനുസാരമായു ണ്ടാക്കിയ വ്യക്തിനിയമങ്ങൾ കാലക്രമേണ ദുർബലപ്പെടുത്തുകയോ പരിഷ്കരിപ്പി ക്കുകയോ ചെയ്യണമെന്നാണ് എന്റെ ദൃഢാഭിപ്രായം... ശരീഅത്ത് നിയമങ്ങളുടെ ക്രമേണയുളള പരിഷ്ക്കാരം ഇസ്ലാമിക വിശ്വാസത്തിന്റെ അന്തഃസത്തയെ ഹനി ക്കുന്നില്ല (മുഹമ്മദ് എൻ. പി. 2007 : 93).

എൻ.പി. അവതരിപ്പിച്ച പ്രബന്ധത്തിന്റെ മറുവാദം അവതരിപ്പിച്ചത് കെ. എം. പന്നിക്കോട്ടൂരായിരുന്നു. പ്രബന്ധങ്ങളുടെ അടിസ്ഥാനത്തിൽ നടന്ന പൊതു ചർച്ചകളുടെ ക്രോഡീകരണത്തിൽ, ശരീഅത്ത് എന്ന പേരിൽ ഇന്ന് നടക്കുന്ന പല വ്യവസ്ഥകളും ഇസ്ലാമികമല്ല എന്ന അവബോധത്തിലേക്ക് എത്തിച്ചേരുക യുണ്ടായി.

1984-ൽ 'പ്രബോധനം വാരിക' പ്രത്യേകമായ ശരീഅത്ത് പതിപ്പ്തന്നെ പുറത്തിറക്കുകയുണ്ടായി. ശരീഅത്ത് പരിഷ്ക്കരണവുമായി ബന്ധപ്പെട്ട് എൻ. പി. ക്കുണ്ടായിരുന്ന തീവ്രനിലപാടുകൾക്ക് പിൽക്കാലത്ത് പരിണാമം സംഭവിച്ചിട്ടുളള തായി വിലയിരുത്തപ്പെട്ടിട്ടുണ്ട്. "ശരീഅത്തുമായി ബന്ധപ്പെട്ട് പ്രബോധനം വാരിക ഇറക്കിയ പ്രത്യേകപതിപ്പിൽ എൻ.പി. മുഹമ്മദ് തുടങ്ങിയ ബുദ്ധിജീവി കൾക്കും സ്ഥലമനുവദിച്ചു. ആ പ്രത്യേക പതിപ്പിനെ അഭിനന്ദിച്ചുകൊണ്ട് എൻ. പി. കത്തെഴുതുകയുണ്ടായി. വിശിഷ്യ 'ശരീഅത്തിന്റെ മൂലതത്വങ്ങൾ', സയ്യിദ് ഖുതുബിന്റെ 'ശരീഅത്തും ഫിഖ്ഹും' എന്നീ ലേഖനങ്ങളെക്കുറിച്ച്. മുമ്പ് പൊതു

സിവിൽകോഡിനുവേണ്ടി വാദിച്ച എൻ. പി. തന്റെ തീവ്രനിലപാടിൽനിന്നു മാറി. ഇസ്ലാമിക ചട്ടക്കൂടിൽനിന്നുകൊണ്ടുള്ള വ്യക്തിനിയമപരിഷ്കരണം എന്ന മിത വാദപരമായ നിലപാടിലേക്ക് ചുവടുമാറി. പത്രക്കാരുമായി നടന്ന ഒരഭിമുഖത്തിൽ അദ്ദേഹം അത് തുറന്നുപറയുകയും ചെയ്തു" (കബീർ വി.എ, 2013:8).

ഇന്ത്യയിൽ ഇന്ന് നിലനിൽക്കുന്ന മുസ്ലിം വ്യക്തിനിയമം പൂർണ്ണാർത്ഥത്തിൽ ഇസ്ലാമിക ശരീഅത്ത് അല്ല. ഇംഗ്ലീഷുകാർ ഇന്ത്യൻ മുസ്ലീങ്ങൾക്കു വേണ്ടി തയ്യാറാക്കിയ മുഹമ്മദൻ ലോ ആണത്. ശരീഅത്തിലെ ക്രിമിനൽ നിയമം, കോൺട്രാക്ട് നിയമം, തെളിവ് നിയമം എന്നിവ മുസ്ലിം വ്യക്തിനിയമത്തിൽ ഉൾപ്പെടുന്നില്ല. വിവാഹം, വിവാഹമോചനം, ജീവനാംശം, മഹർ, രക്ഷാകർതൃത്വം പിന്തുടർച്ചാവകാശം, സ്ത്രീസ്വത്ത്, ദാനം, വഖഫ് ട്രസ്റ്റ് എന്നീ വിഷയങ്ങളിൽ മാത്രം ഒതുങ്ങുന്നതാണ് മുസ്ലീം വ്യക്തിനിയമം.(കബീർ വി. എ, 2013:41) മുസ്ലിം വ്യക്തിനിയമത്തിന്റെ പരിധിയിൽ വരുന്ന ഇക്കാര്യങ്ങൾ ഗാർഹികമേഖലയെ പ്രസ്താവിക്കുന്ന ഒരു നിയമം മാത്രമാണെന്നും സാമൂഹ്യ പുരോഗതിക്കുതകുന്ന ഒന്നാണെങ്കിൽ അത് സ്വീകരിക്കാമെന്നും എൻ.പി. പ്രസ്താവിക്കുന്നു. പക്ഷെ ഈ നിയമങ്ങൾ സമുദായത്തെ പ്രാകൃതജീവിതത്തിൽ തളച്ചിടാനാണ് ഏറെ ഉപയുക്തമാകുന്നത് എന്നാണ് എൻ. പി.യുടെ നിരീക്ഷണം. ബഹുഭാര്യത്വം എന്ന വ്യവസ്ഥയെ സമൂഹത്തിലെ ഒരു വിഭാഗം സ്വാർത്ഥ താത്പര്യങ്ങളോടെ ഉപയോഗപ്പെടുത്തിയത് സ്ത്രീകളുടെ പിന്നാക്കാവസ്ഥക്ക് കൂടുതൽ കാരണമായതായി എൻ.പി. ചൂണ്ടിക്കാണിക്കുന്നു.

ബഹുഭാര്യത്വം സംബന്ധിച്ച് ഇറങ്ങിയ ഖുർആൻ സൂക്തത്തിന്റെ ചരിത്ര പശ്ചാത്തലം വളരെ പ്രധാനമായിരുന്നു. ആ കാലഘട്ടമോ സാഹചര്യമോ ഇന്ന് നിലനിൽക്കാത്തതിനാൽ അത്തരമൊരു നിയമത്തിനും പുതിയകാലത്ത് സാധുത യില്ല എന്നതാണ് എൻ.പി.യുടെ പക്ഷം. വിവാഹമോചനം, പൗത്രന്മാരുടെ സ്വത്ത വകാശം തുടങ്ങിയവയെ സംബന്ധിച്ചും എൻ.പി. വിമർശങ്ങൾ ഉന്നയിച്ചിട്ടുണ്ട്.

"ബഹുഭാര്യത്വവും അനിയന്ത്രിതമായ വിവാഹമോചനവും ഒന്നിച്ചെടുക്കുമ്പോഴു ണ്ടാകുന്ന തർക്കങ്ങളാണ് ഏറെ മുസ്ലീങ്ങളെ കോടതിത്തിണ്ണകളിലേക്കും നീണ്ടു നിൽക്കുന്ന സിവിൽതർക്കങ്ങളിലേക്കും അതിനുശേഷം ഉപ്പും ചിരട്ടയുമായി പെരു വഴിയിലേക്കും തള്ളിവിടുന്നത്. മുത്തച്ഛൻ മരണമടയുന്നതിനുമുമ്പ് ഒരു മകൻ മരി ച്ചാൽ പൗത്രന്മാർക്കിപ്പോഴുള്ള നിയമപ്രകാരം സ്വത്തവകാശമില്ല.'' (മുഹമ്മദ് എൻ.പി. 2007:97).

സ്ത്രീകൾക്ക് അർഹമായ പരിഗണനയും അവകാശങ്ങളും അനുവദിച്ചു കൊടുക്കുന്നതിൽ മുസ്ലിംസാമൂഹ്യവ്യവസ്ഥ കുറ്റകരമായ അനാസ്ഥ പ്രകടിപ്പിച്ച തായി എൻ.പി ആരോപിക്കുന്നു. മറ്റെല്ലാ രാജ്യങ്ങളിലും സമാനമായ സാഹചര്യ ങ്ങൾ നിലനിന്നിരുന്നെങ്കിലും അവരെല്ലാം പരിഷ്കരിച്ചു മുന്നേറി. മുസ്ലിംസമു ദായം ആ പഴയനില തുടരാൻ പാടുപെടുകയാണ് ചെയ്യുന്നത് എന്ന രൂക്ഷവി മർശനം ഇതുമായി ബന്ധപ്പെട്ട് എൻ.പി. ഉന്നയിക്കുന്നു. മുസ്ലീംവ്യക്തിനിയമം സംബന്ധിച്ച് ഇന്ത്യൻ സാമൂഹ്യരാഷ്ട്രീയമേഖലകളിലെ പ്രമുഖരുടെ നിരീക്ഷണ ങ്ങൾ എൻ.പി. ക്രോഡീകരിച്ച് അവതരിപ്പിക്കുന്നുണ്ട്. സർ സയ്യിദ് അഹമ്മദ്ഖാൻ, മുഹമ്മദലിജിന്ന തുടങ്ങിയവർ മുസ്ലീംവ്യക്തിനിയമം ഭേദഗതി ചെയ്യണം എന്ന ആവശ്യം ഉന്നയിച്ചിട്ടുണ്ട്. പിന്തുടർച്ചാവകാശനിയമം മാറ്റേണ്ടതിന്റെ അനിവാര്യത യെപ്പറ്റി സർ സയ്യിദ് അഹമ്മദ്ഖാൻ ബോധവാനായിരുന്നു. സ്ത്രീകളോടുള്ള സാമൂഹ്യ നീതിയെക്കുറിച്ച് ഇഖ്ബാലിനും ആസാദിനും വ്യക്തമായ കാഴ്ചപ്പാടു ണ്ടായിരുന്നു. ഇസ്ലാമിക നിയമപരിഷ്ക്കരണ സംഘത്തിൽ ഒരു സ്ത്രീയെക്കൂടി ഉൾപ്പെടുത്തണമെന്ന ആസാദിന്റെ വാദം ഒരു ഉയർന്ന സമൂഹത്തെക്കുറിച്ചുള്ള സ്വപ്നമായിരുന്നു. ഒരു മതത്തിനും ചരിത്രവുമായി നിശ്ചലസന്ധിയിൽ ഒപ്പിടാൻ കഴിയില്ല എന്ന് സയ്യിദ് അമീർ അലിയെ ഉദ്ധരിച്ചുകൊണ്ടാണ് എൻ.പി. തന്റെ ശരീ അത്ത് പരിഷ്കരണവാദം ക്രോഡീകരിക്കുന്നത്.

"അർധസംസ്കൃതാശയരായ ഒരു ജനതയുടെ ഉന്നമനത്തിനുവേണ്ടി

താത്കാലികമായി ഉണ്ടാക്കിയ നിബന്ധനകൾ ലോകാവസാനം വരെ നിലനിൽക്ക ണമെന്നു പറയുന്നവർ ലോകം സൃഷ്ടിച്ച ഏറ്റവും മഹാനായ പരിഷ്കർത്താവി നോട്, യുക്തിയുടെ ആധിപത്യം ഉറപ്പിച്ച പ്രവാചകനോട്, പ്രപഞ്ചം നിയമക്രമങ്ങ ളിലൂടെ ഭരിക്കുന്നു എന്ന് പ്രഖ്യാപിച്ച മഹാശയനോട്, പ്രകൃതിനിയമം പടിപടി യായ വികാസമാണെന്ന് ഉദ്ഘോഷിച്ച മഹാത്മാവിനോട് ഇസ്ലാമിക പ്രവാചക നോട് കടുത്ത അനീതിയാണ് കാണിക്കുന്നത്." (മുഹമ്മദ്, എൻ.പി. 2007:98).

ശരീഅത്ത് പരിഷ്കരണവുമായി ബന്ധപ്പെട്ട് എൻ. പി. നടത്തിയ പരാമർശ ങ്ങളും നിലപാടുകളും കേവലമായ അഭിപ്രായപ്രകടനങ്ങൾ മാത്രമായിരുന്നില്ല. ഇന്ത്യൻ ശരീഅത്ത്വ്യവസ്ഥയെക്കുറിച്ച് ആധികാരികമായി പഠിച്ച പല പ്രമുഖരു ടെയും നിരീക്ഷണങ്ങൾ എൻ.പി.യുടെ ചിന്തകളുമായി യോജിച്ചു പോകുന്നു എ ന്നത് ശ്രദ്ധേയമാണ്. 'നവഭാരതത്തിൽ ഇസ്ലാമിക വ്യക്തിനിയമം' എന്ന വിഷ യത്തെ ആധാരമാക്കി 1927-ൽ ഇന്ത്യൻലോ ഇൻസ്റ്റിറ്റ്യൂട്ട് ഒരു സെമിനാർ സംഘടി പ്പിച്ചു.നിയമവിദഗ്ദ്ധരും പ്രമുഖ ഇസ്ലാമികപണ്ഡിതന്മാരും പങ്കെടുത്ത പ്രസ്തുത സെമിനാറിൽ ശരീഅത്ത്പരിഷ്കരണം സംബന്ധിച്ചു നടന്ന ചർച്ചയുടെ ക്രോഡീ കരണം എൻ. പി. യുടെ നിലപാടുകളെ സാധൂകരിക്കുന്നു.

"ഇന്ത്യയിലെ കോടതികൾ മുഖേന നടപ്പിൽ വന്ന മുസ്ലിം വ്യക്തിനിയമ ത്തിൽ ചില പരിഷ്കാരങ്ങൾ ആവശ്യമാണെന്നും ഇസ്ലാമിക ശരീഅത്തിന്റെ മൂലപാഠങ്ങളിൽനിന്ന് വ്യതിചലിക്കാതെ അവയുടെ സഹായത്തോടെ തന്നെ മിക്ക പ്രശ്നങ്ങൾക്കും പരിഹാരം കാണാൻ പ്രയാസമില്ലെന്നുമുള്ള സമന്വിതാഭിപ്രായ ത്തിലെത്താൻ സെമിനാറിന് സാധിക്കുകയുണ്ടായി.''(കബീർ, വി.എ. 2013:11).

### 3.4.2. ഇസ്ലാം ആന്റ് മോഡേണേജ് സൊസൈറ്റി

ശരീഅത്ത് പരിഷ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുമായി എൻ.പി. ക്രിയാത്മകമായിത്തന്നെ മുന്നേറി. 1970 സെപ്റ്റംബർ 25ന് കോഴിക്കോട്

ടൗൺഹാളിൽവെച്ച് രൂപീകരിച്ച 'ഇസ്‌ലാം ആന്റ് മോഡേണേജ് സൊസൈറ്റി' ശരീഅത്തിനെ വീണ്ടും ചർച്ചയിലേക്ക് നയിച്ചു. എൻ. പി. മുഹമ്മദ്, ഡോ. ഇ. വി. ഉസ്മാൻകോയ, എൻ. കോയട്ടി, പ്രൊഫ. പി. അബ്ദുൽ അസീസ്, ചേകന്നൂർ മൗലവി തുടങ്ങിയവരായിരുന്നു അതിന്റെ നേതൃനിരയിൽ പ്രവർത്തിച്ചത്. ചേകന്നൂർ മൗലവിയുടെ കീഴിലുണ്ടായിരുന്ന നിരീക്ഷണം മാസിക (1967) 1970-ൽ മോഡേണേജ് സൊസൈറ്റി ഏറ്റെടുത്തു. സാമുദായികപരിഷ്ക്കരണം ലക്ഷ്യമാക്കി നടത്തിയിരുന്ന മാസികയുടെ മുഖ്യസൂത്രധാരൻ എൻ.പി.യായിരുന്നു. ആദ്യലക്കത്തിൽ തന്നെ കവർസ്റ്റോറിയായി വന്ന ലേഖനം മുസ്ലിം വ്യക്തിനിയമമായിരുന്നു. സമുദായത്തിൽ നിലനിന്നിരുന്ന ബഹുഭാര്യത്വമടക്കമുള്ള ചില പ്രവണതകൾക്കെതിരെ ശക്തമായ നിലപാടെടുക്കാൻ മോഡേണേജ് സൊസൈറ്റി ശ്രദ്ധിച്ചു. ഇതിന്റെ ഭാഗമായി ഇന്ത്യൻ പ്രസിഡന്റിന് ഹരജി സമർപ്പിക്കുകയുണ്ടായി.

സാമുദായിക പരിഷ്കരണപ്രവണതകളുമായി ബന്ധപ്പെട്ട് ശക്തമായ സംവാദങ്ങളും ചർച്ചകളും കേരളത്തിലുടനീളം വ്യാപിപ്പിക്കാൻ എൻ.പി. ഉൾപ്പെടെയുള്ളവർക്കായി. 1972 ആഗസ്ത് 21 ന് 'ഇസ്‌ലാമിക ശരീഅത്തും ഏകസിവിൽ കോഡും' എന്ന വിഷയത്തിൽ മോഡേണേജ് സൊസൈറ്റിയുടെ നേതൃത്വത്തിൽ കോഴിക്കോട് ടൗൺഹാളിൽ വെച്ച് ഒരു സിമ്പോസിയം നടത്തുകയുണ്ടായി. ആശയപരമായി വ്യത്യസ്തരായ നിരവധി പ്രമുഖരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ആ സിമ്പോസിയം ഏറെ ചർച്ച ചെയ്യപ്പെടുകയുണ്ടായി. തുടർന്ന് വിവിധ ഇസ്‌ലാമിക പ്രസ്ഥാനങ്ങളും ഇതരസംഘടനകളും ഈ വിഷയം പൊതുജനമധ്യത്തിൽ സജീവമായി അവതരിപ്പിക്കുകയും ശരീഅത്ത് സംബന്ധമായ തെറ്റിദ്ധാരണകളെ ദൂരീകരിക്കുന്നതിൽ ഏറെക്കുറെ വിജയിക്കുകയും ചെയ്തു.

### 3.4.3. ശരീഅത്തും ഏകസിവിൽകോഡും

ശരീഅത്ത് വിവാദത്തെ തുടർന്ന് മുസ്ലിം സമുദായത്തിന്റെ ചില കോണുകളിൽനിന്നും ഉയർന്നുവന്ന അഭിപ്രായപ്രകടനങ്ങളെ യുക്തിസഹമായി എൻ. പി.

വിശകലനം ചെയ്യുന്നുണ്ട്. 'ശരീഅത്തും ഏകസിവിൽകോഡും' എന്ന ശീർഷക ത്തിലെഴുതിയ ലേഖനത്തിലാണ് ഇക്കാര്യം ചർച്ചചെയ്യുന്നത്. സാമൂഹ്യപരിഷ്ക രണം എന്നതിലുപരി മറ്റു ചില ഘടകങ്ങൾക്ക് പ്രാധാന്യം നൽകാനാണ് ഇന്ത്യൻ മുസ്ലീങ്ങൾ ശ്രമിച്ചത് എന്ന് അദ്ദേഹം വ്യക്തമാക്കുന്നു. സമുദായം അഭിമുഖീകരി ക്കുന്ന വലിയപ്രശ്നം എന്ന രീതിയിൽ അവതരിപ്പിക്കപ്പെട്ട രണ്ടു പ്രധാനകാര്യങ്ങ ളാണ് എൻ.പി. അപഗ്രഥനവിധേയമാക്കുന്നത്.

1. ഇന്ത്യൻ മുസ്ലീങ്ങൾ അരക്ഷിതരാണ്.
2. ഏകസിവിൽകോഡിന്റെ ആവിർഭാവം മുസ്ലീമിന്റെ സാംസ്കാരികവ്യക്തി ത്വത്തെ തകർക്കും.

യഥാർത്ഥത്തിൽ ഇന്ത്യൻ മുസ്ലീങ്ങൾക്കുണ്ടായ അരക്ഷിതബോധത്തിന്റെ കാര്യകാരണങ്ങളെ എൻ.പി. വിലയിരുത്തുന്നു. കാലാകാലങ്ങളായി മുസ്ലീങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടായ വീഴ്ചകളുടെ പരിണതഫലമായാണ് ഈ അരക്ഷിതാ വസ്ഥ കൈവന്നതെന്നാണ് എൻ.പി.യുടെ അഭിപ്രായം. ഭൗതികവിദ്യാഭ്യാസം, സർക്കാർജോലി, കലാസാംസ്കാരികരംഗം എന്നീ മേഖലകളിലെല്ലാം മുസ്ലീങ്ങൾ ഇതരസമുദായങ്ങളെ അപേക്ഷിച്ച് ഏറെ പിറകിലാണ്. സാമുദായികസംവരണവും വിദ്യാഭ്യാസമുന്നേറ്റങ്ങളും മന്ദഗതിയിലാണെങ്കിലും സമൂഹത്തെ പുരോഗതിയി ലേക്ക് നയിക്കുന്നുണ്ട്. എന്നാൽ ഇതുമാത്രമായി ഒതുങ്ങരുത് എന്നാണ് എൻ.പി.യുടെ പക്ഷം. "ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവീസ്, ഇന്ത്യൻ പോലീസ് സർവ്വീസ് എന്നിവിടങ്ങളിൽ സംവരണമില്ല. അതുകൊണ്ട് ഉന്നതശ്രേ ണിയിൽ രാഷ്ട്രസംവിധാനത്തിൽ വേണ്ടത്ര പങ്കുകിട്ടുന്നില്ല. കഠിനയത്നം കൊണ്ടേ ഇത് സാധ്യമാകൂ. അർഹത നേടലാണ് കാര്യം. അവശത പറയുന്നതു കൊണ്ട് പ്രയോജനമില്ല.''(മുഹമ്മദ്, എൻ.പി. 2007:100)

മനുഷ്യന്റെ ഭൗതികാവശ്യങ്ങളുമായി ബന്ധപ്പെട്ടു നിൽക്കുന്നതാണ് അരക്ഷിതബോധം. അധ്യാത്മികതലത്തിൽ ഈ അരക്ഷിതബോധം നിലനിൽക്കു

ന്നില്ല. വിശ്വാസസ്വാതന്ത്ര്യവും വിശ്വാസ പ്രവർത്തനസ്വാതന്ത്ര്യവും ഭരണഘടന തന്നെ വിഭാവന ചെയ്യുന്നു. ഒറ്റപ്പെട്ട സംഭവങ്ങളെ അധ്യാത്മികനിഷേധത്തിന്റെ സുഘടിത പ്രവർത്തനമായി കാണുന്നത് പർവ്വതീകരണമായാണ് എൻ.പി. കാണുന്നത്. ഒറ്റപ്പെട്ട വർഗീയലഹളകൾ മനോതലത്തിൽ ശാന്തത നശിപ്പിക്കുന്നു. ഇത്തരം കലാപങ്ങൾക്ക് പൊതുസ്വഭാവം നൽകി അവ ഇന്ത്യൻ മുസ്ലീങ്ങളെ കൊന്നൊടുക്കുന്നതിനുള്ള ആസൂത്രിതമായ സംഘടിതശ്രമങ്ങളാണ് തുടങ്ങിയ നിഗമനങ്ങൾ പ്രചരിപ്പിക്കുന്നത് സമൂദായത്തിൽ അരക്ഷിതബോധം സൃഷ്ടിക്കാനും യാഥാർത്ഥ്യത്തെ വികലമാക്കാനും മാത്രം സഹായിക്കുന്ന ഒന്നാണെന്നാണ് എൻ.പി. യുടെ അഭിപ്രായം.

### 3.4.4. ഏകസിവിൽകോഡും സാംസ്കാരികവ്യക്തിത്വവും

സിവിൽനിയമങ്ങൾ സാംസ്കാരികവ്യക്തിത്വത്തെ തുടച്ചുമാറ്റും എന്ന ഭീതി ഇന്ത്യൻ മുസ്ലീങ്ങളുടെ ഉള്ളിൽ രൂഢമൂലമാണ്. സാംസ്കാരികവ്യക്തിത്വത്തെ നിർണ്ണയിക്കുന്നതിൽ മതത്തിനുള്ള പങ്ക്, സിവിൽ നിയമങ്ങൾക്ക് സാംസ്കാരിക വ്യക്തിത്വത്തിലുള്ള സ്വാധീനം തുടങ്ങിയ വസ്തുതകൾ എൻ.പി. വിശകലന വിധേയമാക്കുന്നു. സാംസ്കാരികവ്യക്തിത്വം രാഷ്ട്രാധിഷ്ഠിതമാണ് എന്ന നിലപാടാണ് എൻ. പി. മുന്നോട്ടു വെക്കുന്നത്. അത് മതാധിഷ്ഠിതമാണെങ്കിൽ ഇസ്‌ലാം ഭാരതാതിർത്തിക്കുള്ളിൽ ഒതുങ്ങിനിൽക്കാൻ പാടില്ല. അത് ലോകാടിസ്ഥാനത്തിൽ ഉള്ളതാകണം. സാംസ്കാരികവ്യക്തിത്വം രാഷ്ട്രാധിഷ്ഠിതമാണ് എന്നതിന് ചരിത്രപരമായ വസ്തുതകളെയാണ് നിദർശനമായി എൻ. പി. അവതരിപ്പിക്കുന്നത്. ഇന്ത്യാ-പാക്‌യുദ്ധകാലത്ത് ഇന്ത്യൻ മുസ്ലീങ്ങൾ പാക്കിസ്ഥാനെതിരെ, ഇന്ത്യക്കൊപ്പം നിലകൊള്ളുകയാണുണ്ടായത്. ഭാഷ, സമൂഹഘടന, പ്രാദേശികതാത്പര്യം എന്നീ ഘടകങ്ങളും സാംസ്കാരികവ്യക്തിത്വനിർണ്ണയനത്തിന്റെ ഘടകങ്ങളായി എൻ. പി. അവതരിപ്പിക്കുന്നു. "ആശയവിനിമയത്തിനുള്ള ഉപാധിയില്ലെങ്കിൽ സാംസ്കാരികവ്യക്തിത്വമില്ല.''(മുഹമ്മദ് എൻ.പി. 2007:104.) ഒരേ മതസ്ഥരെങ്കിലും വ്യത്യസ്തമായ ഭാഷ കൈകാര്യം ചെയ്യുന്നവർ തമ്മിൽ അന്യത്വം നിലനിൽക്കുന്നു.

പ്രാദേശികമായ താത്പര്യങ്ങൾ സാംസ്കാരികവ്യക്തിത്വത്തിന്റെ രൂപീകരണത്തെ സ്വാധീനിക്കുന്നു. വിഭവോത്പാദനവും വിതരണവുമായി ബന്ധപ്പെട്ട് വിവിധ പ്രാദേശിക കൂട്ടായ്മകളുമായി മുസ്ലീങ്ങൾക്ക് നിരന്തര സമ്പർക്കത്തിലേർപ്പെടേണ്ടി വരുന്നുണ്ട്. തീർത്തും മതമുക്തമായ ഒന്നായാണ് ഇത്തരം പ്രാദേശിക താത്പര്യങ്ങളെ എൻ. പി. നോക്കിക്കാണുന്നത്. പ്രാദേശിക വ്യതിയാനങ്ങളും ഭിന്നസമീപനങ്ങളും ഘടനാവിശേഷങ്ങളും സവിശേഷതകളും അവഗണിച്ചുകൊണ്ട് ഇന്ത്യൻ മുസ്ലീങ്ങളെ ഒരൊറ്റ യൂണിറ്റാക്കി അടയാളപ്പെടുത്താൻ ശ്രമിക്കുന്നത്, യുക്തിവിചാരത്തെ പിരിമുറുക്കിപ്പൊട്ടിക്കാൻ ശ്രമിക്കുന്നതുപോലെയാണെന്ന് ഇ.ഡി. സഫറിനെ ഉദ്ധരിച്ചുകൊണ്ട് എൻ. പി. പ്രസ്താവിക്കുന്നു.(മുഹമ്മദ് എൻ.പി. 2007:105.).

എൻ. പി. യുടെ ഈ പ്രസ്താവനകളിലെ പ്രകടമായ വൈരുദ്ധ്യങ്ങളെ കാണാതിരിക്കാനാകില്ല. സംസ്കാരത്തെ നിർണ്ണയിക്കുന്നതിൽ മതത്തിന് പങ്കില്ല എന്ന വാദം ഒരു സെക്യുലറിസ്റ്റിന്റെ ആദർശശാഠ്യമായേ നമുക്കംഗീകരിക്കാനാകൂ. ഭാഷക്കും ദേശത്തിനും വർണ്ണത്തിനും അതീതമായി വ്യക്തിയും സമുദായവും ഉൾകൊള്ളുന്ന ആദർശവും അവരുടെ ജീവിതരീതിയുമാണ് സാംസ്കാരികവ്യക്തിത്വത്തെ നിർണ്ണയിക്കുന്ന ഘടകങ്ങൾ. "ലോകത്തെങ്ങുമുള്ള മുസ്ലീങ്ങളെ കൂട്ടിയിണക്കുകയും ഒരേ ചരടിൽ കോർത്തിണക്കുകയും ചെയ്യുന്ന സവിശേഷതയാണ് ഇസ്ലാമികസംസ്കാരം. അത് ഇസ്ലാമിക ശരീഅത്തിന്റെ സൃഷ്ടിയും സംഭാവനയും തന്നെയാണ്'' (അബ്ദുറഹ്മാൻ,ഒ. 2016:30). ഭക്ഷണരീതി, വിവാഹം, വിവാഹമോചനം, ജനനമരണാനന്തര ചടങ്ങുകൾ, സ്വത്തവകാശം, അഭിസംബോധനാരീതി തുടങ്ങി ലോകത്തിന്റെ ഏതുകോണിലുമുള്ള മുസ്ലിമിന്റെ ചടങ്ങുകൾ ഒന്നുതന്നെയാണ്. മുസ്ലീങ്ങളുടെ സാംസ്കാരികമായ പ്രത്യേകാസ്ഥിത്വവും വ്യക്തിത്വവും ഇത്രമാത്രം പ്രകടമായിട്ടും മതം സാംസ്കാരികവ്യക്തിത്വത്തെ നിർണ്ണയിക്കുന്ന ഘടകമല്ല എന്ന് വാദിക്കുന്നത് യുക്തിസഹമല്ല. ഏകമുഖമായ സാംസ്കാരിക ഐക്യം വളർത്തിയെടുക്കുക എന്നത് ഇന്ത്യൻ മുസ്ലീങ്ങൾക്കുമാത്രമല്ല ഇതരവിഭാഗങ്ങളിലും പ്രാവർത്തികമാക്കാൻ കഴിയുന്ന ഒന്നല്ല എന്ന അഭിപ്രായം എൻ. പി.

ക്കുണ്ടായിരുന്നു. "ഇന്ത്യക്കാരായ നാം ഏകസംസ്കാരത്തിന്റെ വരുതിക്ക് കീഴില ല്ല. നിരവധി ഉപസംസ്കാരങ്ങളാണ് ഇന്ത്യയിലുള്ളത്. ഏകമുഖസംസ്കാരം ഏട്ടിൽ മാത്രമേയുള്ളൂ. ദേശീയമായ ഒരു സംസ്ക്കാരം ഇന്ത്യയിൽ ഇന്നില്ല. നാളെ ഒരു സമന്വയപ്രക്രിയയിലൂടെ അത് വാർന്നുവീഴുമോ എന്നതിന് പ്രവചനസാധ്യ തയും കാണുന്നില്ല." (മുഹമ്മദ് എൻ. പി. 2007:105).

സിവിൽനിയമങ്ങളുടെ വികാസം പ്രാദേശിക സംസ്കാരങ്ങളെയോ സാംസ്കാരിക വ്യക്തിത്വത്തേയോ സാരമായി ബാധിക്കുകയില്ല എന്നും അവ നമ്മുടെ പൗരത്വത്തെ മാത്രമേ ബാധിക്കുകയുള്ളൂ എന്നും എൻ. പി. സമർത്ഥിക്കു ന്നു. നിയമങ്ങൾ രൂപം കൊള്ളുന്നത് പൗരന്മാർക്കാണ്. നിയമങ്ങൾ കാലഗതിക്കനു സരിച്ച് മാറ്റേണ്ടി വരും എന്നത് കാലം ഏൽപിച്ച ദൗത്യമാണെന്നും എൻ. പി. ഓർമ്മിപ്പിക്കുന്നു. സാമൂഹ്യ ഐക്യം സാധ്യമായ ശേഷമേ സാമൂഹികപരിഷ്ക രണം സാധ്യമാകൂ എന്ന ധാരണ സമുദായനേതൃത്വങ്ങൾക്കുണ്ട്. ഇസ്ലാമികചരി ത്രത്തിന്റെ പശ്ചാത്തലത്തിലും സാധൂകരണമില്ലാത്ത ഒരു വാദമായി എൻ.പി. ഇതിനെ കാണുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ മതവിശ്വാസത്തെ എങ്ങനെ ഇന്ത്യൻ മുസ്ലീങ്ങൾ ഉൾകൊള്ളുന്നു എന്ന് എൻ.പി. പരിശോധിക്കുന്നുണ്ട്. കാലി കമായ താത്പര്യങ്ങളോട് മുഖം തിരിച്ച്, തീർത്തും യാഥാസ്ഥിതികമായ താത്പര്യ ങ്ങൾ പുലർത്തുന്നത് സാമൂഹ്യപരിഷ്കരണത്തിന് അനുയോജ്യമല്ല എന്ന വസ്തു തയിലേക്കാണ് എൻ. പി. എത്തിച്ചേരുന്നത്.

ഇസ്ലാമികവിശ്വാസത്തെക്കുറിച്ച് സമുദായത്തിനകത്തുനിന്നുതന്നെയുള്ള വ്യതിരിക്തമായ കാഴ്ചപ്പാടുകൾ അവതരിപ്പിക്കുന്ന കൂട്ടത്തിൽ തന്നെ സ്വാധീനിച്ച ഒരാദർശാത്മക സങ്കല്പത്തെ എൻ. പി. അവതരിപ്പിക്കുന്നത് ശ്രദ്ധേയമാണ്. ആശ യതലത്തിൽ എൻ.പി. ക്കുണ്ടായ പരിണാമത്തിന്റെ മറ്റൊരു തലം ഈ കാഴ്ചപ്പാടി ലുണ്ട്. "മറ്റൊരു വിഭാഗം മുസ്ലീങ്ങളുണ്ട്. അവർ മതമീമാംസമൗലികരും അതോ ടൊപ്പം ആധുനികരുമാണ്. ഇവരാണ് മൂന്നാംകക്ഷി. അവർ പുതുസമൂഹങ്ങളെ കാണുന്നു. കാപ്പിറ്റലിസവും കമ്മ്യൂണിസവും തീവ്രവാദമായിക്കാണുന്ന ഇക്കൂട്ടർ

ഇതിനിടയ്ക്ക് മറ്റൊരു സങ്കൽപ്പത്തെ അവതരിപ്പിക്കുന്നു. അത് ദൈവരാജ്യമാണ്. തീർച്ചയായും ഇത് ചരിത്രത്തെക്കുറിച്ച് തനിമയുള്ള ദർശനം നൽകുന്നു. അത് വികലമാകാം. റൊമാന്റിക്കാവാം. പക്ഷേ അതൊരു തനതു വീക്ഷണമാണെന്ന വസ്തുത നിരാകരിക്കാൻ വയ്യ.'' (മുഹമ്മദ് എൻ.പി. 2007:111)

കാപ്പിറ്റലിസത്തിനും കമ്മ്യൂണിസത്തിനുമിടയ്ക്ക് ഒരു ബദൽസിദ്ധാന്തം ഉന്നയിച്ച ഈ വിഭാഗത്തെ സർഗ്ഗാത്മകന്യൂനപക്ഷം എന്നാണ് എൻ. പി. വിശേഷിപ്പിച്ചത്. ആധുനികകാലത്ത് ഇസ്ലാമിനുണ്ടായ പ്രധാനപ്പെട്ട ഒരാശയസങ്കൽപ്പനമായി, എൻ. പി. ഈ വീക്ഷണത്തെ കാണുന്നു. അത് ചർച്ച ചെയ്യപ്പെടേണ്ട ഒന്നായി വിലയിരുത്തുന്നു. ന്യൂനപക്ഷങ്ങളുടെ സംഘാടനത്തെ ഏറെ സംശയദൃഷ്ടിയോടെയായിരുന്നു എൻ.പി. വീക്ഷിച്ചിരുന്നത്. ഇന്ത്യൻ മുസ്ലീങ്ങളിൽതന്നെ ചെറിയൊരു വിഭാഗമായിരുന്ന ഇക്കൂട്ടരുടെ പ്രവർത്തനങ്ങളെ ആദ്യകാലത്ത് എൻ.പി. വലിയതോതിൽ വിമർശിച്ചിട്ടുണ്ട്. എന്നാൽ പിൽക്കാലത്ത് അത്തരം ആശയങ്ങളോട് മിതവാദപരമായ നിലപാട് സ്വീകരിച്ചതായി കാണാം.

### 3.4.5. അടിയന്തരാവസ്ഥ

ജനാധിപത്യവിരുദ്ധമായ പ്രവർത്തനങ്ങളെയും പ്രവണതകളെയുമെല്ലാം തുറന്നെതിർത്തിരുന്ന വ്യക്തിയായിരുന്നു എൻ.പി മുഹമ്മദ്. അദ്ദേഹത്തെ സംബന്ധിച്ച് സാഹിത്യവും സാംസ്കാരികരംഗവുമെല്ലാം ഇത്തരം തുറന്നുപറച്ചിലുകൾക്കുള്ള ഇടങ്ങളായിരുന്നു. ഇന്ത്യൻ രാഷ്ട്രീയചരിത്രത്തിലെ ഇരുണ്ട അദ്ധ്യായമാണ് 1975-ലെ അടിയന്തരാവസ്ഥ. അന്നത്തെ ഇന്ത്യൻ പ്രധാനമന്ത്രിയായിരുന്ന ഇന്ദിരാഗാന്ധിയുടെ നിർദ്ദേശപ്രകാരമാണ് പ്രസിഡന്റായിരുന്ന ഫക്രുദ്ദീൻ അലി അഹമ്മദ് അടിയന്തരാവസ്ഥ പ്രഖ്യാപിക്കുന്നത്. രാജ്യത്തെ അഭ്യന്തരകലാപങ്ങൾ നിയന്ത്രണവിധേയമാക്കാനാണ് അടിയന്തരാവസ്ഥ പുറപ്പെടുവിച്ചത് എന്ന അവകാശവാദം ഗവൺമെന്റ് ഉന്നയിച്ചെങ്കിലും ജനാധിപത്യവ്യവസ്ഥ തകിടംമറിഞ്ഞു. പൗരാവകാശങ്ങൾ നിഷേധിക്കപ്പെട്ടു. പത്രങ്ങൾ കടുത്ത സെൻസർഷിപ്പിന് വിധേയമായി. രാജ്യത്തിന്റെ സുരക്ഷയും വിദ്വേഷപ്രചാരണവും മാനിച്ച് ഏർപ്പെ

ടുത്തിയ മാധ്യമവിലക്ക് കടുത്ത എതിർപ്പിന് കാരണമായി. ദേശീയതലത്തിലും പ്രാദേശികതലത്തിലും പ്രതിഷേധങ്ങൾ അലയടിക്കുകയും ഇതിനെ വിമർശിച്ച രാഷ്ട്രീയക്കാരും സാംസ്കാരികപ്രവർത്തകരും അറസ്റ്റിലാവുകയും ചെയ്തു.

പ്രതികരിക്കുന്നവർ കടുത്ത ശിക്ഷകൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്ന ഘട്ടത്തിലാണ് എൻ.പി. അടിയന്തരാവസ്ഥക്കെതിരെ നിർഭയനായി പ്രതികരിക്കുന്നത്. കോഴിക്കോട് മാവൂരിലും തിക്കോടിയിലും പരസ്യമായി പ്രസംഗിച്ചുകൊണ്ട് എൻ.പി. അടിയന്തിരാവസ്ഥയുടെ വിമർശകനായി. സാംസ്കാരികരംഗത്തുണ്ടായിരുന്ന പല പ്രമുഖരും മൗനമവലംബിച്ചുകൊണ്ട് അകത്തളങ്ങളിലിരുന്ന ഘട്ടത്തിലാണ് എൻ.പി ജനാധിപത്യത്തിനുവേണ്ടി രംഗത്തിറങ്ങുന്നത്. ഇന്ത്യൻ ജനാധിപത്യം നിരോധനത്തിന്റ ഭീകരതകൾ കൊണ്ട് അടിച്ചമർത്തപ്പെട്ട ഒരു കാലമായിരുന്നു അത്. ആധിപത്യങ്ങളെ അംഗീകരിക്കാൻ മടിച്ചിരുന്ന എൻ.പി. എക്കാലവും സ്വാതന്ത്ര്യത്തിന്റെയും ജനാധിപത്യത്തിന്റെയും സംരക്ഷകനായിരുന്നു. അടിയന്തിരാവസ്ഥക്കെതിരെയുള്ള എൻ.പി.യുടെ പ്രസംഗങ്ങൾ രേഖപ്പെടുത്തപ്പെട്ടിട്ടില്ല. 'സമാഹരിക്കപ്പെടാതെ പോയ സമ്പാദ്യം' എന്നാണ് മകനായ എൻ.പി. ഹാഫിസ് മുഹമ്മദ് ഈ പ്രസംഗങ്ങളെ വിശേഷിപ്പിച്ചത്. തീക്ഷ്ണമായ ആ കാലഘട്ടങ്ങളിൽ ധീരമായ നിലപാടുകളുമായി സമൂഹമധ്യത്തിലിറങ്ങിയ എൻ.പിക്ക് അറസ്റ്റ് നേരിടേണ്ടി വന്നില്ല എന്നത് അതിശയത്തോടെയാണ് കുടുംബാംഗങ്ങൾ അനുസ്മരിക്കുന്നത്.

### 3.4.6. വർഗ്ഗീയരാഷ്ട്രീയം

1980-കൾക്കുശേഷം ഇന്ത്യൻ ജനാധിപത്യവും അതിന്റെ ഭാഗമായ സെക്യുലറിസവും വിവരണാതീതമായ പ്രതിസന്ധികളിലൂടെയാണ് കടന്നുപോയത്. സ്വാതന്ത്ര്യാനന്തരം ഇന്ത്യയുടെ ഭരണം കയ്യാളിയിരുന്ന കോൺഗ്രസ് പൊതുവെ സെക്യുലർ വീക്ഷണഗതിയുള്ളവരായിരുന്നു. എങ്കിലും സെക്യുലർ വത്കരണം മന്ദഗതിയിലായിരുന്നു. ഉദ്ധ്യോഗതലത്തലും ഭരണശാഖകളിലും പോലീസ് നീതിന്യായതലങ്ങളിലും ആധിപത്യമുറപ്പിച്ച ഹിന്ദുത്വവർഗീയവാദികളുടെ സമീപനവും

കോൺഗ്രസിലെ മൃദുഹിന്ദുത്വ സമീപനമുള്ളവരുടെ പ്രവർത്തനങ്ങളും സെക്യുലർവത്ക്കരണത്തെ മന്ദഗതിയിലാക്കിയതായി ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട് (രാം പുനിയാനി, 2011: 86). 1980-കൾക്കുശേഷം വർഗീയത വളർന്നുവരുന്ന സാഹചര്യങ്ങളാണുണ്ടായത്. അന്നത്തെ ഭരണപക്ഷം കൈകൊണ്ട ചില നിലപാടുകൾ ഇതിനുള്ള സാഹചര്യങ്ങൾ ഒരുക്കിക്കൊടുത്തു. രാമജന്മഭൂമിവിവാദം ഒരു പ്രധാന അജണ്ടയായി ബി.ജെ.പി സർക്കാർ ഏറ്റെടുത്തതോടെ രാജ്യം നിരന്തര സംഘർഷങ്ങൾക്ക് സാക്ഷ്യം വഹിച്ചു. 1992-ൽ അയോധ്യയിൽ ബാബരി മസ്ജിദ് കർസേവകരാൽ തകർക്കപ്പെട്ടത് സെക്യുലർ ഇന്ത്യയുടെ ഭാവിയെത്തന്നെ അനിശ്ചിതത്വത്തിലാക്കി.

സെക്ക്യുലർ ഇന്ത്യക്കേറ്റ ഈ കനത്ത ആഘാതത്തിനെതിരെ ശക്തമായ രീതിയിൽ എൻ.പി. പ്രതികരിച്ചിട്ടുണ്ട്. അതിന്റെ അനുരണനങ്ങൾ ഭൂതത്തെയും വർത്തമാനത്തെയും മാത്രമല്ല ഭാവിയെയും വിഴുങ്ങുമെന്ന് എൻ.പി.യിലെ ചിന്തകൻ ആശങ്കപ്പെടുന്നു. ''അയോധ്യ എന്നാൽ യുദ്ധമില്ലാഭൂമി എന്നർത്ഥം. വിധി വൈപരീത്യമെന്നു പറയട്ടെ, അയോധ്യ, രാഷ്ട്രീയ അധികാരലബ്ധിക്കുവേണ്ടിയുള്ള പടനിലമായി മാറിയിരിക്കുന്നു. ഇന്നലെ തുടങ്ങി, ഇന്നും തുടരുന്നു. നാളെ ഈ യുദ്ധം കൊടുമ്പിരികൊള്ളാനുള്ള അപായ സാധ്യതയുണ്ട്''(മുഹമ്മദ് എൻ. പി. 2007: 137). ഇന്ത്യൻ സെക്യുലറിസത്തിന് ശക്തമായ ഒരടിത്തറ പണിയുന്നതിൽ ആദ്യം മുതൽക്കേ വീഴ്ചപറ്റിയതാണ് അയോധ്യയിലും ദുരന്തങ്ങൾക്ക് ഇടവരുത്തിയത്. വർഗീയതക്ക് ഉൾക്കരുത്ത് നൽകാൻ പാകത്തിൽ സെക്യുലറിസം ദുർബലമായി. ഹിന്ദുവർഗീയതയുടെ വളർച്ചയോടൊപ്പം, അന്നത്തെ പ്രധാനമന്ത്രിയുടെ നിലപാടുകളും വികാരാവേശത്തിന് അടിമപ്പെട്ട വിവേകശൂന്യമായ മുസ്ലിം നേതൃത്വത്തിന്റെ പ്രവർത്തനങ്ങളും പള്ളിധ്വംസനത്തിന് വഴിവെച്ചതായി എൻ.പി. സമർത്ഥിക്കുന്നു (മുഹമ്മദ്, എൻ.പി. 2007: 138).

ഇന്ത്യയുടെ ഭാവിരാഷ്ട്രീയം മതേതരത്വമോ ഹിന്ദുത്വമോ എന്ന ഭീഷണമായ ചോദ്യം എൻ.പി. ഉന്നയിക്കുന്നു. അതിന് വിശകലനങ്ങളിലൂടെ എൻ.പി.കണ്ടെത്തുന്ന ഉത്തരം ജനാധിപത്യവാദികളെ സംബന്ധിച്ച് ഒട്ടും ആശാവഹമല്ല.

അധികാരരാഷ്ട്രീയം തങ്ങളുടെ ആശയങ്ങൾക്ക് പ്രചാരം കിട്ടാനായി അപരനെ ശത്രുപക്ഷത്ത് നിർത്തുന്നു. ശത്രുബിംബത്തെ സൃഷ്ടിച്ചെടുക്കുകയും അത്യാധുനികമായ മാധ്യമസങ്കേതങ്ങൾ ഉപയോഗിച്ചുകൊണ്ട് ബഹുജനപ്രക്ഷോഭത്തിന് തിരികൊളുത്തുകയും ചെയ്യുന്നു. ശത്രുബിംബത്തെ ഉയർത്തിപ്പിടിച്ചുകൊണ്ടും വിഷലിപ്തമായ മുദ്രാവാക്യങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള പ്രചരണപരിപാടികളെ എൻ.പി. ശക്തമായി വിമർശിച്ചിട്ടുണ്ട്. വിദ്വേഷപ്രചാരണജാഥകൾ തുടരെത്തുടരെ നടത്തുക എന്നത് നാസിസത്തിന്റെ പ്രവണതയാണ്. 'മ്യൂണിക് മാർച്ച്' എന്നറിയപ്പെടുന്ന ഈ ജാഥകൾ കണ്ടുനിൽക്കുന്നവരുടെ വിവേചനബോധത്തെ തകർക്കുമെന്നും അവർ നാസിസത്തിന്റെ അനുഭാവികളായിത്തീരുമെന്നുമുള്ള ആൾഡസ് ഹക്സലിയുടെ നിരീക്ഷണത്തെ ഇതുമായി ബന്ധപ്പെട്ട് എൻ.പി. അവതരിപ്പിക്കുന്നു (മുഹമ്മദ് എൻ.പി. 2007: 140). നാസിസത്തെ വിശകലനവിധേയമാക്കിക്കൊണ്ടുള്ള ചർച്ചയിൽ തീവ്രഹൈന്ദവതയുടെ പ്രവർത്തനങ്ങളെ ആദ്യകാല നാസിസത്തോടാണ് എൻ.പി. താരതമ്യം ചെയ്യുന്നത്. നാസികളുടെ ആദ്യഘട്ട പ്രവർത്തനം ശക്തമായ ഒരു ദേശീയരാഷ്ട്രത്തെക്കുറിച്ചുള്ള വാഗ്ദാനമായിരുന്നു. ബി.ജെ.പി.യുടെ തീവ്രദേശീയ നിലപാടിലും ഈ സമാനതകാണാം. ആര്യരക്തത്തിന്റെ മഹിമയും പെരുമയും വാക്ധോരണിയുടെ അമിത പ്രയോഗത്തിലൂടെ ഭൂതകാലമഹിമയെക്കുറിച്ച് പേർത്തും പേർത്തുമുള്ള പ്രചരണം. ആർഷഭൂമിയുടെ പൂർവ്വകാലമഹിമയിൽ അഭിരമിക്കുന്നവർ ഗാന്ധിയൻ സോഷ്യലിസത്തെക്കുറിച്ചും സംസാരിക്കുന്നു. നാസികൾ തെരുവുകലാപങ്ങൾക്കായി എസ്.എസ്.തവിട്ടുകുപ്പായക്കാരെ ഉപയോഗപ്പെടുത്തുമ്പോൾ കാവിവസ്ത്രത്തെ ഇതിനുവേണ്ടി ദുരുപയോഗം ചെയ്യുന്നതിനെയും എൻ.പി. ഇതുമായി ചേർത്തു വായിക്കുന്നു. 'വേർസയിൽസ് ഉടമ്പടി' ജർമ്മനിയെ മാനഭംഗം ചെയ്തു എന്ന് നാസികൾ വാദിക്കുമ്പോൾ, വിഭജനം ഭാരതാംബയെ അംഗഭംഗപ്പെടുത്തി എന്ന ആരോപണവും ശ്രദ്ധേയമാണ്. (മുഹമ്മദ്, എൻ.പി. 2007: 140). മതേതരത്വവും ദേശീയതയും സ്വന്തം ആശയാദർശങ്ങളുടെ മുഖമുദ്രയാക്കിയ എൻ.പി. വർഗ്ഗീയരാഷ്ട്രീയത്തിനെതിരെ ശക്തമായ നിലാപാടെടുത്തിട്ടുണ്ട്.

### 3.4.7. എഴുത്തുകാരന്റ സ്വാതന്ത്ര്യം

വ്യക്തിസ്വാതന്ത്ര്യത്തിനും ആവിഷ്കാരസ്വാതന്ത്ര്യത്തിനും എൻ.പി. വലിയ പ്രാധാന്യം കൽപ്പിച്ചിരുന്നു. എഴുത്തുകാരന്റെ സ്വാതന്ത്ര്യത്തിന് നേരെയുള്ള കടന്നുകയറ്റത്തെ എൻ.പി. നിശിതമായി വിമർശിച്ചു. സൽമാൻ റുഷ്ദിക്കും തസ്ലീമ നസ്റിനും എതിരെയുണ്ടായ അതിക്രമങ്ങൾക്കെതിരെ പ്രതികരിച്ചുകൊണ്ട് എൻ.പി. ലേഖനങ്ങളെഴുതിയിട്ടുണ്ട്. 1988-ലാണ് സൽമാൻ റുഷ്ദിയുടെ സാത്താനിക് വേഴ്സസ് (The satanic verses) ഇന്ത്യയിൽ നിരോധിക്കുന്നത്. ഇസ്ലാം മതവിശ്വാസത്തെ അപകീർത്തിപ്പെടുത്തുന്നു എന്ന ആരോപണമാണ് പുസ്തകത്തിനെതിരെ ഉയർന്നത്. ഇറാൻ പ്രസിഡണ്ട് റുഷ്ദിക്കെതിരെ മരണവാറണ്ട് പുറപ്പെടുവിച്ചു. റുഷ്ദി ദീർഘകാലം നഗരങ്ങളിൽനിന്ന് നഗരങ്ങളിലേക്ക് ഒളിവിൽപോയി. 1988 സെപ്റ്റംബർ 26 ന് പുറത്തിറങ്ങിയ പുസ്തകത്തിന് ഒക്ടോബർ 5 നുതന്നെ ഇന്ത്യയിൽ വിലക്കേർപ്പെടുത്തി. ഇതിനെതിരെ പലതരത്തിലുള്ള പ്രതിഷേധങ്ങളുണ്ടായി.

ആവിഷ്കാരസ്വാതന്ത്ര്യത്തിനു നേരെയുള്ള ഈ കടന്നുകയറ്റത്തിനെതിരെ എൻ.പി.യും പ്രതികരിക്കുകയുണ്ടായി. അധികാരത്തിന്റ ഈ അഹംഭാവം ചരിത്രപരമായ ഒരു തുടർച്ചതന്നെയാണ് എന്ന് എൻ.പി. നിരീക്ഷിക്കുന്നുണ്ട്. "പുസ്തകങ്ങൾ നിരോധിക്കലും എഴുത്തുകാരെ നാടുകടത്തലും പണ്ടു മുതൽക്കേയുള്ള ഒരേർപ്പാടാണ്. എഴുത്തുകാരെ വിചാരണചെയ്തു വധിക്കുകയും ചെയ്തിരുന്നു" (മുഹമ്മദ്, എൻ.പി. 2007:31). സ്റ്റേറ്റിന്റെ ഭദ്രമായ നിലനിൽപ്പിന് സ്വതന്ത്രചിന്ത ഭീഷണിയാണ് എന്ന ചിന്തക്ക് കാലപ്പഴക്കമുണ്ട്. യുവാക്കളുടെ മനസ്സിനെ ദുഷിപ്പിക്കുന്നു എന്ന കുറ്റംചുമത്തി സോക്രട്ടീസിനെ വിഷം കൊടുത്തു കൊന്നതും റഷ്യയിൽനിന്നും കിഴക്കൻ യൂറോപ്പിൽനിന്നും എഴുത്തുകാർ ബഹിഷ്കൃതരായതും ഇതിന്റെ ഭാഗമാണെന്നാണ് എൻ.പി നിരീക്ഷിക്കുന്നത്.

സൽമാൻ റുഷ്ദിയുടെ കൃതികളുടെ മൂല്യമല്ല അഭിപ്രായസ്വാതന്ത്ര്യത്തിന്റെ നിഷേധമാണ് എൻ.പി.യെ ചിന്തിപ്പിക്കുന്നത്. “റുഷ്ദിയുടെ കൃതിയെക്കുറിച്ച് ഭിന്നാഭിപ്രായങ്ങളുണ്ടാകാം. അവ നല്ലതാണെന്നും ചീത്തയാണെന്നും കരുതുന്നവരുണ്ടാവുക സ്വാഭാവികം. പക്ഷെ തനിക്ക് ശരിയാണെന്ന് തോന്നുന്ന ഒരാശയം ഒരാൾക്കൂട്ടത്തിന്റെ അനുമതിയില്ലാതെ എഴുതാൻ പാടില്ലെന്ന് വന്നാലോ” (മുഹമ്മദ്, എൻ.പി. 2007:32). റുഷ്ദിക്കെതിരെ മരണവാറണ്ട് പുറപ്പെടുവിക്കുകയും പിൻവലിക്കുകയും ചെയ്ത ഈ അധികാരമാണ് എൻ.പി. യിലെ ചിന്തകൻ അനുഭവിക്കുന്ന സംഘർഷം. ആധിപത്യമനോഭാവത്തോടും അവ ചെലുത്തുന്ന സ്വാധീനത്തോടും വിധേയപ്പെടാൻ എൻ.പി. യിലെ ചിന്തകന് ഒരിക്കലും സാധിച്ചിരുന്നില്ല.

സ്വന്തം ദേശമായ ബംഗ്ലാദേശിൽനിന്നും ബഹിഷ്കൃതയായ എഴുത്തുകാരിയാണ് തസ്ലീമ നസ്റിൻ. സാമ്പ്രദായികതയെയും വർഗ്ഗീയതയെയും ചോദ്യം ചെയ്തതിന് സ്വദേശികളുടെ എതിർപ്പ് നേരിടേണ്ടിവന്നതിനാൽ പ്രാണരക്ഷാർത്ഥം മറുനാട്ടിൽ അഭയം തേടേണ്ടി വന്നു. തസ്ലീമാ നസ്റീന്റെ ദുരനുഭവം സാംസ്കാരികജീവിതത്തെ നടുക്കിയ മറ്റൊരു സംഭവമായി എൻ.പി. നിരീക്ഷിക്കുന്നു. മറുനാട്ടിൽ അഭയം തേടുന്ന എഴുത്തുകാർക്ക് ശാരീരികമായ പരിരക്ഷ കിട്ടും. എന്നാൽ എഴുത്തുകാർക്ക് ശരീരരക്ഷ മാത്രം മതിയോ, എന്ന മറുചോദ്യമാണ് എൻ.പി. ഉന്നയിക്കുന്നത്. പ്രാദേശികതയുടെ പ്രാണനിൽനിന്നേ സർ ഗ്ഗരചന സാധ്യമാകൂ. പിറന്നമണ്ണിൽനിന്നും നിഷ്കാസിതനാക്കുന്ന പ്രവണത എഴുത്തുകാരന്റെ സ്വാതന്ത്ര്യത്തിന്റെ വേരറുത്തുമാറ്റലാണ് എന്ന വിമർശനം എൻ.പി. ഉന്നയിക്കുന്നു. “ സ്വന്തം മണ്ണിനോടാണ് എഴുത്തുകാരന്റെ ബന്ധം. ഭരണകൂടങ്ങൾ അത് ഛേദിക്കുന്നു” (മുഹമ്മദ്,എൻ.പി. 2007:33). മധ്യകാലഘട്ടത്തിൽ യൂറോപ്പിൽ മതകോടതികളായിരുന്നു സ്വതന്ത്രചിന്തയുടെ വേരറുത്തിരുന്നത്. എന്നാൽ ഇന്ന് മൗലികവാദത്തിനടിമപ്പെട്ട ഭരണകൂടമാണ് സ്വതന്ത്രചിന്തയെ നിഷേധിക്കുന്നത്.

നിലനിൽക്കുന്ന സാമൂഹികക്രമത്തിനും ഔദ്യോഗികാശയങ്ങൾക്കും പല തരം വൈരുധ്യങ്ങളുണ്ട്. തങ്ങളുടെ സങ്കൽപ്പങ്ങൾക്കനുസൃതമായി വളരാത്ത ഒരു ലോകത്തെക്കുറിച്ച് കവികൾ അശാന്തരാകുന്നു. സാമൂഹിക തലത്തിൽ സംഭവിക്കുന്ന പൊരുത്തക്കേടുകൾ ലോകനാശത്തിനുതന്നെ കാരണമായേക്കുമെന്ന നിഗമനത്തിലേക്ക് എത്തിച്ചേരാൻ അവരെ പ്രേരിപ്പിക്കുന്നു. കവികൾക്കും കലാകാരന്മാർക്കും സംഭവിക്കുന്ന ഇത്തരം അപാകതകളെ നിയമം കൊണ്ടല്ല നിരൂപണം കൊണ്ടാണ് നേരിടേണ്ടത് എന്ന അഭിപ്രായമാണ് എൻ.പിക്കുള്ളത്. അതിനവരെ കൊല്ലാനും പുസ്തകങ്ങൾ തീ കൊളുത്താനും ശ്രമിക്കുമ്പോൾ നഷ്ടപ്പെടുത്തുന്നത് കവിതയുടെ ഈണമാണ് എന്ന് എൻ.പി. ഓർമ്മപ്പെടുത്തുന്നു.

സാഹിത്യകാരന്മാർക്കെതിരെയുള്ള അതിക്രമത്തെക്കുറിച്ച് മറ്റു ചില ലേഖനങ്ങളിലൂടെയും എൻ.പി. പ്രതികരിച്ചിട്ടുണ്ട്. ഫാസിസത്തെക്കുറിച്ച് മാതൃഭൂമി ആഴ്ചപ്പതിപ്പിലെഴുതിയ 'ഇരുട്ടിന്റെ യുഗം' എന്ന ലേഖനത്തിൽ ഇതിനെതിരെയുള്ള പരാമർശങ്ങളുണ്ട്. സാഹിത്യകാരന്മാരെ നാട്ടിൽനിന്നും അടിച്ചോടിച്ചാലും അവരുടെ കൃതികൾ പുസ്തകശാലയിൽ ബാക്കിയാകുന്നു. ഇത്തരം പുസ്തകങ്ങൾ കണ്ടെത്തി തെരുവിൽ ആൾക്കൂട്ടത്തിനുമുമ്പിൽ വെച്ച് തീയിട്ടു നശിപ്പിക്കുമ്പോൾ പാടാനുള്ള പാട്ട് സാഹിത്യനിരൂപകനായ ഏണസ്റ്റ് ബട്ടൂറാം രചിച്ചിട്ടുള്ളതായി എൻ.പി. രേഖപ്പെടുത്തിയിട്ടുണ്ട്. (മുഹമ്മദ്, എൻ.പി. 2007:44)

നിങ്ങളിൽ ചിന്താകുഴപ്പം
ഉണ്ടാക്കുന്നവരെ തിരസ്കരിക്കുക
പുറംതള്ളുക, നിങ്ങളെ പിഴപ്പിക്കുന്നവരെ
ശുദ്ധമായ ഇച്ഛയിൽനിന്നുദയം
ചെയ്യാത്തവരെ തീ കൊളുത്തുക
അവ നിങ്ങളെ ഭീഷണിപ്പെടുത്തുന്നു (ഏണസ്റ്റ് ബട്ടുറാം)

'തീപ്പാട്ട്' എന്ന് വിളിക്കപ്പെട്ടിരുന്ന ഈ പാട്ടിലെ വരികൾ സ്വതന്ത്ര ചിന്തയെ നിഷേധിക്കുന്നവരോടുള്ള കടുത്ത വിയോജിപ്പിന്റെ അടയാളമായിരുന്നു.

### 3.4.8. അക്രമരാഷ്ട്രീയം

കോഴിക്കോട് മാറാട് കടപ്പുറത്തുവെച്ച് നടന്ന കലാപത്തിന്റെ പശ്ചാത്തലത്തിലെഴുതിയ ലേഖനമാണ് 'മാരിവില്ലിൻ തീ'. പ്രദേശവാസികൾ തമ്മിലുള്ള അഭിപ്രായവ്യത്യാസങ്ങളുടെ പേരിലുണ്ടായ സംഘർഷം, ചേരിതിരിഞ്ഞ് ക്രൂരമായ കൊലപാതകങ്ങളിൽ കലാശിച്ചത് സമൂഹമനസ്സാക്ഷിയെ ഞെട്ടിച്ചു. കലാപത്തിന് വർഗ്ഗീയരാഷ്ട്രീയത്തിന്റെ പ്രതിച്ഛായ വന്നതോടുകൂടി മാറാടും പരിസരവും കനത്ത സംഘർഷത്തിലേക്ക് നീങ്ങി. വിവേകം നഷ്ടപ്പെട്ട മനുഷ്യർ വികാരത്താൽ ഉന്മത്തരായി കൊലചെയ്ത് അന്യോന്യം പകപോക്കുന്നത് നടുക്കുന്ന കാഴ്ചയായിരുന്നു. ഭാരതത്തിന്റെ ദേശീയമായ ഐക്യം കാംക്ഷിച്ച് അതിനുവേണ്ടി പ്രവർത്തിച്ച ഒരു കുടുംബത്തിലെ അംഗമെന്ന നിലയിൽ എൻ.പി.ക്ക് ഇത്തരം കലാപങ്ങളെ ഒരിക്കലും ഉൾക്കൊള്ളാനായില്ല. വർഗ്ഗീയത ഇന്ത്യൻ രാഷ്ട്രീയത്തിലേക്ക് പടർന്നുകയറിയപ്പോഴെല്ലാം സമാധാനത്തിന്റെയും സഹവർത്തിത്വത്തിന്റെയും പാത തെരഞ്ഞെടുക്കുന്നതാണ് അഭികാമ്യമെന്ന് എൻ.പി. ഓർമിപ്പിച്ച് കൊണ്ടിരുന്നു. "അമ്പലത്തിന്റെയും പള്ളിയുടെയും അട്ടിവച്ച കല്ലറകളില്ല ഈശ്വരൻ കുടികൊള്ളേണ്ടത്, ഈശ്വരൻ കുടികൊള്ളേണ്ടത് മനുഷ്യഹൃദയങ്ങളിലാണ്. ഹൃദയത്തിൽ സ്നേഹത്തിന്റെ പച്ചപ്പ് പരത്താനും കാരുണ്യത്തിന്റെ തോനുറവകൾ ഒലിപ്പിക്കാനുമാണ് മതം. ഈശ്വരസ്നേഹം മനുഷ്യസ്നേഹാധിഷ്ടിതമാണ്. ദുർബലനോട് കരുണയും കരുത്തനോട് മഹാമനസ്കതയും കാണിക്കാത്ത മതം ആ പേരിന്ന് അർഹമല്ല. നോവുമാത്മാവിനെ സ്നേഹിക്കാത്ത തത്വശാസ്ത്രം വിടർത്തിക്കാണിച്ച മതം ലോകചരിത്രത്തിൽ അവതരിച്ചിട്ടുണ്ടോ" (മുഹമ്മദ്, എൻ.പി 2006:239). മതം മനുഷ്യനെ ജീവിതയോഗ്യമാക്കാനുള്ള ഉപാധിയാണ് എന്ന തത്വത്തിൽ എൻ.പി. വിശ്വസിച്ചിരുന്നു. 1940-കളിൽ ഉത്തരേന്ത്യയിൽ വർഗ്ഗീയത നാശംവിതച്ച ഘട്ടത്തിൽ പോലും കേരളം കാത്തുസൂക്ഷിച്ചിരുന്ന

മതമൈത്രി ഇന്ന് നഷ്ടമായിക്കൊണ്ടിരിക്കുന്നു. അതിന്റെ ദൃഷ്ടാന്തമായാണ് മാറാട് കലാപത്തെ എൻ.പി. നോക്കിക്കാണുന്നത്. "നമ്മുടെ കടൽത്തീരങ്ങളിൽ അശാന്തിപരന്നു. മനുഷ്യശിരസ്സുകൾ അരിഞ്ഞുവീഴ്ത്താനും കുടിലുകൾക്ക് തീവെക്കാനും കുഞ്ഞുങ്ങളെ കടലിലെറിയാനും നാം കയ്യറപ്പുതീർന്നവരായി വരുന്നു. നമ്മുടെ മനസ്സിൽ മരുഭൂമി വളർന്നുവരികയാണ്. നടുങ്ങിപ്പോകുന്നു ഒർക്കുമ്പോൾ, ഇവിടെ ചത്തുവീഴുന്നത് ആർ എസ്സ് എസ്സുകാരനോ കമ്മ്യൂണിസ്റ്റ്കാരനോ മുസ്ലിമോ ഹിന്ദുവോ ക്രിസ്ത്യാനിയോ അല്ല, മനുഷ്യസഹോദരനാകുന്നു" (മുഹമ്മദ്, എൻ.പി. 2006:240).

മാറാട് കലാപത്തിൽ പിടഞ്ഞുവീണമനുഷ്യർ മാനവികവാദിയായ എൻ.പി.യെ സംബന്ധിച്ച് ഒരു പ്രസ്ഥാനത്തിന്റെയും വക്താവല്ല. കുടുംബത്തിനും രാജ്യത്തിനുംവേണ്ടി ജീവിച്ച നിസ്വരായ മനുഷ്യർ മാത്രമാണ്. മതദ്വേഷത്തിന്റെ പേരിൽ നടക്കുന്ന മനുഷ്യവേട്ട മനുഷ്യത്വരഹിതവും അങ്ങേയറ്റം വെറുക്കപ്പെടേണ്ടതുമായ ഒന്നാണെന്ന് എൻ.പി. ഓർമ്മപ്പെടുത്തുന്നു. "ദയവുചെയ്ത് അറുകൊല രാഷ്ട്രീയം അവസാനിപ്പിക്കുക. ആർക്ക് വേണ്ടിയാണ് മണിമുഴങ്ങുന്നതെന്ന് തിരക്കൊല്ല മണിമുഴങ്ങുന്നത് നിനക്ക് വേണ്ടിയാണ്, മണിമുഴങ്ങുന്നത് എനിക്ക് വേണ്ടിയാണ്. നരവർഗ്ഗത്തിൽ ഒരുത്തൻ കത്തിമുനയേറ്റ് പതിക്കുമ്പോൾ എന്റെ ഒരു രക്തകോശം ചത്ത് വീഴുന്നു. നിങ്ങളുടെ ഒരു രക്തകോശം ചത്ത് വീഴുന്നു. മനുഷ്യൻ പ്രപഞ്ചത്തിന്റെ മാരിവില്ലാണ്. മാരിവില്ലിന് തീ കൊളുത്തരുത്. ദു:ഖിതനാണു ഞാൻ" (മുഹമ്മദ്, എൻ.പി. 2006:240).

മനുഷ്യൻ എന്നത് എൻ.പി.യെ സംബന്ധിച്ച് മഹനീയമായ ഒരു സങ്കൽപ്പമാണ്. വർഗ്ഗീയരാഷ്ട്രീയവും യുദ്ധക്കൊതിയും മാനവരാശിക്ക് സംഭാവന ചെയ്തത് നഷ്ടങ്ങൾ മാത്രമാണ്. സമാധാനവും സൗഹാർദ്ദവും പുലർന്നു കാണുന്ന ഒരു ലോകത്തെ ഭാവനചെയ്യുന്ന എൻ.പി. രാഷ്ട്രങ്ങളുടെ യുദ്ധക്കൊതിക്കെതിരെ പ്രതികരിച്ചിട്ടുണ്ട്. "യുദ്ധം ഭ്രാന്താണെന്നറിയാത്ത രാഷ്ട്രങ്ങളും ഭരണാധികാരികളും ലോകത്തൊരിടത്തും ഇല്ല. എന്നിട്ടും രാഷ്ട്രങ്ങൾ ആയുധപ്പുരക്ക്

കാവലിരിക്കുന്നു. മെഷീൻ ഗൺ പിടിച്ച് കൊണ്ടുള്ള ലോകസമാധാനമാണ് ലോക രാഷ്ട്രങ്ങൾ ഉണ്ടാക്കാൻ ശ്രമിക്കുന്നത്. ഒലീവ്ചില്ല മാത്രം പിടിച്ചുകൊണ്ടുള്ള സ മാധാനം എന്നുകൈവരും"(മുഹമ്മദ്, എൻ.പി. 1993:19,20). എൻപി.യുടെ ഇത്തരം ഇടപെടലുകളെല്ലാം തന്നെ ഒരു മാനവികവാദിയുടെ അടയാളപ്പെടുത്തലുകളാണ്. ലോകത്തെ സ്നേഹിക്കുകയും അതിന്റെ പാളിച്ചകളിൽ പ്രതികരിക്കുകയും ചെയ്യുന്ന എൻ.പി.മനുഷ്യന്റെ വ്യഥകൾക്ക് നേരെ ഒരിക്കലും കണ്ണടച്ചിരുന്നില്ല.

സാമൂഹ്യപുരോഗതിക്കുവേണ്ടി തന്റെ കർമ്മരംഗത്തെയും ആശയ മേഖലയെയും സജീവമാക്കിയ എൻ.പി.ക്ക് സാഹിത്യരംഗവും അതിനുള്ള ഉപാധി യായിരുന്നു. മാനവജീവിതവുമായി ബന്ധപ്പെട്ട നാനാതരംപ്രമേയങ്ങളും എൻ.പി. യുടെ സാഹിത്യത്തിന് വിഷയീഭവിച്ചിട്ടുണ്ട്. വൈയക്തികജീവിതത്തിലും സാമൂഹ്യജീവിതത്തിലും എൻ.പി.ക്ക് നേരിടേണ്ടിവന്ന അനുഭവങ്ങൾ എൻ.പിയുടെ സർഗ്ഗാത്മകതയിൽ പരിണാമങ്ങൾ സൃഷ്ടിക്കുന്നതിനു കാരണമായിട്ടുണ്ട്. ധൈഷണികമായ ഉൾക്കാഴ്ചകൾ അദ്ദേഹത്തിന്റെ സാഹിത്യത്തിന്റെ പ്രധാന സവിശേഷതകളിൽ ഒന്നാണ്. എൻ.പി. സാഹിത്യത്തിലെ ഇത്തരം പ്രത്യേക തകളെ സൂക്ഷ്മമായി വിലയിരുത്താനാണ് അടുത്ത അധ്യായം ഉപയോഗപ്പെടു ത്തുന്നത്.

## അധ്യായം 4

# എൻ.പി. മുഹമ്മദിന്റെ സർഗ്ഗാത്മകവും ധൈഷണികവുമായ വിചാരലോകം

കേരളീയ നവോത്ഥാനത്തിന്റെ സർഗ്ഗാത്മക പരിസരമാണ് ആധുനിക മലയാളസാഹിത്യത്തിന് അടിത്തറപാകിയത്. അനാചാരങ്ങൾക്കും ചൂഷണങ്ങൾക്കും എതിരെയുള്ള ഒരു കർമ്മപദ്ധതിയായി സാഹിത്യം രൂപാന്തരപ്പെട്ടത് നവോത്ഥാനസാഹിത്യത്തിന്റെ കാലത്താണ്. സാമൂഹികജീവിതത്തിലെ അസമത്വങ്ങൾ തുറന്നുകാട്ടാനുള്ള തീവ്രമായ അഭിലാഷത്തിന്റെ ആവിഷ്കാരമായി അക്കാലത്തെ സാഹിത്യകൃതികൾ പരിണമിക്കുകയുണ്ടായി. സ്വസമുദായത്തിന്റെ പരിഷ്കരണത്തിലൂടെ സമൂഹത്തെ പുരോഗതിയിലേക്കു നയിക്കാനാണ് സാമൂഹ്യപരിഷ്കർത്താക്കൾ ശ്രമിച്ചത്. ഈയൊരു സാധ്യത സാഹിത്യത്തിലും പ്രകടമാണ്. സ്വന്തം സമുദായത്തിന്റെ കഥകൾ പറഞ്ഞുകൊണ്ടാണ് മലയാളകഥാസാഹിത്യം വികസിക്കുന്നത്. വി.ടി. ഭട്ടതിരിപ്പാട്, ലളിതാംബിക അന്തർജ്ജനം, ബഷീർ, കേശവദേവ് തുടങ്ങിയവരെല്ലാം ഈ ഗണത്തിൽ സംഭാവനകൾ അർപ്പിച്ചവരാണ്. സമുദായത്തിൽ നിലനിന്നിരുന്ന ദുരാചാരങ്ങൾക്കും അനീതികൾക്കും അറുതിവരുത്താനും സമുദായത്തിന്റെ പരിതാപകരമായ അവസ്ഥ പൊതുബോധത്തിലെത്തിക്കുന്നതിനും കഥയെ അവർ മാനദണ്ഡമാക്കി.

മലബാർ മുസ്ലീമിന്റെ സാംസ്കാരികപശ്ചാത്തലമാണ് എൻ.പി. മുഹമ്മദിന്റെ സാഹിത്യ-സാംസ്കാരിക ജീവിതത്തെ നിർണ്ണയിച്ചത്. മതപരവും സാമുദായികവുമായ അടിച്ചമർത്തലുകൾക്ക് വിധേയമായി അജ്ഞതയിലും ദാരിദ്ര്യത്തിലും അന്ധവിശ്വാസങ്ങളിലും പൊറുതിമുട്ടി ജീവിച്ച മലബാറിലെ മാപ്പിളമാരുടെ വൈവിധ്യമാർന്ന ജീവിതമാണ് ആദ്യകാല കൃതികളിലൂടെ എൻ.പി. അവതരിപ്പിച്ചത്. യാഥാസ്ഥിതിക കാഴ്ചപ്പാടുകളോടുള്ള കലാപം ഇക്കാലത്തെഴുതിയ

മിക്ക കൃതികളുടെയും പ്രത്യേകതയാണ്. താൻ അനുഭവിച്ചറിഞ്ഞ ജീവിതത്തിന്റെ പ്രതിഫലനങ്ങളായിരുന്നു അവ. സർഗ്ഗാത്മകതയിൽ എഴുത്തുകാരന്റെ സാമൂഹിക പരിസരം ചെലുത്തുന്ന സ്വാധീനത്തെക്കുറിച്ച് എൻ.പി.തന്നെ വ്യക്തമാക്കിയിട്ടുണ്ട്. ''ഒരെഴുത്തുകാരന് തന്റെ ചുറ്റുവട്ടത്തിൽനിന്നേ ജീവിതാവിഷ്കരണപ്രേരണ ലഭിക്കുകയുള്ളൂ. അന്യഭൂമിയിൽ അയാൾ കരയിലേക്കെറിയപ്പെട്ട മീനിനെപ്പോലെ ആയിരിക്കും. എഴുത്തുകാരൻ പ്രാദേശിക ജീവിതഖണ്ഡങ്ങൾ ആവിഷ്കരിക്കുന്നു. അതേയവസരത്തിൽ അത് സാർവ്വദേശീയമായിരിക്കും'' (മുഹമ്മദ്. എൻ.പി. 2007: 31). തന്റെ ജീവിതപരിസരത്ത് വേരൂന്നിനിന്നുകൊണ്ട് ആരംഭിക്കുന്ന ആ സർഗ്ഗപ്രപഞ്ചം സാർവ്വലൗകികമായ തലത്തിലേക്ക് വികസിക്കുന്നു.

മാനവസമൂഹത്തെയും ജീവിതത്തെയും സംബന്ധിച്ച ഉത്കണ്ഠകൾ മാനവികവാദിയായ എൻ.പി.യിൽ വലിയ ചലനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ രാഷ്ട്രീയത്തിൽ സംഭവിച്ച പരിവർത്തനങ്ങൾ, ദേശീയതയോടുള്ള ആഭിമുഖ്യം, ചിന്തകന്മാരുമായുള്ള സൗഹൃദങ്ങൾ, ആഴത്തിലുള്ള വായനകൾ, പഠനങ്ങൾ തുടങ്ങിയവ എൻ.പി.യുടെ സാഹിത്യത്തെയും ചിന്തകളെയും വലിയൊരളവിൽ സ്വാധീനിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ എൻ.പി.യുടെ സർഗ്ഗാത്മകത പരിണാമങ്ങൾക്ക് വിധേയമായിട്ടുണ്ട്. പ്രമേയങ്ങളുടെ സ്വീകാര്യതയിലും ആവിഷ്കാരരീതിയിലും ഈ വൈവിധ്യം പ്രകടമാണ്. എൻ.പി.യുടെ ഒരു വിഭാഗം കൃതികൾ വ്യക്തികളെയും അവരുടെ വൈകാരികബോധത്തെയും അടയാളപ്പെടുത്തുകയും അതുവഴി സാമുദായികസംഘർഷങ്ങളെ അനാവരണം ചെയ്യുകയും ചെയ്യുന്നു. രാഷ്ട്രീയവും സാമൂഹികവും പാരിസ്ഥിതികവുമായ പ്രശ്നങ്ങളും എൻ.പി.യുടെ സാഹിത്യലോകത്തുണ്ട്. കൂടാതെ ധൈഷണികമായ ഉൾക്കനം വഹിക്കുന്ന രചനകൾ, സാഹിത്യപഠനങ്ങൾ, തിരക്കഥകൾ, വിവർത്തനങ്ങൾ എന്നിവയും എൻ.പി.യുടെ സർഗ്ഗപ്രപഞ്ചത്തെ സമ്പന്നമാക്കിയിട്ടുണ്ട്. ഭിന്നമായ പ്രമേയങ്ങളെയും അവയിൽ ഉൾച്ചേർന്നിട്ടുള്ള ധൈഷണികമായ അവബോധങ്ങ

ളെയും ആസ്പദമാക്കി എൻ.പി.യുടെ സാഹിത്യത്തെ അപഗ്രഥിക്കാനാണ് ഈ അധ്യായം ഉപയോഗപ്പെടുത്തുന്നത്.

## 4.1. സാഹിത്യത്തിലെ ധൈഷണികമാനങ്ങൾ

സർഗ്ഗാത്മകതയെ ദാർശനികമായി സമീപിച്ച വ്യക്തിയാണ് എൻ.പി.മുഹമ്മദ്. "ലോകത്തെ വെളിപ്പെടുത്തുകയും അതിനെ ഉത്തരവാദിത്വമുള്ള ഒരുദ്യോഗമായി വായനക്കാരന്റെ മുന്നിൽ അവതരിപ്പിക്കുകയും ചെയ്യുന്ന പ്രക്രിയ എന്ന് സർഗ്ഗാത്മകതയെ ദാർശനികസാഹിത്യകാരനായ ജീൻപോൾ സാർത്ര് വിശേഷിപ്പിച്ചിട്ടുണ്ട്" (ചാക്കോ, പി.ടി. 1986:17). എൻ.പി.യെ സംബന്ധിച്ച് ഈ നിരീക്ഷണം ഏറെ അർത്ഥവത്താണ്. തനിമയും ഗഹനതയുമുള്ള ഒരു വായനാലോകമാണ് എൻ.പി. സഹൃദയരുടെ മുന്നിൽ അവശേഷിപ്പിച്ചത്. കലയുടെ ആത്മാവിനെ തന്റെ ധൈഷണികചിന്തകൾകൊണ്ട് സമന്വയിപ്പിക്കാൻ എൻ.പി. ശ്രമിച്ചു. ധ്വന്യാത്മകമായ ഈ ആശയനിവേദനം എൻ.പി.യുടെ സാഹിത്യത്തെ ഉൾക്കനമുള്ളതാക്കി. അതുകൊണ്ടുതന്നെ എൻ.പി.യുടെ എല്ലാ കൃതികളും എല്ലാവർക്കും ഒരു പോലെ ആസ്വദിക്കാൻ കഴിയുന്നവയല്ല. ചില കൃതികളെങ്കിലും സാമാന്യവായനക്കാരുടെ ആസ്വാദനതലത്തിന് അതീതമായി നിലനിൽക്കുന്നു. എൻ.പി.യുടെ സാഹിത്യത്തിന്റെ ഈ സവിശേഷതയെക്കുറിച്ച് പ്രമുഖരായ പലരും അഭിപ്രായപ്പെട്ടിട്ടുണ്ട്. ''നിരീക്ഷണപാടവവും ചിന്താശീലവും ആവിഷ്കാരകൗശലവും ഒരുമിച്ച് ഇണങ്ങിച്ചേരുന്ന പ്രതിഭയാണ് എൻ.പി.മുഹമ്മദിന്റേത്. അതുകൊണ്ട് അദ്ദേഹത്തിന്റെ കഥകളിൽ പരിസരങ്ങളുടെ പ്രതിഫലനം കാണാം. വൈരുധ്യങ്ങളുടെ ഏറ്റുമുട്ടൽ കാണാം. ചെറുകഥകളിൽ മാത്രമല്ല; നോവലുകളിലും എൻ.പി.മുഹമ്മദ് പ്രദർശിപ്പിക്കുന്ന സർഗ്ഗാത്മകചാതുര്യം ഈ സ്വഭാവത്തോടുകൂടിയതാണ്. അത് ഒരിക്കലും ജനസാമാന്യത്തിന്റേതല്ല. കലാമർമ്മജ്ഞരായ ആസ്വാദകർക്കു മാത്രമേ ആ കഥാലോകത്തിന്റെ ആന്തരികതലം മനസ്സിലാക്കാൻ കഴിയൂ എന്നാണെനിക്ക് തോന്നിയിട്ടുള്ളത്'' (സാനു. എം.കെ. 1997 : 10).

നൂറിലധികം ചെറുകഥകൾ എഴുതിയിട്ടുണ്ടെങ്കിലും നോവൽസാഹിത്യ ത്തിന് എൻ.പി.യുടെ സംഭാവനകൾ പരിമിതമാണ്. എണ്ണപ്പാടം, ദൈവത്തിന്റെ കണ്ണ്, ഹിരണ്യകശിപു, നാവ്, തങ്കവാതിൽ, മരം, മുഹമ്മദ് അബ്ദുറഹ്മാൻ ഒരു നോവൽ എന്നീ നോവലുകളും, എം.ടി.വാസുദേവൻ നായരുമായി ചേർന്ന് 'അറ ബിപ്പൊന്ന്' എന്ന നോവലും എൻ.പി.രചിച്ചിട്ടുണ്ട്. എണ്ണപ്പാടം, മരം, ദൈവത്തിന്റെ കണ്ണ് എന്നീ നോവലുകൾ മുസ്ലീം സാമുദായികാന്തരീക്ഷത്തിൽ രചിക്കപ്പെട്ടവയാ ണെങ്കിലും ഭിന്നമായ ദർശനങ്ങളും കാഴ്ചപ്പാടുകളും അവ മുന്നോട്ടുവെക്കുന്നു. തനതായ ശൈലികൊണ്ടും പ്രമേയവൈവിധ്യംകൊണ്ടും ഓരോ കൃതിയും വേറിട്ടു നിൽക്കുന്നു. പ്രാന്തവത്കരിക്കപ്പെട്ടവരുടെ ജീവിതവും ഭാഷയും തന്മയത്വത്തോടെ എൻ.പി. ആവിഷ്കരിച്ചു. അതോടൊപ്പം മാനകഭാഷയിൽ വരേണ്യജീവിതവും സംസ്കാരവും പ്രതിഫലിപ്പിക്കാനും എൻ.പി.ക്ക് സാധിച്ചിട്ടുണ്ട്. വ്യതിരിക്തമായ പ്രമേയങ്ങളെ ദർശനവ്യതിയാനങ്ങളോടെ അവതരിപ്പിക്കാൻ കഴിഞ്ഞിടത്ത് എൻ. പി.യുടെ ധൈഷണികമായ അനന്യതപ്രകടമാണ്. സാമുദായികവീക്ഷണം, രാഷ്ട്രീയ-സാമൂഹ്യാവബോധം, പാരിസ്ഥിതികദർശനം, മിത്തുകളുടെ ആവിഷ്കാ രം, ദർശനങ്ങളുടെ സ്വാധീനം എന്നിവ എൻ.പി.യുടെ സർഗ്ഗാത്മകതയിൽ ഉൾച്ചേർന്നിട്ടുള്ള ധൈഷണികഘടകങ്ങളാണ്.

### 4.1.1. സാമുദായികവീക്ഷണം

സ്വന്തം സമുദായത്തിന്റെ കഥകൾ ആവിഷ്കരിച്ചുകൊണ്ടാണ് എൻ.പി. മുഹമ്മദ് തന്റെ സാഹിത്യജീവിതം ആരംഭിക്കുന്നത്. അതുകൊണ്ടുതന്നെ ആദ്യ കാല കഥകൾ മാപ്പിളക്കഥകൾ എന്ന വിശേഷണത്തിന് അർഹമാണ്. സമുദായ ത്തിന്റെ വളർച്ചയിലും വികാസത്തിലും ഊന്നുകയും അതേസമയം സമുദായ ത്തിന്റെ അനിവാര്യത പൊതുസമൂഹത്തെ ബോധ്യപ്പെടുത്തിക്കൊണ്ട് അവരുടെ പിന്തുണയും സഹകരണവും തേടുന്നതുമായ ഒന്നായിരുന്നു എൻ.പി.യിലെ സാമു ദായികബോധം. കേരളത്തിലെ ഇതരസമുദായങ്ങളെല്ലാം പത്തൊമ്പതാം നൂറ്റാ

ണ്ടോടെ സാമുദായികപരിഷ്കരണത്തിലൂടെ മുന്നേറിയപ്പോൾ മുസ്ലിം സമുദായത്തിൽ കാര്യമായ ചലനങ്ങളൊന്നും ഉണ്ടായില്ല. ഇതരസമുദായങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ, പുരോഗമനവിരുദ്ധമായ ആശയങ്ങൾ കൂടുതലായും കാണുന്നത് തന്റെ സമുദായത്തിലാണ് എന്ന തിരിച്ചറിവാകാം സമുദായവുമായി ബന്ധപ്പെട്ട രചനകൾ നിർവ്വഹിക്കാനുള്ള പ്രേരണ എൻ.പി.ക്ക് നൽകിയത്. ആദ്യകാല കഥകളിലും എണ്ണപ്പാടം, മരം, ദൈവത്തിന്റെ കണ്ണ് എന്നീ നോവലുകളിലും സാമുദായികവീക്ഷണം പ്രകടമാണ്. സമുദായത്തെ സാമൂഹികമായി ഉയർത്താനുള്ള താത്പര്യം എൻ.പി.കൃതികളിൽ അന്തർലീനമാണ്. അതിന് തടസ്സംനിൽക്കുന്ന ഘടകങ്ങളോടുള്ള കലാപമാണ് മിക്ക കൃതികളുടെയും കാതൽ. സമുദായനേതൃത്വത്തിന്റെ യാഥാസ്ഥിതിക മനോഭാവത്തോടുള്ള എതിർപ്പ്, സ്ത്രീപ്രശ്നങ്ങളോടുള്ള ആഭിമുഖ്യം, വ്യവസ്ഥിതികൾക്കെതിരെയുള്ള കലാപം, അന്ധവിശ്വാസങ്ങളോടും അനാചാരങ്ങളോടുമുള്ള വിയോജിപ്പ്, മാപ്പിളമാരുടെ സഹവർത്തിത്വമനോഭാവം എന്നിവയെല്ലാം എൻ.പി.യുടെ സാമുദായികരചനകളിൽ പ്രകടമാണ്.

#### 4.1.1.1. മാപ്പിളപ്പെണ്ണിന്റെ ജീവിതം

മാപ്പിളപ്പെണ്ണിന്റെ ദുരിതംനിറഞ്ഞ ജീവിതം എൻ.പി.യോളം മറ്റൊരു കഥാകൃത്തും ആവിഷ്കരിച്ചിട്ടില്ല. കുടുംബത്തിനകത്തും സമൂഹത്തിനകത്തും സ്ത്രീയുടെ പദവി മെച്ചപ്പെട്ടെങ്കിലേ സാമൂഹികപുരോഗതി സാധ്യമാകൂ എന്ന് എൻ.പി.വിശ്വസിച്ചിരുന്നു. അതുകൊണ്ടുതന്നെ സാമുദായികപരിഷ്കരണോന്മുഖമായ ആദ്യകാലകൃതികൾ സ്ത്രീ ജീവിതാവിഷ്കാരങ്ങളായിരുന്നു. മറ്റു സമുദായങ്ങളെ അപേക്ഷിച്ച് അക്കാലത്തെ മുസ്ലിം സ്ത്രീകളെ പുരോഗമനപരമായ ഒരാശയവും സ്വാധീനിച്ചിരുന്നില്ല. കച്ചവടവസ്തുക്കൾ പോലെ പുരുഷന്റെ ഉപഭോഗവസ്തുവായിത്തീർന്ന സ്ത്രീജീവിതം എൻ.പി.യുടെ കൃതികളിൽ ഇടംപിടിച്ചു. മൊഴിചൊല്ലപ്പെടുന്നവർ, സ്ത്രീധനചൂഷണത്തിന്റെ ഇരകൾ, ബഹുഭാര്യത്വത്തിന്റെ ദുരിതം പേറുന്നവർ, അന്ധവിശ്വാസങ്ങളാൽ ജീവിതം തകർത്തെറിയപ്പെട്ടവർ, അറ

ബിക്കല്യാണത്തിന്റെ ഇരകൾ, ദാരിദ്ര്യംകൊണ്ടു വലഞ്ഞ കുടുംബിനികൾ തുടങ്ങി ജീവിതത്തിന്റെ ആഴങ്ങളിലേക്ക് വലിച്ചെറിയപ്പെടുന്നവരുടെ ആവിഷ്കാരങ്ങളായിരുന്നു അവ. സാഹിത്യത്തിലും സിനിമയിലും മാത്രമല്ല, സാമൂഹ്യ ജീവിതത്തിന്റെ സമസ്തമേഖലകളിലും സ്ത്രീകളെക്കുറിച്ചുള്ള നമ്മുടെ സങ്കൽപ്പങ്ങൾ വളരെ വികലമാണ്.

#### 4.1.1.1.1. വ്യവസ്ഥിതികൾക്കെതിരെ

സ്ത്രീയെ ഒരുപകരണം മാത്രമായി കണ്ടിരുന്ന ഒരു കാലത്ത് അവൾക്ക് വേദനയും പ്രതീക്ഷയും നിറഞ്ഞ ഒരു ഹൃദയമുണ്ടെന്ന് സമൂഹത്തോട് പ്രഖ്യാപിക്കാൻ എൻ.പി.ക്ക് സാധിച്ചു. ഇത്തരമൊരു തുറന്നെഴുത്തിന്റെ കഥയാണ് 'ചന്ദ്രക്കലയുടെ നിയമങ്ങൾ'. കഥയിലെ നായികയാണ് 'ബിച്ചു'. തന്നെ മൊഴിചൊല്ലിയ വിടനും മദ്യപനുമായ ഭർത്താവിനെ പുനർവിവാഹം ചെയ്യാൻ ബിച്ചു നിർബന്ധിക്കപ്പെടുന്നു. മൂന്നു പ്രാവശ്യം മൊഴിചൊല്ലി ബന്ധം വേർപെടുത്തപ്പെട്ട സ്ത്രീയുമായി ഭർത്താവിന് പുനർവിവാഹം വേണമെങ്കിൽ അവൾ ഒരു ദിവസത്തേക്കെങ്കിലും മറ്റൊരുത്തന്റെ ഭാര്യയായിരിക്കണം. മറ്റൊരാൾ വിവാഹം ചെയ്ത് വേർപെടുത്തിയെങ്കിൽ മാത്രമേ ആദ്യഭർത്താവിന് അവളെ സ്വീകരിക്കാൻ നിർവ്വാഹമുള്ളൂ. ഈ നിയമത്തെയാണ് 'ചന്ദ്രക്കലയുടെ നിയമങ്ങൾ' എന്ന ശീർഷകത്തിലൂടെ ധ്വനിപ്പിക്കുന്നത്. ചന്ദ്രക്കലയുടെ നിയമങ്ങൾ തെറ്റിക്കാനോ ചോദ്യചെയ്യാനോ പാടില്ലെന്ന ഒരലിഖിതനിയമം സമുദായത്തിനകത്ത് വേരുപിടിച്ചിരുന്നു. "അത് ചന്ദ്രക്കലയുടെ നിയമമാണ്. തെറ്റിച്ചാൽ മതത്തിന്റെ കൂറ്റൻ തോക്കുകൾ ചീറിപ്പാഞ്ഞടുക്കും" (മുഹമ്മദ്, എൻ.പി. 1980 : 36). എന്നാൽ കഥയിലാകട്ടെ, തന്നെ താത്കാലികമായി വിവാഹം ചെയ്ത, സ്നേഹസമ്പന്നനായ ബാപ്പുവിന്റെ കൂടെ തുടർന്നും ജീവിക്കാൻ ബിച്ചു ആഗ്രഹിക്കുന്നു. തറവാടിത്തത്തിനും സാമൂഹ്യപദവിക്കും അനുയോജ്യമല്ലാത്ത ആ ബന്ധം വീട്ടുകാരും സാമൂഹികമേധാവിത്വമുള്ള പൗരോഹിത്യവും എതിർക്കുന്നു. ബിച്ചു സ്വന്തം തീരുമാനത്തിൽനിന്നും പിന്മാ

റാതെ വിശുദ്ധ ഖുർആൻ കയ്യിലെടുത്ത് ശപഥം ചെയ്തുകൊണ്ട് തന്റെ തീരുമാന ത്തിൽ ഉറച്ചുനിൽക്കുന്നു. വിശുദ്ധ ഖുർആനിൽ ആണയിട്ടുകൊണ്ടുള്ള ശപഥമായ തിനാൽ യാഥാസ്ഥിതികവിഭാഗം അവരുടെ തീരുമാനത്തിൽനിന്നും പിന്തിരിയുന്നു. മതനിയമത്തെ, മതത്തിന്റെ പഴുതുപയോഗിച്ചുകൊണ്ട് നേരിട്ട ബിച്ചു തനിക്കിഷ്ട പ്പെട്ട പുരുഷനൊപ്പം സ്വതന്ത്രമായി ജിവിക്കുന്നു.

അക്കാലത്ത് മുസ്ലീം സാമൂഹ്യ ജീവിതം പശ്ചാത്തലമാക്കി രചിക്കപ്പെട്ട കഥ കളിൽ ഇത്തരമൊരു കഥാപാത്രത്തെ കണ്ടെടുക്കുക പ്രയാസമാണ്. മതത്തിലെ നിയമങ്ങളെ വ്യാഖ്യാനങ്ങളുടെ പഴുതുപയോഗിച്ച് ചൂഷണം ചെയ്യുന്ന വ്യവസ്ഥക ളോടുള്ള ശക്തമായ പ്രതികരണം ഈ കഥയിലുണ്ട്. മതനിയമങ്ങളും ദർശന ങ്ങളും മനുഷ്യജീവിതത്തിന് താങ്ങും തണലുമേകാനുള്ളതാണ്. അമിതമായ കൈകടത്തലുകളാണ് അതിനെ സങ്കീർണ്ണതയിലേക്ക് നയിക്കുന്നത്. സുതാര്യ മായി മാറേണ്ട നിയമങ്ങൾ പൗരോഹിത്യത്തിന്റെയും യാഥാസ്ഥിതികമനോഭാവ ക്കാരുടെയും താത്പര്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നതിനെ എൻ.പി.രൂക്ഷ മായി വിമർശിക്കുന്നു. "ശീതളവും സുഖപ്രദവുമായ പൂനിലാവു വിതറുന്ന ചന്ദ്രക്ക ലയല്ല; മതത്തിന്റെ ചന്ദ്രക്കല. അതിന്നു വെളിവും തെളിവുമില്ലേ?" (മുഹമ്മദ് എൻ.പി. 1980 : 38). പൗരോഹിത്യത്തെയും വ്യവസ്ഥകളെയും വിമർശിക്കുന്നതി നോടൊപ്പം സ്ത്രീസ്വാതന്ത്ര്യത്തിന് നേരെയുള്ള കടന്നുകയറ്റത്തെ 'ബിച്ചു' എന്ന കഥാപാത്രത്തിലൂടെ പ്രതിരോധിക്കാനും എൻ.പി.ക്ക് സാധിച്ചു. സമൂഹം അടി ച്ചേൽപ്പിച്ച കനത്ത ആഘാതങ്ങളെ ധീരമായി നേരിട്ട 'ബിച്ചു' എന്ന കഥാപാത്രം അന്നുവരെ സാമുദായിക കഥകൾക്ക് അന്യമായിരുന്നു. "സ്ത്രീയോട് ആലോചി ക്കാതെയും അവളുടെ ഇംഗിതം പരിഗണിക്കാതെയും നടത്തുന്ന വിവാഹം അസാ ധുവായിക്കിട്ടാൻ ഭരണാധികാരിയുടെ മുമ്പിൽ ആവലാതി ബോധിപ്പിക്കാൻ അവൾക്ക് അവകാശമുണ്ടായിരിക്കും" (ഒരുസംഘം ലേഖകർ, 1983:783). ഈ നിയ

മത്തിന് ഇസ്‌ലാമികചരിത്രത്തോളം പഴക്കമുണ്ട്. ഇത്തരം വസ്തുതകൾ ബോധ പൂർവ്വം മറന്നോ മറച്ചുവെച്ചോ നടത്തുന്ന വിവാഹങ്ങൾ സ്ത്രീയുടെ അഭി പ്രായസ്വാതന്ത്ര്യത്തെ ഹനിക്കുന്നതോടൊപ്പം മതനിയമങ്ങളെ കൂടിയാണ് ഇല്ലായ്മചെയ്യുന്നത്. തന്റെ വൈവാഹികജീവിതത്തെക്കുറിച്ച് ഉറച്ച തീരുമാനമെ ടുക്കുന്നതിനു മുമ്പുള്ള ബിച്ചുവിന്റെ അവസ്ഥയെ കഥാകൃത്ത് ഇങ്ങനെ ചിത്രീകരി ക്കുന്നു. "ചിന്തയുടെ തുലാവർഷക്കാറ്റുകൾ സ്വതന്ത്രമായി ആലോചിച്ചു വശമി ല്ലാത്ത ഒരു ചെറ്റക്കുടിലായ അവളുടെ തലയെ അലോസരപ്പെടുത്തിയിരുന്നു" (മു ഹമ്മദ് എൻ.പി. 1980 : 37). തന്റെ വ്യക്തിത്വം തിരിച്ചറിഞ്ഞ് സാമ്പ്രദായികത കൾക്കെതിരെ കലഹിക്കുന്ന ഈ കഥാപാത്രം അക്കാലത്തെ മാപ്പിള സ്ത്രീകഥാ പാത്രങ്ങളിൽനിന്നും വേറിട്ടു നിൽക്കുന്നു.

**4.1.1.1.2. അടിച്ചമർത്തപ്പെട്ടവൾ**

അടിച്ചമർത്തപ്പെട്ട സ്ത്രീത്വത്തിന്റെ പ്രതിനിധിയാണ് 'തിരമാലകൾ' എന്ന കഥയിലെ നായിക. സ്ത്രീ നേരിടുന്ന ഇരട്ട ചൂഷണത്തിന്റെ മുഖമാണ് ഈ കഥയിൽ അനാവരണം ചെയ്യുന്നത്. ഭർത്താവിൽനിന്നും ഭാര്യയെന്ന നിലയിലുള്ള ഒരു പരിഗണനയും ലഭിക്കാത്ത ആയിശ എന്ന സ്ത്രീയാണ് ഇതിലെ കഥാപാത്രം. ഭർത്താവിന്റെ സ്വവർഗ്ഗാനുരാഗത്തിന് മൂകസാക്ഷിയാകേണ്ടി വരുന്ന അവൾ നിശ്ശ ബ്ദമായി എല്ലാം സഹിക്കുന്നു. പ്രതികരിക്കാനോ പ്രതിഷേധിക്കാനോ കഴി യാത്ത അവൾ ആ വിപത്തിൽനിന്നും രക്ഷനേടാനായി തന്റെ സുഹൃത്തിന്റെ സഹായത്തോടെ ഒരു തങ്ങളെ (സിദ്ധനെ) സമീപിക്കുന്നു. എന്നാൽ ഒരു സ്ത്രീ എന്ന നിലയിൽ സിദ്ധന്റെ തട്ടിപ്പിനും അവൾ ഇരയാകുന്നു. ഭർത്താവിന്റെ സ്വവർഗ്ഗാനുരാഗം ഇല്ലാതാക്കിത്തരാമെന്ന ഉറപ്പിന്മേൽ അവളുടെ പണം കവർന്ന തങ്ങൾ പുരുഷാധിപത്യത്തിന്റെ മറ്റൊരു പതിപ്പാണ്. എവിടെയും ചൂഷണത്തിന് ഇരയാകുന്ന ഈ സ്ത്രീ വായനക്കാരുടെ അനുകമ്പ പിടിച്ചുപറ്റുന്നു.

സമുദായത്തിനകത്ത് സ്ത്രീ അനുഭവിക്കുന്ന പാരതന്ത്ര്യം ഈ കഥയിൽ നമുക്ക് ദർശിക്കാം. കൺമുന്നിൽ കാണുന്ന നെറികേടിനെതിരെ പ്രതികരിക്കണമെന്നും പ്രതിഷേധിക്കണമെന്നും അവൾക്ക് ആഗ്രഹമുണ്ട്. പക്ഷേ, അവൾക്കതിന് കഴിയുന്നില്ല. 'ഭർത്താവ്' ഇവിടെ ചോദ്യം ചെയ്യപ്പെടാനാകാത്ത ഒരനിഷേധ്യരൂപമായി ഉയർന്നു നിൽക്കുന്നു. സ്ത്രീയുടെ സ്വാതന്ത്ര്യബോധത്തെ ഇത്രമാത്രം അടിച്ചമർത്തിയ വ്യവസ്ഥിതികളെ എൻ.പി.യിലെ സാമൂഹ്യപരിഷ്കർത്താവ് രൂക്ഷമായി വിമർശിക്കുന്നു. ''പറയൂ, പറയൂ, കൂട്ടിലിട്ട ആയിശയുടെ ഹൃദയം ചിറകടിക്കും. ആ പക്ഷിക്കു പറന്നുപോകാൻ സാധ്യമല്ല. അതിനെ ഒരു സുവർണ കൂട്ടിലിട്ടിരിക്കുന്നു. ചിറകുമുറിക്കുകയും ചെയ്തിട്ടുണ്ട്. ആര്? കഴിഞ്ഞ തലമുറകൾ. മറഞ്ഞുപോയ കഴിഞ്ഞ തലമുറകൾ'' (മുഹമ്മദ് എൻ.പി. 1980 : 48). യാഥാസ്ഥിതിക സമൂഹത്തിന്റെ വിധിവിലക്കുകൾ സ്ത്രീകൾക്ക് സമ്മാനിക്കുന്ന ദുരിതപൂർണമായ ജീവിതം എൻ.പി.യെ എപ്പോഴും വേദനിപ്പിച്ചിരുന്നു. പ്രതികരിക്കാൻ സ്വാതന്ത്ര്യമില്ലാത്ത, തന്റെ ജീവിതത്തെക്കുറിച്ച് വ്യക്തമായ തീരുമാനങ്ങളെടുക്കാൻ സാധിക്കാത്ത ഒരു സാഹചര്യത്തിലേക്ക് അവരെ കൊണ്ടെത്തിച്ചതിൽ യാഥാസ്ഥിതികമായ പാരമ്പര്യത്തിന് പങ്കുള്ളതായി എൻ.പി.ആരോപിക്കുന്നു.

സ്വവർഗ്ഗാനുരാഗമെന്ന സമ്പ്രദായത്തെക്കുറിച്ച് തുറന്നുപറയാൻ പലരും മടിച്ചിരുന്ന ഒരു കാലത്താണ് ഇത്തരമൊരു പ്രമേയം എൻ.പി. കഥയിലേക്ക് കൊണ്ടുവരുന്നത്. ഇത്തരം വിഷയങ്ങൾ ആവിഷ്കരിക്കാനുള്ള ആർജ്ജവം അന്നേ എൻ.പി.ക്ക് ഉണ്ടായിരുന്നു. സാമൂഹിക പ്രശ്നങ്ങൾ മൂടിവെക്കാതെ അവയെ പൊതുസമൂഹത്തിനുമുമ്പിൽ അവതരിപ്പിക്കാനുള്ള ഒരു തന്റേടം സാഹിത്യത്തിലും എൻ.പി. നിലനിർത്തി. കഥയിൽ ഒരു സ്ത്രീ നേരിടുന്ന പ്രശ്നം എന്ന നിലയിലാണ് കഥാകൃത്ത് ഇതിനെ അവതരിപ്പിക്കുന്നതെങ്കിലും ഇത്തരം പ്രശ്നങ്ങൾ വ്യക്തിജീവിതത്തിലും സാമൂഹികജീവിതത്തിലും മനുഷ്യർ അനുഭവിക്കുന്നുണ്ട് എന്ന വസ്തുതയിലേക്കു കൂടി ഈ കഥ നമ്മെ കൊണ്ടെത്തിക്കുന്നു.

യാഥാസ്ഥിതികപാരമ്പര്യം സ്ത്രീകൾക്കുമേൽ അടിച്ചേൽപിച്ച വിധികളും വിലക്കുകളും എൻ.പി.യുടെ മിക്ക കഥകളിലും കടന്നുവരുന്നുണ്ട്. 'ഒരു യുഗത്തിന്റെ അവസാനം' എന്ന കഥയിൽ ഉമ്മറത്തു നടക്കുന്ന ചൂടുപിടിച്ച ചർച്ച എന്തെന്നറിയാൻ ആകാംക്ഷയോടെ വിരിയുടെ വിടവിലൂടെ തലനീട്ടി നോക്കുന്ന പെൺകുട്ടിക്കുണ്ടാകുന്ന അനുഭവം എൻ.പി.അവതരിപ്പിക്കുന്നത് നോക്കുക.

''പോടി അവുത്തേക്ക്!''

''പോടി അവുത്തേക്ക് !''

'പോടി അവുത്തേക്ക് !''

മൂവരും കുരച്ചത് ഒരേ സമയത്താണ്. ബീവി അന്തം വിട്ടു...... ബീവി അടുക്കളയിലേക്ക് നടക്കുമ്പോൾ ആലോചിക്കുകയായിരുന്നു. താൻ കേൾക്കാൻ പാടില്ലാത്ത സ്വകാര്യം നാടുമുഴുവൻ കേൾക്കെ ഉച്ചത്തിൽ ഇവർ പറയുന്നതെന്തിന്?" (മുഹമ്മദ്, എൻ.പി. 1980 : 91). സ്വന്തം ജീവിതവുമായി ബന്ധപ്പെട്ടു നടക്കുന്ന സുപ്രധാനമായ കൂടിയാലോചനകളിൽ പെൺകുട്ടികൾക്ക് ഒരു പങ്കുമില്ല എന്നു മാത്രമല്ല ആട്ടിയോടിക്കുകയും ചെയ്യുന്നു. 'നിക്കാഹും നിശ്ചയിച്ചു' എന്ന കഥയിൽ അറബിയുമായുള്ള വിവാഹബന്ധത്തിന് ഇരയാവേണ്ടിവരുന്ന പെൺകുട്ടിയുടെ ദയനീയമായ ചിത്രവും ഇത്തരത്തിലൊന്നാണ്. മുൻശുണ്ഠിക്കാരായ രക്ഷിതാക്കളുടെ പിടിവാശിയിൽ ദാമ്പത്യജീവിതം അവസാനിപ്പിക്കാൻ നിർബന്ധിതരാകുന്ന സ്ത്രീകൾ (രാത്രിയുടെ ചിറകുകൾ, 1980 : 118) എൻ.പി.യുടെ കഥാലോകത്തുണ്ട്. യാഥാസ്ഥിതിക പാരമ്പര്യത്തിന്റെ സ്ത്രീവിരുദ്ധമനോഭാവങ്ങൾക്കെതിരെയുള്ള വിമർശനം സാമുദായിക കഥകളിൽ കൂടി എൻ.പി. നിർവ്വഹിക്കുകയുണ്ടായി. 'തിരമാലകൾ' എന്ന കഥയിൽ സ്ത്രീയുടെ മാനസികസംഘർഷങ്ങൾ അനാവരണം ചെയ്യുന്നു. അതോടൊപ്പം, മതത്തിന്റെ മേൽവിലാസത്തിൽ സമൂഹത്തെ ചൂഷണം ചെയ്യുന്ന സിദ്ധന്മാരുടെ പൊള്ളത്തരങ്ങൾ സമൂഹമധ്യത്തിൽ

തുറന്നുകാണിക്കുക എന്ന പരിഷ്കരണോന്മുഖമായ ദൗത്യവും എൻ.പി. നിർവ്വഹിക്കുകയുണ്ടായി.

### 4.1.1.1.3. അറബിക്കല്ല്യാണത്തിന്റെ ഇര

മലബാറിന്റെ ആദ്യകാല ചരിത്രത്തിൽ അറബിക്കല്ല്യാണം വ്യാപകമായിരുന്നു. ദരിദ്രരായ മുസ്ലിം പെൺകുട്ടികളെ അറബികൾക്ക് വിവാഹം ചെയ്തുകൊടുക്കുന്നതാണ് അറബിക്കല്ല്യാണം എന്നറിയപ്പെട്ടത്. സ്ത്രീധനമെന്ന ദുരാചാരമാണ് അറബിക്കല്ല്യാണത്തിന് കാരണമായത്. സ്ത്രീധനമായി സ്വർണ്ണവും പണവും നൽകാൻ കഴിയാത്ത ദരിദ്രരാണ് പ്രായമായവരും അല്ലാത്തവരുമായ അറബികൾക്ക് പണം മോഹിച്ച് പെൺകുട്ടികളെ നിക്കാഹ് ചെയ്തു കൊടുത്തത്. മലബാറിൽനിന്നും തിരിച്ച് പോകുമ്പോൾ ഈ പെൺകുട്ടികളെ മൊഴിചൊല്ലാറാണ് പതിവ്. കൂടെ കൂട്ടിയിരുന്നത് അപൂർവ്വങ്ങളിൽ അപൂർവ്വമായിരുന്നു. തങ്ങളുടെ ഭാവികാര്യങ്ങൾ തീരുമാനിക്കാൻ അവകാശവും അധികാരവും ഇല്ലാതിരുന്ന നിസ്സഹായരായിരുന്ന പെൺകൊടിമാരായിരുന്നു അറബിക്കല്ല്യാണത്തിന്റെ ഇരകൾ. 'നിക്കാഹും നിശ്ചയിച്ചു' എന്ന കഥയിലെ അറബി ആറു കല്ല്യാണം കഴിച്ച വ്യക്തിയാണ്. ഏഴാമത്തെ ഭാര്യയാകാൻ പോകുന്നത് ക്ഷയിച്ചു കഴിഞ്ഞ പള്ളിക്കലകം തറവാട്ടിലെ പെൺകുട്ടിയാണ്. ദല്ലാളും പിതാവും അറബിയും ചേർന്ന് നാലായിരത്തിന്റെ പെൺപണത്തിന് വിവാഹം ഉറപ്പിക്കുന്നു.

''ജീവിതം ഒരു കച്ചവടമാണ്. ജീവിതത്തിൽ വിജയിക്കണമെങ്കിൽ ദല്ലാളിമാരും പണക്കിഴികളും വേണം'' (മുഹമ്മദ്, എൻ.പി. 1980 : 44). വിവാഹക്കാര്യങ്ങളിൽ മാത്രമല്ല സമുദായത്തിന്റെ മറ്റെല്ലാ കാര്യങ്ങളിലും അനിഷേധ്യ സ്ഥാനമുണ്ടായിരുന്ന ദല്ലാളിമാർ അക്കാലത്തെ സാമൂഹിക ജീർണ്ണതയുടെ മറ്റൊരു മുഖമായിരുന്നു. വിവാഹമുറപ്പിക്കാൻ മുൻകയ്യെടുക്കുന്ന ദല്ലാളിയെ കൂടാതെ ഒരു സ്ത്രീ ദല്ലാളിയും കഥയിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. പെൺകുട്ടിയോട് നയത്തിൽ കാര്യങ്ങൾ പറഞ്ഞവതരിപ്പിച്ച് അവളിൽ സമ്മതം അടിച്ചേൽപ്പിക്കുന്ന ഉത്തരവാദിത്തമാണ്

അവർക്കുള്ളത്. പക്ഷെ പെൺകുട്ടി ''എനിക്ക് മനസ്സില്ല'' എന്ന് അവരോട് തുറന്നു പ്രതിഷേധിക്കുകയാണുണ്ടായത്. പെൺകുട്ടിക്ക് താത്പര്യമില്ല എന്നറിഞ്ഞിട്ടും ബാപ്പക്കും ഉമ്മക്കും വേണ്ടി ഒന്ന് 'മൂളിക്കള' എന്ന് നിർദ്ദേശിക്കുന്ന അവർ സ്ത്രീസ്വാതന്ത്ര്യത്തെ അടിച്ചമർത്തുകയാണ് ചെയ്യുന്നത്. അതുകൊണ്ടു തന്നെ ഇത്തരക്കാർ എൻ.പി.യുടെ വിമർശനങ്ങൾക്ക് പാത്രമായിട്ടുണ്ട്. നിക്കാഹിന് വധൂവരന്മാരുടെ സമ്മതം അനിവാര്യമാണെന്ന നിയമം ഇസ്ലാമിൽ ഉണ്ടായിരിക്കെ അവ ബോധപൂർവ്വം മറന്നുകൊണ്ടുള്ള ഇടപെടലുകളായിരുന്നു അന്നുണ്ടായിരുന്നത്. വരന്റെ പേരുപോലും അപ്രസക്തമാവുകയും പണം പ്രസക്തമാവുകയും ചെയ്യുന്ന സാമൂഹ്യവ്യവസ്ഥിതിയെ ഈ കഥയിൽ കഥാകൃത്ത് വിമർശിക്കുന്നു. "പണ്ടാരത്തിന്റെ പേരെന്താ? കൊറെ നീണ്ടതാ. അതൊക്കെ ഞമ്മളെന്തിനറിയണ്" (മുഹമ്മദ്, എൻ.പി. 1980 : 114). രക്ഷിതാവിന്റെ ഈ പരാമർശം അക്കാലത്തെ സാമൂഹ്യ വ്യവസ്ഥിതിയുടെ നേർചിത്രമാണ്. ഈ കഥയിൽ അൽപ്പം വിവേകവും താർക്കികബുദ്ധിയും പ്രകടിപ്പിക്കുന്ന കഥാപാത്രം പെൺകുട്ടിയുടെ സഹോദരനാണ്. ഒരു വിദേശിയുമായുള്ള വൈവാഹികബന്ധം ആശയവിനിമയത്തിനുള്ള സാധ്യത പോലും ഇല്ലാതാക്കിക്കളയുമല്ലോ എന്ന അവന്റെ സംശയത്തിന്, അഞ്ചുമലബാറികളെ കല്യാണം കഴിച്ച പാരമ്പര്യമുള്ള അറബിക്ക് മലയാളമറിയാമായിരിക്കും എന്ന ഒരൊഴുക്കൻ മറുപടിയാണ് മാതാവ് നൽകുന്നത്.

വ്യവസ്ഥിതികൾക്കെതിരെയുള്ള തുറന്നെഴുത്താണ് ഈ കഥ. സാമുദായിക കഥകളിലെ കഥാപാത്രങ്ങളധികവും തന്റെ അനുഭവപരിസരത്തുനിന്നും കണ്ടെടുത്തവയാണ് എന്ന് എൻ.പി. തന്നെ വ്യക്തമാക്കിയിട്ടുണ്ട്'' ഒരു സീസൺ നീണ്ടുനിൽക്കുന്ന അറബിക്കല്ല്യാണവകയിൽ സമ്പാദ്യമായി ഒക്കത്തുകിട്ടിയ കുഞ്ഞുമായി ഇരന്നുനടക്കുന്ന മുസ്ലിം പെൺകുട്ടികളെ എനിക്കറിയാം. ഇവരോട് സ്ത്രീകൾക്ക് ഏറ്റവുമധികം സ്വാതന്ത്ര്യം അനുവദിച്ച മതം ഇസ്ലാമാണെന്ന് പറയുന്നത് അപഹാസ്യമാണെന്നും എനിക്കറിയാം"(മുഹമ്മദ് എൻ.പി. 2002:12). .

അവർ അനുഭവിക്കുന്ന സംഘർഷങ്ങൾ ഏറ്റുവാങ്ങിയ ഒരു കാഥികനായിരുന്നു എൻ.പി. എന്നത് ഈ പ്രസ്താവനയിൽ നിന്നും വ്യക്തമാണ്.

### 4.1.1.1.4. 'മര'ത്തിലെ കലാപം

1970–കൾ വരെ സാമുദായിക ജീവിതത്തിന്റെ പശ്ചാത്തലത്തിലുള്ള രചനകളാണ് എൻ.പി.യിൽനിന്നും കൂടുതലായി ലഭിച്ചിട്ടുള്ളത്. ഈ കാലഘട്ടത്തിന്റേതായി ധാരാളം ചെറുകഥകൾ ഉണ്ടായിട്ടുണ്ട്. സമുദായത്തിനകത്തെ സ്ത്രീജീവിതവും അതിനകത്തെ സംഘർഷാത്മകമായ സാമൂഹികസാഹചര്യങ്ങളും പശ്ചാത്തലമാക്കി എൻ.പി. രചിച്ച ആദ്യനോവലാണ് 'മരം' (1968). ആമിനയാണ് ഈ നോവലിലെ നായിക. രണ്ടാം ലോകമഹായുദ്ധത്തിന്റെ പശ്ചാത്തലത്തിലാണ് കഥ നടക്കുന്നത്. ആമിനയുടെ ഭർത്താവായ ഇബ്രായിൻ അതുവരെ മരമില്ലിലെ തൊഴിലാളിയായിരുന്നു. ആമിനക്ക് ഇടക്കിടെ ഉണ്ടാകുന്ന 'ചൈത്താൻ ബരുത്തമെന്ന്' മാനസികാസ്വസ്ഥ്യത്തിനും മകന്റെ ചികിത്സക്കും പണം തികയാതെ വന്നപ്പോൾ ഗത്യന്തരമില്ലാതെ ഇബ്രായിൻ പട്ടാളത്തിൽ ചേരാൻ പോകുന്നു. വർഷങ്ങൾ കഴിഞ്ഞിട്ടും ഇബ്രായിൻ തിരിച്ചെത്തിയില്ല. മരക്കച്ചവടക്കാരനായ ഖാദർ മൊതലാളിക്ക് ആമിനയിൽ അനുരാഗമുദിക്കുന്നു. ഇത് മനസ്സിലാക്കിയ ആലസ്സൻ മൊല്ലാക്ക മതത്തിനകത്തുനിന്ന് പ്രമാണം കണ്ടെത്തി ആമിനയെ ഖാദർ മൊതലാളിക്ക് നിക്കാഹ് ചെയ്തുകൊടുക്കുന്നു. ഈ സാഹചര്യത്തിലേക്ക് ഇബ്രായിൻ തിരിച്ചുവരുന്നു. ഒരു സ്ത്രീക്ക് രണ്ടു ഭർത്താവ് എന്നത് സമുദായത്തിനകത്ത് വെല്ലുവിളി സൃഷ്ടിക്കുന്നു. സമുദായം നേരിടുന്ന ഈ സംഘർഷാവസ്ഥയും അതിലൂടെ സമൂഹത്തിൽ ഉയർന്നുവരുന്ന സംവാദാത്മകമായ അന്തരീക്ഷവും കഥാപാത്രങ്ങളുടെ മാനസികസംഘർഷങ്ങളും ചേർന്ന് പ്രക്ഷുബ്ധമാകുന്ന ഒരു നോവലാണ് 'മരം'.

മുസ്ലീം സമുദായത്തെയും അതിലെ സ്ത്രീസംഘർഷത്തെയും ആസ്പദമാക്കി രചിച്ച ഈ നോവലിന്റെ ശീർഷകംതന്നെ ധ്വന്യാത്മകമാണ്. ഇവിടെ സൂചി

പ്പിക്കുന്ന 'മരം', പച്ചപ്പുള്ള പടർന്നു പന്തലിച്ച മരമല്ല. മറിച്ച് കല്ലായിപ്പുഴയിൽ അട്ടിയിട്ടിരിക്കുന്ന നിർജ്ജീവമായ മരമോ, ഒഴുകിവന്ന മരത്തടിയോ (drift wood) ആണ്. അഴുക്കുപിടിച്ച കല്ലായിപ്പുഴയിൽ നിർജ്ജീവമായിക്കിടക്കുന്ന മരത്തടിപോലെയാണോ പെണ്ണ് എന്ന വിപ്ലവാത്മകമായ ചോദ്യം നോവലിന്റെ പ്രമേയത്തിലുണ്ട്. ആമിനയിൽ മോഹമുദിക്കുന്ന ഖാദർ മുതലാളിക്ക് അനുയോജ്യമായ സാഹചര്യം സൃഷ്ടിക്കാൻ വ്യഗ്രത കാണിക്കുന്ന കഥാപാത്രമാണ് ആലസ്സൻ മൊല്ലാക്ക. ആ സന്നിഗ്ദ്ധാവസ്ഥ തരണം ചെയ്യാൻ മതത്തിനകത്തുനിന്നുതന്നെ മസ്അല (പ്രമാണം) കണ്ടെത്തുന്നു. ''നബിയുടെ കാലത്തും അങ്ങനെ ഉണ്ടായിരുന്നു. യുദ്ധത്തിനുപോയ സ്വഹാബികൾ മടങ്ങിവന്നില്ല. അവരുടെ ഭാര്യമാർ കാത്തിരുന്നു കാത്തിരുന്ന് അവസാനം ആറു കൊല്ലത്തിനുള്ളിൽ വിവരം കിട്ടിയില്ലെങ്കിൽ കല്യാണം കഴിക്കാമെന്ന മസാല ഉണ്ടായി''(മുഹമ്മദ് എൻ.പി 1998 : 16). ആമിനയെ ഇത്തരമൊരു സംഘർഷാവസ്ഥയിലേക്കു നയിച്ചതിൽ ആലസ്സൻ മൊല്ലാക്കക്കു വലിയ പങ്കുണ്ട്. ഖാദർ മൊതലാളിയുടെ പണത്തിൽ നോട്ടമിട്ട്, എന്തിനുമേതിനും വ്യാഖ്യാനങ്ങളുടെ പഴുതന്വേഷിക്കുന്ന മൊല്ലാക്ക ഇവിടെ സാമുദായിക ജീർണ്ണതയുടെ മറ്റൊരു പതിപ്പാണ്. ഇബ്രായിന്റെ തിരിച്ചുവരവാണ് നോവലിൽ സംഘർഷാവസ്ഥ സൃഷ്ടിക്കുന്നത്. അതോടെ ആമിനയുടെ ഇരട്ടക്കല്ല്യാണം സമൂഹത്തിൽ വലിയ വിവാദമാകുന്നു. ''ഒരു മാപ്പിളക്ക് നാലുവീടരുണ്ടാകുന്നത് അവർക്ക് അറിയാമായിരുന്നു. എന്നാൽ ഒരു പെണ്ണിന് രണ്ട് മാപ്പിളയോ? അത് മതത്തിന് എതിരാണ്''(മുഹമ്മദ്, എൻ.പി. 1998:34). മതസംഘടനകൾ മുതൽ രാഷ്ട്രീയപ്പാർട്ടികൾ വരെ അതേറ്റുപിടിക്കുന്നു. ഒരു സ്ത്രീയുടെ ജീവിതത്തിൽനിന്നും മുതലെടുപ്പ് നടത്താനുള്ള സമൂഹത്തിന്റെ ശ്രമത്തെ എൻ.പി. രൂക്ഷമായി വിമർശിക്കുന്നു.

'' 'എല്ലാ രാഷ്ട്രീയ കക്ഷികളെയും പങ്കെടുപ്പിക്കണം'

'താടിക്കാരാണ് വേണ്ടത്'

'ഏതു താടിക്കാർ'

'വഹാബി മൗലവിമാർ'

'ഞമ്മക്കെല്ലാരും വേണം......ഇതൊരുഹരം'

'ഹരം' ആണെന്ന കാര്യത്തിൽ ആർക്കും എതിരഭിപ്രായം ഉണ്ടായിരുന്നില്ല" (മുഹമ്മദ് എൻ.പി. 1998 : 35). ആശയപരമായ ഭിന്നതകളുടെ പേരിൽ അകന്നു നിന്നിരുന്ന മതസംഘടനകളും രാഷ്ട്രീയപ്പാർട്ടികളും ഒരു സ്ത്രീയുടെ ജീവിതത്തിൽ സംഭവിച്ച അവിചാരിതമായ പാകപ്പിഴകളെ നേരിടാൻ ഒന്നിച്ചുനിൽക്കുന്ന കാഴ്ച ഏറെ അപഹാസ്യമാണ്.

കല്ലായിപ്പുഴയിൽ അട്ടിയിട്ടിരിക്കുന്ന മരത്തടികൾ പലകൈകളിലൂടെ വിനിമയം ചെയ്യപ്പെടുന്നതുപോലെ ആമിനയും ഇവിടെ ഒരു 'ഉരു'മാത്രമായിത്തീരുന്നു. നോവലിന്റെ അവസാന ഭാഗത്തുമാത്രമാണ് ആമിന തന്റെ സ്വത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നത്. തനിക്ക് സ്ത്രീയുടേതായ ഒരു മനസ്സുണ്ടെന്നും അത് ഒഴുകിവരുന്ന മരത്തടിപോലെ എല്ലാവർക്കും അവകാശവാദമുന്നയിക്കാവുന്ന ഒന്നല്ലെന്നും അവൾ തെളിയിക്കുന്നു. ബഹുജനം സജീവമായി ഇടപെട്ടുകൊണ്ട് നടത്തുന്ന യോഗങ്ങളും പ്രതിഷേധയോഗങ്ങളും ഗൂഢാലോചനകളും തന്ത്രങ്ങളും മുന്നേറിക്കൊണ്ടിരിക്കെ ആമിന തന്റെ മനോഗതിയനുസരിച്ച് തന്ത്രപരമായിത്തന്നെ ഇബ്രായിന്റെ ജീവിതത്തിലേക്ക് തിരിച്ചെത്തുന്നു. തനിക്ക് അർഹതയില്ലാത്തത് നേടിയെടുത്ത ഖാദറാകട്ടെ കച്ചവടത്തിൽ നഷ്ടം സംഭവിച്ച മരക്കച്ചവടക്കാരനെപ്പോലെ പതറി നിൽക്കുന്നു. കെട്ടുപൊട്ടി ഒഴുകിവരുന്ന മരത്തടികൾ പിടിച്ചെടുത്തുകൊണ്ട് മുതലാളിയായവനാണ് ഖാദർ. ആ തത്വം ജീവിതത്തിലും പുലർത്താൻ ശ്രമിച്ച ഖാദറിന്റെ ദയനീയമായ പരാജയമാണ് നോവലിസ്റ്റ് അവതരിപ്പിക്കുന്നത്.

1970-കൾക്കുമുമ്പ് രചിച്ച ഈ നോവൽ അന്നത്തെ സാമൂഹികസാഹചര്യത്തിൽ ഏറെ പുതുമയുള്ളതായിരുന്നു. എൻ.പി.യുടെ ഇത്തരം ഇടപെടലുകളെ പ്രതിലോമകരമായ ഒന്നായിട്ടാണ് അന്നത്തെ സാമുദായികജീവിതം നോക്കിക്ക

ണ്ടത്. മതാത്മകമായ ജീവിതചുറ്റുപാടുകളെ സാഹിത്യവത്കരിച്ചത് സാമുദായിക നേതൃത്വത്തെ ചൊടിപ്പിച്ചു. ഇത്തരം പ്രമേയങ്ങൾ പൊതുജനമധ്യത്തിലെത്തിക്കുക എന്ന ദുഷ്കരമായ ദൗത്യമാണ് സാമുദായിക രചനകളിലൂടെ എൻ.പി. നിർവ്വഹിച്ചത്. മാപ്പിളപ്പെണ്ണിന്റെ ജീവിതത്തിന് മരത്തടിയുടെ പ്രാധാന്യം പോലും കൽപ്പിക്കാത്ത സമൂഹത്തിനെതിരെയുള്ള കലാപമായിരുന്നു 'മരം'. പിന്നീട് ഈ നോവലിന് എൻ.പി.തന്നെ തിരക്കഥയെഴുതിക്കൊണ്ട് വെള്ളിത്തിരയിലേക്കെത്തിച്ചു. മാപ്പിളമാരുടെ പൊതുബോധത്തിനകത്ത് നൂതനമായ ചലനങ്ങൾ സൃഷ്ടിച്ചുകൊണ്ടുള്ള ഇടപെടലുകളാണ് അക്കാലത്ത് എൻ.പി. നടത്തിയത്.

#### 4.1.1.2. അന്ധവിശ്വാസങ്ങളോടുള്ള വിയോജിപ്പ്

സാമുദായികപശ്ചാത്തലത്തിൽ രചിച്ച എണ്ണപ്പാടം, മരം, ദൈവത്തിന്റെ കണ്ണ് എന്നീ നോവലുകളിലും ആദ്യകാല മാപ്പിളക്കഥകളിലും അന്ധവിശ്വാസങ്ങളോടുള്ള വിയോജിപ്പ് പ്രകടമാണ്. മിത്തുകൾ സമർത്ഥമായി സാഹിത്യത്തിൽ ഉപയോഗപ്പെടുത്തിയിട്ടുണ്ടെങ്കിലും മനുഷ്യന്റെ പുരോഗതിക്ക് വിഘാതമായി നിൽക്കുന്ന ആചാരങ്ങളെയും വിശ്വാസങ്ങളെയും എക്കാലത്തും എൻ.പി. എതിർത്തു. എൻ.പി. ആവിഷ്കരിച്ച ഇത്തരം പ്രമേയങ്ങൾ മുസ്ലിം സമുദായം മാത്രം അനുഭവിച്ചിരുന്ന ഒന്നായിരുന്നില്ല. സാമൂഹ്യപ്രശ്നങ്ങളെ സാമുദായികാന്തരീക്ഷത്തിൽ അവതരിപ്പിക്കുകയാണ് എൻ.പി. ചെയ്തത്. സാമുദായികമായി നിലനിൽക്കുന്ന അന്ധവിശ്വാസങ്ങൾ മുതലെടുത്ത് വളർന്നുവന്ന വലിയൊരു വിഭാഗം എക്കാലത്തും സമൂഹത്തിൽ ഉണ്ടായിട്ടുണ്ട്. സാമൂഹ്യപരിഷ്കരണോന്മുഖ പ്രസ്ഥാനങ്ങളുടെ പ്രവർത്തനഫലമായി ചെറിയൊരളവിൽ തടയിടാനായെങ്കിലും ഇന്നും ഇതൊരു പ്രവണതയായി തുടരുന്നു.

അന്ധവിശ്വാസങ്ങളുടെ അർത്ഥശൂന്യതയെ അക്ഷേപഹാസ്യത്തിന്റെ മാതൃകയിൽ ആവിഷ്കരിക്കുന്ന ഒട്ടനേകം ചെറുകഥകൾ എൻ.പി. രചിച്ചിട്ടുണ്ട്. ദാരിദ്ര്യം കൊണ്ടും മറ്റു ജീവിതപ്രശ്നങ്ങൾകൊണ്ടും വലയുന്ന നിരാലംബരായ

സാധാരണക്കാരാണ് അന്ധവിശ്വാസങ്ങളുടെ ഭാഗമായുണ്ടാകുന്ന ചതിക്കുഴികളിൽ അകപ്പെടുന്നത്. തങ്ങൾ അകപ്പെട്ട പ്രശ്നങ്ങളിൽനിന്നും രക്ഷനേടാനുള്ള കുറുക്കുവഴികളായി ഇത്തരം വിശ്വാസങ്ങളെ അവർ കാണുന്നു. ഒരിക്കൽ സംഭവിച്ച അബദ്ധങ്ങളിൽനിന്നും പാഠമുൾക്കൊള്ളാനാകാതെ വീണ്ടും അതേവഴി സഞ്ചരിച്ച് ജീവിതം ദുരിതപൂർണ്ണമാക്കുന്നവരോടുള്ള വിമർശനവും പരിഹാസവും എൻ.പി. യുടെ ഇത്തരം കൃതികളിൽ പ്രതിഫലിക്കുന്നു.

#### 4.1.1.2.1. നിധി സങ്കല്പം

സമുദായത്തിന്റെ പരിതാപകരവും വേദനാജനകവുമായ സ്ഥിതിവിശേഷങ്ങളെ വേദനിപ്പിക്കുന്ന ഹാസ്യത്തിലൂടെ അവതരിപ്പിക്കുന്ന കഥയാണ് 'നിധി'. വിശുദ്ധന്റെ പരിവേഷമണിഞ്ഞെത്തിയ ദ്വീപുകാരനായ 'തങ്ങളു'ടെ (സിദ്ധന്റെ) തട്ടിപ്പിന് ഒരിക്കൽ ഇരയായ 'ഇബ്രായിൻ' എന്ന കഥാപാത്രം വീണ്ടും തട്ടിപ്പിന്നിരയായി ദാരിദ്ര്യത്തിന്റെ പടുകുഴിയിലാകുന്നു. തന്നെ തകർച്ചയിലേക്കു നയിച്ച പ്രതിയോഗിയായ ചായപ്പീടികക്കാരന്റെ തകർച്ച കാണിച്ചു തരാമെന്ന വാഗ്ദാനവുമായാണ് തങ്ങൾ ആദ്യ തട്ടിപ്പ് നടത്തിയത്. പിന്നീട് പറമ്പിലില്ലാത്ത നിധിയുടെ പേരിലാണ് കഥാപാത്രം വഞ്ചിതനാകുന്നത്. നിധിയെടുക്കാനുള്ള ചടങ്ങിനായി ഏഴു പവന്റെ കിഴിയുണ്ടാക്കാൻ ശ്രമിക്കുന്ന കഥാപാത്രത്തിന്റെ അവസ്ഥ നോക്കുക.

''കറുത്ത വാവ്

തങ്ങൾ ഉച്ചയ്ക്കുതന്നെ ഇബ്രായിന്റെ വീട്ടിലെത്തി. ഇബ്രായിൻ ഭാര്യയുടെ ചിറ്റും ചങ്കേലസും വെട്ടി. അങ്ങനെ ഏഴു പവനുണ്ടാക്കി ഒരു പഴന്തുണിയിൽ കിഴി കെട്ടി വെച്ചിരിക്കുന്നു. അന്നയാൾ പള്ളികളിലേക്കും ജാറങ്ങളിലേക്കും വഴിപാടു നേർന്നു. ആശകളും ആവശ്യങ്ങളും അയാളെ ഞെരുക്കുന്നു. ജീവിതം നാളെ മുതൽ മാറ്റിയെഴുതുകയാണ്'' (മുഹമ്മദ് എൻ.പി. 1980:64). കൂരിരുട്ടിൽ പറമ്പിൽ

വെച്ചു നടക്കുന്ന ചടങ്ങിനിടെ സ്വർണക്കിഴിയുമായി തങ്ങൾ അപ്രത്യക്ഷനാകുന്നു. ഇബ്രായീനെന്ന കഥാപാത്രത്തിനു മാത്രമല്ല സമൂഹത്തിലാകെ വേരുപിടിച്ചു കിട ക്കുന്ന ഇത്തരം അന്ധവിശ്വാസങ്ങളോടുള്ള താക്കീതായി ഈ കഥ മാറുന്നു.

കണക്കുനോക്കുക, മഷിയിട്ടുനോക്കുക, ഉഴിഞ്ഞുവാങ്ങുക, അടക്കം ചെയ്യുക തുടങ്ങിയ ആഭിചാരക്രിയകളോട് ദരിദ്രരും നിരക്ഷരരുമായ ഗ്രാമീണർക്ക് ആകർഷകത്വം തോന്നുക സ്വഭാവികമാണ്. മതാത്മകമായ അന്തരീക്ഷത്തിന്റെ സൃഷ്ടി അതിന് ആക്കം കൂട്ടുന്നു. തങ്ങളുടെ പ്രയാസങ്ങൾക്ക് പരിഹാരമായി ട്ടാണ് നിസ്വരായ ഗ്രാമീണർ അതിനെ കാണുന്നത്. രോഗശാന്തി, ശത്രുനാശം, സാമ്പത്തിക ഭദ്രത, വിവാഹം, ജനനം, വീട് എന്നുവേണ്ട മനുഷ്യജീവിതത്തിലെ എല്ലാ ആവശ്യങ്ങളുമായി ബന്ധപ്പെട്ടും ഇത്തരം ചടങ്ങുകൾ നടത്തിവരാറുണ്ട്. ഇത്തരം കാര്യങ്ങൾക്ക് ഇസ്ലാമികമായ അടിത്തറയില്ലെങ്കിലും സിദ്ധന്മാരുടെ വാക് ചാതുരിയിൽ ആളുകൾ വിശ്വസിക്കുന്നു. 'നിധി' എന്ന സ്വപ്നം മൂലം ഉള്ള സമ്പാദ്യം കൂടി നഷ്ടമായ ഇബ്രായിൻ പിൽക്കാലത്ത് 'നിധി ഇബ്രായിൻ' എന്നറി യപ്പെട്ടു എന്ന് കഥാകൃത്ത് ഹാസ്യാത്മകമായി പ്രതിപാദിക്കുന്നുണ്ടെങ്കിലും ആ വാക്കുകളിൽ ആ കഥാപാത്രത്തിന്റെ തകർച്ചയുടെ ആഴം വ്യക്തമാണ്. ''ഇപ്പോഴും ഞങ്ങളുടെ നാട്ടിൽ തങ്ങന്മാർ വരാറുണ്ട്. നിധിയെടുത്തു കൊടുക്കു കയും ചെയ്യാറുണ്ട്. ചുരുക്കം ചില നിർഭാഗ്യവാന്മാർക്ക് കിട്ടാറില്ലെന്ന് മാത്രം'' (മുഹമ്മദ് എൻ.പി. 1980 : 65). തീർത്തും സരസമായി നടത്തുന്ന ഈ പ്രസ്താവ നയിൽ ഒളിഞ്ഞിരിക്കുന്ന വിമർശനവും പരിഹാസവും സമുദായത്തിൽ വേരുപിടി ച്ചിട്ടുള്ള അന്ധവിശ്വാസങ്ങളോടുള്ള ശക്തമായ പ്രതികരണമാണ്.

#### 4.1.1.2.2. പുണ്യപുരുഷ സങ്കൽപ്പം

'പുണ്യപുരുഷൻ' എന്ന കഥ വിശുദ്ധി ആരോപിക്കപ്പെട്ട് അതിൽനിന്നും രക്ഷനേടാൻ ആഗ്രഹിക്കുന്ന ഒരു സാധാരണക്കാരന്റെ കഥയാണ്. ഒരു മൗലവി യുടെ ആശ്രിതനായ കാദറിന് റംസാൻ രാത്രിയിലുണ്ടായ സ്വപ്നദർശനത്തിന്റെ

കഥ പരസ്യമായതോടെ കാദർ ആരാധ്യനായി മാറുന്നു. പാവപ്പെട്ടവരും രോഗികളും ഭക്തജനങ്ങളും ശിഷ്യഗണങ്ങളും ധാരാളമായി എത്തി. പുണ്യപുരുഷന്റെ പദവി ആഗ്രഹിക്കാത്ത കാദർ ഒരു സാധാരണക്കാരനായി ജീവിക്കാൻ ആഗ്രഹിച്ചു. ഊണിലും ഉറക്കിലും കാദറിനെ അനുഗമിച്ച ജനങ്ങൾ കാദറിന് അസഹ്യമായി അനുഭവപ്പെട്ടു. പുതുമഴപെയ്ത് ഭൂമി കുതിർന്നപ്പോൾ മണ്ണുകിളയ്ക്കാനുള്ള അഭിലാഷം കാദറിനുണ്ടായി.

''കൈക്കോട്ടെടുത്തു ഒന്നോ രണ്ടോ തവണ കൊത്തിയിട്ടുണ്ടാകണം അവിടെ കൂടിയിരുന്ന ഭക്തന്മാർ ആ കൈകോട്ടിനുവേണ്ടി സമരം ആരംഭിച്ചു. അദ്ദേഹം അകത്തേക്കോടി. പറമ്പു മുഴുവൻ ആ സമരത്തിനിടയിൽ ഉഴുതുമറിച്ച നിലം പോലെ മാറി'' (മുഹമ്മദ് എൻ.പി 1980 : 73).

ആൾകൂട്ടത്തിൽനിന്നും രക്ഷനേടാനായി കാദർ വിശുദ്ധയുദ്ധത്തിൽ പങ്കെടുക്കുകയും മരിക്കുകയും ചെയ്തു. എന്നാൽ മരണാനന്തരവും ആ വ്യക്തിക്ക് മോചനമുണ്ടായില്ല. ജനം അയാളെ വിശുദ്ധനായി ആരാധിച്ചു. മയ്യത്ത് മറവുചെയ്തിടത്ത് ശവകുടീരവും പള്ളിയും പൊങ്ങി. മരിക്കുമ്പോൾ ധരിച്ചിരുന്ന ഷർട്ടിന്റെ പോക്കറ്റിൽനിന്നും കിട്ടിയ നെയ്യപ്പക്കഷ്ണവും ചരിത്രമായി മാറി.

''അദ്ദേഹം മധുരപലഹാരം ഇഷ്ടപ്പെട്ടു എന്നതാണ് ശരി. ഞങ്ങളും കൊല്ലംതോറും അദ്ദേഹത്തിന്റെ മയ്യത്ത് കരയ്ക്കണഞ്ഞ ദിവസം മധുരപലഹാരങ്ങൾ ഉണ്ടാക്കുന്നു. ഒരുഭാഗം അദ്ദേഹത്തിന്റെ ശവകുടീരത്തിലേക്കയക്കുന്നു. ബാക്കി അദ്ദേഹത്തിന്റെ തിരുനാമം സ്മരിച്ച് ഭക്ഷിക്കുന്നു. ഈ ആത്മാർപ്പണം ഞങ്ങളുടെ രക്തത്തിലും ഭക്ഷണത്തിലും ലയിച്ചുപോയി'' (മുഹമ്മദ്. എൻ.പി. 1980: 76).

ഇസ്ലാം വിലക്കിയ ഇത്തരം ആരാധനാരീതികൾ വിശ്വാസത്തിന്റെ ഭാഗമായി കാണുന്ന പ്രവണത എൻ.പി.യുടെ മൂർച്ചയേറിയ വിമർശനങ്ങൾ ഏറ്റുവാങ്ങുന്നു. സമുദായവുമായി ബന്ധപ്പെടുത്തി അവതരിപ്പിച്ച ഈ കഥയ്ക്ക് സാർവ്വ

ലൗകികമായ മാനങ്ങളുണ്ട്. കാലദേശഭേദമെന്യേ പല സമൂഹങ്ങളിലും ഈ പ്രവണത നിലനിൽക്കുന്നുണ്ട്. ഈ കഥയിലെ കാദർ പുണ്യപുരുഷന്റെ പദവി ആഗ്രഹിക്കുന്നില്ല. എന്നാൽ മറ്റുചിലർ സ്വയം വിശുദ്ധനായി ചമഞ്ഞ് സമൂഹത്തിൽനിന്നും മുതലെടുപ്പ് നടത്തുന്നു. സമൂഹത്തിൽ വേരുപിടിച്ചിരിക്കുന്ന അന്ധവിശ്വാസങ്ങളാണ് മനുഷ്യനെ തകർച്ചയിലേക്ക് നയിക്കുന്നത്.

അന്ധവിശ്വാസങ്ങൾ ജനങ്ങളെ എത്രമാത്രം തരം താഴ്ത്തുന്നു എന്ന് വ്യക്തമാക്കുന്ന കഥയാണ് 'സത്യവിശ്വാസികൾ'. നാടകീയമായ മുഹൂർത്തങ്ങളിലൂടെ ആഖ്യാനം ചെയ്യപ്പെട്ട കഥയാണിത്. ആക്ഷേപഹാസ്യം ഈ കഥയുടെ മുഖമുദ്രയാണ്. ഹൈദ്രോസ് മുതലാളിയുടെ പറമ്പുകിളച്ചപ്പോൾ കിട്ടിയ ശവകുടീരത്തിന്റെ അവശിഷ്ടമാണ് കഥയിൽ നിർണ്ണായകമാകുന്നത്. അതൊരു ഔലിയയുടെ ഖബറിടമാണെന്ന് മുസ്‌ലിയാർ പ്രഖ്യാപിക്കുന്നു. ഈ വിശ്വാസത്തിന്റെ അടിത്തറയിൽ അവിടെ ഒരു പള്ളി ഉയർന്നുവരുന്നു. കാലക്രമേണ മുതലാളിയുടെ മക്കൾ പള്ളിക്കുവേണ്ടി അവകാശവാദമുന്നയിക്കുകയും നാട്ടുകാർ ഇരുപക്ഷത്തുമായി നിൽക്കുകയും ചെയ്യുന്നു. തർക്കപരിഹാരത്തിനായി എത്തിയ ബ്രിട്ടീഷുകാരനായ പോലീസുദ്യോഗസ്ഥൻ ഖബറിടം പൊളിച്ചപ്പോൾ കിട്ടുന്നത് നായയുടെ തലയോടാണ്. മുമ്പ് നായാട്ടിനായി എത്തിയ ബ്രിട്ടീഷുകാരന്റെ സ്മരണാർത്ഥം കെട്ടിയുണ്ടാക്കിയ സ്മാരകമാണതെന്നും വേട്ടനായയുടെ അവശിഷ്ടമാണതെന്നും തിരിച്ചറിയുന്നു. മുസ്ലീങ്ങൾ ഹറാമായി (നിഷിദ്ധമായി) കണക്കാക്കുന്ന നായതന്നെ ഇവിടെ ആരാധ്യനായി എന്ന ഐറണിയും ഈ കഥയിലുണ്ട്.

### 4.1.1.2.3. എണ്ണപ്പാടത്തെ വിശ്വാസങ്ങൾ

'എണ്ണപ്പാടമെന്ന' നോവലിലെ അധിക കഥാപാത്രങ്ങളും അന്ധവിശ്വാസത്തിലധിഷ്ഠിതമായ ജീവിതത്തിന്റെ ബാക്കിപത്രങ്ങളാണ്. നഫീസത്തുമാല(പ്രകീർത്തന ഗാനം) ചൊല്ലിയാൽ സുഖപ്രസവം ഉണ്ടാകുമെന്ന് അവർ വിശ്വസിച്ചു. റൂഹാൻ കിളി(കാലൻകോഴി) കൂവിയാൽ മരണം കേൾക്കുമെന്നും അവർ

വിശ്വസിച്ചിരുന്നു. ''പതിനാലാം രാവ് അടുത്താൽ എണ്ണപ്പാടത്ത് പേടി പെരുകും നിലാവൊളി പരന്നാൽ അവർ അരണ്ടുപോകും. വേപ്പിലകൾ അപ്പോൾ കാറ്റിൽ പാടുന്നു. തെങ്ങോലകൾ താളം കൊട്ടുന്നു. ആകാശത്തമ്പിളി പാൽചുരത്തുന്നു. കസവായി നിലാവ് മിന്നും. എങ്ങുനിന്നോ റൂഹാൻകിളി കൂകൂം. ഉടനെ എണ്ണപ്പാടത്തെ ചെറ്റവാതിലുകൾ അടയുന്നു.''..........''നിലാവുപരന്നാൽ ഒറ്റമുലച്ചിക്ക് ഇരിപ്പുറക്കില്ല. ഇരിക്കപ്പൊറുതിയും ഉണ്ടാകില്ല. അവൾ പൊത്തിൽനിന്നും പുറത്തേക്ക് ചാടിപ്പോകുന്നു. ഉയരമുള്ള കൊമ്പത്തുവന്നിരിക്കുന്നു. നിലമിഴയുന്ന മുടിക്കെട്ട് അഴിക്കുകയായി. നിലാവിന്റെ പാട്ടിനൊത്തും തൂക്കിയിട്ടകാൽ ആട്ടുന്നു. ചോരക്കണ്ണുകൾ നാലുപാടും ഇൻസിനെ(മനുഷ്യൻ) നോക്കുന്നു'' (മുഹമ്മദ്. എൻ.പി. 1980:38). എണ്ണപ്പാടത്തെ പകൃച്ചിത്താത്തയുടെ വീട്ടുമുറ്റത്ത് നിന്നിരുന്ന ആകാശംതൊടുന്ന വേപ്പുമരവും അതിലെ ആഴമുള്ള പൊത്തും എണ്ണപ്പാടത്തുകാരെ ഭയപ്പെടുത്തിയിരുന്നു. ഒറ്റമുലച്ചി എന്ന യക്ഷിയെ ഭയന്ന് പതിനാലാം രാവിന് സന്ധ്യയ്ക്കുമുമ്പേ വാതിലടച്ച് അകത്തിരിക്കുന്ന എണ്ണപ്പാടത്തുകാർ അദൃശ്യമായ ശക്തികളിൽ വിശ്വസിച്ച് ഭയചകിതരായി ജീവിച്ചു. ബദരീങ്ങൾ, മുഹിയുദ്ദീൻ ഷൈക്ക്, രിഫാഈ ഷൈക്ക് തുടങ്ങിയ രക്ഷാപുരുഷന്മാരെക്കുറിച്ചുള്ള പ്രകീർത്തനങ്ങൾ ദുരിതത്തിലും സന്തോഷത്തിലും ജീവിതത്തിന്റെ ഭാഗമാക്കി. നേർച്ചകളും വഴിപാടുകളും മറ്റുമായി ജീവിച്ച അവർക്ക് മുസ്‌ലിയാക്കന്മാരുടെ വാക്കുകളും ചികിത്സകളും വളരെ പ്രധാനമായിരുന്നു.

#### 4.1.1.2.4. ജിന്നുബാധ

അദൃശ്യശക്തികളെ ഭയന്നും അവയ്ക്ക് വഴിപ്പെട്ടും ജീവിച്ച എണ്ണപ്പാടത്തെ ജനങ്ങളെ, അവരുടെ അന്ധവിശ്വാസം മുതലെടുത്തുകൊണ്ട് സമർത്ഥമായി കബളിപ്പിക്കുന്ന സന്ദർഭം നോവലിൽ എൻ.പി. അവതരിപ്പിക്കുന്നുണ്ട്. പുതുമുസ്ലിമായ അവുള്ളാക്കയും ഭാര്യയായ ആയിസുവും ഡിഫ്ഫും ചേർന്നു നടത്തുന്ന ജിന്നുതട്ടിപ്പിന് എണ്ണപ്പാടത്തുകാർ മുഴുവൻ ഇരകളാകുന്നു. ജീവിക്കാൻ നിവൃത്തിയി

ല്ലാതെ വന്നപ്പോഴാണ് ഡിഫ്ഫ് ജിന്നുതട്ടിപ്പിന് കളമൊരുക്കുന്നത്. എണ്ണപ്പാടത്തു കാരുടെ വിശ്വാസം മുതലെടുത്ത് നടത്തിയ ആ തട്ടിപ്പിന്റെ ആദ്യ ഇര സൂത്രധാരൻ കൂടിയായ അവുള്ളാക്കയായിരുന്നു. ''എണ്ണപ്പാടം മഹ്ലൂക്കുകളുടെ (അദൃശ്യ ജീവികൾ ഉൾപ്പെടുന്ന ജീവിലോകം) രാജ്യമാകുന്നു. എല്ലാ തിങ്കാളായ്സരാവും വെള്ളിയായ്സരാവും ജിന്നുകളും ഇഫ്രീത്തുകളും എണ്ണപ്പാടം സന്ദർശിക്കുന്നു. ഇവരിലും ജാതി രണ്ട്. ഇസ്ലാം ജിന്നും കാഫർജിന്നും'' (മുഹമ്മദ്. എൻ.പി. 1980: 136). ജാതി തിരിച്ചവതരിപ്പിച്ചിരിക്കുന്ന ജിന്നുബാധയുടെ വരവും പോക്കും വ്യത്യ സ്തമാണ്. ''കാഫർജിന്നിന് ഉണങ്ങി ചോരവറ്റിയ പെണ്ണുങ്ങളെ ഇഷ്ടമല്ല. ചോര ത്തുടിപ്പും സീനത്തും ഉള്ള പെണ്ണുങ്ങളെ ബഹുകമ്പമാണ്. ജിന്ന് വന്ന ഉടനെ പെണ്ണ് ഞെട്ടറ്റുവീഴുന്നു. അതാണ് അലാമത്ത്(ലക്ഷണം) ഉടനെ കേൾക്കാം കൂകൽ. ആ കൂകലിനു മനുഷ്യസ്വരത്തിന്റെ മാധുര്യമില്ല. കൂകിക്കൂകി പെണ്ണ് ഞെരങ്ങുന്നു. പിന്നെ മയങ്ങിക്കിടപ്പാണ്. അപ്പോളാണ് രായിൻ മൊല്ലാക്ക ചൂരലു മായി വരിക. പെണ്ണിനെ അടിയോടടി. അടിക്കുന്നത് ജിന്നിനെയാണ്. ജിന്നാണെ ങ്കിലും ഭേദ്യം സഹിക്കുകയില്ല. എന്നിട്ടും ജിന്ന് പോയില്ലെങ്കിൽ ഇസ്മ് പണി തുട ങ്ങും. ഇസ്മ് (ആത്മീയ ചികിത്സ) തുടങ്ങിയാൽ കാഫർജിന്നിന് രക്ഷയില്ല. അത് പൂങ്കൊമ്പു വിടും''(മുഹമ്മദ്. എൻ.പി. 1980: 737). ഇസ്ലാം ജിന്ന് ബാധിച്ചാൽ അതി നെക്കൊണ്ട് ധാരാളം ഗുണങ്ങളുള്ളതായി എണ്ണപ്പാടത്തുകാർ വിശ്വസിച്ചിരുന്നു. ''അത് ഭൂതവും ഭാവിയും തിട്ടപ്പെടുത്തുന്നു. രോഗം മാറ്റുന്നു. പ്രസവവേദന ഇല്ലാതാക്കുന്നു'' (മുഹമ്മദ്. എൻ.പി. 1980: 137). ഈ സാധ്യതയാണ് പലരും ഉപ യോഗപ്പെടുത്തുന്നത്. തങ്ങളുടെ പ്രശ്നങ്ങൾക്ക് ഉത്തമമായ പരിഹാരം നിർദ്ദേശി ക്കാൻ കഴിയുന്ന ഒരു ശക്തിയായി ഇസ്ലാം ജിന്നിനെ അവർ കാണുന്നു. ഇസ്ലാം ജിന്ന് കൂടിയതറിഞ്ഞാൽ ഓടിയെത്തുന്ന ശിഷ്യഗണങ്ങളെക്കുറിച്ച് എൻ.പി. നോവ ലിൽ പ്രസ്താവിക്കുന്നുണ്ട്. തികച്ചും ഭക്തിനിർഭരമായ അന്തരീക്ഷത്തിലിരിക്കുന്ന ജിന്ന് കാര്യങ്ങൾ ഭക്തരോട് നേരിട്ട് പറയില്ല. ഇടനിലക്കാരൻ മുഖേനയാണ് പരി ഹാരങ്ങൾ നിർദ്ദേശിക്കുന്നത്. ആയിസുവിനു കൂടിയ ഇസ്ലാംജിന്നിന്റെ ഇടനിലക്കാ

രായത് ഡിഫ്ഫും മയമ്മതാലിയുമാണ്. അവുള്ളാക്ക, തടിച്ചുകൂടിയ ജനങ്ങളിൽ ഒരുവൻ മാത്രമായി ചുരുങ്ങുന്നു. അവസാനം, തന്ത്രം മെനഞ്ഞുണ്ടാക്കിയ ഡിഫ്ഫിനെ പോലും കബളിപ്പിച്ചുകൊണ്ട് ജിന്നുതട്ടിപ്പിൽ ഒത്തുകിട്ടിയ കനത്ത സമ്പാദ്യവുമായി ആയിസുവും മയമ്മതാലിയും കടന്നുകളയുന്നു. ആ പതനത്തിൽനിന്നും കരകയറാനാകാതെ അവുള്ളാക്ക മരിക്കുന്നു.

ജിന്നുബാധയുമായും ജിന്നു ചികിത്സയുമായും ബന്ധപ്പെട്ട് ധാരാളം അന്ധവിശ്വാസങ്ങൾ ഇന്നും സമൂഹത്തിലുണ്ട്. ഇത്തരം പ്രവണതകളെ എൻ.പി. തന്റെ കൃതികളിലൂടെ രൂക്ഷമായി വിമർശിക്കുന്നു. ''ജിന്നിന് എല്ലാ ചികിത്സാവിധികളും അറിയാം. ആയുർവ്വേദം മുതൽ അലോപ്പതിവരെയുള്ള ചികിത്സകൾ ജിന്നു നടത്തുന്നു. ജിന്ന് ത്രികാലജ്ഞാനമുള്ള അദൃശ്യജീവിയാണല്ലോ'' (മുഹമ്മദ്. എൻ. പി. 1980: 137). ജിന്നിന്റെ ചികിത്സ നടക്കുന്നിടത്തെ ആൾക്കൂട്ടവും ശിങ്കിടികളുടെ പെരുപ്പവും അവിടെ നടക്കുന്ന കൂട്ടുപ്രാർത്ഥനകളും വിതരണം ചെയ്യുന്ന ഭക്ഷണത്തിന് കൽപ്പിക്കുന്ന മഹത്വവുമെല്ലാം അക്ഷേപഹാസ്യത്തിന്റെ ധ്വനിയിലാണ് എൻ.പി. ആവിഷ്കരിക്കുന്നത്.

അന്ധവിശ്വാസജടിലമായ ജീവിതം നയിച്ചു ദാരിദ്ര്യത്തിന്റെ പടുകുഴിയിലേക്കെറിയപ്പെട്ട നിരാലംബരായ അനേകം കഥാപാത്രങ്ങൾ എൻ.പി.യുടെ നോവലുകളിലുണ്ട്. 'മരം' എന്ന നോവലിലെ പ്രധാനകഥാപാത്രമായ ആമിനയ്ക്ക് ഇടക്കിടെ ഉണ്ടാകുന്ന മാനസികവിഭ്രാന്തിയാണ് 'ചൈത്താൻ ബരുത്തം'. ചോരയും നീരുമുള്ള പെണ്ണുങ്ങളുടെ തടിയിലാണ് (ശരീരത്തിൽ) ചൈത്താൻ പ്രവേശിക്കുന്നത്. ചികിത്സക്കായി ശാസ്ത്രീയമായ മാർഗങ്ങളല്ല അവർ ഉപയോഗപ്പെടുത്തുന്നത്. മൊല്ലാക്കയുടെ മന്ത്രിച്ചൂതലും ചൂരൽപ്രയോഗവും മറ്റു ക്രിയകളുമാണ്. എത്ര ചികിത്സിച്ചിട്ടും ചെകുത്താൻ വീണ്ടും വീണ്ടും ആ ശരീരത്തിൽ കയറുന്നു. ചികിത്സകൊണ്ട് കടബാധിതനായാണ് ഇബ്രായിൻ പട്ടാളത്തിൽ ചേരാനായി നാടുവിടുന്നത്.

#### 4.1.1.3. സഹവർത്തിത്വത്തിന്റെ പാത

പുരോഗമനപരമായ ആശയങ്ങളോടും ആധുനിക വിദ്യാഭ്യാസത്തോടും പുറംതിരിഞ്ഞു നിന്നതുകൊണ്ടുതന്നെ ഏറെ തെറ്റിദ്ധരിക്കപ്പെട്ട ഒന്നാണ് മലബാർ മുസ്ലിമിന്റെ ചിത്രം. ആദ്യകാല സാഹിത്യകൃതികളിലൂടെ ആവിഷ്കരിക്കപ്പെട്ട മലബാർ മുസ്ലിമിന്റെ രൂപം വികലമായ ഒന്നായിരുന്നു. വൈക്കം മുഹമ്മദ് ബഷീർ സാഹിത്യരംഗത്തേക്കു കടന്നുവന്നതോടെയാണ് വ്യക്തിത്വമുള്ള മുസ്ലിം കഥാപാത്രങ്ങൾ സാഹിത്യത്തിൽ ഇടംപിടിച്ചത്. സാമൂഹികമായി ഏറെ പിന്നാക്കം നിൽക്കുന്ന വിഭാഗമാണിത്. അവർക്കിടിയിൽ പ്രചരിച്ച അന്ധവിശ്വാസങ്ങൾമൂലം ഇതരസമുദായക്കാരിൽനിന്നും അകന്നുനിൽക്കാനുള്ള പ്രവണതയും പ്രകടമായിരുന്നു. ഇത്തരം സമീപനങ്ങളോട് എൻ.പി.ക്കുള്ള വിമുഖത സാഹിത്യത്തിലൂടെ എൻ.പി. തുറന്നുകാട്ടി. മാപ്പിള മുസ്ലീങ്ങൾ പൊതുവെ സമാധാന കാംക്ഷികളായിരുന്നു. സമാധാനത്തിന്റെയും സഹവർത്തിത്വത്തിന്റെയും പാതയിലൂടെ മുന്നേറാനാണ് അവർ ആഗ്രഹിച്ചിരുന്നത്. ഇത്തരം മാതൃകകൾ എൻ.പി.യുടെ കഥാലോകത്തുനിന്നു കണ്ടെടുക്കാനാകും.

മാപ്പിള മുസ്ലീങ്ങളുടെ സാമുദായിക ജീവിതത്തിന്റെ ഗതി നിർണ്ണയിച്ചിരുന്ന, ഗ്രാംഷിയൻ കാഴ്ചപ്പാടിലെ-സാമ്പ്രദായിക ബുദ്ധിജീവിവിഭാഗമായ പുരോഹിതവർഗ്ഗം എൻ.പി.യുടെ മിക്കകഥകളിലും കടന്നുവരുന്നുണ്ട്. സമൂഹത്തിന്റെ ഓരോ പ്രശ്നത്തിലും ഇടപെടാനും തീർപ്പുകൽപ്പിക്കാനും ഉള്ള സ്വാതന്ത്ര്യം ഇവർക്കുണ്ടായിരുന്നു. മാനവികമായ കാഴ്ചപ്പാടുള്ളവരും യാഥാസ്ഥിതികമായ മനോഭാവമുള്ളവരും ഇക്കൂട്ടത്തിൽ ഉണ്ടായിരുന്നു. സമാധാനത്തിന്റെയും സഹവർത്തിത്വത്തിന്റെയും മികച്ച മാതൃകയായ പുരോഹിതനാണ് 'കാലം' എന്ന കഥയിലെ തങ്ങൾപാപ്പ. കലാപകാലത്ത് കലാപകാരികൾ കൊലപ്പെടുത്തനായി കൊണ്ടുവന്ന അമുസ്ലീങ്ങളെ രക്ഷിക്കാൻ തങ്ങൾപാപ്പ തീർച്ചയാക്കുന്നു. കുഴപ്പക്കാരായവരെ കൊന്നൊടുക്കുക എന്ന ഭ്രാന്തൻ ആശയത്തോട് യോജിക്കാൻ തങ്ങൾപാ

പ്പയ്ക്ക് ആയില്ല. ജനങ്ങൾക്ക് തന്നിലുള്ള വിശ്വാസം മുതലെടുത്തുകൊണ്ട് തങ്ങൾപാപ്പ പ്രവർത്തിക്കുന്നു. 'ശിക്ഷിക്കാനുള്ള അവകാശം ദൈവത്തിനാകുന്നു' എന്ന വചനം വെളിപാടായി താൻ കേട്ടുവെന്നും അവരുടെ കാര്യം താൻ നോക്കി ക്കൊള്ളാമെന്നും പറയുന്നു. അദ്ദേഹത്തിന്റെ വാക്കുകൾ വിശ്വസിച്ച അവർ വധി ക്കാനായി കൊണ്ടുവന്നവരെ അദ്ദേഹത്തെ ഏൽപ്പിച്ച് മടങ്ങിപ്പോകുന്നു. ആ പതി മൂന്നുപേരെയും സ്വതന്ത്രമാക്കി അവരോട് മറ്റെവിടെയെങ്കിലും പോയി രക്ഷപ്പെ ടാൻ പറയുന്ന തങ്ങൾ മനുഷ്യന്റെ മഹനീയമാതൃകയാണ്. കളവ് പറഞ്ഞതിന് ദൈവത്തോട് മാപ്പിരക്കുന്ന അദ്ദേഹത്തിന്റെ പ്രാർത്ഥന നോക്കുക. ''റബ്ബേ ഞമ്മള് ഒരൂക്കൻ കളവ് പറഞ്ഞില്ലെങ്കിൽ മണ്ണും ചാണോം തിര്യാത്ത പഹ്യേര് ഈ പതിമൂ ന്നാളെം കൊന്നീനിം. ഖോജരാജാവായ തമ്പുരാനേ, ഞമ്മള് ശെയ്ത കുറ്റം പൊറുത്ത് ഞമ്മക്ക് ചൊവ്വായ മാർക്കം കാണിച്ചു തരണേ'' (മുഹമ്മദ്. എൻ.പി. 1980 : 310).

ഒരു കൂട്ടായ്മയുടെ സഹവർത്തിത്വമനോഭാവം പ്രകടമാക്കുന്ന കഥയാണ് 'കല്യാണം'. ദരിദ്രരായ നാട്ടുകാർ ചേർന്ന് കല്യാണം നടത്തിക്കൊടുക്കുന്നത് എൻ.പി. വിവരിച്ചിരിക്കുന്നത് നമ്മുടെ സങ്കൽപ്പങ്ങൾക്ക് അന്യമാണ്. റേഷനരി യിൽനിന്നും ഓരോ കുടുംബവും എടുത്തു സൂക്ഷിക്കുന്ന പൊടിയരികൊണ്ട് നെയ്ച്ചോറുണ്ടാക്കിയാണ് നാട്ടുകാർ വിവാഹസദ്യ ഒരുക്കുന്നത്. രാത്രിയിൽ നട ക്കുന്ന വിവാഹത്തിൽ വരന്റെ കൂടെ വന്ന അതിഥികളുടെ തീറ്റ അതിരുകടക്കു മ്പോൾ ചങ്കിടിപ്പോടെ നോക്കി നിൽക്കുന്ന നാട്ടുകാരുടെ ചിത്രം നമ്മുടെ ഭാവ നയെ അമ്പരപ്പിക്കുന്നു. അന്ന് അവരുടെ തീറ്റനിർത്തി മാനം രക്ഷിക്കാനായി പെട്രോമാക്സ് വിളക്ക് നാട്ടുകാർ ഊതിക്കെടുത്തുന്നു. ആ ഇരുട്ടിൽ പൊട്ടിപ്പോയ പാത്രത്തിന്റെ കഷണങ്ങൾ ഉമ്മറത്തെ മൺതറയിൽ പതിച്ചിട്ടിരിക്കുന്നത് വേദന യോടെ നോക്കിക്കാണുന്ന ആഖ്യാതാവ് മനുഷ്യന്റെ മാഹാത്മ്യം ഉയർത്തിക്കാണി ക്കുന്നു. മാപ്പിളമാരുടെ സഹവർത്തിത്വമനോഭാവത്തിന്റെ നിദർശനം എന്നതിനോ

ടൊപ്പം മാനവികവാദിയായ ഒരെഴുത്തുകാരന്റെ അടയാളപ്പെടുത്തലും കൂടിയാണ് ഈ കഥ.

#### 4.1.1.4. മതേതരബോധം

ഹിന്ദുക്കൾക്കും മുസ്ലീങ്ങൾക്കുമിടയിൽ സൗഹൃദവും സമാധാനവും പുലർന്നു കാണാൻ ആഗ്രഹിച്ച വ്യക്തിയായിരുന്നു എൻ.പി. മുഹമ്മദ്. എല്ലാവി ഭാഗക്കാരെയും എപ്പോഴും ഒരുപോലെ സ്വാഗതം ചെയ്തിരുന്ന വീടായിരുന്നു അദ്ദേഹത്തിന്റേത്. അബദ്ധധാരണകൾ മൂലം, തന്റെ സമുദായത്തിൽ നിലനിന്നി രുന്ന ചില പ്രവണതകൾ ഇരുവിഭാഗങ്ങളുടെയും ഐക്യപ്പെടലിന് വിഘാതമാണ് എന്ന് എൻ.പി. മനസ്സിലാക്കിയിരുന്നു. അമുസ്ലീങ്ങളെ 'കാഫിറുകൾ' എന്ന് വിശേ ഷിപ്പിക്കുന്നതിനോട് എൻ.പി.ക്ക് ഒരിക്കലും യോജിക്കാനായില്ല. വിശ്വാസപരമായ കാര്യങ്ങളിൽ വ്യതിരിക്തത പുലർത്തുമ്പോഴും മറ്റുകാര്യങ്ങളിൽ അങ്ങേയറ്റം സഹകരണം പുലർത്തുന്നതാണ് അഭികാമ്യമെന്ന് എൻ.പി. വിശ്വസിച്ചു.

മുസ്ലിമിതരകഥാപാത്രങ്ങൾ കടന്നുവരുന്ന എൻ.പി.യുടെ സാമുദായിക നോവലാണ് 'ദൈവത്തിന്റെ കണ്ണ്'. ഒരു കുട്ടിയുടെ വീക്ഷണങ്ങളിലൂടെ അനാവൃ തമാകുന്ന ഈ നോവലിൽ ഇത്തരം പ്രവണതകളോടുള്ള വിമുഖത എൻ.പി. പ്രക ടിപ്പിക്കുന്നുണ്ട്. യാഥാസ്ഥിതികമനോഭാവക്കാരനും അന്ധവിശ്വാസിയുമായ കോയ സ്സൻ എന്ന മൂത്താപ്പയുടെ സഹായിയാണ് തുപ്രൻ. മൂത്താപ്പയ്ക്ക് എന്തിനുമേ തിനും തുപ്രൻ തന്നെ വേണം. എന്നിട്ടും തുപ്രനെ രണ്ടാം തരമായി കാണുന്ന സമീപനം മൂത്താപ്പയുടെ ആന്തരികതലത്തിൽ ഉള്ളതായി കുട്ടി മനസ്സിലാക്കു ന്നുണ്ട്. തുപ്രൻ ചെറുമനാണ്, മുസ്ലീങ്ങൾ തലമുടി വളർത്തിയാൽ ചെറു മനെപ്പോലെയാകും എന്ന ചിന്ത കുട്ടിയിൽ അടിച്ചേൽപ്പിക്കാൻ മൂത്താപ്പ ശ്രമിക്കു ന്നുണ്ട്. എന്നാൽ കുട്ടിയുടെ മാനസികതലം അത് അംഗീകരിക്കുന്നില്ല. "ഞാൻ വലുതായി മുടിവളർത്തി ചീകിവെച്ചാൽ മൂത്താപ്പക്ക് പിന്നെ എന്നെ തുപ്രനെന്ന് വിളിക്കാനൊക്കുമോ?" (മുഹമ്മദ്. എൻ.പി. 2003 : 12) എന്ന മറുചിന്തയാണ് കുട്ടി

യിൽ അങ്കുരിക്കുന്നത്. ഈ നോവലിലെ അഹമ്മദ് എന്ന ബാലൻ എൻ.പിയുടെ ആത്മാംശം കലർന്ന കഥാപാത്രമാണ്. അമുസ്ലീങ്ങളുടെ വീട്ടിൽനിന്നും ഭക്ഷണം കഴിക്കുന്നത് നിഷിദ്ധമായി യാഥാസ്ഥിതിക മനോഭാവക്കാർ വിശ്വസിച്ചിരുന്നു. ഭക്ഷണപാനീയങ്ങളുമായി ബന്ധപ്പെട്ട് സ്വീകാര്യവും അസ്വീകാര്യവുമായ കാര്യ ങ്ങൾ വ്യക്തമായി മതത്തിനകത്തെ പ്രമാണങ്ങളിൽ പ്രതിപാദിക്കുന്നുണ്ട്. ഇതി ലൊരിടത്തും അന്യമതസ്ഥരുടെ ഭക്ഷണം സ്വീകരിക്കുന്നതിന് വിലക്കേർപ്പെടുത്തി യതായി കാണുന്നില്ല. എന്നിട്ടും സമുദായത്തിൽ നിലനിൽക്കുന്ന ഇത്തരം ധാര ണകൾ മനുഷ്യരെ തമ്മിൽ അകറ്റാൻ മാത്രമേ ഉപകരിക്കുകയുള്ളൂ എന്ന് എൻ.പി. മനസ്സിലാക്കി. ഇത്തരം വിലക്കുകളെ ബാലസഹജമായ നിഷ്കളങ്കതയിലൂടെ മറി കടക്കാൻ ശ്രമിക്കുന്ന ബാലനെയാണ് 'ദൈവത്തിന്റെ കണ്ണിൽ' എൻ.പി. അവതരി പ്പിക്കുന്നത്. കറപ്പൻ സിപ്പായിയുടെ വീട്ടിൽ നിലവിളക്കിനായി ചെന്ന കുട്ടിക്ക് സിപ്പായിയുടെ മകൾ ദേവു ഉണ്ണിയപ്പവും പഴവും നൽകുന്നു. അപ്പോൾ കുട്ടിയുടെ മനസ്സിലേക്ക് കടന്നുവരുന്ന ചിന്തകളും പ്രതികരണങ്ങളും നോക്കുക. ''ഉണ്ണിയപ്പം ഞങ്ങളുടെ വീട്ടിൽ ഉണ്ടാക്കുകയില്ല. ഞങ്ങളുടെ വീട്ടിൽ കലത്തപ്പമാണ് ഉണ്ടാക്കു ക. ഉണ്ണിയപ്പം ഉണ്ടാക്കൽ കാഫറീങ്ങളാണ്''............ പഴം തിന്നോളാം. ഉമ്മ പറ ഞ്ഞിരുന്നു. ''തിയ്യന്മാർ ഉണ്ടാക്കിയ ഒന്നും തിന്നാൻ പാടില്ല. ഉമ്മക്ക് ഇസ്‌ലാമല്ലാ ത്തവർ എല്ലാം തിയ്യന്മാരാണ്........രണ്ടും വരട്ടെ എന്നുകരുതി രണ്ട് ഉണ്ണിയപ്പം തിന്നു. ഉണ്ണിയപ്പത്തിനു നല്ല സ്വാദുണ്ട് ഉമ്മാ.........'' (മുഹമ്മദ് എൻ.പി. 2003 : 96).

ബാലസഹജമായ നിഷ്കളങ്കതയിലൂടെ സമുദായത്തിൽ നിലനിൽക്കുന്ന തെറ്റിദ്ധാരണകളെ ഈ നോവലിലെ ബാലൻ മറികടക്കാൻ ശ്രമിക്കുന്നു. സുസ്ഥി രമായ ഒരു സമൂഹത്തിനായി അതിലെ എല്ലാ വിഭാഗങ്ങളും ഒരുമിച്ച് നിൽക്കേ ണ്ടതാണ് എന്ന ബോധം സാഹിത്യത്തിലും ജീവിതത്തിലും എൻ.പി. പുലർത്തിയി രുന്നു.

#### 4.11.5. എണ്ണപ്പാടത്തെ സമുദായബാഹ്യർ

ഒരു കേന്ദ്രകഥയോ കേന്ദ്രകഥാപാത്രമോ ഇല്ലാത്ത എണ്ണപ്പാടമെന്ന നോവൽ മലയാളസാഹിത്യത്തിലെ വ്യത്യസ്തമായ ഒരു പരീക്ഷണമാണ്. വേറിട്ടു നിൽക്കുന്ന അധ്യായങ്ങൾ, ഓരോ അധ്യായത്തിലും വ്യത്യസ്തമായ കഥകൾ, കഥകളേയും കഥാപാത്രങ്ങളേയും എണ്ണപ്പാടത്തിന്റെ ധാരയിലേക്ക് ചേർത്തിണക്കുന്ന രചനാസവിശേഷത എന്നിവയെല്ലാം കൊണ്ട് ഈ നോവൽ വ്യത്യസ്തത പുലർത്തുന്നു. ചേരിപ്രദേശത്തു ജീവിക്കുന്ന മുസ്ലിംസമൂഹത്തിന്റെ സൗന്ദര്യശാസ്ത്രപരമായ ആഖ്യാനമെന്ന നിലയിൽ എണ്ണപ്പാടമെന്ന നോവലിന് സവിശേഷമായ സ്ഥാനമുണ്ട്.

സമ്പത്തിന്റെയും പദവിയുടേയും അടിസ്ഥാനത്തിലുള്ള സാമൂഹികമായ വേർതിരിവിന്റെ ചിത്രം എണ്ണപ്പാടത്ത് എൻ.പി. അവതരിപ്പിക്കുന്നുണ്ട്. എണ്ണപ്പാടത്തിന്റെ വടക്കനതിരുകളിൽ താമസിക്കുന്നത് ഒന്നാം നമ്പറുകാരായ തറവാട്ടുകാരും ഇപ്പുറത്ത് താമസിക്കുന്നത് രണ്ടാം നമ്പറുകാരായ കാരായ്മക്കാരുമാണ്. സവിശേഷമായ ആചാരരീതികളും ജീവിതസമ്പ്രദായങ്ങളും വെച്ചുപുലർത്തുന്ന ഈ രണ്ടാം നമ്പറുകാരാണ് എണ്ണപ്പാടത്തുള്ളത്. അവരുടെ ദൈവവിശ്വാസം ആചാരങ്ങളിൽ മാത്രമായി ഒതുങ്ങിയിരുന്നു. ആണും പെണ്ണുമടങ്ങുന്ന മിക്ക കഥാപാത്രങ്ങളും സദാചാരപരമായ നിഷ്ഠകൾ പുലർത്തിയിരുന്നില്ല. കുട്ടിയുടെ സുന്നത്തുകല്യാണം മുതൽ തെരഞ്ഞെടുപ്പു പ്രചാരണപരിപാടികളിൽ വരെ മതാത്മകമായ ചിഹ്നങ്ങളെയും ലൈംഗികതയെയും ഇവർ ഒരുപോലെ ഉപയോഗപ്പെടുത്തി. എണ്ണപ്പാടത്തുകാർതന്നെ രണ്ടാം നമ്പറുകാരായിട്ടാണ് പരിഗണിക്കപ്പെട്ടിരുന്നതെങ്കിലും ഇവർക്കിടയിൽതന്നെ വേർതിരിവുകൾ ഉണ്ടായിരുന്നു.

##### 4.1.1.5.1. ഒസ്സാനും പുതുമുസ്ലിമും

ഒസ്സാൻമാർ (ബാർബർമാർ) ഇവർക്കിടയിൽ അനിവാര്യനായ വ്യക്തിയാണ്. പ്രസവം, സുന്നത്തുകല്യാണം എന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കെല്ലാം

ഇവരുടെ സേവനം ഒഴിവാക്കാനാകാത്തതാണ്. എങ്കിലും ഇത്തരക്കാരെ രണ്ടാംതരമായി കാണുന്ന പ്രവണത സമൂഹത്തിൽ നിലനിന്നിരുന്നു. പേരക്കുട്ടിയുടെ സുന്നത്തുകല്യാണം കഴിഞ്ഞതിന്റെ പിറ്റേന്ന് മുറിവിൽ മരുന്നുവെച്ചുകെട്ടുന്നതിനായി ഒസ്സാനായ അവറാനെ ക്ഷണിക്കുകയാണ് ഏനുക്ക.

''മോള് അഞ്ചെ കാത്ത് ഇരിക്ക്ണ്

ഏ ? ഓളെ മോയിറ്റി മൊയ് ചൊല്യോ?

ഏനുക്കയുടെ മുഖം പുളി കടിച്ചപോലായി, ഏനുക്ക വാദിച്ചില്ല. ഉള്ളിൽ കരുതി. നായിന്റെ മോനേ, മൊയ് ചൊല്യാലും ഒസ്സാന്ക്ക്ണ്ടോ അസ്സല് മുസ്ലിമിനെ കല്യാണം കയ്ച്ചുകൊടുക്കല്?'' (മുഹമ്മദ്, എൻ.പി. 1993 : 62).

പൊതുസമൂഹത്തിൽ നിലനിന്നുപോരുന്ന ഇത്തരം അതിർവരമ്പുകളുടെ അപഹാസ്യതയിലേക്കാണ് എൻ.പി.യുടെ ചിന്തകൾ വ്യാപരിക്കുന്നത്. 'മതം' എന്ന അധ്യായത്തിൽ പുതുമുസ്ലിമായ അവുള്ളാക്കക്ക് പെണ്ണന്വേഷിച്ചുകൊണ്ട് വിളിക്കാരത്തിപ്പാത്തുട്ടിയുടെ വീട്ടിലെത്തിയ സംഘത്തിനുണ്ടായ അനുഭവം നോക്കുക. ''തനിക്കാം പെറെന്നോരെ പിയ്യെസ്ലാമിനു കെട്ടിച്ചുകൊടുക്കലുണ്ടോ? എപ്പം തൊടങ്ങി ഈ മാനൂം മര്യാദീം?'' (മുഹമ്മദ്, എൻ.പി. 1993 : 118).''ആണുങ്ങൾ രണ്ടും മൂന്നും നാലും കെട്ടുന്നത് എണ്ണപ്പാടത്തു പുതുമയല്ല. പക്ഷേ പയേ ഇസ്ലാമും പിയ്യേ ഇസ്ലാമും തമ്മിൽ കല്യാണം എണ്ണപ്പാടത്തിന്റെ ചരിത്രത്തിൽ ഉണ്ടായിട്ടില്ല'' (മുഹമ്മദ്, എൻ.പി. 1993 : 118). ജോണിനെ അവുള്ളാക്കയായി ഇസ്ലാമിലേക്ക് ആനയിച്ചവർക്കുതന്നെ അയാൾക്ക് പൂർണ്ണമായ പരിഗണന നൽകാൻ കഴിയുന്നില്ല. പുതിയ ഇസ്ലാം എന്നും പിയ്യെസ്ലാമായിത്തന്നെ നിലനിൽക്കുന്നു. സാഹോദര്യവും സമഭാവനയും ഗ്രന്ഥങ്ങളിൽ മാത്രമായി ഒതുങ്ങുന്നു. ആവേശത്തോളം ഉയർന്നുനിൽക്കാൻ ആദർശത്തിന് സാധ്യമാകാത്തത് സമൂഹത്തിന്റെ കാഴ്ചപ്പാടുകളുടെ വൈകല്യമായി നമുക്ക് അനുഭവപ്പെടുന്നു. നൂറിലധികം കുടുംബങ്ങളും അനാഥകളായ ധാരാളം സ്ത്രീകളും എണ്ണപ്പാടത്തു

ണ്ടായിട്ടും അവുള്ളാക്കാക്ക് പെണ്ണന്വേഷിച്ചുകൊണ്ട് 'തർബിയത്തിൽ' (പുതുമുസ്ലിങ്ങൾക്ക് മതപരമായ അറിവ് നൽകുന്ന സ്ഥാപനം) പോകേണ്ടി വന്നത് പുതുമുസ്ലീങ്ങൾ തരംതാഴ്ന്നവരാണ് എന്ന ചിന്ത ഉള്ളിൽ വഹിക്കുന്നതുകൊണ്ടാണ്. "അവുള്ളാക്ക ഇസ്‌ലാം തന്നെ. ദീനിൽകൂടിയ പുതിയ ഇസ്ലാം, മുസ്‌ലീമിങ്ങൾ മുത്തുനബിയുടെ ഉമ്മത്തിതന്നെ. ഒരേ ഒരു വർഗ്ഗം. എല്ലാവരും സഹോദരൻമാർ. എന്നാലുമുണ്ടല്ലോ ഒരു ചിതം. ജാതിയിലുമില്ലേ മുന്തിയതും താണതും? കുഫ് ഫൊക്കുമോ?" (മുഹമ്മദ്,എൻ.പി.1993:118). തൊഴിലിന്റെയും സമ്പത്തിന്റെയും പാരമ്പര്യത്തിന്റെയും അടിസ്ഥാനത്തിലുള്ള തരംതിരിവുകൾക്ക് ഇസ്‌ലാമികമായ സാധൂകരണമോ അടിത്തറയോ ഉണ്ടായിരുന്നില്ല. എന്നിട്ടും കേരളീയമുസ്ലീങ്ങൾക്കിടയിൽ ഇത്തരമൊരു വേർതിരിവ് ഇന്നും നിലനിൽക്കുന്നുണ്ട്. ദർശനങ്ങളെ അവയുടെ വഴിക്കുവിട്ട് തങ്ങളുടെ സൗകര്യത്തിനനുസൃതമായി രൂപം നൽകിയ വ്യവസ്ഥകളോടുള്ള വിയോജിപ്പ് ഇത്തരം നോവലുകളുടെ രചനയിലൂടെ എൻ.പി. പ്രകടമാക്കി.

#### 4.1.1.5.2. കമ്മ്യൂണിസ്റ്റ് ഉസ്സൻ

എണ്ണപ്പാടത്തെ ഒറ്റപ്പെട്ട ഒരു കഥാപാത്രമാണ് ഉസ്സൻ. പുതുമുസ്ലിമായ അവുള്ളാക്കയുടെ മകൻ. വളർന്നുവന്ന സാഹചര്യങ്ങളിൽനിന്നും നിർബന്ധപൂർവ്വം പറിച്ചുനടപ്പെട്ടതിന്റെ വേദനയനുഭവിക്കുന്ന കഥാപാത്രമാണ്. അപ്പന്റെ മതംമാറ്റത്തോടെ സ്വന്തം സമുദായത്തിൽനിന്നും മാതാവിൽനിന്നും അകന്ന ഉസ്സൻ വന്നുകയറിയ ഇടത്തും ഒറ്റപ്പെട്ടു. അവുള്ളാക്ക ആയിസുവിനെ വിവാഹം കഴിച്ചതോടെ അപ്പനിൽനിന്നും അകന്ന ഉസ്സൻ ആയിസു ജിന്നായിസു ആയതോടുകൂടി തീർത്തും പരിത്യക്തനായി. എണ്ണപ്പാടത്തെ കമ്മ്യൂണിസ്റ്റ് ആശയങ്ങളുടെ പ്രചാരകനും തെരെഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റ് സ്ഥാനാർത്ഥിയുമായ ഉസ്സൻ എണ്ണപ്പാടത്തിനപ്പുറത്തേക്ക് വളർന്നുവികസിക്കാൻ ആഗ്രഹിക്കുന്ന കഥാപത്രമാണ്. രായിൻ മൊല്ലാക്കയുടെ മകളെ കമ്മ്യൂണിസ്റ്റ് അനുഭാവിയാക്കുന്നതിൽ ഉസ്സൻ വിജ

യിക്കുന്നു. അവളെ വോട്ടുചെയ്യാനായി കൊണ്ടുപോകാൻ ശ്രമിക്കുമ്പോൾ മൊല്ലാക്ക പ്രതികരിക്കുന്നതു നോക്കുക. ''ഇഞ്ചേമോളെ കൊണ്ടോകാൻ ഇയ്യാരെടാ ബട്വാ! യഹൂദാ, നസ്രാണീ! ആ ഇയ്യാരാണ്'' (മുഹമ്മദ് എൻ.പി. 1993 : 211). അവുള്ളാക്കയും മകനായ ഉസ്സനും ഇസ്ലാമിലേക്ക് വന്നപ്പോൾ അവരെ സ്വീകരിച്ചാനയിച്ച് പാർക്കാൻ ഇടം നൽകിയ വ്യക്തിയാണ് രായിൻ മൊല്ലാക്ക. അന്ന് വിശാലമനസ്കത കാണിച്ച മൊല്ലാക്കയുടെ പ്രകോപനത്തിൽ വംശീയമായ അധിക്ഷേപം പ്രതിഫലിക്കുന്നുണ്ട്. ഒരു മുസ്ലിമായി ഉസ്സനെ അംഗീകരിക്കാനുള്ള വിമുഖത ആന്തരികതലത്തിൽ മൊല്ലാക്കയിലുണ്ട്.

#### 4.1.1.5.3. വഹാബി

വഹാബി അസ്സൻകോയ എണ്ണപ്പാടത്തെ മറ്റൊരു ഭ്രഷ്ടനാണ്. മുസ്ലീങ്ങൾക്കിടയിലെ പുരോഗമനവാദത്തിന്റെ വക്താക്കളാണ് വഹാബികൾ. ഇവിടെ അസ്സൻകോയ പഴയ ആചാരാനുഷ്ഠാനങ്ങൾ അംഗീകരിക്കാത്ത വ്യക്തിയാണ്. എണ്ണപ്പാടത്തെ അടക്കിഭരിക്കുന്ന സ്ത്രീകളിൽ ഒരാളായ കൗജുവിന്റെ കള്ളപ്പുതിയാപ്ലയായിട്ടാണ് വഹാബി കടന്നുവരുന്നത്. മറ്റു രണ്ടു വമ്പത്തികളായ സൈനുവും മൊല്ലാച്ചിയും കയ്യോടെ പിടികൂടി വഹാബിയെയും കൗജുവിനെയും നിക്കാഹ് കഴിപ്പിക്കുന്നു. കൗജുവിന്റെ ഭർത്താവായ വഹാബി എണ്ണപ്പാടത്തുകാരുടെ കണ്ണിലെ കരടായി മാറുന്നുണ്ട്. മൗലൂദിന് തയ്യാറാക്കിയ കാവ കുടിക്കാതെ നിലത്തൊഴിക്കുന്നതോടെ എണ്ണപ്പാടം അയാൾക്കെതിരെ തിരിഞ്ഞു. ''അസ്സൻകോയ അവശനായിരിക്കുന്നു. വായിലെ ചോര ഇടതുകൈകൊണ്ട് തുടച്ചു. എന്നിട്ടും അരിശം തീരാത്ത മൊല്ലാച്ചി പറഞ്ഞു. കഥകെട്ട ലഹാബീ, കഠിന മൂതേവീ....അന്നേരം മൊല്ലാച്ചിക്ക് ഇൽഹാം. വഹാബി മുസ്ലിമല്ല'..... മുഅ്മിനായ പെണ്ണും കാഫിറായ ആണും തമ്മിലുള്ള ഒരുമിക്കലുണ്ടല്ലോ ഒരുമിക്കല്, ഉമ്മത്തികളെ അതു കടുകടുപ്പായ ഹറാമാണ്. ഖാലള്ളാഹു ഇസ്സവചൽ'' (മുഹമ്മദ് എൻ.പി. 1993 : 145). മൊല്ലാച്ചിയും കൂട്ടരും വഹാബിയെക്കൊണ്ട് നിർബന്ധി

പ്പിച്ച് കൗജുവിനെ മൊഴിചൊല്ലിപ്പിക്കുന്നു.  എണ്ണപ്പാടത്തിന് അതിന്റേതായ നിയമ ങ്ങളും ചിട്ടകളും ഉണ്ട്. അത് തെറ്റിക്കുന്നവരെ കൂട്ടമായി അവർ കടന്നാക്രമിക്കു ന്നു.

ഒസ്സാനും വഹാബിയും കമ്മ്യൂണിസ്റ്റും പുതുമുസ്ലിമുമെല്ലാം അപരവത്ക്കരി ക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു സമൂഹത്തിന്റെ ചിത്രം ഈ നോവലിലുണ്ട്.  വിശ്വ സിക്കുന്ന ആശയത്തിന്റെ പേരിലോ പ്രതിനിധീകരിക്കുന്ന പ്രസ്ഥാനത്തിന്റെ പേരി ലോ കുലമഹിമയുടെ പേരിലോ ആണ് ഇവരെല്ലാ പരിത്യക്തരാകുന്നത്. ഇത്തരം വേർതിരിവുകളും അതിർവരമ്പുകളും മനുഷ്യന്റെ മാഹാത്മ്യത്തെ വിലകുറച്ചു കാണുന്നു.  മനുഷ്യനെയും അവന്റെ അന്തസ്സിനെയും പരമമായി കണ്ട ഒരെഴുത്തു കാരനെ സംബന്ധിച്ച് ഇവയെല്ലാം വേദനാജനകമായ അനുഭവങ്ങളാണ്.  അജ്ഞ തയും അന്ധവിശ്വാസവും മാത്രം കൈമുതലായുള്ള ഒരു സമൂഹത്തിന്റെ ചിത്ര മാണ് എൻ.പി. എണ്ണപ്പാടത്തിലൂടെ അവതരിപ്പിച്ചത്. ഒരർത്ഥത്തിൽ എണ്ണപ്പാടത്തെ കഥാപാത്രങ്ങളെല്ലാംതന്നെ പരിത്യക്തരാണ്. പൊതുസമൂഹത്തിന്റെ കാഴ്ചപ്പാ ടിൽ അവരെല്ലാം സമൂഹത്തിന്റെ അടിത്തട്ടിലുള്ളവരാണ്.  വൈയക്തികമായ സംഘർഷങ്ങൾ മുതൽ തെരഞ്ഞെടുപ്പ് വരെ കടന്നുവരുന്ന ഈ നോവൽ എൻ.പി. യുടെ സർഗ്ഗാത്മകതയുടെ  മറ്റൊരു തലമാണ് അനാവരണം ചെയ്യുന്നത്.

### 4.1.2. രാഷ്ട്രീയ-സാമൂഹ്യാവബോധം

ആദ്യകാല മാപ്പിളക്കഥകളിൽനിന്നും സാമൂഹ്യ-രാഷ്ട്രീയ വിഷയങ്ങളി ലേക്ക് എൻ.പി.യുടെ കഥാപ്രപഞ്ചം വികസിക്കുകയുണ്ടായി. ഒരു സാമൂഹ്യപരി ഷ്കർത്താവിൽനിന്നും ചിന്തകനിലേക്കുള്ള പരിവർത്തനത്തെ അടയാളപ്പെടുത്തു ന്ന കഥകളും നോവലുകളുമാണ് ഈ ഘട്ടത്തിൽ എൻ.പി. രചിച്ചത്. ഈ മേഖല യിൽ എൻ.പി. സ്വീകരിച്ച പ്രമേയങ്ങൾ വൈവിധ്യം നിറഞ്ഞവയാണ്.  സാമൂഹിക പ്രശ്നങ്ങളെ സാമുദായികാന്തരീക്ഷത്തിൽ അവതരിപ്പിക്കുന്നവ, ഇതര സാമൂഹിക പ്രശ്നങ്ങൾ പ്രമേയമായി വരുന്നവ, ദേശീയപ്രസ്ഥാനത്തിന്റെ പരിതോവസ്ഥകളു

മായി ബന്ധപ്പെട്ടു രചിച്ചവ, ശാസ്ത്ര സിദ്ധികളെയും രാഷ്ട്രീയശക്തികളെയും ആസ്പദമാക്കി രചിച്ചവ, മൂല്യബോധവുമായി ബന്ധപ്പെട്ടവ, മത-ദർശനങ്ങളുടെ സ്വാധീനം ഉൾക്കൊള്ളുന്നവ, ധൈഷണികമായ ഉൾക്കനം വഹിക്കുന്നവ എന്നിങ്ങനെ കഥാലോകം വിപുലവും ആവിഷ്കാരരീതിയിൽ വ്യതിരിക്തവുമാണ്.

### 4.1.2.1. സാഹിത്യത്തിലെ രാഷ്ട്രീയ-സാമൂഹ്യാവബോധം

രാഷ്ട്രീയ-സാമൂഹ്യമണ്ഡലങ്ങളിലെ അനുഭവങ്ങളിലേക്ക് എൻ.പി.യിലെ ധൈഷണികപ്രതിഭ സഞ്ചരിച്ചതിന്റെ ഫലമായി ഒട്ടേറെ കഥകൾ അദ്ദേഹം രചിച്ചിട്ടുണ്ട്. വ്യത്യസ്തമേഖലകളെ പ്രതിനിധീകരിക്കുന്ന ഈ കഥകളിൽനിന്നും തെരഞ്ഞെടുത്ത ഏതാനും കഥകൾ മാത്രമാണ് പഠിക്കുന്നത്.

#### 4.1.2.1.1. അവഹേളിക്കപ്പെടുന്ന മാതൃത്വം

സാമൂഹികക്രമവും സാമ്പത്തികചുറ്റുപാടുകളും വ്യക്തികളെ വേട്ടയാടുന്നതിന്റെ ദയനീയാവസ്ഥകൾ ആവിഷ്കരിക്കുന്ന കഥയാണ് ഇടവഴിയിലെ സ്പന്ദനങ്ങൾ. കഥാകൃത്തും സ്നേഹിതനും കാണുന്ന ലോകത്തിന്റെ വൈകൃതരൂപമാണ് കഥയിൽ ആവിഷ്കരിച്ചിട്ടുള്ളത്. സുന്ദരമായ കലാലയത്തിലേക്കുള്ള മലിനമായ ഇടവഴിയിൽ മാനംവിറ്റ് ജീവിക്കേണ്ടിവരുന്ന ഒരു സ്ത്രീയുടെയും ബലിയാടാകേണ്ടിവരുന്ന രണ്ട് മക്കളുടെയും ദുരന്തമാണ് കഥാപ്രമേയം.

ഉന്നതമായ കലാലയത്തിനുപുറത്തുള്ള വൃത്തിഹീനമായ ഇടവഴിയിലെ ജീവിതസ്പന്ദനങ്ങൾ അവഗണിക്കപ്പെടുന്നതായി വിദ്യാർത്ഥിയായ കഥാകൃത്തിന് അനുഭവപ്പെടുന്നുണ്ട്. “ഭൂമിയുടെ ഉത്ഭവത്തെപ്പറ്റി ഞങ്ങൾക്കറിയാം. അടിമസമുദായത്തെയും റോമൻ പരിഷ്കാരത്തെയും ഗ്രീസിലെ പുരാതനഭരണകൂടത്തെയും പറ്റി ഞങ്ങൾക്കറിയാം. പക്ഷേ, ഇടവഴിയിയിലെ ജീവിതം ഞങ്ങൾക്കജ്ഞാതമാണ്. വിജ്ഞാനത്തിന്റെ ദേവാലയത്തിൽ കളങ്കമേശിയ ജീവിതകഥകൾക്ക് സ്ഥാനമില്ല” (മുഹമ്മദ്, എൻ.പി, 1980:77). ഇടവഴിയിൽനിന്ന് ജീവിതത്തിന്റെ വലിയപാഠങ്ങളും

കലാലയത്തിൽനിന്ന് വിപ്ലവകരമായ ആശയങ്ങളും ആശയസംഹിതകളും ഉൾക്കൊണ്ട കഥാകൃത്തിന്റെയും സുഹൃത്തിന്റെയും ചർച്ചകളിൽ ആ സ്ത്രീയും കുട്ടികളും ഇടംപിടിക്കുന്നു. വളർന്നുവരുന്ന അവരുടെ മകൾക്ക് ഈ ദുരിതം വരാതിരിക്കണമെങ്കിൽ സാമൂഹ്യപരിവർത്തനം അനിവാര്യമാണെന്ന് കഥാ കൃത്തിന്റെ അഭിപ്രായത്തെ സുഹൃത്ത് ഖണ്ഡിക്കുന്നത് നോക്കുക. "സാമ്പത്തിക ശക്തികൾ വേശ്യയുടെ ധാർമ്മികമൂല്യങ്ങൾ മാനിക്കുമോ എന്നതാണ് പ്രശ്നം" (മുഹമ്മദ്, എൻ.പി. 1980:79). സാമ്പത്തിക ചുറ്റുപാടുകളാണ് ഈ സ്ത്രീയെ ഇത്തരമൊരു സാഹചര്യത്തിലേക്കു നയിച്ചത്. പകൽമാന്യന്മാരുടെ ലോകം ദുരിത ജീവിതം നയിക്കുന്നവരെ ഒരിക്കലും തിരിച്ചുകയറാനാകാത്തവിധം അതിന്റെ അഗാധതയിലേക്ക് തള്ളിയിടുന്നു. ആദ്യത്തെ കുഞ്ഞിന്റെ മരണത്തോടെ മരണാ നന്തരചടങ്ങുകൾക്കാവശ്യമായ വസ്തുക്കളും മറവുചെയ്യാനിടവും നിഷേധിച്ച സമുദായനേതൃത്വത്തിനൊപ്പം നിൽക്കുന്നവർപോലും അവളെ ചൂഷണം ചെയ്ത വരാണ്. കുഞ്ഞിനെ തന്റെ സൗകര്യങ്ങൾക്കുവേണ്ടി അവൾ കൊന്നതാണെന്ന മുറവിളികൾ അവളുടെ കണ്ണുനീരിനൊപ്പം അലിഞ്ഞില്ലാതാകുന്നതും കഥയിൽ നമുക്ക് കാണാം. മറ്റൊരു കുട്ടിയെ കഴുത്തു ഞെരിച്ചു കൊന്ന് പുഴയിലെറിയാൻ ശ്രമിച്ച കുറ്റത്തിന് അറസ്റ്റിലാകുന്ന ആ സ്ത്രീയുടെ ദുരന്തം കഥാകൃത്തും സുഹൃ ത്തും അതിന്റെ ആഴങ്ങളോടെ ഏറ്റുവാങ്ങുന്നു.

നിലനിൽക്കുന്ന സാമൂഹ്യവ്യവസ്ഥകളും സാമ്പത്തികസാഹചര്യങ്ങളും വ്യക്തികളിൽ സൃഷ്ടിക്കുന്ന ആഘാതങ്ങൾ വളരെ വലുതാണ്. തങ്ങളുടെ ചുറ്റുപാടുകളിൽ നടക്കുന്ന യാഥാർത്ഥ്യങ്ങളെ തിരിച്ചറിയാനോ ഉൾക്കൊള്ളാനോ സാധിക്കാത്ത സമൂഹം മനസ്സാക്ഷി നഷ്ടപ്പെട്ട ഒരാൾക്കൂട്ടം മാത്രമായി പരിണമിക്കുന്നതിന്റെ ഭീകരതയും ഈ കഥയിൽ നമുക്ക് ദർശിക്കാം. തന്റെ സ്വത്തുക്കൾ പരിത്യജിച്ചകഥയും കുലമഹിമയും പറഞ്ഞ് പൂജയുമായിക്കഴിയുന്ന സന്യാസിയും ലോകത്തിന്റെ പുറം കാഴ്ചകളിലൊന്നായി അവരുടെ ദൃശ്യങ്ങളിൽ

പെടുന്നു. ആ സന്യാസിയെക്കുറിച്ചുള്ള സുഹൃത്തിന്റെ അഭിപ്രായം നോക്കുക. “ചൂടൻ ഈ ലോകത്തെ ഉഗ്രമായ പ്രശ്നങ്ങൾ ഞെരുക്കുമ്പോൾ വിളക്കും വിഗ്രഹ വുമായി കഴിഞ്ഞുകൂടുന്നു. അതും മനുഷ്യർക്കുവേണ്ടിയാണെന്ന ഭാവത്തിൽ” (മുഹമ്മദ്, എൻ.പി. 1980:80). പ്രത്യക്ഷമായ സാമൂഹ്യ ജീവിതയാഥാർത്ഥ്യമാണ് ഈ കഥയിൽ എൻ.പി. അവതരിപ്പിക്കുന്നത്. സാമൂഹികതയിൽ വിശ്വസിച്ച എഴു ത്തുകാരനായിരുന്ന എൻ.പി. മുഹമ്മദ് സ്ത്രീയെ ആദരിക്കുന്ന വ്യക്തിത്വത്തിനുടമ കൂടിയായിരുന്നു. അതുകൊണ്ടാണ് വഴിതെറ്റിപ്പോകുന്ന സ്ത്രീയെ പഴിചാരാതെ അവരെ അങ്ങനെയാക്കിത്തീർക്കാൻ പ്രേരിപ്പിക്കുന്ന സാമൂഹികശക്തികൾക്കെ തിരെ വിമർശനമുന്നയിക്കുന്നത്. പുരോഗമന കലാസാഹിത്യകാരന്മാരുടെ ആശയ ത്തോട് ഈ കഥയ്ക്ക് സാമ്യമുള്ളതായി കാണാം.

#### 4.1.2.1.2. ദേശീയപ്രസ്ഥാനത്തിന്റ വഴി

ദേശീയപ്രസ്ഥാനം സജീവമായ കാലത്ത് ആ പശ്ചാത്തലത്തിൽ രചിച്ച കഥകളിലൊന്നാണ് ‘നല്ലവരുടെ ലോകം’. ദേശീയവിമോചനസമരം ശക്തിയാ ർജ്ജിച്ച അക്കാലത്ത് ക്വിറ്റ് ഇന്ത്യ സമരപരിപാടികളിൽ പങ്കെടുക്കാൻ പോകുന്ന വിദ്യാർത്ഥി പ്രതിനിധിക്കുണ്ടാകുന്ന അനുഭവമാണ് കഥയുടെ പശ്ചാത്തലം. വെള്ള ക്കാരനെ ഏറ്റവുമധികം വെറുത്തിരുന്ന ആ സമയത്ത് ഒരു വെള്ളക്കാരനുമായി സൗഹൃദം പങ്കുവെച്ച അനുഭവവും വെള്ളക്കാരന് ഇന്ത്യക്കാരനോടുള്ള മനോ ഭാവവും ഈ കഥയിൽ അനാവരണം ചെയ്യുന്നു. എൻ.പി.യുടെ ദേശീയ ബോധവും മാനവികതാബോധവും പ്രതിഫലിക്കുന്ന കഥയാണിത്.

“ഇന്ത്യയുടെ രാഷ്ട്രീയാഭിലാഷം ഫണമുയർത്തിയ കാലമാണ്. 1942 ആഗസ്റ്റ് 9 കഴിഞ്ഞു. ഗാന്ധിജി കൽത്തുറുങ്കിലാണ്. ദേശീയവിമോചനസമരം ആർത്തലയ്ക്കുന്നു. പ്രവർത്തിക്കുക, അല്ലെങ്കിൽ മരിക്കുക!

ക്വിറ്റിന്ത്യ- ആ ശബ്ദം ഇരമ്പിക്കേറുകയാണ്”(മുഹമ്മദ്,എൻ.പി. 1980: 267).

സമരങ്ങളാൽ ശബ്ദമുഖരിതമായ അക്കാലത്ത് നിഷ്ക്രിയനായിരിക്കുക സാധ്യമല്ല എന്ന് വിദ്യാർത്ഥി പ്രതിനിധിയായ കഥാനായകൻ തെളിയിക്കുന്നു. രാജ്യത്തിന്റെ ആഹ്വാനം കാതിൽവന്ന് അലയ്ക്കുമ്പോൾ കോളേജ്മുറിയിൽ തടവുകാരനായിരിക്കുക സാധ്യമല്ല (മുഹമ്മദ്, എൻ.പി. 1980:267).

ആ യാത്രയിൽ വണ്ടി ഓരോ സ്റ്റേഷനിൽ നിർത്തുമ്പോഴും മുദ്രാവാക്യങ്ങളാൽ മുഖരിതമാകുന്നു. ട്രയിനുള്ളിലേക്ക് കടന്നുവരുന്ന വെള്ളക്കാരനെ നീരസത്തോടെ വീക്ഷിക്കുന്ന കഥാനായകന്റെ ചിത്രം ശ്രദ്ധിക്കുക. "എന്റെ ദേശീയബോധമുള്ള രക്തം തിളച്ചു. ഹൃദയം വികാരവിജൃംഭിതമായി വെള്ളക്കാരൻ!" (മുഹമ്മദ്, എൻ.പി. 1980 :268).

വെള്ളക്കാരന്റെ സാമീപ്യത്താൽ മനസ്സാന്നിധ്യം നഷ്ടപ്പെട്ട വിദ്യാർത്ഥി നേതാവിന് 'ക്വിറ്റ് ഇന്ത്യ' എന്ന് ആർത്തുവിളിക്കാൻ തോന്നുന്നു. "പാലും തേനുമൊഴുകിയിരുന്ന ഈ നാട്ടിൽ പട്ടിണിയും കഷ്ടപ്പാടും സംഭാവന ചെയ്ത സാമ്രാജ്യത്വത്തിന്റെ സേവകൻ, പട്ടാളയുടുപ്പിട്ട വെള്ളക്കാരൻ. കൂറും ഭക്തിയുമുള്ള ഒരു ഭാരതീയനാണു ഞാൻ"(മുഹമ്മദ്, എൻ.പി. 1980:268). തീക്ഷ്ണമായ ആ കാലഘട്ടങ്ങളിലെ ഏതൊരിന്ത്യക്കാരനും അനുഭവപ്പെടുന്ന സ്വാഭാവികവികാരമാണ് വെള്ളക്കാരനെ കണ്ടപ്പോൾ കഥാനായകനും ഉണ്ടാകുന്നത്. പക്ഷേ വെള്ളക്കാരന്റെ സൗഹൃദകാംക്ഷയിൽ ആകൃഷ്ടനായ ആ യുവാവ് അയാളുടെ കയ്യിന് സംഭവിച്ച അപകടത്തെക്കുറിച്ചും സഖിയെക്കുറിച്ചും അന്വേഷിക്കുന്നു. സാധാരണവെള്ളക്കാരന് ഇന്ത്യക്കാരോടുള്ള അനുഭാവപൂർണ്ണമായ സമീപനവും തിരിച്ചറിയുന്നു. "സുഹൃത്തെ, നിങ്ങളുടെ സ്വാതന്ത്ര്യവാഞ്ഛ ഇംഗ്ലണ്ടിലെ അനേകസഹസ്രം ബഹുജനങ്ങൾ അംഗീകരിക്കുന്നു. അവർ സാമ്രാജ്യവാദികളല്ല; മാർദ്ധവമുള്ള മനുഷ്യരാണ്" (മുഹമ്മദ്, എൻ.പി. 1980:270). ദേശീയപ്രസ്ഥാനത്തിന്റെ പശ്ചാത്തലത്തിൽ രചിക്കപ്പെട്ട ഈ കഥ

എൻ.പി.യിലെ മാനവികവാദിയായ എഴുത്തുകാരനെ കാണിച്ചു തരുന്നു. മുൻധാരണകളുടെ അടിസ്ഥാനത്തിലുള്ള വിവേചനപൂർണ്ണമായ പെരുമാറ്റം മനുഷ്യന്റെ മഹത്വത്തിന് മങ്ങലേൽപ്പിക്കുമെന്ന് അദ്ദേഹം വിശ്വസിച്ചു. "ഞാനയാളെ സ്നേഹിച്ചത്, വെള്ളക്കാരെ ഏറ്റവുമധികം ഇന്ത്യക്കാർ വെറുത്തിരുന്നകാലത്താണ്" (മുഹമ്മദ് എൻ.പി. 1980:267) എന്ന ഓർമ്മപ്പെടുത്തൽതന്നെ എൻ.പി.യിലെ മനുഷ്യസ്നേഹിയുടെ അടയാളങ്ങളാണ്. സ്വാതന്ത്ര്യസമരത്തോടും ദേശീയപ്രസ്ഥാനത്തിലെ നേതാക്കന്മാരോടും എൻ.പി.ക്കുണ്ടായിരുന്ന താത്പര്യവും കഥയിൽ നമുക്ക് വായിച്ചെടുക്കാനാകുന്നു.

#### 4.1.2.1.3. ശാസ്ത്രസിദ്ധിക്ക് കടിഞ്ഞാൺ.

ശാസ്ത്രസിദ്ധികളെയും രാഷ്ട്രീയശക്തികളെയും ആസ്പദമാക്കിയതാണ് 'വിഷാണുക്കൾ', 'ഒരു ശാസ്ത്രജ്ഞന്റെ മരണം' എന്നീ കഥകൾ. റോബർട്ട് ന്യൂമാൻ എന്ന കഥാപാത്രമാണ് ഇരു കഥകളിലും കടന്നുവരുന്നത്. ശാസ്ത്രസിദ്ധിക്ക് രാഷ്ട്രീയശക്തി കടിഞ്ഞാണിടുന്നതിന്റെ ഭീകരതയാണ് എൻ.പി. ഈ കഥകളിലൂടെ ആവിഷ്കരിക്കുന്നത് . മാനവരാശിക്ക് ആശ്രയമാകേണ്ട കണ്ടുപിടുത്തങ്ങൾ സങ്കുചിത താത്പര്യങ്ങളാൽ നിക്ഷിപ്ത താത്പര്യക്കാരിലേക്ക് പരിമിതപ്പെടുത്തുന്നത് വേദനയോടെ നോക്കിനിൽക്കേണ്ടിവരുന്ന ശാസ്ത്രജ്ഞനാണ് 'വിഷാണുക്കളിൽ' പ്രതിപാദിക്കപ്പെടുന്നത്. ലോകമാനവീയതയെ ഉയർത്തിപ്പിടിക്കുന്നതും മനുഷ്യസ്നേഹത്തിന്റെ ആദർശാത്മകലോകത്തേക്ക് ഉയർന്നുനിൽക്കുന്നതുമായ കഥയാണിത്.

റോബർട്ട് ന്യൂമാൻ എന്ന കഥാപാത്രം കൂടുതൽ സങ്കീർണ്ണമായ സാഹചര്യങ്ങളിലൂടെ പ്രത്യക്ഷപ്പെടുന്ന കഥയാണ് ഒരു ശാസ്ത്രജ്ഞന്റെ മരണം . മനുഷ്യത്വത്തിന് രാഷ്ട്രങ്ങളില്ലാത്തതുപോലെ ശാസ്ത്രത്തിനും രാഷ്ട്രങ്ങളില്ല എന്ന ആദർശംപുലർത്തുന്ന ന്യൂമാൻ ജയിലിൽ വിചാരണ കാത്ത് കഴിയുകയാണ്.

മറ്റു രാജ്യങ്ങൾക്ക് ശാസ്ത്രീയരഹസ്യങ്ങൾ കൈമാറി എന്നതാണ് ന്യൂമാൻ ചെയ്ത തെറ്റ്, അദ്ദേഹത്തിന്റെ കാഴ്ചപ്പാടനുസരിച്ച് ശാസ്ത്രീയവിവരങ്ങൾ സ്വകാര്യമാക്കിവെക്കാനുള്ള ഒന്നല്ല. അധികാരിവർഗ്ഗത്തിന്റെ സങ്കുചിതതാത് പര്യങ്ങൾക്ക് വഴങ്ങാത്തതിനാൽ ന്യൂമാൻ പലഘട്ടങ്ങളിലും തടവിലാകുന്നുണ്ട്. ന്യൂമാന്റെ ആദർശങ്ങളാണ് അധികാരികളെ അയാൾക്കെതിരെ തിരിക്കുന്നത്. നാഗസാക്കിയിൽ ആറ്റംബോംബിട്ട് നിരവധി പാവപ്പെട്ടവരെ കൊന്നതിന് ആരെ യാണ് ശിക്ഷിക്കേണ്ടത് എന്ന ചോദ്യം ന്യൂമാന്റെ തടവുശിക്ഷയുമായി ബന്ധപ്പെട്ട് ബോണാർഡ് എന്ന കഥാപാത്രം ഉന്നയിക്കുന്നുണ്ട്. അധികാരത്തിന്റെ ക്രൂരതകൾ രാഷ്ട്രനീതിയായും ഒരു മനുഷ്യന്റെ ആദർശം രാജ്യദ്രോഹമായും ഗണിക്ക പ്പെടുന്നു.

ഇത്തരം വ്യവസ്ഥിതികൾക്കെതിരെയാണ് സാഹിത്യത്തിലൂടെ എൻ.പി. പ്രതികരിക്കുന്നത്. ന്യൂമാനെന്ന കഥാപാത്രത്തെ വിചാരണചെയ്ത് വിധിയെ ഴുതേണ്ട ജഡ്ജിയുടെ നേരിട്ടുള്ള അന്വേഷണത്തിന്റെ രൂപത്തിൽ ആഖ്യാനം ചെയ്യപ്പെട്ട ഈ കഥയിൽ എൻ.പി.യുടെ ചിന്താപരമായ ആർജ്ജവം നമുക്ക് ദർശി ക്കാം. വില്യം ഫോക്നറുടെ പ്രസിദ്ധമായ ‘എ ഫാബിൾ’ എന്ന കൃതിയുടെ പ്രമേ യം ഈ കഥയുടെ പശ്ചാത്തലവുമായി കോർത്തിണക്കാൻ എൻ.പി. ശ്രമിച്ചിട്ടുണ്ട്. ജയിലിൽ ന്യൂമാൻ വായിച്ചുകൊണ്ടിരുന്ന പുസ്തകമാണിത്. യുദ്ധം ചെയ്യാൻ വിസമ്മതിച്ച പട്ടാളക്കാരന് പട്ടാളക്കോടതി വധശിക്ഷ നൽകിയ കഥ, ക്രിസ്തു വിന്റെ ജീവിതാനുഭവങ്ങളെ അനുസ്മരിപ്പിക്കുന്ന രീതിയിൽ ഫോക്നർ ആവിഷ്ക രിച്ചിട്ടുണ്ട്. ഒരർത്ഥത്തിൽ ന്യൂമാൻ അനുഭവിക്കുന്ന പീഡനവും ഇതിന് സമാന മാണ്. അധികാരത്തിന്റെ പ്രതിരൂപമായി അവതരിപ്പിക്കപ്പെട്ട മുസ്സോളിനിയും കഥയിലേക്കു കടന്നുവരുന്നുണ്ട്. തന്റെ ഫാസിസ്റ്റുസാമ്രാജ്യത്തിന്റെ ഭദ്രതയ്ക്ക് ന്യൂമാനെപ്പോലൊരു ശാസ്ത്രജ്ഞൻ അനിവാര്യമാണെന്ന് മനസ്സിലാക്കിയ മുസ്സോളിനി ബഹുമതികൾ നൽകി ന്യൂമാനെ വിലക്കുവാങ്ങാൻ ശ്രമിക്കുമ്പോൾ

ന്യൂമാന്റെ സ്വതന്ത്രചിന്ത അതംഗീകരിക്കുന്നില്ല. വ്യക്തിസ്വാതന്ത്ര്യവും ആശയാദർശങ്ങളും ബലികഴിച്ചുകൊണ്ടുള്ള ബഹുമതികളെ തള്ളിക്കളയുന്ന അയാൾ ജയിൽചാടി മറ്റൊരു രാജ്യത്തെത്തി യുദ്ധകാലപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടു തടവിലാകുകയും വിചാരണത്തലേന്ന് ആത്മഹത്യ ചെയ്യുകയും ചെയ്യുന്നു.

ഭരണകൂടങ്ങളുടെ വേട്ടക്ക് നിരന്തരം ഇരയായിക്കൊണ്ടിരുന്ന ഒരു വ്യക്തിയുടെ പതനമാണ് 'ഒരു ശാസ്ത്രജ്ഞനി'ലൂടെ എൻ.പി വരച്ചുകാണിക്കാൻ ശ്രമിച്ചത്. കണ്ടുപിടുത്തങ്ങൾ മാനവരാശിയുടെ നന്മക്കല്ല, മറിച്ച് അവ കുത്തകാവകാശമാക്കി മാറ്റി മറ്റു രാജ്യങ്ങളിൽ വിപണി കണ്ടെത്താനുള്ള മാർഗ്ഗമാണ് അധികാരികൾ തേടുന്നത്. തങ്ങളുടെ ആജ്ഞാനുവർത്തികളായി ജീവിക്കുന്നവർക്ക് സ്വാതന്ത്ര്യവും ബഹുമതികളും യഥേഷ്ടം നൽകുമ്പോൾ തങ്ങൾക്ക് കീഴ്പെടാത്തവരെ ശത്രുക്കളായി കാണുകയും നിരന്തരം വേട്ടയാടുകയും ചെയ്യുന്നു. സ്വതന്ത്രജീവിതം നിഷേധിക്കപ്പെട്ട ശാസ്ത്രജ്ഞന്മാരും ചിന്തകന്മാരും കലാകാരന്മാരും ചരിത്രത്തിന് അപരിചിതമായ ഒന്നല്ല. ഈ നീതിനിഷേധത്തിന്റെ തലം എൻ.പി.യിലെ ചിന്തകനെ നിരന്തരം അലട്ടിയിരുന്നു. സാമൂഹ്യജീവിതത്തെ സംബന്ധിച്ച ഇത്തരം ഉത്കണ്ഠകൾ കഥകളായും ലേഖനങ്ങളായും വായനക്കാരിലേക്ക് പകർത്തുന്നതിലൂടെ എൻ.പി.യിലെ സ്വതന്ത്രചിന്തകനെത്തന്നെയാണ് നാം കാണുന്നത്. തൂക്കമൊക്കാത്ത ലോകത്തിൽ ജീവിക്കുകയും സ്വപ്നങ്ങളുടെ പിന്നാലെ നടക്കുകയും ചെയ്യുന്ന കലാകാരന്മാരും ശാസ്ത്രജ്ഞരും ചിന്തകരും കിറുക്കന്മാരാണ് എന്ന വീക്ഷണം മുന്നോട്ടുവെക്കുന്ന വിത്സൺ എന്ന കഥാപാത്രത്തോട് ഞങ്ങൾക്ക് പരിപൂർണ്ണ പ്രവർത്തനസ്വാതന്ത്ര്യം തരൂ ഞങ്ങൾ ഒരു ലോകം നിർമ്മിക്കാമെന്ന് ആവേശഭരിതനായി പറയുന്ന ബോണാർഡ് എന്ന കഥാപാത്രം എൻ.പി.യിലെ ചിന്തകന്റെ പ്രതിരൂപമാണ്.

#### 4.1.2.2. ധൈഷണികകഥകൾ

എൻ.പി.യുടെ ചില കഥകൾ സാമൂഹ്യ-രാഷ്ട്രീയാവബോധം പ്രകടിപ്പി

ക്കുന്നവയാണെങ്കിലും അവ ധൈഷണികകഥകൾ എന്ന വിശേഷണത്തിന് അർഹമാണ്. ഒരു സാമാന്യവായനക്കാരന്റെ ആസ്വാദനത്തിന് വഴങ്ങാത്ത ഗഹനമായ ചിന്തകൾ ഉൾവഹിക്കുന്ന കഥകളാണ് ഈ വിഭാഗത്തിൽ പെടുന്നത്. 'സരസ്വതീപുരാണം', 'കണ്ടെത്താത്തവൻ', 'കമ്പ്യൂട്ടർ രാജ്,' 'പ്രസിഡന്റിന്റെ ആദ്യത്തെ മരണം' തുടങ്ങിയവ അവയിൽ ചിലതാണ്. ഇത്തരം കഥകളിൽ വികാരം വിചാരത്തിന് വഴിമാറുന്നതോടൊപ്പം വിചാരതലത്തിൽ രൂപംകൊള്ളുന്ന ഫലിതപരിഹാസങ്ങളും ഇടംപിടിക്കുന്നു.

#### 4.1.2.2.1. സരസ്വതീപുരാണം

യന്ത്രവത്കൃതയുഗത്തിൽ സാഹിത്യത്തിന് സംഭവിച്ചു കൊണ്ടിരിക്കുന്ന മൂല്യനഷ്ടം പ്രമേയമായി രചിച്ച കഥയാണ് 'സരസ്വതീപുരാണം'. മനോഹരമായ ഒരു പുരാവൃത്തത്തിന്റെ ചാരുതനൽകുന്ന ഈ കഥ ഒരു സാധാരണ വായനക്കാരന്റെ സംവേദനങ്ങൾക്ക് വഴങ്ങുന്നവയല്ല. സ്വയംപൂർണയാകാൻ തന്റെ ദേവനെത്തേടി അലയുകയാണ് സരസ്വതി. ആദിദേവന്റെ ശാപത്താൽ തന്റെ പ്രിയനെ പൂർണരൂപത്തിൽ ദർശിക്കാനാകാതെ സരസ്വതി അലയുന്നു. കാമുകനെ ത്തേടി അലയുന്ന സരസ്വതി ദൂരവും കാലവും മറികടന്നെത്തുന്നത് ആധുനിക ലോകത്തേക്കാണ്. "രാവും പകലും ഒന്നായകാലത്ത് നിയോൺവിളക്കുകളുടെ എട്ടുകാലിവലയിൽ കുടുങ്ങിയ നഗരങ്ങളിലെ സ്വീകരണമുറികളിലെ അഴകാർന്ന പെട്ടികളിലെ തിരശ്ശീലകളിൽ കൈതോക്കേന്തിയ ചില നഗ്നസുന്ദരികൾ പുരുഷന്മാരെ കണ്ണുകൊണ്ടും കൈത്തോക്കുകൊണ്ടും കൊന്നൊടുക്കുന്നത് കണ്ട് ആണും പെണ്ണും ചിരിച്ചുരസിക്കുമ്പോൾ സരസ്വതി ലോകമാകെ കാമുകനെത്തേടി അലഞ്ഞു".(മുഹമ്മദ്, എൻ.പി. 1980:223).

എൻ.പി. യുടെ ഭാവനാലോകത്തെ സരസ്വതി വാക്കിന്റെ പ്രതിരൂപമാണ്. സരസ്വതി അന്വേഷിക്കുന്ന കാമുകനാകട്ടെ സാഹിത്യത്തിന്റെ പൂർണ്ണതയാണ്.

നിറഞ്ഞുതുളുമ്പുന്ന നഗരജീവിതത്തിനിടയിൽ പേനത്തുമ്പിൽ മഷിയുണങ്ങിയതിൽ ശാപമുതിർക്കുന്ന സാഹിത്യകാരന്മാരെയും വാക്കുകൾകൊണ്ട് വേട്ടനായ്ക്കളെ അഴിച്ചുവിടുന്ന പ്രാസംഗികരെയും നാണയങ്ങളുടെ വൃന്ദവാദ്യം ആസ്വദിക്കുന്ന ഗായകരെയും സരസ്വതി കാണുന്നു. കലാ-സാംസ്കാരിക മേഖലകൾ പണത്തിന്റെയും പദവികളുടെയും വിദ്വേഷത്തിന്റെയും ഇടയിൽ കുടുങ്ങിക്കിടക്കുന്ന ദുരന്തം പുരാണകഥയിലെന്നപോലെ ഭാവനാവിലാസത്തോടെ എൻ.പി. അവതരിപ്പിക്കുന്നു. സാഹിത്യാദികലകളുടെ പേരിൽ മേനിനടിക്കുന്നവരിൽ പലരും അപൂർണ്ണരാണ് എന്ന തിരിച്ചറിവ് അവർക്കുണ്ടാകുന്നില്ല. പക്ഷെ സരസ്വതിക്കുണ്ടാകുന്നു. "പ്രിയതമന്റെ കണ്ണുകൾ മാത്രം കിട്ടിയവർ, ചെവി മാത്രം കിട്ടിയവർ, തലകിട്ടിയവർ, ആകാരം കിട്ടിയവർ, ഓടക്കുഴലിന്റെ പട്ടുതൊങ്ങൽ കിട്ടിയവർ എല്ലാം എല്ലാം വിദ്യാപതികൾ. അംശിച്ചു പോയ കാമുകന്റെ വിവിധഭാഗങ്ങൾ നേടിയെടുത്ത വ്യപാരികൾ. മാമച്ചെള്ളിളകിയ പേക്കൂത്തുകാർ. കണ്ണുള്ളവനെ കൈപിടിച്ചു നടത്തുന്ന കുരുടന്മാർ. അദ്ദേഹത്തെ മാത്രം സരസ്വതി കണ്ടില്ലല്ലോ" (മുഹമ്മദ് എൻ.പി. 1980:224). താൻ പൂർണ്ണരൂപത്തിൽ അന്വേഷിക്കുന്ന പ്രിയതമനും ആദിദേവനും താൻതന്നെയും ഒരു സങ്കൽപ്പമാണെന്ന യാഥാർത്ഥ്യം സരസ്വതി തിരിച്ചറിയുന്നു. അതോടെ വലിയ മുറിയിൽ ചങ്ങലക്കിട്ട ഉരുക്കുരാക്ഷസനെപ്പോലെ നിൽക്കുന്ന അച്ചടിയന്ത്രത്തിന്റെ കൂർത്തപല്ലുകൾക്കിടയിലൂടെ സരസ്വതി ആ വായിലേക്കിറങ്ങി. "സരസ്വതിയുടെ മുടി കെട്ടഴിച്ചു ഗുഹയിലേക്ക്, ആമാശയത്തിലേക്ക്, രാക്ഷസൻ കൊണ്ടുപോവുമ്പോൾ, ഇടതൂർന്ന പനങ്കുലപോലുള്ള സരസ്വതിയുടെ കറുത്തമുടി നുറുങ്ങു നുറുങ്ങായി, അണുവണുവായി, വെളുത്തതാളുകളിൽ പറ്റിപ്പിടിച്ചു. രാക്ഷസൻ അത് പുറത്തേക്കെറിഞ്ഞു" (മുഹമ്മദ്,എൻ.പി 1980:225).

എൻ.പി.യുടെ ധൈഷണികഭാവനയും ഭാഷയും മികച്ചരീതിയിൽ ഇഴചേർത്ത കഥയാണിത്. സാഹിത്യ-സാംസ്കാരിക മേഖലക്ക് സംഭവിച്ച മൂല്യ

ത്തകർച്ചയുടെ കഥ എന്നതിലപ്പുറം ഈ കഥ മുന്നോട്ടുവെക്കുന്ന ഭാവന അദ്വിതീയമാണ്. എൻ.പി.യുടെ ഭാവനയിൽനിന്നും രൂപംകൊണ്ട ഒരാധുനികമിത്തിലൂടെയാണ് ഈ കഥ വികസിക്കുന്നത്. സാങ്കേതികവിദ്യയുടെ യുഗത്തിൽ കലാസാഹിത്യാദികൾക്ക് സംഭവിച്ചുകൊണ്ടിരിക്കുന്ന അപചയത്തെക്കുറിച്ച് എൻ.പി.യിലെ ചിന്തകൻ ആകുലനായിരുന്നു. 'പുകക്കുഴലും സരസ്വതിയും' എന്ന പേരിൽ ഈ വിഷയവുമായി ബന്ധപ്പെട്ട ഒരു ലേഖനം എൻ.പി എഴുതിയിട്ടുണ്ട്. വ്യവസായവത്കരണത്തിനായി നടത്തുന്ന ആസൂത്രിതമായ ശ്രമങ്ങൾ സമൂഹത്തെ പരിവർത്തിപ്പിക്കുമെന്നും ആ പരിവർത്തനങ്ങൾ കലാസാഹിത്യാദികളെയും ബാധിക്കുമെന്നും എൻ.പി. വിശ്വസിച്ചു. "ജനജീവിതത്തിലുണ്ടാകുന്ന പരിണാമം മാനുഷികഗന്ധമുള്ള സാഹിത്യാദികലകളിലും പ്രതികരണമുണ്ടാക്കാതെ വയ്യ. ഈ പ്രതികരണങ്ങൾ സാഹിത്യാദി കലാശാസനകളുടെ അടിത്തറവരെ ചെന്നെത്തുമോ?" (മുഹമ്മദ്, എൻ.പി. 2006:43) എന്ന ആശങ്ക എൻ.പി പങ്കുവെക്കുന്നുണ്ട്. പുതിയ സാമ്പത്തിക -സാമൂഹികക്രമത്തിൽ പണവും പ്രശസ്തിയും പ്രധാനമാകുന്നതോടെ അതുണ്ടാക്കാനുള്ള മാർഗ്ഗമായി കലയെ കാണുമ്പോൾ കലക്കും അനുബന്ധമേഖലകൾക്കും അപചയം സംഭവിക്കുന്നു. 'സരസ്വതീപുരാണം'എന്ന കഥയിലൂടെ എൻ.പി. പങ്കുവെക്കുന്ന ധാർമ്മികമായ ചിന്താതലമാണിത്.

#### 4.1.2.2.2. കമ്പ്യൂട്ടർ രാജ്

മനുഷ്യനുമേൽ യന്ത്രങ്ങൾ ആധിപത്യംസ്ഥാപിക്കുന്ന ഒരു കാലത്തെ മുന്നിൽ കണ്ടുകൊണ്ട് ആക്ഷേപഹാസ്യത്തിന്റെ രൂപത്തിൽ രചിച്ച ചെറുകഥയാണ് 'കമ്പ്യൂട്ടർരാജ്'. പാർലമെന്റിൽ നടക്കുന്ന അവിശ്വാസവോട്ടെടുപ്പുമായി ബന്ധപ്പെട്ടുകൊണ്ടാണ് കഥ വികസിക്കുന്നത്, യന്ത്രവത്കൃതവോട്ടെടുപ്പിന്റെ പരിശോധനാഫലത്തിൽ കമ്പ്യൂട്ടർ വോട്ടു ചെയ്തവരേക്കാൾ കൂടുതൽ വോട്ടുകൾ രേഖപ്പെടുത്തുന്നു. യന്ത്രത്തകരാറെന്നു കരുതി നടത്തുന്ന അടുത്ത ഘട്ടത്തിലെ

ഫലവും ഇത്തരത്തിലാകുന്നതോടെ സഭ പ്രക്ഷുബ്ധമാകുന്നു. കമ്പ്യൂട്ടർ തകർക്കാൻ ശ്രമിക്കുമ്പോൾ ഒരേകാധിപതിയെപ്പോലെ മനുഷ്യഭാവംപൂണ്ട കമ്പ്യൂട്ടർ സഭയിൽ പ്രസംഗിക്കുന്നു. ഉന്നതരെല്ലാം കമ്പ്യൂട്ടറിന്റെ അജ്ഞാത ശക്തിയിൽ പകച്ചുപോവുകയും യന്ത്രത്തെ നിയന്ത്രിക്കാനാകാതെ പരാജിത രാവുകയും ചെയ്യുന്നു.

"ഞങ്ങൾ യന്ത്രങ്ങൾ മനുഷ്യരാശിയിൽ അവിശ്വാസം രേഖപ്പെടുത്തി യിരിക്കുന്നു (മുഹമ്മദ്, എൻ.പി, 1980:250). മനുഷ്യന്റെ ആജ്ഞാനുവർത്തികളായി ജീവിച്ച യന്ത്രങ്ങൾക്ക് ഇനിയത് സ്വീകാര്യമല്ലെന്ന് കമ്പ്യൂട്ടർ പ്രഖ്യാപിക്കുന്നു. ഈ കഥയിൽ കമ്പ്യൂട്ടർ 'രാജ്' ആണ്. ടെക്നോളജി മനുഷ്യനുമേൽ ആധിപത്യം സ്ഥാപിക്കുന്ന ഒരു കാലമാണ് എൻ.പി. തന്റെ ധൈഷണികഭാവനയിലൂടെ അനാവരണം ചെയ്യുന്നത്. സാങ്കേതികവിദ്യ മാനവരാശിയെ കീഴ്പെടുത്തു ന്നതിന്റെ ചിത്രം അവതരിപ്പിക്കുന്നതിനോടൊപ്പം ജനാധിപത്യത്തിനു സംഭവിച്ചു കൊണ്ടിരിക്കുന്ന അപചയത്തോടുള്ള പ്രതികരണവും ഈ ഉപഹാസകഥയിൽ ഉള്ളടങ്ങിയിരിക്കുന്നു. "നിങ്ങളിൽ ഒരു കക്ഷി അധികാരത്തിൽ വന്നാൽ പശുക്കൾക്ക് ഹോർലിക്സും മനുഷ്യന് പുല്ലും കൊടുക്കുമെന്നു പുറപ്പെടുവി ച്ചിട്ടുണ്ടല്ലോ"(മുഹമ്മദ്, എൻ.പി. 1981:251). അതിനെ കമ്പ്യൂട്ടർ രാജ് ചോദ്യം ചെയ്യുന്നുണ്ട്. രാഷ്ട്രീയത്തിന്റെ തനിനിറം പ്രകടമാക്കുന്ന വാക്ധോരണികൾ ക്കെതിരെയുള്ള പ്രതികരണം എന്നതിലപ്പുറം ഈ കഥ പങ്കുവെക്കുന്ന സൂക്ഷ്മ രാഷ്ട്രീയത്തിന്റെ തലം ശ്രദ്ധേയമാണ്.

യന്ത്രങ്ങൾ മനുഷ്യന്റെ വൈകാരികതലത്തെ അന്യവത്കരിക്കുന്നത് ആക്ഷേപഹാസ്യത്തിന്റെ മാതൃകയിൽ എൻ.പി അവതരിപ്പിച്ചിരിക്കുന്നു. അവിചാരിതമായി പ്രവർത്തനരഹിതമാകുന്ന യന്ത്രങ്ങൾ മനുഷ്യന് വലിയ വെല്ലുവിളിയാണ് ഉണ്ടാക്കുന്നത്. അവ മനുഷ്യന്റെ വൈകാരിഭാവങ്ങളെ

നിയന്ത്രിക്കുകയും നശിപ്പിക്കുകയും ചെയ്യുന്നതിന്റെ ആകുലതകൾ വിശ്വ സാഹിത്യത്തിൽ ആവിഷ്കരിക്കപ്പെട്ടിട്ടുണ്ട്. ഈ ആകുലതയാണ് എൻ.പിയിലും പ്രതിഫലിക്കുന്നത്. ജീവിതത്തിന്റെ സമസ്തമേഖലകളിലേക്കും കടന്നുകയറുന്ന യന്ത്രങ്ങൾ മനുഷ്യനിൽ ദാസ്യമനോഭാവം വളർത്തി യെടുക്കുന്നുണ്ട്. സാങ്കേതിക വിദ്യയുടെ അതിപ്രസരവും രാഷ്ട്രീയചൂഷണങ്ങളും നിറഞ്ഞ ഭാവിയെക്കുറിച്ചുള്ള ആശങ്കകളാണ് ഇത്തരം ചിന്തോദ്ദീപകമായ കഥകളിലൂടെ എൻ.പി. പങ്കു വെക്കുന്നത്

**4.1.2.2.3. പ്രസിഡന്റിന്റെ ആദ്യത്തെ മരണം**

ഉപഹാസകഥയുടെ ഛായയുള്ള ശീർഷകം നൽകിയ 'പ്രസിഡന്റിന്റെ ആദ്യത്തെ മരണം' എന്ന കഥയിൽതന്നെ ചിന്താപരമായ സമീപനത്തിന്റെ ആർജ്ജവം കാണാം. പത്രപ്രവർത്തനത്തിന്റെ രാഷ്ട്രീയം പ്രമേയമായി വരുന്ന ഈ കഥ, പത്രവ്യവസായത്തിനു പിന്നിൽ മറഞ്ഞിരിക്കുന്ന അർത്ഥശൂന്യമായ സംഭവവികാസങ്ങളെ ഉപഹാസരൂപേണ അവതരിപ്പിക്കുന്നു. ഒരു പത്രമോഫീ സിലെ പത്രപ്രവർത്തകരുടെ ഒരു ദിനത്തിലെ ഒരൊറ്റ വാർത്തയെ ആസ്പദമാക്കി മെനഞ്ഞെടുത്ത ഈ കഥയിൽ പത്രപ്രവർത്തകൻ കൂടിയായ എൻ.പി.യിലെ ചിന്ത കന്റെ സാന്നിധ്യമുണ്ട്. പത്രമോഫീസിൽ വൈകിക്കിട്ടിയ ഒരു ടെലഗ്രാമാണ് കഥയെ വൈകാരികവും വൈചാരികവുമായ സംഘർഷത്തിലാക്കുന്നത്. പ്രസി ഡന്റ് ഘോഷിന്റെ ആരോഗ്യനില അതീവ ഗുരുതരമെന്ന വാർത്തയാണ് വൈകിയ വേളയിൽ അവർക്ക് ലഭിക്കുന്നത്. പിറ്റേന്നിറങ്ങാനുള്ള പത്രത്തിലേക്കുള്ള മികച്ച വാർത്തയായി അവരതിനെ കാണുന്നു. ''ഞങ്ങൾ ഉണർന്നിരിക്കുമ്പോൾ ലോകം ഉറങ്ങുന്നു. ഉറങ്ങിയ ലോകം കാലത്തെ പത്രം കണ്ടു ഞെട്ടും, ഞെട്ടട്ടെ. രണ്ടു ലക്ഷം കണ്ണുകൾ പത്രത്തിനുവേണ്ടി കാത്തിരിക്കുന്നു. നാളെ ഊണിനേക്കാൾ പ്രിയം പത്രത്തോടായിരിക്കണം'' (മുഹമ്മദ് എൻ.പി. 1980 : 285). ഉറക്കം തൂങ്ങി ക്കൊണ്ടിരുന്ന പത്രമോഫീസ് ചടുലമാകുന്നതും വൈയക്തികമായ വികാരവിചാര

ങ്ങൾ അവരിൽനിന്നും അകന്നുപോകുന്നതും നാം കാണുന്നു.  മറ്റു പത്രങ്ങളേക്കാൾ ഒരു പടികൂടി മുന്നിൽ നിൽക്കണമെന്ന മത്സരബുദ്ധികൊണ്ട് മരിക്കാത്ത പ്രസിഡന്റിന്റെ മരണദിനത്തിലിറങ്ങാനുള്ള പത്രമാണ് ഉറക്കമിളച്ചിരുന്ന് അവർ തയ്യാറാക്കുന്നത്. പ്രസിഡന്റിന്റെ ജീവിതത്തിലെ നാഴികക്കല്ലുകൾ അടുക്കും ചിട്ടയുമായി അവർ ശേഖരിക്കുന്നു. പ്രമുഖരുടെ അനുശോചനസന്ദേശങ്ങൾ ചേർക്കാനുള്ള തയ്യാറെടുപ്പുകൾക്കിടയിൽ  രാഷ്ട്രത്തലവന്റെ നിര്യാണത്തിൽ ദുഃഖാകുലമാകുന്ന ജനതയെ അവർ സങ്കൽപ്പിക്കുന്നു. ''അനാഥമായ ജനം ഞങ്ങൾക്കതിൽ പങ്കില്ല. പക്ഷേ ദുഃഖത്തിന് ആഴവും പരപ്പും കൂട്ടേണ്ടത് ഞങ്ങളാകുന്നു'' (മുഹമ്മദ് എൻ.പി. 1980 : 285).  പത്രത്തിന്റെ പ്രചാരവും പ്രസിദ്ധിയും വർദ്ധിപ്പിക്കാനായി എന്തും ചെയ്യാൻ മടിക്കാത്ത ആധുനിക പത്രവ്യവസായത്തിന്റെ യഥാതഥമായ ചിത്രമാണ് കഥാസന്ദർഭങ്ങളിലൂടെ അനാവൃതമാകുന്നത്.

പ്രമുഖരുടെ അനുശോചനസന്ദേശങ്ങൾ തയ്യാറാക്കുന്നതിനിടയിൽ 'മാധവ്ജി' എന്ന പ്രമുഖന്റെ കാര്യം അവർക്കൊരു പ്രശ്നമായി അനുഭവപ്പെടുന്നു. അതിനായി പ്രസിഡന്റ് മരിച്ചെന്ന് കള്ളം പറയാൻ ന്യൂസ് എഡിറ്റർ നിർബന്ധിക്കുന്നു. അത് പാപമല്ലേ എന്ന റിപ്പോർട്ടറുടെ ചോദ്യത്തിന് ന്യൂസ് എഡിറ്റർ നൽകുന്ന മറുപടി നോക്കുക. ''കർമ്മമാണ് കാര്യം.  ഘോഷ് ഏതെങ്കിലുമൊരു ദിവസം മരിക്കാതെ വയ്യല്ലോ. ഘോഷിനെക്കുറിച്ച് മാധവ്ജിക്കും മാധവ്ജിയെക്കുറിച്ച് ഘോഷിനും അഭിപ്രായങ്ങൾ ഉണ്ടായിരിക്കും. അത് അവരുടെ മരണത്തിനു മുമ്പേയുള്ള സൗഹൃദത്തിൽ നിന്നും ഉണ്ടായതാണ്.  അത് പൊതുജനങ്ങൾക്കവർ..............'' (മുഹമ്മദ് എൻ.പി. 1980 : 289).

മരണസമയം കുറിക്കുന്നതിനായി ഇത്തിരി സ്ഥലം മാത്രം ഒഴിച്ചിട്ടുകൊണ്ട് തയ്യാറാക്കുന്ന അന്നത്തെ പത്രം അച്ചടിമഷി കാത്തുകിടക്കുന്നു. പത്രക്കെട്ടുകളെടുക്കാൻ നിരനിരയായി നിർത്തിയിട്ട ലോറികളും ലോകം ഉണരുന്നതിന്റെ ശബ്ദങ്ങളും അവരെ ആശങ്കയിലാഴ്ത്തുമ്പോൾ പ്രസിഡന്റ് മരിച്ചിട്ടില്ലെന്ന വാർത്ത

യാണ് അവരെ കാത്തിരിക്കുന്നത്. എന്നാൽ ദിനരശ്മി എന്ന മറ്റൊരു പത്രം രണ്ടു തരത്തിൽ പത്രമുണ്ടാക്കി എന്ന രഹസ്യവിവരം അവർക്ക് ലഭിക്കുന്നു. ഒന്ന് പ്രസിഡന്റിന്റെ നില ആശങ്കാജനകമെന്നും മറ്റൊന്നിൽ പ്രസിഡന്റ് ദിവംഗതനായി എന്നും. എന്തുകൊണ്ട് ഇരട്ടപത്രമെന്ന ആശയം നമുക്കു തോന്നിയില്ല എന്ന ചോദ്യത്തിന് മാനേജർ പറയുന്ന ഉത്തരം നോക്കുക. ''ഞാൻ മോശം ബിസിനസ്സുകാരൻ. ഞാൻ കൂടുതൽ ദൈവത്തിൽ വിശ്വസിച്ചുപോയി'' (മുഹമ്മദ് എൻ.പി. 1980: 294).

ആധുനിക പത്രവ്യവസായത്തിന്റെ രാഷ്ട്രീയം ചർച്ചചെയ്യപ്പെടുന്ന ഈ കഥ എൻ.പി.യിലെ ചിന്തകന്റെ സൃഷ്ടിയാണ്. ഒരു പത്രപ്രവർത്തകൻ കൂടിയായ എൻ.പിയുടെ അനുഭവലോകമാകാം ഇത്തരമൊരു കഥാശില്പം രൂപപ്പെടുത്തിയെടുക്കാൻ എൻ.പി.യെ പ്രേരിപ്പിച്ചത്. പത്രത്തിന്റെ പ്രചാരം വർധിപ്പിക്കാനായി താൻ ചെയ്യുന്ന കാര്യങ്ങൾ നീതിയുക്തമല്ല എന്ന ബോധ്യം സാമ്പാറാനന്ദൻ എന്നറിയപ്പെടുന്ന ന്യൂസ് എഡിറ്റർക്കുണ്ട്. ''എനിക്കിനി ഒരൊറ്റ ആഗ്രഹമേ ഉള്ളൂ. റിട്ടയർ ചെയ്താൽ ചെയ്തുപോയ പാപത്തിന് പരിഹാരം കാണ്മാൻ ഞാൻ ഹിമാലയത്തിലേക്കു പോകും. പച്ചക്കള്ളം ഞാൻ പത്തര മാറ്റ് സത്യമാക്കി മാറ്റിയിട്ടുണ്ട്. ഹിമാലയത്തിന്റെ അടിവാരത്തിൽ ഒരുകുടിൽ കെട്ടി........'' (മുഹമ്മദ് എൻ.പി. 1980: 282). ഇത്തരത്തിലുള്ള സാമ്പാറാനന്ദൻമാർ നമുക്കു ചുറ്റുമുള്ള പത്രലോകത്തുണ്ട് എന്ന യാഥാർത്ഥ്യം ഉപഹാസരൂപേണ എൻ.പി. അവതരിപ്പിക്കുന്നു. നുണകളുടെയും പൊങ്ങച്ചങ്ങളുടെയും യാന്ത്രികമായ ലോകത്തുനിന്നു ജീവിതത്തിന്റെ വൈകാരികതലത്തെ പുണരുവാൻ ആഗ്രഹിക്കുന്ന മനുഷ്യർ ആ ലോകത്ത് ചുരുങ്ങിപ്പോകുന്നതും ഈ കഥയിൽ നമുക്ക് ദർശിക്കാം. സത്യത്തിനും നീതിക്കും വിരുദ്ധമായി പ്രവർത്തിക്കാൻ നിർബന്ധിതരായിത്തീരുന്നവരെയാണ് നാം ഈ കഥയിൽ കാണുന്നത്. കാലത്തിന്റെ ചടുലമായ വേഗത്തിനപ്പുറം സഞ്ചരിക്കാൻ മൂല്യങ്ങൾ ബലികഴിക്കുന്ന പത്രവ്യവസായലോകത്തിന്റെ വൈരൂപ്യങ്ങളാണ് ഈ

കഥയിൽ ദർശിക്കുന്നത്. അതോടൊപ്പം പത്രപ്രവർത്തകർ അനുഭവിക്കുന്ന മാന സികസംഘർഷങ്ങളും കഥയിൽ അനാവൃതമാകുന്നു.

സമൂഹം അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രശ്നത്തെക്കുറിച്ച് ആലോചിക്കുകയും ആ ചിന്തകളെ കഥകളിലൂടെ പങ്കുവെക്കുകയുമാണ് എൻ.പി. ചെയ്തത്. സമൂഹത്തെ സംവാദാത്മകമായ ഒരു തലത്തിലേക്ക് കൊണ്ടെത്തി ക്കാനും ചിന്തോദ്ദീപകമായ ഇത്തരം കഥകളിലൂടെ സാധിക്കുന്നു. ''രാഷ്ട്രീയ-സാമൂഹ്യജീവിതത്തിൽ മനുഷ്യർ ഗൗരവബുദ്ധ്യാ എടുത്തുപിടിക്കുന്ന പലതി ന്റെയും അപഹാസ്യമായ അർത്ഥശൂന്യതയുടെ നേരെ എറിഞ്ഞ ബോംബുകളാണ് 'കമ്പ്യൂട്ടർ രാജും'', വിശേഷിച്ചും 'പ്രസിഡന്റിന്റെ ആദ്യത്തെ മരണവും. അത്ര കരു ത്തുറ്റ ആക്ഷേപഹാസ്യകഥകൾ മലയാളകഥാസാഹിത്യത്തിൽ എടുത്തുകാട്ടാൻ വളരെയൊന്നുമില്ല'' (അച്യുതൻ എം. 1980:xi)

#### 4.1.2.3. സമഗ്രാധിപത്യത്തിനെതിരെ

ഹിരണ്യകശിപു, നാവ്, തങ്കവാതിൽ എന്നീ നോവലുകൾ സമഗ്രാധിപത്യം പ്രമേയമായി രചിക്കപ്പെട്ടവയാണ്. പുരാണത്തിന്റെയും ചരിത്രത്തിന്റെയും ഭാവനയുടെയും പശ്ചാത്തലത്തിൽ രചിച്ച ഈ നോവലുകൾ എൻ.പി.യുടെ സാമൂഹ്യ-രാഷ്ട്രീയാവബോധത്തിന്റെ മികച്ച പ്രതിഫലനങ്ങളാണ്.

#### 4.12.3.1. ഹിരണ്യകശിപു-പുരാണമിത്തിന്റെ രാഷ്ട്രീയപ്രവേശം

ഇംഗ്ലീഷ് നോവലിസ്റ്റും ലേഖകനുമായ ജോർജ് ഓർവെല്ലിന്റെ വിഖ്യാത മായ രാഷ്ട്രീയ നോവലാണ് '1984'. ഈ നോവലിന്റെ പ്രേരണ ഉൾക്കൊണ്ടു കൊണ്ട് എൻ.പി. രചിച്ച നോവലാണ് 'ഹിരണ്യകശിപു'. കാലദേശാതിർത്തിയായി നിലകൊള്ളുന്നതും എക്കാലത്തും പ്രസക്തമായി നിലനിൽക്കുന്നതുമായ ഹിരണ്യ കശിപു എന്ന മിത്തിലൂടെ അധികാരരാഷ്ട്രീയത്തെയും സമഗ്രാധിപത്യപ്രവണത യെയും ആക്ഷേപഹാസ്യത്തിന്റെ മാതൃകയിൽ അവതരിപ്പിക്കുന്ന കൃതിയാണ്

ഹിരണ്യകശിപു. ഒരർത്ഥത്തിൽ ഇതൊരു രാഷ്ട്രീയ നോവലാണ്. രാഷ്ട്രീയ ആക്ഷേപഹാസ്യം എന്ന നിലയിലും ഈ നോവൽ അറിയപ്പെടുന്നുണ്ട്. തന്റെ ധൈഷണികമായ ഭാവനാസമ്പത്തുകൊണ്ട് വികസിപ്പിച്ചെടുത്ത ഒന്നാണ് ഇതിലെ ഇതിവൃത്തം. 1967-ൽ മംഗളോദയം പുസ്തകശാലക്കാരുടെ ജൂബിലി പ്രസിദ്ധീകരണങ്ങളിൽ ഒന്നായാണ് ഹിരണ്യകശിപു പുറത്തിറങ്ങുന്നത്. 'ഫാബ്രിക്കേഷൻ' എന്ന വിശേഷണമാണ് ഈ കൃതിക്ക് നൽകിയിരിക്കുന്നത്. സാങ്കല്പ്പികമെന്നോ കെട്ടുകഥയെന്നോ ഈ വാക്കിന് അർത്ഥം കൽപ്പിക്കാം. രാഷ്ട്രീയ ആക്ഷേപഹാസ്യങ്ങൾ ഇതിനു മുമ്പും മലയാളത്തിൽ ഉണ്ടായിട്ടിണ്ട്. എങ്കിലും ഒരു പുരാണമിത്തിലൂടെ ഇന്ത്യൻ രാഷ്ട്രീയസാഹചര്യങ്ങളെ ശക്തമായി പ്രതിഫലിപ്പിക്കുന്ന ഒരു ദ്യമം എന്ന നിലക്ക് ഹിരണ്യകശിപു നോവൽ സാഹിത്യചരിത്രത്തിൽ വേറിട്ടു നിൽക്കുന്നു. "ഹാസ്യം മർമ്മപ്രധാനമായി വിലസുന്ന സറ്റയറുകൾ അതിനു മുൻപും പിൻപും മലയാളസാഹിത്യത്തിൽ ഉണ്ടായിട്ടുണ്ട്. എന്നാൽ ഒരു പുരാതന മിത്തിന്റെ ഈദൃശമുള്ള സമഗ്രവികാസം, കവിതയിലല്ലാതെ നോവലിൽ നമുക്ക് പരിചിതമല്ല. പുരൂരവസ്സും ദിലീപനും കാളിയനും ബലരാമനുമെല്ലാം നവ്യമായ അർത്ഥവിശേഷണങ്ങളോടുകൂടി മലയാളകവിതയിൽ പുനർജ്ജനിച്ചിട്ടുണ്ട്. എന്നാൽ നോവലിന്റെ വിപുലമായ ക്യാൻവാസിൽ ഇപ്രകാരമൊരു പുരാണപ്രതീകത്തിന്റെ സമഗ്രവികസനം ആദ്യമായി സാധിച്ചത് ശ്രീ.എൻ.പി. മുഹമ്മദാണ്'' (കരുണാകരൻ നമ്പ്യാർ വി. 1991 : 151).

പുരാണത്തിലെ പ്രബലമായ മിത്താണ് 'ഹിരണ്യകശിപു'. അധികാരത്തിന്റെയും അഹന്തയുടെയും ഏകാധിപത്യത്തിന്റെയും പ്രതീകമായി ഹിരണ്യകശിപു നിലകൊള്ളുന്നു. അതൊരു കഥാപാത്രം മാത്രമല്ല, ഒരു തുടർച്ചകൂടിയാണ്. ഭൂമിയുടെ ഓരോ കോണിലും തലമുറകളിലൂടെ ഹിരണ്യകശിപുമാർ പിറന്നുകൊണ്ടിരിക്കുന്നു. ഇത്തരമൊരു കഥാപാത്രത്തെ കണ്ടെടുക്കുകയും സമകാലിക രാഷ്ട്രീയസാഹചര്യങ്ങളിലേക്ക് സന്നിവേശിപ്പിക്കുകയും ചെയ്തിടത്ത് എൻ.പി.

യുടെ ധൈഷണികവൈഭവം പ്രകടമാണ്. ഇതിഹാസപുരാണങ്ങളിലെ കഥാപാത്ര ങ്ങൾ, ഒരു കഥാപാത്രമെന്നതിലുപരി ആശയങ്ങളുടെ പ്രതിരൂപങ്ങളാണ് എന്ന തിരിച്ചറിവ് എൻ.പി.ക്കുണ്ടായിരുന്നു. സാർവ്വലൗകികമായ ഒരാശയത്തിന്റെ പ്രതി ഛായ ഹിരണ്യകശിപുവിനുണ്ട്. എതിർശബ്ദങ്ങളെ ഉന്മൂലനം ചെയ്യുക എന്ന ചിന്തക്ക് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. അതുകൊണ്ടാണ് തന്റെ പുത്രനായ പ്രഹ്ലാ ദനെതിരെ ഹിരണ്യകശിപു പ്രവർത്തിക്കുന്നത്. രക്തബന്ധങ്ങൾ ഇത്തരം പ്രവർത്തനങ്ങൾ തടസ്സമാകുന്നില്ല. ഹിരണ്യകശിപുവിനെതിരായ ജനരോഷ ത്തിന്റെ പ്രതീകമായി പ്രഹ്ലാദനേയും അതിന്റെ കർമ്മഫലമായി നരസിംഹ ത്തെയും കാണാവുന്നതാണ്. ഏകാധിപതികൾക്ക് ജനങ്ങളുടെ രോഷത്തെ മറിക ടന്ന് ബഹുദൂരം സഞ്ചരിക്കാനാവില്ല എന്ന തത്വം ഹിരണ്യകശിപുവിന്റെ കഥയിൽ അന്തർലീനമായിരിക്കുന്നു.

#### 4.1.2.3.1.1. ആധിപത്യരാഷ്ട്രീയം

തുടർകഥകൾ പോലെ മന്ത്രിസഭകൾ മാറിമറിയുന്ന കേരളത്തിന്റെ പശ്ചാ ത്തലത്തിലാണ് നോവൽ വികസിക്കുന്നത്. കേരളത്തിൽ സുസ്ഥിരജനാധിപത്യം സ്ഥാപിക്കാനായി സ്വർഗലോകത്ത് ഇന്ദ്രന്റെ അധ്യക്ഷതയിൽനടക്കുന്ന ഗൂഡാലോ ചനയോടെയാണ് നോവൽ ആരംഭിക്കുന്നത്. ഇന്ദ്രൻ വിളിച്ചുചേർത്ത കോൺഫ റൻസിൽ നാരദൻ ഉൾപ്പെടെയുള്ളവർ സംബന്ധിക്കുന്നു. ഇന്ദ്രന്റെ താത്പര്യപ്രകാ രമുള്ള ജനാധിപത്യ-ഏകാധിപത്യഭരണം കേരളത്തിൽ സ്ഥാപിക്കാൻ ഹിരണ്യക ശിപുവിന് പുനർജന്മംനൽകി പ്രൊഫ. ജയനായി ഭൂമിയിലേക്കയക്കാൻ നിശ്ചയി ക്കുന്നു. ശുക്രമുനി ഇതിന്റെ രൂപരേഖതയ്യാറാക്കാൻ നിയമിതനാകുന്നു. ഹിരണ്യ കശിപു പ്രൊഫ: ജയനായും പ്രഹ്ലാദൻ നാരായണദാസായും ശുക്രമുനിയുടെ പുത്രൻ ഭാസ്കരനായും സ്റ്റനോ ആയ സുനന്ദ ജയന്റെ സ്റ്റനോ ആയും ഭൂമിയിൽ അവതരിക്കുന്നു. ജയന്റെ പ്രധാന സഹായിയായ സത്യപാലന്റെ നേതൃത്വത്തിൽ 'സത്യം' എന്ന പത്രം പ്രസിദ്ധീകരിക്കുന്നു. സത്യം വിചാരിക്കരുത്, ചിന്തിക്കരുത്,

അത് പറയരുത് എന്നതായിരുന്നു അടിസ്ഥാനനയം. ജയന് അനുഗുണമായ രീതിയിൽ സത്യമെന്ന പത്രം പ്രവർത്തിക്കുകയും ജനഗുണമെന്ന രാഷ്ട്രീയപ്പാർട്ടി രൂപികരിക്കുകയും ചെയ്യുന്നു. ഹിറ്റ്ലറുടെയും മുസ്സോളിനിയുടെയും സായുധസംഘങ്ങളെ അനുസ്മരിപ്പിക്കുന്ന തരത്തിലുള്ള 'ബ്ലാക് ഗാർഡ്' എന്ന സംഘടനയും ജയൻ സ്ഥാപിക്കുന്നു. വ്യാജങ്ങളും തിന്മകളും പ്രചരിപ്പിച്ചുകൊണ്ട് വിജയം നേടിയ ജയനിൽ പൂർവ്വജന്മത്തിലെ ആസുരതകൾ ഉയർത്തെഴുന്നേൽക്കുന്നു. തന്റെ അനുയായികളുടെ എതിർപ്പുകൾ അവഗണിച്ച് ജയൻ ഏകാധിപതിയായി മാറുന്നു. മകനായ നാരായണദാസും ഭാസ്കരനും സുനന്ദയും റിബലുകളായി മാറി. ജയൻ അവരെ നിരന്തരംനിരീക്ഷിക്കുകയും ബ്ലാക്ഗാർഡിന്റെ നേതൃത്വത്തിൽ അക്രമം അഴിച്ചുവിടുകയും ചെയ്യുന്നു. ജയന്റെ കിരാതഭരണത്തിന് വിരാമമിടാനായി ശ്രീഹരി (മഹാവിഷ്ണു) അവതരിക്കുകയും ജയനെ ദേവലോകത്തേക്കുതന്നെ തിരിച്ചയക്കുകയും ചെയ്യുന്നു.

#### 4.1.2.3.1.2. ചിന്തകൾക്കുവിലക്ക്

ആധിപത്യരാഷ്ട്രീയത്തിന്റെ സമഗ്രമായ ഒരു ചിത്രം ഹിരണ്യകശിപു എന്ന ഈ കൃതിയിൽ ഉടനീളമുണ്ട്. അമിതമായ അധികാരപ്രയോഗത്തിനുള്ള ആയുധമായ സ്വേഛാധിപതികൾ ഉപയോഗിക്കുന്നത് വാർത്താവിനിമയ വിഭാഗത്തെയാണ്. 'സത്യം' എന്ന പത്രം അസത്യങ്ങളിലൂടെ നിർവ്വഹിക്കുന്ന ദൗത്യം അതാണ്. റേഡിയോ സ്റ്റേഷനുകൾ പരിമിതപ്പെടുത്തി ഗവൺമെന്റ് അനുകൂല അറിയിപ്പുകൾ മാത്രമായി ചുരുക്കിയതും എതിർപാർട്ടികളുടെ ചുമരെഴുത്തുകൾ ശുചിത്വസംസ്കാരത്തിന്റെ ഭാഗമാണെന്ന പ്രചാരണത്തോടെ മായ്ച്ചുകളയുന്നതും അഭിപ്രായസ്വാതന്ത്ര്യത്തെ നിഷേധിക്കലാണ്. അഭിപ്രായസ്വാതന്ത്ര്യത്തിനും ചിന്താശക്തിക്കും നേരെയുള്ള കടന്നുകയറ്റം എൻ.പി. അവതരിപ്പിക്കുന്നത് നോക്കുക. ''ഒരു പാർട്ടിയുടെ പ്രവർത്തനം ആ പാർട്ടി എത്രമാത്രം ജനാധിപത്യപരമായിരുന്നാലും അതിലെ അംഗങ്ങളിൽനിന്നു ചിന്താശക്തിയെ അകറ്റുന്നതിനെ ആശ്രയി

ച്ചുനിൽക്കുന്നു. പാർട്ടിയിൽ റിബൽ ഗ്രൂപ്പുകൾ വളർന്നുവരുന്നതിന് രണ്ട് കാരണങ്ങളാണുള്ളത്. ഒന്ന് അധികാരമോഹം, രണ്ട് ചിന്ത. അധികാരമോഹികളെ ചെറുസ്ഥാനങ്ങളിൽ അവരോധിക്കേണ്ടതും അവർക്ക് പ്രസിദ്ധീകരണങ്ങൾ നൽകേണ്ടതുമാണ്'' (മുഹമ്മദ് എൻ.പി. 2014 : 98).

"ചിന്തയുടെ കാര്യം അനുകൂലമോ പ്രതികൂലമോ ആയ ചിന്തകൾ വരുവാൻ അനുവദിക്കരുത്. അനുകൂലമല്ലേ എന്നു കരുതി പ്രോത്സാഹിപ്പിക്കരുത്. കാരണം അനുകൂലം ആപേക്ഷികമായ ഒരു പ്രയോഗമാകുന്നു. അനുകൂലത്തിൽനിന്നും പ്രതികൂലത്തിലേക്കും പ്രതികൂലത്തിൽനിന്നും അനുകൂലത്തിലേക്കും അധികം ദൂരമില്ല. അതിനാൽ ചിന്തയെ എല്ലാമേഖലയിൽനിന്നും നിഷ്കാസനം ചെയ്യുക" (മുഹമ്മദ് എൻ.പി. 2014 : 98). ജനം മൂന്നുവിധമുണ്ടെന്നും ഇതിൽ മൂന്നാമത്തെ വിഭാഗമായ ചിന്താശേഷി കൂടിയവരെ ഒതുക്കാൻ സമഗ്രമായ പദ്ധതികൾ വേണമെന്നും നിഷ്കർഷിക്കുന്നുണ്ട്. അതിലും ഒതുങ്ങാത്തവരെ തികഞ്ഞ ആസുത്രണത്തോടെ കൊല്ലുക. ഇത് പാർട്ടിയുടെ രഹസ്യഘടകം മാത്രമേ അറിയാവൂ എന്നും നിബന്ധനയുണ്ട്. എതിർക്കുന്നവനെ ഉന്മൂലനം ചെയ്യുക എന്ന തന്ത്രം എല്ലാ ഏകാധിപതികളുടെ ഉള്ളിലും പതുങ്ങിയിരിക്കുന്ന ഒന്നാണ്. അധികാരവുമായി ബന്ധപ്പെട്ട ഈ ഉന്മൂലനപ്രക്രിയ ഒളിഞ്ഞും തെളിഞ്ഞും ഇന്നും സമൂഹത്തിൽ നടക്കുന്നുണ്ട്. വർത്തമാനകാലരാഷ്ട്രീയത്തിൽ മാത്രമല്ല ഭാവിരാഷ്ട്രീയത്തിലും സംഭവിക്കാനിടയുള്ള ആസുരതകളെക്കുറിച്ചുള്ള ആകുലതകളാണ് ഈ നോവലിലൂടെ എൻ.പി. പങ്കുവെക്കുന്നത്.

#### 4.1.2.3.1.3. രാഷ്ട്രീയതന്ത്രങ്ങൾ

വളണ്ടിയർസേനയും സായുധസംഘവുമാണ് ഏകാധിപതിയുടെ മറ്റൊരുശക്തി. 'ബ്ലാക്ഗാർഡ്' എന്ന സംഘടനയും ജയന്റെ അനുയായികളും സമർപ്പിക്കുന്ന സേവനം ഇത്തരത്തിലുള്ളതാണ്. ശാസ്ത്ര സാങ്കേതികജ്ഞാനം ഉപയോഗപ്പെ

ടുത്തി രാജ്യത്തെയും അതുവഴി ചരിത്രത്തെയും മാറ്റിമറിക്കാമെന്ന് പ്രതീക്ഷിക്കുന്നത് ഏകാധിപത്യത്തിന്റെ മറ്റൊരു ആശയമാണ്. "എതിരാളികളെ വേട്ടയാടുക, അവരെക്കുറിച്ച് വ്യാജവാർത്തകൾ സൃഷ്ടിക്കുക, രക്തസാക്ഷികളെ സൃഷ്ടിക്കാനായി സ്വന്തം അനുയായികളെതന്നെ ഇല്ലായ്മ ചെയ്യുക, വ്യാജസംഘട്ടനങ്ങൾ സൃഷ്ടിക്കുക, എതിർപാർട്ടികൾക്ക് സ്വാധീനമുള്ള പ്രദേശങ്ങളിൽ സംഘട്ടനങ്ങൾ സൃഷ്ടിച്ച് ഒരവദൂതനെപ്പോലെ പ്രത്യക്ഷപ്പെടുക തുടങ്ങി ചരിത്രത്തിലെ ഏകാധിപതികളുടെ പ്രവർത്തനരീതികളെല്ലാം ജയനും അനുവർത്തിക്കുന്നു" (കരുണാകരൻ നമ്പ്യാർ വി. 1991 : 153). ഒരർത്ഥത്തിൽ ലോകചരിത്രത്തിന്റെ ചാക്രികാവർത്തനമാണ് ഹിരണ്യകശിപുവിലൂടെയും പ്രഹ്ലാദനിലൂടെയും സാധ്യമാകുന്നത്.

അധികാരത്തിന്റെ സൈനികവത്കരണവും മാധ്യമവത്കരണവും സമൂഹത്തിൽ സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ വളരെ വലുതാണ്. ശാസ്ത്രമേധാവിത്വം സൃഷ്ടിച്ചെടുക്കുന്ന ഭീകരതയുടെ പരിണതഫലങ്ങൾ ഹിരണ്യകശിപുവിന്റെ ആഖ്യാനത്തിൽ നോവലിസ്റ്റ് വ്യക്തമാക്കിയിട്ടുണ്ട്. കേരളത്തിലെ ജനസംഖ്യ കുറയ്ക്കുന്നതിന് മുഴുവൻ കുട്ടികളെയും കൊന്നൊടുക്കുന്ന പദ്ധതിക്ക് ശാസ്ത്രത്തെയാണ് ജയൻ ഉപയുക്തമാക്കുന്നത്. അഞ്ചുവയസ്സിനു താഴെയും നാൽപ്പത്തിയഞ്ച് വയസ്സിനു മുകളിലും പ്രായമുള്ളവരെ കൊല്ലുക എന്നതായിരുന്നു പദ്ധതി. ഉപയോഗമില്ലാത്തതിനെ ഉപേക്ഷിക്കുക എന്ന പടിഞ്ഞാറൻ പ്രത്യയശാസ്ത്രമാണ് ജയനെ ഭരിക്കുന്നത്. ഭൂമിശാസ്ത്രത്തിന്റെ അടിസ്ഥാനത്തിലാണ് ജനസംഖ്യയുടെ തോത് നിശ്ചയിക്കുന്നത്. ''കേരളത്തിന്റെ വിസ്തീർണം കണക്കിലെടുക്കുക, ഒരു മനുഷ്യന് ശരാശരി വേണ്ട സ്ഥലത്തിന്റെ അളവ് കണക്കാക്കുക. ഒട്ടാകെ വിസ്തീർണത്തെ ആളോഹരികൊണ്ട് ഹരിക്കുക, ആ ജനസംഖ്യമാത്രം നിലനിർത്തുക......... എല്ലാവരും കഷ്ടപ്പെടുന്നതിനേക്കാൾ നല്ലത് തെരഞ്ഞെടുത്ത കുറച്ചുപേരെങ്കിലും സുഖിക്കുന്നതാണ്. നാചറൽ സെലക്ഷൻപോലെ'' (മുഹമ്മദ്

എൻ.പി. 2014 :278). ആദർശസമുദായത്തെ സൃഷ്ടിക്കാൻ ജനസംഖ്യ വെട്ടികുറക്കാൻ ശ്രമിക്കുന്ന നിഷ്ഠൂരത സമൂഹത്തിന് അപരിചിതമായ ഒന്നല്ല. ബൈബിളിലെ ഹെറദോസ് രാജാവ് ശിശുക്കളെ കൂട്ടക്കുരുതി ചെയ്ത സ്വേഛാധിപതിയാണ്. റഷ്യയിൽ, വിപ്ലവത്തിനുമുമ്പ് സംഘടിതപ്രവർത്തനം നടത്തിയ കലാപകാരികളും വിയറ്റ്നാം യുദ്ധാന്തരം കംബോഡിയയിൽ പോൾപോട്ടും നടപ്പിലാക്കിയത് മനുഷ്യക്കുരുതിതന്നെയാണ്. ഹിരണ്യകശിപുവിൽ പ്രൊഫ. ജയൻ ഇതിനായി ശാസ്ത്രീയമാർഗ്ഗങ്ങളെയാണ് അവലംബമാക്കുന്നത്.

#### 4.1.2.3.1.4. എൻ.പി.യുടെ ധൈഷണികഭാവന

പുരാണ പ്രസിദ്ധമായ മിത്തിന്റെ ആധുനികവത്കരണമാണ് ഭരണതന്ത്രങ്ങളിലും നിലപാടുകളിലും ജയൻ പ്രകടമാക്കുന്നത്. അധികാരത്തിന്റെ ഈ ആൾരൂപത്തെ ജാഗ്രതയോടെ രുപപ്പെടുത്തിയെടുക്കാൻ എൻ.പി.ക്ക് കഴിഞ്ഞിട്ടുണ്ട്. മനുഷ്യനുമേൽ മനുഷ്യൻ ആധിപത്യം സ്ഥാപിക്കുന്ന എല്ലാ സംവിധാനങ്ങളെയും എൻ.പി. എതിർത്തുപോന്നു. ജനാധിപത്യം ഏകാധിപത്യത്തിന് വഴിമാറിക്കൊടുക്കുന്നതിന്റെ ഭീകരത അനാവൃതമാകുന്ന ഈ നോവൽ എൻ.പിയുടെ മികച്ച സൃഷ്ടിയായി വിലയിരുത്തപ്പെട്ടിട്ടുണ്ട്. ''സാധാരണഗതിയിൽ രണ്ടു കഥാപാത്രങ്ങളെ തമ്മിൽ യഥാകാലം പെണ്ണുകെട്ടിച്ചുവിട്ടാൽ പരിഹരിക്കാവുന്ന പ്രശ്നങ്ങളേ മലയാളത്തിലുള്ളൂ. പക്ഷെ, അതിലുപരിയായി എഴുത്തിന് പ്രമേയപരമായ ഉത്കണ്ഠകളുണ്ടെന്ന് തിരിച്ചറിഞ്ഞ വളരെക്കുറച്ച് എഴുത്തുകാർ നമുക്കുണ്ട്. അതിൽ സ്ഥാനമുറപ്പിക്കാൻ എൻ.പി. മുഹമ്മദിനെ പ്രാപ്തനാക്കിയത് ഹിരണ്യകശിപുവിന്റെ രചനയാണ്'' (ബെന്നി, എം.വി. 2002 : 82).

1967-ലാണ് 'ഹിരണ്യകശിപു' പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുന്നത്. എട്ടുവർഷങ്ങൾക്കുശേഷം ഇന്ത്യയിൽ നിലവിൽവന്ന അടിയന്തരാവസ്ഥയുടെ പശ്ചാത്തലത്തിൽ ഈ നോവൽ വായിക്കുമ്പോൾ ദീർഘദർശിയായ എൻ.പി. യിലെ ആഖ്യാതാവ് നമ്മെ അമ്പരപ്പിക്കുന്നു. കോൺഗ്രസിനും കമ്മ്യൂണിസ

ത്തിനും പുറത്തുനിന്നുള്ള ഒരു പാർട്ടിയിലൂടെയാണ് നോവലിൽ ഏകാധിപത്യം സാധ്യമാകുന്നത്. സർവ്വാധിപത്യപ്രവണത ഏതു പാർട്ടിയിൽനിന്നും ഉണ്ടാകാമെന്ന തിരിച്ചറിവ് നോവലിലൂടെ എൻ.പി. നൽകുന്നു. അടിയന്തരാവസ്ഥക്കാലത്തെ കുപ്രസിദ്ധ മുദ്രാവാക്യമായ 'നാവടക്കൂ പണിയെടുക്കൂ' എന്നതിന് സമാനമായ കല്പനകൾ നോവലിലുണ്ട്. ആശയവിനിമയത്തിനുള്ള വിലക്കുകൾ, ക്ഷേമരാഷ്ട്രത്തെ ഊന്നിയുള്ള വാചകക്കസർത്തുകൾ, നേതാക്കന്മാരെ പാടിപ്പുകഴ്ത്താൻ കൂലി എഴുത്തുകാർ തുടങ്ങിയ അധികാരമോഹത്തിന്റെ ചിഹ്നങ്ങളെല്ലാം അടിയന്തരാവസ്ഥക്കാലത്തും പ്രഖ്യാപിക്കപ്പെട്ടു. അധികാരത്തിലെത്തിയ ജനഗുണം പാർട്ടിയുടെ നയങ്ങൾ തന്നെ ആയിരുന്നു അടിയന്തരാവസ്ഥക്കാലത്തും ഇന്ത്യയിൽ പുലർന്നത് (ബെന്നി എം.വി. 2002:83). റേഡിയോ സ്റ്റേഷനുകളുടെ പ്രവർത്തനങ്ങൾക്ക് ഐക്യരൂപം നൽകുകയും വാർത്തകൾ ഗവൺമെന്റിന്റെ അറിയിപ്പുകൾ മാത്രമായി ചുരുക്കുകയും ചെയ്തു. എല്ലാ രാഷ്ട്രീയകക്ഷികളുടെയും പ്രവർത്തനം പത്തുകൊല്ലത്തേക്ക് നിരോധിച്ചു. 'ജയ് ജയൻ' എന്ന പ്രഖ്യാപനം മാത്രം എല്ലായിടത്തും മുഴങ്ങി.

ജനാധിപത്യത്തിന്റെ പുറംചട്ടയണിഞ്ഞ ഏകാധിപതിയാണ് പ്രൊഫ.ജയൻ. അടിയന്തരാവസ്ഥ പ്രഖ്യാപിക്കുന്നതിനും അതനുഭവിക്കുന്നതിനും മുമ്പെ ക്രാന്തദർശിയായ എൻ.പി. മുഹമ്മദിന്റെ ഭാവന അനുവാചകർക്ക് അത് അനുഭവവേദ്യമാക്കി. നാനൃഷി: കവി: എന്ന ഭട്ടതൗതന്റെ കവി നിർവ്വചനത്തെ അനുസ്മരിപ്പിക്കുന്ന ഒരാഖ്യാനമായാണ് ഹിരണ്യകശിപു അനുവാചകർക്കുമുമ്പിൽ ആവിഷ്കരിക്കപ്പെട്ടത്. ഹിരണ്യകശിപുവിന്റെ രചനയെക്കുറിച്ച് എൻ.പി. പ്രസ്താവിക്കുന്നത് നോക്കുക.''ഹിരണ്യകശിപു എഴുതിയത് ഇന്ത്യൻ ജനാധിപത്യത്തിന് അപചയം സംഭവിക്കുന്നുണ്ടോ എന്ന് തോന്നിയ അവസരത്തിലാണ്. അന്ന് അടിയന്തരാവസ്ഥ വരുമോ എന്ന് എനിക്ക് ഊഹിക്കാൻ കഴിഞ്ഞിരുന്നില്ല. കൃതി വന്നു, ശേഷം അടിയന്തരാവസ്ഥയും വന്നു. ചിലരാകട്ടെ അടിയന്തരാവസ്ഥയുമായി കൃതിയെ

ബന്ധപ്പെടുത്തി എഴുതുകയും ചെയ്തു. ഓർവെല്ലിന്റെ '1984' എന്ന നോവലാണ് അങ്ങനെ ചിന്തിക്കാൻ പ്രേരണയായത്'' (മുഹമ്മദ്, എൻ.പി. 2002 : 21).

#### 4.1.2.3.2. 'നാവും' സ്വാതന്ത്ര്യാവബോധവും

സമഗ്രാധിപത്യത്തിനെതിരെയുള്ള സ്വാതന്ത്ര്യാവബോധം പ്രതിഫലിക്കുന്ന നോവലാണ് 'നാവ്'. നിലനിൽക്കുന്ന ഭരണസംവിധാനങ്ങളും കലാ-സാഹിത്യകാരന്മാരുടെ സ്വതന്ത്രചിന്തയും തമ്മിലുള്ള പൊരുത്തക്കേട് സമകാലീന സാഹചര്യങ്ങളിലും തീവ്രമായി കാണുന്ന ഒന്നാണ്. നിലനിൽക്കുന്നതും വരാനിരിക്കുന്നതുമായ ഇത്തരം ആസുരതകൾ എൻ.പി.യുടെ ധൈഷണികജീവിതത്തെ വലിയരീതിയിൽ സ്വാധീനിച്ചിട്ടുണ്ട്. ജനാധിപത്യവിരുദ്ധമായ പ്രവണതകൾ തീവ്രമായ രീതിയിൽ ആവിഷ്കരിക്കുന്ന ഈ നോവൽ എൻ.പി.യുടെ ബൗദ്ധികഭാവനയുടെ സൃഷ്ടിയാണ് എന്ന് വിലയിരുത്തപ്പെട്ടിട്ടുണ്ട് (അപ്പൻ കെ.പി. 2003). ഏതുകാലത്തും എവിടെയും ഭരണകൂടങ്ങൾ ആധിപത്യത്തിന്റെ പ്രതിരൂപങ്ങളായിരുന്നു. ഹിറ്റ്ലറും മുസ്സോളിനിയും കലിഗുലയും ചരിത്രത്തിൽ അവശേഷിപ്പിച്ചത് മറ്റൊന്നുമല്ല. ഇതിന്റെ നൈരന്തര്യമാണ് ഓരോ ഭരണാധികാരിയിലും പ്രതിഫലിക്കുന്നത്.

നാവിനെ ആവിഷ്കാരസ്വാതന്ത്ര്യത്തിന്റെ ചിഹ്നമായാണ് ഈ നോവലിൽ എൻ.പി. വിഭാവന ചെയ്യുന്നത്. ആസ്യാന എന്ന രാജ്യത്തിന്റെ തലവനായ ഫീൽഡ്മാർഷൽ അലക്സാണ്ടറുടെ ഏകാധിപത്യത്തിനുകീഴിൽ സ്വാതന്ത്ര്യം നഷ്ടപ്പെട്ട ഒരു സമൂഹത്തിന്റെ ചിത്രം എൻ.പി. അവതരിപ്പിക്കുന്നു. ആസ്യാനയിലെ ഭരണകൂടം ജനങ്ങളുടെ അടിസ്ഥാനാവശ്യങ്ങളെല്ലാം നിറവേറ്റിക്കൊടുക്കുന്നു. രാജ്യത്തെ വ്യാവസായികപുരോഗതിയുടെ ഔന്നിത്യത്തിലെത്തിക്കാൻ ശ്രമിക്കുന്നു. എല്ലാവർക്കും പത്ത് മണിക്കൂർ ജോലി, സ്റ്റേറ്റു വക വസ്ത്രങ്ങളും വിനോദങ്ങളും, ആവശ്യമായ സോഷ്യലിസ്റ്റ് നാഷണലിസ്റ്റ് വിദ്യാഭ്യാസം, വസ്ത്രം, ആഹാരം എന്നിവയെല്ലാം നൽകി. ആരും റോഡിൽ അലഞ്ഞു നടക്കാൻ പാടില്ല,

വസ്ത്രത്തിന് നാലുനിറമേ അനുവദിച്ചിരുന്നുള്ളൂ. ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കുന്നതിനോടൊപ്പം അവരുടെ സ്വാതന്ത്ര്യത്തെയും പരിമിതപ്പെടുത്തി. ജോലി പന്ത്രണ്ടുമണിക്കൂറായി നിജപ്പെടുത്തിയതിനു പിന്നിൽ രാജ്യത്തിന്റെ പുരോഗതി മാത്രമായിരുന്നില്ല ലക്ഷ്യം. അത് രഹസ്യമായിരുന്നു. 'ആണും പെണ്ണും കഠിനമായി പണിയെടുക്കുമ്പോൾ വേണ്ടാത്തതൊന്നും ചിന്തിക്കില്ല. അലസമായ മനസ്സാണ് ചെകുത്താന്റെ പണിശാല എന്നതു പിന്തിരിപ്പൻ കാലഘട്ടത്തിലെ ആപ്തവാക്യമാണെങ്കിലും ഇപ്പോഴുമത് പ്രസക്തം'' (മുഹമ്മദ് എൻ.പി. 2003 : 15). ജനങ്ങളുടെ ആവശ്യങ്ങളെല്ലാം പൂർത്തീകരിച്ചു കൊടുത്തിട്ടും ജനങ്ങൾ അസംതൃപ്തരാണ്. അവർ അഭിപ്രായങ്ങൾ തുറന്നുപറയുന്നു. ഇതിനുകാരണക്കാരായത് കലാകാരന്മാരാണ് എന്ന വിലയിരുത്തലിലാണ് അലക്സാണ്ടർ അടക്കമുള്ള ഉന്നതർ എത്തിച്ചേരുന്നത്. നാവ് രസനേന്ദ്രിയം മാത്രമല്ല. സ്വാതന്ത്ര്യത്തിന്റെ ആത്മാവുകൂടിയാണ്. ആ സ്വാതന്ത്ര്യത്തെ ഇല്ലായ്മ ചെയ്യാനുള്ള ഗൂഢതന്ത്രങ്ങളിൽ സ്റ്റേറ്റിന്റെ ഭരണാധികാരിയായ ഫീൽഡ് മാർഷൽ അലക്സാണ്ടർ ഉൾപ്പെടുന്ന ഉന്നത ഉദ്യോഗസ്ഥർ പങ്കാളികളാകുന്നു.

ആവിഷ്കാരസ്വാതന്ത്ര്യത്തിന്റെ ഉറവിടമായ നാവിനെ തളർത്താൻ നിഷ്ഠൂരമായ പദ്ധതികളാണ് ആ ഭരണകൂടം ആസൂത്രണം ചെയ്യുന്നത്. വൈദ്യശാസ്ത്രത്തിന്റെ സഹായത്തോടെ പദ്ധതികൾ നടപ്പാക്കാനാണ് തീരുമാനം. ഭക്ഷണത്തിലൂടെ ഒരു രാസപദാർത്ഥം നൽകി നാവിന്റെ ചലനശേഷി ഇല്ലാതാക്കാനാണ് തീരുമാനം. വരും തലമുറയുടെ നാവും ഇവിടെ ഒരു പ്രശ്നമായി മാറുന്നു. ഗർഭസ്ഥശിശുക്കൾക്ക് നാവുവേണ്ട എന്ന ഭീകരമായ തീരുമാനം കൈകൊള്ളുകയും ചെയ്യുന്നു. എൻ.പി. വിഭാവനചെയ്യുന്ന സ്വതന്ത്ര്യവിരുദ്ധമായ നിലപാട് ഭയാനകമാണ്. "ഉറച്ച ബൗദ്ധികതലങ്ങളിൽ നിന്നു ജനിക്കുന്ന, പ്രകടിപ്പിക്കുന്ന ഭാവന" (അപ്പൻ കെ.പി, നാവ്, അവ. 2003) എന്ന് കെ.പി.അപ്പൻ ഇതിനെ വിലയിരുത്തിയിട്ടുണ്ട്.

ഈ നോവലിലെ പ്രധാന കഥാപാത്രമായ ജനറൽ സ്റ്റീഫാൻ എന്ന രഹസ്യവകുപ്പ് മേധാവിയും ഭാര്യയായ മേരിയും സ്റ്റേറ്റിന്റെ നിലപാടുകളിൽ അസ്വസ്ഥരാണ്. സ്റ്റേറ്റിന്റെ നയങ്ങൾക്കെതിരെ പ്രതികരിക്കാൻ കഴിയാത്ത സ്റ്റീഫാൻ തന്റെ പ്രതിഷേധം ഉള്ളിലൊതുക്കി. സ്റ്റേറ്റിനെതിരായ തന്റെ ചിന്താഗതികളുടെ ഭാവഭേദം മുഖത്തു പ്രത്യക്ഷപ്പെടുന്നതുപോലും ഭയന്നു. ജനങ്ങളിൽ ഭയം സൃഷ്ടിച്ചുകൊണ്ട് അവരുടെ ചിന്തകളുടെ മേൽ ആധിപത്യം സ്ഥാപിക്കുന്ന പ്രവണത നമുക്കിവിടെ കാണാം. ജനറൽ സ്റ്റീഫാന്റെ ഭാര്യയായ മേരി വ്യക്തിസ്വാതന്ത്ര്യത്തിൽ ഉറച്ചു വിശ്വസിച്ചു. ആസ്യാനയിൽ നിരോധിക്കപ്പെട്ട ഗ്രന്ഥങ്ങൾ കിടപ്പറയിൽ സൂക്ഷിക്കുകയും അവ വായിക്കുകയും ചെയ്തു. ബൈബിളും യേശുവിന്റെ ചിത്രവും തൂക്കിലേറ്റപ്പെട്ട ജോസഫിന്റെ കവിതകളുമെല്ലാം ഇക്കൂട്ടത്തിലുണ്ട്. സാങ്കല്പികശക്തികളെ സ്റ്റേറ്റ് വിലക്കിയിട്ടുണ്ട്. അതുകൊണ്ടു തന്നെയാണ് ജനറൽ സ്റ്റീഫാൻ അടക്കമുള്ളവർ അത്തരം ശക്തികളെക്കുറിച്ച് ഓർമ്മിക്കുമ്പോൾ ചകിതരാകുന്നത്. പൗരന്റെ ചിന്തകൾക്കുവരെ കടിഞ്ഞാണിടുന്ന നിഷ്ഠുരതയാണിത്.

കുടുംബം ഒരനാവശ്യഘടകമാണ് എന്ന സ്റ്റേറ്റിന്റെ നയമാണ് സമൂഹത്തിൽ സംഘർഷത്തിന് കാരണമായത്. രാജ്യം വ്യവസായനഗരമായി പരിവർത്തിപ്പിക്കാനുള്ള ഉദ്യമത്തിൽ ഭാര്യയും ഭർത്താവും വേറെ വേറെ നഗരങ്ങളിലും മകൾ മറ്റിടങ്ങളിലുമായി ചിതറിപ്പോയി. ഈ സംഘർഷം ലഘൂകരിക്കാൻ വിനോദകേന്ദ്രങ്ങൾ തുറന്നെങ്കിലും വ്യത്യസ്തമായ വിനോദകേന്ദ്രങ്ങളിലെ ഒറ്റപ്പെടൽ മനുഷ്യരെ കൂടുതൽ മോഹഭംഗത്തിലേക്കും അതുവഴി പ്രതിഷേധത്തിലേക്കും നയിച്ചു. രാജ്യത്ത് പലതരത്തിൽ അലയടിക്കുന്ന പ്രതിഷേധസ്വരങ്ങളെ ഇല്ലാതാക്കാനാണ് നാവുനശിപ്പിക്കൽ പദ്ധതികൊണ്ടുവന്നത്. എന്നാൽ ഈ പദ്ധതിക്ക് വിപരീതമായി ജനങ്ങൾക്ക് കൂടുതൽ സ്വാതന്ത്ര്യം അനുവദിക്കുന്ന ഭരണസംവിധാനമാണ് അഭികാമ്യമെന്ന കരടുരേഖയുമായി അലക്സാണ്ടറുടെ സഹായിയായ ലെഫ്ടനന്റ് ജനറൽ സൈമൺ മുന്നോട്ടുവന്നു. ''ചരിത്രത്തിൽ സ്വാതന്ത്ര്യം തടസ്സപ്പെടുത്തിയ സന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ട്. അന്നൊക്കെ പതിന്മടങ്ങ് ശക്തിയോടെ സ്വാതന്ത്ര്യബോധം

പുറത്തുചാടി. അതിനാൽ സ്വാതന്ത്ര്യനിഷേധത്തിന്റെ പാത നാശത്തിന്റെ പാത യാകുന്നു'' (മുഹമ്മദ് എൻ.പി. 2003 : 27). നാവു നശിപ്പിക്കൽ പദ്ധതിക്ക് രൂക്ഷ മായ എതിർപ്പ് പാർട്ടിക്കകത്തുനിന്നുതന്നെ ഉണ്ടായി. കെമിക്കൽ ചേർത്ത ഭക്ഷണം രാജ്യദ്രോഹക്കുറ്റം ചുമത്തപ്പെട്ട തടവുകാരിൽ പരീക്ഷിക്കാൻ തീരുമാനി ച്ചു. ഭരണകക്ഷിയിലെ കടുത്ത ആശയസമരങ്ങൾ വിദേശചാനൽ ചോർത്തിയ തോടെ ഇതിനു കടിഞ്ഞാണിടാൻ അലക്സാണ്ടർ തീരുമാനിച്ചു. സ്റ്റീഫാന്റെ നാവു നശിപ്പിക്കൽ പദ്ധതി വിപ്ലവം അടിച്ചമർത്താനല്ല, പ്രതിവിപ്ലവം സൃഷ്ടിക്കാനാണ് കാരണമാവുക എന്ന കണ്ടെത്തലിൽ അയാൾ വധിക്കപ്പെടുന്നു. സ്വാതന്ത്ര്യ ത്തിന്റെ നിലപാടുമായി വന്ന ലെഫ്ടനന്റ് ജനറൽ സൈമണും ഇത്തരത്തിൽ വധി ക്കപ്പെടുന്നു. 'നിങ്ങളെ ശിക്ഷിക്കാനുള്ള വഴികളും നിങ്ങളോട് സൗഹൃദസംഭാഷ ണത്തിൽ ഏർപ്പെടുമ്പോൾ ഫീൽഡ് മാർഷൽ ആസുത്രണം ചെയ്യുന്നു' (മുഹമ്മദ് എൻ.പി. 2003 : 15) എന്ന സ്റ്റീഫാന്റെ ചിന്തയെ സാധൂകരിക്കുന്ന തരത്തിലാണ് അവരുടെ അന്ത്യം സംഭവിക്കുന്നത്. ഇരുപുറവും നിന്ന ഭരണപങ്കാളികളെ നിഷ്ഠൂ രമായി വധിച്ച്, ടെലിസ്ക്രീനിലൂടെ പുഞ്ചിരിക്കുന്ന മുഖവുമായി ഫീൽഡ് മാർഷൽ അലക്സാണ്ടർ ജനങ്ങളെ അഭിവാദ്യം ചെയ്യുമ്പോൾ അധികാരത്തിന്റെ ഇരുണ്ട മുഖം വീണ്ടും മായ്ക്കപ്പെടുന്നു. അധികാരത്തിന്റെ അന്തിമലക്ഷ്യം അധി കാരം നിലനിർത്തുകമാത്രമാണ്. അതിനുവേണ്ടി ഏതു ക്രൂരതയും ന്യായീകരിക്ക പ്പെടുന്നതാണ് ചരിത്രത്തിൽ നാം കാണുന്നത്.

#### 4.1.2.3.2.1 നാവ്-സാഹിത്യത്തിലും സംസ്കാരത്തിലും

സ്വാതന്ത്ര്യത്തിന്റെയും വാചാലതയുടെയും ചിഹ്നമായ നാവാണ് ഈ നോവലിൽ കേന്ദ്രസ്ഥാനത്തു നിൽക്കുന്നത്. നാവ് സ്വാതന്ത്ര്യത്തിന്റെ പ്രതീക മായി മാറുന്നതിനെക്കുറിച്ച് സ്റ്റീഫാന്റെ ഭാര്യയായ മേരിയുടെ നിരീക്ഷണങ്ങൾ നോക്കുക. ''നാവിന്റെ പ്രാഥമികമായ ആവശ്യം രുചി അറിയലാണല്ലോ. പക്ഷിമൃ ഗാദികൾ അതാണല്ലോ ചെയ്യുന്നത്. അതിന്നപ്പുറം ഒരാവശ്യം നാവിന്ന് നിയതി

നൽകിയിട്ടുണ്ടോ. ആഹ്ലാദവും ഭയവും അവ നാവു ചലിപ്പിച്ചു പ്രകടിപ്പിക്കുന്നു. അവക്ക് ചിന്തയോ വിവേകമോ ഇല്ല. ഈ പ്രാകൃതശബ്ദങ്ങൾക്ക് ഘടനയും രൂപവും നൽകിയത് ഭാഷകൊണ്ടാണ്. അത് മനുഷ്യസൃഷ്ടിയാണല്ലോ, വികാര വിചാരങ്ങളുടെ പ്രകാശനം എന്ന നിലമാറി ഭാഷ സ്വതന്ത്രമായ അസ്തിത്വം നേടിയ മഹാശക്തിയായി. അത് പ്രാഥമികമായി നാവിലൂടെ പ്രകാശിപ്പിക്കുന്നു. ഇന്ന് നാവ് രസനേന്ദ്രിയം മാത്രമല്ല. അത് ആശയപ്രകാശനാവയവമാണ്. മൂർച്ച യുള്ള ആശയായുധം'' (മുഹമ്മദ് എൻ.പി. 2003 : 17).

മൂർച്ചയുള്ള ആശയായുധമായ നാവ് നമ്മുടെ സാഹിത്യസാംസ്കാരിക ജീവിതത്തിൽ നിർണായകമായ ഒരു ശക്തിയായി നിലനിൽക്കുന്നു. വേദപുസ്ത കപ്രകാരം നാം വഹിക്കുന്ന ഏറ്റവും വലിയ ആയുധമാണ് നമ്മുടെ നാവ്. തീ പോലെ നമ്മുടെ വാക്കുകൾക്കും വലിയ നാശം വിതക്കാനാകും. അതു പോലെ മറ്റുള്ളവരിൽ വലിയ സ്വാധീനം സൃഷ്ടിക്കാനും വാക്കുകൾക്കു കഴിയുന്നു. 'മര ണവും ജീവനും നാവിന്റെ അധികാരത്തിൽ ഇരിക്കുന്നു' (സദൃശ വാക്യങ്ങൾ 18 : 21) 'നാവും ഒരു തീ തന്നെ' (യാക്കോബ്, 3 : 6) എന്ന് വചനമുണ്ട്. സദൃഢമായ വിശ്വാസത്തെയും വ്യക്തിത്വത്തെയും അടയാളപ്പെടുത്തുന്നതിൽ നാവിന് അദ്വിതീ യമായ സ്ഥാനം മതസമൂഹങ്ങൾ കല്പിച്ചിരുന്നു. 'നീ നിന്റെ ദാസൻമാരോട് പറയുക, അവർ പറയുന്നത് ഏറ്റവും നല്ല വാക്കായിരിക്കണമെന്ന്' (വിശുദ്ധ ഖുർആൻ. 17:53). 'സത്യവിശ്വാസിയുടെ നാവ് ഹൃദയത്തിനു പിറകിലാണ്. അവൻ ആദ്യമായി ചിന്തിക്കുകയും രണ്ടാമതായി സംസാരിക്കുകയും ചെയ്യുന്നു' (ഹസൻ(റ)). നാവിനെ ശക്തിയുടെ പ്രതീകമായി കണക്കാക്കുന്ന പ്രവണത നമ്മുടെ സാംസ്കാരികജീവിതത്തിലുണ്ട്. "നാവിനെ ജയിക്കുക എന്നതാണ് വീര സാഹസികതയുടെ ലക്ഷ്യം. ഭീകരസത്വങ്ങളുടെ നാവ് ഛേദിച്ചുകളഞ്ഞുകൊ ണ്ടാണ് വീരനായകന്മാർ അവയുടെ മേലുള്ള ആധിപത്യം പ്രഖ്യാപിച്ചിരുന്നത്. 'ഭരണകൂടം ബഹുജനത്തെ അനേകം തലകളുള്ള ഭീകരസത്വമായി കാണുന്നു.

അതിന്റെ നാവുകൾ അരിഞ്ഞുമാറ്റിക്കൊണ്ട് അതിന്റേ മേൽ ആധിപത്യം സ്ഥാപി ക്കാനാണ് ഭരണകൂടം ശ്രമിക്കുന്നത്'' (അപ്പൻ കെ.പി. 2003:9)എന്ന് കെ.പി. അപ്പൻ നിരീക്ഷിക്കുന്നുണ്ട്.

വ്യക്തികളുടെ സ്വതന്ത്രചിന്തയെ എല്ലാ ആധിപത്യഭരണകൂടങ്ങളും ഭയപ്പെ ട്ടിരുന്നു. സാർവ്വലൗകികമായ ഒരു കഥാപാത്രത്തിലൂടെ സ്വതന്ത്രചിന്തയെ അടിച്ച മർത്തുന്നതിന്റെ ഭീകരമായ ചിത്രമാണ് 'നാവ്' എന്ന ചെറിയ നോവലിലൂടെ എൻ. പി.അവതരിപ്പിച്ചത്. അധികാരത്തെയും ശാസ്ത്രത്തെയും സാങ്കേതികവിദ്യക ളെയും ഉപയോഗപ്പെടുത്തിക്കൊണ്ട് മനുഷ്യന്റെ വികാരവിചാരങ്ങൾക്ക് തടയിടാ മെന്ന ചിന്തകളോട് എൻ.പി. എന്നും കലഹിച്ചു. ധൈഷണികമായ ഇത്തരം ബോധ്യങ്ങളിൽനിന്നാണ് 'നാവ്' പോലുള്ള കൃതികൾ രൂപം കൊള്ളുന്നത്.

#### 4.1.2.3.3. തങ്കവാതിൽ: ആധിപത്യത്തിന്റെ പതനം

അധികാരത്തിന്റെ അഹന്തമൂലം ജനങ്ങളുടെ അഭിപ്രായസ്വാതന്ത്ര്യത്തെ അടിച്ചമർത്തുക വഴി ദുരന്തങ്ങൾ ഏറ്റുവാങ്ങേണ്ടിവന്ന ഒരു മനുഷ്യന്റെ കഥയാണ് 'തങ്കവാതിൽ' എന്ന നോവലിൽ എൻ.പി. അനാവരണം ചെയ്യുന്നത്. ലോകചരി ത്രത്തിലെ തന്നെ പ്രഗൽഭനായ സൈന്യാധിപരിൽ ഒരാളായിരുന്ന അലക്സാണ്ടർ മൂന്നാമനാണ് ഈ നോവലിലെ പ്രധാന കഥാപാത്രം. യുവാവായിരിക്കെത്തന്നെ തുടർച്ചയായ സൈനികാക്രമണങ്ങളിലൂടെ ലോകത്തിന്റെ ഒട്ടുമിക്ക ഭാഗങ്ങളും കീഴ്പ്പെടുത്താൻ അലക്സാണ്ടർക്ക് സാധിച്ചു. ധീരനും പരാക്രമിയുമായ അല ക്സാണ്ടറുടെ ദുരമൂത്ത ജീവിതവും ദുരന്തവുമാണ് ചരിത്രത്തിന്റെയും ഭാവനയു ടെയും പശ്ചാത്തലത്തിൽ എൻ.പി.അവതരിപ്പിക്കുന്നത്.

പേർഷ്യൻ സാമ്രാജ്യത്തെ കീഴടക്കി അവിടുത്തെ രാജകുമാരിയെ രാജപത്നിയായി സ്വീകരിച്ചതോടെ അലക്സാണ്ടറുടെ ജീവിതത്തിൽ മാറ്റങ്ങൾ ഉണ്ടാകുന്നു. പേർഷ്യക്കാർക്ക് പദവികളും സ്വാതന്ത്ര്യവും അനുവദിച്ച് കൊടുത്തത്

അലക്സാണ്ടറുടെ യവനസൈന്യത്തിൽ ഭിന്നതയുണ്ടാക്കി. സേനാധിപരായ ക്ലാൻഡറും ക്രാറ്റിരസും കൊട്ടാരം കവിയായ കാലിസ്തനസ്സും അലക്സാണ്ടറുടെ തീരുമാനങ്ങളെ അംഗീകരിച്ചില്ല. സൈന്യത്തിൽ തന്നെ അംഗീകരിക്കുന്നവരുമായി അലക്സാണ്ടർ ലൂറിസ്ഥാൻ കലാപകാരികളെ നേരിട്ടു. ലൂറിസ്ഥാൻകാർ ഭരണാധിപൻ ദൈവമാണെന്ന് വിശ്വസിച്ചിരുന്നവരായിരുന്നു. പരാജിതരായ അവർ അലക്സാണ്ടറെ വണങ്ങുകയും ചെയ്തു. മുമ്പ് ഈജിപ്ത് ആക്രമണവുമായി ബന്ധപ്പെട്ടുണ്ടായ ഇത്തരമൊരനുഭവവും കൂട്ടിച്ചേർത്ത് താൻ ദൈവമാണെന്ന് അലക്സാണ്ടർ പ്രഖ്യാപിച്ചു. രാജാവ് ദൈവമാണെന്ന് അംഗീകരിക്കാത്ത സ്വതന്ത്രചിന്തകരെ അലക്സാണ്ടർ വേട്ടയാടിക്കൊണ്ടിരുന്നു. ഈ ക്രൂരമായ പീഡനങ്ങൾക്കിടയിൽ പ്രിയപത്നിയും ഒട്ടനവധി സൈനികരും മണൽക്കാറ്റിൽ നഷ്ടമായ അലക്സാണ്ടർ ഒരു തുള്ളി വെള്ളത്തിനായി മരുഭൂമിയിൽ അലയുകയും ഒരു തങ്കവാതിലിനു മുന്നിലെത്തുകയും ചെയ്യുന്നു. അടഞ്ഞ തങ്കവാതിലിനുമുന്നിൽ പ്രത്യക്ഷപ്പെട്ട ഗുരുവായ അരിസ്റ്റോട്ടിൽ അലക്സാണ്ടർക്കു ലഭിച്ച ഒരെല്ലിൻതുണ്ടത്തിന്റെ അർത്ഥം വ്യാഖ്യാനിച്ചു കൊടുക്കുന്നു. ദുരമൂത്ത ഒരു മനുഷ്യന്റെ കണ്ണിന്റെ എല്ലാണതെന്നും എത്ര ധനവും അതിന്റെ തൂക്കത്തിന് പകരമാവില്ലെന്നും ബോധ്യപ്പെടുത്തുന്നു. ലോകംമുഴുവൻ കീഴടക്കിയാലും മരിച്ചു മണ്ണടിഞ്ഞാൽ ഒരു പിടി മണ്ണുപോലും അവന് ഉപകരിക്കില്ലെന്നുമുള്ള തത്വം അലക്സാണ്ടറിന് ബോധ്യപ്പെടുത്തി അരിസ്റ്റോട്ടിൽ മറയുന്നു.

ഏകാധിപതികൾ കിരീടം കൊണ്ടുമാത്രം സംതൃപ്തിയടയുന്നവരല്ല എന്ന സത്യം ഈ നോവലിലൂടെ എൻ.പി. വ്യക്തമാക്കുന്നു. രാഷ്ട്രീയമായ മേൽക്കോയ്മക്കു പുറമെ ആത്മീയമായ മേൽക്കോയ്മയും അവരുടെ ലക്ഷ്യമാണ്. ഏതുകാലത്തും എവിടെയും ഇത്തരം ചിന്താഗതിക്കാരെ ആശയപരമായി നേരിടാൻ കഴിവുള്ളവരുണ്ടാകും എന്നതിന് ചരിത്രം സാക്ഷിയാണ്. സേനാധിപരായ ക്ലീൻഡറും ക്രാറ്റിരസും കവിയായ കാലിസ്തനസ്സും ഈ സ്വതന്ത്രചിന്തയുടെ ഭാഗമാണ്. അതുകൊണ്ടാണ് മരണത്തെപ്പോലും വകവെക്കാതെ തങ്ങളുടെ ആശയങ്ങളി

ലുറച്ച് അവർ നിലകൊള്ളുന്നത്. പിടിയിലായ കാലിസ്തനസ്സിന് തന്നെ വണങ്ങാൻ ഒരവസരം കൂടി അലക്സാണ്ടർ നൽകുമ്പോൾ കാലിസ്തനസ്സ് പ്രതികരിക്കുന്നതു നോക്കുക. "ലോകജേതാവായ അലക്സാണ്ടർ ചക്രവർത്തിക്കുവേണ്ടി ജീവൻ വെടിയുവാൻ ഈയുള്ളവൻ, ഈ പാവപ്പെട്ടയവനകവി തയ്യാറാണ്. എന്നാൽ നശ്വരനായ മനുഷ്യൻ അനശ്വരനായ ദൈവമാണെന്ന ആശയത്തിനു കീഴ്വഴങ്ങി ഒരു നിമിഷംപോലും ജീവിക്കാൻ എനിക്ക് ആഗ്രഹമില്ല" (മുഹമ്മദ്, എൻ.പി. 2003:48). സ്വന്തം അഭിപ്രായങ്ങൾ ധീരമായി ഉയർത്തിപ്പിടിച്ച ആ ആശയവാദിയെ കഴുമരത്തിലേക്കു കൊണ്ടുപോകുമ്പോൾ അരിസ്റ്റോട്ടിൽ രംഗത്തുവന്നു പ്രതികരിക്കുന്നതു നോക്കുക. "കാലിസ്തനസ്സിനെ രക്ഷിക്കുക. യവനസംസ്കാരത്തിന്റെ നവകുസുമത്തെ രക്ഷിക്കുക" (മുഹമ്മദ്, എൻ.പി. 2003:48). സംസ്കാരത്തിന്റെ വാഹകരും പ്രചാരകരും സംരക്ഷകരുമായി കവികളെയും കലാകാരന്മാരെയും തത്വചിന്തകന്മാരെയും എൻ.പി. കാണുന്നു. അലക്സാണ്ടറുടെ തീരുമാനങ്ങൾ തെറ്റാണെന്ന് ബോധ്യപ്പെടുത്താനുള്ള കഴിവും തന്റേടവുമുള്ള ഒരു കഥാപാത്രമായി തത്വചിന്തകനായ അരിസ്റ്റോട്ടിലിനെ പ്രമേയത്തിലേക്കു കൊണ്ടുവരുന്നതും ഈ ചിന്തയുടെ ഭാഗമാണ്.

ഏകാധിപതികൾ തങ്ങളുടെ സമഗ്രാധിപത്യം സമ്പൂർണ്ണമാക്കാനുള്ള എല്ലാ വഴികളും തേടുന്നു. അതുകൊണ്ടാണ് ഭരണാധികാരിക്ക് ആത്മീയാധികാരം ഒരു പ്രശ്നമായി അനുഭവപ്പെടുന്നത്. ഭരിക്കുന്നവൻ എത്ര ധീരനും ശക്തനുമാണെങ്കിലും ജനങ്ങൾ വണങ്ങുന്നത് ദൈവത്തെയാണ്. ദൈവീകശക്തി തന്റെ ശക്തിക്കതീതമാണെന്ന തിരിച്ചറിവാണ് അഹങ്കാരിയായ മനുഷ്യന് അംഗീകരിക്കാനാകാത്തത്. ദൈവം താൻ തന്നെയാണ് എന്ന പ്രഖ്യാപനത്തിലൂടെ സമ്പൂർണ്ണമായ അധികാരമാണ് അലക്സാണ്ടർ കാംക്ഷിച്ചത്. പക്ഷേ വിധിക്കുമുമ്പിൽ മനുഷ്യജീവിതം എത്ര നിസ്സാരമാണ് എന്ന വസ്തുതയാണ് ഒരു തുള്ളി വെള്ളമന്വേഷിച്ച് ദാഹാർത്തനായി മരുഭൂമിയിലൂടെ അലയുന്ന

അലക്സാണ്ടറിലൂടെ നാം കണ്ടത്. എൻ.പി.യുടെ ദാർശനികമായ വീക്ഷണ ത്തിന്റെ തെളിച്ചവും തത്വചിന്താപരമായ വിഷയങ്ങളോടുള്ള ആഭിമുഖ്യവും അതിലുപരി സമഗ്രാധിപത്യത്തോടുള്ള വിയോജിപ്പും ഈ നോവലിൽനിന്ന് കണ്ടെത്താനാകുന്നു.

#### 4.1.2.3.4 എണ്ണപ്പാടത്തിന്റെ രാഷ്ട്രീയം

ഭരണം, ആദർശം, ധനം, മതം, ജനാധിപത്യം എന്നിങ്ങനെ തികച്ചും രാഷ്ട്രീയമായ സംജ്ഞകൾ അധ്യായങ്ങൾക്കു നൽകിയിട്ടുള്ള നോവലാണ് എൻ. പി. മുഹമ്മദിന്റെ എണ്ണപ്പാടം. മുസ്ലിംസമുദായത്തിലെ പ്രാന്തവത്കരിക്കപ്പെട്ടവ രുടെ ജീവിതമാണ് ഈ നോവലിൽ ചിത്രീകരിച്ചിരിക്കുന്നത്. പരോക്ഷമായ രാഷ്ട്രീയവീക്ഷണം ഈ നോവലിനുണ്ട്. ''എണ്ണപ്പാടം ചെറിയൊരുരാജ്യമാകുന്നു, ഇവിടെ എണ്ണയില്ല പാടവും ഇല്ല. ഉള്ളത് നൂറോളം ചെറ്റപ്പുരകളാണ്'' (മുഹമ്മദ് എൻ.പി. 1986 : 7). എണ്ണ, പാടം എന്നിവ സമ്പത്തിന്റെയും അതുവഴിയുള്ള അധി കാരത്തിന്റെയും ചിഹ്നങ്ങളാണ്. എണ്ണപ്പാടമെന്ന സംജ്ഞയാകട്ടെ അറേബ്യൻ രാജ്യങ്ങളുടെ സാമ്പത്തികാഭിവൃദ്ധിയെ അനുസ്മരിപ്പിക്കുന്നു. ഇവിടെ സമ്പത്തും അധികാരവുമില്ലാത്ത, ചേരിപ്രദേശംപോലെ ചെറ്റപ്പുരകൾ തിങ്ങിനിറഞ്ഞു നിൽക്കുന്ന താഴേ തട്ടിലുള്ളവരുടെ ഇടമാണ്. എണ്ണപ്പാടത്തെ ജനങ്ങളുടെ ജീവിതം അവതരിപ്പിച്ചതിലൂടെ പിന്നാക്ക മുസ്ലിംവിഭാഗത്തിന്റെ സാമൂഹ്യജീവിതം ആദ്യമായി പൊതുവേദിയിലേക്ക് കൊണ്ടുവന്നത് എൻ.പി.യാണെന്നു പറയാം. മലയാളസാഹിത്യത്തിൽ എണ്ണപ്പാടത്തിനുമുമ്പ് ഇത്തരമൊരു ഉദ്യമം ഉണ്ടായതായി കാണുന്നില്ല. കാവ്യാത്മകതയും രാഷ്ട്രീയവും ഒരുമിക്കുന്ന ഒരപൂർവ്വചാരുത ഈ നോവലിനുണ്ട്.

എണ്ണപ്പാടത്ത് ഭരണം നടത്തുന്നത് സ്ത്രീകളാണ്. ദാമ്പത്യജീവിതത്തിൽ വിശ്വാസമില്ലാത്ത കൗജു, അറിവും പൊരുളും ഉറുദിയുമായി (സാരോപദേശം) എണ്ണപ്പാടത്ത് സദാചാരത്തിന്റെ ഗൃഹപാഠം ഓതിക്കേൾപ്പിച്ചുകൊണ്ടിരിക്കുന്ന

മൊല്ലാച്ചി കല്മേയി, പ്രതാപവും, മേനിയഴകും കാട്ടി ആരെയും വശത്താക്കാൻ സാമർത്ഥ്യമുള്ള സൈനു എന്നീ സ്ത്രീകളാണ് എണ്ണപ്പാടത്തെ എല്ലാകാര്യങ്ങളിലും തീർപ്പുകൽപ്പിക്കുന്നത്. നാവുകൊണ്ടും മേനികൊണ്ടും അധികാരം സ്ഥാപിച്ച എണ്ണപ്പാടത്തെ പെണ്ണുങ്ങൾ കമറുദ്ദീനെന്ന പുരുഷനുമുമ്പിൽ കീഴടങ്ങുന്നു. കിണറ്റിൻകരയിൽ കലഹിച്ചുകൊണ്ടിരുന്ന പെൺപടയെ നിശബ്ദമാക്കിക്കൊണ്ടാണ് കമറുദ്ദീൻ എണ്ണപ്പാടത്തേക്ക് കടന്നുവരുന്നത്. ''എണ്ണപ്പാടത്തേക്കുള്ള ഒതുക്കുകല്ലുകൾ കയറുന്നതുപോലെ കാഹളം അടിവെച്ചടിവെച്ചു പൊന്തുന്നു. എന്തൊരത്ഭുതം. പെണ്ണുങ്ങൾ പടമറന്നു നോക്കിപ്പോയി. പിന്നീടാണ് കിടക്ക കണ്ടത്. പിന്നീട് മഞ്ഞൾപൂശിയ കട്ടിലിന്റെ കാലുകൾ കണ്ടു. കട്ടിലിൽ ചുരുട്ടിയ കിടയ്ക്കക്കടുത്താണ് ഗ്രാമഫോൺ. അതുകണ്ടപാടെ പെണ്ണുങ്ങൾ കുശുകുശുത്തു. ബീണപ്പെട്ടി, ബീണപ്പെട്ടി, പാട്ണ ബീണപ്പെട്ടി'' (മുഹമ്മദ് എൻ.പി. 1980 : 10) ബീണപ്പെട്ടി (ഗ്രാമഫോൺ) കമറുദ്ദീന് ഒരുപകരണമായിരുന്നു. എണ്ണപ്പാടത്തെ പെൺകൂട്ടത്തെ വിധേയപ്പെടുത്താൻപോന്ന ഗൂഢമായ ഒരുപകരണം (propaganda). ആ ഉപകരണത്തിന്റെയും അതിനുപിന്നിലുള്ള വ്യക്തിയുടെയും പ്രഭാവം എണ്ണപ്പാടത്തെ ഉശിരുള്ള പെണ്ണുങ്ങളെ കീഴടക്കി. സ്ത്രീകൾ ചതിക്കപ്പെട്ടു എന്ന് മനസ്സിലാക്കിയപ്പോഴേക്കും അവിടെനിന്നും തടിതപ്പിയ കമറുദ്ദീനെ താൻ ചതിച്ച ഇരുപത്തിരണ്ട് സ്ത്രീകളും ചേർന്ന് പോലീസിൽ ഏൽപ്പിക്കുകയും പൊതിരെ പ്രഹരിക്കുകയും ചെയ്യുന്നു.

സ്ത്രീകളെ സ്വാധീനിക്കുന്നതിനായി കമറുദ്ദീൻ ഉപയോഗിച്ച ഉപകരണം ഒരു ഗൂഢതന്ത്രമായിരുന്നു. അധികാരം സ്ഥാപിച്ചെടുക്കുന്നതിനുള്ള ഉപകരണമായി വർത്തിച്ച ഈ ഗ്രാമഫോൺ ഗൂഢമായ ഒരുപകരണമായി (propaganda) വായിക്കപ്പെട്ടിട്ടുണ്ട്. 'ഭരണം' എന്നുപേരിട്ട ഒന്നാമധ്യായത്തിൽ കമറുദ്ദീൻ കീഴ്പെടുത്തിയത് ഇരുപത്തിരണ്ട് സ്ത്രീകളെയാണ്. അടിയന്തരാവസ്ഥക്കാലത്തെ ഇരുപത്തിരണ്ട് സ്റ്റേറ്റുകളെ ഗവൺമെന്റ് വഞ്ചിച്ച കഥയുമായി ഈ പ്രമേയത്തിന് ബന്ധ

മുള്ളതായി നിരീക്ഷിക്കപ്പെട്ടിട്ടുണ്ട് (അനൂപ് ബാലകൃഷ്ണൻ, 2002 : 201). തികച്ചും പ്രാദേശികമായ പ്രമേയത്തിലൂടെ, ദേശീയമായ ഒരു പ്രശ്നം അവതരിപ്പിച്ച ഈ നോവൽ പരോക്ഷമായ രാഷ്ട്രീയം ഉൾവഹിക്കുന്നുണ്ട്. അധ്യായത്തിന്റെ അവസാനഭാഗത്ത് ആ ഇരുപത്തിരണ്ട് ബീടർമാർ (ഭാര്യമാർ) ചേർന്ന് കമറുദ്ദീനെ ഒതുക്കുന്നതിലും ബീണപ്പെട്ടി എന്ന ഉപകരണത്തെ അടിച്ചു നശിപ്പിച്ചു കുഴിച്ചിടുന്നതിലും രാഷ്ട്രീയ പാരായണത്തിനുള്ള സാധ്യതകളുണ്ട്.

### 4.1..2.3.4.1 തിരഞ്ഞെടുപ്പ്

എണ്ണപ്പാടമെന്ന നോവലിന്റെ അവസാന അധ്യായമാണ് ജനാധിപത്യം. എണ്ണപ്പാടത്തുകാരുടെ നിശ്ചലജീവിതത്തെ ചലനാത്മകമാക്കുന്നത് തിരഞ്ഞെടുപ്പാണ്. രാഷ്ട്രീയത്തിന്റെ പരിമിതികളെയും ദൗർബല്യങ്ങളെയും തുറന്നു കാട്ടുന്നതോടൊപ്പം വ്യക്തികളുടെ ജനാധിപത്യബോധത്തിന്റെ പ്രതിഫലനവും ഈ അധ്യായത്തിലുണ്ട്. ലീഗും കോൺഗ്രസ്സും കമ്മ്യൂണിസ്റ്റും സ്വതന്ത്രരുമൊക്കെയായി വേർതിരിഞ്ഞു കിടക്കുന്ന ഒന്നാണ് എണ്ണപ്പാടത്തിന്റെ രാഷ്ട്രീയം. എങ്കിലും മുസ്ലിംലീഗാണ് അവിടത്തെ പ്രധാന രാഷ്ട്രീയപാർട്ടി. തിരഞ്ഞെടുപ്പ് അടുത്തതോടെ ഒസ്സാൻ അവറാന്റെ രാഷ്ട്രീയബോധം പുറത്തു ചാടുന്നു. “കക്ഷിരാഷ്ട്രീയം നമുക്ക് വേണ്ട. വട്ടത്തുകാരൻ (നാട്ടുകാരൻ) ആകണം” (മുഹമ്മദ്, എൻ.പി. 1993:153). നാട്ടുകാരുടെ പ്രശ്നത്തിൽ ഇടപെടുന്ന നാട്ടുകാരനായ ഒരു സ്ഥാനാർത്ഥിയെ അവറാൻ വിഭാവന ചെയ്യുന്നത്. മാത്രമല്ല കക്ഷിരാഷ്ട്രീയത്തിന് അതിന്റേതായ അധികാരങ്ങളുണ്ട്. ഈ അധികാരം അവറാനിലെ ജനാധിപത്യവാദി ഉൾക്കൊള്ളുന്നില്ല. സ്ഥാനാർത്ഥിക്കും പ്രവർത്തകർക്കും പ്രവർത്തനസ്വാതന്ത്ര്യമുള്ള ഒന്നായിരിക്കണം തിരഞ്ഞെടുപ്പ് എന്നും അവറാന് നിഷ്കർഷയുണ്ട്.

തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട എണ്ണപ്പാടത്തെ മറ്റൊരു സവിശേഷത ലീഗ്

രാഷ്ട്രീയത്തിന്റെ പ്രതിപാദനമാണ്. തിരഞ്ഞെടുപ്പ് എന്നാൽ മുസ്ലിം ലീഗാണ് എന്ന പാരമ്പര്യചിന്തകൾ വെച്ചു പുലർത്തുന്ന ഒരു സമൂഹമായിരുന്നു അവരുടേത്. മൊല്ലാച്ചി കൽമേയി, രായീൻമൊല്ലാക്ക, ഏനുക്ക, മോയിറ്റി, അവുള്ളക്കുട്ടി മാസ്റ്റർ, കുഞ്ഞാലി തുടങ്ങിയ ഒട്ടനേകം കഥാപാത്രങ്ങൾ ലീഗിന്റെ പ്രതിനിധികളാണ്. മോയിറ്റിക്കയുടെയും ഏനുക്കയുടെയും ലീഗിൽനിന്നുള്ള രാഷ്ട്രീയമാറ്റം എണ്ണപ്പാടത്ത് വലിയ വാദപ്രതിവാദങ്ങൾ സൃഷ്ടിക്കുന്നു. മൊല്ലാച്ചിക്ക് തിരഞ്ഞെടുപ്പെന്നാൽ ദീനാണ് (മതം). മുസ്ലിങ്ങൾ ലീഗിനെ വോട്ടു കൊടുക്കാവൂ എന്നാണ് അവരുടെ പ്രമാണം. " നമ്മക്ക് മുഅമിനീങ്ങൾക്ക് ദീനിന്ന് പുറത്താക്ണ പണി പാടുണ്ടോ ഇബളേ?"(മുഹമ്മദ്, എൻ.പി. 1993:159) എന്ന മൊല്ലാച്ചിയുടെ പ്രസ്താവനയിൽ അവരുടെ രാഷ്ട്രീയവീക്ഷണം തെളിഞ്ഞുകാണുന്നു. ലീഗിൽനിന്നുള്ള രാഷ്ട്രീയമാറ്റം ഇസ്ലാം മതവിശ്വാസത്തിൽനിന്നും പുറത്തു പോകുന്നതിന് തുല്യമാണ് എന്ന കാഴ്ചപ്പാടാണ് അവർക്കുണ്ടായിരുന്നത്.

സങ്കുചിതരാഷ്ട്രീയബോധത്തിന്റെ പ്രതിഫലനമാണ് തങ്ങൾപാപ്പയുടെ കടന്നുവരവിലൂടെ എൻ.പി. ആവിഷ്കരിക്കുന്നത്. വടക്കേ മലബാറിന്റെ രാഷ്ട്രീയ ചരിത്രത്തിൽ ഒരു കാലത്ത് വ്യാപകമായിരുന്ന രാഷ്ട്രീയതന്ത്രമായിരുന്നു ഇത്. സ്ത്രീകൾ ഉൾപ്പെടുന്ന യാഥാസ്ഥിതികചിന്താഗതിക്കാർ തങ്ങൾ പാപ്പയുടെ വാക്കിലും പ്രവർത്തിയിലും ആകൃഷ്ടരാവുന്നു. മുസ്ലീങ്ങൾ ലീഗിനേ വോട്ടു കൊടുക്കാവൂ എന്ന ധാരണ അവരിൽ ഊട്ടിയുറപ്പിക്കാൻ ഇതിലൂടെ സാധിച്ചു. വിവിധ രാഷ്ട്രീയപാർട്ടികളുടെ തന്ത്രങ്ങളും കുതന്ത്രങ്ങളും വാക്ധോരണികളും എണ്ണപ്പാടത്തെയും മുഖരിതമാക്കുന്നുണ്ട്. പ്രാദേശികതിരഞ്ഞെടുപ്പിന്റെ വീറും വാശിയും എണ്ണപ്പാടത്തിന്റെ പ്രാദേശികാഖ്യാനത്തിലൂടെ സൗന്ദര്യാത്മകമായി ആവിഷ്കരിക്കാൻ എൻ.പി.ക്ക് സാധിച്ചിട്ടുണ്ട്.

### 4.1.3. പാരിസ്ഥിതികാവബോധം

ബാലമനസ്സിന്റെ വിചിന്തനങ്ങളിലൂടെ അനാവൃതമാകുന്ന നോവലാണ് 'ദൈവത്തിന്റെ കണ്ണ്'. ഈ നോവലിൽ പരിസ്ഥിതിയുമായി ബന്ധപ്പെട്ട വിചാര ണാത്മകമായ ഒരു സവിശേഷതലം എൻ.പി. പങ്കുവെക്കുന്നുണ്ട്, പാരിസ്ഥിതികാ വബോധം പ്രമേയമായിവരുന്ന ഇതര മലയാളനോവലുകളിൽനിന്നും ഈ കൃതിയെ വേറിട്ടുനിർത്തുന്നത് അതിന്റെ സവിശേഷമായ ആന്തരികജൈവദർശന മാണ്. മനുഷ്യന്റെ ഇടപെടലുകൾ പ്രകൃതിയെയും സംസ്കാരത്തെയും നാശോ ന്മുഖമാക്കിക്കൊണ്ടിരിക്കുന്നു എന്ന തിരിച്ചറിവിൽനിന്നാണ് ഈ നോവൽ രൂപം കൊള്ളുന്നത്. ''പരിസ്ഥിതി ഇന്ന് എല്ലായിടത്തും ചർച്ചാവിഷയമാണ്. അതൊരു ഫാഷനായിരിക്കാം. എങ്കിലും പ്രകൃതിയുമായി ഇടപഴകി സംവദിച്ചുപോന്ന മർത്യ സമൂഹങ്ങൾ ഇന്ന് പാരിസ്ഥിതികമായ പ്രതിസന്ധിയിലാണ്. പരിസ്ഥിതിയെ നശി പ്പിച്ച് മനുഷ്യരെ നിലനിർത്താൻ എല്ലാവരും സമ്മതിക്കും. എന്നാൽ മനുഷ്യരെയും പരിസ്ഥിതിയെയും ഒന്നുപോലെ നിലനിർത്തേണ്ടതാണെന്ന നീതിബോധം ഇന്നത്തെ ആശങ്കകൾക്കിടയിലുണ്ട്. എൻ.പി. പകർന്നുതരുന്ന പാരിസ്ഥിതിക ബോധത്തിന്റെ ധാർമ്മികമായ വ്യസനതലം ഇതാണ്'' (ഹരികുമാർ എം.കെ. 1997:30) എന്ന എം.കെ ഹരികുമാറിന്റെ നിരീക്ഷണം എൻ.പി.യുടെ പാരിസ്ഥിതികബോധത്തിന്റെ സൂക്ഷ്മതലങ്ങളെ അനാവരണം ചെയ്യുന്നു. എൻ.പി. മുന്നോട്ടുവെക്കുന്ന പാരിസ്ഥിതികദർശനത്തിൽ മനുഷ്യനും പ്രകൃതിയും തമ്മി ലുള്ള സന്തുലിതത്വമാണ് മുന്നിട്ടുനിൽക്കുന്നത്. ഈ സന്തുലിതത്വം നഷ്ടപ്പെടു ന്നതിലൂടെ മനുഷ്യനും പ്രകൃതിക്കും മാത്രമല്ല, പ്രപഞ്ചത്തിനുതന്നെ ഏൽപ്പി ക്കുന്ന ആഘാതം വളരെ വലുതാണ്.

മലബാറിലെ മുസ്ലിം സാമൂഹികാന്തരീക്ഷത്തിലാണ് ഈ നോവൽ ആഖ്യാനം ചെയ്യപ്പെട്ടിട്ടുള്ളത്. യാഥാസ്ഥിതികവും ഗ്രാമീണവുമായ ആചാരനി ഷ്ഠകളും അന്ധവിശ്വാസങ്ങളും നിറഞ്ഞ ഒരു കുടുംബത്തിന്റെ കഥയിലൂടെ

സാർവ്വലൗകികമായ ഒരു ദർശനം രൂപീകരിച്ചെടുത്തതിൽ എൻ.പിയുടെ വൈഷ ണികതയുടെ അനന്യത പ്രകടമാണ്. താൻ ഉൾവഹിക്കുന്ന ആശയത്തെ നോവ ലിന്റെ കഥാഘടനയ്ക്കോ ശില്പഭംഗിക്കോ കോട്ടംതട്ടാത്ത രീതിയിൽ, തികച്ചും ലളിതമായി കഥാഘടനയിൽതന്നെ അന്തർലീനമായി അവതരിപ്പിക്കാൻ സാധിച്ചു എന്നത് എടുത്തുപറയേണ്ടതാണ്.

കോഴിക്കോട്ടെ കുണ്ടുങ്ങലിൽനിന്നും പരപ്പനങ്ങാടിയിലെ തറവാട്ടുവീട്ടിലെ ത്തുന്ന അയ്മദ് എന്ന കോയമോനാണ് ഇതിലെ പ്രധാനകഥാപാത്രം. ആത്മകഥാ പരത മുന്നിട്ടുനിൽക്കുന്ന എൻ.പി. കൃതിയും ഇതുതന്നെ. യാഥാസ്ഥിതികത്വത്തി ന്റെയും പുരുഷാധിപത്യത്തിന്റെയും പ്രതീകമാണ് ഇതിലെ കോയസ്സൻ എന്ന മൂത്താപ്പ. കോഴിക്കോട്ടുനിന്നെത്തിയ കോയമോന്റെ തലമുടി കണ്ട് ഇസ്ലാമിന്റെ ഓജത്ത് (തെളിച്ചം) കിട്ടാനായി കുട്ടിയുടെ തല മൊട്ടയടിപ്പിക്കുന്ന മൂത്താപ്പയെ അവതരിപ്പിച്ചുകൊണ്ടാണ് നോവൽ ആരംഭിക്കുന്നത്. നിറഞ്ഞ തലമുടിയുള്ള അവനെ കാണുമ്പോഴുള്ള മൂത്താപ്പാന്റെ 'തുപ്രാ' എന്ന വിളി കുട്ടിയിൽ ബാലസ ഹജമായതും അതിലുപരി താർക്കികവുമായ ചിന്താശേഷി വളർത്തുന്നു. കളിക്കൂ ട്ടുകാരിയായ ഉമ്മു നൽകുന്ന പാഠങ്ങൾ അവനെ സംബന്ധിച്ച് വലിയ അറിവുകളാ ണ്. അവയെല്ലാം പ്രകൃതിയുടെ താരള്യവുമായി ബന്ധപ്പെട്ട കഥകളാണ്. തികച്ചും ഭ്രമാത്മകമായ ഒരന്തരീക്ഷമാണ് കോയമോൻ അവിടെ നേരിടുന്നത്. ചങ്ങലക്കു ള്ളിൽ കഴിയുന്ന ഭ്രാന്തൻ മൊയമ്മതാലിക്കാക്ക, ഉമ്മ, അമ്മായി, അമ്മായിയുടെ മകൾ ഉമ്മു തുടങ്ങിയവരാണ് പ്രധാന കഥാപാത്രങ്ങൾ. മനുഷ്യേതരവും അമൂർത്തവുമായ ഒരു വലിയ ജീവിലോകം നമുക്കു ചുറ്റുമുണ്ട് എന്ന പാഠം അവന് പകർന്നുനൽകുന്നത് ഉമ്മുവാണ്. നിധികാക്കുന്ന പാമ്പുകളുടെയും പൂത ങ്ങളുടെയും കഥ വിസ്മയത്തോടെ കേട്ടിരിക്കുന്ന കോയമോന് അവ ഉപദ്രവകാരി കളായി അനുഭവപ്പെട്ടില്ല. മണ്ണിന്റെ കളിക്കുടുക്കകളായി കൂണുകളെ ഉമ്മു പരിചയ പ്പെടുത്തുന്നു. പൂതങ്ങൾ മോഹിച്ച കൂൺ തിന്നാണ് മയമ്മതാലിക്കാക്കാക്ക് ഭ്രാന്താ യത് എന്ന കഥ അവനെ ആശ്ചര്യപ്പെടുത്തുന്നു.

#### 4.1.3.1. പ്രകൃതി പാഠങ്ങൾ

പ്രകൃതിയുമായി ബന്ധപ്പെട്ട ഇടപെടലുകൾക്ക് ധാരാളം സാധ്യതകളാണ് പരപ്പനങ്ങാടിയിൽനിന്നും കോയമോന് ലഭിക്കുന്നത്. കോടതിവളപ്പിന്റെ തെക്കെ അറ്റത്തുള്ള അരമതിലിന്റെ മൂലയിൽ മുളങ്കൂട്ടത്തിലേക്കാണവൻ പോയത്. മുള കാണാൻ രസം. എല്ലാം പച്ചനിറം. കൈവിരൽപോലുള്ള ഇല......തുപ്രൻ മുളവെട്ടുന്നു. ഇലകൾ മുളവെട്ടുമ്പോൾ കരഞ്ഞുകൊണ്ടിരുന്നു. ഇലകൾക്കും പേടിയാണ്...........മുളങ്കാട് പാമ്പിൻ കൂടാണ്. കുണ്ടുങ്ങലിൽനിന്നു ഞാൻ പാമ്പിനെ കണ്ടിട്ടില്ല. പാമ്പിനെ കാണാൻ എനിക്കു പേടിയുണ്ടെങ്കിലും പൂതിയുണ്ടായിരുന്നു'' (മുഹമ്മദ് എൻ.പി 2003 : 12, 13). പയറുമണികൾ നട്ടത് മുളച്ചുവന്നപ്പോൾ അവയുടെ, ആ നമ്രനിലയെ നിസ്കാരമായി (പ്രാർത്ഥനയായി) ദർശിക്കുന്ന കുട്ടി ഭാവനയ്ക്കപ്പുറം പങ്കുവെയ്ക്കുന്ന വിചാരതലം ശ്രദ്ധേയമാണ്. പയറുമണി കൊത്തിത്തിന്നാൻ വരുന്ന പ്രാവുകളെ ഓടിക്കാൻ ഉമ്മു പകർന്നുനൽകുന്ന അറിവ് മനുഷ്യനും പ്രകൃതിയും തമ്മിലുള്ള സഹജീവനത്തിന്റെ വലിയപാഠങ്ങളാണ്. ''ഒരു പഴയ മുറം അടുക്കളയിൽനിന്ന് എടുക്കണം. അല്ലെങ്കിൽ ഒരു തകരപ്പാട്ടയായാലും മതി എന്നിട്ട് വടികൊണ്ട് അടിച്ചുകൊണ്ടേയിരിക്കണം. ഒച്ച പ്രാവിനു മനസ്സിലാവും. അടിക്കുന്നതിന്റെ അർത്ഥം പോ പോ......എന്നാണ്'' (മുഹമ്മദ്,എൻ.പി. 2003 : 44). വയൽവരമ്പിലൂടെ നടക്കുമ്പോൾ കാറ്റിലുലയുന്ന നെൽച്ചെടികളെക്കുറിച്ച് കുട്ടി ചിന്തിക്കുന്നത് നോക്കുക. ''കണ്ണെത്താ ദൂരത്തോളം പാടം. പാടത്തിന്റെ വരമ്പിലൂടെ പായുമ്പോൾ നെൽച്ചെടികൾ തൊഴുന്നു. നെൽച്ചെടികൾക്കു മനുഷ്യരെ കാണുന്നത് ഇഷ്ടമാണ്. വാതോരാതെ വർത്തമാനം പറഞ്ഞാൽ നൂറുമേനി നെല്ലുണ്ടാകും'' (മുഹമ്മദ് എൻ.പി. 2003 : 102). മനുഷ്യനും പ്രകൃതിയും തമ്മിലുള്ള പാരസ്പര്യത്തിന്റെ ആഴമാണ് കോയമോന്റെ വിചാരതലത്തിലൂടെ പ്രസരിക്കുന്നത്. മാവിൻകൊമ്പിൽ കയറിയിരുന്നപ്പോൾ തേനീച്ചയുടെ കുത്തേറ്റ കോയമോൻ അവയെ പ്രാകുകയല്ല ചെയ്യുന്നത് മറിച്ച് തേനീച്ച നൽകുന്ന തേനിന്റെ മാധുര്യമോർത്ത് അത് ക്ഷമിക്കുകയാണ് ചെയ്യുന്നത്. "അന്നേരം കുപിതരായ

തേനീച്ചകൾ എന്റെ മുഖത്തുവന്നു കുത്തി. സൂചിമുനയുണ്ടായിരുന്നു അവയുടെ ചുണ്ടിൽ. എന്തൊരു വേദന. മുഖത്തുള്ള ചോപ്പുകുത്തുകളിൽ വേദന. ഉമ്മയാണ് പച്ചമഞ്ഞൾ അരച്ചുതേച്ചത്. എവിടെപ്പോയി മറഞ്ഞു തേനീച്ചകൾ? തേനീച്ചകൾ കുത്തിയെങ്കിലും തേൻ എനിക്കിഷ്ടമായിരുന്നു''(മുഹമ്മദ് എൻ.പി. 2003:107) എന്ന എൻ.പി.യുടെ ആഖ്യാനം അദ്ദേഹത്തിന് പ്രകൃതിയോടുള്ള ബന്ധത്തെ സൂചിപ്പിക്കുന്നു.

പ്രകൃതിയിലെ ജീവജാലങ്ങൾ മനുഷ്യനെ പോലെയാണെന്നും അവക്കും വേദനയും സന്തോഷവും ഉണ്ടെന്നും കോയമോൻ മനസ്സിലാക്കുന്നു. മന്ത്രവാദക്രിയകൾക്കായി കൂമന്റെ കണ്ണ് ആവശ്യപ്പെടുന്ന കോയസ്സൻ മൂത്താപ്പയെക്കുറിച്ച് കുട്ടി ചിന്തിക്കുന്നതു നോക്കുക. ''കൂമന്റെ കണ്ണ് ! മൂത്താപ്പക്ക് എന്ത് വന്നെത്തിപ്പോയി? മൂത്താപ്പയുടെ കമ്പം വല്ലാത്ത കമ്പം തന്നേ. കൂമന്റെ കണ്ണുകിട്ടാൻ, അതിനെ കൊന്ന്, കണ്ണു ചൂഴ്ന്ന് .........പാവം കൂമൻ'' (മുഹമ്മദ്, എൻ.പി. 2003 : 99) കൂമന്റെ കണ്ണുമാത്രം മതിയായിരുന്നില്ല കോയസ്സന്. വെളിമുക്ക്നിന്നും ഉള്ളാണത്ത്നിന്നും വേങ്ങരയിൽനിന്നുമെല്ലാം അരൂതച്ചെടികളും വീട്ടിലെത്തിച്ചു. അരൂതയായ അരൂതയെല്ലാം പറിച്ചാൽ ഈ ഭൂമിയിൽ അരൂതയെന്ന ഒന്ന് ഇല്ലായിത്തീരുമല്ലോ എന്ന ആശങ്കയും കോയമോൻ പങ്കുവെയ്ക്കുന്നുണ്ട്. 'കാറ്റിൽ ചിരിച്ചാടിയിരുന്ന അരൂതയ്ക്ക് മുരടുപിടിച്ചു പറിച്ചാൽ വേദനിക്കില്ലേ' എന്നും കോയമോൻ ചിന്തിക്കുന്നു.

ബുദ്ധിപരമായ സങ്കീർണ്ണതയിലേക്ക് നീങ്ങാതെ ഹൃദയപൂർവ്വമായ സംവേദനമന്ത്രമായി എൻ.പി.യുടെ വിചാരതലം ഈ നോവലിൽ വർത്തിക്കുന്നത് കാണാം. മനുഷ്യനും പ്രകൃതിയും തമ്മിലുള്ള നൈസർഗ്ഗികമായ സംവേദനം 'ദൈവത്തിന്റെ കണ്ണ്' എന്ന നോവലിനെ കൂടുതൽ ആദരണീയമാക്കുന്നു. നോവലിന്റെ ആഖ്യാനപരമായ ഈ സവിശേഷതയെ എം.കെ. ഹരികുമാർ വിലയിരുത്തുന്നത് ഇപ്രകാരമാണ്. 'തത്വശാസ്ത്രങ്ങളെ അവയുടെ വഴിക്ക് പറഞ്ഞയച്ചിട്ട്

മനുഷ്യനെ രക്ഷിക്കാനാവുമോ എന്ന് എൻ.പി. പരിശോധിക്കുന്നു. കാരണം മനുഷ്യനെ രക്ഷിക്കാനാവില്ല എന്ന് തോന്നിപ്പിക്കുന്ന സ്ഥാപനവത്കൃതസംസ്കാരത്തിന്റെ സമ്മർദ്ദത്തിലാണ് നാം. ഇത് കണ്ടറിയുകയാണ് സർഗ്ഗപരമായ സൂക്ഷ്മത'' (ഹരികുമാർ എം.കെ. 1997: 31) ഈ സൂക്ഷ്മത നോവലിന്റെ ആഖ്യാനത്തിൽ പാലിച്ചിട്ടുണ്ടെന്ന് എം.കെ. ഹരികുമാർ വിലയിരുത്തുന്നു.

#### 4.1.3.2. ചൂഷണത്തിന്റെ ഇരകൾ

പ്രകൃതിയും സ്ത്രീയും കുട്ടികളും പുരുഷാധിപത്യത്തിന്റെ ചൂഷണങ്ങൾക്ക് ഇരയാവുന്നതിന്റ ചിത്രം നോവലിലുണ്ട്. പുരുഷാധിപത്യത്തിന്റെ പ്രതീകമാണ് ''ദൈവത്തിന്റെ കണ്ണി''ലെ കോയസ്സൻ മൂത്താപ്പ. തറവാട്ടിലെ നിധികാക്കുന്നതെന്ന് വിശ്വസിക്കുന്ന പാമ്പുകളെ ഉപദ്രവിക്കാൻ പാടില്ല എന്ന വിശ്വാസം നിലനിൽക്കെ ഉമ്മറത്തേക്കിഴഞ്ഞുവന്ന പാമ്പിനെ മൂത്താപ്പ എറിഞ്ഞുകൊല്ലുന്നു. ഭ്രാന്തനായ മയമ്മദാലിക്ക കോയസ്സൻ മൂത്താപ്പാന്റെ ചവിട്ടേറ്റാണ് മരിക്കുന്നത്. മയമ്മദാലിക്കാക്കാന്റെ ശരീരത്തിൽനിന്നും രക്ഷപ്പെട്ട പൂതങ്ങൾ പൂങ്കൊമ്പ് തേടി അലയുകയാണെന്നും അതിനാൽ ഏക ആൺതരിയായ കോയമോനെ രക്ഷിക്കാനായി പാണൻതാമി എന്ന മന്ത്രവാദിയുടെ സഹായംതേടുന്നതായും വീട്ടുകാരെ വിശ്വസിപ്പിക്കുന്നു. തറവാട്ടുപറമ്പിൽ ഉണ്ടെന്നു വിശ്വസിക്കുന്ന നിധി കൈക്കലാക്കുകയാണ് കോയസ്സന്റെ ലക്ഷ്യം. അതിനായി കോയമോനെ കരുവാക്കുന്നു. വിഭ്രാന്തിയുടെ വക്കിലെത്തിയ കോയമോൻ നിധിയിരിക്കുന്ന സ്ഥലം കാണിക്കുന്നു. പുരത്തറ കിളച്ചിട്ടും മാവുവെട്ടിയിട്ടും ഒന്നും കിട്ടാതായതോടെ കൂടുതൽ ക്രിയകളിലേക്ക് കടക്കുന്നു. കൊച്ചിയിൽനിന്നും തിരിച്ചെത്തിയ മറിയമ്മായി പുരത്തറ കിളച്ചതുകണ്ട് സ്തംഭിക്കുകയും മാവുവെട്ടുന്നവരെ ഭീഷണിപ്പെടുത്തി ഓടിക്കുകയും ചെയ്യുന്നു. സഹജമായ സ്ത്രീശക്തിക്കുമുമ്പിൽ കോയസ്സൻ മൂത്താപ്പ എന്ന പുരുഷബിംബം തകരുന്നു. മായികമായ സാഹചര്യങ്ങൾ കോയമോന്റെ മാനസികതലത്തെ തകർക്കുന്നു. പ്രതിരോധത്തിന്റെ മാർഗ്ഗങ്ങളൊന്നും അവരുടെ

രക്ഷക്കെത്തിയില്ല. മയമ്മദാലിക്കാക്ക അവശേഷിപ്പിച്ചുപോയ ചങ്ങലയ്ക്ക് കോയ മോൻ അവകാശിയായി. പാരമ്പര്യമെന്നോ തുടർച്ചയെന്നോ വിവേചിച്ചറിയാനാ കാത്ത തരത്തിൽ പുതുതലമുറകൂടി അതിന്റെ കണ്ണികളായി അവശേഷിച്ചു.

#### 4.1.3.3. പരിസ്ഥിതി സ്ത്രീവാദം

അന്ധവിശ്വാസത്തിൽ അധിഷ്ഠിതമായ ഒരു കുടുംബത്തിന്റെ കഥ എന്നതി ലുപരിയായി ഈ നോവലിനെ വ്യത്യസ്തമാക്കുന്ന നിരവധി ഘടകങ്ങളുണ്ട്. പരി സ്ഥിതി സ്ത്രീവാദം (Eco feminism) ഈ നോവലിന്റെ അന്തർധാരയായി വർത്തി ക്കുന്നു. പരിസ്ഥിതിയും സ്ത്രീയും തമ്മിൽ അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. നൈസർഗ്ഗികമായ ഈ പാരസ്പര്യത്തിൽനിന്നാണ് പാരിസ്ഥിതിക സ്ത്രീവാദം ഉട ലെടുക്കുന്നത്. ഇക്കോ ഫെമിനിസം ഒരു ദർശനമായി നോവലിൽ കടന്നുവരുന്നി ല്ല. മറിച്ച് സർഗ്ഗാത്മകവേളയിൽ എഴുത്തുകാരനെ ചൂഴ്ന്നുനിൽക്കുന്ന ഈ ദർശനം വായനയിലൂടെ അനുവാചകൻ കണ്ടെടുക്കുകയാണ് ചെയ്യുന്നത്.

പ്രകൃതിയും സ്ത്രീയും തമ്മിലുള്ള ജൈവബന്ധത്തിന്റെ കണ്ണിയായി നോവലിൽ പ്രതിപാദിക്കുന്നത് ഉമ്മു എന്ന കഥാപാത്രത്തെയാണ്. ആ കഥാപാ ത്രത്തിന്റെ സ്ത്രൈണമായ മാനസികതലത്തിൽനിന്നും ഉരുത്തിരിയുന്ന അറിവും അനുഭവവുമാണ് ഇതിലെ പ്രധാനകഥാപാത്രത്തിന്റെ ജൈവദർശനത്തെ രൂപപ്പെ ടുത്തിയെടുക്കുന്നത്. നോവലിന്റെ അവസാനഭാഗത്ത് മറിയമ്മായി എന്ന കഥാപാ ത്രവും പ്രകൃതിക്കുനേരെയുള്ള കയ്യേറ്റങ്ങൾക്കെതിരെ പ്രതികരിച്ചുകൊണ്ട് ഇതിലെ ജൈവദർശനത്തിന്റെ ഭാഗമാകുന്നുണ്ട്. നിരന്തരചൂഷണത്തിലൂടെ പ്രകൃ തിയുടെ താരള്യത്തെ നഷ്ടപ്പെടുത്തുമ്പോൾ ഉഗ്രരൂപിണിയായി പൊട്ടിത്തെറിക്കാ നുള്ള ശേഷി അതിനുണ്ടെന്ന് നാം മറന്നുപോകുന്നു. ആധിപത്യത്തിനുകീഴിൽ പ്രകൃതിയും സ്ത്രീയും എപ്പോഴും ചൂഷണത്തിന് വിധേയമായിക്കൊണ്ടിരിക്കുന്നു. മറിയമ്മായിയുടെയും ഉമ്മയുടെയും പ്രതികരണങ്ങൾ അടിച്ചമർത്തലുകൾക്കെതി രെയുള്ള ശക്തമായ താക്കീതായി നാം വായിക്കേണ്ടതുണ്ട്. സമാനമായ രീതിയി

ലുള്ള പ്രതികരണം പ്രകൃതിയിൽനിന്നും നാം പ്രതീക്ഷിക്കണം. ഈ ഒരു മുന്നറിയിപ്പാണ് എൻ.പി. ഉൾക്കൊണ്ട പാരിസ്ഥിതികബോധത്തിന്റെ ധൈഷണികതലം. വിചാരാത്മകമായ ഈ തലത്തെ അനുഭൂതിദായകമായി പ്രത്യക്ഷീകരിക്കാൻ ഈ നോവലിലൂടെ എൻ.പി.ക്ക് സാധിച്ചിട്ടുണ്ട്. ഈയർത്ഥത്തിൽ നോവലിന്റെ ശീർഷകം പോലും ധ്വന്യാത്മകമാണ്. 'ദൈവത്തിന്റെ കണ്ണ്' ഉൾക്കണ്ണായി മാറുന്നു. സർവ്വചരാചരങ്ങൾക്കും നേരെ തുറന്നുപിടിച്ച സൂര്യന്റെ കണ്ണായി, ഉൾക്കണ്ണായി അത് വർത്തിക്കുന്നു. എഴുത്തുകാരന്റെ ആ ഉൾക്കണ്ണ് പ്രകൃതിയെ മാതാവായി സ്ത്രീയായിത്തന്നെ ദർശിക്കുന്നു.

### 4.1.4. മിത്തുകളുടെ ആവിഷ്കാരം

ബൃഹത്തായ ഒരു പാരമ്പര്യസമ്പത്ത് നമുക്കുണ്ട്. പറഞ്ഞുകേട്ട കഥകളിൽ നിന്നും പാടിപ്പഴകിയ പാട്ടുകളിൽനിന്നും മനസ്സിൽ ഉറച്ചുപോയ വിശ്വാസങ്ങളിൽ നിന്നും ഉരുവം കൊണ്ടതാണവ. നമ്മുടെ ആചാരാനുഷ്ഠാനങ്ങളും ജീവിതരീതികളും കലാപരമായ ആവിഷ്കാരങ്ങളും പാരമ്പര്യസമ്പത്തായ മിത്തിനെ സമ്പുഷ്ടമാക്കി. വാമൊഴിയായി പ്രചരിച്ച മിത്തുകളുടെ വേരുകൾ മുത്തശ്ശിക്കഥകൾ മുതൽ വേദ-മതഗ്രന്ഥങ്ങൾ വരെ വ്യാപിച്ചുകിടക്കുന്നു. മിത്തുകളുടെ ഭാവനാസമ്പത്തുകൊണ്ട് അനുഗ്രഹീതരാകാത്ത ഒരു ജനതയും ലോകത്തുണ്ടാവില്ല. ഒരു ദേശത്തിന്റെയോ പ്രത്യേകവിഭാഗത്തിന്റെയോ വർഗ്ഗത്തിന്റെയോ പ്രകൃതിപ്രതിഭാസങ്ങൾ വിശദീകരിക്കുന്നതും അലൗകികഘടകങ്ങൾ ഉൾകൊള്ളുന്നതുമായ പാരമ്പര്യകഥകളാണ് മിത്തുകൾ എന്ന് സാമാന്യമായി പറയാം. പ്രകൃതിപ്രതിഭാസങ്ങളോട് മനുഷ്യനുള്ള ഭയവും വിസ്മയവും ആദരവും അഭയബോധവുമെല്ലാം കാല്പനികമായി മിത്തുകളിൽ ആവിഷ്കരിക്കപ്പെട്ടിരിക്കുന്നു. മനുഷ്യന്റെ പരിമിതികളെ ഭാവനയിലൂടെ അതിജീവിക്കുകയും അനിയന്ത്രിതമായ തൃഷ്ണകളെ വിശദീകരിക്കുകയും സന്തുലനപ്പെടുത്തുകയും ചെയ്യുക എന്നത് മിത്തുകൾ വഹിക്കുന്ന ധർമ്മങ്ങളാണ്. സാർവ്വലൗകികവും പ്രാദേശികവും ദേശീയവുമായ

സ്വഭാവം മിത്തുകൾ പുലർത്തന്നു. സൃഷ്ടി, സ്വർഗ്ഗം, നരകം, ദൈവം, ആത്മാവ്, പ്രളയം, പിശാച്, നായകൻ എന്നിവയെ കേന്ദ്രീകരിക്കുന്ന മിത്തുകൾ സാർവ്വലൗകിക സ്വഭാവം പുലർത്തുന്നു. പ്രാക്തനസമൂഹത്തിന്റെ സംസ്കാരത്തിന്റെ സംഭാവനയായ മിത്തുകൾ ആ സമൂഹത്തിന്റെ ആത്മീയതയുടെ ആവിഷ്കാരങ്ങളാണ്. മതത്തിന്റെയും സദാചാരത്തിന്റെയും പൊതു ഉറവിടമായി അത് വർത്തിക്കുന്നു.

മിത്തും സാഹിത്യവും തമ്മിൽ അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. സർഗ്ഗവേളയിൽ എഴുത്തുകാരന് ധൈഷണികമായ ഉദ്ദീപനംനൽകുന്ന അടിസ്ഥാനങ്ങളാണ് മിത്തുകൾ. സാഹിത്യവും മിത്തും തമ്മിലുള്ള ബന്ധം പല സാഹിത്യപഠിതാക്കളും പഠനവിധേയമാക്കിയിട്ടുണ്ട്. പൗരാണികമിത്തുകളുടെ സമർത്ഥമായ പ്രയോഗത്തിലൂടെ നോവലിന്റെ ആഖ്യാനഘടനയെ തന്നെ അസാധാരണാക്കിയ എൻ.പി.യുടെ നോവലാണ് 'ഹിരണ്യകശിപു'. ക്രിസ്ത്യൻപുരാവൃത്തത്തിൽ അധിഷ്ഠിതമായ നോവലാണ് 'ഗുഹ'. ബൈബിൾ പഴയ നിയമത്തിലെ ലോത്തിന്റെ കഥയാണ് ഈ നോവലിന് ആധാരമായത്. മുസ്ലിംസമുദായം പശ്ചാത്തലമാക്കി രചിച്ച 'മരം', 'എണ്ണപ്പാടം', 'ദൈവത്തിന്റെ കണ്ണ്' എന്നീ നോവലുകളിലും ഒട്ടനേകം ചെറുകഥകളിലും മിത്തുകളുടെ സമ്പന്നതയുണ്ട്. മിത്തുകളുടെയും ഐതിഹ്യങ്ങളുടെയും പ്രാധാന്യം എൻ.പി.യിലെ പ്രതിഭ തിരിച്ചറിഞ്ഞിരുന്നു. അതുകൊണ്ടുതന്നെ അവയെക്കുറിച്ച് വിശദമായി പഠിക്കാനും അദ്ദേഹം താത്പര്യംകാണിച്ചു. 'ഐതിഹ്യങ്ങളും മിത്തുകളുമില്ലാത്ത നാടുകൾക്ക് ജീവനില്ല. അവയില്ലാത്ത നാടുകളും ഉണ്ടാവില്ല' (മുഹമ്മദ്,എൻ.പി. 1996 : 24). ഒരു നാടിന്റെ ജീവനാഡിയായി വർത്തിക്കുന്ന ഒന്നാണ് ഐതിഹ്യങ്ങളും പുരാവൃത്തങ്ങളും. പുരാവൃത്തങ്ങളിലധിഷ്ഠിതമായ സാഹിത്യരചന മനുഷ്യമനസ്സിന്റെ അഗാധതലങ്ങളെ സ്പർശിക്കുമെന്നും അവ കാലാതീതമായി നിലനിൽക്കുമെന്നും എൻ.പി. തിരിച്ചറിഞ്ഞിരുന്നു. കഥാഖ്യാനത്തിൽ മിത്തുകളുടെ ആവിഷ്കാരസാധ്യതകൾ പരമാവധി ഉപയുക്തമാക്കാൻ എൻ.പി. ശ്രമിച്ചിട്ടുണ്ട്. 'പ്രത്യക്ഷാനുഭവം

യാഥാർത്ഥ്യത്തിന്റെ പുറംതൊലിയാണ്. അതിന് ആഴവും പരപ്പും കൊടുക്കുന്ന സൂക്ഷ്മതകളുണ്ട്. അവയാണ് മിത്ത്' (മുഹമ്മദ് എൻ.പി. 2002; 20 ).

വ്യത്യസ്തമായ ദർശനങ്ങളിലെ മിത്തുകൾ ഒരേപോലെ ആവിഷ്കരിക്കാനുള്ള പ്രാഗത്ഭ്യം എൻ.പി.ക്ക് ഉണ്ടായിരുന്നു. ഈ സവിശേഷത മറ്റു സാഹിത്യകാരന്മാരിൽ കണ്ടെത്തുക അപൂർവ്വമാണ്. വേദവും പുരാണേതിഹാസങ്ങളും ഇസ്ലാമികമായ മിത്തുകളും തന്നിലേക്ക് കടന്നുവന്ന വഴികളെക്കുറിച്ച് എൻ.പി. പ്രതിപാദിക്കുന്നുണ്ട്. "ഞാൻ പരപ്പനങ്ങാടിയിൽ പഠിച്ചിരുന്നപ്പോൾ ബൈബിൾ വിദ്യാർത്ഥിയായിരുന്നു. ബൈബിൾ വിഷയത്തിൽ ഉയർന്ന മാർക്ക് വാങ്ങിയിരുന്നു. പഴയനിയമത്തിലെ ഭാഷ എനിക്കെന്നും കൗതുകമായിരുന്നു. അതുപോലെ ഖുർആനും ഭാഗവതവും ഞാൻ പഠിച്ചിട്ടുണ്ട്. ഇങ്ങനെയൊരു പൂർവ്വകാലത്തുനിന്നും ആധുനികലോകത്തേക്കുള്ള സന്ദേശങ്ങളാണ് മിത്തുകൾ എന്നൊരാശയം എനിക്ക് ബോധ്യപ്പെട്ടിട്ടുണ്ട്" (മുഹമ്മദ് എൻ.പി.2002:20). മനുഷ്യനും പ്രകൃതിയും തമ്മിലുള്ള അഭേദ്യമായ ബന്ധത്തിന്റെ ആവിഷ്കാരങ്ങളാണ് മിത്തുകൾ. ഐതിഹ്യങ്ങൾക്കും പുരാവൃത്തങ്ങൾക്കും പ്രകൃതിയുമായുള്ള ജൈവബന്ധം അനിഷേധ്യമാണ്.

#### 4.1.4.1. ഗുഹ-ക്രിസ്ത്യൻ മിത്ത്

ബൈബിൾ പഴയനിയമത്തിലെ ലോത്തിന്റെ കഥയാണ് 'ഗുഹ' എന്ന നോവലിലൂടെ ആവിഷ്കരിച്ചത്. പലസ്തീനിലെ ഒരു നഗരമായ സോദോം ദേശമാണ് ബൈബിളിലെ മിത്തിന്റെ പശ്ചാത്തലം. അബ്രഹാമിനൊത്ത് കനാൽ ദേശത്തു താമസിച്ചിരുന്ന ലോത്ത് തന്റെ ഭാര്യയെയും രണ്ട് പെൺമക്കളെയും കൂട്ടി സോദോം ദേശത്തേക്ക് താമസം മാറുകയായിരുന്നു. യോർദ്ദാൻ നദിക്ക് സമീപമായിരുന്നു സോദോം. സുന്ദരമായ സ്ഥലമായിരുന്നെങ്കിലും അവിടത്തെ ജനങ്ങൾ വളരെ മോശക്കാരായതിനാൽ ദൈവകോപത്തിനു കാരണമായി. ദൈവകോപമു

ണ്ടാകുന്നതിനുമുമ്പ് ദൈവദൂതന്മാർ നല്ലവനായ ലോത്തിനെയും കുടുംബത്തെയും പട്ടണത്തിൽനിന്നും പുറത്തെത്തിച്ച് തിരിഞ്ഞുനോക്കാതെ ഓടിരക്ഷപ്പെടാൻ കൽപ്പിച്ചു. ലോത്തിന്റെ ഭാര്യ തിരിഞ്ഞുനോക്കിയതിനാൽ ഉപ്പുതൂണായി മാറി. ലോത്തും രണ്ട് പെൺമക്കളും ഒരു ഗുഹയിൽ താമസിക്കുകയും അപ്പനെ വീഞ്ഞു കുടിപ്പിച്ച് ആ കന്യകമാർ അപ്പനിൽനിന്നും അപ്പനറിയാതെ ഗർഭംധരിച്ച് വംശം നിലനിർത്തി എന്നും ബൈബിളിൽ പരാമർശിക്കുന്നു. ഉല്പത്തിപുസ്തകം പത്തൊമ്പതാം അധ്യായത്തിലാണ് ഈ കഥ പരാമർശിക്കുന്നത്.

സോദോംദേശത്തിന്റെ നാശത്തെക്കുറിച്ചുള്ള വിശദീകരണങ്ങൾ ബൈബിളിലും ഖുർആനിലുമുണ്ട്. സോദോംസമൂഹത്തിൽ നിലനിന്നിരുന്ന സ്വവർഗ്ഗ ലൈംഗികതയാണ് ദൈവകോപത്തിലൂടെ തീമഴയായി ഇറങ്ങിയത് എന്ന് ഇരുഗ്രന്ഥങ്ങളും വിശദീകരിക്കുന്നു.

> ''അങ്ങനെ നമ്മുടെ കൽപ്പന വന്നെത്തിയപ്പോൾ നാം ആ നാടിനെ കീഴ്മേൽ മറിച്ചു. അതിനുമീതെ നാം ചുട്ടമൺകട്ടകൾ വർഷിച്ചു. അവയിൽ ഓരോ കല്ലും അവന്റെ നാഥങ്കൽ അടയാളപ്പെടുത്തിയിട്ടുള്ളതായിരുന്നു. ഈ ശിക്ഷ ധിക്കാരികളിൽനിന്ന് ഒട്ടും വിദൂരമല്ല''
>
> (വിശുദ്ധ ഖുർആൻ 11 : 82)

> ''യഹോവ സോദേമിന്റെയും ഗൊമോരയുടെയും മേൽ യഹോബയുടെ സന്നിധിയിൽനിന്ന് ആകാശത്തുനിന്നുതന്നെ ഗന്ധവും തീയും വർഷിപ്പിച്ചു. ആ പട്ടണങ്ങൾക്കും പ്രദേശത്തിനും മുഴുവനും ആ പട്ടണങ്ങളിലെ സകല നിവാസികൾക്കും നിലത്തെ സസ്യങ്ങൾക്കും ഉന്മൂലനാശം വരുത്തി''
>
> (ഉല്പത്തി 19 : 24, 25)

വേദഗ്രന്ഥങ്ങളിൽ പറയുന്ന ഈ മിത്തിന്റെ ഭാവനാത്മകമായ ആവിഷ്കാരമാണ് നോവലിൽ കാണുന്നത്. '''കത്തിയാളുന്ന ആ തീഗോളം പൊട്ടിച്ചിതറിയപ്പോൾ നൂറായിരം തീ പാമ്പുകൾ നീലാകാശത്തിൽനിന്നടർന്നു. തീനാവുകൾ പുറത്തേക്കിട്ട് അവ ആകാശത്തിൽ പുളഞ്ഞു. ചിറകറ്റ് പക്ഷികൾ കരിഞ്ഞുവീണു. പുളഞ്ഞുമറിയുന്ന പാമ്പുകൾ അംബരചുംബികളിൽ സ്പർശിച്ചു. പർവ്വതശിഖരങ്ങൾക്ക് തീപിടിച്ചു. പുകക്കടൽ ഭൂമിയിലേക്കൊഴുകി വരുന്നു.

ആകാശത്തുനിന്നും ഗന്ധകവും തീയും വർഷിച്ചു'' (മുഹമ്മദ് എൻ.പി. 2003 : 7).

ബൈബിൾകഥയിലെ ലോത്ത് 'ഗുഹയിൽ' റാഫേൽ ആണ്. ലോത്തിന്റെ ഭാര്യയ്ക്കും പെൺമക്കൾക്കും പുരാവൃത്തത്തിൽ പേരുകളില്ല. റാഫേലിന്റെ ഭാര്യ സാറയും മക്കൾ മേരിയും ബേബിയുമാണ്. യഥാർത്ഥപുരാവൃത്തത്തിന്റെ സ്വതന്ത്രമായ ആവിഷ്കാരമാണ് നോവലിൽ എൻ.പി. സാധ്യമാക്കിയത്. ഒരു കുടുംബത്തെമാത്രം അവശേഷിപ്പിച്ചു കടന്നുപോയ ദുരന്തത്തിൽനിന്നും കരകയറാൻ ഗൃഹനാഥനായ റാഫേൽ കഴിയുന്നതും ശ്രമിക്കുന്നു. തകർന്നടിഞ്ഞ വസ്തുക്കൾക്കിടയിൽനിന്നും പെറുക്കിയെടുക്കുന്ന ഗോതമ്പുമണികളിൽ ജീവിതത്തിന്റെ നല്ല നാളെകൾ അവർ കാണുന്നു. ഒരു പുൽനാമ്പുപോലും അവശേഷിക്കാത്ത ആ വിജനതയിൽനിന്നും കരിഞ്ഞുവാടിയ പൂച്ചെടി കണ്ടെത്തിയത് ജീവിതം വീണ്ടും തളിർത്തേക്കുമെന്നതിന്റെ സൂചനയായി അവർക്കനുഭവപ്പെടുന്നു.

ബൈബിളിലെ പഴയനിയമത്തിൽനിന്നും എൻ.പി. കണ്ടെത്തിയ മിത്തിന്റെ വികാസമാണ് ഈ നോവലിൽ നാം കാണുന്നത്. ലോത്തിന്റെ ഭാര്യ സോദോം ദേശത്തുനിന്നും രക്ഷപ്പെടുന്നതിനിടയിൽ ദൈവകല്പന ലംഘിച്ച് ഉപ്പുതൂണായി മാറി എന്ന കഥ എൻ.പി. സ്വതന്ത്രമായ രീതിയിൽ ആവിഷ്കരിച്ചിട്ടുണ്ട്. പരുഷന്മാരില്ലാത്ത ലോകത്ത്, വംശം നിലനിർത്താനുള്ള ആന്തരികപ്രേരണമൂലം പിതാവിനെ വശീകരിക്കാനായി പെൺമക്കൾ മാതാവിനോട് മത്സരിക്കുന്നു. ഈ സംഘർഷ

ത്തിൽനിന്നും രക്ഷപ്പെടാനായി അവർ കടലിന്റെ ആഴങ്ങളിൽ അഭയം തേടിയ തായി എൻ.പി.ചിത്രീകരിക്കുന്നു. പുരാവൃത്തത്തിൽ ഉപ്പുതൂണായി മാറിയ മാതൃത്വം നോവലിൽ കടലിലെ ഉപ്പു വെള്ളത്തിൽ അലിഞ്ഞില്ലാതാവുകയാണ് ചെയ്യുന്നത്. മദ്യത്തിന്റെ ലഹരിയിൽ നാശത്തിന്റെ ഗുഹാമുഖത്തുവെച്ച് പിതാവിന് വീഞ്ഞുനൽകി, പിതാവറിയാതെ അദ്ദേഹത്തെ പ്രാപിക്കുന്ന മകളും മാതാവിനെ മാനസികമായി തകർത്തുകൊന്ന മകളും പാപഭാരം ഇറക്കിവെക്കാനായി ഇടിഞ്ഞു പൊളിഞ്ഞ ദേവാലയത്തിനുമുന്നിൽനിന്ന് ആർത്തുകരയുന്നു. എൻ.പി.യുടെ ഭാഷയും ഭാവനയും ഏറെ വ്യതിരിക്തമായി അനുഭവപ്പെടുന്ന നോവലാണിത്. ഒരു ക്രിസ്ത്യൻ മിത്തിന്റെ ഈദൃശമുള്ള വികാസത്തിലൂടെ എൻ.പി. അവതരിപ്പി ക്കുന്ന ഭാവനയുടെ ലോകം ഭയാനകവും അസ്വസ്ഥജനകവുമാണ്.

#### 4.1.4.2. ഹിരണ്യ കശിപു- ഹൈന്ദവ മിത്ത്

ഭാരതീയപുരാണങ്ങളിലെ പ്രബലമായ ഒരു മിത്താണ് ഹിരണ്യകശിപു. സനകാദി മഹർഷികളുടെ ശാപം നിമിത്തം ദേവത്വം നഷ്ടപ്പെട്ടവരാണ് വിഷ്ണു പാർശദൻമാരായിരുന്ന ജയാവിജയന്മാർ. മൂന്നു ജന്മം കഴിഞ്ഞ് നിങ്ങൾക്ക് എന്നോടുകൂടി ചേരാമെന്നും അതുവരെ വിദ്വേഷഭക്തിയോടെ എന്നെ സേവിച്ചാൽ ഞാൻ നിങ്ങളെ വധിച്ചു ശാപമോക്ഷം നൽകാമെന്നും വിഷ്ണു അരുൾചെയ്തു. അതുപ്രകാരം അവർ ഹിരണ്യാക്ഷ ഹിരണ്യകശിപുമാരായും രാവണകുംഭകർണ്ണ ന്മാരായും ശിശുപാലദന്തവക്ത്രന്മാരായും കൃത-ത്രേത-ദ്വാപരയുഗങ്ങളിൽ ജനി ച്ചു. ഇതിൽ കൃതയുഗത്തിൽ ജന്മമെടുത്ത ഹിരണ്യകശിപു അസുരചക്രവർത്തിയാ യി. തന്റെ പ്രജകളെ അടക്കിഭരിച്ച ഹിരണ്യകശിപു വിഷ്ണുവിന്റെ എതിരാളിയാ യി. പ്രജകളെ 'ഹിരണ്യായ നമഃ' എന്ന മന്ത്രം പഠിപ്പിച്ചു. പത്നിയായ കയാധു നാരദമുനിയുടെ ആശ്രമത്തിൽ ഗർഭവതിയായി കഴിഞ്ഞ നാളുകളിൽ അവിടെ നിന്നും കേട്ട വിഷ്ണുപ്രകീർത്തനങ്ങളുടെ സ്വാധീനത്താൽ വിഷ്ണുഭക്തനായ പ്രഹ്ലാദന് ജന്മംനൽകി. പ്രഹ്ലാദന്റെ വിഷ്ണുഭക്തിയിൽ കോപാകുലനായ ഹിര

ണ്യകശിപു പ്രഹ്ലാദനെ പലതരത്തിൽ നശിപ്പിക്കാൻ നോക്കി. 'നിന്റെ വിഷ്ണു ഈ തൂണിലുണ്ടെങ്കിൽ പുറത്തുവരട്ടെ' എന്നാക്രോശിച്ച് തൂൺ പിളർന്നപ്പോൾ വിഷ്ണു നരസിംഹാവതാരമായി വന്ന് അസുരനായ ആ ഏകാധിപതിയെ വധിച്ചു. സ്വേഛാധിപത്യത്തിന് അന്ത്യം കുറിച്ചു.

പുരാണത്തിലൂടെ അറിയപ്പെട്ട ഹിരണ്യകശിപുവിന്റെ മറ്റൊരു ജന്മം ആസ്പദമാക്കി എൻ.പി. രചിച്ച 'ഹിരണ്യകശിപു' എന്ന നോവൽ ആധിപത്യരാഷ്ട്രീയത്തിന്റെ ഭീകരത വ്യക്തമാക്കുന്നു. പുരാണപ്രസിദ്ധമായ ഈ മിത്തിലൂടെ ഇന്ത്യൻ രാഷ്ട്രീയത്തിന്റെ വ്യത്യസ്തമായ ഒരുമുഖം അനാവരണം ചെയ്യുന്ന ഈ നോവൽ എൻ.പി.യുടെ വേറിട്ട പരീക്ഷണമാകുന്നു. മിത്തുകളുടെ പ്രാധാന്യം ഉൾക്കൊള്ളുകയും പുരാവൃത്തങ്ങളിൽ ആണ്ടുകിടക്കുന്ന കഥാപാത്രങ്ങൾ കേവലം കഥാപാത്രങ്ങൾ മാത്രമല്ലെന്നും ആശയങ്ങളുടെ പ്രതീകങ്ങളാണെന്നു തിരിച്ചറിയുകയും ചെയ്തു എന്നത് എൻ.പി.യുടെ ധൈഷണികമായ ഉൾക്കാഴ്ചയാണ്.

#### 4.1.4.3. ഇസ്ലാമിക മിത്ത്

മുസ്ലിംസമുദായപശ്ചാത്തലത്തിൽ രചിച്ച മരം, ദൈവത്തിന്റെ കണ്ണ്, എണ്ണപ്പാടം എന്നീ നോവലുകളിലും ഏതാനും ചെറുകഥകളിലും ഇസ്ലാമികമായ മിത്തുകൾ എൻ.പി ഉപയോഗപ്പെടുത്തിയിട്ടുണ്ട്. മിത്തും, കർമ്മവും സാമൂഹ്യജീവിതവും പരസ്പരബന്ധിതമായിക്കിടക്കുന്ന സവിശേഷത എൻ.പി. കൃതികളിൽ പ്രകടമാണ്. ദൈവവിശ്വാസവുമായി ബന്ധപ്പെട്ടു നിലനിൽക്കുന്ന ഈ പുരാവൃത്തങ്ങൾ പലപ്പോഴും തെറ്റായ വിശ്വാസരീതികളിലേക്ക് മനുഷ്യരെ കൊണ്ടെത്തിക്കുന്നുണ്ട്. സിദ്ധന്മാരെയും അവരുടെ അത്ഭുതകൃത്യങ്ങളെയും പറ്റിയുള്ള വിശ്വാസം രൂഢമൂലമായിത്തീർന്ന ഒരു സമുദായമാണ് എണ്ണപ്പാടത്തുള്ളത്. ഭൂതപ്രേതാദികളിലുള്ള വിശ്വാസം, സിദ്ധന്മാരിലുള്ള വിശ്വാസം, ആത്മാക്കൾ ശരീരത്തിൽ പ്രവേശിക്കുന്നത്, വേപ്പുമരത്തിലെ ഒറ്റമുലച്ചി എന്ന യക്ഷി, മന്ത്രിച്ചൂതൽ, ചരടുകെട്ടൽ,

ജിന്നുബാധ, നേർച്ച, വഴിപാട് എന്നിവയുമായി ബന്ധപ്പെട്ട ധാരാളം മിത്തുകൾ എണ്ണപ്പാടത്ത് നിലനിൽക്കുന്നുണ്ട്. ദൈവികസിദ്ധിയുള്ള രക്ഷാപുരുഷന്മാർ അവരുടെ സാമൂഹ്യജീവിതത്തെ വലയം ചെയ്തിരിക്കുന്നു. സന്തോഷത്തിലും ദുഃഖത്തിലും ഈ രക്ഷാപുരുഷന്മാരെ കുറിച്ചുള്ള കീർത്തനങ്ങൾ സമൂഹമായി ചേർന്ന് അവർ ആലപിക്കുന്നു. ദരിദ്രരും നിരാലംബരുമായ ഒരു പറ്റം ജനങ്ങളുടെ ആത്മശാന്തിക്കുള്ള ആശ്രയമായി ഈ വിശ്വാസാചാരങ്ങളെ അവർ കാണുന്നു. ''എൻ. പി.യുടെ കഥാലോകത്തെ ചെറിയ മനുഷ്യരുടെ ഏറെ ദുഃഖങ്ങളുടെയും കൊച്ചു കൊച്ചു സന്തോഷങ്ങളുടെയും ഇടയിൽ ചുവടിറക്കിവെക്കാനുള്ള അത്താണികളാണ് ഈ മിത്തുകൾ'' (മുഹമ്മദാലി, പി.2002:129). പലപ്പോഴും ഈ വിശ്വാസങ്ങൾ അശാസ്ത്രീയമായ മാർഗ്ഗങ്ങളിലേക്കും ചരിക്കുന്നു. പ്രസവസമയത്ത് നഫീസത്തുമാല എന്ന പ്രകീർത്തനഗാനം ചൊല്ലിയാൽ സുഖപ്രസവം സാധ്യമാകുമെന്ന വിശ്വാസം ഇവർക്കിടയിൽ ഉണ്ടായിരുന്നു. ബദ്‌രീങ്ങൾ, മുഹിയുദ്ദീൻ ഷൈക്ക്, രിഫായീഷൈക്ക് തുടങ്ങി, ബദർയുദ്ധത്തിൽ രക്തസാക്ഷികളായവരെയും സൂഫിവര്യന്മാരെയും പ്രകീർത്തിച്ചുകൊണ്ടും അവരിൽ ദിവ്യത്വം സങ്കൽപ്പിച്ചുകൊണ്ടും ധാരാളം സ്തോത്രങ്ങൾ ഉണ്ടായിട്ടുണ്ട്. അവ ആലപിച്ചുകൊണ്ട് പള്ളികളിലും വീടുകളിലും നേർച്ചയായി ആചരിക്കുന്നു. ആപത്തുകളിലും സന്തോഷവേളകളിലും ഇത്തരം ആചാരങ്ങൾ സംഘടിതമായി ആചരിക്കുന്ന ഒരു സമുദായമായിരുന്നു എണ്ണപ്പാടത്ത് ഉണ്ടായിരുന്നത്.

പുരാവൃത്തസംബന്ധിയായ ഒരു ഇതിവൃത്തത്തിൽനിന്നാണ് 'ദൈവത്തിന്റെ കണ്ണ്' രൂപം കൊള്ളുന്നത്. കോഴിക്കോട്ടുനിന്നും പരപ്പനങ്ങാടിയിലെത്തുന്ന അയ്മദ് എന്ന ബാലന്റെ വിചിന്തനങ്ങളിലൂടെയാണ് നോവൽ മുന്നോട്ടുപോകുന്നത്. നിധികാക്കുന്ന പാമ്പുകളാലും പൂതങ്ങളാലും വലയം ചെയ്യപ്പെട്ട പരപ്പനങ്ങാടിയിലെ തറവാട് ഏറെ നിഗൂഢമാണ്. 'അരുതുകളുടെ' ഒരു ലോകമായിരുന്നു അയ്മദിനെ സംബന്ധിച്ച് ആ വീട്. ''നെടുമ്പുരയിലേക്ക് പോകരുത്. 'ഇവിടെ കെട്ടിയിട്ട മാതിരിയാണ്'. പറമ്പിൽ ചുറ്റിയടിക്കാൻ പാടില്ല. പാമ്പുകളുണ്ട്. മുള

ങ്കൂട്ടത്തിലെ കിളികളെ കാണാൻ പാടില്ല'' (മുഹമ്മദ് എൻ.പി. 2003 : 17). പ്രകൃതിയെ ഏറെ ഇഷ്ടപ്പെടുകയും അടുത്തറിയാൻ ശ്രമിക്കുകയും ചെയ്ത അയ്മദ് എന്ന ബാലന് അറിവിനൊപ്പം വേദനയുടെ പാഠങ്ങളും നൽകിയത് ആ വീടും പരിസരവുമാണ്.

വരാനിരിക്കുന്ന ഐശ്വര്യത്തിന്റെ പ്രതീകമായി തറവാട്ടുകുടുംബങ്ങളുടെ മനസ്സിൽ ഊറിക്കിടക്കുന്ന നിഗൂഢസങ്കല്പങ്ങളാണ് നിധികൾ. ''പാമ്പുകൾ മേഞ്ഞുനടക്കാൻ കാരണമുണ്ട്. ഞങ്ങളുടെ കാക്കകാരണവന്മാർ പറമ്പിൽ മുഴുവൻ നിധി കുഴിച്ചിട്ടിരുന്നു. പൊന്നിന്റെയും വെള്ളിയുടെയും നാണയങ്ങൾ പൊന്നിന്റെ വളകൾ, മാലകൾ, തളകൾ, അരഞ്ഞാണങ്ങൾ, ചങ്കേലസ്സുകൾ പിന്നെ സ്വർണ്ണക്കട്ടികൾ.......അതിനു കാവലിരുത്തിയതാണ് സത്യപാമ്പുകളെ.....സത്യപാമ്പുകൾ ആരെങ്കിലും നിധി കക്കാൻ വരുന്നുണ്ടോ എന്നു നോക്കിനടക്കുകയാണ്. വലിയ കട്ടളകളിലാണ് നിധി. അവയുടെ മീതെ കൊമ്പുള്ള പൂതങ്ങളെയും പാമ്പുകൾ കാവൽ നിർത്തിയിട്ടുണ്ട്.'' (മുഹമ്മദ് എൻ.പി. 2003 : 14).

കേരളീയമായ ഒരു പുരാവൃത്തമാണ് ഈ നിധിസങ്കല്പം. പാമ്പിനെയും പൂതത്തെയും കാവലായി കല്പിച്ചിരിക്കുന്നതിനുപിന്നിൽ, അവ സ്വന്തമാക്കുക എളുപ്പമല്ല എന്നതിന്റെ സൂചനയാണ്. പൂതങ്ങൾ മോഹിച്ച കൂൺതിന്നാണ് മയമ്മദാലിക്കാക്കാക്ക് ഭ്രാന്തായത് എന്നത് മറ്റൊരുമിത്താണ്. തറവാട്ടുപറമ്പിലെ ഈ നിധിസങ്കല്പവുമായി ബന്ധപ്പെട്ടാണ് കോയസ്സൻ മൂത്താപ്പയും പാണൻതാമിയും പൂതങ്ങളെ അടക്കം ചെയ്യാനെന്ന പേരിൽ മന്ത്രവാദക്രിയ നടത്തുന്നത്. കോയമോനെ മാനസികവിഭ്രാന്തിയിലെത്തിക്കുന്നത് ആ തറവാട്ടിലെ ആളുകളുടെ ഇത്തരം വിശ്വാസങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളാണ്. ഇസ്ലാമികവിശ്വാസത്തിന്റെ ഭാഗമായ അന്ത്യനാളിനെക്കുറിച്ച് ഉമ്മു എന്ന കഥാപാത്രം കോയമോന് വിശദീകരിച്ചു കൊടുക്കുന്നതു നോക്കുക. ''ഖിയാമം നാളിൽ അസറാഫീൽ എന്ന മലക്ക് അള്ളാഹുവിന്റെ കല്പനപ്രകാരം സൂർ എന്ന കാഹളം ഊതുമ്പോൾ

ഭൂമിയും ആകാശവും കടലും കരയും ഒന്നാവുകയും മഗ്‌രീബ്കെട്ടും മശ്‌രീഖ് കെട്ടും ഒന്നായി, മരങ്ങൾ തലചുറ്റി വീണു, വീടുകൾ തറപറ്റി, വട്ടം ചുറ്റി......ഖബറുകളുടെ അടപ്പുകൾ തുറന്ന് മരിച്ചവരുടെ റൂഹുകൾ മഹ്ശറയിലേക്ക് ഓടിപ്പോകുമ്പോൾ.............. '' (മുഹമ്മദ് എൻ.പി. 2003 : 13, 14). അന്ത്യനാൾ, പരലോകജീവിതം എന്നിവയുമായി ബന്ധപ്പെട്ട വിശ്വാസങ്ങൾ എൻ.പി തന്റെ നോവലുകളിൽ ധാരാളമായി ഉപയോഗപ്പെടുത്തിയിട്ടുണ്ട്. പരപ്പനങ്ങാടിയിലെ നാരകം പുര തറവാട്ടിലും പരിസരങ്ങളിലും ഉള്ള ഒന്നും പുരാവൃത്തങ്ങൾക്ക് അതീതമല്ല. അവിടുത്തെ പറമ്പും, കുളവും, അണ്ണാനും, താമരയും, മുളങ്കൂട്ടവും, പറങ്കിമാവിൻതോട്ടവും നെടുമ്പുരയും, പുരത്തറയുമെല്ലാം നിഗൂഢമായ മിത്തുകളിൽ കുടുങ്ങിക്കിടക്കുന്നു. യാഥാർത്ഥ്യങ്ങളെ ഐതിഹ്യവത്കരിച്ചുകൊണ്ട് അന്യാദൃശമായ രീതിയിൽ അവതരിപ്പിക്കുന്ന ഈ രചനാതന്ത്രം നോവലിന്റെ ഇതിവൃത്തത്തെ സദൃഢമാക്കുന്നു.

പ്രേതവും പിശാചും ശരീരത്തിൽ ആവേശിക്കുന്ന കഥകൾ എൻ.പി.യുടെ സാമുദായിക കഥകളിൽ പ്രബലമാണ്. ബാധ ഒഴിപ്പിക്കാനായി സിദ്ധന്മാർ നടത്തുന്ന കർമ്മങ്ങളും അപരിഷ്കൃതമായ ചികിത്സാരീതികളും ആ സമൂഹത്തിൽ പ്രബലമാണ്. കല്ലായിപ്പുഴയുടെ തീരത്തെ മരത്തൊഴിലാളികളുടെ കഥ പ്രമേയമായി വരുന്ന നോവലാണ് മരം. ഇതിലെ ആമിന എന്ന കഥാപാത്രത്തിന് ഇടയ്ക്കിടെ ഉണ്ടാകുന്ന 'ചൈത്താൻ ബരുത്തം' എന്ന അസുഖം ഇത്തരത്തിലുള്ള വിശ്വാസവുമായി ബന്ധപ്പെട്ടതാണ്.

പ്രാക്തനമായ ആചാരങ്ങളുടെയും വിശ്വാസങ്ങളുടെയും ആവിഷ്കാരം എന്നതിലുപരി ഇതിവൃത്തഘടനയെ സുദൃഢമാക്കാനും തനിമ നിലനിർത്തി അവതരിപ്പിക്കാനും മിത്തുകളിലൂടെ സാധ്യമാകുന്നു. മതപരമോ തത്വചിന്താപരമോ ധർമ്മശാസ്ത്രപരമോ ആയ അനുഭൂതികളുമായി ബന്ധപ്പെട്ടിരിക്കുന്ന പ്രമേയങ്ങളാണ് എൻ.പി.യെ കൂടുതലായും ആകർഷിച്ചിട്ടുള്ളത്. അവ പ്രാക്തന ജനവിഭാഗ

ത്തിന്റെ അനുഭവാവിഷ്കാരങ്ങളുമായി കോർത്തിണക്കി അവതരിപ്പിച്ചത് എൻ.പി. യുടെ ധൈഷണികവ്യാപാരത്തിന്റെ സൃഷ്ടിയാണ്.

### 4.1.5. ദർശനങ്ങളോടുള്ള ആഭിമുഖ്യം

മതങ്ങളും ദർശനങ്ങളുമെല്ലാം ജീവിതം സുന്ദരമാക്കാൻ ഉതകുന്ന ഉപാധി കളാണ് എന്ന വിശ്വാസമായിരുന്നു എൻ.പി.ക്ക് ഉണ്ടായിരുന്നത്. തത്വചിന്താപ രവും ധർമ്മശാസ്ത്രപരവുമായ പ്രമേയങ്ങൾ സാഹിത്യത്തിൽ ഉയർത്തിപ്പിടിച്ച വ്യക്തിയാണ് അദ്ദേഹം. ഹിന്ദു മുസ്ലിം ക്രിസ്ത്യൻ ദർശനങ്ങൾ എഴുത്തിനുള്ള അടിസ്ഥാനമായും പ്രചോദനമായും വർത്തിച്ചിട്ടുണ്ട്. ഈ ദർശനങ്ങളുമായി ബന്ധ പ്പെട്ടുകൊണ്ടാണ് എൻ.പി.യുടെ സാഹിത്യത്തിൽ അധികവും നിലകൊള്ളുന്നത്. സെമിറ്റിക് സാംസ്കാരികപാരമ്പര്യത്തെ ഉൾക്കൊണ്ട് സാഹിത്യരചന നടത്തിയ വർ മലയാളത്തിൽ അപൂർവ്വമാണ്. ഏതെങ്കിലും ഒരു വിഭാഗത്തിനു മാത്രം പ്രാധാന്യം നൽകുന്ന രചനകൾ ഉണ്ടായിട്ടുണ്ടെങ്കിലും സെമിറ്റിക് പാരമ്പര്യമുള്ള ക്രൈസ്തവ- ഇസ്ലാമിക ദർശനങ്ങളെയും ഹൈന്ദവ-ബൗദ്ധ ആദർശങ്ങളേയും ഒരുമിച്ച് ഉൾക്കൊള്ളാനും സാഹിത്യരചന നിർവ്വഹിക്കാനും സാധിച്ചിട്ടുള്ളവർ വളരെ വിരളമാണ്. ഈയൊരു പ്രത്യേകത എൻ.പി.യുടെ സാഹിത്യത്തെ സവിശേ ഷമാക്കുന്നു.

തന്നെ ആകർഷിച്ച ഒരു ഇന്ത്യൻ ദർശനമെന്ന നിലയിൽ ബുദ്ധദർശന ത്തോടുള്ള ആഭിമുഖ്യം എൻ.പി.യുടെ സാഹിത്യത്തിലും ചിന്തകളിലും പ്രകടമാ ണ്. കഥകളിലും പഠനങ്ങളിലും ഈയൊരു ദർശനത്തെ എൻ.പി. ഉയർത്തിപ്പിടി ക്കുന്നതായി കാണാം. ചരിത്രാഖ്യായിക എന്നതിൽനിന്നും ഭിന്നമായി സി.വി.രാ മൻപിള്ളയുടെ കൃതികളെ വിലയിരുത്തുന്ന കൃതിയാണ് എൻ.പി.യുടെ 'വീരരസം സി.വി.കൃതികളിൽ'. മാർത്താണ്ഡവർമ്മയിലെ സുഭദ്ര എന്ന കഥാപാത്രത്തെ വിശ കലന വിധേയമാക്കുന്ന എൻ.പി. ആ കഥാപാത്രത്തിന്റെ സമുന്നതമായ ആദർശ ത്തിന്റെ അടിത്തറ ബുദ്ധസങ്കല്മാണ് എന്ന് തിരിച്ചറിയുന്നു. ''സുഭദ്ര കൊലയിൽ

വിശ്വസിച്ചിരുന്നില്ലെന്നതിനുള്ള വ്യക്തമായ തെളിവാണ് അവസാനവാചകം. യുദ്ധത്തിൽ ചില മരണങ്ങൾ സംഭവിക്കുമല്ലോ. എന്നാൽ ശത്രുവെ അരിഞ്ഞുവീഴ്ത്തുകയല്ല, മേധാവിത്വം സ്ഥാപിക്കുകയാണാവശ്യം എന്ന ഉന്നതമായ ആദർശം അവളിൽ ഉണ്ടായിട്ടുണ്ട്. യഥാർത്ഥത്തിൽ നമ്മുടെ സംസ്കാരത്തിന്റെ തായ്വേര് അഹിംസയാണെന്ന് ഉദ്ബോധനം ചെയ്ത ശ്രീബുദ്ധന്റെ സന്ദേശം നമ്മുടെ കാലഘട്ടത്തിൽ ആവർത്തിച്ചുപറഞ്ഞ സംസ്കാരസങ്കല്പത്തിലേക്ക് സുഭദ്രയുടെ സങ്കല്പത്തിനുള്ള അകലം നന്നേ ചെറുതാണ്. അഹിംസ ബലവാന്റെ ആയുധമാണല്ലോ'' (മുഹമ്മദ് എൻ.പി. 1988.96).

ആർഷഭാരതസങ്കല്പങ്ങളുടെ അടിത്തറ ബുദ്ധദർശനമാണെന്ന് നിരീക്ഷിക്കുന്ന എം.എൻ.റോയിയും റാഡിക്കൽ ഹ്യൂമനിസവും എൻ.പി.യിൽ നിർണായകമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ഇതിന്റെ അനുരണനങ്ങൾ എൻ.പി.യുടെ സാഹിത്യത്തിലും സാമൂഹ്യചിന്തയിലും പ്രകടമാണ്. ബുദ്ധദർശനത്തിലെ മനുഷ്യസങ്കൽപ്പമാണ് എൻ.പി.യെ ഏറെ സ്വാധീനിച്ചത്. ഹിംസയെ പരിത്യജിച്ച് സ്നേഹത്തിലും സൗഹാർദ്ദത്തിലും അഭിരമിച്ച് സ്വതന്ത്രേഛുവായി ജീവിക്കാൻ ആഹ്വാനം ചെയ്യുന്ന എല്ലാ ദർശനങ്ങളെയും എൻ.പി. ഒരുപോലെ സ്വാഗതം ചെയ്തു. ഹെർമ്മൻ ഹെസ്സെയുടെ സിദ്ധാർത്ഥ എന്ന നോവലിനെഴുതിയ 'തത്വചിന്ത എന്ന കഥാപാത്രം' എന്ന ആസ്വാദനത്തിലും ഈ ആഭിമുഖ്യം നമുക്ക് വായിച്ചെടുക്കാനാകും. ബുദ്ധദർശനം പ്രമുഖമായിക്കണ്ട അന്വേഷണാത്മക ചിന്തയും ഹിംസക്കെതിരെയുള്ള നിലപാടുകളും അദ്ദേഹത്തെ സ്വാധീനിച്ചിട്ടുണ്ട്. സിദ്ധാർത്ഥനെ സത്യാന്വേഷണത്തിന്റെയും ശ്രീ ബുദ്ധനെ സത്യത്തിന്റെയും പ്രതീകമായി എൻ.പി. വീക്ഷിക്കുന്നു.(മുഹമ്മദ്, എൻ.പി. 2006:110)

ഹിംസയും വർഗ്ഗീയതയും അനുദിനം വളർന്നുകൊണ്ടിരിക്കുന്ന ലോകക്രമത്തെ ആശങ്കയോടെ വീക്ഷിക്കുന്ന എൻ.പി. എക്കാലത്തും മാനവികതയുടെപക്ഷത്താണ് നിലയുറപ്പിച്ചിരുന്നത്. എൻ.പി.യുടെ ധൈഷണികജീവി

തത്തെ നിരന്തരം വെല്ലുവിളിച്ച അക്രമരാഷ്ട്രീയത്തെ പ്രഭാഷണങ്ങളിലൂടെയും ലേഖനങ്ങളിലൂടെയും അപലപിക്കാൻ ശ്രമിച്ചിട്ടുണ്ട്. വർഗ്ഗീയ കലാപത്തിനെ തിരെ പ്രതികരിച്ചുകൊണ്ട് എൻ.പി. എഴുതിയ ലേഖനത്തിൽ അഹിംസയെ ഉയർത്തിപ്പിടിക്കാനാണ് എൻ.പി. ശ്രമിച്ചത്. (മുഹമ്മദ്,എൻ.പി. 1993 : 16). സമൂഹ ത്തിന്റെ ദുഃഖം സ്വന്തം ദുഃഖമായി കണ്ട ഒരെഴുത്തുകാരന്റെ വ്യഥകളാണ് എൻ.പി. പങ്കുവെക്കുന്നത്.

'കണ്ടെത്താത്തവൻ' എന്ന കഥയിലും ഇത്തരമൊരു ദർശനത്തോടുള്ള ആഭിമുഖ്യം കാണാം. മനുഷ്യമനസ്സിന്റെ അവ്യാഖ്യായമായ തലങ്ങളിലേക്ക് സഞ്ച രിക്കുന്ന കല്ലായിക്കാരൻ മുഹമ്മദ് എന്ന കഥാപാത്രം ബുദ്ധദർശനങ്ങളിൽ ആകൃ ഷ്ടനാണ്. ബുദ്ധൻ കണ്ട ലോകവൈരൂപ്യം അയാളും കാണുന്നു. പക്ഷേ മനു ഷ്യൻ സൃഷ്ടിച്ചെടുക്കുന്ന ഒരു ദർശനത്തിനും ഒന്നിനും ശാശ്വതമായ പരിഹാരം കണ്ടെത്താനാവില്ല എന്ന് തിരിച്ചറിയുന്ന ഈ കഥാപാത്രം എല്ലാ ദർശനത്തിനും അപ്പുറത്തേക്കു വളർന്നുവികസിക്കുന്നു. ''വൈരൂപ്യം ശാശ്വതമാകുന്നു. അതുമാ റ്റാമെന്നു വിചാരിക്കുന്നതാണു ബുദ്ധാ നിനക്കു പറ്റിയ തെറ്റ്. മനുഷ്യനുള്ളിട ത്തോളം അതിനു മാറ്റമില്ല. അതുകൊണ്ട് നീ മാറുക നീയങ്ങനെ ചിന്തിച്ചില്ല'' (മു ഹമ്മദ് എൻ.പി. 1980 : 339). മനുഷ്യൻ രൂപപ്പെടുത്തിയെടുക്കുന്ന ഒരു ദർശന ത്തിനും മർത്യന്റെ ജീവിതവ്യഥകളെ ദൂരീകരിക്കാൻ കഴിയില്ല എന്ന തിരിച്ചറിവി ലേക്ക് ഈ കഥ പരിണമിക്കുന്നുണ്ടെങ്കിലും മനുഷ്യന്റെ നന്മയും മഹത്വവുമാണ് ഈ കഥയിലൂടെ കഥാകൃത്ത് ഉദ്ഘോഷിക്കുന്നത്. ലോകവൈരൂപ്യങ്ങളായി മുഹ മ്മദ് കാണുന്ന വിശപ്പിന്റെ രോദനങ്ങളും മാനം വിൽക്കേണ്ടിവരുന്നവരുടെ വിലാപ ങ്ങളും രോഗികളുടെ ദീനരോദനങ്ങളും ആത്മാവിനെ പിടിച്ചുലക്കുന്നത് കഥാകൃ ത്തിന്റെ മാനവികതാബോധം കൊണ്ടാണ്. ദർശനങ്ങൾ പരാജയപ്പെടുന്നിടത്ത് മനുഷ്യൻ രൂപപ്പെടുത്തിയെടുക്കേണ്ടത് സ്നേഹത്തിന്റെയും സാഹോദര്യത്തി ന്റെയും സഹാനുഭൂതിയുടെയും ലോകമാണ് എന്ന് എൻ.പി. ഓർമ്മപ്പെടുത്തുന്നു.

എല്ലാ മതങ്ങളേയും ദർശനങ്ങളേയും ആദരിക്കാനും അംഗീകരിക്കാനും സാധിച്ചിരുന്ന വിശാലവീക്ഷണമുള്ള ഒരു വ്യക്തിത്വത്തിനുടമയായിരുന്നു എൻ.പി.മുഹമ്മദ്. സ്നേഹത്തിനും സഹിഷ്ണുതക്കും മൂല്യങ്ങൾക്കും മാത്രമേ ശാന്തിയും സമാധാനവും പകർന്നുനൽകാൻ കഴിയൂ എന്ന് ഉറച്ചുവിശ്വസിച്ചിരുന്ന ഒരു മതേതരവാദിയും മാനവികവാദിയുമായിരുന്നു അദ്ദേഹം. സ്വന്തം സമുദായ ത്തിന്റെ വിശ്വാസപ്രമാണങ്ങളിൽ ഊന്നിനിന്നുകൊണ്ടുതന്നെ അതിനകത്തെ വൈരുധ്യങ്ങൾക്കെതിരെ പ്രതികരിക്കാനും ഇതര മതസ്ഥരിലെ വ്യത്യസ്തത കളുടെ അനിവാര്യതയെ അംഗീകരിക്കാനും എൻ.പി.ക്ക് സാധിച്ചിട്ടുണ്ട്. മതങ്ങളും ദർശനങ്ങളും മനുഷ്യനെ ജീവിതയോഗ്യമാക്കാനുള്ള ഘടകങ്ങളാണ് എന്ന വിശ്വാ സമാണ് എൻ.പി.ക്കുണ്ടായിരുന്നത്.

# ഉപസംഹാരം

'എൻ.പി. മുഹമ്മദിന്റെ സർഗ്ഗാത്മകവും ധൈഷണികവുമായ ജീവിതപരിണാമം' എന്ന വിഷയത്തെ മുൻനിർത്തിയുള്ള ഈ പഠനം എൻ.പി. മുഹമ്മദിന്റെ ധൈഷണികയത്നങ്ങളെയും അവ സമൂഹത്തിൽ സൃഷ്ടിച്ച ചലനങ്ങളെയും കണ്ടെത്താനും വിലയിരുത്താനുമാണ് ശ്രമിച്ചിട്ടുള്ളത്. വളർന്നുവരുന്ന ജീവിത ചുറ്റുപാടുകൾ മറ്റു സാമൂഹികസാഹചര്യങ്ങൾ ബന്ധപ്പെടുന്ന വ്യക്തിത്വങ്ങൾ എന്നിവയൊക്കെയാണ് ഒരു വ്യക്തിയുടെ ഭാഗധേയം നിർണ്ണയിക്കുന്നത്. ഈ നിലയിൽ എൻ.പി.യുടെ ജീവിതത്തിൽ ക്രമാനുഗതമായി സംഭവിച്ച സാമുദായിക-രാഷ്ട്രീയ-സാമൂഹികമാറ്റങ്ങൾ അടയാളപ്പെടുത്താനുള്ള പരിശ്രമമാണ് ഈ പ്രബന്ധം.

കേരളത്തിന്റെ സാംസ്കാരികമണ്ഡലത്തിൽ ക്രിയാത്മകമായി ഇടപെട്ട വ്യക്തിയായിരുന്നു എൻ.പി. മുഹമ്മദ്. നിലനിൽക്കുന്ന സാമൂഹികാവബോധവുമായി സക്രിയമായി സംവദിക്കാനും സോദ്ദേശ്യപരമായ എഴുത്തിലൂടെ സമൂഹത്തെ പുനരുദ്ധരിക്കാനും എൻ.പി. ശ്രമിച്ചു. ധൈഷണികമായ ഇടപെടലുകളിലൂടെ സർഗ്ഗാത്മകതയെ വളർത്തിയെടുത്ത് നൂതനമായ രീതിയിൽ ആവിഷ്കരിക്കാനാണ് എൻ.പി. ശ്രമിച്ചത്. കലയും സാഹിത്യവും സമൂഹത്തിന്റെ ആന്തരികചാലകശക്തിയായി വർത്തിക്കുമ്പോൾ ധൈഷണികമായ ചില മുന്നേറ്റങ്ങൾ അവയ്ക്കിടയിൽ ഉണ്ടാവണമെന്ന ഉൾക്കാഴ്ച ജീവിതത്തിലുടനീളം പുലർത്തി. സാമൂഹിക ഇടപെടലുകളിലും എൻ.പി. യുടെ അനന്യത പ്രകടമായിരുന്നു. സമൂഹത്തിന്റെ രാഷ്ട്രീയാശയങ്ങളെ വിമർശിക്കാനോ ന്യായീകരിക്കാനോ പ്രതിഫലിപ്പിക്കാനോ ഉള്ള ധിഷണാവൈഭവം എൻ.പി.യിൽ പ്രകടമായിരുന്നു.

എൻ.പി. മുഹമ്മദെന്ന സാഹിത്യകാരന്റെയും ചിന്തകന്റെയും വളർച്ചയെ സ്വാധീനിച്ച നിരവധി ഘടകങ്ങളുണ്ട്. സാഹിത്യപാരമ്പര്യത്തിന്റെ അഭാവം എൻ.

പി,ക്കുണ്ടായിരുന്നെങ്കിലും രാഷ്ട്രീയപാരമ്പര്യത്തിന്റെ സാന്നിധ്യം എൻ.പി.യെ വലിയ തോതിൽ സ്വാധീനിച്ചിട്ടുണ്ട്. ദേശീയപ്രസ്ഥാനവുമായി ബന്ധപ്പെട്ടു പ്രവർത്തിച്ച കുടുംബപാരമ്പര്യവും ദേശീയ നേതാക്കളുമായുള്ള അടുപ്പവും ഒരു ചിന്തകനിലേക്കുള്ള പരിവർത്തനത്തിനുള്ള സാധ്യതകൾ സൃഷ്ടിച്ചു. കൂടാതെ മതപരവും സാമൂഹികവുമായ ജീവിതചുറ്റുപാടുകളും എഴുത്തുകാരും കലാകാര ന്മാരും ബുദ്ധിജീവികളും അടങ്ങുന്ന വിപുലമായ സൗഹൃദങ്ങളും സംവാദങ്ങളും എൻ.പി.യിലെ ചിന്തകന്റെ വളർച്ചയെ സ്വാധീനിച്ചു. അതുകൊണ്ടു തന്നെ ഇത്തര മൊരന്വേഷണം പ്രബന്ധത്തിന്റെ ഭാഗമായിട്ടുണ്ട്. കലാസാംസ്കാരിക പ്രവർത്ത നങ്ങളുമായി ബന്ധപ്പെട്ടു പ്രവർത്തിച്ച സംഘടനകൾ സമിതികൾ പത്രമാസികാപ്ര വർത്തനങ്ങൾ എന്നിവയും ഇതിന്റെ ഭാഗമായി അന്വേഷിച്ചിട്ടുണ്ട്. സാമൂഹ്യപരി വർത്തനത്തിനു വേണ്ടിയുള്ള പരിശ്രമവും ബൗദ്ധികമായ അന്വേഷണങ്ങളും ജീവിതത്തിന്റെ ഭാഗമാക്കാനുള്ള പ്രേരണയും പ്രചോദനവും നൽകിയത് ഇത്തരം സൗഹൃദങ്ങളും കൂട്ടായ്മകളും വ്യക്തിബന്ധങ്ങളുമാണ്. മനുഷ്യനെയും സാഹി ത്യത്തെയും സംബന്ധിക്കുന്ന വ്യത്യസ്തമായ വിഷയങ്ങൾ ചർച്ച ചെയ്തു ധാര ണകളെ വിപുലമാക്കാനും വിമർശനങ്ങളെ ഉൾക്കൊള്ളാനും അതിജീവിക്കാനു മുള്ള കരുത്ത് നൽകിയത് വിപുലമായ ഈ സൗഹൃദക്കൂട്ടായ്മയാണ്.

സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ സാമൂഹികവും രാഷ്ട്രീയവുമായ അന്ത രീക്ഷം എൻ.പി.യുടെ ധൈഷണികവ്യക്തിത്വത്തെ സ്വാധീനിക്കുകയുണ്ടായി. ചരി ത്രസന്ദർഭങ്ങളോടുള്ള പ്രതികരണങ്ങൾ ലേഖനങ്ങളായും പ്രസംഗങ്ങളായും രൂപം കൊണ്ടിട്ടുണ്ട്. ദേശീയത, മതനിരപേക്ഷത, വർഗ്ഗീയത, ജനാധിപത്യം, ബഹുസ്വ രത എന്നിവയെക്കുറിച്ചെല്ലാം തന്റേതായ നിലപാടുകൾ എൻ.പി.ക്കുണ്ടായിരുന്നു. ഇത്തരം വ്യവഹാരങ്ങളെ സൈദ്ധാന്തികമായി വിലയിരുത്താൻ എൻ.പി. ശ്രമിച്ചിട്ടു ണ്ട്. ഈ വസ്തുതകൾ പഠനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മതേതരബോധം എൻ. പിയുടെ സാമൂഹ്യചിന്തകളുടെ അടിസ്ഥാനമായിരുന്നു. വിവിധ ജാതിമതസ്ഥരും ഭാഷാവിഭാഗങ്ങളുമുള്ള ഒരു രാഷ്ട്രത്തിലെ ജനങ്ങളെ പൊതുക്ഷേമത്തിന്റെ അടി

സ്ഥാനത്തിൽ ഏകീകരിക്കാൻ കഴിയുന്ന ഒരു രാഷ്ട്രീയാദർശമായി മതേതരബോധത്തെ എൻ.പി. കാണുന്നു. ജനാധിപത്യത്തിനും മനുഷ്യാവകാശത്തിനും അപചയം സംഭവിക്കുന്ന സന്ദർഭങ്ങിലെല്ലാം എൻ.പി. അതിനെതിരെ പോരാടി. അടിയന്തരാവസ്ഥ, വർഗീയകലാപങ്ങൾ, എഴുത്തുകാരന്റെ സ്വാതന്ത്ര്യം, പ്രാദേശികമായ പ്രശ്നങ്ങൾ എന്നിവയെല്ലാം ഇതിൽ ഉൾപ്പെടുന്നു. ഇന്ത്യൻമുസ്ലീങ്ങളുടെ ഭാവിയിൽ ഏറെ ആശങ്കാകുലനായ ഒരു ചിന്തകനായിരുന്നു എൻ.പി. ഇസ്ലാമിക വീക്ഷണം സെക്യുലർ വീക്ഷണം തന്നെയാണ് എന്ന് ഉറപ്പിച്ചുപറയാനുള്ള ആർജ്ജവം എൻ.പി.ക്കുണ്ടായിരുന്നു. സെക്യുലർ വീക്ഷണമുള്ള ഒരുദ്ഗ്രഥിതസമൂഹത്തിന്റെ ഭാഗമായി ചേർന്നുനിൽക്കുന്നതാണ് ഇന്ത്യൻമുസ്ലീങ്ങൾക്ക് അനുയോജ്യമെന്ന നിലപാടായിരുന്നു എൻ.പി.ക്കുണ്ടായിരുന്നത്.

എൻ.പി.യുടെ സാഹിത്യജീവിതം സാംസ്കാരിക ജീവിതത്തിൽനിന്നും ഭിന്നമായിരുന്നില്ല. മാപ്പിളക്കഥകളെന്നു വിശേഷിപ്പിക്കാവുന്ന ആദ്യകാലകഥകൾ സാമൂഹ്യപരിഷ്കരണം ലക്ഷ്യമാക്കുന്നവയായിരുന്നു. കഥകളിൽ പ്രകടമായിരുന്ന പരിഷ്കരണോന്മുഖപ്രവണത സാമൂഹ്യജീവിതത്തിൽ എൻ.പി. പ്രാവർത്തിമാക്കി. ഈ പ്രവണത ഏതെല്ലാം തരത്തിലാണ് എൻ.പി.യുടെ സാഹിത്യത്തിൽ പ്രതിഫലിക്കുന്നത് എന്ന് പ്രബന്ധത്തിൽ സമർത്ഥിച്ചിട്ടുണ്ട്. എൻ.പി.യുടെ ഒരുവിഭാഗം കൃതികൾ, സാമൂഹ്യ-രാഷ്ട്രീയസ്വഭാവം പ്രകടിപ്പിക്കുന്നവയാണ്. എൻ.പി. യുടെ ധൈഷണികജീവിതത്തിന്റെ പ്രതിഫലനം ഉൾക്കൊള്ളുന്ന ഇത്തരം കൃതികൾ അധികാരത്തിനും ആധിപത്യത്തിനും എതിരെ നിലകൊള്ളുന്നവയായിരുന്നു. രാഷ്ട്രീയാധിപത്യം മാത്രമല്ല സ്ത്രീകൾക്കും പരിസ്ഥിതിക്കും നേരെയുള്ള എല്ലാത്തരം ആധിപത്യമനോഭാവങ്ങളേയും എൻ.പി. എതിർത്തു. ഹ്യൂമനിസം എൻ. പി.യുടെ എഴുത്തിന്റെ കാതലായ വശമാണ്. മനുഷ്യനെ പരമമായി കാണുന്ന ചിന്താപദ്ധതികളോടുള്ള ആഭിമുഖ്യം എൻ.പി.യുടെ സാഹിത്യത്തിന്റെ സവിശേഷതയാണ്. സമുദായം, രാഷ്ട്രീയം, പരിസ്ഥിതി, മിത്ത്, ദർശനങ്ങൾ എന്നീ അവബോധങ്ങൾ എൻ.പി.യുടെ സാഹിത്യത്തിൽ ഉൾച്ചേർന്നിരിക്കുന്ന ധൈഷണിക

ഘടകങ്ങളാണ്. എൻ.പി.യുടെ സാഹിത്യവുമായി ബന്ധപ്പെട്ട ഇത്തരം ഘടകങ്ങളെ പ്രബന്ധത്തിൽ വിശകലനം ചെയ്യുകയും വിലയിരുത്തുകയും ചെയ്തിട്ടുണ്ട്.

എൻ.പി.യുടെ സർഗ്ഗാത്മകത കാലാനുസൃതമായി പരിണമിക്കുന്നുണ്ട്. ആദ്യകാലകൃതികളിൽനിന്നും പിൽക്കാലകൃതികൾ ഏറെ വ്യതിരിക്തമാണ്. പ്രമേയം, ആഖ്യാനം, ഭാഷ, ദർശനം തുടങ്ങിയ മേഖലകളിലെല്ലാം ഈ പരിണാമം ദൃശ്യമാണ്. വ്യത്യസ്തകാലഘട്ടങ്ങളിലായി രചിച്ച കൃതികൾ ഒരേ അച്ചിൽ വാർത്തെടുത്തവയല്ല. മാറുന്ന കാലത്തെ പ്രതിനിധാനം ചെയ്യുന്ന പ്രമേയങ്ങളും പുത്തൻ ആഖ്യാനതന്ത്രങ്ങളും എൻ.പി. സ്വീകരിച്ചതായി കാണാം.

എഴുത്തിന്റെ ആദ്യഘട്ടത്തിൽ ഒരു മാപ്പിളകഥാകാരൻ എന്നാണ് എൻ.പി. അറിയപ്പെട്ടിരുന്നത്. മലബാറിലെ മാപ്പിളമുസ്ലീങ്ങളുടെ ജീവിതപരിസരം പ്രമേയമാക്കി രചിച്ച ആദ്യകാലകഥകളിൽകൂടിയാണ് പൗരോഹിത്യ-യാഥാസ്ഥിതിക മനോഭാവത്തിനെതിരെ എൻ.പി. പ്രതികരിക്കുന്നത്. തൊപ്പിയും തട്ടവും (1952) എന്ന കഥയും മരം (1968) എന്ന നോവലും മറ്റനേകം കഥകളും ഈ വിഭാഗത്തിൽ വരുന്നു. ഇതിന്റെ തുടർച്ചയാണ് ശരിഅത്ത് പരിഷ്കരണവുമായി ബന്ധപ്പെട്ട ധൈഷണിക ഇടപെടലുകളിലും കണ്ടെത്താനാവുന്നത്. മാപ്പിളമുസ്ലിം ആഖ്യാനത്തിൽനിന്നും വ്യതിരിക്തമായ ആഖ്യാനരീതിയാണ് ഹിരണ്യകശിപു (1967), പ്രസിഡണ്ടിന്റെ ആദ്യത്തെ മരണം (1968) എന്നീ കൃതികളിൽ ദർശിക്കാനാവുന്നത്. ഒരു ചിന്തകന്റെ സമീപനം സ്വീകരിച്ചിരിക്കുന്ന ഈ രചനകൾ സൂക്ഷ്മമായ രാഷ്ട്രീയസംവേദനം സാധ്യമാക്കുന്നവയാണ്. പുരാണമിത്തിന്റെ കണ്ടെടുക്കൽ, ആക്ഷേപഹാസ്യത്തിന്റെ ചട്ടക്കൂട്, സ്വർഗ്ഗ-നരകപശ്ചാത്തലം ഇന്ത്യൻ രാഷ്ട്രീയത്തിന്റെയും കേരളരാഷ്ട്രീയത്തിന്റെയും പ്രതിപാദനം, മാനകഭാഷയുടെ തെരെഞ്ഞെടുപ്പ് എന്നിവയെല്ലാം ഹിരണ്യകശിപുവിനെ ആദ്യകാലകൃതികളിൽ നിന്നും വേറിട്ടുനിർത്തുന്നു. ഗുഹ (1969) എന്ന നോവൽ ഇതിവൃത്തസ്വീകരണ

ത്തിലും ഭാഷാരീതിയിലും വേറിട്ടുനിൽക്കുന്നു. പഠനകാലത്ത് ബൈബിൾ വിദ്യാർത്ഥിയായിരുന്ന എൻ.പി. യുടെ മനസ്സിൽ ആഴത്തിൽ പതിഞ്ഞ മിത്തായിരിക്കണം ഗുഹ എന്ന നോവലിലൂടെ ആവിഷ്കൃതമായത്.

സാമുദായികനോവലിന്റെ പശ്ചാത്തലത്തിൽ രചിച്ചതാണെങ്കിലും അവയിൽനിന്നും വ്യത്യസ്തമായ രചനയാണ് എണ്ണപ്പാടം (1980). ഈ ഘട്ടത്തിൽ എഴുത്തിന്റെ പുതിയ പരീക്ഷണത്തിലേക്കാണ് എൻ.പി. പ്രവേശിക്കുന്നത്. പ്രാന്തവൽകൃതരായ മുസ്ലിംസമൂഹത്തിന്റെ സൗന്ദര്യശാസ്ത്രപരമായ ആഖ്യാനമാണ് എണ്ണപ്പാടം. വ്യതിരിക്തമായ അധ്യായങ്ങൾ, ഓരോ അധ്യായത്തിലും വ്യത്യസ്തമായ കഥകളും കഥാപാത്രങ്ങളും എന്നിവ എണ്ണപ്പാടത്തെ സവിശേഷമാക്കുന്നു. പരോക്ഷമായ രാഷ്ട്രീയവീക്ഷണവും ഈ നോവലിനുണ്ട്.

സ്ത്രീ, പരിസ്ഥിതി എന്നിവ ആധുനികസാഹിത്യം സംവേദനം ചെയ്യുന്ന പ്രധാന വിഷയങ്ങളാണ്. രൂപ-ഭാവപരമായ ഇത്തരം നൂതനചലനങ്ങളെ എൻ.പി. സ്വാഗതം ചെയ്തിരുന്നു. ദൈവത്തിന്റെ കണ്ണ് (1990) എന്ന നോവൽ പരിസ്ഥിതി സ്ത്രീവാദത്തിന്റെ ചട്ടക്കൂടിൽ രചിക്കപ്പെട്ടതാണ്. ആഗോളീകരണത്തിന്റെ ഭാഗമായി കടന്നുവരുന്ന സാമൂഹ്യവിഷയങ്ങളോടുള്ള ആഭിമുഖ്യവും എൻ.പി. യുടെ സർഗ്ഗാത്മകതയെ പരിവർത്തിപ്പിച്ചിട്ടുണ്ട്. ചിന്താപരതക്ക് പ്രാധാന്യം നൽകുന്ന തങ്കവാതിൽ (2003), നാവ് (2003) തുടങ്ങിയ നോവലുകളും ദേശീയബോധത്തെ പ്രതിഫലിപ്പിക്കുന്ന മുഹമ്മദ് അബ്ദുറഹ്മാൻ ഒരു നോവൽ (2004) എന്ന കൃതിയിലുമെല്ലാം ദർശനപരമായ വ്യതിയാനങ്ങളുണ്ട്. ഇസ്ലാമികദർശനങ്ങൾ ബൗദ്ധദർശനങ്ങൾ, പൗരാണികമിത്തുകൾ തുടങ്ങിയവ എൻ.പി.യുടെ സർഗ്ഗാത്മകതയെ വൈവിധ്യമാർന്ന രീതിയിൽ സ്വാധീനിച്ചിട്ടുണ്ട്.

സ്വതന്ത്രചിന്താപാരമ്പര്യത്തിന്റെ വഴിയിലൂടെ സമൂഹത്തിനു ദിശാബോധം നൽകാൻ ശ്രമിച്ച ഒരു സാഹിത്യചിന്തകന്റെ സാന്നിധ്യമാണ് എൻ.പി. മുഹമ്മദിലൂടെ സാംസ്കാരികകേരളത്തിന് ലഭിച്ചത്. ദേശീയതയും മാനവികതയും മതേതര

ത്വവും ജീവിത ആദർശങ്ങളായി സ്വീകരിച്ച ഒരു സാമൂഹികവ്യക്തിത്വത്തിനുടമ കൂടിയായിരുന്നു എൻ.പി. മുഹമ്മദ്. എൻ.പി.യുടെ ചിന്തകൾ സാധ്യമാക്കിയ സാമൂഹ്യരാഷ്ട്രീയപ്രതിബദ്ധത ചരിത്രപരമായ പ്രാധാന്യം അർഹിക്കുന്നു. സാഹിത്യത്തിലും ആശയതലത്തിലും എൻ.പി. സ്വീകരിക്കുകയും പ്രകടിപ്പിക്കു കയും ചെയ്ത ഭിന്നവും നൂതനവുമായ പ്രമേയങ്ങളെയും മേഖലകളെയും മുൻനിർത്തിയാണ് എൻ.പി.യുടെ സർഗ്ഗാത്മകവും ധൈഷണികവുമായ പരിണാമം പ്രബന്ധത്തിൽ അടയാളപ്പെടുത്തിയിട്ടുള്ളത്.

**പ്രബന്ധത്തിന്റെ ക്രോഡീകരണത്തിൽ നിന്നും സ്വരൂപിച്ചെടുത്ത നിഗമ നങ്ങൾ താഴെ കൊടുക്കുന്നു.**

1. എൻ.പി.യുടെ സർഗ്ഗാത്മകത പരിണാമങ്ങൾക്ക് വിധേയമായിരുന്നു. പ്രമേയ ങ്ങളുടെ സ്വീകാര്യത, ആവിഷ്കാരരീതി, ഭാഷ എന്നിവയിലെല്ലാം ഈ പരി ണാമം പ്രകടമാണ്. മാപ്പിളമുസ്ലിമിന്റെ സാമുദായികപശ്ചാത്തലത്തിൽ രചിക്ക പ്പെട്ട കൃതികളിൽനിന്നും സാമൂഹ്യ-രാഷ്ട്രീയപ്രമേയങ്ങളിലേക്ക് എൻ.പി യുടെ സർഗ്ഗാത്മകത പരിണമിക്കുന്നുണ്ട്.
2. സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ രാഷ്ട്രീയ സംഭവവികാസങ്ങൾ എൻ.പി. യിലെ ചിന്തകനിൽ പരിവർത്തനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതിനനുസൃതമായ പരിണാമം എൻ.പി.യുടെ സർഗ്ഗാത്മകതയിലും പ്രകടമാണ്.
3. വ്യത്യസ്തമായ മത-ദർശനങ്ങളെ പശ്ചാത്തലമാക്കി രചനകൾ നിർവ്വഹിച്ച എൻ.പിക്ക് അടിസ്ഥാനവർഗ്ഗത്തിന്റെയും വരേണ്യവർഗ്ഗത്തിന്റെയും ഭാഷയും സംസ്കാരവും ഒരുപോലെ പ്രതിഫലിപ്പിക്കാൻ സാധിച്ചു.
4. സാഹിത്യവും സാമൂഹ്യജീവിതവും വ്യത്യസ്തമായിരുന്നില്ല. സാഹിത്യത്തി ലൂടെ ആവിഷ്കരിച്ച സാമൂഹ്യപ്രശ്നങ്ങൾക്ക് സമാനമായ രീതിയിലുള്ള ഇട പെടലുകൾ സാമൂഹ്യജീവിതത്തിൽ സാധ്യമാക്കി. ശരീഅത്ത് സംബന്ധമായ വിഷയങ്ങൾ എൻ.പി ആദ്യം അവതരിപ്പിക്കുന്നത് മാപ്പിളക്കഥകളിലാണ്.ശരീ

അത്ത ്പരിഷ്കരണവാദവുമായി ബന്ധപ്പെട്ട ഇടപെടലുകൾ നടത്തുന്നത് പിൽക്കാലത്താണ്.

5. രാഷ്ട്രീയാധികാരം ദുഷിക്കുന്നത് എൻ.പി.യിലെ ചിന്തകന് ഉൾക്കൊള്ളാനായില്ല. അദ്ദേഹം കക്ഷിരാഷ്ട്രീയത്തിൽനിന്നും പിന്മാറുകയും ഒരു രാഷ്ട്രീയ ചിന്തകനും നിരീക്ഷകനുമായി തുടരുകയും ചെയ്തു.

6. സാമുദായിക ഉന്നമനം ലക്ഷ്യമാക്കി സാഹിത്യരചന നടത്തിയ എൻ.പി. പൗരോഹിത്യത്തോടും യാഥാസ്ഥിതികമനോഭാവത്തോടും അന്ധവിശ്വാസങ്ങളോടും കലഹിച്ചു. 'ഇസ്ലാം ആന്റ് മോഡേണേജ് സൊസൈറ്റി'യും 'നിരീക്ഷണം' മാസികയും ഇസ്ലാംമതത്തിൽ നിലനിന്നിരുന്ന അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കുമെതിരെയുള്ള ചെറുത്തുനില്പിന്റെ വേദികളായിരുന്നു

7. മാപ്പിളമുസ്ലീങ്ങൾക്കിടയിൽ നിലനിന്നിരുന്ന സാമൂഹികവും സാമ്പത്തികവുമായ ഉച്ചനീചത്വങ്ങൾക്കെതിരെ പ്രതികരിച്ചു. 'എണ്ണപ്പാടം' എന്നനോവലിൽ സാമൂഹികമായ വേർതിരിവിന്റെ ചിത്രം അവതരിപ്പിക്കുന്നുണ്ട്. സമ്പത്തിന്റെ അടിസ്ഥാനത്തിൽ കുടുംബങ്ങളെയും, തൊഴിലിന്റെയും പദവിയുടെയും അടിസ്ഥാനത്തിൽ വ്യക്തികളെയും തരംതിരിക്കുന്നതിന്റെ ചിത്രം എൻ.പി ഈ നോവലിൽ ആവിഷ്കരിച്ചിട്ടുണ്ട്.

8. ദേശീയപ്രസ്ഥാനത്തിൽ സജീവമായ സ്വന്തം കുടുംബപശ്ചാത്തലവും, ദേശീയവാദികളായ മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ്, ഇ. മൊയ്തു മൗലവി തുടങ്ങിയ നേതാക്കന്മാരുമായുള്ള സമ്പർക്കവും എഴുത്തിനും ചിന്താശേഷിക്കുമുള്ള പ്രേരണയായി.

9. ആശയങ്ങൾക്കും ആശയസംവാദങ്ങൾക്കും വലിയ പ്രാധാന്യം നൽകിയ അദ്ദേഹം ബുദ്ധിജീവികളുമായുള്ള സൗഹൃദങ്ങൾ, സംവാദങ്ങൾ, സാഹി

ത്യസദസ്സുകൾ എന്നിവയിലൂടെ ചിന്താമണ്ഡലത്തെ വികസ്വരമാക്കാൻ ശ്രമിച്ചു. എം.ഗോവിന്ദൻ, സി. ജെ.തോമസ്, എം എൻ റോയ് തുടങ്ങിയ ചിന്തകന്മാരും, മാരാരെപ്പോലുള്ള സാഹിത്യചിന്തകന്മാരും എൻ.പി.യുടെ ധൈഷണികവ്യക്തിത്വത്തെ സ്വാധീനിച്ചിട്ടുണ്ട്.

10. സാംസ്കാരിക പ്രവർത്തനങ്ങളിൽ സജീവമായി ഇടപെട്ട എൻ.പി., സാഹിത്യം, സംവാദം, പ്രസംഗം, രാഷ്ട്രീയം, സിനിമ തുടങ്ങിയ മേഖലകളിലെല്ലാം തനതായ പങ്കാളിത്തം നൽകിയിട്ടുണ്ട്.

11. അറിവിന്റെയും വായനയുടെയും സർഗാത്മകതയുടെയും ലോകം വിസ്തൃതമാക്കിയതിൽ 'കോലായ' പോലുള്ള അനൗപചാരിക കൂട്ടായ്മകളും നവസാഹിതി, കലാസമിതി തുടങ്ങിയ ഔപചാരിക സംഘടനകളും വലിയ പങ്കുവഹിച്ചിട്ടുണ്ട്.

12. ദേശീയതക്ക് വലിയ പ്രാധാന്യം നൽകി. വൈവിധ്യങ്ങളിൽ നിന്നുണ്ടാകുന്ന വെല്ലുവിളികളെ നേരിടാൻ പാകമായ ഒരാദർശാത്മകസങ്കല്പമായി ദേശീയതയെ ഉൾക്കൊണ്ടു. മതം, ജാതി,ഭാഷ എന്നിവയിൽ നിന്നുണ്ടാകുന്ന വിഘടിതമനോഭാവമാണ് ഇന്ത്യൻദേശീയത നേരിടുന്ന പ്രധാനവെല്ലുവിളി എന്ന് സമർത്ഥിച്ചു.

13. ഹിന്ദു-മുസ്ലീം വർഗ്ഗീയതകളെ ഒരുപോലെ വിമർശിച്ചു. മതം സമൂഹത്തിന്റെ നിയന്ത്രണശക്തിയായി തുടരുന്ന കാലത്തോളം വർഗ്ഗീയതയെ തടയാനാവില്ല എന്നും ഇരുവർഗ്ഗീയതകളും ശിഥിലീകരണത്തെ പ്രോത്സാഹിപ്പിക്കുന്ന ഘടകങ്ങളാണെന്നും സമർത്ഥിച്ചു. ഭാവി ഇന്ത്യ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി ഹിന്ദുവർഗ്ഗീയതയായിരിക്കുമെന്ന മുന്നറിയിപ്പ് നൽകി.

14. വൈവിധ്യങ്ങൾ നിറഞ്ഞ ഒരു രാഷ്ട്രത്തിലെ ജനങ്ങളെ പൊതുക്ഷേമത്തിന്റെ അടിസ്ഥാനത്തിൽ ഏകീകരിക്കാൻ കഴിയുന്ന ഒരു രാഷ്ട്രീയാദർശമായി സെക്യുലറിസത്തെ വീക്ഷിച്ചു. മതവും രാഷ്ട്രവും ഭിന്നമാണ് എന്ന്

വാദിക്കുകയും ന്യൂനപക്ഷങ്ങൾ രാഷ്ട്രീയമായി സംഘടിക്കുന്നതിനെ നിരുത്സാഹപ്പെടുത്തുകയും ചെയ്തു.

15. ഇന്ത്യൻ മുസ്ലീങ്ങൾ സെക്യുലർവീക്ഷണം ഉൾക്കൊണ്ട് ഉദ്ഗ്രഥിതസമൂഹത്തിന്റെ ഭാഗമായി നിലനിൽക്കുന്നതാണ് അഭികാമ്യമെന്ന് വിശ്വസിച്ചു. മുസ്ലീങ്ങൾക്കിടയിൽ സെക്യുലർവീക്ഷണം ശക്തമാക്കാൻ ശാസ്ത്രീയവീക്ഷണം പ്രചരിപ്പിക്കേണ്ടത് അനിവാര്യമാണ് എന്ന് എടുത്തുപറഞ്ഞു.

16. എഴുത്തുകാരുടെയും കലാകാരന്മാരുടെയും സ്വാതന്ത്ര്യത്തിന് നിയന്ത്രണമേർപ്പെടുത്തുന്നത് സാംസ്കാരികപുരോഗതിയെ നശിപ്പിക്കും എന്ന് വിശ്വസിച്ചു. ഇതിനെതിരെ പ്രതികരിച്ചു.

17. ഗാന്ധിയൻ ആദർശങ്ങളിൽ തത്പരനായിരുന്നു. അധികാരത്തോടുള്ള ആഭിമുഖ്യമില്ലായ്മ, വ്യക്തിചൈതന്യത്തെ വീണ്ടടുക്കാനുള്ള ശ്രമങ്ങൾ, അക്രമരഹിത സമരരീതികൾ, പ്രകൃതിബോധം, മതസൗഹാർദ്ദം തുടങ്ങി ഗാന്ധിജിയുടെ വ്യക്തിജീവിതത്തിലെ സവിശേഷതകൾ ഉൾക്കൊള്ളാനും പ്രാവർത്തികമാക്കാനും ശ്രമിച്ചു.

18. സ്വാതന്ത്ര്യം, ജനാധിപത്യം എന്നീ സമസ്യകളെ കുറിച്ച് ജനങ്ങളെ ബോധവത്കരിക്കുന്നതിന് വേണ്ടി രൂപംകൊണ്ട 'ജനാധിപത്യവേദി'യും മുഖപത്രമായ 'ജാഗ്രത'യും എൻ.പി.യിലെ ജനാധിപത്യചിന്തകന്റെ വളർച്ചക്ക് സഹായകമായിട്ടുണ്ട്. പൊതുജീവിതത്തിലെ മൂല്യോദ്ധാരണത്തെ ലക്ഷ്യമാക്കി പ്രവർത്തിച്ച 'നവഭാരതവേദി'യിലെ പങ്കാളിത്തവും ജനാധിപത്യചിന്തകന്റെ അടയാളപ്പെടുത്തലുകളാണ്

19. സാഹിത്യത്തെ സോദ്ദേശ്യപരമായി സമീപിച്ചു. സ്ത്രീകൾക്കും പരിസ്ഥിതിക്കും നേരെയുള്ള ചൂഷണങ്ങൾക്കെതിരെ ജാഗ്രത പുലർത്തി. മാപ്പിള സ്ത്രീകളുടെ ദൈന്യതനിറഞ്ഞ ജീവിതവും സാമ്പ്രദായികതയോടുള്ള അവ

രുടെ കലാപവും എൻ.പി. ആവിഷ്കരിച്ചിട്ടുണ്ട്. ആധിപത്യത്തിനുകീഴിൽ സ്ത്രീയും പരിസ്ഥിതിയും എപ്പോഴും ചൂഷണം ചെയ്യപ്പെട്ടുകൊണ്ടിരിക്കുക യാണ് എന്നവീക്ഷണം പങ്കുവെക്കുന്ന നോവലാണ്'ദൈവത്തിന്റെകണ്ണ്. പരിസ്ഥിതിസ്ത്രീവാദം ഈ നോവലിന്റെ അന്തർധാരയായി വർത്തിക്കുന്നു.

20. മിത്തുകളിലും ദർശനങ്ങളിലും തത്പരനായിരുന്നു. ഹിന്ദു-മുസ്ലിം-ക്രിസ്ത്യൻ മിത്തുകളെ ആസ്പദമാക്കി കഥകളും നോവലുകളും രചിച്ചിട്ടുണ്ട്. പുരാണത്തിലെ മിത്തിനെ ആസ്പദമാക്കിരചിച്ച 'ഹിരണ്യകശിപു', ക്രിസ്ത്യൻമിത്തിന്റെ ആവിഷ്കാരമായ 'ഗുഹ', മുസ്ലിം സാമുദായികപശ്ചാത്തലത്തിൽ രചിച്ച 'മരം', 'എണ്ണപ്പാടം', 'ദൈവത്തിന്റെ കണ്ണ്' എന്നീ നോവലുകളിലെല്ലാം മിത്തുകളെ സമർത്ഥമായി ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

21. ചിന്തകരായ അപൂർവ്വം മലയാളസാഹിത്യകാരിൽ ഒരാളായിരുന്നു എൻ.പി. മുഹമ്മദ്. സമൂഹത്തെ സംബന്ധിക്കുന്ന നാനാവിഷയങ്ങളെക്കുറിച്ചും ബോധവാനായിരുന്ന അദ്ദേഹം അവയെക്കുറിച്ച് പഠിയ്ക്കാനും തന്റേതായ നിരീക്ഷണങ്ങൾ അവതരിപ്പിക്കാനും ശ്രമിച്ച ധൈഷണിക വ്യക്തിത്വത്തിനുടമയായിരുന്നു.

22. എൻ. പി. മുഹമ്മദിന്റെ മിക്കകൃതികളും അധികാരത്തിനും ആധിപത്യത്തിനുമെതിരെ നിലകൊള്ളുന്നവയാണ്. ഹിരണ്യകശിപു, നാവ്, തങ്കവാതിൽ, എന്നീ നോവലുകൾ രാഷ്ട്രീയാധിപത്യം പ്രമേയമാക്കി രചിച്ചവയാണ്. ഈ ആധിപത്യനിഷേധം എൻ.പി.യുടെ ധൈഷണിക വ്യക്തിത്വത്തിന്റെ പ്രധാനസവിശേഷതകളിൽ ഒന്നാണ്.

23. എൻ.പി.യുടെ സാമൂഹിക ഇടപെടലുകൾ ശ്രദ്ധേയമായിരുന്നു. ശരീഅത്ത് പരിഷ്കരണവാദം, അടിയന്തരാവസ്ഥ, അക്രമരാഷ്ട്രീയം, ആവിഷ്കാര സ്വാതന്ത്ര്യം എന്നിവയുമായി ബന്ധപ്പെട്ടുണ്ടായ ചർച്ചകളിൽ ശക്തമായ നിലപാട് സ്വീകരിച്ചിട്ടുണ്ട്.

24. ജനാധിപത്യവിരുദ്ധമായ പ്രവണതകളെയും സമഗ്രാധിപത്യത്തെയും നിശിതമായി വിമർശിച്ച എൻ.പി എല്ലാത്തരം ആധിപത്യമനോഭാവങ്ങളെയും എതിർക്കുകയും ചെയ്തു. ഒരു സ്വതന്ത്രചിന്തകന്റെ സമീപനമാണ് അദ്ദേഹം ജീവിതത്തിലുടനീളം പുലർത്തിയത്.

25. ദേശീയതയും മാനവികതയും മതേതരത്വവും ജീവിത ആദർശങ്ങളായി സ്വീകരിച്ച ആദർശശാലിയായ ഒരു സാമൂഹിക വ്യക്തിത്വത്തിനുടമയായിരുന്നു എൻ.പി. മുഹമ്മദ്.

# ഗ്രന്ഥസൂചി


1. അക്കിത്തം, എൻ.പി. മുഹമ്മദ് എന്ന സ്ഫടികസ്ഫുടൻ, തെരഞ്ഞെടുത്ത ലേഖനങ്ങൾ, സ്മൃതി–വാല്യം 3, ഹരിതം ബുക്സ്, 2014.

2. അച്യുതൻ, എം. പ്രൊഫ., പാശ്ചാത്യ സാഹിത്യ ദർശനം. ഡി.സി.ബുക്സ്, കോട്ടയം, 2011.

3. അനൂപ് ബാലകൃഷ്ണൻ, രചനാപർവ്വം, സാംസ്കാരികവികാരം സാഹിത്യമാസിക, എഡിറ്റർ, പ്രതാപൻ തായാട്ട്, അതിജീവനം പബ്ലിക്കേഷൻസ്, കോഴിക്കോട്, 2002.

4. അപ്പൻ കെ. പി., എൻ.പി.യുടെ ബൗദ്ധികഭാവന, അവ. നാവ്, ഹരിതം ബുക്സ്, കോഴിക്കോട്, 2003.

5. അബ്ദുറഹ്മാൻ, ഒ., എഡി. ശരീഅത്തും ഏകസിവിൽകോഡും, ഐ.പി. എച്ച്. കോഴിക്കോട്, 2016.

6. അലിജ അലി ഇസ്സത്ത് ബെഗോവിച്ച്, ഇസ്ലാം:രാജമാർഗ്ഗം, വിവർത്തനം, മുഹമ്മദ്, എൻ.പി., ഇസ്ലാമിക് പബ്ലിഷിംഗ് ഹൗസ്, കോഴിക്കോട്, 1990.

7. ഇസ്താക്ക്, ഐ., കെ.വി. തോമസ്, അഴിമതി അധികാരം വർഗ്ഗീയത, രഞ്ജിമ പബ്ലിക്കേഷൻസ്, ചങ്ങനാശ്ശേരി, 1984.

8. ഉമ്മർകുട്ടി, എ.എൻ.പി. ഡോ., സ്വാതന്ത്ര്യ സമരസന്ദേശം, സ്വാതന്ത്ര്യത്തിന്റ അമ്പത് വർഷങ്ങൾ, ഐ. ആർ. ഡി.സി. കോഴിക്കോട്, 1997.

9. ഒരു സംഘം ലേഖകർ, ഇസ്ലാമിക ദർശനം, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1983.

10. കബീർ, വി.എ., ശരീഅത്തും ഇന്ത്യൻ മുസ്ലിങ്ങളും, ഐ.പി. എച്ച്. കോഴിക്കോട്, 2017.

11. കരീം, എൻ.എ. ഡോ., ഇന്ത്യൻ മതേതരത്വം സങ്കല്പവും യാഥാർത്ഥ്യവും, സ്വാതന്ത്ര്യത്തിന്റെ അമ്പത് വർഷങ്ങൾ, ഐ. ആർ. ഡി. സി. കോഴി ക്കോട്,1997.

12. കരുണാകരൻ നമ്പ്യാർ, വി., ചിന്തകൾ സ്പന്ദനങ്ങൾ, കേരളസാഹിത്യ അക്കാദമി, തൃശൂർ,1991.

13. കുമാരൻ, യു.കെ., 'എൻ.പി. നിലപാടുകളിൽ സുതാര്യത', സാംസ്കാരിക വികാരം മാസിക, അതിജീവനം ബുക്സ്, 2002.

14. കെ.ഇ.എൻ., സമൂഹം സാഹിത്യം സംസ്കാരം, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2009.

15. കെ.ഇ.എൻ., പുരോഗമനസാഹിത്യപ്രസ്ഥാനം, ചരിത്രവും വർത്തമാനവും, പ്രോഗ്രസ്സ് പബ്ലിക്കേഷൻസ്, കോഴിക്കോട്, 2013.

16. ഗണേഷ്, കെ. എൻ. ഡോ., കേരള സമൂഹപഠനങ്ങൾ, പ്രസക്തി ബുക് ഹൗസ്, കോഴിക്കോട്, 2011.

17. ഗിരീഷ്, പി.എം., അറിവും ഭാഷയും, ധൈഷണിക ഭാഷാശാസ്ത്ര ത്തിനൊരാമുഖം, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2012.

18. ഗോവിന്ദൻ,എം., ഏഷ്യയിലെ ലെനിൻ, എം. ഗോവിന്ദൻ സ്മരണിക, മലയാള കലാഗ്രാമം, ന്യൂ മാഹി, 1993.

19. ഗോവിന്ദപിള്ള, പി., കേരളീയനവോത്ഥാനം ഒരു മാർക്കിസ്റ്റ് വീക്ഷണം, ചിന്ത, കോഴിക്കോട്, 2003.

20. ഗോപി. വി. കെ, വേണു.പി., ആധുനികലോകത്തിന്റെ നിർമ്മിതി, കാലിക്കറ്റ് യൂണിവേഴ്സിറ്റി, സെൻട്രൽ കോ ഓപ്പറേറ്റീവ് സ്റ്റോർ ലിമിറ്റഡ്, കോഴിക്കോട്, 2008.

21. ഗോപിനാഥൻ കെ.ആർ, അധ്യാപകമിത്രം, ഒരു സംഘം ലേഖകൻ, എയ്റ്റ് ബുക്സ്, തിരുവനന്തപുരം, 2008.

22. ഗംഗാധരൻ എം., മാപ്പിള പഠനങ്ങൾ, ഡി.സി. ബുക്സ്, കോട്ടയം. 2012.

23. ചെന്താരശ്ശേരി, റ്റി. എച്ച്.പി., അയ്യൻകാളിയുടെ ബൗദ്ധികസംഭാവനകൾ, കേരളത്തിന്റെ ബൗദ്ധികചരിത്രത്തിലെ നാഴികക്കല്ലുകൾ, എഡി. ഡോ.സാം, എൻ., കേരളസർവ്വകലാശാല, കാര്യവട്ടം, 2010.

24. ജമാൽ കൊച്ചങ്ങാടി, മുസ്ലിം സാമൂഹ്യജീവിതം മലയാളനോവലിൽ, കേരളസാഹിത്യഅക്കാദമി, തൃശൂർ, 1998.

25. ജയശ്രീ. കെ.എസ്., ഭാരതീയ സാഹിത്യശില്പികൾ, എൻ.പി.മുഹമ്മദ്, സാഹിത്യ അക്കാദമി, ന്യൂ ഡൽഹി, 2011.

26. താഹ മുത്താന, വക്കം അബ്ദുൽഖാദർ, ജീവിതവും കൃതികളും, കേരള സാഹിത്യ അക്കാദമി, തൃശൂർ, 2007.

27. തോമസ് മാത്യു, എം., മഹത്വത്തിന്റെ അതിരുകൾ അടയാളപ്പെടുത്തുന്ന രചനകൾ, അവതാരിക, എൻ.പി.യുടെ തെരഞ്ഞെടുത്ത ലേഖനങ്ങൾ, എഡി. കുമാരൻ, യു.കെ., കേരള സാഹിത്യ അക്കാദമി, തൃശൂർ. 2006.

28. ദാമോദരൻ, എൻ., 'എം. ഗോവിന്ദനും റോയിസ്റ്റ് പ്രസ്ഥാനവും', എം.ഗോവിന്ദൻ സ്മരണിക, മലയാള കലാഗ്രാമം, ന്യൂ മാഹി, 1993.

29. ദാമോദരൻ, എൻ., 'എം.എൻ.റോയ്, സ്വാതന്ത്ര്യാന്വേഷിയായ വിപ്ലവകാരി', പുസ്തകഭവൻ, കൈരളി ഓഫ്സെറ്റ് പ്രിന്റിംഗ്, കോഴിക്കോട്, 2007

30. ദേവൻ, എം.വി., ദേവസ്പന്ദനം, ഡി.സി.ബുക്സ്, കോട്ടയം, 1999.

31. ദേശായ്, എ.ആർ., ഇന്ത്യൻ ദേശീയതയുടെ സാമൂഹ്യപശ്ചാത്തലം, വിവർത്തനം, ശ്രീകുമാരൻ ഉണ്ണി, കെ., കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1989.

32. നമ്പ്യാർ, എ.എൻ., നവസാഹിതി മുതൽ സമീക്ഷ വരെ, എം. ഗോവിന്ദൻ സ്മരണിക, മലയാള കലാഗ്രാമം, ന്യൂ മാഹി, 1993.

33. നാരായണൻ, പി.എം., എഡി. കോലായ ചർച്ചകൾ, കറന്റ് ബുക്സ്, തൃശൂർ, 2010.

34. പണിക്കർ, കെ. എൻ., സാംസ്കാരിക ഭൗതികവാദം, എഡി. ഷാനവാസ്, പി.പി., സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം, 2013.

35. പണിക്കർ, കെ. എൻ., തെരഞ്ഞെടുത്ത ലേഖനങ്ങൾ, കേരളസാഹിത്യ അക്കാദമി, തൃശൂർ, 2010.

36. പണിക്കർ, കെ. എൻ., മലബാർ കലാപം: പ്രഭുത്വത്തിനും രാജവാഴ്ചക്കുമെതിരെ, ഡി.സി.ബുക്സ്, കോട്ടയം, 2005.

37. പണിക്കർ കെ. എൻ., തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ, എഡി. ഷാനവാസ്.പി.പി., കേരളസാഹിത്യ അക്കാദമി, തൃശൂർ,2010.

38. പണിക്കർ കെ. എൻ., സെക്യുലർ പാഠങ്ങൾ പ്രമേയം ചരിത്രം പ്രത്യയശാസ്ത്രം, ചിന്ത, കോഴിക്കോട്, 2007.

39. പണിക്കർ കെ. എൻ., ചരിത്രത്തിന് സംഭവിക്കുന്നത്, എഡി. ഷാനവാസ്.പി.പി., പ്രോഗ്രസ് പബ്ലിക്കേഷൻ, 2016

40. പരമേശ്വരൻ പിള്ള എരുമേലിൽ, മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ, കറന്റ് ബുക്സ്, കോട്ടയം, 2012.

41. പ്രിയദർശൻ, ജി., കേരള പത്രപ്രവർത്തനം:സുവർണ അധ്യായങ്ങൾ, കറന്റ് ബുക്സ്, 1999.

42. പോക്കർ, പി.കെ., സ്വത്വരാഷ്ട്രീയം, പ്രോഗ്രസ് പബ്ലിക്കേഷൻസ്, കോഴിക്കോട്, 2012.

43. ഫരീദി, എഫ്.ആർ., ഡോ. ബഹുസ്വരതയും ഇന്ത്യൻ മുസ്ലിങ്ങളും, വിവ. അഷ്റഫ്, കീഴുപറമ്പ്, ഐ. പി. എച്ച്, കോഴിക്കോട്, 2016.

44. ബിപൻചന്ദ്ര, ആധുനിക ഇന്ത്യ, വിവ.സനു കുര്യൻ ജോർജ്, ഡി.സി.ബുക്സ്, കോട്ടയം 2014.

45. ബീന, എം.പി., എൻ.പി. മുഹമ്മദ്, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2016.

46. ബെന്നി, എം.വി., അധികാരത്തിന്റെ നരകപടം, സാസ്കാരികവികാരം സാഹിത്യമാസിക, അതിജീവനം പബ്ലിക്കേഷൻ, കോഴിക്കോട്, 2002.

47. മുഹമ്മദ്, എൻ.പി., മാരിവില്ലിൽ തീ, ഓഗസ്റ്റ്ബുക്സ്, തൃശൂർ, 1993.

48. മുഹമ്മദ്, എൻ.പി., ഗുഹ, ഹരിതംബുക്സ്, കോഴിക്കോട്, 2003.

49. മുഹമ്മദ്, എൻ.പി., മരം, ഡി.സി.ബുക്സ്, 1998.

50. മുഹമ്മദ്, എൻ.പി. ഹിരണ്യകശിപു, ഡി.സി.ബുക്സ്,കോട്ടയം, 2014.

51. മുഹമ്മദ്, എൻ.പി., നാവ്, ഹരിതംബുക്സ്, കോഴിക്കോട്, 2003.

52. മുഹമ്മദ്, എൻ.പി. തെരഞ്ഞെടുത്ത കഥകൾ, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം, 1980.

53. മുഹമ്മദ്, എൻ.പി. ഉൾവെളിച്ചം, മാതൃഭൂമി ബുക്സ്, 2007.

54. മുഹമ്മദ്, എൻ.പി., തെരഞ്ഞെടുത്ത ലേഖനങ്ങൾ, എഡി. കുമാരൻ, യു.കെ., കേരള സാഹിത്യ അക്കാദമി, തൃശൂർ, 2006.

55. മുഹമ്മദ്, എൻ.പി., ദൈവത്തിന്റെ കണ്ണ്, ഡി.സി.ബുക്സ്, കോട്ടയം, 2003.

56. മുഹമ്മദ്, എൻ.പി., എണ്ണപ്പാടം, നാഷണൽബുക്സ്റ്റാൾ, കോട്ടയം, 1993.

57. മുഹമ്മദ്, എൻ.പി., തങ്കവാതിൽ, ഹരിതംബുക്സ്, കോഴിക്കോട്, 2003.

58. മുഹമ്മദ്, എൻ.പി., സംസ്കാരികവികാരം സാഹിത്യമാസിക, എഡി. പ്രതാപൻ തായാട്ട്, അതിജീവനം പബ്ലിക്കേഷൻസ്, കോഴിക്കോട്, 2002.

59. മുഹമ്മദ്, എൻ.പി. 'മൗലവി എന്റെ ഗുരുനാഥൻ, സുഹൃത്ത്', സി. എൻ. സ്മരണിക, എഡി. കാരശ്ശേരി, എം. എൻ.,സി.എൻ. സ്മാരക സമിതി, ലിപി പബ്ലിക്കേഷൻസ്, കോഴിക്കോട്, 2005.

60. മുഹമ്മദ്, എൻ.പി., മാനുഷ്യകം, നാഷണൽബുക്സ്റ്റാൾ, കോട്ടയം, 1981.

61. മുഹമ്മദ്, എൻ.പി., ഇ.മൊയ്തുമൗലവി, താമരനൂൽ, മലയാളം പബ്ലിക്കേഷൻസ്, കോഴിക്കോട്, 1989.

62. മുഹമ്മദ്, എൻ.പി. മുഹമ്മദ് അബ്ദുറഹ്മാൻ ഒരു നോവൽ, ഡി.സി.ബുക്സ്, കോട്ടയം, 2004.

63. മുഹമ്മദ്, എൻ.പി. വീരരസം സി.വി. കൃതികളിൽ, കറന്റ് ബുക്സ്, കോട്ടയം, 1988.

64. മുഹമ്മദ്, എൻ.പി., ഇന്ത്യൻ മുസ്ലിംകളും സെക്യുലറിസവും, എഡി. ഹാഫിസ് മുഹമ്മദ്, എൻ.പി., മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2007.

65. മുഹമ്മദ് കുഞ്ഞി, പി.കെ., മുസ്ലിമിങ്ങളും കേരള സംസ്കാരവും, കേരള സാഹിത്യ അക്കാദമി, തൃശൂർ, 2008.

66. മുഹമ്മദ് കോയ, എസ്.എം., സി. എൻ. സ്മരണിക, സി.എൻ. സ്മാരക സമിതി, ലിപി പബ്ലിക്കേഷൻസ്, കോഴിക്കോട്, 2005.

67. മുഹമ്മദാലി, പി., സഫലമീ യാത്ര, എൻ.പി. മുഹമ്മദുമായി അഭിമുഖം, സാംസ്കാരികവികാരം മാസിക, അതിജീവനം പബ്ലിക്കേഷൻസ്, കോഴിക്കോട്, 2002.

68. മോഹൻതമ്പി, ജി.ബി., ഡോ. 'സ്വദേശാഭിമാനി രാമകൃഷ്ണപിള്ള, കേരളത്തിന്റെ ബൗദ്ധികചരിത്രത്തിലെ നാഴികക്കല്ലുകൾ', എഡി. സാം, എൻ. ഡോ. കേരള സർവ്വകലാശാല, കാര്യവട്ടം, 2010.

69. രാം പുനിയാനി, വർഗീയരാഷ്ട്രീയം മിത്തും യാഥാർത്ഥ്യവും, ഭാഗം രണ്ട്, വിവ.ടി.വി. വേലായുധൻ, പ്രതീക്ഷ ബുക്സ്, കോഴിക്കോട്, 2011.

70. രാമകൃഷ്ണൻ ഇ.വി. നമ്മുടെ സാഹിത്യം നമ്മുടെ സമൂഹം, ജനറൽ എഡി. എം.എൻ. വിജയൻ, കേരള സാഹിത്യ അക്കാദമി, തൃശൂർ, 2000.

71. രവീന്ദ്രൻ ടി.കെ. ഡോ. 'ശ്രീ നാരായണഗുരുവും കേരളത്തിന്റെ ആധുനീ കരണവും', കേരളത്തിന്റെ ബൗദ്ധികചരിത്രത്തിലെ നാഴികക്കല്ലുകൾ', എഡി. സാം, എൻ. ഡോ., കേരള സർവ്വകലാശാല, കാര്യവട്ടം, 2010.

72. വരദരാജൻ, മു., തമിഴ്സാഹിത്യചരിത്രം, വിവ. മേലങ്ങത്ത് നാരായണൻ കുട്ടി, സാഹിത്യഅക്കാദമി, ന്യൂഡൽഹി, 2000.

73. വസന്തൻ എസ്.കെ., 'സ്വാതന്ത്ര്യസമരവും മലയാളസാഹിത്യവും', നമ്മുടെ സാഹിത്യം നമ്മുടെ സമൂഹം, ജനറൽ എഡി. എം.എൻ. വിജയൻ, കേരള സാഹിത്യ അക്കാദമി, തൃശൂർ, 2000.

74. വേണു, പി., 'കോളനി വ്യവസ്ഥയും ദേശീയവാദവും ആധുനിക ഇന്ത്യയിൽ', കാലിക്കറ്റ് യൂണിവേഴ്സിറ്റി സെൻട്രൽ കോ ഓപ്പറേറ്റീവ് സ്റ്റോർ ലിമിറ്റഡ്, കോഴിക്കോട്, 2004.

75. ശ്രീജിത്ത്,ഇ., അരുൺകുമാർ, പി., വിദ്യാഭ്യാസ മനശ്ശാസ്ത്രം, ഡിസി ബുക്സ്, കോട്ടയം, 2013.

76. ശ്രീധരമേനോൻ, എ., ഇന്ത്യാ ചരിത്രം, ഡി.സി.ബുക്സ്, കോട്ടയം, 2008.

77. ശ്രീധരൻ, സി.പി. തെരഞ്ഞെടുത്ത ലേഖനങ്ങൾ, എഡിറ്റർ, കുമാരൻ യു.കെ, കേരള സാഹിത്യ അക്കാദമി, തൃശൂർ, 2006.

78. ശ്രീരാമൻ, സി.വി., സാമൂഹ്യവിപ്ലവവും സാഹിത്യവും, മലയാളത്തിലെ ആദ്യകാലാനുഭവങ്ങൾ, നമ്മുടെ സാഹിത്യം നമ്മുടെ സമൂഹം, കേരളസാഹിത്യ അക്കാദമി, തൃശൂർ, 2000.

79. ഷിജു ഏലിയാസ്, ലോകനവോത്ഥാനം, ചിന്ത, കോഴിക്കോട്, 2007.

80. സജീവ്,പി.വി., എം.എൻ. വിജയന്റെ ബൗദ്ധികജീവിതങ്ങൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2014.

81. സയ്യിദ് സാദത്തുല്ല ഹുസൈനി, മാറുന്ന ലോകവും ഇസ്ലാമികചിന്തയും, വിവ. അഷ്റഫ്, കീഴുപറമ്പ്, ഐ. പി. എച്ച്, കോഴിക്കോട്, 2016.

82. സാനു.എം.കെ., ഗോവിന്ദൻ, എം., കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം, 2012.

83. സുകുമാർ അഴീക്കോട്, 'ദർശനം സമൂഹം വ്യക്തി', പാപ്പിയോൺ, കോഴിക്കോട്, 1999.

84. സുധാകരൻ, സി.ബി. ഡോ., അന്റോണിയോ ഗ്രാംഷി, നാഷണൽ ബുക്സ്റ്റാൾ, കോട്ടയം, 2015.

85. സുധാകരൻ, ഇ., ഓർമ്മായനം, ഡിസി ബുക്സ്, കോട്ടയം, 2012.

86. ഹുമയൂൺ കബീർ, ന്യൂനപക്ഷവും ജനാധിപത്യവും, വിവ. ഉമർ ഫാറൂഖ്, പി.പി., നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം, 1988.

87. ഹുസൈൻ കെ.ടി., കേരള മുസ്ലിംകൾ അധിനിവേശവിരുദ്ധ സമരത്തിലെ പണ്ഡിതസാന്നിധ്യം, ഐ. പി. എച്ച്, കോഴിക്കോട്, 2017.

88. റഷീദ്, എം., മുഹമ്മദ് അബ്ദുറഹ്മാൻ, ഐ. പി. എച്ച്, കോഴിക്കോട്, 1994.

89. Hobsbawn, E.J. Nations and Nationalism since 1780, Cambridge University Press 1991.

90. Oxford English Dictionary, Penguin Books, India, 2006.

91. Panicker KN ,Culture, Ideology and Hegemony, Intellectuals and Social Consciousness in Colonial India, Thulika ,1995.

92. P.Venu,& V.k Gopi , Making of the Modern World, Calicut University Co-operative Store, 2008.

93. Sternberg, Robert J, creativity-Cognitive psychology (6,ed) Cengage learning,2011.

**ആനുകാലികങ്ങൾ**

1. കബീർ. വി.എ. മുസ്ലിം വ്യക്തിനിയമ വിവാദം ഒരു പുന:സന്ദർശനം, പ്രബോധനം, വാള്യം 75, ലക്കം 47, നവംബർ 2013.

2. കരുണാകരൻ നമ്പ്യാർ, വി., ഹിരണ്യകശിപു, പുസ്തകം 1, ലക്കം ഡിസംബർ-ജനുവരി, 1977-78.

3. ചാക്കോ, പി.ടി. പ്രൊഫ., മനുഷ്യവിമോചനവും ഇന്നത്തെ എഴുത്തുകാരും, ഭാഷാപോഷിണി, പുസ്തകം 10, ലക്കം ഓഗസ്റ്റ്-നവംബർ, 1986.

4. ചന്ദ്രശേഖരൻ, എം.ആർ., എൻ.പി.മുഹമ്മദ് സ്വന്തം കാഴ്ചപ്പാടുള്ള എഴുത്തുകാരൻ, ചന്ദ്രിക ആഴ്ചപ്പതിപ്പ്, പുസ്തകം 49, ലക്കം 3, ജനുവരി, 2003.

5. നസീർഹുസൈൻ, പ്രപഞ്ചത്തിലേക്ക് തുറക്കുന്ന മൂന്നാം കണ്ണ്, ചന്ദ്രിക ആഴ്ചപ്പതിപ്പ്, പുസ്തകം 49, ലക്കം 3, ജനുവരി, 2003.

6. നാരായണൻ, എം.ജി.എസ്., ദൈവത്തിന്റെ കണ്ണ് കടമെടുത്ത ഒരാൾ, മാതൃഭൂമി ആഴ്ചപ്പതിപ്പ്, പുസ്തകം 80, ലക്കം 48, ജനുവരി, 2003.

7. മുഹമ്മദ്, എൻ.പി., കവിതയും നിയമവും, മാതൃഭൂമി ആഴ്ചപ്പതിപ്പ്, മെയ് ലക്കം, 1996.

8. മുഹമ്മദ്, എൻ.പി., തിരിഞ്ഞുനോട്ടം, ബി.എം. സുഹ്റയുമായി അഭിമുഖം, ഗ്രന്ഥാലോകം, പുസ്തകം 49, ലക്കം 12, ഡിസംബർ 1997.

9. മുഹമ്മദ്, എൻ.പി. പൗരാണികതയുടെ ജീവൻ, മാതൃഭൂമി ആഴ്ചപ്പതിപ്പ്, സെപ്റ്റംബർ ലക്കം, 1996.

10. വാസുദേവൻ നായർ എം.ടി. വഴിവിളക്കായി എനിക്കൊരാൾ, ഗ്രന്ഥാലോകം, പുസ്തകം 49, ലക്കം 12, ഡിസംബർ, 1997.

11. വീരേന്ദ്രകുമാർ, എം.പി., മാനുഷികതയിൽ ഊന്നിനിന്ന ധാർമ്മികത, മാതൃഭൂമി ആഴ്ചപ്പതിപ്പ്, പുസ്തകം 80, ലക്കം 48, ജനുവരി, 2003.

12. ഷാജഹാൻ മാടമ്പാട്ട്, മതേതരത്വത്തിനായുള്ള നിരന്തരസമരങ്ങൾ, മാതൃഭൂമി ആഴ്ചപ്പതിപ്പ്, പുസ്തകം 93, ലക്കം 47, ഫെബ്രുവരി, 2016.

13. സാനു, എം.കെ. പ്രൊഫ., കഥയിലെ ഇന്ദ്രജാലശക്തി, ഗ്രന്ഥാലോകം, പുസ്തകം 49, ലക്കം12, ഡിസംബർ, 1997.

14. സാഹിത്യ ലോകം, എൻ.പി. സാഹിത്യപതിപ്പ്, നവംബർ-ഡിസംബർ ലക്കം,2003.

15. ഹരികുമാർ, എം.കെ., പ്രകൃതിയുമായി സവിശേഷമായ ഒരു ബന്ധം, ഗ്രന്ഥാ ലോകം, പുസ്തകം 49, ലക്കം 12, ഡിസംബർ, 1997.

16. ഹാഫിസ് മുഹമ്മദ് എൻ.പി., ഉപ്പ ഒരു വലിയ കഥ, മാതൃഭൂമി ആഴ്ചപ്പതിപ്പ്, പുസ്തകം 80, ലക്കം 48, ജനുവരി, 2003.

**ഗവേഷണ പ്രബന്ധം**

1. ജോർജ് സി.ജെ., ബുദ്ധിജീവിയുടെ മാനങ്ങൾ: എം. ഗോവിന്ദന്റെ ധൈഷ ണികജീവിതത്തെ മുൻനിർത്തിയുള്ള അന്വേഷണം, മലയാള-കേരളപഠന വിഭാഗം, കാലിക്കറ്റ് യൂണിവേഴ്സിറ്റി, 2005.

**വെബ്സൈറ്റ്**

1. https://yuvadhara.wordpress.com.2
2. https://m/.m.wikipedia.org/wiki
3. https://m/.m.wikipedia.org/wiki/socialcontract
4. https://shababweekly.in/15166-2/
5. https://www.britannica.com/topic/s
6. http://enteychuttum.blogspot.com/

## അനുബന്ധം

**മുഹമ്മദ് എൻ.പി.**

| | |
|---|---|
| **നോവലുകൾ** | മരം (1968) |
| | ഹിരണ്യകശിപു (1967) |
| | ഗുഹ (1969) |
| | എണ്ണപ്പാടം (1980) |
| | പിന്നെയും എണ്ണപ്പാടം (1981) |
| | ദൈവത്തിന്റെ കണ്ണ് (1990) |
| | നാവ് (2003) |
| | തങ്ക വാതിൽ (2003) |
| | മുഹമ്മദ് അബ്ദുറഹ്മാൻ ഒരു നോവൽ (2004) |
| **ചെറുകഥ** | തൊപ്പിയും തട്ടവും (1952) |
| | നല്ലവരുടെ ലോകം (1955) |
| | മരണം താരാട്ടുപാടി (1960) |
| | കവിതകൾ വാരിയെല്ലുകൾ (1962) |
| | നാൽപത്തിരണ്ടാം വീട്ടിൽ ചെകുത്താൻ(1964) |
| | പ്രസിഡണ്ടിന്റെ ആദ്യത്തെ മരണം (1968) |
| | മുഹമ്മദിന്റെ ജനനം (1971) |
| | തെരഞ്ഞെടുത്ത കഥകൾ (1980) |
| | മെഴുകുതിരികൾ (1989) |
| | ഡി കോളനൈസേഷൻ (1999) |
| **വിമർശനം** | പുകക്കുഴലും സരസ്വതിയും (1968) |
| | മാനുഷ്യകം (1981) |
| | വീരരസം സി.വി. കൃതികളിൽ (1988) |
| | മന്ദഹാസത്തിന്റെ മൗനരോദനം (1990) |
| | ഉൾവെളിച്ചം (2007) |

| | |
|---|---|
| **ലേഖനം** | ഇന്ത്യൻ മുസ്ലീങ്ങളും സെക്യുലർ ഡെമോക്രസിയും(1990) |
| | മാരിവില്ലിൽ തീ (1993) |
| | താമരനൂൽ (1990) |
| **വിവർത്തനം** | പൂങ്കുല (1948) |
| | ഇസ്ലാംരാജമാർഗ്ഗം (1940) |
| | സൂഫികഥകൾ (1990) |
| | ലോകകഥ (2001) |
| **ബാലസാഹിത്യം** | നാവു മുറിഞ്ഞ കിളി (1958) |
| | അവർ നാലുപേർ (1986) |
| | കളിക്കോപ്പുകൾ (1987) |
| | ഉപ്പും നെല്ലും (1997) |
| **തിരക്കഥ** | മരം |
| | ചുഴി |
| | അമ്മുവിന്റെ ആട്ടിൻകുട്ടി |
| | അന്തമാൻ അബ്ദുള്ള |
| | ദ്വീപ് |
| | വെളുത്ത കുതിര |
| | ചേറ്റുവ |
| | മാന്യമഹാജനങ്ങളെ |
| **യാത്രാവിവരണം** | അബുദാബി - ദുബായ് |